# മലയാള നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനം: അന്തർഭാഷാശാസ്ത്രപഠനം.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ഭാഷാശാസ്ത്രഫാക്കൽറ്റിയിലെ ഭാഷാശാസ്ത്രവകുപ്പിൽ സമർപ്പിക്കുന്ന പ്രബന്ധം.

**സക്കീന മീനടത്തൂർ**

മാർഗനിർദേശകൻ

**ഡോ. എം. ശ്രീനാഥൻ**

പ്രൊഫസർ, ഭാഷാശാസ്ത്രവകുപ്പ്, ഭാഷാശാസ്ത്രഫാക്കൽറ്റി

**തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല**

അക്ഷരം കാമ്പസ്, വാക്കാട് പി. ഒ, തിരൂർ– 676502

**2020 ഫെബ്രുവരി**

# WOMEN REPRESENTATION IN MALAYALAM DICTIONARIES: AN INTER-LINGUISTIC STUDY

*The thesis submitted to the Department of Linguistics under the faculty of* ***Linguistics, Thunchath Ezhuthachan Malayalam University*** *in fulfilment of the requirements for the* ***Degree of Doctor of Philosophy in Linguistics***


**SAKEENA MEENADATHUR**

Research Guide

**Dr. M. SREENATHAN**

Professor, Dept. of Linguistics

Thunchath Ezhuthachan Malayalam University

Aksharam Campus, Vakkad PO, Tirur, 676502


**2020 February**

**ഡോ. ശ്രീനാഥൻ എം.**

പ്രൊഫസർ, ഭാഷാശാസ്ത്രവിഭാഗം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല

**സാക്ഷ്യപത്രം**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല ഭാഷാശാസ്ത്ര ഫാക്കൽറ്റിയിലെ ഭാഷാശാസ്ത്രവകുപ്പിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സക്കീന മീനടത്തൂർ സമർപ്പിക്കുന്ന **'മലയാള നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനം: അന്തർഭാഷാശാസ്ത്രപഠനം'** എന്ന പ്രബന്ധം എന്റെ മേൽനോട്ടത്തിലാണ് തയ്യാറാക്കിയിരിക്കുന്നതെന്നും ഇത് മറ്റൊരു അംഗീകാരത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു. എന്റെ അറിവിൽ ഈ പ്രബന്ധത്തിൽ രീതിശാസ്ത്രമനുസരിച്ചുള്ള ഉദ്ധരണികളല്ലാതെ മറ്റു കൃതികളിൽ നിന്നോ ഗവേഷണപ്രബന്ധങ്ങളിൽ നിന്നോ ആശയങ്ങളോ വാക്യങ്ങളോ പകർത്തിയിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

മാർഗനിർദേശിയുടെ പേര്: ഡോ. എം. ശ്രീനാഥൻ

സ്ഥലം : തിരൂർ

തിയതി :

# സാക്ഷ്യപത്രം

**'മലയാള നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനം: അന്തർഭാഷാശാസ്ത്ര പഠനം'** എന്ന ഈ പ്രബന്ധത്തിന്റെ സമർപ്പണപൂർവ്വാവതരണം (പ്രീസബ്മിഷൻ പ്രസന്റേഷൻ) 10/11/2019 ൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയിൽ നടന്നു. ഡോ. ഗണേഷ് അംബേദ്ക്കർ ചെയർമാനായിരുന്ന പ്രസ്തുത അവതരണത്തിന്റെ ചർച്ചയിലുണ്ടായ അഭിപ്രായങ്ങളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നടത്തിയാണ് പ്രബന്ധം സമർപ്പിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഗവേഷണവുമായി ബന്ധപ്പെട്ട കോഴ്സ് വർക്ക് പരീക്ഷ (രജിസ്റ്റർ നമ്പർ MU PD 160106. പേപ്പർ I- ഗവേഷണരീതിശാസ്ത്രം, പേപ്പർ II- സമകാലീന ഭാഷാശാസ്ത്രം, പേപ്പർ III-നിഘണ്ടുവിജ്ഞാനീയം), 2017 ജൂൺ മാസത്തിൽ വിജയിച്ചിട്ടുണ്ട്. പ്രബന്ധസമർപ്പണവുമായി ബന്ധപ്പെട്ട എല്ലാ നടപടി ക്രമങ്ങളും പാലിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

മാർഗനിർദേശിയുടെ പേര് : ഡോ. എം. ശ്രീനാഥൻ

പ്രൊഫസർ, ഭാഷാശാസ്ത്രവകുപ്പ്, തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവകലാശാല

ഒപ്പ്

ഗവേഷകയുടെ പേര്: സക്കീന മീനടത്തൂർ

ഒപ്പ്

വകുപ്പദ്ധ്യക്ഷന്റെ പേര്:

ഭാഷാശാസ്ത്രവകുപ്പ്

ഒപ്പ്

ഓഫീസ് മുദ്ര ഫാക്കൽറ്റി ഡീനിന്റെ പേര്: ഡോ. എം. ശ്രീനാഥൻ

സ്ഥലം:

തീയതി:

## സത്യപ്രസ്താവന

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല ഭാഷാശാസ്ത്ര ഫാക്കൽറ്റിയിലെ ഭാഷാശാസ്ത്രവകുപ്പിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **'മലയാള നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനം: അന്തർഭാഷാശാസ്ത്രപഠനം'** എന്ന പ്രബന്ധം ഡോ. എം. ശ്രീനാഥന്റെ മേൽനോട്ടത്തിൽ ഞാൻ തയ്യാറാക്കിയതാണെന്നും ഇത് മറ്റൊരംഗീകാരത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും ഇതിൽ രീതിശാസ്ത്രമനുസരിച്ചുള്ള ഉദ്ധരണികളല്ലാതെ മറ്റു കൃതികളിൽ നിന്നോ ഗവേഷണപ്രബന്ധങ്ങളിൽ നിന്നോ ആശയങ്ങളോ വാക്യങ്ങളോ പകർത്തിയിട്ടില്ല എന്നും സത്യപ്രസ്താവന നടത്തുന്നു.

ഗവേഷണവിദ്യാർഥിയുടെ ഒപ്പ്:

പേര്: സക്കീന മീനടത്തൂർ

സ്ഥലം : തിരൂർ

തിയതി :

## കൃതജ്ഞത

**'മലയാള നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനം: അന്തർഭാഷാശാസ്ത്ര പഠനം'** എന്ന ഗവേഷണപഠനത്തിന് ആവശ്യമായ മാർഗനിർദ്ദേശം നൽകുകയും പ്രതിസന്ധികളെ തരണം ചെയ്ത് ആത്മവിശ്വാസത്തോടെ മുന്നേറാനുള്ള ശക്തി പകരുകയും ചെയ്ത ഭാഷാശാസ്ത്രവിഭാഗം ഡീനും മാർഗനിർദ്ദേശകനുമായ പ്രഫ: എം ശ്രീനാഥൻ സാറിനോടുള്ള നന്ദിയും കടപ്പാടും വാക്കുകൾക്കതീതമാണ്.

ഗവേഷണത്തിന് അനുമതി നൽകുകയും ഗവേഷണ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തികവും ഭൌതികവുമായ സഹായങ്ങൾ അനുവദിച്ചു തരികയും ചെയ്ത തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, മുൻ വൈസ് ചാൻസലർ കെ. ജയകുമാർ, വൈസ് ചാൻസലർ ഡോ: അനിൽ വള്ളത്തോൾ, മറ്റു ജീവനക്കാർ, ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലായി സഹായിച്ച ഭാഷാശാസ്ത്രവിഭാഗം മേധാവി ഡോ: സി. സൈതലവി സർ, മറ്റു അധ്യാപകർ, ലൈബ്രറി ജീവനക്കാർ, സഹഗവേഷകർ, എന്നിവരോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

പ്രബന്ധത്തിന്റെ പ്രൂഫ് നോക്കുകയും ഗവേഷണസംബന്ധമായ സംശയങ്ങൾക്ക് ആശ്രയവുമായിരുന്ന കാലടി സർവകലാശാല ഗവേഷകനും സുഹൃത്തുമായ ഷൈജു.കെ, കാലടി സർവകലാശാല തിരൂർ കേന്ദ്രം അധ്യാപിക പ്രൊഫ. എൽ. സുഷമ, ഗവേഷണത്തിലേക്ക് എന്നെ പറഞ്ഞയച്ച പ്രിയസുഹൃത്ത് ലക്ഷ്മിപ്രിയ എന്നിവരോടുള്ള സ്നേഹവും കടപ്പാടും വിലമതിക്കാനാവാത്തതാണ്.

ഗവേഷണത്തിന്റെ തുടക്കം മുതൽ കൂടെ നിന്ന് പ്രോത്സാഹനം നൽകിയ കുടുബാംഗങ്ങൾ, പ്രിയകൂട്ടുകാരൻ, മക്കൾ എന്നിവരോടുള്ള സ്നേഹവും കടപ്പാടും ഏറെയാണ്. എല്ലാത്തിലും ഉപരിയായി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞതിൽ പ്രപഞ്ചശക്തിക്കു മേലുള്ള നന്ദി ആത്യന്തികമായി രേഖപ്പെടുത്തുന്നു.

സക്കീന മീനടത്തൂർ

# ഉള്ളടക്കം

**0.0. ആമുഖം 1–17**

0.0. ഭാഷയും ലിംഗപദവിയും ( Language and Gender )

0.1. പരികല്പന

0.2. പഠനലക്ഷ്യം

0.3. പഠനപ്രസക്തി

0.4. പഠനമേഖല

0.5. പൂർവപഠനങ്ങൾ

0.6. പഠനപരിമിതി

0.7. രീതിശാസ്ത്രവും ദത്തശേഖരണവും

0.8. പ്രബന്ധസ്വരൂപം

**അധ്യായം– 1. സാമൂഹ്യഭാഷാശാസ്ത്രവും ലിംഗപദവി പഠനങ്ങളും 18–42**

1.0. ആമുഖം

1.1 ഭാഷയും സമൂഹവും

1.2. സാമൂഹ്യഭാഷാശാസ്ത്രവും (sociolinguistics) ഭാഷാസാമൂഹികതയും (sociology of language)

1.3. സാമൂഹ്യഭാഷാശാസ്ത്രമേഖലയിലെ പ്രധാനപഠനങ്ങൾ

1.4. സാമൂഹിക ചരങ്ങൾ (social Variables)

1.5. ലിംഗം

1.6. ഫെമിനിസ്റ്റ് ഭാഷാശാസ്ത്രവും ലിംഗപദവി പഠനങ്ങളും

1.7. ലിംഗപദവി പഠനങ്ങളുടെ സൈദ്ധാന്തികപരിസരം

1.7.1. അപര്യാപ്തി, ആധിപത്യ സിദ്ധാന്തം (Deficit and Dominance theory)

1.7.2. ഭിന്നതാ സിദ്ധാന്തവും സാമൂഹിക നിർമ്മിതി സിദ്ധാന്തവും (Difference and social constructivist theory)

1.8. ഫെമിനിസവും ഭാഷയും – മലയാള സന്ദർഭത്തിൽ

1.8.1. ഭാഷാശാസ്ത്രതലത്തിൽ

1.9. അധ്യായസംഗ്രഹം

**അധ്യായം-2. നിഘണ്ടുനിർമ്മാണശാസ്ത്രവും നിഘണ്ടുവിജ്ഞാനീയവും: സ്ത്രീപക്ഷ സമീപനത്തിൽ 43- 80**

2.0. ആമുഖം

2.1. നിഘണ്ടു- സമീപനം

2.2. നിഘണ്ടുക്കളുടെ ഉത്ഭവവും വളർച്ചയും- മലയാളപശ്ചാത്തലത്തിൽ

2.3. നിഘണ്ടു നിർമ്മിതിയിലെ മിഷണറിസ്വാധീനം

2.4. നിഘണ്ടുനിർമ്മിതിയിലെ സ്വദേശിവത്കരണം

2.5. നിഘണ്ടു- വർഗീകരണം

2.6. കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുനിർമ്മാണവും വിജ്ഞാനവും (computational lexicography and lexicology)

2.6.1. സമീപനരീതിയും പ്രയോഗസാധ്യതയും

2.7. നിഘണ്ടുനിർമ്മാണശാസ്ത്രവും നിഘണ്ടുവിജ്ഞാനവും (lexicography and lexicology)

2.8. ഭാഷാപഠനമേഖലയിലെ പ്രസക്തി

2.9. നിഘണ്ടുവിജ്ഞാനീയം- സാമൂഹ്യഭാഷാശാസ്ത്ര സമീപനം

2.10. ലിംഗപദവിയും നിഘണ്ടുക്കളും

2.11. സ്ത്രീപക്ഷ നിഘണ്ടു നിർമ്മാണശാസ്ത്രം (ഫെമിനിസ്റ്റ് ലെക്സ്ക്കോഗ്രഫി - feminist lexicography): സാധ്യതയും സമീപനവും

2.12 .പെണ്ണിടപെടലുകൾ മലയാള നിഘണ്ടുക്കളിൽ

2.13. ഫെമിനിസ്റ്റ് നിഘണ്ടു

2.14. ഫെമിനിസ്റ്റ് നിഘണ്ടുനിർമ്മിതിതത്വം

2.14.1. ഉത്പാദനം

2.14.2. ഉപഭോഗം

2.14.3. ഉൾച്ചേരൽ

2.15. അധ്യായസംഗ്രഹം

**അധ്യായം- 3. വ്യാകരണികലിംഗസംവർഗവും ലിംഗവ്യവസ്ഥയും:-**

**മലയാളത്തിൽ** 81- 118

3.0. ആമുഖം

3.1. ലിംഗം- വ്യാകരണതലത്തിൽ

3.2. ലിംഗവ്യവസ്ഥ

3.3. ലിംഗവ്യവസ്ഥ- മലയാള വ്യാകരണത്തിൽ

3.3.1. ലീലാതിലകവും തൊൽകാപ്പിയവും

3.3.2. മിഷണറിവ്യാകരണകൃതികൾ

3.3.3. സ്വദേശീയ വ്യാകരണകൃതികൾ

3.4. ലിംഗവിഭജനം-മലയാളത്തിൽ

3.5. ലിംഗപ്രത്യയം

3.6. പ്രത്യയങ്ങളുടെ ഉത്പത്തി

3.7. വ്യാകരണിക ലിംഗസംവർഗം -നിഘണ്ടുക്കളിൽ

3.8. പ്രത്യയവത്കരണവും ലിംഗപദവിനിർമ്മിതിയും

3.9. വ്യാകരണിക ലിംഗസൂചക പദങ്ങൾ - ശബ്ദതാരാവലിയിൽ

3.10. വ്യാകരണിക ലിംഗസൂചക പദങ്ങൾ- നിഘണ്ടുക്കളിൽ-സ്ത്രീപക്ഷ വിശകലനം

3.11. അധ്യായസംഗ്രഹം

**അധ്യായം- നാല് . കോശിമലിംഗവ്യവസ്ഥ: മലയാളത്തിൽ** 119-135

4.0. ആമുഖം

4.2. അർഥവും ലിംഗവ്യവസ്ഥയും

4.2. ലിംഗപൊരുത്തവും കോശിമങ്ങളും

4.3. ലിംഗവ്യവസ്ഥ- കോശിമങ്ങളിൽ

4.4. ലിംഗഭേദം- കോശിമങ്ങളിൽ

4.5. ലിംഗസൂചക കോശിമങ്ങൾ നിഘണ്ടുക്കളിൽ

4.6. അർഥപരമായ ലിംഗനിർമ്മിതി- ദത്താപഗ്രഥനം

4.7. അധ്യായസംഗ്രഹം

**അധ്യായം- അഞ്ച്. ലിംഗപ്രതിനിധാനം മലയാളനിഘണ്ടുക്കളിൽ:- ദത്തവർഗീകരണം 136- 195**

5.0. ആമുഖം

5.1. ദത്തസ്വീകരണവും വർഗീകരണവും

5.2. ലിംഗസൂചകപദങ്ങൾ

5.2.1. വ്യാകരണിക ലിംഗസൂചകപദങ്ങൾ (grammatical gender words)

5.2.2. കോശിമ ലിംഗസൂചകപദങ്ങൾ (lexical gender words)

5.2.3. വ്യാകരണിക- കോശീയ ലിംഗസൂചകപദങ്ങൾ ( grammatical- lexical gender words)

5.2.4. പൊതു ലിംഗസൂചകപദങ്ങൾ (neutral gender words)

5.3. സാമൂഹ്യ പദവിസൂചകപദങ്ങളും ലിംഗസ്വഭാവവും

5.3.1. ബന്ധസൂചകപദങ്ങൾ

5.3.1.1.അമ്മ

5.3.1.2. ഭാര്യ

5.3.1.3. മകൾ, സഹോദരി

5.3.2. ജാതിസൂചകം

5.3.3. തൊഴിൽപദങ്ങൾ

5.3.3.1. കുലത്തൊഴിൽ

5.3.3.2. ആർജ്ജിതതൊഴിൽ

5.4. വിടവുപദങ്ങൾ (പദവിടവുകൾ – Lexical gap)

5.4.1. ക്രമീകൃത വിടവുകൾ ( systematic gaps )

5.4.2. ആകസ്മിക വിടവുകൾ ( accidental gaps )

5.4.2.1. സ്വനപരമായ വിടവുകൾ

5.4.2.2. രൂപിമതലം

5.4.2.3. അർഥതലം

5.5. പെണ്ണനുഭവങ്ങൾ

5.6. വളർച്ചാഘട്ടം

5.7. സങ്കല്പനങ്ങളും സ്ത്രീകളും

5.7.1. അകം/പുറം– അങ്ങാടി/ അടുക്കള

5.7.2. കന്യക

5.7.3. പതിവ്രത, വിവാഹിത

5.8. പദവിനിമയമൂല്യം

5.9. അധ്യായസംഗ്രഹം

**അധ്യായം– 6. നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനവും പുരുഷകേന്ദ്രിത ലിംഗനിർമ്മിതിയും 196–239**

6.0. ആമുഖം

6.1 സമാനാർഥപദങ്ങളും ലിംഗഭേദവും

6.2. ശരീരാസ്പദം

6.3. സാമൂഹ്യപദവി

6.2.1. ശരീരാസ്പദം– പുരുഷനിർമ്മിത പദവലകളിലെ ലിംഗമൂല്യം– 'സുന്ദരി'

6.2.1.1. ഏകാർഥപദം അഥവാ പ്രത്യക്ഷാർഥപദം.

6.2.1.2. ബഹ്വർഥപദം അഥവാ പരോക്ഷാർഥപദം

6.2.2. അംഗ– ഉപാംഗ വർണന

6.2.2.1. തലമുടി

6.2.2.2. നെറ്റി

6.2.2.3. പുരികം

6.2.2.4. കണ്ണ്

6.2.2.5.ചുണ്ട്

6.2.2.6. പല്ല്

6.2.2.7. മുഖം

6.2.2.8. കഴുത്ത്

6.2.2.9. സ്തനം

6.2.2.10. അരക്കെട്ട്

6.2.2.11. നിതംബം

6.2.2.12. തുട

6.2.3. ആകൃതി -രൂപസവിശേഷത

6.2.4 . ചലന സവിശേഷത

6.2.5. ഭാഷണസവിശേഷത

6.2.6. നിറം

6.2.7. സ്വഭാവസവിശേഷത

6.3.1. സ്ത്രീപ്രതിനിധാനവും സാമൂഹ്യപദവികളും

6.3.2. മഹത്വവത്കരണവും നീചവത്കരണവും

6.3.3. ബന്ധസൂചകപദങ്ങളും സാമൂഹ്യനിർമ്മിത ലിംഗകേന്ദ്രിത പദവികളും

6.3.4. 'വേശ്യ'- പദമൂല്യവും വിനിമയവും

6.4. അധ്യായസംഗ്രഹം

**ഉപസംഹാരം** **240- 246**

**ഗ്രന്ഥസൂചി** **247- 256**

**അനുബന്ധം** **257-258**

## അധ്യായം-4. കോശിമലിംഗവ്യവസ്ഥ:- മലയാളത്തിൽ

4.0. ആമുഖം

4.1. അർഥവും ലിംഗവ്യവസ്ഥയും

4.2.  ലിംഗപൊരുത്തവും കോശിമങ്ങളും

4.3. ലിംഗവ്യവസ്ഥ- കോശിമങ്ങളിൽ

4.4. ലിംഗഭേദം- കോശിമങ്ങളിൽ

4.5. ലിംഗസൂചക കോശിമങ്ങൾ നിഘണ്ടുക്കളിൽ

4.6. അർഥപരമായ ലിംഗനിർമ്മിതി- ദത്താപഗ്രഥനം

4.7. അധ്യായസംഗ്രഹം

# ആമുഖം

## 0.1. ഭാഷയും ലിംഗപദവിയും[1] ( Language and Gender)

ആശയവിനിമയ പ്രക്രിയയുടെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ലിംഗ പരമായ വ്യതിരിക്തതയെ സംബന്ധിച്ചുള്ള സൂക്ഷ്മപഠനമാണ് 'ഭാഷയും ലിംഗ പദവിയും' (language and gender). പ്രധാനമായും 'സാമൂഹ്യഭാഷാശാസ്ത്ര' (sociolinguistics) പരിധിയിൽ വരുന്നൊരു പഠനശാഖയാണിത്. അതോടൊപ്പം പരമ്പരാഗതഭാഷാപഠനം, ആധുനികഭാഷാശാസ്ത്രശാഖകൾ, സാമൂഹ്യശാസ്ത്രം, സ്ത്രീപക്ഷചിന്താപദ്ധതി, സംസ്കാരപഠനം, തുടങ്ങി ബഹുവിധ വൈജ്ഞാനിക ശാഖകളുമായും ഇത് ബന്ധപ്പെട്ടു കിടക്കുന്നു. ലിംഗപരമായ സ്വത്വാന്വേഷണം സ്ത്രീപക്ഷവാദത്തിന്റെ മുഖ്യവിഷയങ്ങളിൽ ഒന്നായതു കൊണ്ടുതന്നെ സ്ത്രീപക്ഷ ചിന്താപദ്ധതിയുടെ ആവിർഭാവം ലിംഗപദവിസംബന്ധമായ പഠനങ്ങളുടെ പ്രാധാന്യത്തെ ശക്തിപ്പെടുത്തി. 'ലിംഗം' (gender) എന്നതിനെ ജീവശാസ്ത്ര പരമായ രൂപപ്പെടൽ എന്നതിലുപരിയായി സാമൂഹികവും സാംസ്കാരികവുമായ രൂപപ്പെട്ടുത്തലായി സ്ത്രീവാദപഠനങ്ങൾ വിലയിരുത്തുന്നു (West & Zimmerman :1987, Butler Judith: 1990, Wodak: 1997 ). അത്തരത്തിൽ നിർമ്മിക്കപ്പെടുന്ന ലിംഗം (gender) ഭാഷാ, സാമൂഹിക, സാംസ്കാരിക പ്രക്രിയയിൽ ഇടപെടുന്നതെങ്ങനെയെന്നും ലിംഗപദവിനിർണയത്തിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്നുമുള്ള അന്വേഷണ ത്തിലെത്തിച്ചു. അതിന്റെ ഭാഗമായി വിവിധ വ്യവഹാരങ്ങൾക്കകത്ത് പ്രവർത്തി ക്കുന്ന ലിംഗവ്യത്യാസത്തെ വിശകലനം ചെയ്യുകയും ഉണ്ടായി (ചന്ദ്രിക, സി. എസ്: 1998, ദേവിക, ജെ: 2005, ഷംഷാദ് ഹുസൈൻ: 2009). അതിൽ ഭാഷയെ കേന്ദ്രീ കരിച്ചുകൊണ്ടുള്ള മേഖലയാണ് 'ഭാഷയും ലിംഗപദവിയും'.

---

[1] . 'ജെന്റർ' ( gender ) എന്ന സങ്കല്പനത്തിനു സമാനമായി ലിംഗപദവി, ലിംഗഭേദം, ലിംഗം എന്നിങ്ങനെ വിവിധ പദങ്ങൾ മലയാളത്തിൽ ഉപയോഗിക്കുന്നു. ഈ പ്രബന്ധത്തിലും സന്ദർഭത്തിന് അനുസൃതമായ രീതിയിൽ വ്യത്യസ്ത പദങ്ങൾ സ്വീകരിച്ചിരിക്കുന്നു.

തരം, വിഭാഗം, വർഗം എന്നിങ്ങനെ അർഥം വരുന്ന, ‘ ജെനുസ്സ് ’ ( genus ) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ‘ജെന്റർ’ ( gender ) എന്ന പദത്തിന്റെ ഉത്ഭവം (Corbett: 1991). നിലവിൽ ‘ലിംഗം’ എന്ന ആശയത്തെ സൂചിപ്പിക്കാനായി പൊതുവിൽ ‘ജെന്റർ’ എന്ന സംജ്ഞയാണ് ഉപയോഗിക്കുന്നത്. അത് പ്രധാനമായും സാമൂഹ്യ, സാംസ്കാരിക നിർമ്മിതിയെന്ന നിലയിലുള്ള ലിംഗസ്വഭാവത്തെയാണ് ഉദ്ദേശിക്കുന്നത്. അതായത് ലിംഗമെന്നതിനെ സ്ത്രീപക്ഷചിന്തകർ വിശദീകരിക്കുന്നത് രണ്ടു തരത്തിലാണ്. ഒന്ന് ജീവശാസ്ത്രപരമായ വ്യതിരിക്തതകളുടെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെടുന്ന ലിംഗസ്വഭാവം. അവയെ സെക്സ് (sex) എന്നു പറയുന്നു. മറ്റൊന്ന് സാമൂഹികമായ ചില നിർമ്മിതികളുടെ അടിസ്ഥാനത്തിൽ കല്പിക്കപ്പെടുന്ന ലിംഗസ്വഭാവം. അതാണ് ‘ജെന്റർ’ ( gender ) എന്നറിയപ്പെടുന്നത് (ജാൻസി ജെയിംസ്: 2000 ,ജെ. ദേവിക: 2000). ‘ജെന്റർ’, ‘സെക്സ്’ എന്നീ സങ്കല്പനങ്ങൾ ലിംഗം , ലിംഗപദവി, ലിംഗവ്യത്യാസം, ലിംഗഭേദം, എന്നീ പദങ്ങളിലൂടെയും, ലിപ്യന്തരണത്തിലൂടെയും മലയാളത്തിൽ സൂചിപ്പിക്കുന്നു.

ലിംഗമെന്നത് ഒറ്റ സങ്കല്പനമല്ല. അതിന് മൂന്നു തലമുണ്ടെന്നാണ് അലക്സാൻഡ്ര ഐക്കൻവാൾഡ് പറയുന്നത് ( 2012: 34-38). 1. സ്വാഭാവികലിംഗം (natural gender or sex) - ശാരീരിക സവിശേഷതകളുടെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെടുന്ന ലിംഗത്തെയാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. 2. സാമൂഹികലിംഗം (social gender)- സാമൂഹിക, സാംസ്കാരിക പ്രതിഫലനങ്ങളുടെ പ്രത്യാഘാതമെന്നോണം ആരോപിക്കപ്പെടുന്ന ലിംഗനിർണയമാണിത്. 3. ഭാഷാലിംഗം (linguistic gender)- സ്വാഭാവിക ലിംഗവ്യവസ്ഥയുടേയും സാമൂഹ്യ, സാംസ്കാരിക ലിംഗസ്വഭാവത്തിന്റേയുമൊക്കെ സ്വാധീനം പ്രകടമാണിതിൽ. അതായത് സ്വാഭാവിക ലിംഗഭേദത്തെ ഉൾക്കൊള്ളുകയും സാമൂഹിക ലിംഗഭേദത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. ലിംഗമെന്നതിനെ ആദ്യം വിശകലനം ചെയ്യുന്നത് യഥാർഥത്തിൽ ഭാഷാപഠനത്തിലാണ്. അതായത്, സ്ത്രീപക്ഷചിന്താപദ്ധതിയുടെ ആവിർഭാവത്തിനും മുമ്പേ ലിംഗമെന്ന ആശയത്തെ ഭാഷാപഠന

മേഖല ഉൾക്കൊണ്ടിട്ടുണ്ട്. അത് രണ്ടു തരത്തിലാണ്. ഒന്ന് വ്യാകരണിക സംവർഗം എന്ന നിലയിൽ വ്യാകരണികതലത്തിലും, മറ്റൊന്ന് സാമൂഹ്യചരം എന്ന നിലയിൽ സാമൂഹ്യഭാഷാശാസ്ത്രശാഖയിലും. അതായത്, ഭാഷാചർച്ചയിൽ ലിംഗം എന്ന ആശയം ആദ്യം കടന്നുവരുന്നത് വ്യാകരണപഠനത്തിലാണ്. “അനുബന്ധപദങ്ങളുടെ പെരുമാറ്റത്തിൽ പ്രതിഫലിക്കുന്ന നാമവിഭാഗ” മെന്നാണ് ലിംഗമെന്നതിന് അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ ഹോക്കറ്റ്സ് നൽകുന്ന നിർവ്വചനം (https://wals.info /chapter/30). പദവിശകലനത്തിൽ നാമവിഭജനത്തിലാണ് ലിംഗം ചർച്ച ചെയ്യപ്പെടുന്നത്. ഓരോ നാമപദവും പ്രകടിപ്പിക്കുന്ന ലിംഗസ്വഭാവത്തെ വ്യവസ്ഥപ്പെടുത്തുകയും പ്രത്യയവത്കരണത്തിലൂടെ സൂചിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ലോകഭാഷകളിലെല്ലാം ലിംഗപ്രതിനിധാനം ഒരേ തലത്തിലല്ല. ചില ഭാഷകളിൽ ലിംഗമെന്നത് ഭാഷയുടെ എല്ലാതലത്തിലും പ്രകടമായിരിക്കുകയും ചിലതിൽ അപ്രത്യക്ഷമായിരിക്കുകയും ചെയ്യുന്നു. അതിനു സമാനമായിത്തന്നെ ലിംഗവിഭജനത്തെയും കണക്കാക്കാം. ലിംഗവിഭാഗത്തെ കൃത്യമായി എണ്ണപ്പെടുത്താൻ സാധ്യതയുള്ള ഭാഷകളും സൂക്ഷ്മനിരീക്ഷണം ആവശ്യമായി വരുന്ന ഭാഷകളും നിലവിലുണ്ട്. ‘വാൾസ് (The World Atlas of Language Structures online)’ അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ അവ വ്യക്തമാണ് (https://wals.info/chapter/30). 257-ഓളം ലോകഭാഷകളെ പരിശോധിക്കുമ്പോൾ 145-ഓളം ഭാഷകളിൽ ലിംഗവ്യവസ്ഥ കൽപ്പിക്കപ്പെട്ടിട്ടില്ല. രണ്ടുതരം ലിംഗസ്വഭാവമുള്ള ഭാഷകളാണ് പൊതുവെയെങ്കിലും മൂന്നു മുതൽ അഞ്ചു വരെയും അതിൽ കൂടുതലുമുള്ള ലിംഗവിഭജനം വിവിധ ഭാഷകളിൽ പ്രകടമാണ്.

പ്രത്യക്ഷത്തിൽ ലിംഗപരത പ്രകടിപ്പിക്കുന്ന ഭാഷകളാണ് മേൽ സൂചിപ്പിച്ചവ. അതേസമയം ലിംഗവ്യവസ്ഥയില്ലാത്ത ഭാഷകളിലും ലിംഗസൂചന പരോക്ഷമായി പ്രവർത്തിക്കുന്നു. അതു പലപ്പോഴും അവയുടെ ധർമ്മത്തെ പറ്റിയുള്ള ചോദ്യങ്ങൾ ഉയർത്തുന്നു. ഭാഷയിൽ എങ്ങനെയാണ് ലിംഗത്തെ അല്ലെങ്കിൽ ലിംഗഭേദത്തെ നിർണയിക്കപ്പെടുന്നത് എന്നത് അന്വേഷണ വിധേയമായിട്ടുണ്ട് (Corbett-1991).

ജീവശാസ്ത്രപരമായ ലിംഗസ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് ഭാഗികമായെങ്കിലും വ്യാകരണത്തിൽ ലിംഗസ്വഭാവത്തെ നിർണയിക്കുന്നത്. എങ്കിലും, സ്വാഭാവിക ലിംഗസ്വഭാവത്തിനപ്പുറം സാമൂഹികമായി നിർമ്മിച്ചെടുക്കുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിലും ചില ഭാഷകൾ ലിംഗനിർണയം നടത്തുന്നു. വലുപ്പം (size), ആകൃതി (shape), പൂർണത (completeness), അധികാരം (power), ശക്തി എന്നിവയുടേയൊക്കെ അടിസ്ഥാനത്തിൽ ലിംഗത്തെ സൂചിപ്പിക്കുന്ന ഭാഷകളും ഉണ്ട്. വൃത്താകൃതിയിലുള്ള ജൈവ-അജൈവ വസ്തുക്കളെല്ലാം സ്ത്രീലിംഗവും, നീളമുള്ളവ പുല്ലിംഗത്തിലും ഉൾപ്പെടുന്നു. വലുപ്പം, പ്രായം, അധികാരം, ശക്തി എന്നിവ കൂടുതലുള്ള എല്ലാ വസ്തുക്കളെയും പുല്ലിംഗത്തിലും കുറഞ്ഞവയെ താരതമ്യേന സ്ത്രീലിംഗവുമായി കണക്കാക്കുന്ന പ്രവണതയും ലിംഗപക്ഷ ഭാഷകളിലുണ്ട് (Alexandra Aikhenvald, 2018: 35-80). അതായത് ലിംഗനിർണയത്തിൽ ഭാഷകൾ സ്വീകരിക്കുന്ന സമീപനങ്ങൾ പലപ്പോഴും വ്യത്യസ്തമാണ്. ഓരോ ഭാഷാഗോത്രവും എന്നതിനപ്പുറം, ഒരേ ഗോത്രത്തിനകത്തെ ഭാഷകൾ തന്നെ ലിംഗസമീപനത്തിൽ വ്യത്യസ്തത പുലർത്തുന്നുണ്ട് (https://wals.info/chapter/32).

വ്യാകരണിക തലത്തിൽതന്നെ രണ്ടുവിധത്തിലാണ് ലിംഗപ്രതിനിധാനം കടന്നുവരുന്നത്. ലിംഗപ്രത്യയത്തിലൂടെയുള്ള ലിംഗവത്കരണവും, കോശിമ അർഥത്തിലൂടെയുള്ള ലിംഗസൂചനയും. രൂപതലത്തിലും അർഥതലത്തിലുമാണ് ഇവ പ്രവർത്തിക്കുന്നത്. ഓരോ നാമപദവും അതിന്റെ ലിംഗസ്വഭാവത്തെ രൂപപരമായോ അർഥപരമായോ പ്രകടിപ്പിക്കുന്നു. ഇത്തരത്തിലുള്ള ലിംഗസ്വഭാവ നിർണയമാണ് വ്യാകരണികതലത്തിൽ സംഭവിച്ചത്. ആധുനികഭാഷാശാസ്ത്രം ആവിർഭവിച്ചിട്ടും 1960-കൾക്കു മുമ്പുവരെയുള്ള ഘടനാവിശകലനത്തിലും ലിംഗം എന്ന ആശയം വ്യാകരണികമായിത്തന്നെയാണ് ഭാഷാപഠനം പരിചരിച്ചത്. പിന്നീട് ഭാഷയെ സമൂഹവുമായി ചേർത്തു പഠിക്കാൻ തുടങ്ങുന്നതോടെയാണ് ലിംഗമെന്ന ആശയവും വിശാലാർഥത്തിലേക്ക് വ്യാപിക്കുന്നത്. അതായത് സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ ആഗമനത്തോടെയാണത് മാറുന്നത്. സാമൂഹ്യ

ഭാഷാശാസ്ത്രം 1960-കളിൽ ആരംഭിക്കുകയും സാമൂഹ്യചരങ്ങളെ സംബന്ധിച്ച കാഴ്ചപ്പാടുകൾ അതിൽ രൂപപ്പെടുകയും ചെയ്യുന്നു. വില്യം ലബോവിന്റെ പഠനങ്ങളിലൂടെയാണ് ലിംഗമെന്ന സാമൂഹ്യചരവും ഭാഷണ പ്രക്രിയയിൽ ഇടപെടുന്നുവെന്ന് കണ്ടെത്തിയത് (ഉഷാ നമ്പൂതിരിപ്പാട്: 1984). അതായത് ഭാഷാശാസ്ത്രത്തെ സംബന്ധിച്ച് ലിംഗമെന്നത് നിർണായക വ്യവഹാരസംവർഗമായി മാറുന്നത് സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ ഇടപെടലുകളിലൂടെയാണ്. അങ്ങനെ സാമൂഹ്യ ഭാഷാശാസ്ത്രത്തിന്റെ ഭാഗമായി സാമൂഹ്യചരമെന്ന രീതിയിൽ തിരിച്ചറിയപ്പെട്ടുകയും അത് ക്രമേണ ഭാഷയും ലിംഗപദവിയും തമ്മിലുള്ള പഠനങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു.

സാമൂഹ്യചരമെന്ന നിലയിലുള്ള ലിംഗപരിവർത്തനം സ്ത്രീ-പുരുഷ ഭാഷയെ സംബന്ധിച്ച പുതിയ കാഴ്ചപ്പാടിലേക്ക് മാറി. 1975- ൽ പുറത്തിറങ്ങിയ റോബിൻ ലക്കോഫിന്റെ 'സ്ത്രീഭാഷയും പെണ്ണിടവും' (the language and women's place) എന്ന ലേഖനം ഭാഷയും ലിംഗപദവിയും (language and gender) സംബന്ധിച്ച പഠനങ്ങൾക്ക് അടിത്തറയൊരുക്കി. സ്ത്രീകൾക്ക് പ്രത്യേകമായൊരു ഭാഷയുണ്ടെന്നു മാത്രമല്ല, അത്തരത്തിൽ ഒരു ഭാഷ രൂപപ്പെടാനുണ്ടായ സാമൂഹികസാംസ്കാരിക സാഹചര്യങ്ങളെ സ്ത്രീപക്ഷവീക്ഷണത്തിലൂടെ വിമർശനാത്മകമായി വിലയിരുത്തുന്ന പഠനങ്ങളും ശ്രദ്ധേയമായി (Dawn Zimmerman & cants west: 1975, Daniel Malts & Ruth Borker: 1982, Pamela Fishman: 1983, Jennifer Coates: 1988, Deborah Tannen: 1990, Swann joan 2000, Deborah Cameron: 2007, Eckert &McConnel - Ginnet: 2003). ഫെമിനിസ്റ്റ് ഭാഷാശാസ്ത്രം (feminist linguistics) എന്നൊരു പഠനമേഖല തുടർന്ന് രൂപപ്പെട്ടു. സ്ത്രീയുടെ അവകാശങ്ങളും, സ്വാതന്ത്ര്യവും ലിംഗനീതിയും വീണ്ടെടുക്കുന്നതിനായി നിലകൊള്ളുന്ന ഫെമിനിസത്തിന്റെ ആശയ സമുച്ചയവും ഭാഷാവിജ്ഞാനീയവും ഇഴുകിച്ചേർന്ന് ഫെമിനിസത്തിന്റെ പരിപ്രേക്ഷ്യത്തിലൂടെ ഭാഷാവിനിമയ പ്രക്രിയ പഠിച്ച്, അധികാരത്തിന്റെ ഭാഷയേയും ഭാഷയുടെ

അധികാരത്തേയും അപനിർമ്മാണം ചെയ്യുന്ന ഭാഷാപഠനമേഖലയായാണ് ഫെമിനിസ്റ്റ് ഭാഷാശാസ്ത്രം നിലകൊള്ളുന്നത്.

സാമൂഹ്യ ഭാഷാശാസ്ത്രതലത്തിലും ഭാഷയിലെ ലിംഗവ്യതിരിക്തതയെ സംബന്ധിച്ച് വിശാലാർഥത്തിൽ പഠിക്കപ്പെട്ടില്ല. ചില പ്രതിഫലനങ്ങളിൽ ഊന്നുക മാത്രമാണവയും ചെയ്തത്. ഫെമിനിസ്റ്റ് ഭാഷാശാസ്ത്രവും ഭാഷയുടെ അടിസ്ഥാനഘടകങ്ങളെ സൂക്ഷ്മവത്കരിക്കുന്നതിനു പകരമായി ഭാഷണ പ്രക്രിയ യിൽ പ്രകടമാവുന്ന വ്യതിരിക്തതയെ സൈദ്ധാന്തവത്കരിക്കാനാണ് ശ്രമിക്കുന്നത്. ആ ഒരർഥത്തിൽ ഭാഷയും ലിംഗപദവിയും തമ്മിലുള്ള പഠന ങ്ങളെല്ലാം ചില പരിമിതികളെ ഉൾക്കൊള്ളുന്നു. ആഗോളതലത്തിൽ നടന്ന പഠനങ്ങൾ പോലും ലിംഗപദവി നിർണയത്തിൽ ഭാഷ വഹിക്കുന്ന പങ്കിനെ കേന്ദ്ര സ്ഥാനമാക്കി പഠിക്കപ്പെട്ടില്ല. അതിൽ നിന്നു മാറി മലയാള സന്ദർഭത്തിൽ നോക്കുമ്പോൾ ഭാഷയും ലിംഗപദവിയും തമ്മിലുള്ള പഠന മേഖലയിൽ വ്യവഹാര ത്തിലൂന്നിയ ചില പ്രതിഫലനങ്ങളോ, ചില പദങ്ങളുടെ (കന്യക, വേശ്യ, പതിവ്രത...) ലിംഗമൂല്യത്തെ സംബന്ധിച്ചുള്ള പരമ്പരാഗത ചർച്ചകളോ മാത്ര മാണുള്ളത് (ജയകൃഷ്ണൻ. എൻ: 2011). സ്ത്രീപക്ഷ പ്രത്യയശാസ്ത്രത്തെ പരിചയ പ്പെടുത്തുകയും പ്രയോഗവത്കരിക്കുകയും, ലിംഗപദവി നിർണയത്തിനെതിരെ വിമർശനാത്മകമായി ഇടപെടുകയും ചെയ്യുന്ന ധാരാളം പഠനങ്ങൾ മലയാള ത്തിൽ ഉണ്ടായിട്ടുണ്ട് (ശാരദാമണി: 1999, ജാൻസി ജെയിംസ്: 2000, ദേവിക. ജെ.: 2000, 2013, 2015, 2017, ആനന്ദി. ടി. കെ: 2005, സുജാറാണിമാത്യു: 2008, ഷംഷാദ് ഹുസൈൻ: 2009, രവീന്ദ്രൻ. എൻ. കെ: 2010, ജയകൃഷ്ണൻ. എൻ (എഡി): 2011, ചന്ദ്രിക. സി.എസ്: 2015, യാക്കോബ് തോമസ്: 2011, രാമകൃഷ്ണൻ. എ. കെ, വേണുഗോപാലൻ. കെ. എം: 2016). എങ്കിലും ഭാഷയെ കേന്ദ്രീകരിച്ചുള്ള പഠനത്തിന്റെ അഭാവം പ്രകടമാണ്. മേൽപരാമർശിച്ച പഠനങ്ങളുടെ വെളിച്ച ത്തിൽ പരിശോധിക്കുമ്പോൾ ലിംഗപദവി നിർണയത്തിലും അത് നിലനിർത്തു ന്നതിലും ഭാഷ വഹിക്കുന്ന പങ്കിനെ പൂർണമായും കേന്ദ്രസ്ഥാനത്ത് നിറുത്തി

കൊണ്ടുള്ള സ്ത്രീപക്ഷ പഠനങ്ങൾ മലയാളത്തിൽ ഇല്ലെന്നുപറയാം. അതേസമയം ഭാഷയും ലിംഗപദവിയും സംബന്ധിച്ചുള്ള ചില നിരീക്ഷണങ്ങൾ മലയാളസന്ദർഭ ത്തിലും ഉണ്ടായിട്ടുണ്ട് (ഉഷാനമ്പൂതിരിപ്പാട്: 1984, ശ്രീനാഥൻ, എം: 1991, പാർവ്വതി. എസ്. നായർ: 2010, പ്രേമ, എസ്: 2010, സോമൻ. പി: 2014).

ലിംഗവിവേചനം ഭാഷയുടെ എല്ലാ തലത്തിലും നിലനിൽക്കുന്നു. സ്വനതലം മുതൽ വ്യവഹാരതലം വരെ പ്രകടമാണത്. (https://www.um.edu.mo/fsh/projections/PDFs/8%20Article.pdf). അതിൽ നിന്നും പദ, അർഥ തലത്തിൽ ഇതെങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മലയാളസന്ദർഭത്തിൽ നിന്നു കൊണ്ടുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിൽ മുഖ്യമായി വരുന്നത്. അതിനായി വ്യാകരണഗ്രന്ഥങ്ങളെ പോലെതന്നെ ഭാഷയുടെ സ്രോതുഗ്രന്ഥമായ നിഘണ്ടുക്കളെയാണ് എടുക്കുന്നത്. ഭാഷയിൽ വിനിമയം ചെയ്യപ്പെടുന്ന പദ ങ്ങളേയും അവയുടെ അർഥത്തെയും ക്രമീകരിച്ചുവെക്കുന്നത് നിഘണ്ടുക്കളിലാണ്. നിഘണ്ടുക്കളുടെ പദസ്വീകരണം മുതൽ അർഥവിനിമയം വരെയുള്ള പ്രവർത്തന ങ്ങളിലെ ലിംഗമൂല്യത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുകയും അതെങ്ങനെ യാണ് സ്ത്രീയുടെ സ്വത്വത്തെ കാലകാലങ്ങളിൽ പ്രതിനിധാനം ചെയ്യുന്നതെന്നും ഈ പ്രബന്ധം പഠനവിധേയമാക്കുന്നു.

## 0.2 പരികല്പന

ഭാഷാശാസ്ത്രത്തിലെ വിവിധ മേഖലകളെ അടിസ്ഥാനമാക്കി 'മലയാള നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാന'ത്തെ വിശകലനം ചെയ്യുന്നത് താഴെ പറയുന്ന പരികല്പനകളെ മുൻനിർത്തിയാണ്.

1. ഒരു ഭാഷയുടെ ലിംഗപരമായ മനോഭാവങ്ങളെ നിലനിറുത്തുന്നതും പുനരുത്പാദിപ്പിക്കുന്നതും അതത് ഭാഷകളിലെ കോശിമങ്ങളാണ്. അവയെ സംരക്ഷിച്ചു പോരുന്നത് നിഘണ്ടുക്കളാണ്.

2. ഭാഷ പുരുഷാധിപത്യപരമാണ്, ലിംഗവിവേചനം പ്രകടവുമാണ്.

## 0.3. പഠനലക്ഷ്യം

1. മലയാള നിഘണ്ടുക്കൾ സ്ത്രീകളെ പ്രതിനിധാനം ചെയ്തിരിക്കുന്നതെങ്ങനെ എന്ന അന്വേഷണം വഴി മലയാള ഭാഷക്കകത്ത് പ്രവർത്തിക്കുന്ന ലിംഗമൂല്യത്തെ തുറന്നുകാട്ടുക.

2. സ്ത്രീപക്ഷനിഘണ്ടുനിർമ്മാണശാസ്ത്രം (feminist lexicography) എന്ന ആശയത്തെയും പ്രാധാന്യത്തെയും വിശദീകരിക്കുകയും അത്തരത്തിൽ ഒരു നിഘണ്ടുനിർമ്മാണ രീതിശാസ്ത്രം വികസിപ്പിച്ചെടുക്കാനുള്ള ശ്രമവും ഈ പഠനത്തിന്റെ ലക്ഷ്യമാണ്.

## 0.4. പഠനപ്രസക്തി

1. നിഘണ്ടുക്കളെ സംബന്ധിച്ച മലയാളത്തിൽ വന്ന പഠനങ്ങൾ അധികവും നിഘണ്ടുനിർമ്മിതിയിൽ അന്തർഭവിക്കുന്ന പ്രശ്നങ്ങളെ സംബ ന്ധിച്ചോ, അവയുടെ ഉത്ഭവവികാസത്തെ സംബന്ധിച്ചോ ആണ്. സാമൂഹ്യ ഭാഷാശാസ്ത്രത്തിലൂന്നി വന്ന പഠനത്തിൽ തെരെഞ്ഞെടുത്ത പദങ്ങളിലൂടെ നിഘണ്ടുക്കൾ പ്രതിഫലിപ്പിക്കുന്ന സാമൂഹിക സ്വഭാവത്തെ വിമർശനാത്കമായി തുറന്നുകാട്ടുന്നുണ്ട്. പൂർണമായും സ്ത്രീപക്ഷസമീപനത്തിലൂന്നിയ പഠനങ്ങൾ ഈ മേഖലയിൽ വന്നിട്ടില്ലയെന്നത് ഈ പഠനത്തെ പ്രസക്തമാക്കുന്നു. മാത്രമല്ല, ഭാഷ യിൽ നിലനിൽക്കുന്ന സ്ത്രീവിരുദ്ധത വ്യവഹാരത്തിലുള്ള ചില പദങ്ങളെ മാത്രം പ്രശ്നവത്കരിക്കുന്നു. അതേ സമയം നിഘണ്ടുക്കളിലെ മൊത്തം പദങ്ങളെ അപഗ്രഥിക്കുക വഴി, പരോക്ഷമായുള്ള ലിംഗവിവേചനത്തെയും തുറന്നുകാട്ടാൻ കഴിയുന്നുവെന്നതും ഈ പഠനത്തിന്റെ പ്രസക്തിയാണ്. നിഘണ്ടുക്കളുടെ ലിംഗ മൂല്യത്തെ സ്ത്രീപക്ഷ സമീപനത്തിലൂന്നി വിമർശനാത്മകമായി വിലയിരുത്തുകവഴി

സ്ത്രീപക്ഷനിഘണ്ടു നിർമ്മാണശാസ്ത്രം (feminist lexicography) എന്ന ആശയത്തെ അവതരിപ്പിക്കാൻ കഴിയുന്നു എന്നതും ഈ പഠനത്തെ പ്രസക്തമാക്കുന്നു.

**0.5. പഠനമേഖല**

നിഘണ്ടു ഒരു പാഠമായി കണ്ട് അതിൽ നിന്നും തെരഞ്ഞെടുക്കുന്ന പദത്തിനുമേൽ പഠനം നടത്തുന്നതു കൊണ്ട് നിഘണ്ടുവിജ്ഞാനീയം ഒരു പ്രധാന പഠനമേഖലയായി മാറുന്നു. പദത്തിന്റേയും അർഥത്തിന്റേയും ഉത്ഭവത്തിലും വിതരണത്തിലും സാമൂഹ്യഘടകങ്ങൾ കൂടി പ്രവർത്തിക്കുന്നതിനാൽ സാമൂഹ്യ ഭാഷാശാസ്ത്രവും ഈ പഠനത്തിന്റെ മുഖ്യമേഖലയാണ്. അതിൽതന്നെ സ്ത്രീസം ബന്ധപദങ്ങളെയും ലിംഗസൂചന ഉൾക്കൊള്ളുന്ന മറ്റു പദങ്ങളേയും പ്രത്യേകമായി വിശകലനം ചെയ്യുന്നതിനാലും സ്ത്രീപക്ഷ സമീപനത്തെ ആശ്രയിക്കുന്നതിനാലും, സ്ത്രീപക്ഷചിന്താപദ്ധതി, ഭാഷയും ലിംഗപദവിയും, തുടങ്ങിയ വൈജ്ഞാനിക മേഖലകളും ഈ പഠനത്തിൽ ഉൾക്കൊള്ളുന്നു. ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ടു ത്തിയും വിവിധവിജ്ഞാന ശാഖകളുമായി ബന്ധപ്പെടുത്തിയും പഠിക്കുന്നതു കൊണ്ടാണ് ഇതൊരു അന്തർ ഭാഷാശാസ്ത്ര പഠനമാവുന്നത്.

ഫെമിനിസം എന്ന ചിന്താപദ്ധതി രൂപപ്പെടുത്തിയ പദങ്ങൾ, നിലനി ൽക്കുന്ന പദത്തിനകത്തെ സ്ത്രീവിരുദ്ധത, പ്രത്യക്ഷത്തിൽ ലിംഗവിവേചനം ഉൾക്കൊള്ളാത്ത പദങ്ങൾ പോലും പരോക്ഷമായി വിവേചനം കാണിക്കുക, വ്യാകരണിക ലിംഗസംവർഗപദങ്ങൾ, നിഘണ്ടുക്കൾ അവ കൈകാര്യം ചെയ്യ പ്പെടുന്ന രീതി, പദവിടവുകൾ, സ്ത്രീലിംഗപദങ്ങൾ, അവയുടെ വിനിമയ സാധ്യതകൾ, ലിംഗപദവി പ്രകടമാകുന്ന തരത്തിലുള്ള പദക്രമീകരണം എന്നിവ യെല്ലാം പഠനത്തിന്റെ ഭാഗമായി വരുന്നു.

**0.6. പൂർവപഠനങ്ങൾ**

സ്ത്രീവാദം, നിഘണ്ടുവിജ്ഞാനീയം, സാമൂഹ്യഭാഷാശാസ്ത്രം, തുടങ്ങി വിവിധ വിജ്ഞാന ശാഖകളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതു കൊണ്ടുതന്നെ പൂർവ പഠനവും ഒരൊറ്റ മേഖലയിൽ ഒതുങ്ങുന്നതല്ല. അതേസമയം അവ തമ്മിൽ പരസ്പരം ചേർന്നുനിൽക്കുന്ന പഠനങ്ങളെ പ്രധാനമായെടുക്കുന്നു. വ്യാകരണ ഗ്രന്ഥങ്ങളിലെ ലിംഗസങ്കല്പവും ലിംഗപദവി സംബന്ധിച്ചുള്ള ചില ഗവേഷണ പഠനങ്ങളും സവിശേഷമായി പരിഗണിക്കുന്നു.

നിഘണ്ടുവുമായി ബന്ധപ്പെട്ട ധാരാളം പഠനങ്ങൾ മലയാളത്തിലും ഉണ്ടായിട്ടുണ്ട്. വിവിധ ആനുകാലികങ്ങളിലും പുസ്തകങ്ങളിലുമായി ചിതറി കിടക്കുന്ന പഠനങ്ങൾ പരിശോധിക്കുമ്പോൾ പ്രധാനമായും 1900- ത്തിനു ശേഷമാണ് നിഘണ്ടു എന്ന വിജ്ഞാനശാഖയും പഠിക്കപ്പെടാൻ തുടങ്ങുന്നത്. ചരിത്രപരമായി പരിശോധിക്കുമ്പോൾ അച്ചടിയുടെ ആവിർഭാവത്തോടെ വികാസം പ്രാപിക്കുന്ന മാസികകളുടെ സ്വാധീനം പ്രധാനമാണ്. 17, 18 നൂറ്റാണ്ടു കളിലായി ഉത്ഭവിക്കുന്ന നിഘണ്ടുനിർമ്മാണം 19, 20 നൂറ്റാണ്ടുകളിലാണ് ശക്തി പ്രാപിക്കുന്നത്. ആ ഘട്ട ത്തിലാണ് നിഘണ്ടുനിർമ്മാണത്തെ സംബന്ധിച്ച പഠനങ്ങളും ഉയരുന്നത്. ആദ്യ കാലപഠനങ്ങളെല്ലാം നിഘണ്ടുനിർമ്മാണശാസ്ത്രത്തിലൂന്നിയുള്ളതാണ്. നിഘണ്ടു വിന്റെ ഘടന, സ്വഭാവം എന്നിവയ്ക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. മംഗളോദയം, ഭാഷാപോഷിണി, വിജ്ഞാനകൈരളി തുടങ്ങിയ വിവിധ ആനു കാലികങ്ങളിലായി വന്ന പഠനങ്ങളെ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നതും അതുതന്നെയാണ്. 1950-കൾ വരെയുള്ള പഠനങ്ങളിൽ പ്രധാനമായും ഓരോ നിഘണ്ടുവിനേയും സംബന്ധിച്ചുള്ള വിവരണമാണ്. പുസ്തകനിരൂപണം എന്ന രീതിയിലാണ് ഈ പഠനങ്ങളധികവും. 'ഇംഗ്ലീഷ്-മലയാളം നിഘണ്ടു' (കൃഷ്ണമേനോൻ, ടി. കെ: 1898), 'സാഹിത്യാഭരണംനിഘണ്ടു' (അജ്ഞാതകർത്തൃകം: 1932), 'അത്ഭുതകരമായ ഒരു ഇംഗ്ലീഷ് നിഘണ്ടു' (അജ്ഞാതകർത്തൃകം: 1928), 'ഇംഗ്ലീഷ്-മലയാളം നിഘണ്ടു' (കുഞ്ഞികൃഷ്ണമേനോൻ. പി: 1961), 'സർവഭാഷാ ശബ്ദ കോശം' (വിവ- എസ്. വി. കൃഷ്ണവാരിയർ: 1966) എന്നിങ്ങനെയാണ് ആദ്യകാല

പഠനങ്ങൾ വരുന്നത്. പഠനത്തേക്കാളുപരി നിഘണ്ടുക്കളുടെ പ്രസാധനവും കൂടി യായിരുന്നു. 1950-കൾക്കു ശേഷം നിഘണ്ടുനിർമ്മാണം നിഘണ്ടുവിജ്ഞാനീയം എന്നിവ സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ രൂപപ്പെട്ടുന്നുണ്ട്. 1965-ൽ 'മലയാള മഹാനിഘണ്ടു' (കേരള സർവ്വകലാശാല ലെക്സിക്കൺ വിഭാഗം) ഒന്നാം വാല്യം പുറത്തിറങ്ങുകയും തുടർന്ന് 'മലയാള മഹാനിഘണ്ടു' സംബന്ധമായ വിവിധ ലേഖനങ്ങളും (അപ്പൻ എം. പി: 1971 . മലയാള മഹാനിഘണ്ടു, ഉണ്ണിക്കിടാവ്: 1974. മലയാള മഹാനിഘണ്ടു, കുഞ്ഞൻപിള്ള ശൂരനാട്ട്: 1973, മഹാനിഘണ്ടുവിന്റെ രൂപരേഖ, പരമേശ്വരൻ നായർ പി. കെ: 1971, മലയാളം ലക്സിക്കൺ) പ്രസിദ്ധീകരിക്കപ്പെട്ടു. 1984-ൽ നിഘണ്ടുകേന്ദ്രിതമായൊരു പ്രത്യേക പതിപ്പും ചർച്ച യും ഭാഷാപോഷിണി സംഘടിപ്പിച്ചു. അതിൽ അർജ്ജുനൻ വെള്ളായണി ( നിഘണ്ടുക്കൾ ഇന്ത്യൻ ഭാഷകളിൽ), കുഞ്ഞൻപിള്ള ശൂരനാട്ട് (നിഘണ്ടു നിർമ്മാണം- വിഭിന്ന മാതൃകകൾ), ഗോപിനാഥപിള്ള എൻ. ആർ (നിഘണ്ടുക്കൾ- മലയാളത്തിൽ), വേണുഗോപാലപണിക്കർ, ടി. ബി. (നിഘണ്ടുനിർമ്മാണം- മലയാളത്തിൽ), ബാലകൃഷ്ണൻ, ബി. സി. (നിഘണ്ടുവിന്റെ ഘടന), റോയ് സി.ജെ (പദസഞ്ചയം) എന്നിവർ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. മലയാളത്തിലെ പ്രധാന നിഘണ്ടുക്കളേയും നിഘണ്ടു പാരമ്പര്യത്തെയും നിർമ്മിതിയിലെ സമീപന ത്തെയും വ്യക്തമായി വിശദീകരിക്കുന്നതായിരുന്നു ലേഖനങ്ങൾ. മാത്രമല്ല ഭാഷാ ശാസ്ത്ര പ്രയുക്തശാഖ എന്ന നിലയിലുള്ള നിഘണ്ടുവിന്റെ അക്കാദമിക പ്രാധാന്യത്തെ വിശദീകരിക്കുവാനും ലേഖനങ്ങൾക്കു കഴിഞ്ഞു. 1980-കൾ ആവുമ്പോഴെക്കും പ്രത്യേക വിഷയാധിഷ്ഠിത നിഘണ്ടുക്കൾ പ്രചാരത്തിലാവുന്നു. തുടർന്ന് പ്രത്യേക നിഘണ്ടുക്കളെ സംബന്ധിച്ചും ഓരോ നിഘണ്ടുവിനെ പ്രത്യേക മായും വിശകലനം ചെയ്തു കൊണ്ടുള്ള പഠനങ്ങൾ ഉണ്ടായി. കാരശ്ശേരി, എം. എൻ (1976: ഒരു ഭാഷാഭേദനിഘണ്ടുവിനെ പറ്റി), ബാലകൃഷ്ണൻ, ബി. സി.(1996: പോലീസ് വിജ്ഞാനനിഘണ്ടു), ബാലകൃഷ്ണൻ നായർ, എൻ. (1988: പഞ്ചഭാഷാനിഘണ്ടു- മഹത്തായ സംരംഭം), രമേശൻ നായർ, കെ. (1992: പോലീസ് വിജ്ഞാനകോശം),

വിഷ്ണുനമ്പൂതിരി, എം. വി (1974: നമ്പൂതിരി ഭാഷാശബ്ദഘോഷം), സോമശേഖരൻനായർ, പി. (1984: മലയാളത്തിന് ഒരു ഭാഷാഭേദനിഘണ്ടു), ഗുപ്തൻനായർ, എസ് (1979: ഗുണ്ടർട്ട് നിഘണ്ടു), നടുവട്ടം ഗോപാലകൃഷ്ണൻ (2002: നിഘണ്ടു നിർമ്മാണം ഘട്ടവിഭജനാടിസ്ഥാനത്തിൽ, 2005: ഗുണ്ടർട്ടിന്റെ മലയാളം ഇംഗ്ലീഷ് നിഘണ്ടു), വേണുഗോപാലപണിക്കർ, ടി. ബി (1995: ഗുണ്ടർട്ടു നിഘണ്ടു വിലില്ലാത്ത ദ്രാവിഡപദങ്ങൾ, 1998: ശബ്ദതാരാവലിയുടെ വിജ്ഞാനകോശപരത), ശ്രീനാഥൻ, എം (2012: ഭാഷാശാസ്ത്ര മലയാളീകരണം ഭാഷാശാസ്ത്ര നിഘണ്ടു വിലൂടെ), ശരത്ചന്ദ്രൻ നായർ, വി (1991-1992: നിഘണ്ടു ലഘൂകരണവും ദ്വിതീയ ഭാഷാഭ്യസനവും) ഷേർളി, ദിവാകരൻ (1987: മലയാള നിഘണ്ടു ചരിത്രം). ഇത്തര ത്തിലാണ് നിഘണ്ടു സംബന്ധമായി മാസികകളിൽ അവതരിപ്പിക്കപ്പെട്ടിരി ക്കുന്നത്. നിഘണ്ടു ഉത്ഭവം, വർഗീകരണം, പ്രധാന വിഭാഗം, മലയാളത്തിലെ നിഘണ്ടുക്കൾ, നിഘണ്ടുനിർമ്മാണശാസ്ത്രം, ഘട്ടവിഭജനം, ഭാഷാശാസ്ത്രപ്രസക്തി, നിഘണ്ടുനിർമ്മാണശാസ്ത്രവും വിജ്ഞാനീയവും, അർഥത്തിന്റെ സാംസ്കാരികതലം എന്നിങ്ങനെയുള്ള ആശയങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ളവയാണ് പഠനങ്ങ ളെല്ലാം.

മാസികകൾ കൂടാതെ നിഘണ്ടു വിവരണങ്ങൾ ഉള്ളത് നിഘണ്ടുക്കളുടെ തന്നെ അവതാരികകളിലോ ചുരുക്കം ചില പുസ്തകങ്ങളിലോ ആണ്. സോമ ശേഖരൻനായർ, പി. (1986: നിഘണ്ടുവിജ്ഞാനീയം), ഗുപ്തൻ നായർ, എസ്. (വാഗർഥവിചാരം), ഓമന, പി. വി. (1990: നിഘണ്ടുക്കൾ മലയാളത്തിൽ) എന്നിവരുടെ പുസ്തകങ്ങൾ പ്രധാനമാണ്. ഈ കൃതികളിലെല്ലാം നിഘണ്ടു വിവരണം, വർഗീകരണം, ആദ്യകാലനിഘണ്ടുക്കൾ, നിർമ്മിതിതന്ത്രം, ഘടകങ്ങൾ എന്നിങ്ങനെ വിശദമാക്കാനാണ് ശ്രമിച്ചിരിക്കുന്നത്. പരമ്പരാഗതമായ ചർച്ചകൾ തന്നെയാണ് കൃതികളും പിന്തുടരുന്നത്.

നിഘണ്ടുസംബന്ധമായി പിന്നീട് വരുന്നത് സർവകലാശാല പ്രബന്ധ ങ്ങളാണ്. ദീപമേരി ജോസഫിന്റെ 'മലയാള നിഘണ്ടുക്കളുടെ സാമൂഹ്യഭാഷാശാസ്ത്ര സ്വഭാവം' (മദ്രാസ് സർവകലാശാല) എന്ന പ്രബന്ധം കേരളീയ സാമൂഹ്യ സാംസ്കാരിക ഭാഷാപ്രക്രിയയിൽ ഉണ്ടായിട്ടുള്ള ചലനാത്മകത നിഘണ്ടുക്കളും പ്രതിഫലിപ്പിക്കുന്നത് എങ്ങനെ എന്ന് പരിശോധിക്കുന്നു. സാമൂഹ്യഭാഷാശാസ്ത്ര രീതിശാസ്ത്രത്തിൽ ഊന്നിയ പഠനം പരമ്പരാഗത രീതികളിൽ നിന്നു മാറിചിന്തി ക്കുന്നു എന്ന നിലയിൽ പ്രസക്തമാണ്. മാത്രമല്ല നിഘണ്ടു സംബന്ധമായി അന്തർദേശീയ, ദേശീയ, തദ്ദേശീയ തലങ്ങളിൽ വന്ന പഠനങ്ങളെ അടയാള പ്പെടുത്താൻ ദീപമേരി ജോസഫ് ശ്രമിച്ചിട്ടുണ്ട്. സാമൂഹ്യഭാഷാശാസത്ര സമീപന ങ്ങളിൽ ഊന്നിയുള്ള പഠനമായതുകൊണ്ട് ലിംഗം എന്ന സാമൂഹ്യചരം നിഘണ്ടു ക്കളിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഗുണ്ടർട്ട് നിഘണ്ടുവിലെ ലിംഗസ്വഭാവത്തെ തുറന്നുകാട്ടാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യഭാഷാശാസ്ത്ര പഠനരീതിയിൽ മാത്രം ഒതുങ്ങുന്നതാണ്. അതിന്റെ ഭാഗ മായി ലിംഗം എന്ന ചരവും പഠിക്കപ്പെടുന്നു എന്നല്ലാതെ ലിംഗം മുഖ്യമായി പഠിക്ക പ്പെടാനോ സ്ത്രീപക്ഷഭാഷാശാസ്ത്ര സമീപനത്തിൽ വീക്ഷിക്കാനോ ശ്രമിച്ചിട്ടില്ല. ലിംഗവിവേചനം പോലെ അതു നിലനിർത്താനുള്ള പ്രവണതയും നിഘണ്ടുതല ത്തിലുണ്ടോ എന്ന തരത്തിൽ സൂക്ഷ്മ അന്വേഷണത്തിലേക്ക് പോവാൻ ദീപ മേരി ജോസഫിന്റെ പഠനത്തിനു കഴിയുന്നില്ല.

സ്ത്രീപക്ഷ ചിന്താപരിപ്രേക്ഷ്യത്തിലൂടെ നിഘണ്ടു വിജ്ഞാനീയത്തെ സമീപി ക്കുന്ന ഒരു ലേഖനമാണ് 'ജാൻസി ജയിംസിന്റെ ദ ഫെമിനിസ്റ്റ് അപ്രോച്ച് റ്റു ലെക്സിക്കോഗ്രഫി' (1995: The feminist approaches to Lexicography). ദ്വിഭാഷാ നിഘണ്ടുനിർമ്മിതിയിൽ അന്തർഭവിക്കുന്ന അർഥസമതുല്യതാ പ്രശ്നങ്ങളിലെ ലിംഗവിവേചനത്തെയാണിതിൽ പ്രതിപാദിക്കുന്നത്. സ്ത്രീപക്ഷസമീപനം എന്ന നിലയിൽ പ്രസക്തമാണെങ്കിലും ഗഹനമായ ആലോചനകളിലേക്ക് പഠനം പോകുന്നില്ല എന്നത് ഈ പഠനത്തിന്റെ പരിമിതിയാണ്.

നിഘണ്ടുസംബന്ധമായ പൂർവപഠനങ്ങൾ പരിശോധിക്കുമ്പോൾ സ്ത്രീപക്ഷ ഭാഷാശാസ്ത്ര സമീപനത്തിലൂന്നി നിഘണ്ടു മേഖലയെ സമഗ്രമായി അപഗ്രഥിക്കുന്ന പഠനങ്ങൾ മലയാളത്തിൽ ഇല്ലെന്നാണ് ബോധ്യമാവുന്നത്. ഇത്തരം പഠനവിടവ് നികത്താനുള്ള ശ്രമം കൂടിയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്. നിഘണ്ടു മേഖലയെ പൂർണമായും സ്ത്രീപക്ഷത്തു നിന്നു നോക്കികാണാനാണ് ശ്രമിക്കുന്നത്.

## 0.7. പഠനപരിമിതി

1. പദ, അർഥ തലത്തിൽ മാത്രമേ പഠിക്കുന്നുള്ളൂ, വ്യവഹാരപഠനത്തിലേക്ക് നീങ്ങുന്നില്ല എന്നത് ഈ പഠനത്തിന്റെ പരിമിതിയാണ്.

2. ഭാഷാ സാങ്കേതികയുടെ വികാസം നിഘണ്ടു മേഖലയിലും ധാരാളം പരിവർത്തനങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുക്കളുടെ വളർച്ച അതിൽ പ്രധാനമാണ്. നിലവിൽ നിരവധി ഓൺലൈൻ– ഓഫ്ലൈൻ നിഘണ്ടു ക്കൾ മലയാളത്തിലുണ്ട്. അവ ഈ പഠനത്തിന്റെ ഭാഗമാവുന്നില്ല എന്നത് മറ്റൊരു പരിമിതിയാണ്. എന്നാൽ പ്രാഥമിക താരതമ്യപഠനങ്ങളിൽ അച്ചടി നിഘണ്ടു ക്കളിൽ നിന്നുള്ളതല്ലാതെ സ്ത്രീ സംബന്ധമായ പുതിയ വാക്കുകൾ സാങ്കേതിക നിഘണ്ടുക്കളിൽ ഉൾപ്പെടുത്തി കണ്ടില്ല.

## 0.8. രീതിശാസ്ത്രവും ദത്തശേഖരണവും

സാമൂഹ്യഭാഷാശാസ്ത്രത്തിന്റെയും ഫെമിനിസ്റ്റ്ഭാഷാശാസ്ത്രത്തിന്റെയും രീതി ശാസ്ത്രമാണ് ഈ പഠനത്തിന് ഉപയോഗിച്ചിരിക്കുന്നത്. തെരെഞ്ഞെടുത്ത ദത്ത ത്തെ ലിംഗമെന്ന സാമൂഹ്യചരത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ച് വിശകല നം ചെയ്തിരിക്കുന്നു.

സാമൂഹ്യഭാഷാശാസ്ത്ര പഠനങ്ങളിൽ ദത്തശേഖരണം പ്രധാനമായും ഒരു ഭാഷകസമൂഹത്തെ ആധാരമാക്കിയാണ്. ഭാഷകസമൂഹത്തിൽ നിന്നും രൂപ പ്പെടുന്ന പദ, അർഥ ഘടകങ്ങളെ ക്രോഡീകരിച്ചുവെയ്ക്കുന്നത് നിഘണ്ടുക്കൾ

ആയതിനാൽ പഠനത്തിന് ആവശ്യമായ ദത്തം സ്വീകരിച്ചിരിക്കുന്നത് നിഘണ്ടുക്കളിൽ നിന്നാണ്. മലയാളത്തിലെ മുഖ്യഏകഭാഷാ നിഘണ്ടുവായ ശ്രീകണ്ഠേശ്വരം, ജി. പത്മനാഭപ്പിള്ളയുടെ 'ശബ്ദതാരാവലി' (1923) യിൽ നിന്നുള്ള തെരെഞ്ഞെടുത്ത ലേഖകങ്ങളെയാണ് പ്രധാനദത്തമായി സ്വീകരിച്ചിരിക്കുന്നത്. ഫെമിനിസ്റ്റ്ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ സ്ത്രീസംബന്ധപദങ്ങളെ പ്രത്യേകമായും അതോടൊപ്പം വ്യാകരണികമോ, കോശീയമോ ആയ തരത്തിൽ ലിംഗസൂചന പ്രത്യക്ഷമോ, പരോക്ഷമോ ആയി നൽകുന്ന ലേഖകങ്ങളെയുമാണ് പഠനവിധേയമാക്കിയിരിക്കുന്നത്. പഠനസൂക്ഷ്മതക്കായി, സുമംഗലയുടെ 'പച്ചമലയാളനിഘണ്ടു' (1975) വിലെ ലേഖകങ്ങളുമായി താരതമ്യവിശകലനത്തിനും ശ്രമിച്ചിട്ടുണ്ട്.

### 0.9. പ്രബന്ധസ്വരൂപം

പഠനരീതിയെ അടിസ്ഥാനമാക്കി പ്രബന്ധത്തെ ആറ് അധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു. പഠന അവതരണഭാഗത്ത് ആമുഖം, പരികല്പന, പഠനലക്ഷ്യം, പഠനമേഖല, പൂർവപഠനങ്ങൾ, പഠനപ്രസക്തി, രീതിശാസ്ത്രവും ദത്തശേഖരണവും, പഠനപരിമിതി, എന്നിവ വിശദീകരിക്കുന്നു. തുടർന്ന് ഒന്നാം അധ്യായ (സാമൂഹ്യഭാഷാശാസ്ത്രവും ലിംഗപദവിപഠനങ്ങളും) ത്തിൽ സാമൂഹ്യഭാഷാശാസ്ത്രവും ലിംഗപദവിയും തമ്മിലുള്ള പഠനവിശകലനമാണ്. സാമൂഹ്യഭാഷാശാസ്ത്ര തലത്തിൽ ലിംഗപരിചരണം എങ്ങനെയെന്നും അതിന്റെ സൈദ്ധാന്തിക പരിസരത്തെയുമാണ് വിവരിക്കുന്നത്. അതിനായി, ഭാഷയും സമൂഹവും, സാമൂഹ്യഭാഷാശാസ്ത്രം, സാമൂഹ്യചരങ്ങൾ, ലിംഗപദവി പഠനങ്ങളുടെ സൈദ്ധാന്തികപരിസരം, ഫെമിനിസ്റ്റ് ഭാഷാശാസ്ത്രം, ഭാഷയും ലിംഗപദവിയും– മലയാള പരിസരം, എന്നിവ വിശദീകരിക്കുന്നു.

രണ്ടാം അധ്യായ (നിഘണ്ടുനിർമ്മാണശാസ്ത്രവും നിഘണ്ടുവിജ്ഞാനീയവും : സ്ത്രീപക്ഷസമീപണത്തിൽ) ത്തിൽ പ്രധാനമായും നിഘണ്ടുവിജ്ഞാനത്തിന്റെയും നിർമ്മാണത്തിന്റെയും സ്ത്രീപക്ഷ സമീപനമാണ്. സ്ത്രീപക്ഷ നിഘണ്ടുനിർമ്മാണ

ശാസ്ത്രം (ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി) എന്ന ആശയത്തെയും അതിന്റെ സാധ്യതയേയും വിശദീകരിക്കുവാൻ ശ്രമിക്കുന്നു. അതിനായി, നിഘണ്ടു-നിർവ്വ ചനം, ഭാഷാനിഘണ്ടുക്കളുടെ ചരിത്രം മുതൽ കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുക്കൾ വരെയുള്ള വളർച്ച, വർഗീകരണം, നിഘണ്ടുനിർമ്മാണശാസ്ത്രവും നിഘണ്ടുവി ജ്ഞാനീയവും, ഭാഷാശാസ്ത്രത്തിൽ നിഘണ്ടു പഠനത്തിന്റെ പ്രസക്തി, നിഘ ണ്ടുക്കളുടെ സാമൂഹിക സ്വഭാവം, സ്ത്രീപക്ഷനിഘണ്ടുനിർമ്മാണശാസ്ത്രം, സമീപന രീതിയും പ്രയോഗസാധ്യതയും, നിഘണ്ടുമേഖലയിലെ പെണ്ണിടപെടലുകൾ മലയാളത്തിൽ തുടങ്ങിയവ ഉൾക്കൊള്ളിച്ചിരിക്കുന്നു.

അധ്യായം മൂന്നിൽ (വ്യാകരണികലിംഗസംവർഗവും ലിംഗവ്യവസ്ഥയും: മലയാളത്തിൽ) വ്യാകരണികലിംഗവ്യവസ്ഥയും ലിംഗപദവിനിർമ്മിതിയും മലയാള സന്ദർഭത്തിൽ എങ്ങനെ എന്നു വിശദമാക്കാനാണ് ശ്രമിക്കുന്നത്. അതിനായി വ്യാകരണഗ്രന്ഥങ്ങളിലെ ലിംഗസങ്കല്പത്തെ വിശകലനം ചെയ്യുന്നു. ലഭ്യമാകുന്ന നിരീക്ഷണത്തെ ആധാരമാക്കി നിഘണ്ടുക്കളിൽ നിന്നുള്ള ദത്തത്തെ അപഗ്രഥി ക്കുന്നു. ലിംഗവ്യവസ്ഥ- വ്യാകരണതലത്തിൽ, ലിംഗ വിഭജനം, പ്രത്യയങ്ങളുടെ ഉത്പത്തി, ലിംഗവ്യവസ്ഥ- മലയാളനിഘണ്ടുക്കളിൽ -ദത്താടിസ്ഥാനവിശകലനം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നാലാം അധ്യായ (കോശിമലിംഗവ്യവസ്ഥ: മലയാളത്തിൽ) ത്തിൽ കോശിമലിംഗവ്യവസ്ഥ മലയാളത്തിൽ എങ്ങനെയെന്നത് വിശദമായി ചർച്ച ചെയ്യുകയും തെരെഞ്ഞെടുക്കപ്പെട്ട ദത്താടിസ്ഥാനത്തിൽ വിശദമാക്കാനും ശ്രമിച്ചിരിക്കുന്നു.

അഞ്ചാം അധ്യായം (ലിംഗപ്രതിനിധാനം: മലയാളനിഘണ്ടുക്കളിൽ) മലയാളനിഘണ്ടുക്കളിലെ ലിംഗപ്രതിനിധാനത്തെ സംബന്ധിച്ചാണ്. പ്രധാന മായും ദത്തവർഗീകരണവും അപഗ്രഥനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലിംഗ സൂചകപദങ്ങൾ, സാമൂഹ്യപദവിസൂചകപദങ്ങൾ, വിടവുപദങ്ങൾ, പെണ്ണനു

ഭവങ്ങൾ, വളർച്ചാഘട്ടം, സങ്കല്പനങ്ങൾ, പദവിനിമയമൂല്യം എന്നിങ്ങനെയാണ് വർഗീകരിച്ച് അപഗ്രഥിച്ചിരിക്കുന്നത്. ഇതിലൂടെ നിഘണ്ടുക്കൾ പ്രകടിപ്പിക്കുന്ന ലിംഗ മൂല്യത്തെ വിവരിക്കുന്നു.

ആറാം അധ്യായം (നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനവും പുരുഷകേന്ദ്രിത ലിംഗനിർമ്മിതിയും) നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനവും പുരുഷകേന്ദ്രിത ലിംഗനിർമ്മിതിയും എങ്ങനെയെന്നതിന്റെ ദത്താടിസ്ഥാനവിവരണവും അപഗ്രഥനവുമാണ് നൽകിയിരിക്കുന്നത്. തുടർന്ന് ഉപസംഹാരവും, ഗ്രന്ഥസൂചിയും അനുബന്ധവും അടങ്ങുന്നതാണ് ഈ പ്രബന്ധം.

# അധ്യായം- ഒന്ന്

# സാമൂഹ്യഭാഷാശാസ്ത്രവും ലിംഗപദവി പഠനങ്ങളും

## 1.0. ആമുഖം

'ലിംഗം' (gender) എന്ന ആശയത്തെ ഭാഷാപഠനത്തിൽ ചർച്ച ചെയ്യപ്പെടുന്നത് പ്രധാനമായും രണ്ടു തരത്തിലാണ്. വ്യാകരണിക സംവർഗം എന്ന നിലയിൽ പരമ്പരാഗത ഭാഷാപഠനമേഖലയിലും സാമൂഹ്യചരമെന്ന രീതിയിൽ സാമൂഹ്യഭാഷാശാസ്ത്രതലത്തിലുമാണ്. വ്യാകരണിക തലത്തിലുള്ള പഠനങ്ങൾ മറ്റൊരധ്യായത്തിൽ പ്രതിപാദിക്കുന്നു. സാമൂഹ്യചരമെന്ന രീതിയിലുള്ള ഉത്ഭവത്തിന്റെയും വളർച്ചയുടെയും സൈദ്ധാന്തിക പരിസരത്തെയും അതെങ്ങനെ ഭാഷയും ലിംഗപദവിയും തമ്മിലുള്ള പഠനങ്ങൾക്ക് പുതിയ മാനം നൽകിയെന്നുമുള്ള അന്വേഷണമാണ് ഈ അധ്യായത്തിലുള്ളത്.

## 1.1. ഭാഷയും സമൂഹവും

ഭാഷയുടെ ഉത്ഭവം, വികാസം, നാശം എന്നിങ്ങനെയുള്ള എല്ലാ ഘട്ടത്തിലും സാമൂഹികമായ ചില ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഭാഷ സമൂഹത്തെ ആശ്രയിച്ചാണ് നിൽക്കുന്നത്. കാരണം ഭാഷ സാമൂഹികമായൊരു നിർമ്മിതിയാണ്. ഭാഷയിൽ സമൂഹത്തിന്റെ ഇടപെടലുള്ളതുപോലെ സമൂഹത്തിൽ ഭാഷയും പ്രവർത്തിക്കുന്നു. സമൂഹത്തെ നിർണയിക്കുന്നത് ഭാഷയാണ്. സാമൂഹികമായ മൂല്യങ്ങൾ നിർമ്മിക്കുന്നതും വിനിമയം ചെയ്യപ്പെടുന്നതും ഭാഷയിലൂടെയാണ്. ജാതി, മത, വർണ, ലിംഗ, ദേശപരമോ മറ്റേതെങ്കിലും തരത്തിലോ ഉള്ള സാമൂഹിക വ്യത്യാസത്തെ വേർതിരിച്ചു കാണിക്കുന്നതിൽ ഭാഷയും മുഖ്യപങ്കു വഹിക്കുന്നു. അത്തരത്തിൽ ഭാഷയും സമൂഹവും പരസ്പര ബന്ധിതമാണ്. ആ ഒരു ബന്ധത്തെ ഭാഷാശാസ്ത്രത്തിലെ വിവിധ മേഖലകളിലൂന്നി വിശകലനം ചെയ്യാറുണ്ട്. ഭാഷയുടെ

ദേശപരമായ വ്യതിയാനത്തെ സസൂക്ഷ്മം നിരീക്ഷിച്ച് അടയാളപ്പെടുത്തുന്നത് ഭാഷാഭേദവിജ്ഞാനം (Dialectology) എന്ന ശാഖയാണ്. ഭാഷാഭേദഘടനയെ സാമൂഹിക ഘടനയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പഠനം സാമൂഹ്യഭാഷാശാസ്ത്രം (sociolinguistics) എന്ന് അറിയപ്പെടുന്നു.

## 1.2 .സാമൂഹ്യഭാഷാശാസ്ത്രവും (sociolinguistics) ഭാഷാസാമൂഹികതയും (sociology of language)

സമൂഹവും ഭാഷയും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ / ബന്ധങ്ങളുടെ ശാസ്ത്രീയ പഠനമാണ് സാമൂഹ്യഭാഷാശാസ്ത്രം (sociolinguistics) (Vanherk, Gerard: 2012). പ്രയുക്തഭാഷാശാസ്ത്ര (Applied linguistics) ത്തിന്റെ പ്രധാന ശാഖകളിൽ ഒന്നാണിത്. ഭാഷാശാസ്ത്രത്തിന്റെ പ്രാരംഭഘട്ടം ഭാഷയുടെ ഘടനയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകിയത്. അത് പ്രധാനമായും മാനകഭാഷയിൽ ഊന്നിയുള്ള തായിരുന്നു. അതുകൊണ്ടു തന്നെ ഭാഷണം നടക്കുന്ന പശ്ചാത്തലത്തിനോ സന്ദർ ഭത്തിനോ വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നില്ല. മനുഷ്യരുടെ ബോധപൂർവ്വമായ ഇടപെടലിലൂടെ രൂപം കൊള്ളുന്നതിനാൽ ഭാഷാ വൈവിധ്യത്തെക്കാൾ ഒരേകീ കൃത ഭാഷാസങ്കൽപ്പമാണ് മാനകഭാഷയ്ക്കുള്ളത്. എന്നാൽ ഭാഷയുടെ ചലനാ ത്മകത നിലകൊള്ളുന്നത് ഭാഷയുടെ ആഭ്യന്തര വൈവിധ്യത്തിലാണ്. ഈ വൈവിധ്യത്തെ അടയാളപ്പെടുത്തണമെങ്കിൽ സാമൂഹിക ഘടകങ്ങളെ കൂടി ഉൾകൊള്ളേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ ഭാഷണത്തിന്റെ സാമൂഹിക സന്ദർഭവും പശ്ചാത്തലവും പ്രധാനമാവുകയും കേവലം ഭാഷാശാസ്ത്രം എന്നതിനേക്കാൾ 'സാമൂഹികം' എന്ന പൂർവപദത്തിന് പ്രസക്തിയേറുകയും ചെയ്യുന്നു. അതായത്, ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ പരിമിതികളെ മറികടന്ന് ഭാഷണപശ്ചാത്തലം, സന്ദർഭം എന്നീ ഘടകങ്ങളെ പരിഗണിച്ചുകൊണ്ട് സാമൂഹികതയുടെ വിശാലതയിലേക്ക് ഭാഷാശാസ്ത്രത്തിന്റെ വ്യാപ്തി വികസിക്കുക ആയിരുന്നു. ഭാഷയുടെ സാമൂഹികമായ പ്രസക്തി, ഘടകങ്ങൾ, ധർമ്മം

എന്നിവയെക്കുറിച്ചുള്ള വിശകലനമാണ് സാമൂഹ്യഭാഷാശാസ്ത്രത്തിലൂടെ ചെയ്യുന്നത്.

സാമൂഹ്യഭാഷാശാസ്ത്രത്തെ ഭാഷാശാസ്ത്രജ്ഞർ പല വിധത്തിൽ നിർവ്വ ചിച്ചിട്ടുണ്ട്. "1. സാമൂഹിക സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ ഭാഷയെ പഠിക്കുകയും സാമൂഹികജീവിതത്തെ ഭാഷയിലൂടെ പഠിക്കുകയും ചെയ്യുന്ന ഭാഷാ ശാസ്ത്രശാഖയാണ് സാമൂഹികഭാഷാശാസ്ത്രം (coupland and jaworski, 1997:1) 2. ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധം (Trudgill, 2000: 21) .3. ആശ്രിത ഭാഷാചരങ്ങളും സ്വതന്ത്ര സാമൂഹികചരങ്ങളും തമ്മിലുള്ള സഹബന്ധത്തെ ക്കുറിച്ചുള്ള പഠനം (Champers, 2003: IX) " (ഗിരീഷ്. പി. എം: 2018. പുറം–4). ഈ നിർവ്വചനങ്ങളിൽ നിന്നെല്ലാം വ്യക്തമാണ് സമൂഹവും ഭാഷയും തമ്മിലുള്ള ബന്ധം. ഇവയിൽ പ്രാധാന്യമേറുന്ന ഘടകത്തിനനുസരിച്ച് പഠനമേഖലയും മാറുന്നു. ഭാഷയെക്കാൾ സമൂഹത്തിനു ഊന്നൽ നൽകുമ്പോൾ അത് ഭാഷാസാമൂഹിക വിജ്ഞാനമായി (sociology of language) മാറുന്നു. സമൂഹത്തിന്റെ സാമ്പത്തിക വളർച്ചയെ ബാധിക്കുന്ന ബഹുഭാഷിത പ്രശ്നങ്ങൾ, ഭരണാധികാരികൾക്ക് സ്വീകരിക്കേണ്ടിവരുന്ന ഭാഷാസൂത്രണ നയങ്ങൾ തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾക്കു പ്രാധാന്യമുള്ള പഠനങ്ങൾ ഭാഷാസാമൂഹികവിജ്ഞാനത്തിന്റെ പരിധിയിൽ വരുന്നു. ഇതിൽ നിന്നു മാറി സാമൂഹിക ഘടകങ്ങൾക്കനുസൃതമായി ഭാഷയിലുണ്ടാകുന്ന വൈവിധ്യത്തെയാണ് സാമൂഹ്യഭാഷാശാസ്ത്രം ശ്രദ്ധിക്കുന്നത്.

സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ ഉത്ഭവസംബന്ധമായ ചർച്ചകൾ നരവംശശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. 19–ആം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ തന്നെ നരവംശപഠനത്തിന്റെ ഭാഗമെന്ന നിലയിൽ ഭാഷാപഠനം വളർന്നിരുന്നു. ഭാഷാഭേദത്തെയായിരുന്നു അവ അടിസ്ഥാനമാക്കിയിരുന്നത്. 1920–കളിൽ ഭാഷാശ്രേണീകരണം സാമൂഹികശ്രേണീകരണവുമായി ബന്ധ പ്പെട്ടിരിക്കുന്നുവെന്ന നിരീക്ഷണം ഉടലെടുത്തു. 'എതോഫിലോളജി',

'എത്നോലിംഗ്വിസ്റ്റിക്സ്' എന്ന പേരിലാണ് ഈ വിജ്ഞാന ശാഖ അറിയപ്പെട്ടിരുന്നത്. തുടർന്ന് 1960-കളോടെയാണ് 'സോഷ്യോലിംഗ്വിസ്റ്റിക്സ്' എന്ന പേരിൽ വ്യക്തമായ പഠനസമ്പ്രദായമുള്ള ശാഖയായിതീരുന്നത്. ഹാവർ. സി. ക്യൂറിയാണ് ഈ പദത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നത് (ധനലക്ഷ്മി: 2011).

## 1.3. സാമൂഹ്യഭാഷാശാസ്ത്രമേഖലയിലെ പ്രധാനപഠനങ്ങൾ

ജോൺ. ജെ ഗുമ്പേർസ്, വില്യം ബ്രൈറ്റ്, ഡെൽഹൈംസ്, വില്യം ലബോവ്, പീറ്റർ ട്രഡ്ഗിൽ, മിൽറോയ് ദമ്പതികൾ, യൂറിൻ വെന്റീച്ച്, ഹഡ്സൺ എന്നിവർ സാമൂഹ്യഭാഷാശാസ്ത്രത്തിന് സൈദ്ധാന്തിക അടിത്തറ നൽകിയവരാണ്. കോർണൽ സർവകലാശാലയുടെ നേതൃത്വത്തിൽ വടക്കേ ഇന്ത്യയിലെ ഖലാപ്പൂർ ഗ്രാമത്തിലെ ഹിന്ദി ഭാഷാഭേദമായ ഖരിബോലിയിലുള്ള വൈവിധ്യങ്ങളെ ശ്രദ്ധി ക്കുകയായിരുന്നു ജോൺ. ജെ ഗുമ്പേർസ് (1958) തന്റെ ആദ്യകാലപഠനത്തിൽ. സാമൂഹികവർഗങ്ങളും ജാതിയും മറ്റും ഭാഷയിൽ ഭേദമുണ്ടാക്കുന്നുവെന്ന കണ്ടെത്ത ലിലാണ് ആ പഠനം ചെന്നെത്തിയത്. ജാതിഭാഷകളെപറ്റി പഠിക്കാനുള്ള പ്രചോദനം കൂടിയായിരുന്നു ആ പഠനം. തുടർന്ന് ഡൽഹിയിൽ താമസിക്കുന്ന പഞ്ചാബികളുടെ മൊഴിമാറ്റം നിരീക്ഷിച്ച് ദ്വിഭാഷിത്വഗവേഷണത്തിന്റെ പ്രസക്തിയും അദ്ദേഹം ഉറപ്പിക്കുന്നുണ്ട് (1964). മഹാരാഷ്ട്രയിലെ സാംഗ്ലിജില്ലയിലെ കുപ്വാർ ഗ്രാമത്തിലെ മറാത്തി-ഉർദു-കന്നട ഭാഷകളുടെ പരസ്പര സ്വാധീനത്തെക്കുറിച്ചുള്ള പഠനം (1971), വടക്കൻ നോർവെയിലെ ഹെമനസ് ബർഗിൽ ബ്ലോമും ഗുമ്പേർസും ചേർന്നു നടത്തിയ ഗവേഷണത്തിൽ (1972) റാനാമൽ, ബോക്മൽ ഭാഷകളുടെ ഇരട്ടമൊഴി (diglossia) സാഹചര്യത്തെ പഠന വിധേയമാക്കുകയും ആ രണ്ട് ഭാഷകളുടെയും വ്യത്യസ്ത ധർമ്മങ്ങളെ ചൂണ്ടി കാണിക്കുവാനും കഴിഞ്ഞു. ഭാഷ പഠിക്കാൻ സാമൂഹികവ്യവസ്ഥകൂടി മനസ്സി ലാക്കേണ്ടതുണ്ടെന്ന ബോധ്യപ്പെടുത്തലായിരുന്നു ഗുമ്പേർസിന്റെ പഠനങ്ങൾ.

1964 ൽ അമേരിക്കയിലെ കാലിഫോർണിയ സർവകലാശാലയിൽ സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ ആദ്യസമ്മേളനത്തിൽ വില്യം ബ്രൈറ്റ് അവതരിപ്പിക്കുന്ന ചില കാര്യങ്ങളുണ്ട്. അതിൽ വക്താവിന്റെ സാമൂഹികവ്യക്തിത്വം, ഭാഷണം നടക്കുന്ന ചുറ്റുപാട്, ഭാഷണരീതിയുടെ ഘടകം, ഭാഷാഭേദവ്യത്യാസങ്ങളുടെ വ്യാപ്തി, സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ പ്രയുക്തത എന്നിവയെല്ലാം പ്രധാനമാണെന്നു പറയുന്നു. അമേരിക്കയിൽ തന്നെ പഠനം നടത്തിയ നരവംശശാസ്ത്രജ്ഞനായ ഡെൽഹൈംസും സാമൂഹ്യഭാഷാശാസ്ത്ര ശാഖയിലെ പല സങ്കേതങ്ങളുടെയും ഉപജ്ഞാതാവാണ്. 'ദ എത്നോഗ്രഫി ഓഫ് സ്പീക്കിംഗ്' (1968) എന്ന അദ്ദേഹത്തിന്റെ ലേഖനം, സാമൂഹ്യഭാഷാശാസ്ത്രത്തിലെ പിൽക്കാലപഠനങ്ങൾക്ക് സഹായകമായി. ഭാഷണസന്ദർഭം ഭാഷണ സ്വഭാവത്തെ നിർണയിക്കുന്നുവെന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

സാമൂഹിക ഭാഷാശാസ്ത്രത്തിന് വ്യക്തമായ ദിശാബോധവും കൃത്യമായ രീതിശാസ്ത്രവും നൽകിയത് വില്യം ലബോവാണ്. സമുദായങ്ങളിലെ ഭാഷാശാസ്ത്ര ഭേദങ്ങൾ ജാതി, പ്രായം, ലിംഗം തുടങ്ങിയ സാമൂഹികമാനദണ്ഡവുമായി (social parameter) ബന്ധപ്പെട്ടിരിക്കുന്നുവെന്നും, സാംഖികരീതിയിലൂടെ ഗണപരമായ വസ്തുതാപഗ്രഥനം നടത്തി അത് സ്ഥാപിച്ചെടുക്കാനും ലബോവിനായി. അമേരിക്കയിലെ ഒരു ചെറിയ ദ്വീപായ മാർത്താസ് വൈൻയാർഡിലെ സ്വനമാറ്റത്തെക്കുറിച്ചുള്ള പഠനം (1963), സ്വരങ്ങൾക്കു ശേഷം വരുന്ന '(r)' എന്ന ഭാഷാചരത്തെ പ്രത്യേകമായെടുത്ത് ന്യൂയോർക്കിലെ ലോവർ ഈസ്റ്റ് സൈഡിൽ നടത്തിയ പഠനം (1966), അമേരിക്കയിലെ നീഗ്രോകളുടെ ഭാഷയെ സംബന്ധിച്ചുള്ള പഠനം (1969) എന്നിവയെല്ലാം പ്രധാനമാണ്. സാമൂഹ്യ ഭാഷാശാസ്ത്രത്തിന് പുതിയ മാനം നൽകുന്നതിനോടൊപ്പം പിൽക്കാല പഠിതാക്കൾക്ക് പ്രചോദനമേകുവാനും ഈ പഠനങ്ങൾക്കായി.

ലബോവിന്റെ രീതിശാസ്ത്രമനുസരിച്ച് പഠനം നടത്തിയവരിൽ പ്രധാനി യാണ് പീറ്റർട്രഡ്ഗിൽ. ഇംഗ്ലീഷിന്റെ സവിശേഷതകളെക്കുറിച്ച് ഇംഗ്ലണ്ടിലെ നോർവിച്ചിൽ നടത്തിയ പഠനം (1974) അത്തരത്തിലുള്ളതാണ്. നോർവ്വിച്ചിന്റെ സാമൂഹികഘടന അറിയുന്നതിന് വ്യത്യസ്ത സാമൂഹികതലത്തിൽപ്പെട്ട നിശ്ചിത ആവേദകരെ തെരെഞ്ഞെടുത്തുകൊണ്ട് വിവിധ ഗവേഷണ ഘട്ടത്തിലൂടെ ഭാഷാചരങ്ങളുടെ പ്രസക്തി വ്യക്തമാക്കി. ബേസിൽ ബേൺസ്റ്റൈൻ (1971), ലെസ്ലി മിൽറോയ് (1980) എന്നിവരും സാമൂഹ്യഭാഷാശാസ്ത്രത്തിൽ സുപ്രധാനപങ്കു വഹിച്ചിരുന്നവരാണ്. ലബോവിന്റയും ട്രഡ്ഗിലിന്റെയും പഠനരീതി പൂർണമായി സ്വീകരിക്കാതെ ചില മാറ്റങ്ങളോടെയാണ് മിൽറോയ് ഗവേഷണം നടത്തിയത്. സാമൂഹികവലയഘടന (social network structure) ഭാഷണത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്നതായിരുന്നു അദ്ദേഹത്തിന്റെ പഠനലക്ഷ്യം. ഇവരുടെ യൊക്കെ പഠനങ്ങളെ അനുകൂലിച്ചും വിയോജിച്ചും കൊണ്ടുള്ള ധാരാളം പഠനങ്ങൾ ഉണ്ടാവുകയും [റസ്സൽ(1981), ചെഷയർ(1982), റൊമെയ്ൻ(1984), ബോർടോണി-റിച്ചാർഡോ(1985), സ്മിഡ്ത്ത് (1985), ലിപ്പി- ഗ്രീൻ(1989), കാമറോൺ(1990), സലാമി(1991), ഡബ്ലിയൂ. എഡ്വേർഡ്സ് (1992), വില്യംസ്(1992)] അവയെല്ലാം സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ സൈദ്ധാന്തിക അടിത്തറ ബലപ്പെടുത്തുകയും ചെയ്തു.

സാമൂഹ്യഭാഷാശാസ്ത്രത്തിന് ആഗോളതലത്തിൽ കൃത്യമായ രീതിശാസ്ത്രം നൽകുകയും പഠനസാധ്യത ഉറപ്പിക്കുകയും അതിന്റെ വ്യാപ്തിയെ അടയാള പ്പെടുത്തുകയും ചെയ്തുവെന്ന രീതിയിൽ പ്രസക്തിയുള്ളവയാണ് മേൽസൂചിപ്പിച്ച പഠനങ്ങൾ. ആ രീതിശാസ്ത്രമനുസരിച്ച് കേരളീയസന്ദർഭത്തിലേക്ക് ഇറങ്ങിചെല്ലാനും പഠനം നടത്താനും ഭാഷാഗവേഷകർ ശ്രമിച്ചിട്ടുണ്ട്. സാമൂഹ്യ ഭാഷാശാസ്ത്രമനുസരിച്ച് മലയാളത്തിലുണ്ടായ പഠനങ്ങളെ രണ്ടായി തിരിക്കാ വുന്നതാണ്. ഒന്ന് ആ പഠനമേഖലയെ പരിചയപ്പെടുത്തുന്നവ, മറ്റൊന്ന്

പ്രായോഗിക വീക്ഷണത്തിലുള്ളവ. കൂടാതെ വിവിധ സർവ്വകലാശാലകളുടെ പാഠ്യ പദ്ധതിയിൽ ഭാഷാപഠനത്തിന്റെ അടിസ്ഥാനതലങ്ങൾ പഠിപ്പിക്കുന്നുണ്ട്. അതിന്റെയൊക്കെ ഭാഗമായി, അക്കാദമിക് ശാഖയെന്ന നിലയിൽ രൂപപ്പെട്ട ഭാഷാശാസ്ത്രത്തെ തദ്ദേശീയ ഭാഷകളിൽകൂടി പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി രചിക്കപ്പെട്ട പുസ്തകങ്ങളാണ് ആദ്യവിഭാഗത്തിൽ വരുന്നത്. ആൻഡ്രൂസ്കുട്ടി, ഏ.പി. (ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും: 2004) ഉഷാ നമ്പൂതിരിപ്പാട് (സാമൂഹിക ഭാഷാവിജ്ഞാനം: 1994), പ്രബോധചന്ദ്രൻനായർ (ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ: 2009), പ്രഭാകരവാര്യർ കെ. എം, ശാന്ത അഗസ്റ്റിൻ (ആധുനിക ഭാഷാശാസ്ത്രം: 1981), പ്രഭാകരവാര്യർ കെ. എം (ഭാഷാശാസ്ത്രവിവേകം: 2002) തുടങ്ങിയവ അതിൽ ഉൾപ്പെടുന്നു. ഭാഷാശാസ്ത്രത്തിന്റെ വിവിധ ശാഖകളെ പറയുന്നിടത്ത് സാമൂഹ്യഭാഷാശാസ്ത്രത്തെയും പരിചയപ്പെടുത്തുന്നു. സിദ്ധാന്തത്തെ വിവരിക്കുകയും പ്രയോഗിക്കുകയും ചെയ്തിട്ടുള്ള പഠനങ്ങളാണ് മറ്റുള്ളവ. 'ദ സ്പീച്ച് ഓഫ് നമ്പൂതിരീസ്- എ സോഷ്യോലിംഗ്വിസ്റ്റിക് സ്റ്റഡി' (ഉഷാനമ്പൂതിരിപ്പാട്: 1989), 'ദ സ്പീച്ച് ഓഫ് പൂപണ്ടാരംസ് -എ സോഷ്യോലിംഗ്വിസ്റ്റിക് സ്റ്റഡി' (വിഘ്നേശ്വരൻ: 1989), 'മലബാറിലെ തിരുവിതാംകൂർ കുടിയേറ്റക്കാരുടെ വാമൊഴിയിലെ സംരക്ഷണവും പരിണാമവും- ഒരു സാമൂഹികഭാഷാശാസ്ത്രപഠനം' (ജോർജ്: 1991), 'കോഴിക്കോട് നഗരത്തിലെ തമിഴ് ബ്രാഹ്മണരുടെ ഭാഷാപരിരക്ഷണവും ഭാഷാമാറ്റവും' (മാർക്കോസ്: 1992), 'പണിയഭാഷയിലെ പ്രാദേശിക വൈജാത്യങ്ങൾ' (പത്മിനി, പി. ജി: 1993) 'കേരളീയനഗരങ്ങളിലെ സാമൂഹികഭാഷാസ്വഭാവം' (ഗിരീഷ്, പി. എം: 1998), 'ചിറ്റൂരിലെ തെലുങ്കരുടെ ഭാഷ- സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിലൂടെ' (ധനലക്ഷ്മി: 2006), 'മലയാള നിഘണ്ടുക്കളിലെ സാമൂഹ്യഭാഷാശാസ്ത്ര സ്വഭാവം' (ദീപ മേരി ജോസഫ്: 2012), 'ജൈവവൈവിധ്യ സംരക്ഷണവും അഭാവവും അട്ടപ്പാടി കുറുമ്പ ഭാഷയിൽ- സാമൂഹിക ധൈഷണിക

ഭാഷാശാസ്ത്ര സമീപനം' (സംപ്രീത, കെ: 2015) തുടങ്ങിയ പഠനങ്ങൾ അത്തരത്തിൽ പ്രധാനമാണ്.

ഭാഷാഭേദ പഠനങ്ങളിലും സാമൂഹ്യഭാഷാശാസ്ത്ര പഠനങ്ങളിലും ഭാഷാവൈവിധ്യത്തെ അടയാളപ്പെടുത്തുന്നത് ചരങ്ങളിലൂടെയാണ്. കേരളസമൂഹഘടനയിൽ ജാതി വലിയൊരു ഘടകമായാണ് പ്രവർത്തിച്ചിരുന്നത്. സാമൂഹ്യഭാഷാശാസ്ത്രത്തിലൂന്നി മലയാളത്തിൽ വന്ന പഠനങ്ങൾ പരിശോധിക്കുമ്പോഴും സാമൂഹ്യചരമായ ജാതികേന്ദ്രിത ഭാഷാവിശകലനത്തിന് പ്രാധാന്യം നൽകിയതായി കാണാം. ജാതി, മതം, ദേശം തുടങ്ങിയ ചരങ്ങളുമായി ബന്ധപ്പെട്ട ഭാഷാപ്രത്യേകതകൾ പഠിക്കപ്പെട്ടിട്ടുണ്ടെങ്കിലും ലിംഗമെന്ന ചരത്തെ അടിസ്ഥാനമാക്കി ഉള്ള പഠനങ്ങളുടെ അഭാവം പ്രകടമാണ്. സമുദായങ്ങളിലെ ഭാഷാപ്രത്യേകതകളിൽ ലിംഗമെന്ന സാമൂഹ്യചരവും സ്വാധീനിക്കുന്നുണ്ടെന്ന് ആദ്യമായി ആഗോളതലത്തിൽ അവതരിപ്പിക്കുന്നത് വില്യം ലബോവാണ് (1963). വില്യം ലബോവിന്റെ രീതിശാസ്ത്രം അനുസരിച്ച് ഭാഷാചരങ്ങളിലൂന്നിയ പഠനമാണ് ഉഷാ നമ്പൂതിരിപ്പാടിന്റേത്. നമ്പൂതിരി സമുദായത്തിനകത്തെ ഭാഷാപ്രത്യേകതകളെ വിശകലനം ചെയ്യുന്നതിനായി ലിംഗമെന്ന ചരത്തെയും പഠനവിധേയമാക്കുന്നു. സാമൂഹ്യഭാഷാശാസ്ത്രമേഖലയിൽ ഇവിടെ തുടർന്നുവന്ന പഠനങ്ങളെല്ലാം എല്ലാ ചരങ്ങളെയും വിശകലനം ചെയ്യുന്നിടത്ത് ലിംഗത്തെയും പരിഗണിക്കുന്നുവെന്നല്ലാതെ ലിംഗം എന്ന ചരത്തെ മുഖ്യമായെടുത്ത് പഠിക്കപ്പെട്ടിട്ടില്ല. പരാമർശങ്ങളായേ അവതരിപ്പിച്ചിട്ടുള്ളൂ എന്നാണ് പൂർവ്വപഠന വിശകലനത്തിൽ നിന്നും വ്യക്തമാവുന്നത്.

### 1.4. സാമൂഹിക ചരങ്ങൾ (social Variables)

പ്രധാനമായും ഭാഷയുടെ ആഭ്യന്തരവൈവിധ്യത്തിലാണ് സാമൂഹ്യഭാഷാശാസ്ത്രം ശ്രദ്ധിക്കുന്നത്. അത് അടയാളപ്പെടുത്താൻ ആശ്രയിക്കാറുള്ളത് ചര

ങ്ങളെ (variables) യാണ്. "മൂല്യങ്ങളുടെ നിശ്ചിത ശ്രേണിയിൽ നിന്ന് ഏതും സ്വീകരിക്കാവുന്ന ചിഹ്നം" എന്നാണ് ചരത്തെ വി. ആർ. പ്രബോധചന്ദ്രൻ നായർ നിർവ്വചിക്കുന്നത് (2012: 962). അവ രണ്ടു തരത്തിലാണ്. ഭാഷാപരവും സാമൂഹികവും (linguistic and social). ഭാഷയിലെ അടിസ്ഥാന ഘടകങ്ങളായ സ്വനം, സ്വനിമം, കോശം, കൂടാതെ സന്ധി, വ്യാകരണം (അതിൽ തന്നെ രൂപഘടനയും വാക്യഘടനയും) എന്നിങ്ങനെയുള്ള വിവിധ തലങ്ങളോടു ബന്ധപ്പെട്ടതാണ് ഭാഷാചരങ്ങൾ. സാമൂഹികചരങ്ങൾക്കനുസരിച്ച് മാറ്റം വരുന്ന രണ്ടോ അതിൽകൂടുതലോ ഭേദങ്ങളുണ്ടാകാവുന്ന ഭാഷാമാത്രകളെയാണ് ഭാഷാചരങ്ങൾ എന്നു വിളിക്കുന്നത്.

മതം, ജാതി, പ്രായം, വിദ്യഭ്യാസം, തൊഴിൽ, സാമൂഹിക വർഗം, തുടങ്ങിയവയാണ് പ്രധാന സാമൂഹികചരങ്ങൾ. ഭാഷകസമൂഹത്തിന്റെ സ്വഭാവത്തെ മനസ്സിലാക്കാൻ ഇത്തരം ചരങ്ങളിലൂടെയുള്ള വിശകലനം കൊണ്ടു സാധ്യമാകും. പ്രധാന സാമൂഹികചരങ്ങളിലൊന്നായ ലിംഗമാണ് ഈ പഠനത്തിൽ പ്രമേയമായി വരുന്നത്. അതുകൊണ്ടു തന്നെ മറ്റു ചരങ്ങളിൽ നിന്നു ഭിന്നമായി ലിംഗത്തെ കൂടുതൽ ആഴത്തിൽ വീക്ഷിക്കുകയാണിവിടെ.

### 1.5. ലിംഗം

ലോകപ്രസിദ്ധമായ സ്ത്രീ, പുരുഷ, ഇതര വിഭാഗത്തിനു തന്നെയാണ് ഭാഷയിൽ ലിംഗം എന്നു പറയുന്നത്. സ്ത്രീ, പുരുഷൻ എന്നീ വേർതിരിവിന്നടിസ്ഥാനമായി സമൂഹം കാണുന്നതിൽ ഒന്ന് ജൈവികമാണ്. ജീവശാസ്ത്രപരമായ ശരീരസ്വഭാവത്തെ ആധാരമാക്കി ലിംഗത്തെ നിശ്ചയിക്കുന്നു. ഈ അവസ്ഥാവിശേഷത്തിനു പുറമെ മറ്റു ചില മാനങ്ങൾ കൂടി ഭാഷകസമൂഹം സ്ത്രീയ്ക്കും പുരുഷനും കൽപ്പിച്ചു നൽകുന്നു. "ഒരു ഭാഷകസമൂഹത്തിലെ സ്ത്രീ- പുരുഷ വ്യത്യാസം, സാമൂഹികപെരുമാറ്റം, സാമൂഹികനില എന്നിവ ഭാഷണക്രിയയുമായി

പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ സമൂഹങ്ങളിലുമുള്ള പങ്കാളിത്തം , നിയമം, പെരുമാറ്റരീതികൾ എന്നിവയെ വേർതിരിക്കുന്ന അടിസ്ഥാനഘടകമായി ലിംഗബോധം വർത്തിക്കുന്നു" (ദീപ മേരി ജോസഫ്, 2012: 13). ഒരേ ഭാഷയ്ക്കകത്തു തന്നെ സ്ത്രീയും പുരുഷനും വ്യത്യസ്തത പുലർത്തുന്നു. ഭാഷണരീതി, പദസ്വീകരണം, പ്രമേയത്തിന്റെ തെരെഞ്ഞെടുപ്പ്, ഉച്ചാരണം, അംഗചലനം എന്നിവയിലെല്ലാം പരസ്പരം വ്യത്യസ്തത പുലർത്തുന്നു. സാമൂഹികമായി കല്പ്പിക്കപ്പെട്ടുന്ന മൂല്യ വ്യവസ്ഥയെ ഭാഷയിലൂടെ ഉറപ്പിക്കുകയും അതുവഴി ഭാഷ ലിംഗപദവി നിർണയി ക്കുകയും ചെയ്യുന്നു. അവിടെയാണ് സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ പ്രസക്തി. സ്ത്രീ/പുരുഷൻ എന്ന ദ്വന്ദം ഭാഷണക്രിയയിൽ എപ്രകാരം ഇടപെടുന്നുവെന്നതിനെ 'ലിംഗം' എന്ന സാമൂഹികചരത്തിലൂന്നി, സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്ര ത്തിലൂടെ വിശകലനം ചെയ്യാം. അതുവഴി ലിംഗപ്രതിനിധാനം ഭാഷയിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്ന് കണ്ടെത്താനാകും.

ഭാഷയും ലിംഗപദവിയും സംബന്ധിച്ച് ധാരാളം പഠനങ്ങൾ നിലവിലുണ്ട്. പ്രത്യേകിച്ച് സ്ത്രീവാദസിദ്ധാന്തങ്ങൾ ശക്തിയാർജ്ജിച്ചതിനു ശേഷം. സാമൂഹി കമായി നിലനിൽക്കുന്ന കല്പിത അധികാരവ്യവസ്ഥയെ തുറന്നുകാട്ടാനും വിമർശനം ഉന്നയിക്കാനും വിവിധ അക്കാദമിക് ശാഖകൾക്കായിട്ടുണ്ട്. ഭാഷയും അധികാരവും എങ്ങനെ സമൂഹത്തിൽ പ്രവർത്തിക്കുന്നുവെന്നതും പഠനങ്ങളുടെ ഭാഗമായി. ലിംഗപദവി സംബന്ധമായ പഠനങ്ങളും അധികാരകേന്ദ്രിതമായൊരു വ്യവസ്ഥിതിയ്ക്കെതിരെയുള്ള നോട്ടമാണെന്ന് സാമൂഹ്യഭാഷാശാസ്ത്രം വ്യക്ത മാക്കുന്നു. എങ്കിലും സ്ത്രീവാദ സൈദ്ധാന്തികപരിസരത്തിലൂടെ ഭാഷയെ വിശകലനം ചെയ്യുകയും ലിംഗമെന്ന ചരത്തെ പ്രധാനമായി കാണുവാനും ഫെമിനിസ്റ്റ് ഭാഷാശാസ്ത്രത്തിനാവുന്നു.

### 1.6 . ഫെമിനിസ്റ്റ് ഭാഷാശാസ്ത്രവും ലിംഗപദവി പഠനങ്ങളും

സാമൂഹ്യഭാഷാശാസ്ത്രത്തിലെ പ്രധാന ശാഖയാണ് ഫെമിനിസ്റ്റ് ഭാഷാശാസ്ത്രം. സാമൂഹികചരങ്ങളിലൊന്നായ ലിംഗവും ഭാഷയും തമ്മിലുള്ള ബന്ധ മാണ് ഇതിൽ മുഖ്യമായി വരുന്നത്. ആ ബന്ധത്തെ സ്ത്രീവാദ പരിപ്രേക്ഷ്യത്തിലൂടെ വിശകലനം ചെയ്യുന്നു. അതായത്, സ്ത്രീയുടെ അവകാശങ്ങളും, സ്വാതന്ത്ര്യവും ലിംഗനീതിയും വീണ്ടെടുക്കുന്നതിനായി നിലകൊള്ളുന്ന ഫെമിനിസത്തിന്റെ ആശയസമുച്ചയവും ഭാഷാവിജ്ഞാനീയവും ഇഴുകിച്ചേർന്ന് ഫെമിനിസത്തിന്റെ പരിപ്രേക്ഷ്യത്തിലൂടെ ഭാഷാവിനിമയപ്രക്രിയ പഠിച്ച്, അധികാരത്തിന്റെ ഭാഷയെയും ഭാഷയുടെ അധികാരത്തെയും അപനിർമ്മാണം ചെയ്യുന്ന പഠനമേഖലയാണ് ഫെമിനിസ്റ്റ്ഭാഷാശാസ്ത്രം. അതൊരു അന്തർ വൈജ്ഞാനിക പഠനശാഖയാണ്. ഭാഷാവിജ്ഞാനീയം, സ്ത്രീവാദ സൈദ്ധാന്തികമേഖല, സാമൂഹ്യഭാഷാശാസ്ത്രം, ഭാഷയുംലിംഗപദവിയും, നരവംശശാസ്ത്രം, എന്നിവയാണ് ഇതിലെ പ്രധാനപഠനമേഖലകൾ. ഭാഷ തന്നെ സാമൂഹ്യ ഉത്പന്നമാകുമ്പോൾ സാമൂഹികമായി നിലനിൽക്കുന്ന അധികാരനിർമ്മിതികൾ ഭാഷയ്ക്കകത്തും പ്രവർ ത്തിക്കുക സ്വാഭാവികമാണ്. ജാതീയമായും വർഗപരമായും ലിംഗപരമായും സമൂഹത്തിനകത്ത് പ്രവർത്തിക്കുന്ന അധികാരബോധം ഭാഷയിൽ ആവർത്തി ക്കുകയും ഭാഷാപ്രയോഗത്തിലൂടെ നിലനിർത്തുകയും ചെയ്യുന്നുണ്ടെന്ന നിരീക്ഷണം സാമൂഹ്യഭാഷാശാസ്ത്രത്തിലുണ്ട്. ലിംഗപരമായ അധികാരം ഭാഷയിൽ പ്രവർത്തി ക്കുന്നതെങ്ങനെ എന്ന വിശദമായ അന്വേഷണമാണ് ഫെമിനിസ്റ്റ് ഭാഷാശാസ്ത്ര ത്തിൽ ഉള്ളത്.

18, 19 നൂറ്റാണ്ടുകളിലായി ആവിർഭവിക്കുകയും 20, 21 നൂറ്റാണ്ടുകളിൽ ശക്തി യാർജ്ജിക്കുകയും ചെയ്ത ചിന്താപദ്ധതിയാണ് ഫെമിനിസം (ജാൻസി ജയിംസ്: 2000). ഫെമിനിസത്തിന്റെ വളർച്ചാഘട്ടത്തെ അക്കാദമിക തലത്തിൽ വിവിധ തരംഗങ്ങളായാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. വോട്ടവകാശം, തുല്യവേതനം എന്നിവയ്ക്കായുള്ള പോരാട്ടമായിരുന്നു അദ്യഘട്ടത്തിൽ. നിയമമേഖലയിൽ

ഊന്നിയ ഇത്തരം പരിശ്രമങ്ങളെ ഒന്നാം തരംഗമായി ( First Wave Movement) കാണുന്നു. 19-ആം നൂറ്റാണ്ടിന്റെ അവസാനമാണ് പ്രധാനമായി വരുന്നത്. ഒന്നാം തരംഗത്തിന്റെ തുടർച്ചയെന്നോണം വിവിധ മേഖലകളിൽ നിലനിൽക്കുന്ന ലിംഗ പരമായ ആധിപത്യത്തെയും വിവേചനത്തെയും കുറിച്ച് തിരിച്ചറിയാനും അവയ്ക്ക് എതിരെ ഉള്ള പ്രതിഷേധവും തീവ്രസ്ത്രീപക്ഷ സ്വഭാവത്തിലേക്കുള്ള ആശയ വളർച്ചയുമാണ് 1960-70 കാലഘട്ടത്തിൽ കാണുന്നത്. ഫെമിനിസത്തിന്റെ രണ്ടാം തരംഗമായി (Second wave movement) ഈ ഘട്ടത്തെ വിശേഷിപ്പിക്കുന്നു. 1990 - കൾക്കു ശേഷമുള്ള സ്ത്രീപക്ഷ സമീപനങ്ങളും പ്രവർത്തനങ്ങളുമാണ് മൂന്നാം തരംഗ ത്തിൽ വരുന്നത്. രണ്ടും മൂന്നും തരംഗങ്ങളിലാണ് ഭാഷയിലെ ലിംഗ പ്രതിനിധാനവും പഠിക്കപ്പെടുന്നത്. ലിംഗമെന്നത് ജീവശാസ്ത്രപരമാണ് (biological) എന്നതിലുപരി സാമൂഹികവും സാംസ്കാരികവുമായ നിർമ്മിതിയാണെന്ന (socio-cultural construction) കണ്ടെത്തലായിരുന്നു ഈ പഠനങ്ങൾക്കെല്ലാം അടിസ്ഥാനം. ഭാഷാഭേദവിജ്ഞാനീയം, പ്രകരണവിജ്ഞാനം, നരവംശഭാഷാശാസ്ത്രം, ആഖ്യാന ശാസ്ത്രം, ശൈലീവിജ്ഞാനീയം തുടങ്ങിയ ഭാഷാശാസ്ത്രമേഖലകളിലും ലിംഗഭേദ ങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളുടെ സാധ്യത പ്രകടമാണ്. ഭാഷാ വ്യവഹാരത്തിന്റെ വിവിധ മേഖലകളിലും ലിംഗ പ്രതിനിധാനം ചർച്ച ചെയ്യ പ്പെട്ടിട്ടുമുണ്ട്.

ഫെമിനിസ്റ്റ്ഭാഷാശാസ്ത്രത്തിന്, അല്ലെങ്കിൽ ഭാഷയും ലിംഗപദവിയും തമ്മിലുള്ള പഠനത്തിന് ശാസ്ത്രീയമായ അടിത്തറ നൽകിയത് റോബിൻ ലാക്കോഫ് (1973, 1975) ആണ്. 1973- ൽ പ്രസിദ്ധീകരിച്ച 'ഭാഷയും പെണ്ണിടവും (Language and Womens Place)' എന്ന ലേഖനത്തിലൂടെ സ്ത്രീ, പുരുഷ ഭാഷയെ സംബന്ധിച്ച നൂതന കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ ലക്കോഫിനായി. ഒരേ ഭാഷകസമൂഹത്തിൽ തന്നെ സ്ത്രീയും പുരുഷനും ഭാഷണത്തിലേർപ്പെടുന്നത് വ്യത്യസ്തരീതിയിലാണെന്നും സ്ത്രീയ്ക്ക് അവരുടേതായ ഒരു ഭാഷയുണ്ടെന്നും അദ്ദേഹം

വാദിച്ചു. 'സ്ത്രീഭാഷ (women's language)' എന്നൊരാശയത്തെ രൂപപ്പെടുത്താൻ ലാക്കോഫിന്റെ ശ്രമങ്ങൾക്കായി. "സ്ത്രീകളുടേത് മാത്രമായ ചില ഭാഷണ സവിശേഷതകളെകുറിക്കാനും സ്ത്രീകൾ മാത്രം ഉപയോഗിക്കുന്നതും മറ്റുള്ളവർ സ്ത്രീ പരാമർശങ്ങൾക്കായി പ്രയോഗിക്കുന്നതുമായ ഭാഷാപ്രയോഗങ്ങളെയാണ് സ്ത്രീഭാഷ (language of women) എന്നു പറയുന്നത് " (വി. ആർ. പ്രബോധചന്ദ്രൻ നായർ 2009: 198).

സ്ത്രീഭാഷയുടെ പ്രത്യേകതകളെ ലാക്കോഫ് വിവരിക്കുന്നത് ഇപ്രകാരമാണ്.

1. പദതാൽപ്പര്യം- സ്ത്രീകൾ തങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ച് ചില പ്രത്യേക പദങ്ങൾ ഉപയോഗിക്കുന്നു.
2. പുരുഷന്മാർ ഉപയോഗിക്കുന്ന 'മഹത്തായ', 'ഭയാനകം' എന്നീ വിശേഷണപദങ്ങൾക്കു വ്യതിരേകമായി 'ദിവ്യത്വം', 'മനോഹരം' എന്നീ പദങ്ങൾ സ്ത്രീകൾ കൂടുതലായി ഉപയോഗിക്കുന്നു.
3. നിർദ്ദേശകസമുച്ചയങ്ങളോടു കൂടിയ അനുബന്ധചോദ്യങ്ങളുടെ ഉപയോഗം.
4. മൃദോക്തി, ഒരു കാര്യത്തെ അവതരിപ്പിക്കുന്നതിലെ ഉറപ്പില്ലായ്മ (hedges, eg: sort of)
5. പൂരണപദങ്ങൾ. സംഭാഷണങ്ങൾക്കിടയിൽ അതായത്, എന്നുവച്ചാൽ എന്നിങ്ങനെയുള്ള പദങ്ങളുടെ ഉപയോഗം. (fillers. eg- well, you know)
6. അനുബന്ധചോദ്യങ്ങൾ (tag questions) ധാരാളം ഉപയോഗിക്കുന്നു.
7. ഭാഷയിലെ അതിശുദ്ധരൂപങ്ങൾക്കു നൽകുന്ന അമിതപ്രാധാന്യം.

ലാക്കോഫിന്റെ നിരീക്ഷണത്തിലുള്ള സ്ത്രീഭാഷയുടെ പ്രധാന സവിശേഷതകളാണ് മേൽസൂചിപ്പിച്ചിരിക്കുന്നത്. മൃദു ഉക്തി, പൂരണപദങ്ങൾ, അനുബന്ധചോദ്യങ്ങൾ എന്നിവ സ്ത്രീഭാഷണങ്ങളിൽ താരതമ്യേന കൂടുതലാണ്. സ്പഷ്ടമായ ഒരു കാര്യത്തെ കൃത്യമായി അവതരിപ്പിക്കുന്നതിനുള്ള ബലഹീനത

യായി ഇത്തരം സവിശേഷതകളെ അടയാളപ്പെടുത്തുന്നു. ഇത് സ്ത്രീഭാഷയുടെ പോരായ്മയായാണ് ലാക്കോഫ് വിലയിരുത്തുന്നത്. സാമൂഹികമായി നിലനിൽക്കുന്ന അധീശത്വമനോഭാവവും താഴ്ന്ന പദവിയും സ്ത്രീഭാഷണത്തെ നിസ്സാരവത്കരിക്കുന്നു. ഭാഷാവിനിമയത്തിലെ ലിംഗവ്യത്യാസത്തെ കൃത്യമായി അടയാളപ്പെടുത്താൻ ലാക്കോഫിനായി. പുരുഷന്റെ സാമൂഹികമായ അധികാരവും സ്ത്രീയുടെ അധികാരമില്ലായ്മയുമാണ് ആ വ്യത്യാസത്തിനു കാരണമായി അവർ കണ്ടെത്തുന്നത് .

സ്ത്രീ-പുരുഷ ഭാഷണത്തെ സംബന്ധിച്ചുള്ള ലാക്കോഫിന്റെ നിരീക്ഷണങ്ങൾക്ക് സമകാലീന അവസ്ഥയിൽ ചില മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും സാമൂഹ്യഭാഷാശാസ്ത്രഗവേഷണചരിത്രത്തിൽ ഒരു നാഴികകല്ലാവാനും മറ്റു പല ഗവേഷണമേഖലയിലും സ്വാധീനമുളവാക്കാനും കഴിഞ്ഞു. ഇവയെ കേന്ദ്രീകരിച്ച് ഭാഷയും ലിംഗപദവിയും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്ന ധാരാളം പഠനങ്ങളും സിദ്ധാന്തങ്ങളും രൂപപ്പെട്ടു. രണ്ടാം തരംഗ ഫെമിനിസ്റ്റ് ചലനങ്ങളുടെ ഭാഗമാവാൻ കഴിഞ്ഞുവെന്നതും ചരിത്രപരമായ പ്രാധാന്യമായി അടയാളപ്പെടുത്തിയിട്ടുണ്ട് (Eckert &McConnel -Ginnet, 2003: 37). 1970-കളുടെ തുടക്കത്തിൽ സാമൂഹ്യശാസ്ത്രത്തിലെ ആധിപത്യവീക്ഷണം ഘടനാപരമായ ആശയവിനിമയമായിരുന്നു. അവിടെ സ്ത്രീയും പുരുഷനും നിർവ്വചിക്കപ്പെട്ടത് കൃത്യമായും എതിർവിഭാഗങ്ങളായാണ് (krolokke charlotte: 2006). സാമൂഹികവൈവിധ്യങ്ങളെ ഉൾകൊള്ളാൻ അവയ്ക്കായില്ല. അതിനെ മറികടന്നുകൊണ്ടാണ് രണ്ടാം തരംഗ സ്ത്രീവാദത്തിന്റെ പ്രവർത്തനം കരുത്താർജ്ജിക്കുന്നത്. സാമൂഹിക സിദ്ധാന്തങ്ങൾ ഒരു വശത്തും, ലിംഗപദവി സിദ്ധാന്തങ്ങൾ മറ്റൊരു ദിശയിലുമായിരുന്നു. അവ രണ്ടിനേയും ഏകോപിപ്പിച്ച് ഭാഷയ്ക്കകത്തും പുറത്തും ലിംഗാധികാരം പ്രവർത്തിക്കുന്നതെങ്ങനെയെന്ന അന്വേഷണത്തിന് തിരി തെളിയിച്ചത് 'ഭാഷയും

പെണ്ണിടവും' ( Lakoff, Robin: 1973), 'പെണ്ണിനെപോലെ സംസാരിക്കുന്നു' ( Lakoff, Robin: 1974) എന്നീ ലേഖനങ്ങളാണ്.

### 1.7. ലിംഗപദവി പഠനങ്ങളുടെ സൈദ്ധാന്തികപരിസരം

ഭാഷയും ലിംഗപദവിയും തമ്മിലുള്ള പഠനം പ്രധാനമായും നിരീക്ഷിച്ചത് സ്ത്രീയുടെയും പുരുഷന്റേയും ഭാഷാവിനിമയപ്രക്രിയയിലാണ്. വാമൊഴിയുടെയും വരമൊഴിയുടെയും വിവിധതലങ്ങളിലൂന്നി വിശദീകരിക്കാൻ ശ്രമിച്ചു. തീർത്തും അനൗപചാരികമായ സംഭാഷണത്തിൽ തുടങ്ങി ഔപചാരിക ഇടങ്ങളിൽ വരെ വ്യത്യസ്ത സന്ദർഭങ്ങളിലായായുള്ള ഇടപെടലുകളിൽ സ്ത്രീ-പുരുഷ ഭാഷ വ്യത്യസ്ത മാണ് എന്ന നിഗമനത്തിലാണ് ഓരോ പഠനവും എത്തിച്ചേർന്നത്. (Swann joan, 2000). വ്യത്യസ്തമാകുന്നതോടൊപ്പം സമൂഹത്തിൽ സ്ത്രീയുടെ ഇടത്തെ, അല്ലെങ്കിൽ പദവിയെ കൂടിയാണ് ഭാഷ നിർണയിക്കുന്നത്. ലാക്കോഫ് തുടങ്ങിവയ്ക്കുന്ന നിരീക്ഷ ണത്തെ തുടർന്ന് അതിനുള്ള കാരണത്തെ കൂടി പിൽക്കാല ഗവേഷകർ അന്വേഷി ക്കുന്നുണ്ട്. അവ മറ്റു പല സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

#### 1.7.1. അപര്യാപ്തി, ആധിപത്യ സിദ്ധാന്തം (Deficit and Dominance theory)

"ലേഖന വ്യവസ്ഥയിലേയോ ചിഹ്നവ്യവസ്ഥയിലേയോ ഏകകങ്ങൾ, വാക്യഘടനാവൈവിധ്യം, പദാവലി എന്നിങ്ങനെ ഭാഷാനിഷ്ഠമായ എന്തും വിവിധ ഭാഷകൾ തമ്മിലുള്ള താരതമ്യവീക്ഷണത്തിൽ അപര്യാപ്തം എന്നു തോന്നാം" (പ്രബോധചന്ദ്രൻ നായർ, വി. ആർ. 2012: 248). സ്ത്രീ, പുരുഷ ഭാഷകൾ തമ്മിലുള്ള താരതമ്യത്തിൽ ശക്തമായി പ്രകടിപ്പിക്കാനുള്ള അവസരം സ്ത്രീകൾക്ക് നിഷേധിക്കപ്പെടുകയും അവർ സംസാരിക്കുന്നതിനെ നിസ്സാരമായി കാണുകയും ചെയ്യുന്നു. സംസാരിക്കുന്ന രീതി പലകാര്യങ്ങളിലും അപര്യാപ്തമാണ്. അപര്യാപ്തി സിദ്ധാന്തത്തെ ആദ്യമായി അവതരിപ്പിക്കുന്നത് ഡാനിഷ് ഭാഷാശാസ്ത്രജ്ഞനായ ഓട്ടൊ യെസ്പേർസണാണ് (Jesperson, otto: 1922). പുരുഷന്മാരെ അപേക്ഷിച്ച്

സ്ത്രീകളുടെ ഭാഷണം നിസ്സാരമാണെന്നും, അത് പലകാര്യത്തിലും അപര്യാപ്തവും നിലവാരത്തിൽ താഴ്ന്നിരിക്കുകയും ചെയ്യുന്നു. സ്ത്രീകൾ മാതാപിതാക്കളിൽ നിന്നും ആർജ്ജിച്ചെടുക്കുന്ന ഭാഷയെ സൂക്ഷിക്കുകയും കുട്ടികൾക്ക് പകർന്നുകൊടുക്കുകയും ചെയ്യുകയല്ലാതെ ഭാഷയിൽ പുതിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നില്ലെന്നും അത് ചെയ്യുന്നത് പുരുഷന്മാരാണെന്നും ജെസ്പേർസൺ അഭിപ്രായപ്പെടുന്നു. സ്ത്രീ ഭാഷണം അപര്യാപ്തമാണെന്ന നിലപാടാണ് ലാക്കോഫും ഉയർത്തുന്നത്. സാമൂഹികമായി നിലനിൽക്കുന്ന അസമത്വങ്ങളാണ് സ്ത്രീഭാഷയെ നിർണയിക്കുന്നതും നിർമ്മിക്കുന്നതും അധികാരത്തെ നിഷേധിക്കുന്നതും. ലാക്കോഫിന്റെ നിരീക്ഷണങ്ങൾ പ്രധാനമായും അനൗപചാരിക സംഭാഷണങ്ങളില്ലൂടെയും സഹജാവബോധത്തിലൂടെയും ഉരുത്തിരിഞ്ഞതാണ്. സ്ത്രീ ഭാഷണത്തിലെ വിവിധ തലങ്ങളിൽ കാണുന്ന അപര്യാപ്തിയെ അല്ലെങ്കിൽ പോരായ്മയെ, ഡോൺ സിമ്മർമാനും കാന്റസ് വെസ്റ്റും (1975) നിരീക്ഷിക്കുന്നത് മറ്റൊരു തലത്തിലാണ്. പ്രയോഗസിദ്ധമായ സംഭാഷണങ്ങളാണ് (empirical conversations) ദത്തമായി സ്വീകരിക്കുന്നത്. ഭാഷണത്തിനിടയിൽ സംഭവിക്കുന്ന തടസ്സങ്ങളെയാണ് പ്രധാനമായി അവർ ഉയർത്തി കാട്ടുന്നത്. ഒരേ ലിംഗത്തിലുപരി, വ്യത്യസ്ത ലിംഗത്തിൽ ഉൾപ്പെടുന്നവരുടെ ഭാഷാവിനിമയത്തിലാണിത് പ്രകടം. മിക്കവാറും തടസ്സം സൃഷ്ടിക്കുന്നത് പുരുഷന്മാരാണ്. ലാക്കോഫിന്റെ വാദത്തിൽ നിന്നും ഭിന്നമാണിത്. അത് കേന്ദ്രീകരിച്ചത് സ്ത്രീകളുടെ പോരായ്മയിലല്ല, മറിച്ച് പുരുഷന്മാരുടെ അടിച്ചമർത്തി സംസാരിക്കുന്ന പെരുമാറ്റരീതിയിലാണ്. അത്തരം ഇടപെടൽ അല്ലെങ്കിൽ ആധിപത്യമനോഭാവം മൂലമുള്ള ഭാഷണതടസ്സം ഒരു വ്യക്തിയുടെ ഭാഷണസ്വാതന്ത്ര്യത്തിനു നേരെയുള്ള കടന്നുകയറ്റമാണ്. സ്ത്രീകൾക്കു മേൽ തടസ്സം സൃഷ്ടിക്കുമ്പോൾ സംഭാഷണത്തിലുള്ള പങ്കാളിയുടെ തുല്യപദവി നിരസിക്കുകയാണ്. ഇത് പോരായ്മാ സിദ്ധാന്തത്തിൽ നിന്നും മാറി **ആധിപത്യസിദ്ധാന്ത (dominance theory)** ത്തിലാണ് നിൽക്കുന്നത്. തദ്ദേശീയമായ

ഇടപെടലുകളിൽ കൂടുതൽ പങ്കാളികളാവുന്നത് പൊതുവെ, പുരുഷന്മാരായതു കൊണ്ട് തന്നെ ഉയർന്ന അധികാരപദവിയും അവർക്ക് ലഭ്യമാകുന്നു. വിവിധ തലങ്ങളിലെ അധികാര-ആധിപത്യ മനോഭാവം സ്ത്രീകളുമായുള്ള ഭാഷാവിനിമയ ത്തിലും പ്രകടിപ്പിക്കുന്നു. ഇതു സംബന്ധിച്ച കൂടുതൽ പഠനങ്ങൾ ഡോൺ സിമ്മർ മാനും കാന്റസ് വെസ്റ്റും പിന്നീട് നടത്തുന്നുണ്ട്. അതായത് ഭാഷയിലെ ലിംഗഭേദ പഠനം തുടർച്ച അവകാശപ്പെടുന്നുവെന്ന വസ്തുതയിലേക്കാണ് നീങ്ങുന്നത്.

അധികാരം അല്ലെങ്കിൽ ആധിപത്യം ദമ്പതിമാർക്കിടയിലെ സംഭാഷണ ത്തിൽ ഇടപെടുന്നതെങ്ങനെയെന്നതു സംബന്ധിച്ച് പമേല ഫിഷ്മാൻ (1983) കണ്ടെത്തുന്നത്, സ്ത്രീകൾ കൂടുതൽ സംഭാഷണ പിന്തുണ (conversational support) നൽകുന്നുണ്ടെന്നാണ്. പുരുഷൻ അവതരിപ്പിക്കുന്ന വിഷയത്തോട് സ്ത്രീകൾ പരിമിത വാക്കുകളിലൂടെ പ്രതികരിക്കുകയും (minimal responses) ( ഉദാ- ഉം, ശരി, അതെ തുടങ്ങിയ പദങ്ങൾ) പുരുഷഭാഷണത്തിനു വേണ്ട എല്ലാ പിന്തുണയും നൽകുകയും ചെയ്യുന്നു. അതായത് സംഭാഷണം നിലനിർത്തി കൊണ്ടു പോവാനുള്ള സ്ത്രീയുടെ സ്വഭാവ സവിശേഷതയായി പിന്തുണയെ കാണുന്നു. അതേസമയം അത് അധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അധികാരമെന്നത് ഓരോ ദിവസത്തെ ഇടപെടലുകളിലും സ്ഥിതി ചെയ്യുന്നു (swann, Joan: 2000). ഇത് ഭാഗികമായി ശരിവയ്ക്കുന്നത് സ്ത്രീ- പുരുഷ ആധിപത്യ ബന്ധം നിർമ്മിക്കപ്പെട്ടതും പരിപാലിച്ചു നിറുത്തുന്നുവെന്നതുമാണ്. ഇതു സംബന്ധിച്ച ഒരു ബദൽ വിശദീകരണമാണ് ഡാനിയേൽ മാൾട്സും റൂത്ത് ബോർക്കറും ( Daniel, Ruth: 1982)നൽകുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ലിംഗപരമായ വ്യത്യസ്ത ഉപ സംസ്കാരങ്ങളുണ്ട് (Gender subcultures). ഈ സാംസ്കാരിക വ്യത്യാസത്തെ (cultural difference) പിന്നീട് വികസിപ്പിച്ചെടുക്കുന്നത് യു.എസ് ഭാഷാശാസ്ത്രജ്ഞ യായ ഡെബോറ ടാന്നെൻ (Deborah Tannen) ആണ്. 'You Just Don't understand : Women and Men in Conversation' (1990) എന്ന കൃതിയിലൂടെ അവർ വാദിക്കുന്നത്,

“സ്ത്രീകൾ  ഒരു ഭാഷ സംസാരിക്കുന്നതും കേൾക്കുന്നതും അടുപ്പത്തിന്റേയും ബന്ധത്തിന്റേയും അടിസ്ഥാനത്തിലാണെങ്കിൽ പുരുഷന്മാർ പദവിയും സ്വാതന്ത്ര്യവും നോക്കുന്നു” (2000: 228). ഈ വ്യത്യാസം മനസ്സിലാക്കുകയാണെങ്കിൽ ആരാണ് നന്നായി  ആശയവിനിമയം നടത്തുന്നതെന്നറിയാൻ കഴിയുന്നു. ഉദാഹരണത്തിന്  ആശയ പിന്തുണയോ  ഐക്യമോ നൽകുന്ന വിധത്തിൽ ഭാഷണത്തിനിടയിലുള്ള സ്ത്രീകളുടെ ഇടപെടലുകൾ പുരുഷന്മാർക്ക് ചിലപ്പോ തടസ്സമായേക്കാം, മറ്റൊരു വശം നോക്കുകയാണെങ്കിൽ, സംഭാഷണവിഷയം മാറ്റാൻ ശ്രമിക്കുന്ന പുരുഷന്മാരോട് സ്ത്രീകൾക്കും വിരോധം തോന്നാം.

സാംസ്കാരിക വ്യതിരിക്തതകൾ (cultural differences) സ്ത്രീ പുരുഷ ഭാഷയ്ക്കകത്ത് പ്രവർത്തിക്കുന്നത് സംബന്ധിച്ച്  പഠനം നടത്തിയവരിൽ ഒരാളാണ് ബ്രിട്ടീഷ് ഭാഷാശാസ്ത്രജ്ഞയായ ജെന്നിഫർ കോട്ട്സ് (Jennifer Coates: 1988). ഡെബറോവിൽ നിന്നും വ്യത്യസ്തമായ സമീപനമാണ് ജെന്നിഫർ സ്വീകരിച്ചത്. പുരുഷാധിപത്യത്തിന്റേയും അധികാരത്തിന്റേയും ഉയർച്ച സ്ത്രീ ഭാഷണശൈലിക്ക് മോശം കാഴ്ചപ്പാട് നൽകുകയും ഇതവരുടെ ഭാഷണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. തീർത്തും സ്ത്രീപക്ഷ സൈദ്ധാന്തിക തലത്തിലൂടെയാണ് കോട്സ് വീക്ഷിക്കുന്നത്. സ്ത്രീ ഭാഷണത്തെ പുനഃപരിശോധിക്കുകയായിരുന്നു പ്രധാനലക്ഷ്യം. സ്ത്രീഭാഷയെ സംബന്ധിച്ച ആദ്യകാല പഠനങ്ങളെല്ലാം അടയാളപ്പെടുത്തിയത് സ്ത്രീഭാഷയിലെ നിഷ്ക്രിയത്വത്തെയോ ബലഹീനതയെയോ അണ്.  അതിൽ നിന്നു ഭിന്നമായി സഹകരണസ്വഭാവമാണ് സ്ത്രീഭാഷണത്തിലെന്ന് സ്പഷ്ടമായി സ്ഥാപിച്ചെടുക്കാൻ കോട്സ് ശ്രമിക്കുന്നു. കോട്സ് സ്ത്രീകളുടെ അനൌപചാരിക സംഭാഷണങ്ങളാണ് പഠനത്തിനായി ആദ്യം തെരെഞ്ഞെടുത്തത്. പിന്നീട് അതേ രീതിയിലുള്ള പുരുഷ ഭാഷണവും വിശകലനം ചെയ്യുകയും സ്ത്രീഭാഷ വളരെ ഉയർന്നിരിക്കുന്നുവെന്ന നിഗമനത്തിലെത്തി ചേരുകയും ചെയ്യുന്നു. സ്ത്രീഭാഷയുടെ പ്രത്യേകതയായ സഹകരണസ്വഭാവം സംഭാഷണത്തിലേർപ്പെടുന്നവർക്കെല്ലാം

ഇടപെടാനുള്ള പിന്തുണയായാണ് അവർ കാണുന്നത്. ലാക്കോഫ് തുടങ്ങി വയ്ക്കുന്ന നിരീക്ഷണങ്ങളെ വ്യത്യസ്തവഴികളിലൂടെ വിശാലമായി ചിന്തിപ്പിക്കുവാനും ഭാഷണ പ്രക്രിയയുടെ വിവിധ തലങ്ങളിൽ കാണുന്ന ലിംഗവ്യതിരിക്തതയെ പുനരാ ലോചനയ്ക്ക് വിധേയമാക്കുവാനും സ്ത്രീപക്ഷ ഭാഷാശാസ്ത്രജ്ഞർ ശ്രമിക്കുകയുണ്ടായി. അതെല്ലാം 'ഭാഷയും ലിംഗപദവിയും' എന്ന പഠനശാഖയുടെ വികാസത്തെ ബലപ്പെടുത്തുന്നതിൽ നിർണായകമായിതീർന്നു.

### 1.7.2. ഭിന്നതാ സിദ്ധാന്തവും സാമൂഹിക നിർമ്മിതി സിദ്ധാന്തവും (Difference and social constructivist theory)

പോരായ്മ–ആധിപത്യ സിദ്ധാന്തത്തിന്റെ ചുവടുപിടിച്ച് കൊണ്ടാണ് ഭിന്നതാ സിദ്ധാന്തവും പ്രചരിച്ചത്. സാമൂഹ്യവത്കരണത്തിന്റെ ഭാഗമായി സ്ത്രീ- പുരുഷ ജൈവികവ്യത്യാസവും സാമൂഹ്യപദവി, സാമൂഹ്യ അധികാരം എന്നിവയിൽ സ്ത്രീ - പുരുഷന്മാരിൽ കാണുന്ന വ്യത്യാസങ്ങളെയുമാണ് ഈ സിദ്ധാന്തത്തിന്റെ പരികല്പനയായി കാണുന്നത്. ജീവശാസ്ത്രപരമായ ഘടകങ്ങൾക്കുപരിയായി സാമൂഹ്യപരമായ വ്യത്യാസങ്ങളാണ് ഭിന്നതാസിദ്ധാന്തത്തിന്റെയും പ്രമേയം. ഡെബോറാ ടാന്നനെ പോലുള്ളവർ സൂചിപ്പിക്കുന്ന സാമൂഹിക സാംസ്കാരിക വ്യതിരിക്തതകളെല്ലാം ഇതിൽപ്പെടുന്നു. സാമൂഹികമായ അധികാരം സാമൂഹിക ഇടപെടലുകളിൽ പുരുഷന് പൂർണസ്വാതന്ത്ര്യവും അധികാരവും നൽകുമ്പോൾ സ്ത്രീകളിൽ പലവിധ വിലക്കുകളും വിധേയത്വവുമായാണ് പ്രവർത്തിക്കുന്നത്. ഇത്തരം വ്യത്യാസങ്ങൾ സ്ത്രീഭാഷയുടെ സ്വഭാവനിർണയത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നു (M. M. Abbas: 2010, 4–5). സമൂഹാധികാരവും പുരുഷാധിപത്യവും പുരുഷ ഭാഷയ്ക്ക് വസ്തുനിഷ്ഠമായ ഘടന നൽകുന്നു, അതിൽ നിന്നുള്ള വ്യത്യാസങ്ങൾ സ്ത്രീ ഭാഷകളിൽ സഹകരണ–വിധേയത്വം നൽകുന്നു. ക്രോസ് –കൾച്ചറൽ ആശയ വിനിമയത്തിലെ വ്യത്യാസങ്ങൾ പരിശോധിച്ച ജോൺ ഗുമ്പർസിന്റെ പഠനങ്ങളി ലെല്ലാം ഭിന്നതാസിദ്ധാന്തത്തിന്റെ വേരുകൾ കാണാം . ഭിന്നതാ സിദ്ധാന്തം

ക്രോസ്– ജെന്റർ വിനിമയവുമായി ബന്ധപ്പെട്ടതാണെങ്കിലും സ്ത്രീ– പുരുഷ ഭിന്നത രണ്ട് വ്യത്യസ്ത സംസ്കാരങ്ങളായി അവതരിപ്പിക്കുന്നതിനാൽ ഗുമ്പർസിന്റെ പഠനത്തെ തുടക്കമായി കാണാമെന്ന് ഡെബൊറാ ടാന്നനും മാൾട്സ് റൂത്ത് ബോർക്കറും അഭിപ്രായപ്പെടുന്നു.

സാമൂഹിക സ്വത്വനിർമ്മിതിയിൽ ഭാഷ വഹിക്കുന്ന സ്വാധീനത്തെ സംബന്ധിക്കുന്നതാണ് സാമൂഹ്യനിർമ്മിതി സിദ്ധാന്തം. പോരായ്മ– ആധിപത്യ സിദ്ധാന്തത്തിന്റെയും ഭിന്നതാസിദ്ധാന്തത്തിന്റെയും ന്യൂനതകൾ പരിഹരിച്ചാണ് ഈ സിദ്ധാന്തം പ്രയോഗിക്കുന്നത്. സാമൂഹികമായ നില, പദവി തുടങ്ങിയ അധികാരവ്യവസ്ഥകൾക്ക വേണ്ടി ഭാഷയിൽ പ്രകടമാക്കുന്ന പ്രയോഗഭേദങ്ങളെയാണ് ഇവിടെ അടയാളപ്പെടുത്തുന്നത്. സമൂഹത്തിലെ ഓരോ വ്യക്തികളും ഭാഷാസ്വത്വനിർമ്മിതിയുമായി ബന്ധപ്പെട്ട് പ്രയോഗിക്കുന്ന ഭാഷ, ഭാഷണ ഭേദങ്ങൾ, സവിശേഷപ്രയോഗം എന്നിവയിൽ പ്രകടിപ്പിക്കുന്ന ശ്രദ്ധ തുടങ്ങിയവയെല്ലാം ഈ സിദ്ധാന്തത്തിന്റെ പ്രമേയവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

### 1.8. ഫെമിനിസവും ഭാഷയും – മലയാള സന്ദർഭത്തിൽ

ആണധികാര പ്രത്യയശാസ്ത്ര മൂല്യങ്ങൾ പ്രവർത്തിക്കുന്ന ഏതുമേഖലയിലും നിലനിൽക്കുന്ന ലിംഗപരമായ വേർതിരിവുകളെ ചൂണ്ടികാണിക്കുവാനും അതിനെതിരെ വിമർശനമുന്നയിക്കാനും സ്ത്രീപക്ഷചിന്തകർ വിവിധകാലങ്ങളിലായി ശ്രമിച്ചിട്ടുണ്ട്. കാരണം ലിംഗപരമായ സ്വത്വാന്വേഷണമാണ് ഫെമിനിസത്തിന്റെ കാതലായ വിഷയങ്ങളിലൊന്ന്. ജീവശാസ്ത്രപരമായ ഉത്ഭവത്തിനപ്പുറം സാമൂഹികമായി കൽപ്പിക്കപ്പെടുന്ന ലിംഗവ്യവസ്ഥയെയാണിവിടെ ചോദ്യം ചെയ്യപ്പെട്ടുന്നത്. അതായത് ഒരു വ്യക്തി ജൈവശാസ്ത്രപരമായ ലിംഗസ്വഭാവത്തിന്റെ പശ്ചാത്തലത്തിൽ ആർജ്ജിച്ചെടുക്കുന്ന സ്വത്വസങ്കൽപ്പമുണ്ട്. “വളർച്ചയുടെ വിവിധ തലങ്ങൾ ഈ സ്വത്വസങ്കൽപ്പത്തെ സ്വാധീനിക്കുന്നു. കുടുംബത്തിലെ

ശിക്ഷണരീതികളിൽ പ്രകടമാകുന്ന ലിംഗഭേദം,സമൂഹം ഓർമ്മിപ്പിക്കുന്ന ലിംഗഭേദം, ഭാഷയിലൂടെ ആവിഷ്കൃതമാകുന്ന ലിംഗഭേദങ്ങൾ എന്നിവ ലിംഗപരമായ ഒരു സ്വത്വം വ്യക്തിയിൽ സ്ഥാപിക്കപ്പെടുന്നു" (ഐറിസ്. 2000: പുറം– 92). ഇവ അടിസ്ഥാനപരമായി പ്രയോഗിക്കപ്പെടുന്നത് ഭാഷയിലൂടെയാണ്. ഈയൊരു തിരിച്ചറിവിന്റെ കൂടി സാന്നിധ്യത്തിലാണ് സ്ത്രീപക്ഷചിന്തകർ ഭാഷയും ലിംഗ പദവിയും തമ്മിലുള്ള പഠനത്തിന് പ്രാധാന്യം നൽകുന്നത്. അതിന്റെ ഭാഗമായി ഭാഷാപ്രയോഗത്തിന്റെ വിവിധ തലങ്ങളിൽ നിലനിൽക്കുന്ന ലിംഗസ്വഭാവത്തെ അപഗ്രഥിക്കുകയുണ്ടായി. ആഗോളവ്യാപകമായി ഉടലെടുത്ത ലിംഗപദവി പഠനങ്ങൾ മലയാള ഭാഷയിലെത്രത്തോളം സ്വാധീനമുളവാക്കി, അല്ലെങ്കിൽ ലിംഗപദവിസംബന്ധപഠനങ്ങളുടെ മലയാളസന്ദർഭത്തെ വിശകലനം ചെയ്യുകയാണിവിടെ.

സ്ത്രീപക്ഷചിന്താപരിസരത്തിലൂന്നിയ ധാരാളം പഠനങ്ങൾ മലയാളത്തിലും ഉണ്ടായിട്ടുണ്ട്. 'ഫെമിനിസം' എന്ന ചിന്താധാരയെ പരിചയപ്പെടുത്തുന്നതോ, അത്തരം ചിന്താപദ്ധതിയിലൂന്നി വിവിധ വ്യവഹാരങ്ങളിൽ നിലനിൽക്കുന്ന ലിംഗ പ്രതിനിധാനത്തെ വിശകലനം ചെയ്യുന്നതോ ആയ പഠനങ്ങളാണവ. വിവിധ തലങ്ങളിലായി ചിതറികിടക്കുന്ന അത്തരം പഠനങ്ങളെ ഇവിടെ പരാമർശി ക്കുന്നില്ല. പ്രധാനമായും സ്ത്രീപക്ഷ സമീപനത്തിലൂന്നികൊണ്ടുള്ള ഭാഷയും ലിംഗപദവിയും തമ്മിൽ ബന്ധം പുലർത്തുന്ന പഠനങ്ങളെയാണ് അടയാള പ്പെടുത്തുന്നത്. ലിംഗപരമായ ഇടപെടലുകൾ പ്രത്യക്ഷമോ പരോക്ഷമോ ആയി ഭാഷയുടെ വിവിധ മേഖലകളിൽ ഇടപെടുന്നുണ്ടെന്ന വസ്തുത തിരിച്ചറിയ പ്പെട്ടതിന്റെ ഭാഗമായി സ്ത്രീപക്ഷചിന്തകർ ഭാഷയെ സസൂക്ഷ്മം നിരീക്ഷിക്കുകയും ഭാഷ പുരുഷാധിപത്യപരമാണെന്ന പരികല്പനകൾ ഉന്നയിക്കുകയും ചെയ്തു. പ്രാരംഭ ഘട്ടത്തിൽ സാഹിത്യത്തിനകത്തെ ഭാഷാപ്രയോഗത്തെപറ്റിയാണ് മലയാള ത്തിൽ പ്രധാനമായും പഠനം നടന്നത്. 90– കളിൽ അരങ്ങേറിയ 'പെണ്ണെഴുത്ത്'

എന്ന സംജ്ഞയുടേയും തുടർന്നുനടന്ന സംവാദങ്ങളുമെല്ലാം ഭാഷാകേന്ദ്രിതം കൂടിയായിരുന്നു. സ്ത്രീകൾക്ക് അവരുടെ അനുഭവങ്ങളെ സർഗാത്മകമായി ആവിഷ്കരിക്കണമെങ്കിൽ നിലനിൽക്കുന്ന ഭാഷയെ പുതുക്കിപണിയേണ്ടതുണ്ടെന്ന ചില വാദങ്ങൾ അരങ്ങേറുകയുണ്ടായി. 'സ്വന്തമായൊരു മുറി' (the rooms of one's own) എന്ന കൃതിയിലൂടെ വെർജീനിയ വൂൾഫ് (Virginia Woolf: 1929) എന്ന സ്ത്രീപക്ഷചിന്തക ഉയർത്തുന്ന വാക്യഘടനാസംബന്ധ കാഴ്ചപ്പാടുകളെ ആധാരമാക്കിയാണ് തദ്ദേശീയഎഴുത്തുകാരിലും ഭാഷാപരമായ നിരീക്ഷണങ്ങൾ ഉടലെടുത്തത്.

സാറാജോസഫ്, കെ. ആർ. മീര തുടങ്ങിയ സ്ത്രീപക്ഷ എഴുത്തുകാർ പദതലത്തിൽ ചില പരീക്ഷണങ്ങൾക്ക് മുതിരുകയും അത്തരം ശ്രമങ്ങളിലൂന്നിയ രചനകളിലേക്ക് നീങ്ങുകയും ചെയ്തു. അത്തരം ഭാഷാശ്രമങ്ങളെ അനുകൂലിച്ചും പ്രതികൂലിച്ചും സ്ത്രീപക്ഷ എഴുത്തുകാർ സംവാദത്തിൽ ഏർപ്പെടുകയുണ്ടായി (ജയകൃഷ്ണൻ, എൻ (എഡി): 2011,). ചില പരമ്പരാഗത സങ്കല്പനങ്ങളെ (കന്യക, പതിവ്രത, വേശ്യ) സംബന്ധിച്ചുള്ള വിവരണങ്ങളിൽ ഒതുങ്ങിപ്പോവുകയായിരുന്നു അത്തരം ശ്രമങ്ങളെല്ലാം. അതേ സമയം  സാമൂഹ്യപ്രവർത്തകയും സ്ത്രീപക്ഷ ചിന്തകയുമായ ജെ. ദേവികയുടെ ലിംഗപദവി സംബന്ധിച്ചുള്ള നിലപാടുകളിൽ ഭാഷാപരമായ വിപ്ലവവും ഉൾച്ചേർന്നതായി കാണാം. അവരുടെ പ്രധാന പഠനങ്ങളായ 'കുലസ്ത്രീയും ചന്തപെണ്ണും ഉണ്ടായതെങ്ങനെ?'(2013), 'അകമെ പൊട്ടിയ കെട്ടുകൾക്കപ്പുറം' (2015) , 'പെണ്ണൊരുമ്പെട്ടാൽ ലോകം മാറുന്നു' (2017) എന്നീ കൃതികളിലെല്ലാം വിവിധമേഖലകളിൽ ഉള്ള ലിംഗപദവി നിർമ്മിതിയുടെ ചരിത്രപരവും സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകളെ വിമർശനാത്മകമായി വിലയിരുത്തുന്നുണ്ട്. അതോടൊപ്പം ഉപയോഗിക്കുന്ന ഭാഷയിലും സ്ത്രീ പക്ഷത്തുനിൽക്കുന്ന സമീപനം കൊണ്ടു വരുന്നുണ്ട്. ചില പദങ്ങളുടെ പ്രത്യയ ശാസ്ത്രത്തെ അപനിർമ്മിച്ച് അതിലടങ്ങിയിരിക്കുന്ന അധികാരമനോഭാവത്തെ

തുറന്നുകാട്ടാനും ശ്രമിക്കുന്നുണ്ട്. 'വരവില' എന്ന ആശയത്തേയും അതിലട ങ്ങിയിരിക്കുന്ന ലിംഗബോധത്തെയും പൊതുവത്കരിക്കാനും 'കുലസ്ത്രീ', 'ചന്തപ്പെണ്ണ്' എന്നീ പദതലത്തിലെ പുരുഷാധിപത്യമനോഭാവത്തെ വെളിപ്പെടുത്താനുമുള്ള ശ്രമങ്ങൾ ദേവിക നടത്തുന്നുണ്ട്. അതുവഴി സ്ത്രീപക്ഷസ്വഭാവമുള്ള ഭാഷാവിനിമയ ത്തിനും ശ്രമിക്കുന്നതായി കാണാം. പൂർണമായും ഭാഷാകേന്ദ്രിതമായ ലിംഗപദവിപഠനങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. 'ഭാഷയും ഫെമിനിസവും' എന്ന ലേഖനത്തിലൂടെ ഐറിസ് (2000), 'സ്ത്രീ, ലൈംഗികത, മാർക്സിസം' എന്ന കൃതിയിലൂടെ പി. സോമൻ (2009) എന്നിവർ നടത്തുന്ന നിരീക്ഷണവുമെല്ലാം ചില അടയാളപ്പെടുത്തലുകൾ മാത്രമാണ്.

### 1.8.1. ഭാഷാശാസ്ത്രതലത്തിൽ

ലിംഗപദവിയുംഭാഷയും ശാസ്ത്രീയമായി പഠിക്കപ്പെടുന്നത് സാമൂഹ്യഭാഷാ ശാസ്ത്രതലത്തിലാണ്. സാമൂഹ്യഭാഷാശാസ്ത്ര രീതിശാസ്ത്രമനുസരിച്ച് മലയാള സന്ദർഭത്തിൽ ഉണ്ടായ പഠനങ്ങളും ചില അടയാളപ്പെടുത്തലുകൾ മാത്രമാണ്. ഭാഷയും ലിംഗപദവിയും ദ്രാവിഡഗോത്രത്തിൽ എങ്ങനെയെന്നതു സംബന്ധിച്ച് എസ്. പ്രേമ (2005, 2010) നടത്തിയ പഠനങ്ങളിൽ മലയാളത്തിന്റെ സ്വഭാവത്തെ പറ്റിയും ചില നിരീക്ഷണങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. ലിംഗഭേദം ഭാഷയിൽ നില നിൽക്കുന്നു എന്നതിനപ്പുറം ലിംഗപക്ഷഭേദമില്ലാത്ത ഭാഷയുടെ ഉപയോഗത്തിനാ വശ്യമായ ചില മാതൃകകളെ കൊണ്ടുവരാനും അവർ ശ്രമിക്കുന്നു. ആഗോളമാതൃക യിലൂന്നിയ അത്തരം മാതൃകകൾക്കു പകരം മലയാള സന്ദർഭത്തിൽ നിന്നുകൊണ്ട് പരീക്ഷിക്കാനാവുന്നില്ല എന്നത് ആ പഠനങ്ങളുടെ പരിമിതിയാണ്. അതേസമയം ഭാഷയിലെ ലിംഗഭേദത്തെ തുറന്നുകാട്ടാൻ കഴിയുന്നുവെന്ന തരത്തിൽ പ്രേമയുടെ പഠനവും ശ്രദ്ധേയമാണ്.

ഭാഷയിലെ സ്ത്രീ– പുരുഷ ഭേദം എന്നതുകൊണ്ട് സൂചിതമാകുന്നത് പ്രധാന മായും നാമവർഗങ്ങളിലെ ലിംഗഭേദം ആണ്. അതൊരു പരമ്പരാഗത ചിന്തയാ ണെന്നും അതിലുപരിയായി ഭാഷയിലെ ലിംഗഭേദം കേവലം ഭാഷാപരമോ വ്യാകരണികമോ മാത്രമല്ലെന്ന ആധുനികവാദത്തെ തിരിച്ചറിയുകയും അതിൽ സാമൂഹികമായ ഘടകങ്ങളുടെ സ്വാധീനത്തെ തുറന്നു കാട്ടുവാനും പാർവ്വതി. എസ്. നായർ (2010) ശ്രമിക്കുന്നുണ്ട്. 'മലയാള ഭാഷയിലെ സ്ത്രീ– പുരുഷ ഭേദം' എന്ന ലേഖനത്തിലൂടെ മലയാള ഭാഷയിൽ ലിംഗവിവേചനം പ്രകടമാണെന്നും ഭാഷണശീലം, സാമൂഹ്യനില എന്നീ ഘടകങ്ങൾ ലിംഗവിവേചനം നിർമ്മിക്കു ന്നതിലും പരിപാലിക്കുന്നതിലും സുപ്രധാന പങ്കു വഹിക്കുന്നതായും നിരീക്ഷി ച്ചറിയുന്നു. അത് ഒരേസമയം ഭാഷാപരവും ഭാഷേതര യാഥാർഥ്യങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. അവ ഓരോന്നും സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോഴാണ് ഭാഷയിലെ ലിംഗവിവേചനത്തിന്റെ ആഴവും പരപ്പും കൃത്യമായി രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും പാർവ്വതി വിശദീകരിക്കുന്നു. മലയാള ഭാഷയിലെ ലിംഗ ഭേദത്തെ സാമൂഹ്യഭാഷാശാസ്ത്ര സമീപനത്തിൽ ഊന്നി നിരീക്ഷിക്കുവാനും അതുവഴി ലിംഗവിവേചനം പ്രകടമാണെന്നു വെളിപ്പെടുത്താനും കഴിയുന്നു എന്ന നിലയിൽ പ്രസക്തമാണ് പാർവതിയുടെ നിരീക്ഷണങ്ങൾ.

**1.9. അധ്യായസംഗ്രഹം**

ഭാഷയെ നിർമ്മിക്കുന്നത് സമൂഹമാണെന്നും സമൂഹത്തെ നിർണ യിക്കുന്നത് ഭാഷയാണെന്നുമുള്ള കാഴ്ചപ്പാടാണ് സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ അടിത്തറ. ആധുനിക ഭാഷാശാസ്ത്രത്തിന്റെ പ്രാരംഭഘട്ടം പ്രാമുഖ്യം നൽകിയ ഘടനാത്മക സമീപനത്തിൽ നിന്നും ഭിന്നമായി ഭാഷകരുടെ സാമൂഹ്യ പശ്ചാത്തലത്തിനും ഘടകങ്ങൾക്കുമൊക്കെ പ്രാധാന്യം നൽകി കൊണ്ടുള്ള തായിരുന്നു സാമൂഹ്യഭാഷാശാസ്ത്രപഠനങ്ങൾ. പഠനവിശകലനത്തിനായി സാമൂഹ്യ ചരങ്ങളെയാണ് ആധാരമാക്കിയിരുന്നത്. അതിൽപ്പെട്ട ഒരു ചരമാണ് ലിംഗം.

ലിംഗമെന്ന ചരവും ഭാഷണപ്രക്രിയയിൽ ഇടപെടുന്നുവെന്നത് ആദ്യം അവതരിപ്പിക്കുന്നത് സാമൂഹ്യഭാഷാശാസ്ത്രജ്ഞനായ വില്യംലബോവ് ആണ്. സാമൂഹ്യചരമെന്ന രീതിയിലുള്ള ലിംഗപരിവർത്തനം ഭാഷാശാസ്ത്രമേഖലയിൽ പുതിയ പഠനത്തിന് വഴി തെളിയിച്ചു. റോബിൻ ലക്കോഫിന്റെ സ്ത്രീ- പുരുഷ ഭാഷയെ സംബന്ധിച്ച നിരീക്ഷണങ്ങൾ ഭാഷയും ലിംഗപദവിയും തമ്മിലുള്ള പഠനങ്ങൾക്ക് പുതിയ മാനം നൽകി. അതേ തുടർന്ന് നിരവധി പഠനങ്ങൾ ഉടലെടുത്തു. സ്ത്രീപക്ഷ ചിന്താപദ്ധതിയുടെ ആശയതലങ്ങളും അത്തരം പഠനങ്ങളിലേക്ക് വ്യാപിച്ചു. അവയെല്ലാം 'ലിംഗപദവിയും ഭാഷയും' എന്ന പഠനമേഖലയ്ക്ക് സൈദ്ധാന്തിക അടിത്തറ ഒരുക്കി. സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ ഭാഗമെന്ന നിലയിൽ രൂപം കൊണ്ട ഭാഷയുംലിംഗപദവിയും ഭാഷയിലെ ലിംഗവ്യതിരിക്തതയെ വിശാലാർഥത്തിൽ കേരള സന്ദർഭത്തിൽ പഠിക്കപ്പെട്ടില്ല. ആഗോളീയതലത്തിൽ നടന്ന പഠനങ്ങൾ പോലും ചില പരിമിതികളെ ഉൾക്കൊള്ളുന്നു. ഇത്തരം പരിമിതികളെ തരണം ചെയ്യുന്നത് ഫെമിനിസ്റ്റ് ഭാഷാശാസ്ത്ര രീതിശാസ്ത്രത്തിലൂടെയാണ്.

# അധ്യായം- രണ്ട്

# നിഘണ്ടുനിർമ്മാണശാസ്ത്രവും നിഘണ്ടുവിജ്ഞാനീയവും: സ്ത്രീപക്ഷ സമീപനത്തിൽ

## 2.0. ആമുഖം

പദങ്ങളെ ക്രമീകരിച്ചടുക്കി അർഥവും മറ്റു ഭാഷാസവിശേഷതകളും അടയാളപ്പെടുത്തിവയ്ക്കുന്ന അടിസ്ഥാനസ്രോതസ്സാണ് നിഘണ്ടുക്കൾ. ഭാഷാശാസ്ത്രതലത്തിൽ നിഘണ്ടുക്കളുടെ സ്ഥാനം നിർണായകമാണ്. നിഘണ്ടുവുമായി ബന്ധപ്പെട്ട പഠനമേഖലകളാണ് നിഘണ്ടുനിർമ്മാണശാസ്ത്രവും (Lexicography) നിഘണ്ടുവിജ്ഞാനീയവും (Lexicology). സാങ്കേതികതയുടെ ആവിർഭാവം നിഘണ്ടുക്കളിലും പ്രകടമാണ്. നിലവിൽ കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുക്കൾവരെ എത്തിനിൽക്കുന്നു. നിഘണ്ടുക്കളുടെ ചരിത്രപരമായ ഉത്ഭവവികാസത്തെയും ഭാഷാപഠനമേഖലയിലെ പ്രസക്തിയെയും വിവരിച്ചു കൊണ്ട് നിഘണ്ടുക്കളുടെ സാമൂഹ്യ, സാംസ്കാരിക, ഭാഷാശാസ്ത്രതലത്തിലുള്ള സ്ഥാനത്തെ വിലയിരുത്തുന്നു. അതോടൊപ്പം ലിംഗപദവിയുമായി ബന്ധപ്പെടുത്തി മലയാള സന്ദർഭത്തിൽ നിന്നുകൊണ്ട് നിഘണ്ടുനിർമ്മാണ, വിജ്ഞാന ശാഖയെ വിമർശനാത്മകമായി സമീപിക്കുകയും സ്ത്രീപക്ഷ നിഘണ്ടുനിർമ്മാണശാസ്ത്രം (ഫെമിനിസ്റ്റ് ലക്സിക്കോഗ്രഫി) എന്ന ആശയത്തെ പരിചയപ്പെടുത്തുകയും വിശകലനം ചെയ്യുകയുമാണ് ഈ അധ്യായത്തിൽ പ്രധാനമായും ചെയ്യുന്നത്.

## 2.1. നിഘണ്ടു- സമീപനം

ഭാഷയിൽ പ്രയോഗത്തിലുള്ളതോ ഉണ്ടായിരുന്നതോ ആയ പദങ്ങളെ ക്രമീകരിച്ച് അകാരാദിയിൽ അടുക്കി അർഥം, ഉച്ചാരണം, നിരുക്തി മുതലായ ഭാഷാസവിശേഷതകൾ അടയാളപ്പെടുത്തി വയ്ക്കുന്ന അടിസ്ഥാന സ്രോതസ്സാണ് നിഘണ്ടുക്കൾ എന്നു സാമാന്യമായി പറയാം. നിഘണ്ടുക്കളുടെ പൊതുധർമ്മത്തെ ആധാരമാക്കിയാണ് ഈ വിവരണം നൽകുന്നത്. നിഘണ്ടുസംബന്ധമായി

ഇന്നോളം വന്ന വിവരണങ്ങളെല്ലാം ഈ ഒരാശയത്തെ ഉൾക്കൊണ്ടു തന്നെയാണ്. വെണ്ണിയൂർ (1966), ചെമ്മനംചാക്കോ (1966), സോമശേഖരൻനായർ, പി. (1982), ബാലകൃഷ്ണൻ, ബി. സി. (1984), ശൂരനാട്ട് കുഞ്ഞൻപിള്ള (1984), വെള്ളായണി അർജ്ജുനൻ (1984), ഓമന, പി. വി. (1990), വാസുദേവഭട്ടതിരി, സി. വി. (1993), പ്രബോധചന്ദ്രൻ, വി. ആർ. (2012), മാർക്കോസ് (2006) എന്നിവർ മലയാളത്തിൽ നിഘണ്ടുവിനെ വിവരിക്കാൻ ശ്രമിച്ചവരാണ്. "ഭാഷയിലുള്ള പദങ്ങൾ അകാരാദിക്രമത്തിൽ അടുക്കി, അവയ്ക്ക് അർഥമോ വിശദീകരണമോ നൽകുന്ന പുസ്തകമാണ് നിഘണ്ടു"വെന്ന് സോമശേഖരൻനായരും "പദങ്ങൾ നിയതമായ ക്രമത്തിൽ അടുക്കി അർഥം പറയുന്ന ഗ്രന്ഥമാണ് നിഘണ്ടു" വെന്ന് ബാലകൃഷ്ണൻ, ബി. സി യും രേഖപ്പെടുത്തുന്നു. "അക്ഷരമാല ക്രമത്തിൽ ഒരു ഭാഷയിലെ പദങ്ങളെ അടുക്കി അർഥവിവരണം നൽകുന്നതാണ് ആധുനിക നിഘണ്ടുക്കളുടെ രീതി" യെന്ന് ശൂരനാട്ട് കുഞ്ഞൻപിള്ളയും (1984: 64), "ഒരു ഭാഷയിലേയോ വിഷയത്തിലേയോ പദങ്ങൾ നിശ്ചിത ക്രമത്തിൽ ഒരു സവിശേഷലക്ഷ്യത്തോടെ ക്രോഡീകരിച്ച ഗ്രന്ഥമാണ് നിഘണ്ടു" എന്ന് വാസുദേവഭട്ടതിരിയും (1993: 33) വിവരിക്കുന്നു. മേൽസൂചിപ്പിച്ച സമീപനങ്ങൾ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നത് പദം, അർഥം, എന്നിവയെ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിലയിരുത്തലിന് പ്രാധാന്യം നൽകിയിരിക്കുന്നുവെന്നാണ്. നിഘണ്ടുക്കളുടെ പ്രാഥമികധർമ്മം എന്ന നിലയിലാണ് പദ- അർഥ വിശദീകരണം വരുന്നത്. അതായത് നിഘണ്ടുവിന്റെ മുഖ്യധർമ്മത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ള സമീപനത്തിനാണ് ആദ്യകാലപഠിതാക്കളെല്ലാം ശ്രമിച്ചിട്ടുള്ളത്.

നിഘണ്ടുവിന്റെ അടിസ്ഥാനധർമ്മത്തിന്റേയും പ്രയോജനത്തിന്റേയും തലത്തിൽ നിന്നുകൊണ്ടാണ് പ്രബോധചന്ദ്രൻ. വി. ആർ സമീപിക്കുന്നത്. അതായത്, "ഭാഷയെക്കുറിച്ചുള്ള പ്രാമാണിക വിവരങ്ങൾ ഉള്ളടങ്ങിയതും സാധാരണക്കാർ പോലും വാങ്ങിസൂക്ഷിച്ചു വയ്ക്കാമെന്നു കരുതാറുള്ളതുമായ ഏക റഫറൻസ് പുസ്തകമാണ് നിഘണ്ടു " (2012: 535-536). മേൽ സൂചിപ്പിച്ചവയിൽ

നിന്നും വ്യത്യസ്തമായ സമീപനമാണ് മാർക്കോസ് (2006) നൽകുന്നത്. "ഒരു ഭാഷകന്റെ ഉള്ളിലുള്ള പദബോധമാണ് അയാളുടെ നിഘണ്ടുവെന്ന് സാമാന്യമായി പറയാം. ഭാഷയെ സംബന്ധിച്ച് പറയുമ്പോൾ, ഒരു ആദർശക ഭാഷക/ശ്രോതാവിന്റെ ഉള്ളിലുള്ള പദബോധമാണ് ആ ഭാഷയുടെ നിഘണ്ടു. ഭാഷയിൽ നിലനിന്നിരുന്നതോ നിലനിൽക്കുന്നതോ ആയ ശബ്ദങ്ങളും അവയുടെ അർഥസാധ്യതകളും ഉൾപ്പെടുന്നതാണ് അവിടെ നിഘണ്ടു"(2006: 60). വ്യക്തിബോധത്തിലൂന്നി, നിഘണ്ടുവിനെ ധൈഷണികതലവുമായി ബന്ധിപ്പിച്ചു കൊണ്ടു പറയാനാണ് മാർക്കോസ് ശ്രമിക്കുന്നത്. വ്യക്തിബോധത്തിനപ്പുറം സാമൂഹികബോധവുമായി ചേർത്തുവച്ചാണ് ദീപ മേരി ജോസഫ് (2016) കാണുന്നത്. "പദം– അർഥം എന്നിവയുടെ സാമാന്യനിർവ്വചനത്തിനുപരിയായി നിശ്ചിത കാലഘട്ടത്തിന്റെ അർഥനിർമ്മിതികളുടേയും അതിലേക്കു നയിക്കുന്ന വ്യവഹാരങ്ങളുടേയും സൂക്ഷിപ്പുഗ്രന്ഥം എന്ന നിലയിൽക്കൂടി നിഘണ്ടുവിനെ പരിഗണിക്കാവുന്നതാണ്. ഒരു നിശ്ചിതകാലഘട്ടത്തിൽ ഭാഷകസമൂഹം പ്രതിനിധാനം ചെയ്യുന്ന സാമൂഹിക ഭാഷാവബോധത്തെ സമാഹരിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്ന പദകോശഗ്രന്ഥമായും നിഘണ്ടുവിനെ നിർവ്വചിക്കാം".

നിഘണ്ടുവെന്ന സംജ്ഞ പദകോശഗ്രന്ഥം എന്ന നിലയിലേക്കു മാറുന്നതായി വിവരണങ്ങളിലൂടെ കടന്നു പോകുമ്പോൾ കാണാൻ സാധിക്കും. പദ–അർഥ സൂക്ഷിപ്പുകേന്ദ്രം എന്ന ബാഹ്യതലത്തെ മറികടന്ന് സാമൂഹികവും സാംസ്കാരികവുമായി പ്രവർത്തിക്കുന്ന ആന്തരികതലത്തെ കൂടി സ്പർശിക്കുന്നു. ഭാഷാപഠനത്തിന്റെ മേഖലയിൽ സംഭവിച്ച വ്യാപ്തിയെ കൂടിയാണിത് കാണിക്കുന്നത്. മാത്രമല്ല, അച്ചടിനിഘണ്ടുക്കളേക്കാൾ യന്ത്രാധിഷ്ഠിത നിഘണ്ടുക്കൾ ധാരാളമായി കടന്നുവരുന്ന സന്ദർഭത്തിൽ അവയെകൂടി ഉൾക്കൊള്ളുന്ന തരത്തിലുള്ള വിവരണനവീകരണത്തിനും സാധ്യതയുണ്ട്.

### 2.2. നിഘണ്ടുക്കളുടെ ഉത്ഭവവും വളർച്ചയും– മലയാളപശ്ചാത്തലത്തിൽ

നിഘണ്ടുക്കളുടെ ഉത്ഭവസംബന്ധമായ ഏതൊരു ചർച്ചയും ഭാരതീയപശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ വേദകാലത്തേക്കോ യാസ്കന്റെ നിരുക്തത്തിലോ ചെന്നെത്തിനിൽക്കും. വേദമന്ത്രങ്ങളുടെ ഉച്ചാരണത്തിനും ദുർഗ്രഹപദങ്ങളുടെ വിശദീകരണത്തിനും പ്രാധാന്യം നൽകികൊണ്ടുള്ള ഇത്തരം പരിശ്രമങ്ങളെ നിഘണ്ടുക്കളുടെ ആദ്യകാലമാതൃകകളായി വിലയിരുത്തുന്നു (സോമശേഖരൻ നായർ, പി. 1982 : 9, ശൂരനാട്ട് കുഞ്ഞൻപിള്ള 1990 : 4, വെള്ളായണി അർജ്ജുനൻ: 1994). അതിൽ നിന്നു ഭിന്നമാണു ആധുനിക നിഘണ്ടുക്കളുടെ രീതി. അത് പ്രധാനമായും സംസ്കൃതമാതൃകയ്ക്കു പകരം ആംഗലേയ മാതൃകയിലൂന്നിയുള്ളതാണ്. ആ ഒരു രീതിയാണ് മലയാളനിഘണ്ടുനിർമ്മാണ പ്രവർത്തനത്തിലും കാണാൻ കഴിയുന്നത് (ഗുപ്തൻ നായർ, എസ് . 2003 : 11– 14). അതിനു തുടക്കമിടുന്നത് വിദേശമിഷണറിപ്രവർത്തകരാണ്. 17, 18 നൂറ്റാണ്ടുകളിൽ ആണ് പാശ്ചാത്യഭാഷകളിൽ നിഘണ്ടു നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ആ ഘട്ടത്തിൽ തന്നെ മലയാളത്തിലും നിഘണ്ടുനിർമ്മാണ ശ്രമങ്ങൾ നടക്കുന്നതായി ഗുപ്തൻ നായർ, എസ് വിശദീകരിക്കുന്നുണ്ട് (2003 : 12). വരാപ്പുഴ നിഘണ്ടുക്കൾ എന്നറിയപ്പെടുന്ന നിഘണ്ടുക്കളൊക്കെ രൂപം കൊള്ളുന്നത് അങ്ങനെയാണ്. മലയാളനിഘണ്ടുക്കളുടെ ചരിത്രവും ആരംഭിക്കുന്നത് അവിടെ നിന്നാണെന്നു പറയാം. അതായത് മലയാളത്തിന് ഒരു നിഘണ്ടുസംസ്കാരം രൂപപ്പെടുത്തിയെടുത്തത് മിഷണറിപ്രവർത്തകരാണ്. മാത്രമല്ല ക്രി. വർഷം 15 വരെ നിഘണ്ടുവെന്നൊരു സങ്കല്പം നമുക്കുള്ളതായി കാണാൻ കഴിയുന്നില്ലെന്ന് ലീലാതിലകത്തിൽ വ്യക്തമാക്കുന്നതായി ശൂരനാട്ട് കുഞ്ഞൻപിള്ള അഭിപ്രായപ്പെടുന്നു (നിഘണ്ടുക്കൾ മലയാളത്തിൽ, അവതാരിക: 1990). അതിന്റെ ഒക്കെ അടിസ്ഥാനത്തിൽ മലയാളനിഘണ്ടുനിർമ്മാണ പ്രവർത്തനങ്ങളേയും പരിശോധിക്കുന്നത് മിഷണറിപ്രവർത്തകർ നിർമ്മിച്ച നിഘണ്ടുക്കളിൽ ഊന്നിയാണ്.

## 2.3. നിഘണ്ടു നിർമ്മിതിയിലെ മിഷണറിസ്വാധീനം

മതപ്രചാരണാർത്ഥം കേരളത്തിലെത്തിയ മിഷണറിമാർക്ക് ഭാഷാഭ്യസനം പ്രധാനമായിരുന്നു. അവർ സംസ്കൃതഭാഷ പഠിക്കുകയും അതിലെ ഗ്രന്ഥങ്ങൾ ശേഖരിക്കുകയും ചെയ്തു. മതപ്രചാരണത്തെയും സംസ്കൃതഭാഷാഭ്യസനത്തെയും സമരസപ്പെടുത്തുകയും പരസ്പരപൂരകമാക്കുകയുമുണ്ടായി. ഭാഷാപഠനത്തിന് ആവശ്യമായ ശാസ്ത്രീയഗ്രന്ഥങ്ങൾ ഉണ്ടാക്കി. വ്യാകരണം, പദകോശഗ്രന്ഥം തുടങ്ങിയ അടിസ്ഥാന ഗ്രന്ഥങ്ങൾ നിർമ്മിക്കാനാണ് മിഷണറിമാർ ശ്രമിച്ചത്. ആ പ്രവർത്തനങ്ങളാണ് നിഘണ്ടു നിർമ്മാണത്തിനു ശാസ്ത്രീയമായ അടിത്തറ നൽകിയത്. വരാപ്പുഴയും അമ്പഴക്കാട്ടുമുള്ള സെമിനാരികളിൽ താമസിച്ചിരുന്ന മിഷണറിമാരുടെ നിഘണ്ടുക്കളാണ് ആദ്യഘട്ടത്തിലുള്ളത്. അവ വരാപ്പുഴ നിഘണ്ടു എന്നാണറിയപ്പെടുന്നത്. ആഞ്ചലോ ഫ്രാൻസിസ് മെത്രാൻ, അർണോസുപാതിരി, ബിഷപ് ജോൺ ബപ്റ്റീസ്റ്റ, പൗലിനോസ്പാതിരി, എന്നീ നിഘണ്ടു നിർമ്മാതാക്കളും Grammatica Lingua Valgaris Malabarica, Dictionarium Malabaricum, Vocabularium Malabarico Lusitanum, Dictionarium- Malabarico latinum... എന്നീ നിഘണ്ടുക്കളും അവയിൽ ശ്രദ്ധേയമാണ്. കോട്ടയം കേന്ദ്രമാക്കിയ ചർച്ച് മിഷൻ സൊസൈറ്റിയുടെയും തലശ്ശേരി കേന്ദ്രമാക്കിയ ബാസൽമിഷൻ പ്രവർത്തകരുടെയും നിഘണ്ടുക്കൾ പിന്നീട് വരുന്നു. ഡോ:ബെഞ്ചമിൻ ബെയ്ലി, റവ: റിച്ചാർഡ് കോളിൻസ്, ഡോ: ഹെർമൻ ഗുണ്ടർട്ട് എന്നിവരുടെ സംഭാവനയാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ നിഘണ്ടുനിർമ്മാണ പ്രവർത്തനം.

ലാറ്റിൻ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന മിഷണറിമാർ ഭാരതീയമാതൃകയ്ക്കു പകരം പാശ്ചാത്യമാതൃകയാണു നിഘണ്ടുനിർമ്മാണത്തിനു സ്വീകരിച്ചത്. ആദ്യകാല മിഷണറിമാർ സംസ്കൃതത്തിൻറെ വകഭേദമായി മലയാളത്തെ കണ്ടതിനാലും സംസ്കൃതനിഘണ്ടുക്കളെ കൂടുതൽ ആശ്രയിച്ചതിനാലും സംസ്കൃതപദങ്ങൾക്കു പ്രാധാന്യം കൂടി. കൂടാതെ മലയാളം

പഠിക്കുന്ന വിദേശീയരെ മാത്രം മുന്നിൽ കണ്ടതിനാൽ കൂടുതൽ പ്രചാരമില്ലാതെയും പോയി. പദസംഭരണത്തിൽ മാത്രം കൂടുതൽ ശ്രദ്ധിച്ചുവെന്നതും അവരുടെ ന്യൂനതയാണ്. അപൂർണമെന്നതും പദദൌർലഭ്യവും അവയുടെ പരമിതിയാണ്. അതേസമയം നിഘണ്ടു നിർമ്മിതിയിൽ അവരെടുത്ത സമീപനങ്ങൾ പിൽകാല മിഷണറിമാർക്ക് സഹായകമായിട്ടുണ്ട്. വരാപ്പുഴ നിഘണ്ടുക്കളുടെ അതേ രീതിശാസ്ത്രം പിൻതുടരാതെ കുറച്ചുകൂടെ ശാസ്ത്രീയത കൈവരിക്കാൻ ബെയ്ലിക്കും മറ്റും കഴിഞ്ഞു. മലയാളം പഠിക്കാനാഗ്രഹിക്കുന്ന വിദേശികളെ മാത്രമല്ല മലയാളികൾക്കും കൂടെ പ്രയോജനപ്പെടുന്ന രീതി സ്വീകരിച്ചു. പദശേഖരണത്തിലും അർത്ഥവിവരണത്തിലും അതു പ്രകടമാണ്. 1846-ൽ പ്രസിദ്ധീകരിച്ച ബെഞ്ചമിൻ ബെയ്ലി യുടെ ( 1791-1871) മലയാളം-ഇംഗ്ലീഷ് നിഘണ്ടു (A dictionary of High and Colloquial Malayalam and English) വിന്റെ രീതി ഇപ്രകാരമാണ്. "മലയാളലിപിയിൽ വാക്ക്, ശബ്ദവിഭാഗസൂചന, ഇംഗ്ലീഷിൽ ചുരുക്കത്തിൽ അർത്ഥം, നിത്യോപ യോഗത്തിൽ ഇല്ലാത്ത സംസ്കൃതപദമാണെങ്കിൽ മലയാളത്തിലും അർത്ഥം എന്നിങ്ങനെയാണ് ഓരോ വാക്കിനുമുള്ള ലേഖകം" (പുരുഷോത്തമൻ നായർ. എം. എം: 1984). നാമപദങ്ങൾക്കു നിർദ്ദേശികാരൂപവും സംബന്ധികാരൂപവും ക്രിയകളുടെ വർത്തമാന, ഭൂതകാല, പിൻവിനയെച്ച രൂപവും നൽകുന്നതായി ബെയ്ലി-നിഘണ്ടുവിൽ കാണാം. ദ്വിതീയഭാഷാഭ്യസനത്തിനു ബെയ്ലി സ്വീകരിച്ച ശാസ്ത്രീയതയാണ് ഇതിലൂടെ വ്യക്തമാകുന്നത്. അതേസമയം പദശേഖരണത്തിനു വിവിധ നിഘണ്ടുക്കൾ സ്വീകരിച്ചിരുന്നുവെങ്കിലും ഡോ: എച്ച്. എച്ച്. വിത്സൻറെ സംസ്കൃതം- ഇംഗ്ലീഷ് നിഘണ്ടുവിലെ ഭൂരിഭാഗം പദങ്ങളേയും ഉൾപ്പെടുത്തിയപ്പോൾ സംസ്കൃതപദങ്ങളുടെ ആധിക്യം കൂടി. മറ്റു ലിഖിത സാമഗ്രിയെക്കാൾ നിഘണ്ടുക്കൾക്കു കൂടുതൽ പ്രാധാന്യം കൊടുത്തുവെന്നതും ബെയ്ലി നിഘണ്ടുവിന്റെ ന്യൂനതയായി ചൂണ്ടികാട്ടിയിട്ടുണ്ട് (പുരുഷോത്തമൻ നായർ: 1984).

പദങ്ങൾക്കു മലയാളത്തിൽ മാത്രം അർഥം കൊടുക്കുന്ന (ഏകഭാഷാ നിഘണ്ടു) നിഘണ്ടുനിർമാണ രീതിയ്ക്കും മിഷണറിമാർ തുടക്കമിട്ടിരുന്നു. 1865-ൽ

പ്രസിദ്ധീകൃതമായ റിച്ചാർഡ് കോളിൻസിന്റെ മലയാളം- മലയാളം നിഘണ്ടു. പദങ്ങളുടെ ശബ്ദസൂചന നൽകി അർത്ഥം പറയുന്ന രീതിയാണിതിൽ. നിഘണ്ടു നിർമാണങ്ങൾക്കു ഭാഷാധ്യാപകരുടെ സഹായമുണ്ടായിരുന്നതിനാൽ ഭാഷാശുദ്ധി പ്രകടമാണിതിൽ. പിന്നീടാണ് തലശ്ശേരി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഡോ: ഹെർമൻ ഗുണ്ടർട്ടിന്റെ (1814-1893) നിഘണ്ടുക്കൾ വരുന്നത്. 1872-ൽ പ്രസിദ്ധീകൃതമായ മലയാളം-ഇംഗ്ലീഷ് നിഘണ്ടു അന്നുവരെ ഉണ്ടായിരുന്ന എല്ലാ രീതിശാസ്ത്രത്തെയും മറികടന്ന് പുതിയൊരു പ്രവർത്തനത്തിനു തുടക്കമിട്ടു. ആഗമികവും ഭാഷാശാസ്ത്രവുമായ തത്വങ്ങളിലൂന്നി നിർമിക്കപ്പെട്ട ആദ്യ നിഘണ്ടുവാണിത്. പദശേഖരണത്തിലും ലേഖകം തയ്യാറാക്കുന്നതിലും ഉദ്ധരണികൾ ചേർക്കുന്നിടത്തുമെല്ലാം ശാസ്ത്രീയത പുലർത്തി. വരമൊഴിക്കും വാമൊഴിക്കും പ്രാധാന്യം നൽകി. ഉപാദാനസംവിധാനമാതൃകയും ശ്രദ്ധേയമാണ്. സാഹിത്യകൃതികൾ, ചരിത്രരേഖകൾ തുടങ്ങിയ 17 വിഭാഗങ്ങളിൽ നിന്നായി 128 ഉപാദാനങ്ങൾ സ്വരാക്ഷരത്തിൽ തുടങ്ങുന്ന പദക്രമീകരണത്തിൽ മാത്രം ഉപയോഗിച്ചിട്ടുണ്ട് (ജിബിൻ കിരൺ : 2017). മലയാളമെന്നത് ദ്രാവിഡ ഗോത്രത്തിൽ പെട്ടതാണെന്ന തിരിച്ചറിവിൽ ഊന്നിയുള്ളതായിരുന്നു ഗുണ്ടർട്ടിന്റെ പ്രവർത്തനം. ഇംഗ്ലീഷിന്റെ വളർച്ച, ബഹുഭാഷാപാണ്ഡിത്യം, പാശ്ചാത്യദേശത്ത് നിഘണ്ടുമേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങളെ കുറിച്ചുള്ള അറിവ് ഇതെല്ലാം ഗുണ്ടർട്ടിനെ സ്വാധീനിച്ചിട്ടുണ്ട്. ആഗോളീയമായി നിഘണ്ടുമേഖലയിൽ ഉയർന്നു നിൽക്കുന്ന ഓക്സ്ഫോർഡ് ഡിക്ഷണറിയുടെ ( Oxford English Dictionary: 1884 ) രീതിയെല്ലാം അതിനുമുമ്പേ ഗുണ്ടർട്ട് പ്രവർത്തിച്ചു വിജയിച്ചു. മാത്രമല്ല കമ്പ്യൂട്ടറധിഷ്ഠിതനിഘണ്ടുക്കളുടെ രീതിയും ഗുണ്ടർട്ടുനിഘണ്ടുവിൽ കാണാം എന്നതാണ് ആ നിഘണ്ടുവിന്റെ കാലിക പ്രസക്തി. ആഗമികവും ഭാഷാശാസ്ത്രപരവും ശാസ്ത്രീയവുമായ ആധുനിക നിഘണ്ടുനിർമാണ രീതിയിലേക്ക് മലയാളത്തിലെ നിഘണ്ടുനിർമ്മാണ പ്രവർത്തനത്തെയും വളർത്തിയെടുക്കാൻ മിഷണറിമാർക്ക് കഴിഞ്ഞുവെന്നതാണ യാഥാർത്ഥ്യം.

## 2.4. നിഘണ്ടുനിർമ്മിതിയിലെ സ്വദേശിവത്കരണം

നിഘണ്ടു നിർമ്മാണത്തിലെ സ്വദേശിവത്കരണത്തിന്റെ ചരിത്രപരമായ അടയാളപ്പെടുത്തലാണ് ശ്രീകണ്ഠേശ്വരം പത്മനാഭപ്പിള്ളയുടെ 'ശബ്ദതാരാവലി' (1923). നിലവിൽ ഏറ്റവും കൂടുതൽ പദങ്ങളെ ഉൾകൊള്ളുന്ന ഏകഭാഷാ നിഘണ്ടു ആണിത്. മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട അനേകം കൃതികളും നിഘണ്ടുക്കളും ശബ്ദതാരാവലിയുടെ നിർമ്മാണത്തെ സഹായിച്ചിട്ടുണ്ട്. "പദം, സമാസമാണെങ്കിൽ അതിന്റെ വിഭജനം, ബ്രാക്കറ്റിൽ ശബ്ദവിഭാഗസൂചന, അർഥം, ഉദ്ധരണി, പര്യായങ്ങൾ വ്യുത്പത്തി, സൂചന, പുരാണ കഥാപാത്രങ്ങളോ സംഭവങ്ങളോ ആണെങ്കിൽ അവയെക്കുറിച്ച് ചുരുങ്ങിയ വിവരണം തുടങ്ങിയവയാണ് പ്രധാനമായും ഓരോ ലേഖകത്തിലും അടങ്ങിയിരിക്കുന്നത് " (സോമശേഖരൻനായർ: 2016 പുറം-71). അതേസമയം പ്രതിപാദനരീതി ഭാഷാശാസ്ത്രപരമോ ആഗമികമോ അല്ല, പ്രമാണസൂചനകൾ നൽകുന്നില്ല, അർഥങ്ങൾക്ക് വിരളമായിട്ടേ ഉദാഹരണങ്ങൾ നൽകുന്നുള്ളൂ എന്ന തരത്തിലുള്ള ന്യൂനതകൾ ശബ്ദതാരാവലിക്കുള്ളതായി മലയാളമഹാനിഘണ്ടു ചൂണ്ടിക്കാട്ടുന്നു (സോമശേഖരൻ നായർ: 2016).

ശബ്ദതാരാവലിക്കു ശേഷം, റ്റി. കരുണാകരപ്പണിക്കർ തയ്യാറാക്കിയ ഏ. ആർ. പി. ഭാഷാനിഘണ്ടു (1939), നവയുഗനിഘണ്ടു (1940), എന്നിവ ശ്രദ്ധേയമാണ്. നിഘണ്ടുനിർമ്മാണവുമായി ബന്ധപ്പെട്ട ശാസ്ത്രീയവശങ്ങളെ പരിചയപ്പെടുത്താൻ ഈ നിഘണ്ടുക്കൾ ശ്രമിച്ചിട്ടുണ്ട്. 1965-ൽ തിരുവനന്തപുരം കേരളസർവ്വകലാശാല യിൽ നിന്നും പുറത്തിറങ്ങിയ മലയാളമഹാനിഘണ്ടു ഒന്നാംവാല്യം, അതുവരെ ഉള്ള നിഘണ്ടു ചരിത്രത്തെ തന്നെ മാറ്റിതീർക്കുന്ന ഒന്നായിരുന്നു. വ്യക്തികൾ ഒറ്റയ്ക്കൊറ്റയ്ക്കു ചെയ്തിരുന്ന പ്രവർത്തനം ഒരു കൂട്ടായ്മയിലേക്കു പരിവർത്തനം ചെയ്തു. നിഘണ്ടു നിർമ്മാണത്തിന് അക്കാദമിക തലത്തിൽ ഒരു വകുപ്പു തന്നെ രൂപപ്പെട്ടു. ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷണറിയുടെ മാതൃകയിൽ ആഗമിക പ്രസ്ഥാനത്തിൽ

ഊന്നിയുള്ള രീതിയാണ് മലയാളമഹാനിഘണ്ടുവിന്റേത്. അതോടൊപ്പം വിവരണാത്മകസ്വഭാവവും ഈ നിഘണ്ടുവിൽ കാണാനാകും. പദം, റോമൻ ലിപിയിലുള്ള ലിപ്യന്തരണം, പദം ദ്രാവിഡമാണെങ്കിൽ ദ്രാവിഡഭാഷകളിലെ സമാന പദങ്ങൾ, പദത്തിന്റെ വിഭജനം, ശബ്ദവിഭാഗ സൂചന, മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള അർഥം, ഉദ്ധരണികൾ എന്നിങ്ങനെയാണ് ഓരോ ലേഖകത്തെയും അടയാളപ്പെടുത്തി വച്ചിരിക്കുന്നത്. കൂടാതെ ഭൂതകാലപ്രത്യയങ്ങളെ അടിസ്ഥാനപ്പെടുത്തി മലയാളത്തിലെ ക്രിയകളെ 16 ഗണങ്ങളായി വിഭജിച്ച് അകാരാദിക്രമത്തിൽ ഓരോ ഗണത്തിന്റേയും താഴെ ക്രിയാരൂപങ്ങളെ ചേർത്തിരിക്കുന്നു. ഈ വിഭജനത്തെ അടിസ്ഥാനമാക്കി ഓരോ ക്രിയാപദത്തോടു മൊപ്പം അതിന്റെ ഗണനമ്പറും എല്ലാ കാലങ്ങളിലുമുള്ള രൂപങ്ങളും കൊടുത്തിരിക്കുന്നു, ആധുനിക മലയാളം, പഴയ മലയാളം, തമിഴ്, തെലുങ്ക്, കർണാടകം, തുളു എന്നീ ഭാഷകളിലെ നാമം, സർവനാമം എന്നിവയുടെ വിഭക്തി രൂപങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു (സോമശേഖരൻ നായർ: 2016, പുറം– 73). പൊതുഭാഷാ നിഘണ്ടുക്കളെ മാത്രമാണിവിടെ പരാമർശിച്ചത്. അതുകൂടാതെ വിഷയാസ്പദമായ ധാരാളം നിഘണ്ടുക്കളും ഇക്കാലയളവിൽ പുറത്തിറങ്ങിയിട്ടുണ്ട്. പുരാണകഥാ നിഘണ്ടു (പൈലോ പോൾ: 1984), ജ്യോതിഷ നിഘണ്ടു (ശങ്കരഗണകൻ, ഓണക്കൂർ: 1999), അറബിമലയാള പദകോശം (ഹസൻ നെടിയനാട്: 2009), ഫോക് ലോർ നിഘണ്ടു (വിഷ്ണുനമ്പൂതിരി: 2010), പണിയഭാഷാ നിഘണ്ടു (പത്മിനി, പി. ജി: 2011)സംഗീതനിഘണ്ടു (സുനിൽ, വി. ടി: 2012), ഔദ്യോഗികഭാഷാ നിഘണ്ടു (ശിവകുമാർ ആർ., സ്മിതാശ്രേയസ്സ്: 2013), ഏ. ആർ. നിഘണ്ടു (ശ്രീനാഥൻ, എം: 2015) തുടങ്ങിയവ വിഷയാസ്പദ നിഘണ്ടു വിഭാഗത്തിൽ ഉൾപ്പെടുന്നു. ഒരു പ്രത്യേക വിഷയത്തെ ആധാരമാക്കി നിർമ്മിക്കപ്പെടുന്ന നിഘണ്ടുക്കളാണ് വിഷയാസ്പദ നിഘണ്ടുക്കൾ.

### 2.5. നിഘണ്ടു– വർഗീകരണം

നിഘണ്ടുക്കളെ പല തരത്തിൽ വർഗീകരിക്കാവുന്നതാണ്. "നിഘണ്ടുക്കളുടെ സ്വഭാവം, കൈകാര്യം ചെയ്യപ്പെടുന്ന ഭാഷ, വലുപ്പം എന്നിവയുടെ അടിസ്ഥാന ത്തിൽ മൂന്നായി തിരിക്കാവുന്നതാണ്. കൂടാതെ ഭാഷാനിഘണ്ടുക്കൾ എന്നും, അല്ലാത്തവയെന്നും മറ്റൊരു വിഭജനവും സാധ്യമാണ്" (സോമശേഖരൻ നായർ, പി. 2016 : 46–65 ). എന്നാൽ പല വലുപ്പത്തിലുള്ള നിഘണ്ടുക്കൾ നിലവിലുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ നിഘണ്ടുക്കളെ വർഗീകരിക്കുന്നതിൽ ശാസ്ത്രീയത ഇല്ലെന്നുമാണ് ഓമന, പി. വി. യുടെ അഭിപ്രായം ( 1990 : 35). ഉപയോഗപ്പെടുത്തുന്ന ഭാഷകളുടേയും ഉള്ളടക്കത്തിന്റെയും അടിസ്ഥാനത്തിലാണവരുടെ വർഗീകരണം. അതനുസരിച്ച് ഏകഭാഷാനിഘണ്ടുക്കൾ (monolingual dictionary), ബഹുഭാഷാനിഘണ്ടുക്കൾ (multilingual dictionary) എന്നു തിരിക്കുന്നു. "ഒരു ഭാഷയിലെ വാക്കുകളെ ആ ഭാഷയിലെ തന്നെ മറ്റു പദങ്ങളുപയോഗിച്ചു വ്യാഖ്യാനിക്കുന്ന നിഘണ്ടുക്കളാണ് ഏകഭാഷാനിഘണ്ടുക്കൾ. ഉദാഹരണം- ശബ്ദതാരാവലി (1923). ഒരു ഭാഷയിലെ വാക്കുകളെ മറ്റൊരു ഭാഷയിലെയോ, ഒന്നിലധികം അന്യഭാഷകളിലെയോ പദങ്ങൾ കൊണ്ട് വ്യാഖ്യാനിക്കുന്ന നിഘണ്ടുക്കളാണ് ബഹുഭാഷാനിഘണ്ടുക്കൾ" (1990 : 36) . ഇവയെ വീണ്ടും ദ്വിഭാഷാനിഘണ്ടുക്കൾ (bilingual dictionary), ത്രിഭാഷാനിഘണ്ടുക്കൾ (trilingual dictionary) എന്നിങ്ങനെ തിരിക്കുന്നു. ഉള്ളടക്കത്തെ ആധാരമാക്കി പലതായി തിരി ക്കുന്നു. ചരിത്രനിഘണ്ടു, നിഷ്പത്തിനിഘണ്ടുക്കൾ, ആഗമികനിഘണ്ടുക്കൾ എന്നി ങ്ങനെ. ഒരു പദം വ്യാഖ്യാനിക്കുമ്പോൾ നിഘണ്ടുനിർമ്മാതാക്കൾ ചേർക്കുന്ന വിവര ങ്ങളാണ് വർഗീകരണത്തിന്നാധാരമായി ഓമന, പി. വി. കാണുന്നത് (1990: 37–65).

പ്രബോധചന്ദ്രൻനായർ, വി. ആർ (2012: 536–537), നിഘണ്ടു വർഗീകരണത്തിനു സ്വീകരിക്കുന്ന മാനദണ്ഡം നാലാണ്. അതു പ്രകാരം, (1). ലക്ഷ്യവും സ്വഭാവവും- ഉച്ചാരണനിഘണ്ടു, നാനാർഥ – പര്യായ നിഘണ്ടു, ശൈലി-വിപരീതപദ-ആഗമിക-പ്രായോഗിക-വിദ്യാർഥി-വിവർത്തക-ഭാഷാഭേദ- സ്ഥല

നാമ  വ്യക്തിനാമ നിഘണ്ടുക്കൾ പോലുള്ളവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. (2). പ്രമേയം- നിഘണ്ടുക്കളിൽ അടങ്ങിയിരിക്കുന്ന പ്രമേയത്ത അടിസ്ഥാനമാക്കിയുള്ള വർഗീകരണമാണിത്. ഉദാ-സാഹിത്യനിഘണ്ടു, ഭരണഭാഷാ നിഘണ്ടു. (3). (നിഘണ്ടുസമവാക്യത്തിൽപ്പെടുന്ന) ഭാഷകളുടെ എണ്ണം. ഇതിന്റെ അടിസ്ഥാന ത്തിൽ നാലായി വിഭജിക്കാം. 1. ഏകഭാഷാനിഘണ്ടു- ശീർഷകപദങ്ങൾക്ക് അതേ ഭാഷയിൽ അർഥം നൽകുന്നു. ഉദാഃ ശബ്ദതാരാവലി, നവയുഗ ഭാഷാനിഘണ്ടു. 2. ദ്വിഭാഷാ നിഘണ്ടു. അവ രണ്ടു തരത്തിലാണ്. ഒന്ന്, ശീർഷകപദങ്ങൾക്ക് അതേ ഭാഷയിലും ഒപ്പം മറ്റൊരു ഭാഷയിലും അർഥം നൽകുന്നു. (ഉദാഃ ടി. രാമലിംഗപ്പിള്ളയുടെ ഇംഗ്ലീഷ്- ഇംഗ്ലീഷ്- മലയാളം നിഘണ്ടു). രണ്ട്, മറ്റൊരു ഭാഷയിൽ മാത്രം അർഥം നൽകുന്നത് (ഉദാ- ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു). 3. ശീർഷക പദങ്ങൾക്ക് മറ്റു രണ്ടു ഭാഷകളിൽ അർഥം നൽകുന്ന ത്രിഭാഷാ നിഘണ്ടു. 4. ശീർഷകപദങ്ങൾക്ക് പല ഭാഷകളിൽ അർഥം നൽകുന്ന ബഹുഭാഷാനിഘണ്ടു. (4).നിഘണ്ടുനിർമിതി തന്ത്രം. ശീർഷകപദങ്ങളുടേയും ഉദ്ധരണികളുടേയും തെരഞ്ഞെടുപ്പ്, അക്ഷരക്രമത്തിൽ അടുക്കൽ, ലേഖകങ്ങളുടെ മാനകീകരണം, നിരന്തരനവീകരണം, നിഘണ്ടുവിൽ നിന്നു വിവരങ്ങൾ ശേഖരിക്കൽ- ഇവയിലെല്ലാമോ ചില പ്രക്രിയകളിലെങ്കിലുമോ കമ്പ്യൂട്ടറിന്റെ സഹായം  പ്രയോജനപ്പെടുത്തുന്ന തരം നിഘണ്ടുക്കൾ .

ഉദാഃ ഇലക്ട്രോണിക് നിഘണ്ടു.

ഇലക്ട്രോണിക് നിഘണ്ടുക്കളെ രണ്ടായി തിരിക്കാം. ലഭ്യമാകുന്ന ഇൻറർനെറ്റ് സൗകര്യത്തെ അടിസ്ഥാനമാക്കി ഓൺലൈൻ (online dictionary), ഓഫ് ലൈൻ (offline dictionary) എന്നിങ്ങനെ തിരിക്കുന്നു.

## 2.6. കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുനിർമ്മാണവും വിജ്ഞാനവും (computational lexicography and lexicology)

നിഘണ്ടുമേഖല ഇന്ന്, മിഷണറിമാർ ആരംഭിച്ച അച്ചടി നിഘണ്ടുക്കളിൽ നിന്നു മാറി, സാങ്കേതികതയുടെ എല്ലാ സാധ്യതകളെയും ഉൾകൊള്ളാവുന്ന കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുക്കൾ വരെ എത്തിനിൽക്കുന്നു. അതായത് സാങ്കേതികതയുടെ ആവിർഭാവം  മറ്റെല്ലാ മേഖലകളെയും പോലെ ഭാഷയിലും പ്രകടമായി. അവയെല്ലാം ഉൾക്കൊള്ളുകയും സാങ്കേതികതയിലൂന്നിയുള്ള ഭാഷാ പഠനങ്ങൾക്കു പ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന നൂതന മേഖലയാണ് 'കമ്പ്യൂട്ടറധിഷ്ഠിത ഭാഷാശാസ്ത്രം' (computational linguistics).  മാനവികഭാഷകളെ കമ്പ്യൂട്ടറിനു മനസ്സിലാകുന്നതിനു സഹായകമായ  ഭാഷാസാങ്കേതിതകൾ പ്രയോജനപ്പെടുത്തുന്ന ശാസ്ത്രശാഖയാണത്. മനുഷ്യഭാഷയെയും അതിന്റെ ഘടനാപരമായ പ്രത്യേകതകളെയും മനസ്സിലാക്കി, അതിനു സമാനമായ കമ്പ്യൂട്ടർ മോഡലുകൾ ഉണ്ടാക്കുകയും ചെയ്യുന്നത് ഭാഷാസാങ്കേതികതയാണ്. സ്പെൽ ചെക്കർ, ഗ്രാമർ ചെക്കർ, എന്നിവ ഇതിന്റെ ചെറിയ ഉത്പന്നങ്ങളാണ്. വോയ്സ് സെർച്ച് പോലുള്ള പുത്തൻ സാങ്കേതിക വിദ്യയും ഇതിൽപെടുന്നു. കമ്പ്യൂട്ടർ സയൻസ്, ഭാഷാശാസ്ത്രം, തുടങ്ങി വിവിധ വിജ്ഞാനശാഖയിലുള്ള പരിജ്ഞാനം ഇതിൽ അത്യാവശ്യമാണ്. ഇതൊരു അന്തർവൈജ്ഞാനിക പഠനശാഖയാണ്. കമ്പ്യൂട്ടറധിഷ്ഠിത ഭാഷാശാസ്ത്രത്തിന്റെ ഭാഗമാണ് 'കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടു നിർമാണവും വിജ്ഞാനീയവും' (computational lexicography and lexicology).

എൺപതുകളുടെ ആരംഭത്തിൽ തന്നെ യന്ത്രസാന്നിധ്യത്തിലുള്ള നിഘണ്ടുക്കളുടെ രൂപകൽപ്പനയെ സംബന്ധിച്ചുള്ള ചർച്ചകളും നിർമാണപ്രവർത്തനവും പാശ്ചാത്യമേഖലയിൽ നടക്കുന്നുണ്ട്. തൊണ്ണൂറുകളിൽ ഇന്ത്യയിലും ദ്രാവിഡ ഭാഷകളിലും ചെറുചലനങ്ങൾ ഉണ്ടാകുന്നു. തുടർന്നിങ്ങോട്ട് വിവിധ ഭാഷകളിലായി വലുതും ചെറുതുമായി പല പരീക്ഷണങ്ങളും നടന്നു. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ആദ്യരൂപങ്ങളെല്ലാം പദദൈർഘ്യം അളക്കുന്നതിനും ശബ്ദോച്ചാരണത്തെ തിരിച്ചറിയാനും വിവർത്തന സഹായത്തിനായും

നിർമിക്കപ്പെട്ട ചില മാതൃകകളായിരുന്നു. അതിനുള്ള അടിസ്ഥാനദത്തമെന്നത് പദങ്ങളായിരുന്നു. ഇംഗ്ലീഷിന്റെ കാര്യത്തിൽ കുറേയേറെ മുമ്പോട്ട് പോയെങ്കിലും മലയാളത്തിന്റെ മേഖലയിൽ പരിമിതമാണ്. പ്രധാനമായും 'ഇലക്ട്രോണിക് ഡിക്ഷണറി' (Electronic dictionary), 'യന്ത്രപാരായണ നിഘണ്ടുക്കൾ' (Machine readable dictionary), എന്നിങ്ങനെയാണ് കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുക്കൾ അറിയപ്പെടുന്നത്. നിഘണ്ടുക്കളുടെ അടിസ്ഥാന ദത്തമായ പദങ്ങളെ ഡിജിറ്റൽ രൂപത്തിൽ വിവിധ മാധ്യമങ്ങളിലൂടെ ലഭ്യമാകുന്ന സംവിധാനമാണ് ഇലക്ട്രോണിക് ഡിക്ഷണറി. മൊബൈൽ ഫോൺ, ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ പോലുള്ള ഡിജിറ്റൽ ഉപകരണങ്ങളിൽ അവ ലഭ്യമാണ്. ഇലക്ട്രോണിക് ഡിക്ഷണറികളെ തന്നെ ഓൺ ലൈൻ (online), ഓഫ് ലൈൻ (offline) എന്നും വിഭജിച്ചിരിക്കുന്നു. ലഭ്യമാകുന്ന ഇന്റർനെറ്റ് സാന്നിധ്യത്തെ അടിസ്ഥാന മാക്കിയാണ് ഈ വേർതിരിവ്. നൽകപ്പെടുന്ന ദത്തത്തിനപ്പുറം കൂടുതലൊന്നും ഓഫ് ലൈൻ ഡിക്ഷണറികൾ നൽകുന്നില്ല. അച്ചടി രൂപത്തിലുള്ള നിഘണ്ടുവിന്റെ ഡിജിറ്റൽഫോമായി മാത്രമാണവ പ്രവർത്തിക്കുന്നത്. ഇന്റർനെറ്റ് സഹായ ത്താലോ അല്ലെങ്കിൽ മറ്റ ഷെയറിംങ് സിസ്റ്റം വഴിയോ ഡൗൺലോഡ് ചെയ്താണ് ഉപയോഗിക്കുന്നത്. ഓഫ് ലൈൻ ഡിക്ഷണറികളെക്കാൾ സാങ്കേതിക സാധ്യതകളെ പരമാവധി ഉപയോഗിക്കുന്നത് ഓൺലൈനാണ്. അതേസമയം ഇന്റർനെറ്റ് സാന്നിധ്യത്തിലേ പ്രവർത്തിക്കൂവെന്നതൊരു പരിമിതിയാണ്. ഇന്ന് നിരവധി ഓൺ ലൈൻ, ഓഫ് ലൈൻ നിഘണ്ടുക്കൾ മലയാളത്തിൽ ലഭ്യമാണ്. ആൻഡ്രോയ്ഡ് ഫോണുകൾക്കായി നിർമ്മിക്കപ്പെട്ട ധാരാളം നിഘണ്ടു ആപ്ലിക്കേഷനുകളുമുണ്ട്. വ്യക്തികൾ തനിച്ചോ, സംഘാടിസ്ഥാനത്തിലോ ആയാണ് ഇലക്ട്രോണിക് ഡിക്ഷണറികൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. 'അർഥം' (https://play.google.com/store/apps/details?id=com.innoventionist.artham&hl=en_US), 'മലയാളം ഇംഗ്ലീഷ് ഡിക്ഷണറികൾ' (https://play.google.com /store/apps/ details?id=sharadamma.malayalam.syam&hl=en_US, https://play.google.com/store

/apps/details?id=com.khandbahale.android.malayalam_to_english_dictionary&hl=en_US, https://malayalam-english-dictionary.soft112.com/, https://download.cnet.com/Offline-Malayalam-to-English-Language-Dictionary/3000-2279_4-76425105.html) തുടങ്ങിയവ അതിൽപ്പെട്ടതാണ്. മലയാളത്തിലെ ആദ്യ ഓൺ ലൈൻ ഡിക്ഷണറിയാണ് 'ഓളം' (https://olam.in/). 80000-ത്തിലധികം പദങ്ങളും ഒരു ലക്ഷത്തിലധികം വിവരണങ്ങളുമായാണ് 2010-ൽ ഓളം തുടങ്ങിയത്. മഷിത്തണ്ട് (http://mashithantu.com/dictionary/), 'ശബ്ദഘോഷ്' (https://www.shabdkosh.com/dictionary/english-malayalam/), 'ലെക്സിലോഗോസ്' (https://www.lexilogos.com/english/malayalam_dictionary.htm), 'പ്രൊകേരള' (https://www.prokerala.com/general/dictionary/),വിക്കിനിഘണ്ടു (https://ml.wiktionary.org/wiki/%E0%B4%AA%E0%B5%8D%E0%B4%B0%E0%B4%A7%E0%B4%BE%E0%B4%A8_%E0%B4%A4%E0%B4%BE%E0%B5%BE), 'ഗ്ലോസ് ബെ' (https://glosbe.com/en/ml), തുടങ്ങിയവ മലയാളത്തിലെ ഓൺ ലൈൻ ഡിക്ഷണറികൾക്കുദാഹരണമാണ്.

### 2.6.1. സമീപനരീതിയും പ്രയോഗസാധ്യതയും:-

നിഘണ്ടുനിർമ്മിതിയുടെ ഘടകങ്ങളിൽ പ്രധാനമാണതിന്റെ ഉദ്ദേശ ലക്ഷ്യവും അതിനനുസൃതമായ ദത്തശേഖരണവും. പ്രത്യേകിച്ച് അച്ചടി നിഘണ്ടുക്കളിൽ. നിർമിക്കപ്പെടാൻ പോകുന്നതിന്റെ വലിപ്പവും അതിൽ ഉൾകൊള്ളിക്കേണ്ട പദങ്ങളുടെ തെരെഞ്ഞെടുപ്പ്, ലേഖകത്തിന്റെ ഘടന, സമയബന്ധിതമായ പൂർത്തീകരണം ഇതല്ലാം പ്രധാനമാണ്. എന്നാൽ കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുക്കളിൽ ദൈർഘ്യം പ്രശ്നമേയല്ല. എത്ര വേണേലും പദങ്ങളെ ഉൾകൊള്ളിക്കാമെന്നതും ഗുണകരമാണ്. എഡിറ്റിംഗ് സാധ്യമാകുന്നതിനാൽ പദങ്ങളെ എത്ര വേണേലും കൂട്ടിചേർക്കാം. തെറ്റുണ്ടെങ്കിൽ തിരുത്താം. ഓരോ പദത്തിന്റേയും ഉച്ചാരണം കൃത്യമായി നൽകാം. എല്ലാ സമീപനങ്ങളിലുമുള്ള അർത്ഥം നൽകാം. പ്രാദേശികമായ

എല്ലാ വ്യതിയാനത്തെയും അടയാളപ്പെടുത്താം. ബഹുഭാഷാ പ്രകടനം സാധ്യമാക്കാം. അതായത് ഒരു പദത്തിന്റെ ഭാഷാശാസ്ത്രപരമായ എല്ലാ സവിശേഷതകളെയും അടയാളപ്പടുത്താമെന്നതാണ് ഈ ഡിക്ഷണറിയുടെ പ്രാധാന്യം. കൂടാതെ ഉപയോക്താക്കളുടെ പലതരത്തിലുള്ള തെരച്ചിൽ യന്ത്രങ്ങൾ അനുസരിച്ച് നിഘണ്ടു ഉപയോഗപ്പെടുത്താവുന്നതാണ്. മാത്രമല്ല ഹൈപ്പർ ലിങ്കുകളാൽ ബന്ധപ്പെട്ട ഹൈപ്പർടെക്സ്റ്റ് നെറ്റ്‌വർക്കാണ് ഇതെന്നതിനാൽ ക്രോസ് റഫറൻസ് പോലുള്ള സാധ്യതകൾ അപാരമാണ്. ഇത്തരത്തിൽ അച്ചടി നിഘണ്ടുക്കൾക്കപ്രാപ്യമായ പല കാര്യങ്ങളേയും ഇ-ഡിക്ഷണറികൾക്കു പ്രയോജനപ്പെടുത്താൻ കഴിയുന്നു.

## 2.7. നിഘണ്ടുനിർമ്മാണശാസ്ത്രവും നിഘണ്ടുവിജ്ഞാനവും (lexicography and lexicology)

നിഘണ്ടുവുമായി ബന്ധപ്പെട്ട പഠനമേഖലകളാണ് നിഘണ്ടുനിർമ്മാണ ശാസ്ത്രവും (lexicography) നിഘണ്ടുവിജ്ഞാനീയവും (Lexicology). അവ പ്രയുക്ത ഭാഷാശാസ്ത്രമേഖലയിൽ ഉൾപ്പെടുന്നു. നിഘണ്ടുവിജ്ഞാനത്തിന് ആധുനികഭാഷാ ശാസ്ത്രതലത്തിൽ 'പദവിജ്ഞാനം' (റോയ്. സി,ജെ. 1984: 79 ) 'കോശവിജ്ഞാനം' (പ്രബോധചന്ദ്രൻ നായർ, വി. ആർ. 2012 : 535) എന്നിങ്ങനെയുള്ള സംജ്ഞകളാണ് ഉപയോഗിക്കുന്നത്. “പദസഞ്ചയത്തിന്റെ രൂപപരവും അർഥപരവും വ്യാകരണപരവുമായ സവിശേഷതകളെ അപഗ്രഥിച്ച് സാമാന്യവത്കരണവും സിദ്ധാന്താവിഷ്കരണവും സാധിക്കുന്ന പദപഠനശാഖ ആണ് പദവിജ്ഞാനം" (റോയ് സി, ജെ. 1984: 80). അതായത് “പദത്തിന്റെ സ്വഭാവങ്ങളെ പറ്റി പഠിക്കുകയാണ് നിഘണ്ടുവിജ്ഞാനത്തിന്റെ ലക്ഷ്യമെങ്കിൽ നിഘണ്ടുക്കൾ രചിക്കുന്നതെങ്ങനെ എന്നാരായുന്ന പഠനശാഖയാണ് നിഘണ്ടുനിർമ്മാണം, ഇപ്രകാരം ഒരു വ്യാവർത്തനം പ്രസക്തമാണെങ്കിലും നിഘണ്ടുവിജ്ഞാനത്തെ ആശ്രയിച്ചാണു നിഘണ്ടുനിർമ്മാണം സാധ്യമാകുന്നത്"

(വേണുഗോപാല പണിക്കർ, ടി. ബി. 1984: 89). കുറച്ചുകൂടി വിശാലമായി പറഞ്ഞാൽ "നിഘണ്ടുക്കളുടെ നിർമ്മാണവേളയിൽ അന്തർഭവിക്കുന്ന താത്വികവും പ്രായോഗികവുമായ എല്ലാ വിഷയങ്ങളും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്ന പ്രയുക്ത ഭാഷാശാസ്ത്രശാഖയാണ് നിഘണ്ടുനിർമ്മാണവിജ്ഞാനം. കോശിമങ്ങൾ വിവിധ വ്യവസ്ഥകളിൽ പ്രവർത്തിക്കുന്നതെങ്ങനെ എന്നതിനെകുറിച്ചുള്ള പഠനമാണ് കോശവിജ്ഞാനം. നിഘണ്ടുനിർമ്മാണത്തിന് താത്വികമായ അടിത്തറ ഒരുക്കുന്നതിൽ കോശവിജ്ഞാനത്തിന് വലിയ പങ്കുണ്ട്" (പ്രബോധചന്ദ്രൻ നായർ, വി. ആർ. 2012: 538). ഈ നിർവ്വചനങ്ങളെല്ലാം അവ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

പദവിജ്ഞാനം അല്ലങ്കിൽ നിഘണ്ടുവിജ്ഞാനം ചരിത്രപരമോ (historical lexicography) വിവരണാത്മകമോ (descriptive lexicography) ആവാം. പദങ്ങൾക്ക് രൂപ, അർഥ തലത്തിൽ സംഭവിക്കുന്ന മാറ്റത്തെ ചരിത്രപരമായി സമീപിക്കുകയാണ് ചരിത്രപരം. ഉദാഹരണമായി 'ദേവദാസി' എന്ന പദമെടുക്കാം. ആരംഭത്തിൽ ഉണ്ടായിരുന്ന അർഥമല്ല പിൽക്കാലത്ത് ഉണ്ടാവുന്നത്. സാമൂഹ്യ സാംസ്കാരിക പ്രതിഫലനങ്ങൾ ആ പരിണാമത്തെ സ്വാധീനിക്കുന്നു. ആർഥിക പരമായ പരിണാമമാണിത്. ഇതുപോലെ രൂപ, വ്യാകരണിക തലത്തിലെല്ലാം മാറ്റം സംഭവിക്കാം. അക്കാര്യങ്ങളെ ചരിത്രപരമായി അപഗ്രഥിക്കുകയാണിവിടെ. വിവരണാത്മകമെന്നതിൽ ഒരു നിശ്ചിതഘട്ടത്തിൽ വിനിമയത്തിലുള്ള പദസഞ്ചയത്തിന്റെ വ്യവസ്ഥക്കനുസൃതമായ അപഗ്രഥനമാണ്. അവകൂടാതെ ഒന്നിലധികം ഭാഷകളിൽ നിന്നുള്ള പദസഞ്ചയം എടുത്തുകൊണ്ട് അവ തമ്മിലുള്ള സാമ്യവ്യത്യാസങ്ങളെ താരതമ്യം ചെയ്തുകൊണ്ടുള്ള 'താരതമ്യ പദവിജ്ഞാനം' (contrastive lexicology), ഭാഷയെ സാമൂഹ്യപ്രതിഭാസമായി കണ്ടുകൊണ്ട് പദങ്ങളെ സാമൂഹ്യഭാഷാശാസ്ത്രവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുന്ന 'സാമൂഹ്യപദവിജ്ഞാനം' (sociolexicology) എന്നിവയെല്ലാം പദവിജ്ഞാനത്തിലുൾപ്പെടുന്ന പ്രധാനശാഖകളാണ്.

നിർമ്മിക്കപ്പെടാൻ പോകുന്ന നിഘണ്ടുസ്വഭാവം അനുസരിച്ചുള്ള പദങ്ങളുടെ തെരെഞ്ഞെടുപ്പ്, തെരഞ്ഞെടുത്ത പദങ്ങൾ അക്ഷരവ്യവസ്ഥ അനുസരിച്ചുള്ള ക്രമീകരണം, ഉച്ചാരണരീതി, വ്യാകരണവിഭാഗം, അർഥവിവരണം , പ്രയോഗരീതി എന്നിങ്ങനെ ഓരോ കാര്യങ്ങളെയും സൂക്ഷ്മമായി മനസ്സിലാക്കി തയ്യാറാക്കുന്നതിന്റെ വിവരണമാണ് നിഘണ്ടുനിർമ്മാണശാസ്ത്രത്തിൽ വരുന്നത്. അതായത് പദവിജ്ഞാനത്തിൽ നിന്നു ഭിന്നമായി ഓരോ പദത്തിന്റെയും പ്രത്യേകതകളാണ് നിഘണ്ടുനിർമ്മാണത്തിൽ ശ്രദ്ധിക്കുന്നത്. രൂപം, അർഥം, പ്രയോഗം എന്നിവയിലെല്ലാം സ്വതന്ത്ര വ്യക്തിത്വമുള്ള ഏകകമായി ഓരോ പദത്തെയും കാണുന്നു. എങ്കിലും പദവിജ്ഞാനവും നിഘണ്ടുനിർമ്മാണശാസ്ത്രവും രണ്ടു വ്യത്യസ്ത തലങ്ങളല്ല. മറിച്ച് പരസ്പരപൂരകങ്ങളാണ്. പദവിജ്ഞാനം നിഘണ്ടു നിർമ്മിതിക്ക് ഭദ്രമായ സൈദ്ധാന്തിക അടിത്തറയൊരുക്കുന്നു. പദം അർഥം എന്നിവ അറിഞ്ഞതു കൊണ്ടു മാത്രം നിഘണ്ടുനിർമ്മാണത്തിന് കഴിയില്ല. ഓരോ പദത്തിനും ഉചിതമായ അർഥവും മറ്റു ഭാഷാ സവിശേഷതകളും രേഖപ്പെടുത്തി വയ്ക്കാൻ പദവിജ്ഞാനം സഹായിക്കുന്നു. മാത്രമല്ല നിഘണ്ടുനിർമ്മാണത്തിലെ ആത്മനിഷ്ഠതയെ ഇല്ലാതാക്കുവാനും സഹായിക്കുന്നു.

## 2.8. ഭാഷാപഠനമേഖലയിലെ പ്രസക്തി

പരമ്പരാഗതഭാഷാപഠനത്തിലായാലും ആധുനികഭാഷാശാസ്ത്രപഠനത്തിലായാലും നിഘണ്ടുവെന്നത് സുപ്രധാന പഠനമേഖലയാണ്. ആധുനികഭാഷാശാസ്ത്രത്തിൽ പ്രയുക്തതലത്തിലാണ് നിഘണ്ടുവിജ്ഞാനശാഖയെ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രധാനമായും ഒരു പദത്തിന്റെ അർഥമറിയാനുള്ള സ്രോതസ്സ് എന്ന നിലയിലാണ് നിഘണ്ടുക്കളെ ചുരുങ്ങിയ നിലയിൽ പരിഗണിക്കുന്നത്. അതിനപ്പുറം വിശാലമായ അർഥത്തിൽ നോക്കികാണുമ്പോഴാണ് ഭാഷാപഠനതലത്തിൽ നിഘണ്ടുക്കളുടെ സ്ഥാനത്തെ അടയാളപ്പെടുത്താനാവുക. ഒരു പദത്തിന്റ അർഥം എന്നതിലുപരി ഉച്ചാരണം, വ്യാകരണികസ്വഭാവം, നിരുക്തി, പ്രയോഗസന്ദർഭം

തുടങ്ങിയ എല്ലാതരം ഭാഷാസവിശേഷതകളേയും അടയാളപ്പെടുത്തിവയ്ക്കുന്ന കേന്ദ്രമാണ് നിഘണ്ടുക്കൾ. ആ അർഥത്തിൽ പരിശോധിക്കുമ്പോൾ സൈദ്ധാന്തികഭാഷാശാസ്ത്രത്തിലുൾപ്പെടുന്ന സ്വനവിജ്ഞാനം, സ്വനിമ വിജ്ഞാനം, രൂപിമവിജ്ഞാനം, അർഥവിജ്ഞാനം, പ്രകരണവിജ്ഞാനം തുടങ്ങിയ ശാഖകളുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. പദം ഉൾക്കൊള്ളുന്ന സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ സാമൂഹ്യ സാംസ്കാരിക, ചരിത്രാത്മക ഭാഷാശാസ്ത്രസ്വഭാവവും പ്രകടിപ്പിക്കുന്നു.

ഭാഷാശാസ്ത്രത്തിന്റെ വിവിധമേഖലകളിൽ ഏതൊക്കെ രീതിയിലാണ് പദസഞ്ചയപഠനം പ്രസക്തമാവുന്നത് എന്നതു സംബന്ധിച്ച് റോയ്. സി. ജെ. വ്യക്തമാക്കുന്നത് ഇപ്രകാരമാണ് (1984 : 79– 80). ഒന്നാമതായി, പദങ്ങളുടെ ഉച്ചാരണരീതിയും അക്ഷരക്രമവും വ്യക്തമായി ചൂണ്ടികാണിക്കുവാൻ സ്വനവിജ്ഞാനം സഹായിക്കുന്നു. ബഹ്വർഥ പദങ്ങളുടെ (polysemous words), പ്രധാന അർഥം കണ്ടെത്തുക, ബഹ്വർഥത (polysemy), സമരൂപത (homonymy) എന്നിവയെ വേർതിരിക്കുക, ഖില–ലുപ്ത പദങ്ങൾക്കു വിശദീകരണം നൽകുക, പദ ങ്ങളുടെ വികാസപരിണാമങ്ങൾ വിശദമാക്കുക എന്നിവയ്ക്ക് ചരിത്രാത്മക ഭാഷാ ശാസ്ത്രം ഉപകരിക്കുന്നു. പദങ്ങളുടെ വർഗീകരണത്തിലോ പുതിയ പദങ്ങളുടെ പരിചയം വർദ്ധിപ്പിക്കുന്നതിനായുള്ള പാഠങ്ങളുടെ നിർമ്മിതിയിലൊ മനോ വിജ്ഞാന ഭാഷാശാസ്ത്രത്തിന് പങ്കുവഹിക്കാൻ കഴിയുന്നു. വിവിധ വ്യവഹാരങ്ങൾ ക്കകത്ത് ഉപയോഗിക്കുന്ന ആലങ്കാരിക, ഔപചാരിക പദങ്ങൾ, വിലക്കുപദങ്ങൾ, ഭാഷാഭേദങ്ങൾ എന്നിവയെയൊക്കെ വേർതിരിച്ചു പഠിക്കാൻ സാമൂഹ്യ ഭാഷാ ശാസ്ത്രം, ഭാഷാഭേദവിജ്ഞാനം തുടങ്ങിയ ഇതരശാഖകൾക്കാവുന്നു.

കമ്പ്യൂട്ടറധിഷ്ഠിത ഭാഷാശാസ്ത്രത്തിന്റെ വിവിധ തലങ്ങളിൽ കമ്പ്യൂട്ടറധിഷ്ഠിത നിഘണ്ടുക്കളുടെ സാധ്യതകൾ പ്രയോജനപ്പെടുന്നു. കമ്പ്യൂട്ടർ ഭാഷാശാസ്ത്രത്തിന്റെ പ്രധാന ഉപവിഭാഗമായ സ്വാഭാവികഭാഷാസംസ്കരണം (natural language

processing), യന്ത്ര വിവർത്തനം (Machine translation), ഭാഷാഭ്യസനം, ഭാഷാ ബോധനം, തുടങ്ങിയ തലങ്ങളിലെല്ലാം അവയെ സഹായിക്കുന്ന ഉപകരണമായി (tool) നിഘണ്ടുക്കൾ പ്രവർത്തിക്കുന്നു. മനുഷ്യഭാഷ കമ്പ്യൂട്ടറുകൾ മനസ്സിലാക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ സ്വാഭാവികഭാഷാ സംസ്കരണത്തിൻറെ അടിസ്ഥാനതത്വങ്ങളിൽപെടുന്നു. ലിഖിതത്തെ ഭാഷണ മാക്കൽ (Text to speech ), ഭാഷണത്തെ ലിഖിതമാക്കൽ (speech to text), ഭാഷണ വിവരവ്യവസ്ഥകൾ നിർമ്മിക്കൽ, ശബ്ദം തിരിച്ചറിയൽ, ഭാഷണവിവർത്തനം തുടങ്ങിയവയെല്ലാം സ്വാഭാവിക ഭാഷാസംസ്കരണവുമായ് ബന്ധപ്പെട്ടു കിടക്കുന്നു. അവയുടെ പ്രയോഗസാധ്യതകളിൽ നിഘണ്ടുക്കളുടെ പങ്ക് നിർണായകമാണ്. അതായത്, നൽകിയിരിക്കുന്ന പാഠത്തിന്റെ സ്വഭാവം മനസ്സിലാക്കി അതിന്റെ സംഗ്രഹം കമ്പ്യൂട്ടർ തിരിച്ചുനൽകുന്ന രീതിയ്ക്ക് ഓട്ടോമാറ്റിക് സമ്മറൈസേഷൻ എന്നു പറയുന്നു. വ്യത്യസ്ത തരം പാഠങ്ങൾ പരിചയപ്പെടുത്തുമ്പോഴേ ഇതു സാധ്യ മാകൂ. ഭാഷയുടെ എല്ലാ സവിശേഷതകളും ഉൾകൊള്ളുന്ന നിഘണ്ടുക്കൾ ഇതിന് ആവശ്യമാണ്. നൽകിയ പാഠത്തിൽ നിന്ന് അന്യഭാഷാ പദങ്ങൾ കണ്ടെത്തുക, സവിശേഷനാമങ്ങൾ കണ്ടെത്തുക എന്നീ പ്രവർത്തനങ്ങൾ ഉൾകൊള്ളുന്നതിന് സന്ദർഭാധിഷ്ഠിതമായ നിഘണ്ടു ആവശ്യമാണ്. കൂടാതെ വ്യവഹാരത്തിന്റെ സ്വഭാവം തിരിച്ചറിയുക, ബന്ധപ്പെട്ട പാഠങ്ങൾ കണ്ടെത്തുക, വാക്യങ്ങളിലെ വ്യത്യസ്ത സ്വഭാവങ്ങൾ തിരിച്ചറിയുക എന്നിവയെല്ലാം ഉൾകൊള്ളുന്ന വ്യവഹാര അപഗ്രഥനം, ബന്ധസൂചകപദങ്ങളുടെ തിരിച്ചറിവ് (relationship extraction) ഒരു കൂട്ടം ഡോക്യുമെന്റ്സിൽ നിന്ന് അവയുടെ പൊതുവികാരം അപഗ്രഥിക്കുന്ന സെൻറിമെന്റൽ അനാലിസിസ് (sentiment analysis), എന്നീ പ്രവർത്തന ങ്ങൾക്കെല്ലാം അനുഗുണമായ നിഘണ്ടുവും ആവശ്യമാണ്.

ലിഖിതരൂപത്തെ ഭാഷണമാക്കുകയും ഭാഷണത്തെ ലിഖിതരൂപമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന സ്പീച്ച് റക്കഗ്നീഷ്യനും (speech recognition) നിഘണ്ടുവിന്റെ സാന്നിധ്യം പ്രധാനമാണ്. പ്രത്യേകിച്ചും ഭാഷാഭേദ

നിഘണ്ടുക്കളുടെ പ്രസക്തി ശ്രദ്ധേയമാണിവിടെ. അതായത് സ്വാഭാവികത നഷ്ടമാവാതിരിക്കണമെങ്കിൽ മനുഷ്യഭാഷയുടെ എല്ലാ സവിശേഷതകളും കമ്പ്യൂട്ടറിന് വശമാകേണ്ടതുണ്ട്. അതുപോലെ, പദങ്ങൾ സൃഷ്ടിക്കുന്ന ആശയ ക്കുഴപ്പങ്ങൾ ഒഴിവാക്കുന്ന രീതിയായ അർഥസന്ദിഗ്ധതാ നിവാരണത്തിനും സന്ദിഗ്ത പദങ്ങളും അവയുടെ സന്ദർഭവും വിശദീകരിക്കുന്ന നിഘണ്ടു ആവശ്യമാണ്. സ്വാഭാവിക ഭാഷ കമ്പ്യൂട്ടറിനു മനസ്സിലാകണമെങ്കിൽ ഭാഷയുടെ വ്യാകരണത്തോടൊപ്പം പദസഞ്ചയത്തിന്റെ സാധ്യതകൾ കൂടി മനസ്സിലാക്കണം. വിവരസഞ്ചയദത്തത്തിനോടൊപ്പം ഒരു വലിയ യന്ത്രനിഘണ്ടുവും വേണ്ടതുണ്ട്. അതായത് ഭാഷയുടെ സമഗ്രത ഉൾക്കൊള്ളുന്ന ഒരു യന്ത്രനിഘണ്ടുവിന്റെ സാന്നിധ്യത്തിലൂടെയെ സ്വാഭാവിക ഭാഷാസംസ്കരണപ്രക്രിയയും പൂർണ്ണതയിൽ എത്തുകയുള്ളൂ. ഇത്തരത്തിൽ ഭാഷാശാസ്ത്രമേഖലയിലെ സൈദ്ധാന്തികവും പ്രായോഗികവുമായ മറ്റെല്ലാ ശാഖകളുമായും നിഘണ്ടുവിജ്ഞാനം ബന്ധപ്പെട്ടിരിക്കുന്നു.

### 2.9. നിഘണ്ടുവിജ്ഞാനീയം– സാമൂഹ്യഭാഷാശാസ്ത്ര സമീപനം

നിഘണ്ടുക്കളിൽ അടങ്ങിയിരിക്കുന്ന പദം, അർഥം എന്നീ മുഖ്യഘടകങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ അവയുടെ സാമൂഹ്യസ്വഭാവത്തെ മനസ്സിലാക്കാം. നിഘണ്ടുനിർമ്മാണ വേളയിലെ പ്രധാനചുമതലയാണ് പദതെരെഞ്ഞെടുപ്പ്. തയ്യാറാക്കുവാൻ പോകുന്ന നിഘണ്ടു സ്വഭാവത്തിന് അനുസൃതമായ പദമാണ് ഓരോ നിഘണ്ടുവും സ്വീകരിക്കുക. ഒരു പൊതുഭാഷാനിഘണ്ടുവിനെ സംബന്ധിച്ച് അക്കാലയളവിൽ വിനിമയത്തിലുള്ള പദങ്ങളയെല്ലാം ഉൾപ്പെടുത്തുക എന്നത് പ്രധാനമാണ്. പദസ്വീകരണത്തിലും അർഥവിതരണത്തിലും നിഘണ്ടുക്കളിൽ പ്രകടമാകുന്ന സാമൂഹ്യസാംസ്കാരികമൂല്യങ്ങളെ സാമൂഹ്യഭാഷാശാസ്ത്രതലത്തിൽ വിശദീകരിക്കാനാവും. അതിനായി സാമൂഹ്യചരങ്ങളെ ആശ്രയിക്കുന്നു.

### 2.10. ലിംഗപദവിയും നിഘണ്ടുക്കളും

ലിംഗപദവിസംബന്ധമായ വ്യതിരിക്തതകൾ നിഘണ്ടുക്കളിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്നത് സാമൂഹ്യഭാഷാശാസ്ത്ര പരിധിയിൽ വരുന്ന വിഷയമാണ്. ലിംഗഭേദത്തെ പല ഭാഷകളും പല തരത്തിലാണ് ഉൾക്കൊള്ളുന്നത് (Corbett: 1992). ചില ഭാഷകൾ പ്രത്യക്ഷമായി പ്രകടിപ്പിക്കുമ്പോൾ മറ്റു ചില ഭാഷകൾ പരോക്ഷമായി പ്രകടിപ്പിക്കുകയോ ഒട്ടും പ്രകടിപ്പിക്കാതിരിക്കുകയോ ചെയ്യുന്നു. ഭാഷാപരമായ സഭാവമാണ് ആ ഭാഷയുടെ പദ, അർഥ തലത്തിലും പ്രകടമാവുക. അതുതന്നെയാണ് അവയുടെ സൂക്ഷിപ്പുകേന്ദ്രമായ നിഘണ്ടുക്കളും ഉൾക്കൊള്ളുക. അതായത് നിഘണ്ടുക്കളും ലിംഗഭേദത്തെ ഉൾക്കൊള്ളുന്നത് വിവിധ തരത്തിലാണ്. രൂപം, അർഥം, പ്രയോഗം എന്നിവയിലേതെങ്കിലും അടിസ്ഥാനപ്പെടുത്തിയാണ് ഭാഷ ലിംഗപദവി നിർണയിക്കുന്നത്. രൂപതലത്തിൽ ലിംഗനിർണയം പ്രാധാന്യമുള്ള ഭാഷകളിലെ നിഘണ്ടുക്കളും സ്വീകരിക്കുന്ന പദങ്ങളുടെ ലിംഗസ്വഭാവത്തെ പ്രത്യക്ഷാ സൂചിപ്പിക്കുന്നു. ഉദാഹരണമായി ഹിന്ദി ഭാഷാ നിഘണ്ടുക്കൾ. അവയിൽ ഓരോ നാമപദവും ഏത് ലിംഗമാണെന്ന് വ്യവസ്ഥപ്പെടുത്തുന്നു. അർഥതലത്തിൽ ലിംഗപ്രാധാന്യമുള്ള ഭാഷാനിഘണ്ടുക്കൾ ആർഥികമായോ പ്രത്യയപരമായോ ലിംഗസ്വഭാവത്തെ സൂചിപ്പിക്കുന്നു. ഉദാഹരണമാണ് മലയാളം പോലുള്ള ഭാഷാനിഘണ്ടുക്കൾ .

### 2.11. സ്ത്രീപക്ഷ നിഘണ്ടു നിർമ്മാണശാസ്ത്രം (ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി – feminist lexicography): സാധ്യതയും സമീപനവും

നിലനിൽക്കുന്ന നിഘണ്ടുസങ്കൽപ്പത്തെ സ്ത്രീപക്ഷഭാഷാശാസ്ത്ര സമീപനങ്ങളിലൂടെ നോക്കികാണുന്ന രീതിയാണ് പ്രധാനമായും സ്ത്രീപക്ഷ നിഘണ്ടു നിർമ്മാണശാസ്ത്രം (ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി) എന്ന ആശയത്തിൽ വരുന്നത്. നൂറ്റാണ്ടുകളുടെ പഴക്കം അവകാശപ്പെടുന്ന നിഘണ്ടുമേഖല ഒരു വൈജ്ഞാനിക ശാഖയായി രൂപപ്പെടുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. മലയാളസന്ദർഭത്തിൽ പരിശോധിക്കുമ്പോൾ മിഷണറിമാരുടെ നിഘണ്ടുതാൽപ്പര്യം

ശ്രദ്ധേയമാണ്. ദ്വിതീയഭാഷാഭ്യസനാർഥം രചിക്കപ്പെട്ട മിഷണറിനിഘണ്ടുക്കൾ നിഘണ്ടുനിർമ്മാണത്തിന് ശാസ്ത്രീയമായ ചില മാതൃകകൾ കൊണ്ടുവരികയും ഭാഷയിൽ പുതിയ നിഘണ്ടുക്കളുടെ ആവിർഭാവത്തിന് അടിത്തറയൊരുക്കുകയും ചെയ്തു. തുടർന്ന് ഭാഷാതലത്തിൽ നിഘണ്ടുനിർമ്മാണസംബന്ധമായ ധാരാളം ചർച്ചകൾ അരങ്ങേറി. ആദ്യകാലചർച്ചകളെല്ലാം പ്രധാനമായും അതിന്റെ ഘടന യെയൊ വർഗീകരണത്തെയോ വിശകലനം ചെയ്യുന്നതായിരുന്നു. പിന്നീട് ഭാഷാ പഠനത്തിന്റെ വ്യാപ്തി വർദ്ധിച്ചതോടെ നിഘണ്ടുവിജ്ഞാനീയവും പുതിയ സമീപന ങ്ങളിലൂന്നിയ കാഴ്ചപ്പാടുകളെ ചെറുതായി സ്വീകരിക്കാൻ തുടങ്ങി. സാമൂഹ്യഭാഷാ ശാസ്ത്രരീതിശാസ്ത്രവും സംസ്കാരപഠനവുമെല്ലാം പുതിയ വായനകൾക്ക് ഇടം നൽകി. അതിൽ സ്ത്രീപക്ഷആശയങ്ങളെ നിഘണ്ടുലതലത്തിൽ പ്രയോഗിക്കുന്ന പഠനമാണ് സ്ത്രീപക്ഷ നിഘണ്ടുനിർമ്മാണശാസ്ത്രം (https://www.cambridge.org /core/books/womenanddictionarymaking/269F3D59374EADB5C169C146F3113574). അതായത് ഭാഷയ്ക്കകത്ത് പ്രവർത്തിക്കുന്ന ലിംഗമൂല്യങ്ങളെ സൈദ്ധാന്തികമോ പ്രായോഗികമോ ആയ തലത്തിൽ നിഘണ്ടുക്കൾ പ്രതിഫലിപ്പിക്കുന്നത് എങ്ങനെയെന്നും ലിംഗപദവിസംബന്ധമായ വ്യതിരിക്തതകളെ മറികടന്ന് പുതി യൊരു നിഘണ്ടുസങ്കൽപ്പത്തെ സ്വീകരിക്കേണ്ടതുണ്ടോ എന്നിങ്ങനെയുള്ള അന്വേഷണങ്ങളെല്ലാം ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫിയിൽ വരുന്നു.

ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി (feminist lexicography) ഒരൊറ്റ വിജ്ഞാന ശാഖയല്ല. ഫെമിനിസം, നിഘണ്ടുനിർമ്മിതിശാസ്ത്രം, നിഘണ്ടു വിജ്ഞാനീയം, സാമൂഹ്യഭാഷാശാസ്ത്രം, ലിംഗപദവിപഠനം, സംസ്കാരപഠനം തുടങ്ങിയ വിവിധ വിജ്ഞാനമേഖലകളുമായി ഇഴചേർന്നു നിൽക്കുന്നു. ഭാഷാവ്യവഹാര മേഖല യിലെ ലിംഗവിവേചനവും പിതൃകേന്ദ്രിത അധികാരമനോഭാവവും ചോദ്യം ചെയ്യാൻ ഈ മേഖല ശ്രമിക്കുന്നു. പ്രധാനമായും സ്ത്രീപക്ഷ സൈദ്ധാന്തികമേഖലയുടെ ആവിർഭാവമാണ് ഇത്തരം പഠനങ്ങളുടെ സാധ്യത മുന്നോട്ട് നയിച്ചത്. ഭാഷയുടെ അടിസ്ഥാന സ്രോതസ്സുകൾ എന്ന നിലയിൽ ലിംഗപദവി പഠനങ്ങൾ (gender

studies) വ്യാകരണം, നിഘണ്ടുക്കൾ എന്നിവയിലേക്ക് പഠനം വ്യാപിപ്പിച്ചിരുന്നെങ്കിലും നിഘണ്ടുക്കളെ കേന്ദ്രീകരിച്ചുള്ള ലിംഗഭേദപഠനങ്ങൾ ചില അടയാളപ്പെടുത്തലുകൾ മാത്രമായി ചുരുങ്ങിപ്പോവുകയായിരുന്നു. അതിൽ പ്രധാനമാണ് നിഘണ്ടുനിർമ്മാതാവും സ്ത്രീപക്ഷചിന്തകയുമായ ലിൻഡ വൈറ്റിന്റെ 'Feminism and Lexicography: Dealing with Sexist Language in a Bilingual Dictionary (1989: 61-64)', ലിൻഡ്സേ റോസ് റസ്സലിന്റെ 'women and dictionary making- Gendre, Genre, and English language Lexicography (2012)' ജാൻസി ജയിംസിന്റെ 'The feminist approach to lexicography (1995)', എന്നിവ. നിഘണ്ടു നിർമ്മാണ വേളയിൽ പദ, അർഥ തലത്തിൽ പ്രകടമാകുന്ന ലിംഗഭേദത്തെ വിമർശ നാത്മകമായി സമീപിക്കുന്ന പഠനങ്ങളാണ് മേൽസൂചിപ്പിച്ചവ. ദ്വിഭാഷ നിഘണ്ടു ക്കളിൽ ഉണ്ടാകുന്ന അർഥസമതുല്യത എങ്ങനെയാണ് ലിംഗമൂല്യത്തെ നിർണയിക്കുന്നതെന്നിവിടെ വിശദീകരിക്കുന്നു. ഇത്തരത്തിൽ നിഘണ്ടു സംബന്ധമായി വന്ന പഠനങ്ങളെല്ലാം ഫെമിനിസ്റ്റ് നിഘണ്ടുവിജ്ഞാനീയത്തിന്റെ ഭാഗമാണ്. മാത്രമല്ല, ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി എന്ന ആശയത്തെ കൃത്യമായി വിശകലനം ചെയ്യാൻ ലിൻഡ്സേ റോസ് റസ്സലിന്റെ (2012) പഠനത്തിനാവുന്നുണ്ട്. ആ ഒരു സൈദ്ധാന്തികകാഴ്ചപ്പാട് വിശദീകരിച്ചുകൊണ്ട് മലയാളത്തിലേക്ക് ഇറങ്ങിവരാനുള്ള ശ്രമം കൂടിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്

ഫെമിനിസം എന്ന ചിന്താപദ്ധതി രൂപപ്പെടുത്തിയ പദങ്ങൾ, രൂപപരമായോ അർഥപരമായോ ലിംഗസ്വഭാവം ഉൾക്കൊള്ളുന്ന പദങ്ങൾ, നിലനിൽക്കുന്ന പദത്തിനകത്തെ സ്ത്രീവിരുദ്ധത, പദവിടവുകൾ, നിഘണ്ടുക്കൾ അവ കൈകാര്യം ചെയ്യുന്ന രീതി, നിഘണ്ടുനിർമ്മിതിയിലെ പെണ്ണിടപെടലുകൾ തുടങ്ങിയവയെല്ലാം ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫിയുടെ ഭാഗമാണ്. ഫെമിനിസ്റ്റ് നിഘണ്ടുവിജ്ഞാനത്തെ പല തരത്തിൽ നോക്കികാണാവുന്നതാണ്. നിഘണ്ടു എന്ന വൈജ്ഞാനികശാഖയുടെ നിർമ്മിതിയെ ചരിത്രപരമായി സമീപിക്കുക എന്നത് അതിൽ പ്രധാനമാണ്. നിഘണ്ടുനിർമ്മാണത്തിന്റെ ചരിത്രത്തോടൊപ്പം

നിഘണ്ടുനിർവ്വചനത്തിന്റെ വക്താക്കളേയും നിരീക്ഷിക്കാനാവും. അതുവഴി നിഘണ്ടുമേഖലയിലെ ആധിപത്യം തിരിച്ചറിയാനാകുമെന്നാണ് ലിൻഡ്സേ റോസ് റസൽ (2012: 86) പറയുന്നത്. ഒരു വിജ്ഞാനശാഖ എന്ന രീതിയിലുള്ള നിഘണ്ടുവിന്റെ ഉത്ഭവത്തെ പരിശോധിക്കുമ്പോൾ 15- ആം നൂറ്റാണ്ടുമുതലേ നിഘണ്ടുവെന്ന സംജ്ഞ ഉപയോഗിച്ചിരുന്നതായി കാണാം. എല്ലാതരം പാഠങ്ങളും (text) അതിൽ ഉൾക്കൊണ്ടിരുന്നു. അന്നുമുതൽ ഇന്നോളമുള്ള നിഘണ്ടു ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് പെൺസാന്നിധ്യത്തിന്റെ അഭാവമാണ്. നിഘണ്ടുനിർമ്മാതാക്കളെ അടയാളപ്പെടുത്തുമ്പോഴും നിർവ്വചന കർത്താക്കളെ വിലയിരുത്തുമ്പോഴും സ്ത്രീകളുടെ അസാന്നിധ്യം പ്രകടമാണ്. എന്താണ് നിഘണ്ടു? എന്നതു സംബന്ധിച്ചുള്ള നിർവ്വചനങ്ങൾ പരിശോധിക്കുമ്പോൾ ലഭ്യമാകുന്ന പരാമർശങ്ങളെല്ലാം ഇത് സൂചിപ്പിക്കുന്നു.

“ഇംഗ്ലീഷ് നിഘണ്ടുനിർമ്മാണചരിത്രങ്ങളെല്ലാം ജോൺസൺ നിഘണ്ടു, വെബ്സ്റ്റർ നിഘണ്ടു, മുറായുടെ ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷണറീസ് എന്നിങ്ങനെയാണ് പരാമർശിക്കാറുള്ളത്. അതുമായി ബന്ധപ്പെട്ട പഠനങ്ങളെല്ലാം വിലയിരുത്തുന്നതും ഈ രീതിയിലാണ്. അതായത് ഇംഗ്ലീഷ് ഭാഷയിൽ നിഘണ്ടുനിർമ്മാണ ചരിത്രമെല്ലാം കേന്ദ്രീകരിക്കപ്പെട്ടത് ഒരു വിഭാഗത്തിലേക്ക് മാത്രമാണ്. സ്ത്രീകളുടെ പങ്കിനെ പരാമർശിക്കാതെ അദൃശ്യമാക്കുന്നിടത്ത് അവർ ചരിത്രത്തിനകത്ത് മറഞ്ഞിരിക്കുന്നു“ (http://pdfs.semanticscholar.org /9a6e/64af3e0d3 2e6992ae0ba 4314b74186dee325.pdf). യഥാർഥത്തിൽ മറച്ചുവയ്ക്കുകയാണ് ചെയ്യുന്നത്. കാരണം ചരിത്രപരമായി പരിശോധിക്കുമ്പോൾ നിഘണ്ടുസംബന്ധമായി യാതൊരു പങ്കുമില്ലാത്തവരായിരുന്നില്ല സ്ത്രീകൾ. ഇംഗ്ലീഷിലെ ആദ്യ ഏകഭാഷാനിഘണ്ടു എന്ന് അംഗീകരിക്കപ്പെട്ട റോബർട്ട് കൌഡ്രേ (1604) യുടെ നിഘണ്ടുവിൽ പദശേഖരണത്തെ പറ്റിയുള്ള പരാമർശത്തിൽ സ്ത്രീകൾ അവിഭാജ്യഘടകമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. കൂടാതെ അക്കാലങ്ങളിൽ ഇറങ്ങിയ Dame Juliana Berner (1846), Hannah Woolley (1677), Mary Evelyn (1690), Mary Johnson (1753), Lady Charlotte

Murray (1799), Eliza Robbins (1828) Sarah Josepha Buell (1856), Hale (1873), Sue Law McBeth (1883) ഈ നിഘണ്ടുക്കളിലെല്ലാം സ്ത്രീകളുടെ സാന്നിധ്യത്തെ വിശദ മാക്കുന്നുണ്ട്. കൂടാതെ ഇരുപതാം നൂറ്റാണ്ടിൽ സ്ത്രീപക്ഷസമീപനം ശക്തി ആർജിക്കുകയും അധികാരത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകൾ മാറുകയും ചെയ്യുന്ന ഘട്ടത്തിൽ നിഘണ്ടുനിർമ്മാണ രംഗത്ത് ഇടപെട്ട സ്ത്രീകൾ നിരവധി ഉണ്ട്. അതിനുള്ള തെളിവുകളാണ് താഴെ വിവരിക്കുന്നത്,

" 1974 H. Lee Gershuny's "Sexist Semantics in the Dictionary"

1983 Janet Whitcut's "Sexism in Dictionaries"

1985 Cheris Kramarae and Paula A. Treichler's *A Feminist Dictionary*

1989 Jane Miller's *Womanwords: A Vocabulary of Culture and Patriarchal Society*

1989 Kate Musgrave's *Womb with Views: Contradictionary of English Language*

1992 Hannah S. Russell and Delbert W. Fournier's "A Study of Sex-Role Stereotyping in the Oxford English Dictionary"

1999 Sabine Prechter's "Women's Rights - Children's Games: Sexism in Learners' Dictionaries of English" (Lindsay rose Russel: 2012).

ഇത്തരത്തിൽ പുതിയ സമീപനങ്ങളിലൂന്നിയ പഠനങ്ങളും പ്രവർത്തനങ്ങളും നിഘണ്ടുമേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുമ്പൊഴും നിഘണ്ടുചരിത്രത്തിന്റെ ഭാഗം എന്ന നിലയിൽ പരിഗണിക്കാൻ, നിരന്തരം പരിഷ്ക്കരിച്ചു കൊണ്ടിരിക്കുന്ന നിഘണ്ടു ചരിത്ര കൃതികൾക്കാവുന്നില്ലെന്ന വിമർശനവും റസൽ ഉന്നയിക്കുന്നുണ്ട് (2012 : 88) . ഇംഗ്ലീഷ് ഭാഷയിൽ പുറത്തിറങ്ങുന്ന പൊതുനിഘണ്ടുക്കളെയും വിഷയാധിഷ്ഠിത നിഘണ്ടുക്കളെയും കാലക്രമത്തിനനുസരിച്ച് രേഖപ്പെടുത്തിവയ്ക്കുന്ന നിഘണ്ടുസംബന്ധചരിത്രകൃതികൾ നിരവധിയുണ്ട്. അത്തരം രേഖപ്പെടുത്തലുകളി ലൊന്നും തന്നെ ഫെമിനിസ്റ്റ നിഘണ്ടു നിർമ്മാതാക്കളെയോ കൃതികളെയോ പരാമർശിക്കുന്നില്ല. അതൊരു ബോധപൂർവ്വമായ ഒഴിവാക്കലായിട്ടാണ് കാണു ന്നത്. അതായത് എങ്ങനെയാണ് നിഘണ്ടു ചരിത്രമേഖലയിൽ നിന്ന് സ്ത്രീകളെ

മാറ്റിനിറുത്തുന്നതെന്നും അതെങ്ങനെയാണ് ഒരു വിഭാഗത്തിന്റേത് മാത്രമായി വ്യാപിച്ചുകിടക്കുന്നതെന്നും "സ്ത്രീകളും നിഘണ്ടുനിർമ്മാണവും" (women and dictionary making- 2012) എന്ന പഠനത്തിലൂടെ റസൽ വിശദീകരിക്കുന്നു. മേൽ സൂചിപ്പിച്ച വസ്തുതകൾ ഇംഗ്ലീഷ് ഭാഷാ നിഘണ്ടുചരിത്രസ്വഭാവത്തെ അടിസ്ഥാന മാക്കിയാണ്. ആ പഠനസമീപനത്തിലൂന്നി മലയാള നിഘണ്ടുനിർമ്മാണ മേഖല യിലെ പെണ്ണിന്റെ ഇടമെന്തെന്ന് തിരിച്ചറിയാനുള്ള ശ്രമവും പ്രധാനമാണ്. കാരണം ആഗോളീയ പരിതസ്ഥിതിയെ തദ്ദേശീയ ഇടങ്ങൾ ഉൾക്കൊണ്ടത് എങ്ങനെയെന്ന തിരിച്ചറിവിന് അതും സഹായകമാകും.

### 2.12. പെണ്ണിടപെടലുകൾ മലയാള നിഘണ്ടുക്കളിൽ

നിഘണ്ടുമേഖലയുമായി ബന്ധപ്പെട്ട ചരിത്രരചന ആഗോളതലത്തിൽ പെണ്ണിനെ അടയാളപ്പെടുത്തിയത് എങ്ങനെയെന്ന വിവരണമാണ് മേൽ സൂചിപ്പിച്ചത്. അതിൽനിന്നു ഭിന്നമായി മലയാള നിഘണ്ടുക്കളുടെ നിർമ്മാണ വിജ്ഞാന പരിസരത്തിൽ സ്ത്രീകളുടെ ഇടമെന്താണെന്നുള്ള അന്വേഷണവും പ്രധാനമാണ്. പല തരത്തിൽ നോക്കിക്കാണാവുന്നതാണ്. അതിൽപ്രധാനമാണ് ഇന്നോളമുള്ള നിഘണ്ടുനിർമ്മാതാക്കളുടെ ചരിത്രം പരിശോധിച്ച് അതിലെ പെൺ സാന്നിധ്യത്തെ അടയാളപ്പെടുത്തുകയെന്നത്.

18-ആം നൂറ്റാണ്ടിലാണ് അർണോസു പാതിരിയുടെയും, വരാപ്പുഴ നിഘണ്ടു ക്കളുടേയും ആവിർഭാവം, തുടർന്ന് 19-ആം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് കുറച്ചുകൂടെ ശക്തമായ പ്രവർത്തനം ഈ മേഖലയിൽ ഉടലെടുക്കുന്നത്. ബെഞ്ചമിൻ ബെയിലി (1846), റിച്ചാർഡ് കോളിൻസ് (1865), തോബിയാസ് സക്കറിയാസ് (1870), ഹെർമൻ ഗുണ്ടർട്ട് (1872) എന്നിവരുടെ നിഘണ്ടുക്കൾ ഈ കാലയളവിലാണ്. നിഘണ്ടു നിർമ്മാണത്തെ ശാസ്ത്രീയ തലത്തിലേക്കുയർത്താൻ ഈ ശ്രമങ്ങൾക്കായി. ഇവരെ പിൻതുടർന്ന് സ്വദേശീയരായ ശ്രീകണ്ഠേശ്വരം, ജി. പത്മനാഭപിള്ള (1923), ഏ. ആർ. പി. (1939), ആർ. നാരായണപണിക്കർ (1940), ശൂരനാട് കുഞ്ഞൻപിള്ള (എഡിറ്റർ- 1953) സി. മാധവൻപിള്ള (1966, 1976, 1977),

ബി. സി. ബാലകൃഷ്ണൻ ( എഡിറ്റർ– 1991), സുമംഗല (1975), എസ്. ഗുപ്തൻ നായർ (എഡിറ്റർ– 1997) തുടങ്ങിയവരും രംഗത്തെത്തി. 20–ആം നൂറ്റാണ്ടിന്റെ ആദ്യപകുതി കളിലാണ് നിഘണ്ടുനിർമ്മിതിയിലെ സ്വദേശിവത്കരണം പ്രബലമാകുന്നത്. കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകൾക്കിടയിലെ നിഘണ്ടുനിർമ്മാതാക്കളുടെ ചരിത്ര വിശകലനത്തിലൂടെ മനസ്സിലാകുന്നത് പെൺസാന്നിധ്യത്തിന്റെ അഭാവമാണ്. മൂന്നു നൂറ്റാണ്ടുകൾക്കിടയിൽ 'പച്ചമലയാള നിഘണ്ടു' കർത്താവായ സുമംഗലയുടെ സാന്നിധ്യമാണ് പെൺഭാഗത്തു നിന്നുള്ളത്. 1975–ലാണ് അവരുടെ നിഘണ്ടു പുറത്തുവരുന്നത്.

പൊതുഭാഷാ നിഘണ്ടുവിനപ്പുറം, ഒരു പ്രത്യേക വിഷയത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള നിഘണ്ടുക്കളെ പരിശോധിക്കുമ്പോഴും വലിയ മാറ്റമൊന്നും കാണാൻ സാധിക്കുന്നില്ല. പര്യായനിഘണ്ടു, നാനാർഥനിഘണ്ടു, ഫോക്ലോർ, നാടൻഭാഷാ, പുരാണനിഘണ്ടു, ബൈബിൾ നിഘണ്ടു, ജ്യോതിഷ നിഘണ്ടു തുടങ്ങി നിരവധി നിഘണ്ടുക്കൾ അടുത്ത കാലത്തായി ഇറങ്ങിയിട്ടുണ്ട്. പി. ജി. പത്മിനിയുടെ 'പണിയ ഭാഷാ നിഘണ്ടു' (2011), ആർ. ശിവകുമാറും, എ. ആർ. സ്മിതാ ശ്രേയസ്സും ചേർന്നു തയ്യാറാക്കിയ 'ഔദ്യോഗിക ഭാഷാ നിഘണ്ടു' (2013), സംഗീത , എം. കെ, പ്രജിഷ, എ. കെ, എം. ശ്രീനാഥൻ, എന്നിവർ ചേർന്നു തയ്യാറാക്കിയ 'ഫെമിനിസിറ്റ് നിഘണ്ടു' (2017) എന്നിവയാണ് പെൺസാന്നിധ്യമുള്ള മറ്റു നിഘണ്ടുക്കൾ. മൊത്തം രചയിതാക്കളുമായ് താരതമ്യം ചെയ്യുമ്പോൾ എത്രയോ കുറവാണത്.

നിഘണ്ടുനിർമ്മിതിക്കപ്പുറം, നിഘണ്ടുവുമായി ബന്ധപ്പെട്ട പഠനങ്ങൾ പരിശോധിക്കുമ്പോഴും മേൽപറഞ്ഞ അഭാവം പ്രകടമാണ്. പി.വി. ഓമനയുടെ 'നിഘണ്ടുക്കൾ മലയാളത്തിൽ' (1990), എന്ന കൃതി മാത്രമാണ് ഉള്ളത്. വിവിധ ആനുകാലികങ്ങളിലായി നൂറിലധികം ലേഖനങ്ങൾ വന്നിട്ടുണ്ടെങ്കിലും ലേഖന കർത്താക്കളിൽവെറും അഞ്ചുപേർ മാത്രമാണ് സ്ത്രീകളായിട്ടുള്ളത് (2017: 463).

നിഘണ്ടുനിർമ്മാണത്തിന്റെയും, അതുമായി ബന്ധപ്പെട്ട പഠനങ്ങളും നോക്കുമ്പോൾ ഈ മേഖലയിലെ സ്ത്രീ സാന്നിധ്യത്തിന്റെ ചിത്രം വ്യക്തമാണ്.

1965–ൽ ഇറങ്ങിയ 'മലയാള മഹാനിഘണ്ടു' നിഘണ്ടു നിർമ്മാണ മേഖലയിലെ സുപ്രധാന പ്രവർത്തനമാണ്. മലയാളത്തിനൊരു നിഘണ്ടു സംസ്കാരം കൊണ്ടു വരാനുള്ള ശ്രമമായി മലയാള മഹാനിഘണ്ടു പ്രവർത്തനത്തെ കാണാം. കാരണം മിഷണറിമാർ മുതലേ തുടങ്ങുന്ന നിഘണ്ടുനിർമ്മാണ പ്രവർത്തനങ്ങൾ ചില ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. അതിൽ നിന്നു മാറി അക്കാദമികമായി നിഘണ്ടുവിനെ കാണാനുള്ള ശ്രമം മലയാളമഹാനിഘണ്ടുവിനുണ്ടായിരുന്നു. അതുവരെ ഉണ്ടായിരുന്ന ഒറ്റപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നുമാറി നിഘണ്ടുനിർമ്മാണം ഒരു കൂട്ടായ്മയുടെ പ്രവർത്തനം കൂടിയായി. അത്തരം ഒരു കൂട്ടായ്മയിലെ സ്ത്രീ സാന്നിധ്യത്തെയും പരിശോധിക്കാവുന്നതാണ്. 1965 –ൽ തുടങ്ങി എട്ടോളം വാല്യങ്ങൾ പ്രസിദ്ധീകരിച്ചു. 1965 (ഒന്നാം വാല്യം: അ), 1970 (രണ്ടാം വാല്യം: ആ– ഔ), 1976 (മൂന്നാം വാല്യം: ക–കി), 1984 (നാലാം വാല്യം: കു– ഘൌ) ,1985 (അഞ്ചാം വാല്യം: ഘ– ണ്യ ), 1988 (ആറാം വാല്യം: ത– ദി ), 1997 (ഏഴാം വാല്യം: ദു– ന്റെ), 2009 (എട്ടാം വാല്യം: പ– പി) വർഷങ്ങളിലായാണ് മഹാനിഘണ്ടുവിന്റെ വിവിധ വാല്യങ്ങൾ പ്രസിദ്ധീകരിച്ചത്. രണ്ട് , മൂന്ന്, നാല് വാല്യങ്ങളുടെ പുതിയ പതിപ്പുകൾ യഥാക്രമം 2003, 2009, 2010 വർഷങ്ങളിലായി ഇറങ്ങിയിട്ടുമുണ്ട്. മലയാള മഹാനിഘണ്ടുവിന്റെ നിർമ്മാണ കൂട്ടായ്മയിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങളെ പരിശോധിക്കുമ്പോഴും സ്ത്രീസാന്നിധ്യത്തിന്റെ അഭാവം പ്രകടമാണ്. പ്രസിദ്ധീകരിക്കപ്പെട്ട എട്ടു വാല്യങ്ങളെ അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ വ്യക്തമാവുന്നത് സുപ്രധാന പദവിയായ എഡിറ്റോറിയൽ തലങ്ങളിൽ ഒന്നും സ്ത്രീയുടെ സാന്നിധ്യമില്ല എന്നാണ്. ലെക്സിക്കൺ സഹായിയായോ, മറ്റു സഹായികളായോ തൊഴിൽ എടുക്കുന്നവരെ പരിശോധിക്കുമ്പോഴും രണ്ടോ, മൂന്നോ സ്ത്രീകളിൽ മാത്രം ഒതുങ്ങുന്നതായും കാണുന്നു. കഴിഞ്ഞ അമ്പത് വർഷത്തെ 'മലയാള മഹാനിഘണ്ടു'

നിർമ്മാണചരിത്രം സ്ത്രീകളെ ഉൾക്കൊണ്ടതെങ്ങനെ എന്നതിന്റെ നേർചിത്രമാണ് മേൽസൂചിപ്പിച്ചത്.

നിഘണ്ടുനിർമ്മാതാക്കളെ പരിചയപ്പെടുത്തുന്ന പഠനങ്ങളിലെല്ലാം ഉപയോഗിക്കുന്ന പദം 'നിഘണ്ടുകാരൻ' എന്നാണ്, 'നിഘണ്ടുകാരികൾ' എന്നൊരു പ്രയോഗത്തിലേക്കെത്തണമെങ്കിൽ ഈ മേഖലയിലെ പെൺ ഇടപെടൽ കരുത്താർജിക്കേണ്ടിയിരിക്കുന്നു. ഇംഗ്ലീഷിലായാലും മലയാളത്തിലായാലും പരിശോധിക്കുമ്പോൾ വ്യക്തമാവുന്നത് നിഘണ്ടുവിജ്ഞാനമെന്ന മേഖല തീർത്തും പുരുഷ കേന്ദ്രിതമാണ്. അത്തരം ഒരു മേഖല പദ, അർഥ, പ്രയോഗ നിർമ്മിതിയിൽ സ്ത്രീസ്വത്വത്തെ അടയാളപ്പെടുത്തിയതെങ്ങനെയെന്ന് തിരിച്ചറിയുന്നതും പ്രസക്ത മാണ്. നിഘണ്ടുക്കളിലെ പദ,അർത്ഥവിശകലനത്തിലൂടെ അതു മനസ്സിലാക്കാവുന്ന താണ്. (വിശദപഠനം തുടരധ്യായത്തിൽ വരുന്നതിനാൽ ഇവിടെ ഉൾക്കൊള്ളിക്കുന്നില്ല). നിഘണ്ടുനിർമ്മിതിയിൽ ഉള്ള സ്ത്രീ അസാന്നിധ്യം മാറേണ്ടതിനോടൊപ്പം ശക്തമായ സ്ത്രീസാന്നിധ്യം ഈ മേഖലയിൽ ഉണ്ടാവേണ്ടത് അത്യാവശ്യവുമാണ്. ഈ സാഹചര്യത്തിലാണ് ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫിയ്ക്ക് അനന്ത സാധ്യതകൾ തുറന്നു കിട്ടുന്നത്

### 2.13. ഫെമിനിസ്റ്റ് നിഘണ്ടു-

ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി എന്ന ആശയത്തിന്റെ ഉത്ഭവം തന്നെ നിഘണ്ടുവെന്ന മേഖലയുടെ ചരിത്രരചനയിൽ ഒരു വിഭാഗത്തെ മാറ്റിനിറുത്ത പ്പെട്ടതിനെതിരെ ചോദ്യമുന്നയിച്ചുകൊണ്ടാണ്. നിഘണ്ടുവിന്റെ പുല്ലിംഗവത്കരണ ത്തിനിടയിലും (masculinization) 18, 19, നൂറ്റാണ്ടുകളിലായി സ്ത്രീപക്ഷചിന്തകരുടെ ചെറുചലനങ്ങൾ ഉണ്ടാവുന്നുണ്ട്. 20-ആം നൂറ്റാണ്ടിന്റെ അവസാനമാവുമ്പോഴേക്കും മേഖലയിൽ ഈ നിലനിന്ന ലിംഗവിവേചനപരവും പുരുഷാധിപത്യപരവുമായ സമീപനത്തിനെതിരെ ചില ബോധവത്കരണങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നു. അതിനോടനുബന്ധിച്ചാണ് ഫെമിനിസ്റ്റ് നിഘണ്ടുക്കൾ ഉണ്ടാവുന്നത്. അതുവരെ

ഉള്ള പുരുഷനിർമ്മിതനിഘണ്ടുക്കൾ എങ്ങനെയാണോ സ്ത്രീകളെ ചരിത്ര നിർമ്മിതിയിലും, കോശിമതലത്തിലുമൊക്കെ അടയാളപ്പെടുത്തിയത് അതിനെ എല്ലാം ചോദ്യംചെയ്തുകൊണ്ട് മാറ്റിനിറുത്തപ്പെട്ടവർക്ക് പുതിയ ഇടം നേടി കൊടുക്കുന്നു. പദതലത്തിൽ തന്നെ പുതിയ വിപ്ലവം സൃഷ്ടിക്കുകയായിരുന്നു ഫെമിനിസ്റ്റ് നിഘണ്ടുനിർമ്മാതാക്കൾ. 'History' എന്നതിനെ 'herstory' (Lennert and Willson (1993) define *herstory* as "1. The past as seen through the eyes of women) എന്നാക്കി. അതായത് അവൻ കണ്ട ഭൂതകാലത്തെ അവളുടെ കണ്ണിലൂടെ മാറ്റിപ്പണിയാൻ ശ്രമിച്ചു.

20–ആം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 21– ആം നൂറ്റാണ്ടിന്റെ ആദ്യവുമായി നിരവധി ഫെമിനിസ്റ്റ് നിഘണ്ടുക്കൾ നിർമ്മിക്കപ്പെട്ടു (1970– 2006) . A Dictionary of womens liberation, A womens new world dictionary, A feminist dictionary, Historical Dictionary of Feminism തുടങ്ങിയവ അവയിൽപ്പെടുന്നു. ഭാഷയിൽ ഒരു നിഘണ്ടു നിർമ്മിക്കുക എന്നതിലുപരിയായി ഭാഷാസങ്കൽപ്പനങ്ങളേയും പ്രയോഗങ്ങളെയും പുനർവായനയ്ക്ക് വിധേയമാക്കാവുന്ന ഇടപെടലുകളായി മാറുകയായിരുന്നു ഫെമിനിസ്റ്റ് നിഘണ്ടുനിർമ്മിതികൾ.

**2.14. ഫെമിനിസ്റ്റ് നിഘണ്ടുനിർമ്മിതിതത്വം (**the principles of feminist lexicography)

നിഘണ്ടുനിർമ്മാണവേളയിൽ സ്വീകരിക്കുന്ന സമീപനങ്ങളെയാണ് തത്വമായി അവതരിപ്പിക്കുന്നത്. പരമ്പരാഗത നിഘണ്ടുനിർമ്മിതിയിൽ നിന്നു ഭിന്നമായി ഫെമിനിസ്റ്റ് നിഘണ്ടുക്കൾ ഉൾക്കൊള്ളുന്ന പൊതുസമീപനമുണ്ട്. 'ഫെമിനിസ്റ്റ് നിഘണ്ടു' ( 1985 ) വിന്റെ രചനയിലൂടെ ക്രാമരെ ചെറിസ്, റുസോ ആൻ, ട്രഡിഷ്ലർ എന്നിവർ സ്വീകരിക്കുന്ന രീതിശാസ്ത്രം നിഘണ്ടു നിർമ്മാണത്തിന്റെ പ്രയോഗ ശാഖയ്ക്ക് മാത്രമല്ല, നിഘണ്ടു ഗവേഷണത്തിന്റെ സൈദ്ധാന്തിക തലത്തെയും ഉൾക്കൊള്ളുന്നതാണ്. ഫെമിനിസ്റ്റ് നിഘണ്ടുനിർമ്മാതാക്കൾ ഉത്പാദന ത്തിന്റേയും ഉപഭോഗത്തിന്റേയും പരിഗണനകളെ ഒന്നിച്ചു ചേർക്കുകയും അതോടൊപ്പം സാമൂഹികവും സാംസ്കാരികവും ഭൌതികവുമായ സാഹചര്യ

ങ്ങളിൽ എങ്ങനെയാണ് ഒരു പദം രൂപം കൊള്ളുന്നതെന്നും അർഥസ്വഭാവം എങ്ങനെയെന്നല്ലാമുള്ള കാര്യങ്ങൾകൂടി ഉയർത്തിപിടിക്കുവാൻ ശ്രമിക്കുന്നു. "പുരുഷ നിഘണ്ടുക്കൾ അവഗണിക്കപ്പെട്ട സ്ത്രീ നിർമ്മിത ഭാഷ" (Musgrave- 1989) യെയാണ് ഫെമിനിസ്റ്റ് നിഘണ്ടുക്കൾ അടയാളപ്പെടുത്തുന്നത്. അതുകൊണ്ടു തന്നെയാണ് പരമ്പരാഗതനിഘണ്ടുനിർമ്മിതിയിൽ നിന്നു ഭിന്നമായ സമീപന ങ്ങൾ സ്വീകരിക്കേണ്ടി വരുന്നത്. ആ സമീപനങ്ങൾ/തത്വങ്ങൾ താഴെ വിവരിക്കുന്നു.

### 2.14.1. ഉത്പാദനം

ഫെമിനിസ്റ്റ് നിഘണ്ടു നിർമ്മിതിയുടെ ആദ്യ സമീപനം ഇതിൽ ഊന്നി യുള്ളതാണ്. നിഘണ്ടു ഒന്നിനേയും മറച്ചുവയ്ക്കാത്തതും സാധ്യമാകുന്നിടത്തെല്ലാം സ്വന്തം ഉത്പാദനത്തിന്റെ സാഹചര്യങ്ങളെ മുൻകൂട്ടി കാണിക്കുന്നതുമാവണം. അതായത്, ഒരു പാഠത്തെ നിർമ്മിച്ചിരിക്കുന്നത് അർഥത്തെക്കുറിച്ച് കൃത്യമായ കാഴ്ചപ്പാടുകളും ഉദ്ദേശ്യവും പക്ഷപാതവും അഭിപ്രായവുമൊക്കെയുള്ള വ്യക്തി കളാണ്. സാമൂഹികവും സാംസ്കാരികവുമായ വ്യവസ്ഥകൾ, സമയത്തെയും ഇട ത്തെയും (time and place) പരിമിതപ്പെടുത്തിയത് പാഠം നിർമ്മിച്ചവരേയും അത് ഉപയോഗിക്കുന്നവരേയും സാരമായി ബാധിച്ചു. പാഠനിർമ്മാണത്തിൽ സമയവും പണവും വലിയ പങ്കു വഹിച്ചു. ഇത്തരത്തിൽ സാമൂഹികവും, ഭൗതികവും വ്യക്തി പരവുമായ ചില വ്യവസ്ഥകൾ പാഠത്തിന്റെ സാധ്യതയെ പരിമിതപ്പെടുത്തുകയോ പ്രവർത്തനക്ഷമമാക്കുകയോ ചെയ്തു.

മേൽസൂചിപ്പിച്ച ഘടകങ്ങളെ കൃത്യമായി ഉൾക്കൊണ്ടുകൊണ്ട് ഫെമിനിസ്റ്റ് നിഘണ്ടു അതാർക്കുവേണ്ടി, എന്തിനുവേണ്ടി, എങ്ങനെ നിർമ്മിച്ചു തുടങ്ങിയ ചോദ്യ ങ്ങളെ സംബന്ധിച്ച് കൃത്യമായ ബോധം നൽകാൻ ശ്രമിക്കുന്നു. മറ്റുനിഘണ്ടു ക്കളിലും നിർമ്മാണത്തെ സംബന്ധിച്ച വിശദീകരണം നൽകാറുണ്ടെങ്കിലും അവ വ്യക്തിപരമായ പ്രചോദനത്തിനപ്പുറം ഉള്ളടക്ക തീരുമാനത്തെ പറ്റിയുള്ള രീതി

ശാസ്ത്രം വിവരിക്കുന്നു. അതുവഴി ഭൌതികവിഭവങ്ങളെ (material resources) ഉറപ്പുവരുത്തുന്നു.

നിഘണ്ടുനിർമ്മിതിക്കാവശ്യമായവിവരങ്ങൾ ശേഖരിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നവരെക്കുറിച്ചുള്ള കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ഫെമിനിസ്റ്റ് നിഘണ്ടുക്കൾ ശ്രമിക്കുന്നു. ആമുഖം, നിഘണ്ടുവിന്റെ ഉപയോഗക്രമം തുടങ്ങിയവയോടൊപ്പം തന്നെ ലിംഗവിവേചനത്തെ തുറന്നു പ്രഖ്യാപിക്കുന്നു. പ്രഥമ പുരുഷസർവനാമത്തിന്റെ സ്വതന്ത്രമായ ഉപയോഗത്തെ നിരാകരിച്ചു. മാത്രമല്ല ഫെമിനിസ്റ്റ് നിഘണ്ടു നിർമ്മിക്കേണ്ടി വരുന്നതിന്റെ ലിംഗ രാഷ്ട്രീയ വിശദാംശങ്ങൾ നൽകുന്നു.

### 2.14.2. ഉപഭോഗം

വായനക്കാർക്കും ഉപയോക്താക്കൾക്കും പ്രാധാന്യം നൽകികൊണ്ടുള്ളതാണ് രണ്ടാമത്തെ തത്വം. അവരുടെ ആശയങ്ങൾക്കും അഭിപ്രായപ്രകടനത്തിനും പങ്കാളിത്തത്തിനും പ്രാധാന്യം നൽകുന്നു. പല നിഘണ്ടുക്കളും വായനക്കാരുടെ സംഭാവനകളെ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ നിന്നൊക്ക ഭിന്നമായി അവരുടെ സ്വന്തം അനുഭവപശ്ചാത്തലത്തിൽ നിന്നുള്ള ഇടപെടലുകൾക്കും വാക്യരൂപീകരണത്തിനുമെല്ലാം പ്രാധാന്യം നൽകുന്നു. അതിനായി നിഘണ്ടുവിനകത്ത് ഒഴിഞ്ഞ പേജുകൾ നിക്ഷേപിക്കുകയും അഭിപ്രായം രേഖപ്പെടുത്താനുള്ള ഇടമായി അതിനെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. ക്രാമറെയുടെയും ട്രയ്ഷ്ലറുടേയുമൊക്കെ നിഘണ്ടുക്കളിൽ അത്തരം സമീപനങ്ങൾ പ്രകടമാണ്. തലക്കെട്ടുകൾക്ക് പുതിയ നിർവ്വചനങ്ങളുണ്ടെങ്കിൽ രേഖപ്പെടുത്താം അതുപോലെ അർഥത്തിലുള്ള വ്യതിയാനങ്ങൾ, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ തുടങ്ങിയവയൊക്കെ രേഖപ്പെടുത്താം. മാത്രമല്ല കുറേ ചോദ്യങ്ങൾ ചോദിക്കാനും ശ്രമിക്കാറുണ്ട്. ആചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചിലപ്പോൾ മറ്റു പലതിനുമുള്ള നിർവ്വചനങ്ങളാവാം. ഇത്തരത്തിൽ വായനക്കാർ ഇടപെടുന്നതോടെ അവരും ചെറിയ നിഘണ്ടുനിർമ്മാതാക്കൾ ആവുന്നു. അതിനനുസൃതമായ മാറ്റങ്ങൾ

സ്വീകരിക്കുന്നതിൽ വ്യത്യസ്ത മാർഗങ്ങൾ ഉപയോഗിക്കുന്നു. അതായത് നിഘണ്ടു നിർമ്മാണ പ്രക്രിയയേയും അതിന്റെ സാധ്യതകളേയും കൂടുതൽ ജനകീയമാക്കു വാനാണ് ഫെമിനിസ്റ്റ നിഘണ്ടു കർത്താക്കൾ ശ്രമിച്ചത്.

**2.14.3. ഉൾച്ചേരൽ**

ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫിയുടെ മൂന്നാമത്തെ തത്വമായിവരുന്നത് ഇതാണ്. വ്യക്തികളെയും അവരുടെ ഉദ്ദേശ്യങ്ങളെയും കുറിച്ചുള്ള കാര്യങ്ങളെ എങ്ങനെയാണ് ഒരു നിഘണ്ടു സ്വയം നേരിട്ട് നമ്മുടെ ബോധ്യത്തിലേക്ക് കൊണ്ടുവരുന്നു എന്നതാണ്. അത് പ്രധാനമായും കോശിമ- അർഥത്തിലൂന്നിയുള്ളതാണ്. “ഒരു നിഘണ്ടു അല്ലെങ്കിൽ ലെക്സിക്കൺ ഉയർത്തിപ്പിടിക്കുന്ന അർഥമെന്നത് സാർവ്വത്രികവും കൂട്ടായ്മയിലൂടെ രൂപം കൊള്ളുന്നതുമാണ്. മാത്രമല്ല വളരെ ഉൾച്ചേർന്നിരിക്കുന്നതും അതോടൊപ്പം ഏറെക്കുറെ വ്യക്തിപരവും ഭാഗികമായി ഭാഷാശാസ്ത്രപരവുമാണ്” (2012: 249). വിശദമായി പറയുകയാണെങ്കിൽ ഒരു കോശിമം സൂചിപ്പിക്കുന്ന അർഥം പൊതുവെ ജനസമ്മതി നേടിയതായിരിക്കും. പൊതുനിഘണ്ടുക്കൾ ‘പൊതു’ വായ കാഴ്ചപ്പാടിൽ ഒരു പദത്തിന് ലഭ്യമാകുന്ന അർഥസ്വീകാര്യതയെ പ്രാധാന്യത്തോടെ രേഖപ്പെടുത്തിവയ്ക്കുന്നു. എന്നാൽ അതിനെ ഫെമിനിസ്റ്റ് നിഘണ്ടു നിർമ്മാതാക്കൾ ചോദ്യം ചെയ്യുന്നു. സ്വഭാവികമായ അർഥതലത്തിലുപരി അർഥനിർണയത്തിൽ ഭൌതികവും പ്രകരണശാസ്ത്രവുമൊക്കെ അടങ്ങിയിരിക്കുന്നു. അത് ചിലപ്പോ വ്യക്തിപരമാവാം, സാമൂഹ്യ, സാംസ്കാരിക സന്ദർഭത്തിൽനിന്നോ, മറ്റേതെങ്കിലും അനുഭവപശ്ചാത്തലത്തിൽ നിന്നോ ഒക്കെയാവാം. അതിനെയൊക്കെ സൂചിപ്പിക്കേണ്ടതുണ്ട്. മുഴുവനായും രേഖപ്പെടുത്തുക എന്നത് അച്ചടി നിഘണ്ടുവിനെ സംബന്ധിച്ച് പോരായ്മയാണെങ്കിലും , അത്തരം പരിമിതികളെ നിഘണ്ടുവിനു പുറത്തോ ആമുഖത്തിലോ സൂചിപ്പിക്കാൻ നിഘണ്ടുക്കൾ ശ്രമിക്കാറുണ്ടെന്നതും വസ്തുതയാണ്. എന്നാൽ ഫെമിനിസ്റ്റ് നിഘണ്ടുക്കൾ ന്യൂനതകളെയെല്ലാം മുൻകൂട്ടി വിശദീകരിക്കുന്നുണ്ട്. ചിലർ ശീർഷകപദത്തിൽതന്നെ കാര്യങ്ങൾ വിശദീകരിക്കുന്നു. ‘Lesbian Peoples: Material for a

Dictionary', 'feminist dictionary', തുടങ്ങിയവയെല്ലാം അതിൽപ്പെടുന്നു. ചില വിഷയാധിഷ്ഠിത നിഘണ്ടുക്കളും (ഫോക് ലോർ നിഘണ്ടു, ഭാഷാഭേദ നിഘണ്ടു, ....) പ്രായോഗികകമോ, ഭാതികമോ ആയ വശങ്ങളെ ഉൾക്കൊള്ളുന്ന നിർവ്വചന തന്ത്രങ്ങൾ നിർമ്മിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട ആശങ്കകളെ പുനരുജ്ജീവിപ്പിക്കുന്നതിൽ ഫെമിനിസ്റ്റ് നിഘണ്ടുക്കൾ ശ്രദ്ധേയമാണ്.

ഏത് സന്ദർഭത്തിലാണോ അർഥം രൂപപ്പെടുന്നത് എന്നത് ഫെമിനിസ്റ്റ് നിഘണ്ടുക്കളിൽ പ്രധാനമാണ്. കാരണം സ്ത്രീകൾക്കും സ്ത്രീസംബന്ധപദങ്ങൾക്കും പൊതുനിഘണ്ടുക്കൾ നൽകുന്ന അർഥത്തെ വിശകലനം ചെയ്യുമ്പോൾ അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ചുള്ള ധാരണകൾ ബോധ്യപ്പെടും. തലക്കെട്ടുകൾ (headwords) നൽകുന്ന നിർവ്വചനങ്ങൾക്ക് അർഥം നിർമ്മിക്കുന്നത് പോലും സാമൂഹികമായി അവർ എങ്ങനെ പ്രവർത്തിക്കുന്നു, നിർണയിക്കപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണെന്നാണ് റസൽ അഭിപ്രായപ്പെടുന്നത്. ഉദാഹരണമായി, എങ്ങനെയാണ് പേരുകൾ ലിംഗപരമായ മൂല്യങ്ങൾ വഹിക്കുന്നുവെന്നതിനെ സംബന്ധിച്ച നിരീക്ഷണം ഫെമിനിസത്തിൽ പ്രധാനമാണ്. "പുരുഷസ്വത്ത് എന്ന രീതിയിലാണ് സമൂഹത്തിൽ പേരുകൾ പ്രവർത്തിക്കുന്നത്. പിതാക്കന്മാർ നിശ്ചയിക്കുന്ന പേര് കുട്ടികൾക്ക് കൈമാറുകയും അതിലൂടെ അംഗീകാരവും നിയമപരിരക്ഷയും ഉറപ്പുവരുത്തുന്നു. ആൺക്കുട്ടികൾ പൈതൃകസ്വത്ത് പോലെ കൊണ്ടുനടക്കുകയും പെൺകുട്ടികൾ വിവാഹത്തോടെ പേരുമാറലിന് വിധേയപ്പെടുകയും ചെയ്യുന്നു" (Tuttle 1989). കൂടാതെ പൊതുലിംഗത്തിൽ ഉൾപ്പെടുന്ന ദൈവികപരിവേഷത്തിനെല്ലാം പുരുഷനാമം നൽകുന്നു. പൊതുനിഘണ്ടുക്കൾ അടയാളപ്പെടുത്തുന്ന പേരുകളിൽ ഈ ഒരു സമീപനം പ്രകടമാണ്. അതേസമയം ഫെമിനിസ്റ്റ് നിഘണ്ടുക്കൾ വ്യക്തിയുടെ സ്വത്വബോധത്തിലൂന്നി നിർവ്വചിക്കുന്നു. അതായത് എങ്ങനെയാണ് ഒരു പദ കോശം പ്രത്യക്ഷവും പരോക്ഷവുമായി തള്ളലും കൊള്ളലും നടത്തുന്നതെന്ന് സൂക്ഷ്മ നിരീക്ഷണങ്ങളിലൂടെ വ്യക്തമാക്കുകയും അതിനുപകരമായി ഫെമിനിസ്റ്റ് നിഘണ്ടു

ക്കൾ നിർവ്വചനങ്ങളിലൂടെ എല്ലാത്തരം സാമൂഹ്യപിൻതുടർച്ചകളെയും മറികടന്ന് സാമൂഹ്യഇടം നേടിക്കൊടുക്കുന്നു. അതിനായി ഒരൊറ്റ നിർവ്വചനത്തിലൊതു ങ്ങാതെ അതുമായിബന്ധപ്പെട്ട എല്ലാ നിർവ്വചനങ്ങളേയും അടയാളപ്പെടുത്തുന്നു.

കോശിമ അർഥ തലത്തിലെ മറ്റൊരു പ്രധാന ഘടകമാണ് ചില പദങ്ങളെ നിശബ്ദമാക്കുകയെന്നത്. അത് പലവിധത്തിൽ സംഭവിക്കാം. ചില പദങ്ങൾക്ക് സമാനമായ എതിർലിംഗപദങ്ങൾ ഉണ്ടാവാതിരിക്കുക അല്ലെങ്കിൽ അടയാള പ്പെടുത്താതിരിക്കുക. അടയാളപ്പെടുത്താതിരിക്കുന്നതോടെ വിനിമയം ചെയ്യപ്പെടാ തിരിക്കുക കൂടിയാണ്. പൊതുനിഘണ്ടുക്കൾ നിശബ്ദമാക്കപ്പെട്ട അല്ലെങ്കിൽ അവഗ ണിക്കപ്പെട്ട പദങ്ങളെ രേഖപ്പെടുത്താൻ ഫെമിനിസ്റ്റ് നിഘണ്ടുക്കൾ ശ്രമിക്കുന്നു. അതുകൊണ്ട് ഫെമിനിസ്റ്റ് നിഘണ്ടുക്കൾക്ക് നിർവ്വചനങ്ങളെയോ ഉദ്ധരണി കളെയോ മാറ്റിനിറുത്താനാവില്ല. അതായത് ഒരു തലക്കെട്ടിനകത്ത് ഉദ്ധരണി കളെ വയ്ക്കുന്നതിലൂടെ അവ ഒരുപാട് പേരുടെ വീക്ഷണങ്ങളുമായി സംവദിക്കുന്നു. ചില ഉദാഹരണങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ അക്കാര്യങ്ങൾ കൂടുതൽ ബോധ്യപ്പെടുത്താനാകും. 'വീട്' എന്ന പദം എടുക്കാം. സ്ത്രീകളെ സംബന്ധിച്ച് തൊഴിലിടവും പുരുഷനെ സംബന്ധിച്ച് വിശ്രമകേന്ദ്രവും ആയാണ് പൊതുനിഘണ്ടുക്കൾ രേഖപ്പെടുത്തുന്നത്. അതു തന്നെ ഒരൊറ്റ അർഥമായല്ല നിൽക്കുന്നത്. കൂട്, സ്ഥാപനം, ഇടം എന്നിങ്ങനെ വരുന്നു. ഭാഷയിൽ എങ്ങനെയാണ് ഇത്തരത്തിൽ ഒരർഥത്തെ രൂപപെടുത്തിയെടുക്കുന്നു എന്നത് ഫെമിനിസ്റ്റ് നിഘണ്ടുവിനെ സംബന്ധിച്ച് പ്രധാനമാണ്. അതിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയത്തെ വിവിധതരത്തിൽ ചർച്ചക്കെടുക്കുന്നു. അർഥത്തെ ക്കുറിച്ചുള്ള സംവാദങ്ങൾ വാക്കുകൾക്കകത്തുമാത്രമല്ല നിശബ്ദതയിലും ഊന്നിയിട്ടു ള്ളതാണ്. നിശബ്ദത ഭാഷയിൽ വലിയൊരു ഘടകമായി പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് ഭാഷാനിഘണ്ടുവിൽ നിന്നുള്ള ചില പദങ്ങളെ നോക്കാം.

" **CUCKOLD** –The husband of an unfaithful wife. The wife of an unfaithful husband is just called *wife*. (Kramarae and Treichler 1985)

**FAMILY MAN** –Refers to a man who shows more concern with other members of the family than is normal. There is no label *family woman*, since that would be heard as a redundancy. (Kramarae and Treichler 1985)

**HAPPILY EVER AFTER** –"Is a BF (before feminism) concept." (Michelene Wandor 1980, 135) (Kramarae and Treichler 1985, parenthetical citation original)

**SAPPHO** –[followed by an entire page without text] (Wittig and Zeig 1979)

**squire** –(noun) always a man; there is no parallel for a woman. (Maggio 1987) "(2012: 254).

ഇംഗ്ലീഷ് ഭാഷാനിഘണ്ടുവിൽ വിശ്വസിക്കാൻ കൊള്ളാത്ത ഭാര്യയുള്ള ഭർത്താവിനെ സൂചിപ്പിക്കുവാൻ പ്രത്യേകപദം (cuckold) ഉണ്ടാവുകയും വിശ്വസിക്കാൻ കൊള്ളാത്ത ഭർത്താവുള്ള ഭാര്യയെ വെറും ഭാര്യ എന്ന പദം കൊണ്ടു തന്നെ സൂചിപ്പിക്കുന്നു. മറ്റൊരു ഉദാഹരണമാണ് ' family man' (Refers to a man who shows more concern with other members of the family than is normal. There is no label *family woman*, since that would be heard as a redundancy. (Kramarae and Treichler 1985). മലയാളത്തിന്റ സന്ദർഭത്തിലും അത്തരം ധാരാളം പദങ്ങൾ കാണാം. അധികാരി, അപഥസഞ്ചാരി , കന്യക, ജന്മി, ജാരൻ, പതിവ്രത, പിൻഗാമി, പുരുഷാരം, വിധവ, വേശ്യ, തുടങ്ങിയ പദങ്ങളുടെ മൂല്യം വിശകലനം ചെയ്യുമ്പോൾ പദനിശബ്ദതയും പദവിനിമയവും നിഘണ്ടുതലത്തിൽ എങ്ങനെ എന്നു തിരിച്ചറിയാൻ കഴിയും. അതുവഴി സാമൂഹികമായി, ചരിത്രപരമായി, ഭാഷാപരമായി എവിടെയാണ് സ്ത്രീയുടെ ഇടമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇവയെയെല്ലാം പ്രതിരോധിച്ച് പാഠനിർമ്മിതിയിൽ സക്രിയമായി ഇടപെടാൻ ഫെമിനിസ്റ്റ് നിഘണ്ടുക്കൾ ശ്രമിക്കുന്നു. അതിന്റെ ഭാഗമായി കോശിമ– അർഥ തല ത്തിൽ നിശബ്ദമാക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്ത വാക്കുകളുടെ നീണ്ടനിര തന്നെ കൊണ്ടുവരുന്നു. അതോടൊപ്പം നിഘണ്ടുക്കൾ കാലങ്ങളായി തുടർന്നു

കൊണ്ടിരിക്കുന്ന ലിംഗവിവേചനത്തെ മറികടക്കുകയും അതിനായി നിഘണ്ടുവെന്ന സങ്കൽപ്പത്തെ പരിഷ്കരിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കുന്നു.

## 2.15. അധ്യായസംഗ്രഹം

നൂറ്റാണ്ടുകളുടെ പഴക്കം അവകാശപ്പെടാവുന്ന നിഘണ്ടുമേഖല ഒരു വിജ്ഞാനശാഖയായി രൂപപ്പെടുന്നത് പ്രധാനമായും 18, 19 നൂറ്റാണ്ടുകളിലാണ്. മലയാളത്തെ സംബന്ധിച്ച് നിഘണ്ടുനിർമ്മാണ പ്രവർത്തനങ്ങളിൽ ശാസ്ത്രീയത കൈവരുന്നത് മിഷണറിമാരുടെ ഇടപെടലുകളിലൂടെയാണ്. അതിനെ തുടർന്ന് ഉണ്ടായ സ്വദേശീയരുടെ പ്രവർത്തനങ്ങൾക്കൂടി നിഘണ്ടുക്കളുടെ ത്വരിത വികാസത്തിലേക്ക് വഴിതെളിയിച്ചു. നിലവിൽ സാങ്കേതികതയുടെ സാധ്യതകളെ കൂടി ഉപയോഗപ്പെടുത്താൻ നിഘണ്ടുമേഖലക്കായി. മാത്രമല്ല അവ ഭാഷാസാങ്കേ തികതയുടെ വളർച്ചയെ കൂടി സ്വാധീനിക്കുന്നു. അത്തരത്തിൽ ഭാഷാപഠന മേഖലയുടെ വിവിധ ഇടങ്ങളിൽ നിഘണ്ടുനിർമ്മിതിയും നിഘണ്ടു വിജ്ഞാനീയവും വലിയ തോതിൽ ഇടപെടുന്നു.

നിഘണ്ടുമായി ബന്ധപ്പെട്ട ആദ്യകാലപഠനങ്ങളെല്ലാം നിർമ്മാണരീതി യെയോ വർഗീകരണത്തെയോ സ്വഭാവത്തെയോ ആധാരമാക്കിയുള്ളവ ആയിരുന്നു. പിന്നീട് അവ സാമൂഹികവും സാംസ്കാരികവും ആയ ഘടകങ്ങളിലൂന്നി വിശദീകരിക്കുവാൻ ശ്രമിച്ചപ്പോഴും സ്ത്രീപക്ഷസമീപനത്തിലൂന്നിയുള്ള പഠനത്തിന്റെ അഭാവം പ്രകടമായിരുന്നു. അത്തരം പഠനത്തിലേക്ക് നീങ്ങുമ്പോഴാണ് നിഘണ്ടു മേഖലയിൽ നിലനിൽക്കുന്ന ആധിപത്യമനോഭാവം പ്രകടമാകുന്നത്. സാമൂഹിക മായി നിലനിൽക്കുന്ന അധികാരമനോഭാവം നിഘണ്ടുനിർമ്മാണവുമായി ബന്ധ പ്പെട്ട പദസ്വീകരണത്തിലും അർഥവിതരണത്തിലുമൊക്കെ നിലനിൽക്കുന്നു. നിഘണ്ടുനിർമ്മാതാക്കളും അത്തരം മൂല്യത്തെ ഉറപ്പിച്ചുനിറുത്തുവാനാണ് ശ്രമിച്ചത്. അത് സ്വഭാവികമായും ലിംഗപരമായ വിവേചനമൂല്യങ്ങളെയും ഉൾക്കൊണ്ടു കൂടിയായിരുന്നു. അവിടെയാണ് സ്ത്രീപക്ഷനിഘണ്ടുനിർമ്മാണശാസ്ത്രത്തിന്റെ പ്രസ ക്തി. നിലനിൽക്കുന്ന രീതിശാസ്ത്രത്തെ ചോദ്യം ചെയ്യുകയും നിഘണ്ടുനിർമ്മിതി

യിൽ പുതുസമീപനം കൊണ്ടുവരാനും അത്തരം ആശയത്തിനായി. മലയാള സന്ദർഭത്തിൽ നിന്നുകൊണ്ട് മലയാളനിഘണ്ടുക്കളുടെ ലിംഗമൂല്യത്തെ തുറന്നു കാട്ടാനും പരിഷ്കരണത്തിന്റെ ആവശ്യകതയെ വെളിപ്പെടുത്താനും ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫിക്കു കഴിയുന്നു.

# അധ്യായം– 3

# വ്യാകരണികലിംഗസംവർഗവും ലിംഗവ്യവസ്ഥയും:– മലയാളത്തിൽ

## 3.0. ആമുഖം

'ലിംഗം' (gender) എന്ന ആശയത്തെ ഭാഷാപഠനമേഖലയിൽ ആദ്യം അവതരിപ്പിക്കപ്പെടുന്നത് പരമ്പരാഗത ഭാഷാപഠനമാണ്. ഒരു വ്യാകരണിക സംവർഗം എന്ന നിലയിലാണ് 'ലിംഗ'ത്തെ പരിഗണിക്കുന്നത്. ആധുനികഭാഷാ ശാസ്ത്രം ആവിർഭവിച്ചിട്ടും അതിന്റെ ഘടനാവിശകലനത്തിലും ലിംഗമെന്നത് വ്യാകരണികാർഥത്തിൽ തന്നെയാണ് തുടർന്നത്. വ്യാകരണിക ലിംഗസംവർഗം എന്ന ആശയത്തെയും ലിംഗവ്യവസ്ഥ നിർണയത്തെയും വിശദീകരിക്കുകയും അതെങ്ങനെ ലിംഗപദവി നിർണയത്തെ സ്വീധീനിക്കുന്നുവെന്നും മലയാള സന്ദർഭത്തിൽ നിന്നുകൊണ്ടുള്ള അന്വേഷണമാണ് ഈ അധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## 3.1. ലിംഗം– വ്യാകരണതലത്തിൽ

ഭാഷാപ്രയോഗത്തിന്റെ ചിട്ടവട്ടങ്ങൾ വിശദമാക്കുന്ന ശാസ്ത്രശാഖയാണ് വ്യാകരണം. വ്യാകരണത്തിൽ നാമപദങ്ങളുടെ വിശകലനത്തിലാണ് ലിംഗമെന്ന സംവർഗത്തെ വിവരിക്കുന്നത്. ലോകപ്രസിദ്ധമായ സ്ത്രീ– പുരുഷ– ഇതര ഭേദത്തിനാണ് വ്യാകരണത്തിലും ലിംഗമെന്നു പറയുന്നത്. അതായത് ഒരു പദം അല്ലെങ്കിൽ ശബ്ദം ഉൾക്കൊള്ളുന്ന ലിംഗസ്വഭാവത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. പ്രധാനമായും സ്ത്രീലിംഗം, പുല്ലിംഗം, പൊതുലിംഗം എന്നിങ്ങനെയാണ് അടയാളപ്പെടുത്തുന്നത്. അതേ സമയം ലോകഭാഷകളെല്ലാം ഈ രീതിയാണ് പിൻതുടരുന്നതെന്ന് ഇതിനർഥമില്ല. കാരണം ലിംഗത്തെ പ്രാധാന്യത്തോടെയും അപ്രാധാന്യത്തോടെയും കാണുന്ന വ്യത്യസ്തതരം സമീപനം ലോകഭാഷകളിലുണ്ട്. ഒരേ ഗോത്രത്തിൽപ്പെട്ടുന്ന ഭാഷകൾ തന്നെ ലിംഗസംവർഗത്തിന്റെ കാര്യത്തിൽ

വ്യത്യസ്തത പുലർത്തുന്നുവെന്ന് വിവിധ ഭാഷാഗോത്രത്തിലെ ലിംഗസംവർഗത്തെ വിശകലനം ചെയ്തു കൊണ്ട് കോർബറ്റ്. ജി. ഗ്രവില്ലെ വ്യക്തമാക്കുന്നു (Corbett: 1991). അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ ലിംഗമില്ലാത്ത ഭാഷകളും രണ്ടു മുതൽ അഞ്ചു വരേയും അതിൽ കൂടുതലും ലിംഗവിഭജനം ഉള്ള ഭാഷകളും ഉണ്ട്. ഒരേ ഭാഷാ ഗോത്രത്തിന് അകത്തു തന്നെ വ്യത്യസ്തത പുലർത്തുന്നതായും കാണാം (അതേ പുസ്തകം, 1991: പുറം–92). ദ്രാവിഡഗോത്രത്തിൽ ഉൾപ്പെടുന്ന തമിഴ്, തെലുങ്ക്, മലയാളം എന്നിവയിലെല്ലാം ലിംഗവ്യവസ്ഥ നിർണയിക്കപ്പെടുമ്പോൾ ബ്രാഹ്വയ് ഭാഷ ലിംഗപ്രാധാന്യം നൽകുന്നില്ല. വാൾസ് (world atlas of language structure online) അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ അതു വ്യക്തമാണ്. 257 ലോക ഭാഷകൾ പരിശോധിക്കുമ്പോൾ അതിൽ 145 ഭാഷകൾക്കും ലിംഗവിഭജനമില്ല. ദ്വിലിംഗവിഭജനം 50 ഭാഷകളിലും, ത്രിലിംഗവിഭജനം 26 ഭാഷകളിലും ഉള്ളതായി കാണുന്നു. നാലു വീതമുള്ള 12 ഭാഷകളും അഞ്ചോ അതിൽ കൂടുതലോ ഉള്ള 24 ഭാഷകളെയും അടയാളപ്പെടുത്തുന്നുണ്ട്. ഓരോ ഭാഷയും സ്വീകരിക്കുന്ന ലിംഗവ്യ വസ്ഥയുടെ കൂടി അടിസ്ഥാനത്തിൽ ആണ് ഈ വിഭജനം.

### 3.2. ലിംഗവ്യവസ്ഥ

സംസ്കൃതം, ഹിന്ദി പോലുള്ള ഇൻഡോ– ആര്യൻ ഭാഷകളെല്ലാം ലിംഗ പരിഗണനയ്ക്ക് പ്രാധാന്യം നൽകുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓരോ നാമ പദവും ഏത് ലിംഗത്തിൽ ഉൾപ്പെടുന്നു എന്നത് പ്രത്യേകം അടയാളപ്പെടുത്തുന്നു. അതിനായി രണ്ടു തരം സമീപനങ്ങൾ സ്വീകരിക്കുന്നു. ഒന്ന് രൂപപരം, മറ്റൊന്ന് അർഥപരം. പദാന്ത്യം ഏത് സ്വനിമത്തിലാണോ അവസാനിക്കുന്നത് അതിന് അനുസരിച്ച് ലിംഗം നിർണയിക്കുന്നത് രൂപപരം. ഉദാ–മടിയൻ, മടിച്ചി. പദത്തിന്റെ അർഥം നോക്കി ലിംഗസ്വഭാവം നിശ്ചയിക്കുകയാണ് അർഥപരത്തിൽ. ഉദാ–അമ്മ, ആങ്ങള, ആകാശം. ജീവശാസ്ത്രപരമായ ലിംഗസവിശേഷതകളുടെ അടിസ്ഥാന ത്തിലോ കൃത്രിമമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലോ ആണത്

നിർണയിക്കപ്പെടുന്നത്. അതിന് ഓരോ ഭാഷയും സ്വീകരിക്കുന്ന വ്യവസ്ഥകളുണ്ട്. വ്യാകരണലിംഗസംവർഗത്തെ അടയാളപ്പെടുത്തുന്നതിന് ഭാഷകൾ സ്വീകരിക്കുന്ന മാർഗത്തെയാണ് ലിംഗവ്യവസ്ഥ എന്നു പറയുന്നത്.

### 3.3. ലിംഗവ്യവസ്ഥ- മലയാള വ്യാകരണത്തിൽ

മലയാളത്തിന്റെ വ്യാകരണചരിത്രം പരിശോധിക്കുകയാണെങ്കിൽ 'ലീലാതിലക' ത്തിൽ തുടങ്ങുന്നു. പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'ലീലാ തിലകം' യഥാർത്ഥത്തിൽ മണിപ്രവാള ലക്ഷണഗ്രന്ഥമാണ്. അതേ സമയം മലയാളഭാഷയുടെ വ്യാകരണികസംബന്ധമായ കാര്യങ്ങളെ കൂടി പരാമർശിക്കു ന്നതിന്റെ അടിസ്ഥാനത്തിലാണ് ലീലാതിലകത്തെ വ്യാകരണകൃതിയായും രേഖപ്പെടുത്തിയിരിക്കുന്നത് (മേരി, എൻ. കെ: 2015). തുടർന്നു വരുന്നത് മിഷണറി വ്യാകരണങ്ങളാണ്. മത, കച്ചവട താത്പര്യാർഥം കേരളതീരത്തെത്തിയ മിഷണറിമാർ ദ്വിതീയ ഭാഷാഭ്യസനാർഥം രചിക്കപ്പെട്ടവയാണവ. സ്വാഭാവികമായും വന്നുഭവിക്കുന്ന ന്യൂനതകളെ പരിഹരിച്ചും ഗുണങ്ങളെ സ്വീകരിച്ചും സ്വദേശീയരാൽ നിർമ്മിക്കപ്പെട്ട വ്യാകരണകൃതികളാണ് പിന്നിട് വരുന്നത്. മലയാള ഭാഷയുടെ വ്യാകരണചരിത്രത്തിന്റെ വികാസം ഇത്തര ത്തിലാണ്. ഈ വ്യാകരണകൃതികളെല്ലാം, ഒരു വ്യാകരണികസംവർഗം എന്ന നിലയിൽ ലിംഗത്തെയും പരിഗണിക്കുന്നു.

മലയാളം ദ്രാവിഡഗോത്രത്തിൽ ഉൾപ്പെടുന്ന ഭാഷയാണ്. അതേസമയം സംസ്കൃതവുമായുള്ള ബന്ധത്തെ നിഷേധിക്കാനാവുകയുമില്ല. സംസ്കൃതം ഇൻഡോ- യൂറോപ്യൻ ഗോത്രത്തിൽ ഉൾപ്പെടുന്നു. ഇൻഡോ-യൂറോപ്യൻ ഭാഷകളിൽ ശബ്ദ ത്തിന്റെ ലിംഗസ്വഭാവം വെളിപ്പെടുത്തുക എന്നതു പ്രധാനമാണ്. ഇന്ന ശബ്ദത്തിന് ഇന്ന ലിംഗം എന്ന് ആദ്യമേ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. മേൽസൂചിപ്പിച്ചിരുന്ന പോലെ രൂപാടിസ്ഥാനത്തിലുള്ള ഇത്തരം ലിംഗവ്യവസ്ഥയെ കല്പിതലിംഗ വ്യവസ്ഥ (Artificial gender) എന്നുപറയുന്നു. അകാരാന്തം, തകാരാന്തം, നകാരാ

ന്തം, സകാരാന്തം എന്നീ ശബ്ദങ്ങളിലാണ് പ്രധാനമായും ലിംഗഭേദമുള്ളത്. രൂപ പ്രധാനമാകയാൽ സചേതനവും സരൂപമുള്ളവയും മാത്രമല്ല, അചേതനവും അരൂപാശയങ്ങളും പുംസ്ത്രീലിംഗവിഭാഗങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ ഒരേ അർഥമുള്ള പദങ്ങൾ തന്നെ വ്യത്യസ്തവിഭാഗങ്ങളിൽ ഉൾപ്പെടുന്നുവെന്നതും ശ്രദ്ധേയമാണ്. ഉദാഹരണമായി 'ഭാര്യ' സ്ത്രീലിംഗവും 'കളത്രം' നപുംസകവുമാണ്. രൂപാധിഷ്ഠിതമായ ഇത്തരം വ്യവസ്ഥിതിയെ അവരുടെ ഭാവനാത്മകമായ നിലപാടായാണ് 'ദ്രാവിഡഭാഷാവ്യാകരണം' (1973) എന്ന കൃതിയിലൂടെ റോബർട്ട് കാൽഡ്വൽ വിവരിക്കുന്നത്.

ഇൻഡോ-യൂറോപ്യൻ ഭാഷകളുമായി താരതമ്യം ചെയ്യുമ്പോൾ ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷകൾ സിഥിയൻ ഗോത്രത്തോടാണ് കൂടുതൽ അടുപ്പം കാണിക്കുന്നത്. അതേസമയം ചില അംശങ്ങളിൽ മലയാളം സംസ്കൃതത്തിന്റെ സ്വഭാവങ്ങളും പ്രകടിപ്പിക്കുന്നുണ്ട്. ഇത് സംസ്കൃതസ്വാധീനത്തിന്റെ ഫലമാണെന്നു പറഞ്ഞുകൂടാ. ഒന്നുകിൽ ദ്രാവിഡരുടെ പുരോഗമനാത്മകമായ സംസ്കാരത്തിന്റെ ഫലമോ അല്ലെങ്കിൽ പ്രാക് സംസ്കൃത പാരമ്പര്യത്തിന്റെ ഘടകങ്ങൾ അവശേഷിക്കുന്നതിന്റെ ഫലമോ ആവാം. ദ്രാവിഡഗോത്രഭാഷകളിലെ ലിംഗവ്യവസ്ഥ അർഥം അനുസരിച്ചാണ്. ശബ്ദം കുറിക്കുന്നത് പുരുഷനെയോ, സ്ത്രീയെയോ, നപുംസകത്തെയോ എന്നു പരിഗണിച്ചാണ് ശബ്ദത്തിന്റെ ലിംഗം നിർണയിക്കുന്നത്. സംസ്കൃതത്തെപോലെ സാങ്കേതികമല്ല. ഈ രീതി പ്രകൃതാനുസാരിയും യുക്തിസഹവുമാകയാൽ ഇതിനു സ്വാഭാവികലിംഗവ്യവസ്ഥ (natural gender) എന്നുപറയും (കാൽഡ്വൽ: 1973). ലീലാതിലകം മുതലുള്ള എല്ലാ വ്യാകരണകൃതികളും അർഥപ്രാധാന്യത്തെ അനുകൂലിക്കുന്നുണ്ട്. അതോടൊപ്പം വിശേഷബുദ്ധിയുള്ളവയെ മാത്രമേ സ്ത്രീ, പും വിഭാഗത്തിൽ ഉൾപ്പെടുത്തുന്നുള്ളൂ. ബാക്കിയെല്ലാം നപുംസകമാണ്. അവയെ അചേതനമായാണ് ഉൾക്കൊള്ളുന്നത്. അതായത് ദ്രാവിഡലിംഗവ്യവസ്ഥ കുറേക്കൂടി യുക്തിസഹമാണെന്നർഥം. ഈ യൊരു ലിംഗവ്യവസ്ഥാസങ്കല്പത്തെ ദ്രാവിഡരുടെ പുരോഗമനാത്മകമായ ചിന്താ

ശേഷിയുടെയും വ്യാകരണകാര്യത്തിലുള്ള ഉന്നതസംസ്കൃതിയുടെയും ഫലമായാണ് കാൽഡ്വൽ വിലയിരുത്തുന്നത്. പൊതുവെ മലയാളം യുക്തിസഹമായ നിലപാടാണ് ലിംഗവിവരണത്തിൽ സ്വീകരിച്ചിരിക്കുന്നത്. എങ്കിലും ചില സന്ദർഭങ്ങളിൽ സൌകര്യപ്രദമാകുന്ന വിധം ലിംഗത്തെ ഉപയോഗിക്കുന്നുമുണ്ട്. ഉദാഹരണത്തിന് 'പശു' എന്ന നാമപദം നോക്കാം. വാക്യത്തിൽ പശുവിനെ സൂചിപ്പിക്കുവാൻ അവൾ എന്നോ അത് എന്നോ ഉപയോഗിക്കാറുണ്ട്. അതായത് അർഥത്തോടൊപ്പം വ്യാകരണത്തിനും പ്രാധാന്യം നൽകുന്ന നിലപാടാണ് മലയാളത്തിന്റേതെന്ന് പറയാം.

മേൽസൂചിപ്പിച്ച പൊതുവിവരണത്തിന്റെ അടിസ്ഥാനത്തിൽ മലയാള വ്യാകരണലിംഗചരിത്രത്തെ വിശകലനം ചെയ്യാവുന്നതാണ്. അതിനായി കൃതികളെ സൌകര്യാർഥം വിവിധ ഘട്ടങ്ങളായി തിരിക്കുന്നു. പ്രാചീനവ്യാകരണ കൃതിയെന്നനിലയിൽ 'ലീലാതിലക'ത്തെയും 'തൊൽകാപ്പിയ'[1] ത്തെയും എടുക്കുന്നു. തുടർന്ന് മിഷണറി വ്യാകരണങ്ങളെ വിശകലനം ചെയ്യുന്നു. അതിനു ശേഷം വരുന്നത് സ്വദേശീവ്യാകരണങ്ങളാണ്. ലിംഗവ്യവസ്ഥ, വിഭജനം, പ്രത്യയരീതി എന്നിവയിലുള്ള സാമ്യവൈജാത്യങ്ങളെയും വിമർശനാത്മകമായി വിലയിരുത്തുന്നു.

### 3.3.1. ലീലാതിലകവും തൊൽകാപ്പിയവും

3.3.1. പട്ടിക (1). ലീലാതിലകവും തൊൽകാപ്പിയവും

| നമ്പർ | വ്യാകരണകൃതി, കാലം, കർത്താവ് | ലിംഗവ്യവസ്ഥ/ലിംഗനിർവചനം | ലിംഗവിഭജനം | ലിംഗപ്രത്യയം |
|---|---|---|---|---|
| 1 | തൊൽകാപ്പിയം, 5-ആം | പാൽ എന്ന സാങ്കേതിക പദം | ആൺപാൽ , | ൻ, ൾ |

[1] മലയാളത്തിന്റെ ഉത്ഭവസംബന്ധമായ ചർച്ചകളിൽ തമിഴ് ഭാഷയുടെ സ്വാധീനവും നിർണായകമായതുകൊണ്ടാണ് തമിഴ് വ്യാകരണകൃതിയായ തൊൽകാപ്പിയത്തെയും വിശകലനത്തിനായി പരിഗണിച്ചിരിക്കുന്നത്.

| | | | | |
|---|---|---|---|---|
| | നൂറ്റാണ്ട് (?),– | | പെൺപാൽ , പലർപാൽ | |
| 2 | ലീലാതിലകം, 14– ആം നൂറ്റാണ്ട്, – | അത്രസ്ഥാദികം ലിംഗം ലൌകികം നഃ പാരി ഭാഷികം. | സ്ത്രീ, പും, നപുംസകം | ൻ, ൾ, ഇ , മ്, ത് |

തമിഴ് വ്യാകരണകൃതിയായ തൊൽകാപ്പിയത്തിൽ ലിംഗം, വചനം എന്നിവയെ ഒരുമിച്ചാണ് വിവരിക്കുന്നത്. നാമവിശകലനത്തിൽ 160 മുതൽ 163 വരെയുള്ള പടലങ്ങളിലാണ് ലിംഗ, വചന സൂചന. അതിനായി 'പാൽ' എന്ന സാങ്കേതികപദമാണ് സ്വീകരിച്ചിരിക്കുന്നത്. നാമങ്ങളെ 'ഉയിർതിണൈ' (മനുഷ്യരെ കുറിക്കുന്നത് ), 'അഹിരിണൈ' (മനുഷ്യരെ കുറിക്കാത്തത് ), 'വിരവു തിണൈ' (ഇവ രണ്ടിലും പൊതുവായി വരുന്നതിനെ സൂചിപ്പിക്കുന്നു) എന്നിങ്ങനെ തിരിക്കുന്നു. അതിൽ 'ഉയിർതിണൈ' നാമങ്ങളിൽ ആണിനെ കുറിക്കുന്നവയെ 'ആൺപാൽ' എന്നും പെണ്ണിനെ കുറിക്കുന്നവയെ 'പെൺപാൽ' എന്നും ഒന്നിലധികം ആണിനെയും പെണ്ണിനെയും കുറിക്കുന്നവയെ 'പലർപാൽ' എന്നും തിരിക്കുന്നു. 'അഹിരിണൈനാമ' ങ്ങളിൽ നപുംസക ഏകവചനത്തെ കുറിക്കുന്ന 'ഒന്റപാൽ', നപുംസകബഹുവചനത്തെ കുറിക്കുന്ന 'പലവിൻപാൽ' എന്നിങ്ങനെ യുമാണ് വർഗീകരിക്കുന്നത്. മാത്രമല്ല ലിംഗവചനഭേദം പ്രകടിപ്പിക്കുന്ന പതിനഞ്ചോളം ഉദാഹരണങ്ങളും നൽകിയിട്ടുണ്ട്. ലിംഗപ്രത്യയത്തെയും തൊൽകാപ്പിയം അടയാളപ്പെടുത്തുന്നുണ്ട്. പുല്ലിംഗസൂചകമായി 'ൻ' പ്രത്യയവും സ്ത്രീലിംഗരൂപത്തിന് 'ൾ' പ്രത്യയവും പദത്തിന്റെ അന്ത്യത്തിൽ വരുന്ന 'ർ', 'പ', 'മാർ' എന്നിവ അലിംഗബഹുവചനത്തെയും 'ത', 'റ', 'ട' എന്നീ വ്യഞ്ജനങ്ങളോടു ചേർന്നു വരുന്ന സംവൃതഉകാരത്തിൽ അവസാനിക്കുന്ന പദങ്ങൾ നപുംസക ലിംഗ ഏക വചനത്തെയും കുറിക്കുന്നു. പദത്തിന്റെ അവസാനം വരുന്ന 'അ', 'ആ', 'വ' എന്നിവ നപുംസകബഹുവചന ലിംഗത്തെയുമാണ് സൂചിപ്പിക്കുന്നത്.

'തൊൽകാപ്പിയം' ലിംഗവിഭജനം, പ്രത്യയസൂചന എന്നിവയ്ക്കൊക്കെ പ്രാധാന്യം നൽകുന്നുവെങ്കിലും മറ്റു ദ്രാവിഡവ്യകരണസങ്കല്പകളിൽ നിന്നും ഭിന്ന മായി 'പാൽ' എന്ന സംജ്ഞയാണ് 'ലിംഗം' എന്നതിന് നൽകുന്നത്. 'ഉയിർ തിണൈ'യിൽ ഉൾക്കൊള്ളുന്നവയ്ക്കുമാത്രമേ ലിംഗസൂചന നൽകിയിട്ടുള്ളൂ എന്നതും പ്രധാനമാണ്. അതായത് മനുഷ്യവർഗത്തിൽ ഉൾപ്പെടുന്നവയെ മാത്രമേ തൊൽകാപ്പിയം പരിഗണിച്ചിട്ടുള്ളൂ. തീർത്തും യുക്തിസഹമായ നിലപാടാണ് തൊൽകാപ്പിയം സ്വീകരിച്ചിരിക്കുന്നത്.

ലീലാതിലകം 26 മുതൽ 33 വരെയുള്ള സൂത്രങ്ങളിലായാണ് ലിംഗവിവരണം നൽകിയിരിക്കുന്നത്. "അത്രസ്ത്രാദികം ലിംഗം ലൌകികം നഃ പാരിഭാഷികം" എന്ന സൂത്രത്തിലൂടെ മലയാളത്തിലെ ലിംഗവ്യവസ്ഥ പ്രകൃത്യാ ഉള്ളതാണെന്ന് പറഞ്ഞു വയ്ക്കുന്നു. സ്ത്രീ, പും, നപുംസകം എന്നിങ്ങനെ ത്രിലിംഗവിഭജനവും നടത്തിയിരിക്കുന്നു. പുല്ലിംഗപ്രത്യമായി 'ൻ' അവതരിപ്പിക്കുകയും പ്രത്യയരഹിതമായ പുല്ലിംഗ രൂപങ്ങൾക്ക് (ആന, കാള) ഉദാഹരണം നൽകുകയും ചെയ്യുന്നു. ൾ, ഇ, എന്നിവ സ്ത്രീലിംഗപ്രത്യയങ്ങളാണ്. നപുംസകനാമങ്ങളിൽ മ്, ത്, എന്ന പ്രത്യയവും പ്രത്യയ രഹിതമായ നപുംസകരൂപങ്ങൾ (തോൾ, തേൻ, വാൾ) ഉണ്ടെന്നും പറയുന്നു. ക്രിയാതലത്തിലെ ലിംഗപൊരുത്തത്തെ സംബന്ധിച്ചും ലിലാതിലകം വിവരിക്കുന്നുണ്ട് (36–ആം സൂത്രം). ഇത്തരത്തിലാണ് ലിംഗസൂചന ലീലാതിലകം നൽകിയിരിക്കുന്നത്.

തൊൽകാപ്പിയവും ലീലാതിലകവും നൽകിയിരിക്കുന്ന ലിംഗവിവരണമാണ് മേൽസൂചിപ്പിച്ചത്. ഈ രണ്ടു കൃതികളിലെയും വ്യാകരണലിംഗസങ്കല്പത്തെ താരതമ്യാത്മകമായി വിശകലനം ചെയ്യുന്ന പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എസ്. പ്രേമയുടെ 'ലിംഗവിചാരം: തൊൽകാപ്പിയത്തിലും ലീലാതിലകത്തിലും' (പ്രേമ, എസ്: 2018) എന്ന ലേഖനം അതിൽ പ്രധാനമാണ്. തൊൽകാപ്പിയം സ്വീകരിക്കുന്ന ലിംഗനിലപാടുകളെ ശരിവയ്ക്കുകയും ലിംഗപരമായ സാങ്കേതിക പദ

സ്വീകരണത്തിൽ, ദ്രാവിഡഗോത്രത്തിൽ ഉൾപ്പടുന്ന മലയാളം ലിംഗം എന്ന സംസ്കൃതസംജ്ഞ സ്വീകരിക്കുന്നതിനെ ചോദ്യം ചെയ്യുന്നുമുണ്ട്. മലയാളത്തിലെ ലിംഗവ്യവസ്ഥ സംസ്കൃത ഭാഷയിലെന്ന പോലെ സാങ്കേതികമോ കൃത്രിമമോ അല്ല എന്നാണ് ലീലാതിലകം ആദ്യമേതന്നെ പ്രസ്താവിക്കുന്നത്. ഈ പ്രസ്താവന മലയാളത്തെ സംബന്ധിച്ച മാത്രമല്ല എല്ലാ ദ്രാവിഡഭാഷകൾക്കും ബാധകമാണ്. അതായത് ദ്രാവിഡഭാഷകളെ ഇന്തോ ആര്യൻ ഭാഷകളായ സംസ്കൃതത്തിൽ നിന്നും ഹിന്ദിയിൽ നിന്നും വ്യത്യാസപ്പെടുത്തുന്ന ഒരു പ്രധാന പ്രത്യേകതയാണ് ലിംഗവ്യവസ്ഥയിലെ ഈ സ്വഭാവികത. ഇത്തരം സ്വാഭാവികമായ ലിംഗ വ്യവസ്ഥാപരിഗണനയിൽ ഊന്നിയാണ് തൊൽകാപ്പിയം ലിംഗവിശദീകരണം നൽകിയിരിക്കുന്നത്. ത്രിമാനലിംഗവിഭജനമാണ് സ്വീകരിക്കുന്നത്. ഈ വിഭജന രീതിയാണ് ദ്രാവിഡഗോത്രത്തിലെ ഭൂരിഭാഗം ഭാഷകളും സ്വീകരിക്കുന്നത്. മാത്രമല്ല, "തൊൽകാപ്പിയം അവതരിപ്പിച്ചിട്ടുള്ള ലിംഗവർഗീകരണം തെക്കേ ദ്രാവിഡ ഉപഗോത്രത്തിലെ എല്ലാ ഭാഷകളിലേയും ലിംഗവ്യവസ്ഥയെ വിശദീകരിക്കുന്നതിന് പര്യാപ്തം ആയിരുന്നു" (പ്രേമ. എസ്. 2018: പുറം– 4256–4264). അതായത് ലീലാതിലകത്തെ അപേക്ഷിച്ച് തൊൽകാപ്പിയം സ്വീകരിക്കുന്ന നിലപാട് കുറേക്കൂടെ സൂക്ഷ്മവും സ്ഥൂലവുമാണെന്നാണ് പ്രേമയുടെ വിലയിരുത്തൽ. എന്നിട്ടും വിഭാഗം, തരം എന്നർഥം വരുന്ന 'പാൽ' എന്നതിനു പകരം മലയാളഭാഷ 'ലിംഗം' എന്ന സംസ്കൃതസംജ്ഞ സ്വീകരിക്കുകയാണ് ഉണ്ടായത്. ലീലാതിലക കാരൻ സ്വീകരിക്കുന്ന സംജ്ഞ തുടർന്നുവന്ന മലയാളവ്യാകരണകൃതികളെല്ലാം പിന്തുടരുകയും ചെയ്തു.

തീർത്തും സാങ്കേതികപരമായ ലിംഗവ്യവസ്ഥയുള്ള സംസ്കൃതത്തിൽ നിന്നും ഭിന്നമായി സ്വാഭാവികമായ ലിംഗവ്യവസ്ഥയുള്ള മലയാളം ലീലാതിലകം വഴി 'ലിംഗം' എന്ന സംസ്കൃത സംജ്ഞ ഉപയോഗിക്കുന്നതിന് രണ്ടു കാരണങ്ങളാണ് പ്രേമ നൽകുന്നത്. ഒന്ന്, സംഘകാലത്തിനു ശേഷം മധ്യകാലഘട്ടത്തിൽ ഇന്ത്യ മുഴുവൻ വ്യാപിച്ച സംസ്കൃത കോസ്മോപൊളിറ്റനിസം ലീലാതിലകരചനയെയും

സ്വാധീനിച്ചിരിക്കാം. മറ്റൊന്ന്, ചോളഭാഷയോട് ലീലാതിലകകാരനുണ്ടായിരുന്ന സമീപനമാണ്. ആ സമീപനം 'പാലെ' ന്ന സംജ്ഞ സ്വീകരിക്കുന്നതിന് അനുകൂലം ആയിരുന്നില്ല. ഈ രണ്ടു കാരണങ്ങളെയും പ്രേമ നൽകുന്നുവെങ്കിലും രണ്ടാമതു പറയുന്ന കാരണത്തിൽ വ്യക്തത വരുത്താൻ പ്രേമയ്ക്കു കഴിയുന്നില്ല. അതുകൊണ്ടു തന്നെ അക്കാലഘട്ടത്തിൽ നിലനിന്നിരുന്ന സംസ്കൃത പ്രഭാവം തന്നെയാവും ലീലാതിലകവും സ്വീകരിച്ചിട്ടുണ്ടാവുക. മാത്രമല്ല, സംസ്കൃതവ്യാകരണ മാതൃകയായ സൂത്രവൃത്തിയാണ് ലീലാതിലകവും സ്വീകരിച്ചത്. സംസ്കൃത വ്യാകരണ രചനാ മാതൃകയിലൂന്നി മലയാള ഭാഷയുടെ വ്യാകരണിക സവിശേഷതകളെ അടയാളപ്പെടുത്താനാണ് ലീലാതിലകം ശ്രമിച്ചിരിക്കുന്നത്, സ്വാഭാവികമായും സംസ്കൃത ആധിപത്യം അതിൽ കടന്നു വരാം.

തൊൽകാപ്പിയവും ലീലാതിലകവും വ്യാകരണിക ലിംഗ വിവരണത്തിന് പ്രാധാന്യം നൽകിയതായി പരിശോധനയിൽ വ്യക്തമാണ്. രണ്ട് വ്യാകരണ കൃതികളും ത്രിലിംഗവിഭജനം എന്ന ആശയത്തിലാണ് ഊന്നിയിട്ടുള്ളത്. തൊൽകാപ്പിയം ഉയർതിണൈയിൽ വരുന്നവയ്ക്കുമാത്രമാണ് ലിംഗഭേദം കല്പിച്ചിരിക്കുന്നത്. പ്രത്യയവിശകലനത്തിൽ രണ്ട് കൃതികളും പുലിംഗത്തിന് 'ൻ', സ്ത്രീലിംഗത്തിന് 'ൾ', എന്നു നൽകുന്നു. ലീലാതിലകം സംസ്കൃത സ്ത്രീരൂപമായ 'ഇ' യെയും രേഖപ്പെടുത്തുന്നുണ്ട്. ഈ വിധമാണ് പ്രാചീന വ്യാകരണ കൃതികളിലെ ലിംഗപരിചരണം.

### 3.3.2. മിഷണറിവ്യാകരണകൃതികൾ

മലയാള വ്യാകരണകൃതികളുടെ തുടർച്ച എന്ന നിലയിൽ ചരിത്രപരമായ പ്രാധാന്യം ഉൾക്കൊള്ളുന്നവയാണ് മിഷണറിവ്യാകരണകൃതികൾ. ലീലാതിലകത്തിനു ശേഷം പ്രചാരം നേടുന്ന മിഷണറിവ്യാകരണകൃതികൾ പ്രധാനമായും പാശ്ചാത്യമാതൃകയിൽ ഊന്നിയുള്ളതാണ്. ലിംഗം എന്ന വ്യാകരണികസംവർഗത്തെ ഈ വ്യാകരണകൃതികൾ അടയാളപ്പെടുത്തുന്നത് എങ്ങനെ എന്ന

അന്വേഷണത്തിനാണ് ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നത്. റോബർട് ഡ്രുമണ്ട് മുതലുള്ള മിഷണറിമാരുടെ കൃതികളാണ് വിശകലനത്തിനായി എടുത്തിരിക്കുന്നത്.

3.3.2. പട്ടിക (2). മിഷണറി വ്യാകരണകൃതികൾ

| നമ്പർ | കർത്താവ്, വ്യാകരണകൃതി, കാലം, | ലിംഗവ്യവസ്ഥ/ലിംഗനിർവചനം | ലിംഗവിഭജനം | ലിംഗപ്രത്യയം |
|---|---|---|---|---|
| 1 | റോബർട്ട് ഡ്രുമണ്ട്, ഗ്രാമർ ഓഫ് ദ മലബാർ ലാംഗ്വേജ്, (1799) | അർഥപ്രാധാന്യം | സ്ത്രീ, പും, നപുംസകം | – |
| 2 | എഫ്. സ്പ്രിങ്, Outlines of a Grammar of the Malayalim Language as spoken in the province of North and South Malabar and Kingdom of Travancore and Cochin, (1839) | ഏതൊക്കെ രീതിയിൽ ലിംഗരൂപം പ്രകടമാവുന്നുവെന്നതിനെ ഉദാഹരണത്തിലൂടെ വ്യക്തമാക്കുന്നു. | സ്ത്രീ,പും,നപുംസകം ജീവനില്ലാത്തവ നപുംസകം | ആ, ഈ,ൻ. അം. |
| 3 | ജോസഫ് പീറ്റ്, A Grammar of the Malayalam Language (1841) | (വ്യക്തമായ വിശദീകരണം ഇല്ല) | | |
| 4 | ഹെർമൻ ഗുണ്ടർട്ട് , മലയാള ഭാഷാവ്യാകരണം, (1851, 1868) | അർഥപരം | സ്ത്രീ,പും, നപുംസകം | അൻ, ആൾ–അൾ ത്തിച്ചി,ട്ടി ,റ്റി,ഇ, |

| | | | | |
|---|---|---|---|---|
| | | | | ആ–അ അം, ഉ |
| 5 | റിച്ചാർഡ് കോളിൻസ്, എ ഷോർട്ട് ഗ്രാമ്മർ ആന്റ് അനാലിസിസി ഓഫ് ദി മലയാളിം ലാംഗ്വേജ്, (1861) | പ്രത്യേക പരാമർശമില്ല | ലിംഗത്തെ പ്രത്യേകമായി പരാമർശിക്കുന്നില്ല. അതേസമയം വചനവിശകലനത്തിൽ സ്ത്രീ, പും, നപുംസകലിംഗ രൂപങ്ങൾ ഉദാഹരിക്കുന്നു. | – |
| 6 | ഗാർത്തുവേറ്റ്, മലയാളവ്യാകരണസംഗ്രഹം, (1867) | പ്രത്യേക പരാമർശമില്ല | – | – |
| 7 | ഫ്രോൺമേയർ , A progressive Grammar of the Malayalam Language, , 1889 | പ്രത്യേക പരാമർശമില്ല | – | – |

മിഷണറിവ്യാകരണകൃതികൾ (ഡ്രുമണ്ട് മുതൽ ഫ്രോൺമേയർ വരെ) പരിശോധിക്കുമ്പോൾ നാമപദങ്ങളുടെ ലിംഗവ്യവസ്ഥ അർഥത്തെ അടിസ്ഥാനമാക്കിയാണ് നൽകിയിരിക്കുന്നത്. ലിംഗനിർവചനത്തിനോ വിശകലനത്തിനോ വലിയ പ്രാധാന്യം ഗുണ്ടർട്ട് ഒഴികെ ആരും നൽകിയിട്ടില്ല.

ഉദാഹരണങ്ങളിലൂടെ ലിംഗസൂചന നൽകാനാണ് ശ്രമിച്ചിരിക്കുന്നത്. സ്ത്രീലിംഗം, പുല്ലിംഗം, നപുംസകം എന്ന രീതിയുലുള്ള ത്രിലിംഗവിഭജനമാണ് നൽകിയിട്ടുള്ളത്. മിഷണറിവ്യാകരണകൃതികളിൽ വേറിട്ടുനിൽക്കുന്ന കൃതിയാണ് ഗുണ്ടർട്ടിന്റെ 'മലയാള വ്യാകരണം'. ലിംഗവ്യവസ്ഥ, ലിംഗവിഭജനം, ലിംഗപ്രത്യയം എന്നിവ കൃത്യമായി വിവരിക്കുന്നു. സബുദ്ധികൾക്കുമാത്രമാണ് സ്ത്രീലിംഗവും പുല്ലിംഗവുമുള്ളത്. വിശേഷബുദ്ധിയില്ലാത്ത ചില നാമങ്ങൾക്കും (ഉദാ– 'മംഗലനായുള്ള തിങ്കൾ', 'ഭൂമി ആകുന്ന ദേവി') ലിംഗരൂപം നൽകുന്നതായി ഗുണ്ടർട്ട് സൂചിപ്പിക്കുന്നു. പുല്ലിംഗ പ്രത്യയമായി 'അൻ' രൂപത്തെയും പുത്രൻ, മകൻ എന്നീ ഉദാഹരണങ്ങൾ നൽകുകയും ചെയ്യുന്നു. എന്നാൽ നപുംസകരൂപത്തിലും (പ്രാണൻ, മുഴവൻ, പുത്തൻ) 'അൻ' പ്രത്യയം വരാം എന്ന നിരീക്ഷണം കൃത്യതയില്ലാത്തതായി കാണാം. ഉദാഹരണമായി നൽകുന്ന നപുംസകരൂപത്തിലെ 'അൻ' ലിംഗ പ്രത്യയമല്ല 'തദ്വത്തദ്ധിത'[2] മാണ്. ലീലാതിലകത്തിൽ നിന്നും ഭിന്നമായി സ്ത്രീ ലിംഗപ്രത്യയ ഉൾപിരിവുകളെ വിശദമായി ആദ്യം അടയാളപ്പെടുത്തുന്നത് ഗുണ്ടർട്ടാണ്. 'ആൾ' കുറുകിയ 'അൾ', 'ഇ', 'ത്തി' പ്രത്യയവും അതിനു സംഭവിക്കുന്ന രൂപമാറ്റമായ 'ച്ചി', 'ട്ടി', 'റ്റി' എന്നിവയും 'ആ' കുറുകിയ 'അ' (അനുജൻ– അനുജ, പ്രിയൻ– പ്രിയ, ജ്യേഷ്ഠൻ– ജ്യേഷ്ഠ) രൂപവുമാണ് സ്ത്രീലിംഗപ്രത്യയമായി ഗുണ്ടർട്ട് നൽകുന്നത്. 'ത്തി' പ്രത്യയം ദ്രാവിഡവും 'അ' പ്രത്യയം സംസ്കൃതാധിഷ്ഠിതവുമാണ്. മലയാളം ദ്രാവിഡഗോത്രത്തിൽ ഉൾപ്പെടുന്നുവെന്ന തിരിച്ചറിവിന്റെ കൂടി ഫല മായുള്ള വിവരണമാണ് ഗുണ്ടർട്ട് നൽകുന്നത്.

### 3.3.3. സ്വദേശീയ വ്യാകരണകൃതികൾ

സ്വദേശീയ വ്യാകരണകൃതികളിൽ സുപ്രധാനസ്ഥാനം ഏ. ആർ രാജരാജ വർമ്മയുടെ 'കേരളപാണിനീയ'(1917) ത്തിനുണ്ട്. അന്നോളമുള്ള വ്യാകരണ സങ്കല്പത്തെ തിരുത്തിയെഴുതാനും, വ്യാകരണത്തെ കൂടുതൽ ചർച്ചക്കെടുക്കാനും

[2] -കേരളപാണിനീയം 92–ആം കാരിക

ആ കൃതിക്കായി. അത്തരത്തിൽ ചരിത്രപരമായൊരു വൻകുതിപ്പാണ് ‘കേരള പാണിനീയം’ കൊണ്ടുവന്നത്. അതുകൊണ്ടുതന്നെ ‘കേരളപാണിനീയ’ത്തിനു മുമ്പും പിമ്പുമുള്ളവയെ വേർതിരിച്ചപഗ്രഥിക്കുന്നു.

(1). കേരളപാണിനീയം

3.3.3. പട്ടിക (3). കേരളപാണിനീയം.

| **വ്യാകരണകൃതി, കർത്താവ് (വർഷം)** | **ലിംഗവ്യവസ്ഥ** | **ലിംഗവിഭാഗം** | **ലിംഗപ്രത്യയം** |
|---|---|---|---|
| കേരളപാണിനീയം, രാജരാജവർമ്മ, ഏ. ആർ (1896 ,1917) | അർഥ പ്രാധാനം | സ്ത്രീ, പും, നപുംസകം | അൻ, ആൻ ഇ, ത്തി,ച്ചി അൾ അം, ത്. |

(2). കേരളപാണിനീയത്തിനു മുമ്പ്

3.3.3. പട്ടിക (4). കേരളപാണിനീയത്തിനു മുമ്പ്

| **നമ്പർ** | **വ്യാകരണകൃതി, കർത്താവ്, (വർഷം)** | **ലിംഗവ്യവസ്ഥ** | **ലിംഗവിഭാഗം** | **ലിംഗപ്രത്യയം** |
|---|---|---|---|---|
| 1 | മലയാഴ്മയുടെ വ്യാകരണം, ജോർജ്മാത്തൻ (1863) | വസ്തുക്കളുടെ ജാതിയെ ആണോ, പെണ്ണോ രണ്ടുമല്ലാത്തതോ എന്ന് | സലിംഗം, അലിംഗം 1.പുല്ലിംഗം, 2.സ്ത്രീലിംഗം, | അൻ, ആൻ, ആളൻ അൾ, |

| | | | | |
|---|---|---|---|---|
| | | വിവരപ്പെടുത്തുന്നതിനു വസ്തുക്കളുടെ നാമങ്ങളായിരിക്കുന്ന വെക്കുള്ള ഒരു രൂപഭേദമാകുന്നു. | 3.നിർല്ലിംഗം ദ്വിലിംഗം (സ്ത്രീ,പുംലിംഗങ്ങളെ ഒരുമിച്ചു കുറിക്കുന്നു), ത്രിലിംഗം | അത്തി, അച്ചി, ആട്ടി,ആത്തി, നി, ഇ, അ, ആനി, അതി, രി അം, അത്, അത്ത് |
| 2 | കേരളഭാഷാവ്യാകരണം, വൈക്കത്ത് പാച്ചുമൂത്തത്, (1876) | അർഥപരം | സ്ത്രീലിംഗം, പുല്ലിംഗം. നപുംസകം | – |
| 3 | കേരളകൌമുദി, കോവുണ്ണി നെടുങ്ങാടി (1878) | ഒരു വസ്തു ആണോ, പെണ്ണോ എന്നു കാണിക്കുന്നത്. | സ്ത്രീലിംഗം, പുല്ലിംഗം. നപുംസകം | അൻ, അൾ, അം. (ഇ, തി ) |

(3). കേരളപാണിനീയത്തിനു ശേഷം

3.3.3. പട്ടിക (5). കേരളപാണിനീയത്തിനു ശേഷം

| നമ്പ | വ്യാകരണകൃതി, കർത്താവ്, | ലിംഗവ്യസ്ഥ | ലിംഗവിഭജനം | ലിംഗപ്രത്യയം |
|---|---|---|---|---|

| ർ | (വർഷം) | | | |
|---|---|---|---|---|
| 1 | വ്യാകരണമിത്രം, ശേഷഗിരി പ്രഭു, (1904, 1919) | അർഥപരം | സ്ത്രീ,പും,നപുംസകം( സ്ത്രീനപുംസകം, പുംനപുംസകം) | ശബ്ദത്തിന്റെ അർഥം അനുസരിച്ചാകയാൽ പ്രത്യയത്തിന്റെ ആവശ്യമില്ല. |
| 2 | വ്യാകരണപ്രവേശിക, പി. കെ. നാരായണപിള്ള. 1937 | അർഥപരം | സ്ത്രീ,പും,നപുംസകം, അലിംഗം (സ്ത്രീപുരുഷന്മാർ ഒന്നിച്ച വരുന്നത്, ഉദാ– ആൾ, കുട്ടി, മനുഷ്യൻ,നാട്ടുകാർ) | – |
| 3 | കൈരളിശബ്ദാനുശാസനം, സുകുമാരപ്പിള്ള, (1976) | അർഥപരം | അലിംഗം (നപുസകലിംഗത്ത), സലിംഗം (പുല്ലിംഗം, സ്ത്രീലിംഗം, ഉഭയലിംഗം) | അർഥം കൊണ്ട് ലിംഗഭേദം തിരിച്ചറിയാമെന്നിരിക്കെ പ്രത്യേകപ്രത്യയം ആവശ്യമില്ല. അൻ പ്രത്യയത്തെ പുല്ലിംഗപ്രത്യ |

| | | | | |
|---|---|---|---|---|
| | | | | യം മാത്രമായി കാണാനാവില്ല ,സ്ത്രീ ശബ്ദങ്ങളിലും (അമ്മൻ, അക്കൻ), അലിംഗശബ്ദ ങ്ങളിലും (കാളൻ, തോരൻ), വരുന്നുണ്ട്. സ്ത്രീ പ്രത്യയങ്ങൾ– അൾ, ഇ, ത്തി. നപുംസകം– അം, ഉ |
| 4 | അഭിനവമലയാള വ്യാകരണം, സി. വി. വാസുദേവ ഭട്ടതിരി. 1989 | അർഥമാണടി സ്ഥാനം | അലിംഗം, സലിംഗം (പുല്ലിംഗം, സ്ത്രീലിംഗം) | അർഥപ്രധാന മാകയാൽ പ്രത്യേകപ്രത്യ യം വേണ്ട. സ്ത്രീപ്രത്യമായി ത്തി, ഇ. |
| 5 | ആധുനികമലയാള വ്യാകരണം, കെ. എസ്. | ശബ്ദങ്ങളുടെ അർഥം | പുല്ലിംഗം(മനുഷ്യജാ തിയിലെ പുല്ലിംഗം), സ്ത്രീലിംഗം(മനുഷ്യജാ | സർവനാമം ഒഴികെയുള്ള നാമങ്ങളിൽ(പു |

| | | | | |
|---|---|---|---|---|
| | നാരായണപിള്ള, (1995). | | തിയിലെ സ്ത്രീലിംഗം), നപുംസകം. | – അൻ, സ്ത്രീ– ഇ നപുംസകം– അം). സർവനാമത്തിൽ– അൻ, അൾ, തു. ഇ–ത്തി, ച്ചി. |
| 6 | അടിസ്ഥാനവ്യാകരണം, സി.കെ. ചന്ദ്രശേഖരൻനായർ. 1996 | “ | പും,സ്ത്രീ, നപുംസകം, ഉഭയലിംഗം | “ |
| 7 | മലയാളവ്യാകരണം, ഗോപിക്കുട്ടൻ. 2002 | “ | സ്ത്രീലിംഗം, പുല്ലിംഗം, സാമാന്യലിംഗം, നപുംസകലിംഗം | “ |
| 8 | കേരളഭാഷാവ്യാകരണം, ഇ.വി. എൻ. നമ്പൂതിരി. 2005 | അർഥപരം | സ്ത്രീ, പും, നപുംസകം | “ |
| 9 | Malayalam a linguistics Discription, വി. ആർ. പ്രബോധചന്ദ്രൻ | അർഥസമീപനം | Masculine, Feminine, Neutral | “ |

| | | | | |
|---|---|---|---|---|
| | നായർ (1973) | | | |
| 10 | Malayalam descriptive grammar, R. E. Ashar, T.C. kumari (1997) | " | Masculine, feminine, neuter | " |
| 11 | വാക്യദർശനം- മലയാളത്തിന്റെ വിവരണാത്ക വ്യാകരണം, A Grammar of Malayalam, രവിശങ്കർ. എസ്. നായർ. (2011), | അർഥം | സ്ത്രീലിംഗം, പുംലിംഗം, നപുംസകം | അൻ, ഇ |

സ്വദേശീവ്യാകരണകൃതികളും അർഥത്തെ ആധാരമാക്കിയാണ് ലിംഗ വിശകലനം ചെയ്തിരിക്കുന്നത്. എങ്കിലും രൂപപരമായ സവിശേഷതയെ സൂചിപ്പിക്കു വാനും ചില വ്യാകരണകൃതികൾ (മലയാഴ്മയുടെ വ്യാകരണം, കേരളപാണിനീയം) ശ്രമിച്ചിട്ടുള്ളതായി നിരീക്ഷണങ്ങൾ ഉണ്ട്. മാത്രമല്ല ലിംഗവിഭജനത്തിന്റേയും പ്രത്യയങ്ങളുടേയും കാര്യത്തിൽ ചില ഏറ്റക്കുറച്ചിലുകളും സ്വദേശീവ്യാകരണകൃതി കളിൽ കാണുന്നുണ്ട്. കേരളപാണിനീയം പരിശോധിക്കുകയാണെങ്കിൽ സ്ത്രീ, പും, നപുംസകം എന്ന രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്. ലീലാതിലകത്തിനു സമാനമായ വിഭജനമാണ് കേരളപാണിനീയം പിൻതുടരുന്നത്.

### 3.4. ലിംഗവിഭജനം-മലയാളത്തിൽ

പൊതുവിൽ സ്ത്രീലിംഗം, പുല്ലിംഗം, നപുംസകം എന്നിങ്ങനെ മൂന്നു വിധമായാണ് ലിംഗവിഭജനം നടത്തിയിരിക്കുന്നത്. ലോകയുക്തിയുടെ അടിസ്ഥാനത്തിലാണിത്. സ്ത്രീജാതിയെ കുറിക്കുന്നത് സ്ത്രീലിംഗം. ഉദാ- ഭാര്യ, അവൾ. പുരുഷജാതിയെ കുറിക്കുന്നത് പുല്ലിംഗം. ഉദാ- ഭർത്താവ്, അവൻ. സ്ത്രീ, പുരുഷ ഭേദമില്ലാത്ത നാമം നപുംസകം. ഉദാ- പാലം, കല്ല്. ലീലാതിലകം, മിഷണറിവ്യാകരണകൃതികൾ, കേരളപാണിനീയം, എന്നിവയെല്ലാം ഈ ഒരു വർഗീകരണത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. ഇതേ വർഗീകരണമാണ് ശേഷഗിരിപ്രഭു നൽകുന്നതെങ്കിലും നപുംസകത്തെ വീണ്ടും സ്ത്രീനപുംസകം, പുംനപുംസകം എന്നു രണ്ടായി തിരിക്കുന്നു. ആധുനികമലയാളവ്യാകരണ കർത്താവായ കെ. എസ്. നാരായണപിള്ള സ്ത്രീ, പും, നപുംസകം എന്ന ത്രിലിംഗവർഗീകരണത്തോടൊപ്പമാണ് നിൽക്കുന്നത് എങ്കിലും സ്ത്രീലിംഗമെന്നത് മനുഷ്യജാതിയിലെ സ്ത്രീലിംഗം ആണെന്നും, പുല്ലിംഗം മനുഷ്യജാതിയിലെ പുല്ലിംഗമാണെന്നും പ്രത്യേകം വിവരിക്കുന്നുണ്ട്.

മലയാളവ്യാകരണകൃതികൾ എല്ലാം ത്രിലിംഗവിഭജനം ആണ് സ്വീകരിച്ചിരിക്കുന്നതെന്ന് പറയാൻ കഴിയില്ല. മൂന്നും നാലും വർഗീകരണങ്ങൾ ഉൾക്കൊള്ളുന്ന കൃതികൾ ഉണ്ട്.  ജോർജ് മാത്തൻ 'സലിംഗം', 'അലിംഗം' എന്നു രണ്ടായി തിരിക്കുകയും അതിൽ 'സലിംഗ'ത്തെ വീണ്ടും 'പുല്ലിംഗം', 'സ്ത്രീലിംഗം', 'നിർലിംഗം' എന്നിങ്ങനെ മൂന്നായി വിഭജിക്കുന്നു. കൂടാതെ 'ദ്വിലിംഗം', 'ത്രിലിംഗം' എന്നിങ്ങനെയുള്ള ആശയവും മാത്തൻ കൊണ്ടു വരുന്നുണ്ട്. 'അലിംഗ','സലിംഗ' രീതിയാണ് സുകുമാരപിള്ളയുടെ 'കൈരളീശബ്ദാനുശാസന'ത്തിൽ കാണുന്നത്. 'അലിംഗം', 'സലിംഗം' എന്ന പ്രധാന വർഗീകരണം നടത്തുന്നു. 'അലിംഗം' എന്നത് 'നപുംസകലിംഗ'ത്തെ സൂചിപ്പിക്കുന്നു. 'സലിംഗ'ത്തെ 'പുല്ലിംഗം', 'സ്ത്രീലിംഗം', 'ഉഭയലിംഗം' എന്ന തരത്തിൽ ഉൾപിരിവ് നടത്തുന്നുണ്ട്. ഉഭയലിംഗം സ്ത്രീ പുരുഷന്മാരെ ഒരുപോലെ ഉൾക്കൊള്ളുന്നു. ഇതിനു സമാനമാണ് സി. വി. വാസുദേവഭട്ടതിരിയുടെ വർഗീകരണവും. 'അലിംഗം', 'സലിംഗം' എന്നു തിരിച്ച് സലിംഗത്തിനകത്ത് സ്ത്രീ പുരുഷ ലിംഗത്തെ ഉൾക്കൊള്ളിക്കുന്നു.

പി. കെ. നാരായണപിള്ള (വ്യകരണപ്രവേശിക), സി. കെ. ചന്ദ്രശേഖരൻ നായർ (അടിസ്ഥാനവ്യാകരണം), ഗോപിക്കുട്ടൻ (മലയാള വ്യാകരണം) എന്നിവർ നാലു വിധമാണ് ലിംഗവിഭജനം നടത്തിയിരിക്കുന്നത്. 'സ്ത്രീ', 'പും', 'നപുംസകം' എന്നിവക്കു പുറമെ 'അലിംഗം' എന്നതാണ് നാലാമതായി പി. കെ. നാരായണ പിള്ള നൽകുന്നത്. 'സ്ത്രീ-പുരുഷന്മാരെ ഒരുമിച്ചുകുറിക്കുന്നതാണ് 'അലിംഗം'. ഉദാ- ആൾ, മൃഗം, വേലക്കാർ'. അലിംഗം എന്ന ആശയത്തെ സൂചിപ്പിക്കുവാൻ 'ഉഭയലിംഗം' എന്ന് സി. കെ. ചന്ദ്രശേഖരൻ നായരും 'സാമാന്യലിംഗം' എന്ന സംജ്ഞ ഗോപിക്കുട്ടനും സ്വീകരിച്ചിരിക്കുന്നു. ഇവ കൂടാതെ എതിർലിംഗം എന്നൊരു ആശയം കൂടിയുണ്ട്. എതിർലിംഗത്തിൽ പ്രകൃതിയുടെ സ്വത്വം മാത്രമല്ല, അർഥം കൂടി നോക്കേണ്ടതുണ്ട്. ഭർത്താവ് എന്ന പദത്തിന്റെ സ്ത്രീലിംഗരൂപം ഭാര്യയാണ്, എന്നാൽ എതിർലിംഗം ഭർത്രിയാണ്. 'ഭർത്താവ്' എന്നാൽ 'ഭരിക്കുന്നവൻ', 'ഭാര്യ' എന്നാൽ 'ഭരിക്കപ്പെടുന്നവൾ' എന്നും, 'ഭർത്രി' എന്നാൽ 'ഭരിക്കുന്നവൾ' എന്നുമാണ് അർഥം. അതായത് എതിർലിംഗത്തിൽ ലിംഗമേ മാറാവൂ, അർഥം മാറരുത്. ഉദാ- നേതാവ്: നേത്രി.

മലയാളത്തിലെ ലിംഗവിഭജനത്തെ സംബന്ധിച്ചുള്ള വിവരണങ്ങൾ ഇപ്രകാരമാണ്. സ്ത്രീ, പും, നപുംസകം എന്ന മൂന്നു തരത്തിലുള്ള വർഗീകരണ രീതിയാണ് പരമ്പരാഗതമായി പൊതു എന്ന രീതിയിൽ പിന്തുടരുന്നതെങ്കിലും രണ്ട് മുതൽ നാലു വരെയുള്ള വർഗീകരണസമീപനവും മലയാളത്തിൽ ഉള്ളതായി കൃതികളുടെ വിശകലനത്തിൽ നിന്നും മനസ്സിലാകുന്നുണ്ട്.

### 3.5. ലിംഗപ്രത്യയം

നാമപദങ്ങളിൽ അവകൊണ്ടു നിർദ്ദിഷ്ടമായ വസ്തു ഏതു ലിംഗത്തിൽ ഉൾപ്പെടുന്നുവെന്നു സൂചിപ്പിക്കാനായി ചേർക്കുന്ന അടയാളമാണ് ലിംഗപ്രത്യയം. നാമം, സർവ്വനാമം എന്നിവയിലാണ് ലിംഗപ്രത്യയം ചേരുന്നത്. ഭൂരിപക്ഷ വ്യാകരണകർത്താക്കളും പ്രധാനമായി സ്ത്രീലിംഗം, പുല്ലിംഗം, നപുംസകം

എന്നിങ്ങനെയാണ് ലിംഗവിഭജനം നടത്തിയിരിക്കുന്നത്. ഇവയെ വേർതിരിച്ച മനസ്സിലാക്കാൻ പ്രത്യയവത്കരണത്തിലൂടെ കഴിയുന്നു. കേരളപാണിനീയത്തിൽ 43–48 കാരികകളിലാണ് ലിംഗപ്രത്യയത്തെ പ്രതിപാദിക്കുന്നത്. പുല്ലിംഗത്തെ സൂചിപ്പിക്കാനായി 'അൻ' പ്രത്യയവും സ്ത്രീലിംഗത്തിന് 'അൾ', 'ഇ,' നപുംസകത്തിന് 'അം', 'തു', എന്നിങ്ങനെയാണ് പ്രത്യയങ്ങൾ. തനിനാമത്തിൽ പും, സ്ത്രീ, നപുംസക ങ്ങൾക്കു യഥാക്രമം 'അൻ', 'ഇ', 'അം' എന്നും, സർവനാമത്തിൽ 'അൻ', 'അൾ', 'തു' വെന്നും, പുംസ്ത്രീ സാധാരണശബ്ദങ്ങളിലും 'അൻ', 'അൾ' എന്നും വരുന്നു. ആഖ്യാതത്തോടു ചേരുമ്പോൾ 'അൻ', 'അൾ' എന്നിവ ദീർഘിച്ച് 'ആൻ', 'ആൾ' എന്നായി മാറും. ബഹുമാനസൂചകമായും ഇതു വരാം. മേൽസൂചിപ്പിച്ചവയെല്ലാം കേരളപാണിനീയം തന്നെ നൽകുന്ന ഉദാഹരണം നോക്കാം–

കേമൻ, കേമി, കേമം– തനിനാമം

അവൻ, അവൾ, അത്– സർവനാമം

മകൻ, മകൾ– പുംസ്ത്രീ സാധാരണശബ്ദം

വന്നാൻ, വന്നാൾ– ആഖ്യാതം

തന്തയാൻ, തള്ളയാൾ– ബഹുമാനസൂചകം

പുല്ലിംഗത്തിൽ 'അൻ' പ്രത്യയവും, ചില സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അതി ന്റെ ദീർഘരൂപവുമാണുള്ളത്. സ്ത്രീലിംഗത്തിനു പ്രധാനമായും 'അൾ', 'ഇ' എന്നീ പ്രത്യയമാണേലും ചില ശബ്ദങ്ങളിൽ 'ത്തി', 'ച്ചി', 'ട്ടി' എന്നിങ്ങനേയും വരാം. ഉദാ– ഒരുത്തി, തടിച്ചി, തമ്പുരാട്ടി. ശബ്ദങ്ങളിലെ ഈ രൂപഭേദത്തെ സംബന്ധിച്ച് കേരളപാണിനീയം 45–ആം കാരികയിൽ വിശദമാക്കുന്നുണ്ട്. 'അൾ', 'ത്തി', 'ച്ചി', 'ഇ' എന്നിങ്ങനെ സ്ത്രീലിംഗത്തിനു നാലു പ്രത്യയങ്ങളുണ്ടെന്ന് ഗുണ്ടർട്ടു പറയുന്നതും ഈ രൂപഭേദത്തെ അടിസ്ഥാനമാക്കിയാണ്. സ്ത്രീലിംഗപ്രത്യയം കഴിഞ്ഞാൽ കൂടുതൽ ചർച്ചകൾ നടന്നിരിക്കുന്നത് നപുംസകപ്രത്യയത്തിലാണ്. അം അംഗ

പ്രത്യയമാണോ ലിംഗപ്രത്യയമാണോ എന്ന കാര്യത്തിലുള്ള ആശയക്കുഴപ്പം വ്യാകരണകർത്താക്കൾക്കിടയിൽ കൂടുതൽ ചർച്ചകൾക്കും വഴിയൊരുക്കിയിട്ടുണ്ട്. ലീലാതിലകം (ശി. 2) പരഭാഗനിരൂപണത്തിൽ 27 മുതൽ 31 വരെയുള്ള സൂത്രങ്ങളിലായി ഭാഷയിലെ ലിംഗപ്രത്യയങ്ങൾ (ൾ, ഇ, ൻ, അം, ത്ത ) വിധിക്കുന്നുണ്ട്. ലിംഗപ്രത്യയങ്ങളുടെ കാര്യത്തിൽ ലീലാതിലകവും കേരളപാണിനീയവും സമാനത പുലർത്തുന്നതായി കാണാം.

അർഥം അടിസ്ഥാനമാക്കി ലിംഗവ്യവസ്ഥ നിർണയിക്കുന്നതിനാൽ പ്രത്യയത്തിലൂടെയുള്ള ലിംഗസൂചന ആവശ്യം ഇല്ലെന്ന അഭിപ്രായക്കാരും ഭാഷയിൽ പൊതുവെ കാണുന്ന ലിംഗപ്രത്യയത്തെ അടയാളപ്പെടുത്തുന്നുണ്ട്. അൻ പുല്ലിംഗപ്രത്യയമാണെന്നു പറയുമ്പോഴും അമ്മൻ, അക്കൻ പോലുള്ള സ്ത്രീസൂചക പദങ്ങളിൽ അൻ പ്രത്യയവും ആങ്ങൾ എന്ന പുല്ലിംഗസൂചക പദത്തിൽ അൾ പ്രത്യയവും വരുന്നുണ്ട്. അപൂർവ്വസന്ദർഭങ്ങളിൽ മാത്രമാണിത്തരം രൂപങ്ങൾ വരുന്നത്. എങ്കിലും വ്യാകരണ കൃതികളുടെ വിശകലനത്തിലൂടെ, പൊതുവിൽ 'അൻ' പ്രത്യയത്തെ പുല്ലിംഗമായും 'അൾ' പ്രത്യത്തെ സ്ത്രീലിംഗമായും ആണ് വ്യാകരണകർത്താക്കൾ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രധാനപ്രത്യയത്തെയും അവയുടെ രൂപഭേദത്തെയും അടിസ്ഥാനമാക്കി 4 മുതൽ 12 വരെയുള്ള പ്രത്യയ രൂപങ്ങൾ കാണുന്നതായും വിശകലനത്തിൽ ബോധ്യപ്പെടുന്നു. കൂടുതൽ പ്രത്യയത്തെ അടയാളപ്പെടുത്തിയിരിക്കുന്നത് ജോർജ്മാത്തനാണ്. 17 ലിംഗ പ്രത്യയങ്ങളെയാണ് മാത്തൻ അടയാളപ്പെടുത്തുന്നത്. പല പ്രത്യയങ്ങളും (അൻ, ആൻ, ആളൻ) രൂപഭേദങ്ങളാണെന്ന് നിരീക്ഷണത്തിൽ മനസ്സിലാക്കാം. എങ്കിലും ഭാഷയിലെ ലിംഗസങ്കല്പത്തെ സംബന്ധിച്ച് സൂക്ഷ്മനിരീക്ഷണം നടത്താൻ കേരളപാണിനിക്കു മുമ്പേ മാത്തന് കഴിഞ്ഞിട്ടുണ്ട് എന്ന് വിശകലനത്തിൽ ബോധ്യപ്പെടുന്നു.

3.5. പട്ടിക (6). ലിംഗപ്രത്യയം

| സ്ത്രീലിംഗം | പുല്ലിംഗം | നപുംസകം |
|---|---|---|
| ആൾ, അൾ, ൾ, ആ, അ, ത്തി, ച്ചി, ട്ടി, റ്റി, ഇ, ഈ, ആട്ടി, ആണി, നി, ആനി, അതി, രി | ആൻ, അൻ, ൻ, ആളൻ | മ്, ത്, അം, ഉ, അത്, അത്ത് |

### 3.6. പ്രത്യയങ്ങളുടെ ഉത്പത്തി

'ആൺ' എന്ന ശബ്ദരൂപം തന്നെയാണ് 'അൻ' എന്ന പുല്ലിംഗ പ്രത്യയമായതെന്ന് കേരളപാണിനീയത്തിൽ പറയുന്നു. 'ആൺ' ശബ്ദത്തിലെ 'ണ'കാരത്തിന് 'ന'കാരാദേശം വന്ന് 'ആൻ' ആയെന്നും അതു ചുരുങ്ങി 'അൻ' പ്രത്യയം ആയെന്നുമാണ്. 'ആൾ' എന്നതിൽ നിന്നുമാണ് 'അൾ' ഉണ്ടായത്. "ആൾ എന്നത് ഇക്കാലത്തു സ്ത്രീ- പുരുഷ സാമാന്യ വാചകമായി തീർന്നിട്ടുണ്ടെങ്കിലും ആദികാലത്തിൽ അതു സ്ത്രീവാചകം മാത്രമായിരുന്നു എന്നൂഹിപ്പാൻ സ്ത്രീ, വാചക ശബ്ദങ്ങളോട്ടുകൂടി കമനിയാൾ, സുന്ദരിയാൾ, അന്നനടയാൾ ഇങ്ങനെ പ്രയോഗിച്ചു കാണുന്നതും പുരുഷവാചകങ്ങളോട്ടു കാണാതിരിക്കുന്നതും സാമാന്യം യുക്തിയായിരിക്കുന്നുണ്ട്" (കേരളപാണിനീയം: 128). അതുപോലെ 'ഇ', എന്നത് സംസ്കൃതത്തിലെ കർത്രീ, മനസ്വിനീ എന്നിവിടങ്ങളിൽ കാണുന്ന 'ഈ' മലയാളത്തിൽ 'ഇ' ആയി മാറിയതാണ്. 'ത'കാരം ചേർന്ന സ്ത്രീ പ്രത്യയമായ 'തി' എന്നത് ദ്രാവിഡമാണ്, തെലുങ്കിലും ഇതുപയോഗിക്കുന്നു. തെലുങ്കിൽ നപുംസക പ്രത്യയമായും 'തി' ഉപയോഗിക്കുന്നു. അതിന്റെ ഇരട്ടിച്ച രൂപമായ 'ത്തി' തമിഴ് മലയാളങ്ങളിൽ പൊതുവെ കാണുന്നു. പ്രത്യയങ്ങളുടെ നിഷ്പത്തിയെ സംബന്ധിച്ച ഏ. ആറിന്റെ നിരീക്ഷണങ്ങൾ ഇത്തരത്തിൽ ആണ്. ഇതിനു ഭിന്നമായ അഭിപ്രായങ്ങളും നിലവിലുണ്ട്. 'അൻ', 'ൻ' എന്നീ രൂപത്തെ സംസ്കൃതത്തിലും തമിഴിലുമെല്ലാം പുല്ലിംഗ

പ്രത്യയമായി അംഗീകരിച്ചിട്ടുണ്ട്. വ്യുത്പന്നനാമരൂപങ്ങളിൽ കാണുന്ന 'അൻ' പ്രത്യയത്തെ സംബന്ധിച്ചുള്ള ആലോചനകളാണ് പുല്ലിംഗപ്രത്യയത്തെ ആധാരമാക്കി നടന്നിട്ടുള്ളത്. നപുംസകലിംഗത്തെ ആധാരമാക്കി നടന്നിട്ടുള്ള ചർച്ചകളധികവും 'അം' അംഗപ്രത്യയമാണോ ലിംഗപ്രത്യയമാണോ എന്ന രീതിയിലുള്ളതാണ്. ഇതു സംബന്ധിച്ച വ്യത്യസ്ത മതങ്ങളെയെല്ലാം എൻ. കെ. മേരി (2015) വിശകലനം ചെയ്തിട്ടുണ്ട്.

ലിംഗപ്രത്യയങ്ങളെ സംബന്ധിച്ചുള്ള ആദ്യകാല ചർച്ചകളിൽ പ്രാധാന്യ മർഹിക്കുന്നവയാണ് സ്ത്രീലിംഗപ്രത്യയത്തിന്റെ നിഷ്പത്തിയെ കുറിച്ചുള്ളവ. മലയാള ഭാഷയുടെ ഉത്ഭവത്തിന്റെയും വികാസത്തിന്റേയും ചരിത്രപരമായ അന്വേഷണ ത്തിൽ ലിംഗപ്രത്യയങ്ങളുടെ വിശകലനവും നിർണായകമായിരുന്നു. സ്ത്രീലിംഗ പ്രത്യയമായ 'ഇ' തമിഴിൽ നിന്നാണോ സംസ്കൃതത്തിൽ നിന്നാണോ എന്ന ആലോചനകൾ 'പൂർവ്വകേരളഭാഷാ' കൃതിയിൽ കാണുന്നുണ്ട് (പ്രഭാകരവാര്യർ: 1982). ലിംഗപ്രത്യയത്തെ സംബന്ധിച്ചുള്ള റോബർട്ട് കാൽഡ്വലിന്റെ സംശയത്തെ (കാൽഡ്വൽ: 1993) മുൻനിറുത്തി സംസ്കൃതത്തിൽ നിന്നും വന്നതാവാം എന്നാണ് ഏ. ആർ. രാജരാജവർമ്മ പറയുന്നത്. വടക്കുംകൂർ, വാസുദേവഭട്ടതിരി എന്നിവർ ഇതിനോട് അനുകൂലിക്കുന്നുണ്ട്. എന്നാൽ 'ഇ' പ്രത്യയത്തെ സ്ത്രീലിംഗത്തിൽ ഉൾപ്പെടുത്തുന്നില്ലെങ്കിലും ഉദാഹരണങ്ങളിൽ ഇകാരം ചേർന്ന രൂപങ്ങൾ (തോഴി, ഒരുത്തി) തൊൽകാപ്പിയത്തിൽ ഉള്ളതായി പ്രഭാകരവാര്യർ നിരീക്ഷിക്കുന്നുണ്ട്. സ്ത്രീലിംഗപ്രത്യയമായ 'ഇ' സംസ്കൃതത്തിൽ നിന്നുമാണ് വന്നിട്ടുള്ളതെങ്കിൽ തൊൽകാപ്പിയം കാലഘട്ടം മുതൽതന്നെ സംസ്കൃതാധിനിവേശം നിലനിന്നിരുന്നു വെന്നു പറയേണ്ടതായി വരും.

### 3.7. വ്യാകരണിക ലിംഗസംവർഗം –നിഘണ്ടുക്കളിൽ

ഭാഷാപഠനരംഗത്ത് ഒഴിച്ചുകൂടാനാവാത്ത മേഖലകളാണ് വ്യാകരണവും നിഘണ്ടുക്കളും. വ്യാകരണം ഭാഷാപ്രയോഗത്തിന്റെ നിയമാവലികളെ ശാസ്ത്രീയ

മായി പ്രതിപാദിക്കുമ്പോൾ, നിഘണ്ടുക്കൾ ഭാഷയിൽ വിനിമയം ചെയ്യപ്പെടുന്നതോ ചെയ്യപ്പെട്ടിരുന്നതോ ആയ പദങ്ങളെ അവ ഉൾക്കൊള്ളുന്ന അർഥസഹിതം ക്രമീകരിച്ചടുക്കി വയ്ക്കുന്നു. ആദ്യകാല നിഘണ്ടുക്കൾ വ്യാകരണത്തിന്റെ അനുബന്ധം എന്ന നിലയിലാണ് പ്രവർത്തിച്ചിരുന്നത്. ബ്ലൂം ഫീൽഡിയാനന്തര അമേരിക്കൻ ഭാഷാശാസ്ത്രജ്ഞർ അതിനെ അനുകൂലിച്ചിരുന്നു. “സംസ്കൃത വ്യാകരണങ്ങളുടെ പാരമ്പര്യമനുസരിച്ച് ധാതു- ഗണ പാഠങ്ങളും നാമലിംഗാനു ശാസനവും വ്യാകരണത്തിന്റെ അനുബന്ധങ്ങൾ മാത്രമാണ്” (വേണുഗോപാലപണിക്കർ : 1984). എന്നാൽ റഷ്യൻ ഭാഷാശാസ്ത്രജ്ഞരെ സംബന്ധിച്ച് നിഘണ്ടുവെന്നത് പ്രത്യേകതലമാണ്. എങ്കിലും കൃത്യമായ വ്യാകരണിക ധാരണയില്ലാതെ ശാസ്ത്രീയമായൊരു നിഘണ്ടുനിർമ്മാണം സാധ്യമല്ല. കാരണം നിഘണ്ടു അടയാളപ്പെടുത്തുന്നത് കോശിമങ്ങളെ (Lexical word) യാണ്. അവയുടെ അർഥം, ഉച്ചാരണസവിശേഷത, വ്യാകരണിക സംവർഗം, പ്രയോഗരീതി, തുടങ്ങിയവയെല്ലാം അടയാളപ്പെടുത്തിവയ്ക്കുന്നു. അതായത്, ശാസ്ത്രീയമായൊരു നിഘണ്ടു നിർമ്മിതിയിൽ ഒരു പദത്തിന്റെ ഭാഷാ സവിശേഷതകളെല്ലാം ഉൾകൊള്ളുന്നു. വ്യാകരണിക സ്വഭാവത്തെ മാത്രമാണ് ഇവിടെ പരിശോധിക്കുന്നത്. അതിൽ തന്നെ ലിംഗപരമായ സവിശേഷതകൾ പ്രത്യേകമായെടുക്കുന്നു.

ഒരു കോശിമ (lexeme) ത്തിന്റെ വ്യാകരണിക ലിംഗസ്വഭാവത്തെ നിഘണ്ടു അടയാളപ്പെടുത്തുന്നത് പല തരത്തിലാണ്. ഒന്ന്, പ്രത്യയത്തിലൂടെയുള്ള ലിംഗ സൂചന, മറ്റൊന്ന് പ്രത്യയമുണ്ടെങ്കിലും, പ്രത്യക്ഷാ തന്നെ പുല്ലിംഗമാണോ (m- masculine), സ്ത്രീലിംഗമാണോ (f- feminine), പൊതുവായതാണോ (n- neuter gender) എന്നു സ്ഥാപിക്കുക. ഉദാ- കള്ളി -f of കള്ളൻ.

തടിയൻ- m. lusty person. (ഗുണ്ടർട്ട് നിഘണ്ടു).

ഇവിടെ 'കള്ളി' എന്നത് അതിൽ അടങ്ങിയിരിക്കുന്ന 'ഇ'കാര പ്രത്യയത്താൽ സ്ത്രീലിംഗമാണെന്നും കള്ളൻ എന്നത് 'അൻ' പ്രത്യയം ചേരുന്നതിനാൽ പുല്ലിംഗമാണെന്നും പദ രൂപ, അർഥ തലത്തിൽ പ്രത്യക്ഷാ തിരിച്ചറിയുന്നതാണ്. എങ്കിലും 'കള്ളി' എന്നതിന്റെ അർഥവിവരണത്തിൽ 'f of കള്ളൻ' (കള്ളൻ എന്നതിന്റെ സ്ത്രീരൂപം ) എന്ന രീതിയിലും ലിംഗസൂചന വെളിപ്പെടുത്തുന്നു. ഇത്തരം സമീപനം നിഘണ്ടുക്കളിൽ കാണാം. പ്രധാനമായും ദ്വിഭാഷ നിഘണ്ടുക്കളിലാണ് ഈയൊരു സമീപനം കൂടുതലായുള്ളത്. ഏകഭാഷ നിഘണ്ടുക്കളിൽ പുല്ലിംഗ രൂപങ്ങൾ പ്രത്യയത്തിലൂടെ തന്നെ തിരിച്ചറിയുകയും അവയുടെ സ്ത്രീരൂപത്തെ അടയാളപ്പെടുത്തുന്നിടത്ത് മാത്രം സ്ത്രീലിംഗമെന്ന വിശദീകരണം നൽകുകയും ചെയ്യുന്നു.

"ശബ്ദവിഭാഗത്തെ സംബന്ധിച്ചിടത്തോളം പല ഭാഷകളിലേയും നിഘണ്ടുക്കൾ തമ്മിൽ വ്യത്യാസമുണ്ട്. മലയാളത്തിൽ ഒരു നാമം പുല്ലിംഗമാണോ സ്ത്രീലിംഗമാണോ എന്നു നിഘണ്ടുവിൽ രേഖപ്പെടുത്തേണ്ടതില്ല. കാരണം ലിംഗ വ്യവസ്ഥ വ്യാകരണത്തെ ബാധിക്കുന്നില്ല. നേരേ മറിച്ച് ഹിന്ദിയിൽ ഓരോ നാമത്തിന്റേയും ലിംഗം ഏതാണെന്ന് വ്യക്തമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്" (സോമശേഖരൻനായർ. പി. 2016: 38). ഹിന്ദി പോലുള്ള ഭാഷകളിലെ ലിംഗ വ്യവസ്ഥ രൂപപരമാണെന്നതും വാക്യഘടനയിൽ ലിംഗപൊരുത്തം (gender agreement) പ്രധാനമാണെന്നതും അത്തരം ഭാഷകളിലെ നിഘണ്ടുഘടകങ്ങളിലും പ്രതിപാദിക്കുന്നു. മലയാളത്തെ സംബന്ധിച്ച് വാക്യഘടനയിൽ ലിംഗപ്പൊരുത്തം (gender agreement) ഇല്ല. ലിംഗസൂചന പ്രത്യേകമായി പരാമർശിക്കുന്നില്ലേലും ലിംഗപ്രത്യയത്തിലൂടെ പദത്തിന്റെ ലിംഗസ്വഭാവത്തെ നിഘണ്ടുക്കൾ പ്രതിഫലിപ്പിക്കുന്നുണ്ട്. മലയാളത്തിലെ ഏകഭാഷാ നിഘണ്ടുവായ ശബ്ദതാരാവലിയും ദ്വിഭാഷാനിഘണ്ടുവായ ഗുണ്ടർട്ടുനിഘണ്ടുവും പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്, ഓരോ നിഘണ്ടുവും സ്വീകരിച്ചിരിക്കുന്ന പദതെരെഞ്ഞെടുപ്പ് ലിംഗവ്യവസ്ഥയെയും നിർണയിച്ചിട്ടുണ്ടെന്നാണ്. ഗുണ്ടർട്ട് നിഘണ്ടുകാരൻ

എന്നതിനൊപ്പം വ്യാകരണകാരൻ കൂടിയാണ്, അദ്ദഹം ഭാഷയിൽ ത്രിലിംഗം ഉണ്ടെന്നും അവ അടയാളപ്പെടുത്തുന്നതിനായി അൾ, ത്തി, ച്ചി, ട്ടി, റ്റി, ഇ, അ (ആ കുറുകിയത്) എന്നിങ്ങനെ പ്രത്യയങ്ങളുണ്ടെന്നും സൂചിപ്പിക്കുന്നുണ്ട്. ഗുണ്ടർട്ട നിഘണ്ടുവിലും സ്ത്രീലിംഗരൂപങ്ങളായി അടയാളപ്പെടുത്തിയിരിക്കുന്നത് ഈ പ്രത്യയ ത്തിലൂന്നി വരുന്നതും ലൌകികമായി സ്ത്രീ സ്വഭാവത്തിലൂന്നിയവയുമാണ്. രൂപപര മായ വ്യത്യാസത്തെയും ഗുണ്ടർട്ട് ചേർക്കുന്നുണ്ട്. 'ഉദാ- അടിയാൻ, അടിയാൾ- അടിയാത്തി, അടിയാട്ടി'. മലയാളശബ്ദങ്ങളിൽ സംസ്കൃത ആധിക്യം ധാരാളമുണ്ടെന്ന വസ്തുത നിലനിൽക്കെ തന്നെ അവയെ മലയാള വ്യാകരണ സങ്കല്പത്തിന്നടിസ്ഥാനത്തിലാണ് ഗുണ്ടർട്ട് രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാ- അബല,പ്രിയ,... സംസ്കൃതസ്വാധീനം പ്രകടമായിരിക്കുന്ന ശബ്ദതാരാവലി ദീർഘസ്വരങ്ങളിൽ അവസാനിക്കുന്ന സ്ത്രീലിംഗ രൂപങ്ങളെയെല്ലാം സംസ്കൃതലിംഗ വ്യവസ്ഥ അനുസരിച്ചാണ് അടയാളപ്പട്ടുത്തിയിരിക്കുന്നത്. ഉദാ-അബലാ, അപ്രൌഢാ, പ്രിയാ....

പ്രധാനമായും മൂന്നു തരത്തിലാണ് പദങ്ങൾ അവയുടെ ലിംഗസ്വഭാവത്തെ വെളിപ്പെടുത്തുന്നത്. ഒന്ന് വ്യാകരണികമാണ്, അത് പ്രത്യയ (gender marker) ത്തിലൂടെയാണെന്ന് സൂചിപ്പിച്ചു. അത്തരം പദങ്ങളെ വ്യാകരണിക ലിംഗസംവർഗ പദങ്ങൾ (grammatical gender words) എന്നാണ് പറയുന്നത്. മറ്റൊന്ന് പ്രത്യയങ്ങളൊന്നും ചേരാതെ പ്രകൃത്യാ തന്നെ ലിംഗസ്വഭാവം വെളിപ്പെടുത്തുന്ന കോശിമങ്ങളാണ് (lexical gender). അത്തരം പദങ്ങളിൽ അർഥം പ്രധാനമാണ്. അടുത്തത് കോശിമങ്ങളായിരിക്കെ തന്നെ സമസ്തപദത്തിൽ ഉത്തരപദമായി വരുമ്പോൾ പ്രത്യയ സ്വഭാവം കൈവരിച്ച് ലിംഗസ്വഭാവത്തെ വേർതിരിച്ചു കാണിക്കുന്നു. അത്തരം പദങ്ങളെ കോശീയ- വ്യാകരണിക പദങ്ങൾ (Lexical- grammatical words) എന്നു പറയാം. ഉദാ- അക്ഷി, മിഴി എന്നിവ കോശിമങ്ങളാണ് (lexical) അതേസമയം മീനാക്ഷി, പങ്കജാക്ഷി, മാൻമിഴി എന്നിങ്ങനെ സമസ്തപദമായി മാറുമ്പോൾ പദാന്ത്യത്തിലെ 'ഇ' പ്രത്യയമായി മാറി സ്ത്രീലിംഗ

രൂപമാവുന്നു. ഇത്തരം മൂന്നു തലത്തിലും ഊന്നിയുള്ള ധാരാളം പദങ്ങൾ നിഘണ്ടുക്കളിൽ കാണാം.

### 3.8. പ്രത്യയവത്കരണവും ലിംഗപദവിനിർമ്മിതിയും

ഒരു നാമപദം ഏതു ലിംഗവിഭാഗത്തിൽ ഉൾപ്പെടുന്നുവെന്ന് തിരിച്ചറിയുന്നതിനായി സ്വീകരിച്ചിരിക്കുന്ന അടയാളരൂപമാണ് പ്രത്യയങ്ങൾ. ലിംഗവ്യവസ്ഥ നിലനിൽക്കുന്ന ഭാഷകളെല്ലാം പദതലത്തിൽ പ്രത്യയത്തെ നിയമിക്കുകയും അതു വഴി ലിംഗനിർണയം സാധ്യമാക്കുകയും ചെയ്യുന്നു. ഭാഷയുടെ ലിംഗപരതയെ കൂടി വെളിപ്പെടുത്താൻ പ്രത്യയങ്ങൾക്കു കഴിയുന്നു. മലയാളം പൊതുവെ പും, സ്ത്രീ, നപുംസകം എന്ന ത്രിലിംഗവ്യവസ്ഥയും അവ സൂചിപ്പിക്കുന്നതിന് പ്രത്യയങ്ങളെയും ഉൾക്കൊള്ളുന്നു. ആശയവിനിമയ പ്രക്രിയകളിൽ നാമപദങ്ങൾ വരുന്നിടത്തെല്ലാം അവയുടെ ലിംഗസ്വഭാവത്തെ സൂചിപ്പിക്കാൻ പ്രത്യയങ്ങൾക്ക് കഴിയുന്നു. അർഥാടിസ്ഥാനത്തിലാണ് ലിംഗം നിർണയിക്കുന്നത് എന്നതിനാൽ പ്രത്യയത്തിന്റെ ആവശ്യമില്ലന്ന നിരീക്ഷണങ്ങൾക്കൊപ്പം പ്രത്യയാധിഷ്ഠിത ലിംഗവ്യവച്ഛേദനം ഭാഷയിൽ ഇല്ലെന്നും അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട് (സുകുമാരപിള്ള: 1976, സി. വി. വാസുദേവഭട്ടതിരി:1980 ) . എന്നാൽ അതിനെ യുക്തിപൂർവം നിരസിക്കുകയും മലയാളത്തിൽ ലിംഗപ്രത്യയങ്ങളിലൂടെയുള്ള ലിംഗവ്യവച്ഛേദനം ഉണ്ടെന്നും സർവനാമങ്ങളിലും പദതലത്തിലും അത് പ്രകടമാണെന്നും കെ. ശ്രീകുമാരി (ശ്രീകുമാരി, കെ: 2003) വിലയിരുത്തുന്നുണ്ട്. സമാനമോ വ്യത്യസ്തമോ ആയ ലിംഗസമൂഹം ഉൾക്കൊള്ളുന്ന ആശയവിനിമയ പ്രക്രിയകളിൽ പലപ്പോഴും കടന്നു വരുന്നത് 'അൻ' പ്രത്യയമാണ്. അതായത് പൊതു സമൂഹത്തെ പ്രതിനിധീകരിക്കുന്ന പ്രക്രിയകളിൽ പോലും കടന്നുവരുന്ന പദങ്ങൾ പ്രത്യയാധിഷ്ഠിതമാവുകയും ഒരു ലിംഗത്തെ ആധാരമാക്കി പൊതുലിംഗമെന്ന രീതിയിൽ വിനിമയം ചെയ്യപ്പെടുന്നു. 'എഴുത്തുകാരൻ', 'ചരിത്രകാരൻ', 'പണ്ഡിതൻ', 'മനുഷ്യൻ', 'രക്ഷകൻ', തുടങ്ങിയ പദപ്രയോഗ വിശകലനത്തിൽ അവ കൃത്യമായി ബോധ്യപ്പെടും. അതു

പ്രധാനമായും പുല്ലിംഗകേന്ദ്രിതമാണ്. അതായത് ഭാഷയിൽ പുരുഷാധിപത്യ പ്രവണത പ്രത്യയതലത്തിൽ നിലനിൽക്കുകയും ലിംഗവിവേചനത്തിനു കാരണമാവുകയും ചെയ്യുന്നുണ്ട്.

സാമൂഹികമായ ആധിപത്യമനോഭാവവും അധികാരവും അറിവും ഒരു വിഭാഗത്തിന്റേതായി മാത്രം നിലനിന്നിരുന്ന ഒരു വ്യവസ്ഥിതിയിലാണ് പ്രത്യയങ്ങളും രൂപം കൊണ്ടതെന്ന് തീർച്ചപെടുത്താം. മലയാളത്തിന്റെ വ്യാകരണചരിത്രം പരിശോധിക്കുമ്പോഴും പുരുഷനിർമ്മിതമായ വിജ്ഞാനമേഖലയാണെന്നു കാണാം. സ്വാഭാവികമായും വ്യാകരണിക ലിംഗസംവർഗ അടയാളപ്പെടുത്തലുകളിലും ലിംഗാധിപത്യം കടന്നുവരാം. മാത്രമല്ല മലയാള ഭാഷാഗോത്രത്തിന്റ ചരിത്ര വളർച്ചയെ പരിശോധിക്കുമ്പോൾ ആദ്യകാലങ്ങളിൽ അത് പുരുഷലിംഗത്തെ മാത്രമാണ് ഉൾക്കൊണ്ടിരുന്നത്. പൂർവദ്രാവിഡത്തിൽ പുരുഷൻ, പുരുഷേതരം എന്ന വിഭജനമാണ് ഉണ്ടായിരുന്നത്. പുരുഷന് അന്നും ചരിത്രപരമായി സ്ഥാനം ലഭ്യമാവുകയും സ്ത്രീയ്ക്ക് ലഭ്യമാവാതെ പോവുകയും ചെയ്തു. പുരുഷേതര ലിംഗം എന്നിടത്തു നിന്നുമാണ് സ്ത്രീലിംഗവും നപുംസകവും ഉണ്ടായിതീരുന്നത്. അതായത് സാമൂഹ്യഭാഷാശാസ്ത്ര സമീപനത്തിൽ പരിശോധിക്കുകയാണെങ്കിൽ അധികാരം കയ്യാളിയിരുന്ന പുരുഷൻ അവന് അനുകൂലമായ ഭാഷയെ നിർമ്മിക്കുകയും അതോടൊപ്പം താണ പദവിയിലേക്ക് സ്ത്രീകളെ ഒതുക്കി നിറുത്തുകയും ചെയ്തു. പ്രത്യയവിനിമയത്തിൽ പ്രവർത്തിക്കുന്നതും ഈയൊരു ആധിപത്യമാണ്. ഇത്തരത്തിൽ ലിംഗപ്രത്യയവത്കരണം ലിംഗപദവി നിർണയത്തെ കാര്യമായി ബാധിക്കുന്നു. അത് വ്യക്തമാക്കുന്നതിന് പദതലത്തിലെ വിശകലനം വഴി സാധ്യമാകും. നിഘണ്ടുക്കളിൽ നിന്നുള്ള പദവിശകലനത്തിലൂടെ പ്രത്യയവത്കരണം ലിംഗപദവി നിർണയത്തിനു കാരണമാകുന്നുണ്ടോ എന്ന് അറിയുവാനാവും.

**3.9. വ്യാകരണിക ലിംഗസൂചക പദങ്ങൾ – ശബ്ദതാരാവലിയിൽ**

പൊതുവെ മലയാളം ത്രിലിംഗ വ്യവസ്ഥയാണ് പിൻതുടരുന്നത്. അർഥത്തെ ആധാരമാക്കിയാണെങ്കിലും പ്രത്യയങ്ങളിലൂടെ ലിംഗസൂചന പ്രകടിപ്പിക്കുന്നു. പ്രത്യയാധിഷ്ഠിതമായ മൂന്നു ലിംഗ രൂപ പദങ്ങളേയും ശബ്ദതാരാവലിയിൽ കാണാം.

3.9. പട്ടിക (7). വ്യാകരണിക ലിംഗസൂചക പദങ്ങൾ – ശബ്ദതാരാവലിയിൽ

| സ്ത്രീലിംഗം | പുല്ലിംഗം | നപുംസകം |
|---|---|---|
| 1. അവൾ | അവൻ | അത് |
| 2. കള്ളി | കള്ളൻ | കള്ളം |
| 3. കാമ്യാ | കാമ്യൻ | കാമ്യം |
| 4. കൌലീന | കൌലീനൻ | കൌലീനം |
| 5. ഗംഭീര | ഗംഭീരൻ | ഗംഭീരം |
| 6. ചപല | ചപലൻ | ചപലം |
| 7. ചരി | ചരൻ | ചരം |
| 8. ദുഷ്ട | ദുഷ്ടൻ | ദുഷ്ടം |
| 9. ദുശ്ശീല | ദുശ്ശീലൻ | ദുശ്ശീലം |
| 10. ധീര | ധീരൻ | ധീരം |

വ്യാകരണകൃതികളിൽ കാണുന്ന എല്ലാതരം പ്രത്യയ രൂപങ്ങളും 'ശബ്ദതാരാവലി' യിലും കാണുന്നുണ്ട്. 'ശബ്ദതാരാവലി' യിൽ സംസ്കൃതപദങ്ങളുടെ ആധിക്യം ഉള്ളതു കൊണ്ട് സംസ്കൃത പുല്ലിംഗ പ്രത്യയരൂപങ്ങൾ ധാരാളം കാണുന്നുണ്ട്. പുല്ലിംഗസൂചകമായ 'അൻ', 'ആൻ', 'ആളൻ' എന്നിവയിൽ വരുന്ന പദങ്ങൾ ചുവടെ ചേർക്കുന്നു.

3.9. പട്ടിക (8). പുല്ലിംഗസൂചക പ്രത്യയാധിഷ്ഠിത രൂപങ്ങൾ

| **അൻ** | **ആൻ/ൻ** | **ആളൻ** |
|---|---|---|
| അകുലൻ, | അകത്താൻ, | മണവാളൻ |
| അധിപൻ | അതിയാൻ | പുണ്യാളൻ |
| അനുജൻ | കണിയാൻ | കൂട്ടാളൻ |
| വീരൻ | ചാന്നാൻ | തൊഴിലാളൻ |
| രക്ഷകൻ | തമ്പുരാൻ | പങ്കാളൻ |

സ്ത്രീലിംഗസൂചകമായ പ്രത്യയാധിഷ്ഠിത രൂപങ്ങൾ നിഘണ്ടുവിൽ പ്രത്യക്ഷപ്പെടുന്നത് ചുവടെ ചേർക്കുന്ന രൂപത്തിലാണ്,

3.9. പട്ടിക (9). സ്ത്രീലിംഗസൂചക പ്രത്യയാധിഷ്ഠിത രൂപങ്ങൾ

| **ആൾ** | **അൾ /ൾ** | **അ/ ആ** | **ത്തി** | **ച്ചി** | **ട്ടി/ ആ ട്ടി** | **റ്റ്** | **ഈ /ഇ** |
|---|---|---|---|---|---|---|---|
| ചന്ദ്രനേർമുഖി യാൾ | അവൾ | പ്രിയാ | ഈഴ ത്തി | ചെട്ടി ച്ചി | കണി യാട്ടി | വേ റ്റി | കുറുമ്പി |
| വരമിഴിയാൾ | മകൾ | കാന്താ | കുറത്തി | നുണ ച്ചി | ചാന്നാ ട്ടി | | കള്ളി |
| നേരിടയാൾ | പെങ്ങ ൾ | അബല | കരുവാ ത്തി | കൊ തിച്ചി | തമ്പുരാ ട്ടി | | മിടുക്കി |
| പിറന്നുതലാൾ | | ഭാര്യ | കന്നാ ത്തി | കൊടി ച്ചി | വയറ്റാ ട്ടി | | സുന്ദരി |
| തയ്യലാൾ | | | തട്ടാ ത്തി | പതിച്ചി | വെപ്പാ ട്ടി | | നടി |

### 3.10. വ്യാകരണിക ലിംഗസൂചക പദങ്ങൾ– നിഘണ്ടുക്കളിൽ–സ്ത്രീപക്ഷ വിശകലനം

മലയാള വ്യാകരണകൃതികളുടെ ലിംഗസങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ നിഘണ്ടുക്കളിലെ നാമപദങ്ങളിലെ ലിംഗസ്വഭാവത്തെ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. ലിംഗപരമായ ആധിപത്യം സാമൂഹികമായി നിലനിൽക്കുന്നുണ്ടെന്നും അത് ഭാഷയിൽ പ്രകടമാണെന്നും ഉള്ള പരികല്പനകളുടെ അടിസ്ഥാനത്തിൽ കൂടിയാണ് ഈ വിശകലനം. വ്യാകരണത്തിലെ ലിംഗസങ്കല്പത്തെ പല രീതിയിൽ പഠിക്കപ്പെട്ടിട്ടുണ്ട്. ഓരോ വ്യാകരണകൃതികളുടെയും ലിംഗവ്യവസ്ഥ, വിഭജനം, പ്രത്യയം എന്നിവയെ താരതമ്യാത്മകമായി പഠിക്കുന്ന പഠനങ്ങളുണ്ട്. വ്യാകരണകൃതികളിൽ ഊന്നിവന്ന പഠനങ്ങളെ മേരി, എൻ. കെ (2015:) ക്രോഡീകരിച്ച് അപഗ്രഥിക്കുന്നുണ്ട്. പ്രേമ, എസ് (2017:), ഐശ്വര്യ, പി. (2017) എന്നിവരുടെ പഠനങ്ങളും ഈ ഗണത്തിൽ പെടുന്നവയാണ്. ഇതിൽ നിന്നു ഭിന്നമായി സ്ത്രീപക്ഷ സാമൂഹ്യഭാഷാശാസ്ത്ര സമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്.

മിഷണറി, സ്വദേശീയ വ്യാകരണകൃതികളിലെല്ലാം ലിംഗം എന്ന വ്യാകരണിക സംവർഗത്തെ അടയാളപ്പെടുത്തിയിട്ടുണ്ട്. അർഥപരമായ ലിംഗവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ലിംഗ പ്രത്യയങ്ങളിലൂടെയോ കോശിമങ്ങൾ തനിയെയോ ലിംഗസൂചന നൽകുന്നു. മലയാളത്തിലെ പൊതു നിഘണ്ടുക്കൾ പരിശോധിക്കുമ്പോൾ, തലപ്പദം അഥവാ മുഖ്യപദം, വ്യാകരണിക സംവർഗം, അർഥം, പ്രയോഗരീതി എന്നിങ്ങനെയാണ് ചുരുങ്ങിയ നിലയിൽ അടയാളപ്പെടുത്തുന്നത്. ഏതു നിഘണ്ടുവിലായാലും മുഖ്യപദവും അർഥവും പ്രധാനമാണ്. മലയാള നിഘണ്ടുക്കളുടെ മുഖ്യപദം പരിശോധിക്കുമ്പോൾ വ്യക്തമാവുന്നത് പുല്ലിംഗപദങ്ങളെ പ്രധാനമായി കാണുന്നുവെന്നാണ്.

1. "അംശകൻ– 1. ഒരു പങ്കിന് അവകാശമുള്ളവൻ, 2. ബന്ധു. 3. അംശസംഭൃതൻ

2. അംശയിതാവ്- പങ്കിട്ടു കൊടുക്കുന്നവൻ.

3. അംശുലൻ- 1. പ്രകാശമുള്ളവൻ, ശോഭയുള്ളവൻ, 2. ചാണക്യൻ. 3. സന്യാസി

4. അന്തർമ്മുഖൻ- ആത്മധ്യാനനിരതൻ" (ശബ്ദതാരാവലി: 1927)

5. "അനുഗൻ- follower

6. അനുജൻ- അനിശൻ, അനിയൻ, fem- അനുജ, അനുജത്തി-after born, younger child, younger brother and sister.

7. മകൻ- A son, മോൻ , മകൾ- daughter" (ഗുണ്ടർട്ട് നിഘണ്ടു: 2013).

തലപ്പദം എന്ന നിലയിൽ നിഘണ്ടുക്കൾ അടയാളപ്പെടുത്തുന്നത് പുല്ലിംഗ പദങ്ങളെയാണ്. 'ശബ്ദതാരാവലി'യിലും 'ഗുണ്ടർട്ട്നിഘണ്ടു' വിലുമൊക്കെ കാണുന്നത് ഇത്തരത്തിലാണ്. നിഘണ്ടു ക്രിയാപദങ്ങളെയും നപുംസകരൂപത്തെ യും തലപ്പദമായി കൊണ്ടു വരുന്നുണ്ടെങ്കിലും സ്ത്രീ-പും ലിംഗ പദങ്ങളിൽ പ്രമുഖ സ്ഥാനം നൽകുന്നത് പുല്ലിംഗസൂചകങ്ങൾക്കാണ്. പുല്ലിംഗപ്രത്യയമായി വ്യാകരണ കൃതികൾ പൊതുവെ സൂചിപ്പിച്ചിട്ടുള്ളത് 'അൻ' പ്രത്യയമാണ്. പുല്ലിംഗരൂപങ്ങൾ കൂടാതെ നപുംസകരൂപത്തിലും 'അൻ' പ്രത്യയം കാണാമെന്ന് ഗുണ്ടർട്ട് പറയുന്നുണ്ടെങ്കിലും അത് തദ്ധിതമാണെന്ന നിരീക്ഷണം പിന്നീട് ഉണ്ടാവുന്നു ണ്ട് (കേരളപാണിനീയം: 174). കേരളപാണിനീയം മുതലുള്ള വ്യാകരണകൃതി കളെല്ലാം അത് ശരി വയ്ക്കുന്നു. തദ്ധിതരൂപങ്ങൾ സ്ത്രീ- പും സൂചക പദങ്ങളിൽ ലിംഗപ്രത്യയമായി പ്രവർത്തിക്കുമെങ്കിലും നപുംസകരൂപത്തിൽ തദ്ധിതസ്വഭാവം കാണിക്കുന്നു. എന്നാൽ നിഘണ്ടുവിൽ തദ്ധിത പ്രത്യയമായി വരുന്ന 'അൻ' രൂപങ്ങൾ പുല്ലിംഗസൂചകമായാണ് പ്രവർത്തിക്കുന്നത്. തെക്കൻ, വടക്കൻ, നാടൻ, പ്രാണൻ, ജീവൻ തുടങ്ങിയ തദ്ധിതരൂപങ്ങളെല്ലാം നിഘണ്ടുവിൽ എത്തുന്നതോടേ പുല്ലിംഗകേന്ദ്രിതമാവുന്നു. ലിംഗപക്ഷം എന്നവകാശപ്പെടാൻ കഴിയാത്ത പദങ്ങൾ

പോലും പ്രത്യയബലത്തിലൂടെ ലിംഗസ്വഭാവം പ്രകടിപ്പിക്കാൻ സജ്ജമാണെന്നു സാരം. മാത്രമല്ല പുല്ലിംഗസ്വഭാവമാണ് കൂടുതലായും പ്രകടിപ്പിക്കുന്നത്. ഇത് ഫെമിനിസ്റ്റ്ഭാഷാശാസ്ത്ര തലത്തിൽ നിരീക്ഷിക്കുമ്പോൾ, ഭാഷയിൽ പുരുഷാധിപത്യ പ്രവണത നിലനിൽക്കുന്നുവെന്ന പരികല്പനയെ ശരിവയ്ക്കുന്നതായി ബോധ്യപ്പെടുന്നു. പൊതുവായി സൂചിപ്പിക്കുന്ന പദങ്ങളും നിഘണ്ടുവിൽ എത്തുമ്പോൾ പുല്ലിംഗമായി മാറുന്നതു കാണാം. ലിംഗപ്രത്യയത്തെ വിശാലമായി നോക്കിക്കണ്ട കൃതിയാണ് 'മലയാൺമയുടെ വ്യാകരണം'. മലയാൺമയുടെ വ്യാകരണത്തിലൂടെ സ്ത്രീ പും ലിംഗത്തിൽ ഉൾപ്പെടുന്നവയെ പൊതുവായി സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന പ്രത്യയമാണ് 'ആളി'. ലിംഗനിരപേക്ഷ സങ്കല്പം (gender neutral terms ) എന്ന രീതിയിൽ ജോർജ് മാത്തൻ അവതരിപ്പിക്കുന്ന 'ആളി' സ്ത്രീപക്ഷ സമീപനത്തിൽ വലിയൊരു ഭാഷാവിപ്ലവമാണ്. എന്നാൽ തീർത്തും പുരുഷ വിഭാഗത്തിലേക്ക് മാത്രം ചുരുക്കി ലിംഗനിരപേക്ഷമെന്ന വിശാല സങ്കല്പത്തെ ലിംഗപക്ഷസ്വഭാവത്തിലേക്ക് മാറ്റിതീർക്കുന്നതായി നിഘണ്ടു തലത്തിൽ പരിശോധിക്കുമ്പോൾ കാണാവുന്നതാണ്. 'ആളി' എന്നതിന് നിഘണ്ടു വിവരണം ഇപ്രകാരമാണ്:-

> 'ആളി (1)- ആളുന്നവൻ, ഭരിക്കുന്നവൻ, ഉള്ളവൻ, വഹിക്കുന്നവൻ
>
> ആളി (2)- നിര, പംക്തി, കൂട്ടം
>
> ആളി (3)- സഖി, തോഴി (ഒപ്പം കളിച്ചു വളർന്നവൾ)
>
> ആളി (4)- സിംഹത്തിന്റെ വർഗത്തിൽപ്പെട്ട സാങ്കല്പിക മൃഗം, തേൾ, വണ്ട്.
>
> ആളി (5)- 'ആളുക' എന്നതിന്റെ ഭൂതകാല രൂപം'. (ശബ്ദതാരാവലി: 2017, പുറം 298- 299).

ജോർജ് മാത്തന്റെ സങ്കല്പനത്തിൽ നിന്നും ഭിന്നമായ സമീപനമാണ് 'ആളി' കൈക്കൊള്ളുന്നത്. 'ആളി' യുടെ ഒന്നാമത്തെ അർഥം തന്നെ ലിംഗപക്ഷ സ്വഭാവത്തിൽ ഉള്ളതാണ്. ആളിയുമായി ബന്ധപ്പെട്ട മറ്റു പദങ്ങൾ പരിശോധിക്കുമ്പോഴാണ് അത് കൂടുതൽ ബോധ്യമാവുന്നത്.

3.10. പട്ടിക (10). ആളി ചേർന്ന പദങ്ങളും അർഥവും

| **നമ്പർ** | **പദം** | **അർഥം** |
|---|---|---|
| 1 | ഇരപ്പാളി | യാചകൻ, ഇരപ്പൻ |
| 2 | ഊരാളി | 1. ഊരിലെ അധികാരി, 2. സ്ഥലവാസി. 3. തെങ്ങു കയറ്റം തൊഴിലായിട്ടുള്ള ജാതി. |
| 3 | എതിരാളി | ശത്രു |
| 4 | എത്തുവാളി | ചതിയൻ |
| 5 | ഏഞ്ഞാളി | മെലിഞ്ഞവൻ (തെക്കൻ പ്രയോഗം) |
| 6 | ഏറ്റാളി | തെങ്ങു കയറുന്നവൻ |
| 7 | കുറ്റവാളി | കുറ്റം ചെയ്തവൻ |
| 8 | കൂട്ടാളി | കൂട്ടുകാരൻ |
| 9 | കൊലയാളി | കൊലപാതകി (കൊലക്കുറ്റം ചെയ്തവൻ, മഹാക്രൂരൻ) |
| 10 | തൊഴിലാളി | പണിക്കാരൻ, ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടവൻ, കൂലിവേലക്കാരൻ |
| 11 | പങ്കാളി | പങ്കുകാരൻ |

| | | |
|---|---|---|
| 12 | പിഴയാളി | കുറ്റക്കാരൻ |
| 13 | പോരാളി | യുദ്ധവിദഗ്ദ്ധൻ, ഭടൻ |
| 14 | മലയാളി | 1.മലയാളദേശക്കാരൻ, കേരളീയൻ, 2. മലയിൽ പാർക്കുന്നവൻ |
| 15 | മുതലാളി | ഉടമ, വലിയ കച്ചവടക്കാരൻ |
| 16 | വില്ലാളി | വില്ലുകൊണ്ട് യുദ്ധം ചെയ്യാൻ സാമർഥ്യമുള്ളവൻ |

'ആളി' തീർത്തും പുല്ലിംഗകേന്ദ്രിത പദമാണെന്നാണ് നിഘണ്ടു കാണിച്ചു തരുന്നത്. 'ആളി' ചേർന്ന പദങ്ങൾ പൊതുരൂപത്തിൽ ഉപയോഗിക്കുന്നതിൽ നിന്നും ജോർജ് മാത്തന്റെ സമീപനമാണ് ഉയർന്നു വരുന്നത്. 'പങ്കാളി', 'മലയാളി' എന്നീ പദങ്ങളെല്ലാം പൊതുസമൂഹം ലിംഗനിരപേക്ഷമായാണ് ഉപയോഗിക്കുന്നത്. എന്നാൽ നിഘണ്ടുവിൽ എത്തുന്നതോടെ ഈ പദങ്ങൾ എല്ലാം ലിംഗപക്ഷസ്വഭാവം കാണിക്കുകയും ഒരു വിഭാഗത്തിലേക്ക് മാത്രം ചുരുങ്ങി പോവുകയും ചെയ്യുന്നു. വ്യാകരണിക ലിംഗസങ്കല്പം കൊണ്ടു വരുന്ന ലിംഗപക്ഷരഹിത സങ്കല്പം പോലും നിഘണ്ടുക്കളിലെത്തുമ്പോൾ പുല്ലിംഗ വത്കരണത്തിനു വിധേയമാവുന്നു. നിഘണ്ടുവിന്റെ ലിംഗപക്ഷപാതപരമായ സമീപനമാണ് ഇവിടെ പ്രകടമാകുന്നത്. നിലനിൽക്കുന്ന പുരുഷാധിപത്യ വ്യവസ്ഥ അർഥസമീപനത്തിൽ പ്രവർത്തിക്കുകയും ലിംഗവിവേചനം നിഘണ്ടു ക്കളിൽ പ്രകടമാവുകയും ചെയ്യുന്നു.

**3.11. അധ്യായസംഗ്രഹം**

ലിംഗം എന്ന ആശയത്തെ ഭാഷാപഠനമേഖലയിൽ ആദ്യം ചർച്ചക്കെടുക്കുന്നത് വ്യാകരണതലത്തിലാണ്. നാമപദങ്ങളുടെ വർഗീകരണത്തിലാണ് ലിംഗത്തെയും വിശദീകരിക്കുന്നത്. ലോകഭാഷകളെല്ലാം ഒരേ തരം ലിംഗസമീപനമല്ല പുലർത്തു ന്നത്. രൂപത്തെയോ അർഥത്തെയോ അടിസ്ഥാനപ്പെടുത്തി ലിംഗവ്യവസ്ഥ നിർണയിക്കുന്നു. ലിംഗവ്യവസ്ഥ, ലിംഗവിഭജനം, ലിംഗപ്രത്യയം എന്നിവയിലെല്ലാം ഭാഷകൾ തമ്മിൽ സാമ്യവൈജാത്യങ്ങളുണ്ട്.

മലയാളം അർഥത്തെ അടിസ്ഥാനപ്പെടുത്തി ത്രിലിംഗവിഭജന രീതിയാണ് പൊതുവെ സ്വീകരിച്ചിരിക്കുന്നത്. മലയാളത്തിന്റെ പ്രാചീന വ്യാകരണകൃതി എന്ന നിലയിൽ കൂടി പ്രസിദ്ധിയുള്ള 'ലീലാതിലകം' മുതൽക്കിങ്ങോട്ട് അംഗീകരിച്ചിട്ടുള്ള കാര്യമാണ് മേൽസൂചിപ്പിച്ചിരിക്കുന്നത്. സ്ത്രീലിംഗം, പുല്ലിംഗം, നപുംസകം എന്നിങ്ങനെയാണ് ലിംഗവിഭജനം. എന്നാൽ ജോർജ് മാത്തൻ (1863), പി. കെ. നാരായണപിള്ള (1937), കെ. സുകുമാരപ്പിള്ള (1976), സി. വി. വാസുദേവ ഭട്ടതിരി ( 1989), സി,കെ. ചന്ദ്രശേഖരൻനായർ, ഗോപിക്കുട്ടൻ (2002) എന്നിവർ അലിംഗം, സാമാന്യലിംഗം, ഉഭയലിംഗം എന്നിങ്ങനെയുള്ള സംജ്ഞകളിൽ ഒന്ന് ഉപയോഗി ക്കുകയും നാലായി ലിംഗവിഭജനം നടത്തുകയും ചെയ്തിട്ടുണ്ട്. ലിംഗപ്രത്യയത്തെ സംബന്ധിച്ച് മലയാള വ്യാകരണകൃതികൾ വിശദമായി വിവരിക്കുന്നുണ്ട്.

മലയാളവ്യാകരണകൃതികളിലെ ലിംഗസങ്കല്പത്തെ അടിസ്ഥാനമാക്കി മലയാള നിഘണ്ടുക്കൾ പരിശോധിക്കുമ്പോൾ 'ഗുണ്ടർട്ട് നിഘണ്ടു', ഗുണ്ടർട്ടിന്റെ വ്യാകരണ ലിംഗസങ്കല്പവുമായി യോജിച്ചു പോവുന്നതായി കാണാം. പ്രത്യേകിച്ചും ലിംഗപ്രത്യയ കാര്യത്തിൽ. സംസ്കൃത പദങ്ങളെ മലയാളത്തിന്റേതായ രീതിയിലാണ് ഗുണ്ടർട്ട് രേഖപ്പെടുത്തുന്നത്. എന്നാൽ ശബ്ദതാരാവലി സംസ്കൃതപദങ്ങൾക്ക് സംസ്കൃത ത്തിന്റേതായ പ്രത്യയശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്.

പ്രത്യയവത്കരണം ലിംഗപദവി നിർണയത്തെ പ്രകടമായി സ്വാധീനിക്കുന്നു വെന്നാണ് പദവിശകലനത്തിൽ ബോധ്യപ്പെട്ടത്. ഫെമിനിസ്റ്റ് ഭാഷാശാസ്ത്ര

സമീപനത്തിൽ പരിശോധിക്കുമ്പോൾ നിഘണ്ടുക്കൾ പ്രഥമലിംഗം എന്ന പരിഗണന നൽകിയിരിക്കുന്നത് പുല്ലിംഗരൂപങ്ങൾക്കാണ്. തലപ്പദമായി നിഘണ്ടു അടയാളപ്പെടുത്തുന്നതും പുല്ലിംഗ രൂപമാണ്. അവയിൽ നിന്നും ഉത്ഭവിക്കുന്നതായി സ്ത്രീലിംഗരൂപത്തെ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ സ്ത്രീലിംഗ സൂചകപദങ്ങളെ അടയാളപ്പെടുത്താതെ ഒഴിവാക്കുകയോ ചെയ്യുന്നു. പൊതുലിംഗസൂചക പദങ്ങളും നിഘണ്ടുവിൽ എത്തുമ്പോൾ പുല്ലിംഗകേന്ദ്രിതമാവുന്നു. ലിംഗപക്ഷപാതമില്ലാത്ത പ്രത്യയമായി ജോർജ് മാത്തൻ അവതരിപ്പിക്കുന്ന 'ആളി' പ്രത്യയം നിഘണ്ടുവിൽ ലിംഗപക്ഷസ്വഭാവം പ്രകടിപ്പിക്കുന്നു. അതായത് വ്യാകരണിക ലിംഗസങ്കല്പം കൊണ്ടുവന്ന ലിംഗനിരപേക്ഷ സങ്കല്പത്തെ നിഘണ്ടു നിരാകരിക്കുകയും കൃത്യമായ ലിംഗവിവേചനം പദ, അർഥ വിവരണത്തിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നു. സാമൂഹികമായ ആധിപത്യമനോഭാവം ഭാഷയിൽ പ്രകടമാവുകയും അത് ഭാഷാ സ്രോതുഗ്രന്ഥങ്ങളിലും സ്വാധീനിക്കുകയും, അതുവഴി ലിംഗവിവേചന മൂല്യങ്ങളെ നിലനിറുത്തുകയും ചെയ്യുന്നു.

# അധ്യായം- നാല്

# കോശിമലിംഗവ്യവസ്ഥ: മലയാളത്തിൽ

## 4.0. ആമുഖം

വ്യാകരണതലത്തിൽ ലിംഗമെന്ന സങ്കല്പത്തെ അവതരിപ്പിക്കുന്നത് പ്രധാനമായും രണ്ട് സമീപനങ്ങളിലൂന്നിയാണ്. നാമപദങ്ങൾ അവയുടെ ലിംഗ സ്വഭാവത്തെ രൂപത്തെയോ അർഥത്തെയോ അടിസ്ഥാനപ്പെടുത്തി പ്രകടിപ്പിക്കുന്നു. അർഥത്തെ പ്രധാനമായി കണ്ടുകൊണ്ട് ലിംഗസൂചന നൽകുന്ന പദങ്ങളെയാണ് കോശിമലിംഗ സൂചകപദങ്ങളായി പരിഗണിക്കുന്നത്. പ്രത്യേക പ്രത്യയങ്ങൾ ചേരുന്നില്ല. അതായത് ഒരു പദം തനിയെ ലിംഗസൂചന നിർണ യിക്കുന്നുവെന്നു സാരം. ഉദാ-അമ്മ,ഭാര്യ,സ്ത്രീ... എന്നിവ. അർഥാടിസ്ഥാനത്തിലുള്ള ഈ ലിംഗവ്യവസ്ഥ മലയാളത്തിൽ എങ്ങനെയെന്നും അതെങ്ങനെ ഭാഷയിലെ ലിംഗഭേദത്തെ നിർണയിക്കുന്നുവെന്നും നിഘണ്ടുക്കളിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്നുമുള്ള അന്വേഷണമാണ് ഈ അധ്യായത്തിൽ.

## 4.1. അർഥവും ലിംഗവ്യവസ്ഥയും

ഒരു പ്രത്യേകനിർവ്വചനങ്ങൾക്കുള്ളിൽ ഒതുക്കാൻ കഴിയുന്ന സങ്കല്പനമല്ല അർഥം. അതേസമയം അർഥത്തിന്റെ സവിശേഷതകളെയും ഭാഷാപഠനത്തിലെ പ്രാധാന്യത്തെയും അക്കാദമികമായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. “സമഗ്രമായ സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വചിക്കാവുന്ന ഭാഷാനിഷ്ഠ സംവേദന സാരം (content)“ എന്നാണ് അർഥത്തെ വി. ആർ. പ്രബോധചന്ദ്രൻ നായർ വിവരിക്കുന്നത് (2012: പുറം- 605). അർഥത്തെ സംബന്ധിച്ചുള്ള ശാസ്ത്രീയപഠന മാണ് അർഥവിജ്ഞാനം (semantics). അർഥപഠനത്തെ ഭാഷാശാസ്ത്രത്തിലെ ദുർബലമണ്ഡലമായാണ് ബ്ലൂംഫീൽഡ് അടയാളപ്പെടുത്തിയത്. ബ്ലൂംഫീൽഡിയൻ- നവബ്ലൂംഫീൽഡിയൻ ഭാഷാശാസ്ത്രജ്ഞർ ഭാഷയുടെ ഒരു പരിധീയോപവ്യവസ്ഥ

(peripheral subsystem) മാത്രമായി അർഥത്തെ കാണുകയും ചെയ്തു. എന്നാൽ ചോംസ്കിയൻ വിപ്ലവകാലത്ത് പ്രജനകവ്യാകരണത്തിലെ അർഥകാണ്ഡത്തിന്റെ നിയമങ്ങളെ സംബന്ധിച്ചുള്ള ചിന്തകൾ ഉയരുകയും പ്രജനകാർഥവിജ്ഞാനം (generative semantics) എന്നൊരു ശാഖ രൂപപ്പെടുകയും ഉണ്ടായി (പ്രബോധചന്ദ്രൻ നായർ, വി. ആർ: 2012).

സ്വഭാവസവിശേഷതകളെ അടിസ്ഥാനമാക്കി അർഥത്തെ പലതായി വർഗീകരിക്കുന്നു. വാച്യം, ലാക്ഷണം, വൈകാരികം, രീതിനിഷ്ഠം, സഹസംബന്ധം എന്നിങ്ങനെ അഞ്ചുതരം വർഗീകരണമാണ് കെ. എം. പ്രഭാകരവാരിയർ (ആധുനികഭാഷാശാസ്ത്രം: 1972) നൽകുന്നത്. ഏഴായിട്ടാണ് ടി. ബി. വേണുഗോപാല പണിക്കറും (ഭാഷാർഥം: 1997) വി. ആർ പ്രബോധചന്ദ്രൻ നായരും (ഭാഷാശാസ്ത്ര നിഘണ്ടു: 2012) വർഗീകരിക്കുന്നത്. അഭിധേയം, ലാക്ഷണം, രീതിനിഷ്ഠം, വൈകാരികം, പ്രതിഫലിതം, സഹസംബന്ധിതം, പ്രമേയം എന്നിങ്ങനെയാണ്. ഭാഷാർഥത്തിൽ മുഖ്യമായി നിൽക്കുന്ന, യുക്തിനിഷ്ഠവും സങ്കല്പനപരവുമായ അർഥ ത്തെയാണ് അഭിധേയാർഥം (denotative) ആയി കണക്കാക്കുന്നത്. ഇതിന് വ്യാവർത്തകലക്ഷണങ്ങളും അംഗഘടനയുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് പദത്തിന്റെ അർഥത്തെ വിശദീകരിക്കുന്നത്. മനുഷ്യത്വം, പുരുഷത്വം, പ്രായം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കൂടി അർഥവിവരണം ഭാഷയിൽ സാധ്യമാകുന്നു. + – മനുഷ്യത്വം (human) +– പുരുഷത്വം (male) +– മുതിർച്ച (adults) എന്ന സമവാക്യ പ്രകാരം ആൺ, പെൺ എന്നിവയെ വിവരിക്കുന്നത് ഇപ്രകാരമാണ്,

ആൺ: + മനുഷ്യത്വം+പുരുഷൻ+ മുതിർച്ച

പെൺ: +മനുഷ്യത്വം– പുരുഷത്വം+ മുതിർച്ച

ഒരു പദത്തിന്റെ ഇത്തരം വിവരണത്തിലൂടെ അതുൾക്കൊള്ളുന്നതെന്താണ് എന്നതിനൊപ്പം എന്തല്ല എന്ന വിവരണം കൂടി നൽകുന്നു.

അഭിധേയാർഥത്തിൽ നിന്നും ഭിന്നമായി വേറിട്ടു നിൽക്കുന്ന സംവേദന സാധ്യതകളാണ് ലാക്ഷണിക (connotative) അർഥത്തിൽ വരുന്നത്. ഭാഷാ പ്രയോഗത്തിൽ വളരെ പ്രാധാന്യം വഹിക്കുന്നുണ്ടെങ്കിലും വ്യക്തി, സമൂഹം, സന്ദർഭം എന്നിവയ്ക്ക് അനുസരിച്ച് അർഥവും മാറുന്നതാണ് ലാക്ഷണികം എന്ന് വേണുഗോപാലപണിക്കർ അഭിപ്രായപ്പെടുന്നു (1997: 17). രീതിനിഷ്ഠം (stylistics), സാമൂഹ്യസാഹചര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. വൈകാരികാർഥം (emotional) എന്നത് വക്താവിന്റെ വൈകാരികാവസ്ഥ, വിഷയത്തോടും ശ്രോതാവിനോടും ഉള്ള മനോഭാവം എന്നിവ അഭിധ, ലക്ഷണ, രീതി എന്നിവയിലേതെങ്കിലും വഴി ആവിഷ്ക്കരിക്കുന്നത് ആണ്. ചില ഭാഷാഘടകങ്ങൾ മറ്റു ചിലതിനോട് മാത്രമേ ചേരു. 'വെള്ളം കുടിച്ചു' എന്നതിനു 'വെള്ളം കഴിച്ചു' എന്നു പറയാറില്ല. ഇത്തര ത്തിലുള്ളതാണ് സഹസംബന്ധാർഥം (collocational). എല്ലാ അർഥങ്ങളും സാഹചര്യങ്ങളിൽ കൂടിയാണ് സംവേദനസാധ്യത നിർണയിക്കുന്നത്. അതു കൊണ്ടു തന്നെ അർഥങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിനിഷ്ഠം കൂടി യാണ് സാഹചര്യാർഥം (situational). "സന്തോഷം– സന്താപം, നന്മ– തിന്മ, മൃദു– കഠിനം, സക്രിയം– നിഷ്ക്രിയം എന്നീ നാലു മാനങ്ങളിൽ സങ്കല്പിക്കാവുന്ന ഏതു ബിന്ദുവിലാണ് ഓരോ ഭാഷണാംശത്തോടും വ്യക്തികൾക്കുള്ള പ്രതികരണം അടയാളപ്പെടുത്താവുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ സാഹചര്യാർഥം അളക്കാമെന്ന് The measurement of Meaning (1957) എന്ന പുസ്തകത്തിൽ കാണാം. എങ്കിലും ഇത്തരം അളവുകൾക്കൊന്നും ഒരു സൂക്ഷ്മതയും അവകാശപ്പെടാനാവില്ല" (പ്രബോധചന്ദ്രൻ നായർ, വി. ആർ: 2012, പുറം– 606). സാഹചര്യാർഥത്തിന്റെ അത്രതന്നെ വ്യക്തിനിഷ്ഠം അല്ലെങ്കിലും ഭാഷാപ്രയോഗത്തിലെ ചില ഊന്നലുകൾക്ക് ഉദ്ദേശിക്കുന്ന ആശയത്തെ മനസ്സിലാക്കുവാൻ സാധിക്കുന്നു. അത്തരം അർഥസംവേദനങ്ങളാണ് പ്രമേയ (thematic) അർഥത്തിൽ വരുന്നത്.

മേൽസൂചിപ്പിച്ച പ്രകാരം പല തരത്തിൽ ആണ് അർഥം ഭാഷാ പ്രയോഗത്തിൽ ഇടപെടുന്നത്. പദത്തിൽ നിന്നും വേറിട്ടൊരു അസ്തിത്വമല്ല അർഥത്തിനുള്ളത്. അർഥമെന്നത് ഭാഷാപരവും സാമൂഹ്യപരവുമാണ്. സംവേദന സാധ്യത നിർണയിക്കുന്നത് സമൂഹമാണ്. സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകൾ കൂടിയാണ് അർഥം. സമൂഹനിർമ്മിതിയായ ഭാഷാഘടകങ്ങളിലും അർഥം നിർണായകമാണ്. പാരമ്പര്യവും ആധുനികവുമായ ഭാഷാവീക്ഷണങ്ങളിൽ അർഥത്തെയും ഉൾക്കാണ്ടിട്ടുണ്ട്. വ്യാകരണത്തിലെ ലിംഗസങ്കല്പങ്ങളിൽ അർഥാടിസ്ഥാനത്തിലുള്ള ലിംഗനിർണയം പ്രധാനമായിരുന്നു.

അർഥത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ലിംഗവ്യവസ്ഥയാണ് ദ്രാവിഡ ഗോത്രം പൊതുവെ സ്വീകരിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ലിംഗ വിഭജനവും. ദ്രാവിഡഗോത്രത്തിൽ ലിംഗവിവരണത്തെ സംബന്ധിച്ചുള്ള ചർച്ച കളിൽ വ്യക്തമാകുന്നത് ആദ്യകാലത്ത് ദ്വിലിംഗവ്യവസ്ഥയാണ് പിൻ തുടർന്നിരുന്നത് എന്നാണ്. പുല്ലിംഗം, പുല്ലിംഗേതരം എന്ന രീതിയാണ് ഉണ്ടായിരുന്നത്. പുല്ലിംഗേതരത്തിൽ സ്ത്രീലിംഗവും നപുംസകവും ഉൾപ്പെടുന്നു. നിലവിൽ ദ്രാവിഡഗോത്രത്തിലെ ഭൂരിഭാഗം ഭാഷകളും ത്രിലിംഗ വ്യവസ്ഥയാണ് ഉൾക്കൊണ്ടിരിക്കുന്നത്. അർഥസമവാക്യത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ലിംഗം സൂചിപ്പിക്കുന്നത്. മലയാളം സ്വീകരിച്ചിരിക്കുന്നതും ഈ രീതിയാണ്. അതുകൊണ്ടാണ് ലിംഗവ്യവസ്ഥയിലുള്ള പ്രത്യയവത്കരണത്തെ പല വ്യാകരണ പഠിതാക്കളും വിമർശിച്ചത്. അർഥം അനുസരിച്ചാണ് ലിംഗം നിർണയിക്കുന്നത് എങ്കിൽ പ്രത്യയത്തിന്റെ ആവശ്യം ഇല്ലെന്നാണ് സി. വി. വാസുദേവഭട്ടതിരിയും (1979), കെ. സുകുമാരപിള്ളയും (1980) അഭിപ്രായപ്പെട്ടത്. അർഥം അടിസ്ഥാനം ആക്കിയും ലിംഗപ്രത്യയം സ്വീകരിച്ചും ഉള്ള രീതിയാണ് പല ദ്രാവിഡ ഭാഷകളേയും പോലെ മലയാളവും സ്വീകരിച്ചിരിക്കുന്നത്.

### 4.2. ലിംഗപൊരുത്തവും കോശിമങ്ങളും

ഒരു പദത്തിന്റെ വിവിധ രൂപഭേദങ്ങൾ ചേർന്ന യൂണിറ്റാണ് കോശിമം (lexeme). "വിഭക്തി- കാല- പുരുഷ- വചനാദി വ്യവസ്ഥകളിലെ ധർമ്മമനുസരിച്ചു സംഭവിക്കാവുന്ന രൂപഭേദങ്ങൾക്കതീതമായി പദാവലിയിലെ (vocabulary) ഒരിനം എന്നെണ്ണാവുന്ന ഏകകം" ( പ്രബോധചന്ദ്രൻ നായർ, വി. ആർ: 2012) എന്നു പറയാം. ഭാഷാശാസ്ത്രത്തിലെ സാങ്കേതിക പദം കൂടിയാണിത്. കോശിമങ്ങൾ ലിംഗപരമായ സൂചനകളെ കൂടി ഉൾക്കൊള്ളുന്നു.

ലിംഗപക്ഷസ്വഭാവമുള്ള ഭാഷകളിൽ നാമപദങ്ങളുടെ ലിംഗസൂചന നൽകുക സ്വാഭാവികം. പല മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് ലിംഗം ഏതെന്ന് നിർണയിക്കുന്നത്. ലിംഗപ്രത്യയം ചേർന്നു വരുന്ന പദങ്ങളെ സംബന്ധിച്ച് അത് പ്രത്യക്ഷാ പ്രകടമാണ്. രൂപപരമായ അടയാളങ്ങൾ ഉള്ളതിനാൽ സംശയത്തിന് ഇടയില്ല. പ്രത്യേകിച്ച് ലിംഗപൊരുത്തം ഉള്ള ഭാഷയെ സംബന്ധിച്ച് ലിംഗസൂചന നൽകുക എന്നത് പ്രധാനമാണ്. നാമപദങ്ങളുടെ ലിംഗസ്വഭാവത്തിനനുസരിച്ച് അനുബന്ധപദങ്ങളിൽ പ്രതിഫലിക്കുന്ന സ്വഭാവത്തെയാണ് ലിംഗപ്പൊരുത്തം (gender agreement) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇൻഡോ- യൂറോപ്യൻ ഗോത്രത്തിലെ മിക്ക ഭാഷകളും ലിംഗപൊരുത്തമുള്ള ഭാഷകളാണ്. (Corbett: 1991 ). നാമത്തിന്റെ ലിംഗവിഭാഗത്തിനനുസൃതമായി വചനം, വിശേഷണം, ക്രിയാപദം, എന്നിവയിലൊക്കെ ലിംഗപൊരുത്തം പ്രവർത്തിക്കുന്നു. അതായത് വാക്യഘടനാ തലത്തിലാണ് ലിംഗപൊരുത്തം കാണാനാവുക.

മലയാളത്തെ സംബന്ധിച്ച് വാക്യഘടനാതലത്തിലുള്ള ലിംഗ പൊരുത്തമില്ല. പ്രാചീന കാലഘട്ടത്തിൽ ഭാഷാപ്രയോഗത്തിൽ ഉണ്ടായിരുന്നെ ങ്കിലും മലയാളഭാഷാ വികാസഘട്ടത്തിൽ അത്തരം കാര്യങ്ങളെ ഉപേക്ഷിക്കുക യാണ് ഉണ്ടായതെന്ന് 'കേരളപാണിനീയം' (രാജരാജവർമ്മ, ഏ. ആർ: 1917) വിശദീകരിക്കുന്നു. കൊടുന്തമിഴ് പരിണമിച്ചാണ് മലയാളം ഉണ്ടായതെന്ന് സമർഥിക്കാനായി ഏ. ആർ. രാജരാജവർമ്മ നിരത്തുന്ന ആറു വാദങ്ങളിൽ

ഒന്നാണ് 'പുരുഷഭേദനിരാസം'[1]. എന്നാൽ ലിംഗസൂചനയുള്ള നാമം പൂരകമായി വരുന്ന വാക്യങ്ങളിൽ കർത്താവും പൂരകവും തമ്മിൽ ബന്ധമുണ്ട്. 'അവൾ മിടുക്കിയാണ്' , 'അവൻ സമർഥനാണ്', 'ചിത്ര പാട്ടുകാരിയാണ്', 'വിജയ് നടനാണ്' എന്നിങ്ങനെയുള്ള പൊരുത്തം മലയാളഭാഷയും പിന്തുടരുന്നുണ്ട്.

### 4.3. ലിംഗവ്യവസ്ഥ– കോശിമങ്ങളിൽ

ലിംഗസൂചക കോശിമങ്ങൾക്ക് ലിംഗപരമായ പ്രത്യേക അടയാളങ്ങളില്ല (unmarked). അതേസമയം അവ ഏതെങ്കിലും ഒരു ലിംഗത്തെ ഉൾക്കൊള്ളുന്നുമുണ്ട്. അതായത് പ്രകൃത്യാതന്നെ ലിംഗത്തെ സൂചിപ്പിക്കുന്നു. അത് പ്രധാനമായും അർഥത്തെ ആധാരമാക്കിയാണ്. അർഥത്തെ ആശ്രയിച്ചാണെങ്കിലും എല്ലാ ഭാഷകളും ഒരേതരം സമീപനമല്ല പുലർത്തുന്നത്. പല ഭാഷകളും പല തരത്തിലാണ് ലിംഗവിഭജനം നടത്തിയിരിക്കുന്നത്. രണ്ടോ, മൂന്നോ അതിൽ കൂടുതലോ ലിംഗവിഭാഗങ്ങളായി തിരിക്കുന്നുണ്ട്. അർഥത്തെയോ രൂപത്തെയോ അടിസ്ഥാനമാക്കിയാണെങ്കിലും ലിംഗവിഭജനം വ്യത്യസ്തമാണ്. ദ്രാവിഡഗോത്രം പൊതുവെ അർഥപരമായ ലിംഗവിഭജനമാണ് സ്വീകരിച്ചിരിക്കുന്നത്. എങ്കിലും വർഗീകരണത്തിൽ അവയും വ്യത്യാസം പുലർത്തുന്നു. അത്തരം വർഗീകരണത്തിൽ സ്വീകരിക്കുന്നത് ഒരേ മാനദണ്ഡമാണെങ്കിലും അർഥപരമായി വിഭജിക്കപ്പെടുന്നത് മറ്റു ചില മാനദണ്ഡങ്ങളോ കല്പിത വ്യവസ്ഥകളോ ആകുന്നു. സൂക്ഷ്മ വിശകലനത്തിലൂടെ മാത്രം ബോധ്യപ്പെടുന്നവയാണവ. അതായത്, ജീവശാസ്ത്രപരമായ ലിംഗസവിശേഷതകളുടെ (സ്വാഭാവിക ലിംഗവ്യവസ്ഥ) അടിസ്ഥാനത്തിൽ മാത്രമല്ല സാമൂഹികമായ നിർമ്മിതിയുടെ അടിസ്ഥാനത്തിലും ലിംഗസൂചന നൽകുന്നു.

---

[1] തമിഴിലെ കാലവാചകങ്ങളായ ആഖ്യാതങ്ങൾക്ക് കർത്താവിനോടുള്ള പൊരുത്തത്തിനു വേണ്ടി ലിംഗം, പുരുഷൻ, വചനം ഇവകളെ കുറിക്കുന്ന പ്രത്യയങ്ങളെ ചേർത്ത് രൂപഭേദം വരുത്താറുണ്ട്. മലയാള ഭാഷ ഇതുപേക്ഷിച്ചു ( അവലംബം: കേരളപാണിനീയം പീഠിക).

ആകൃതിയുടേയും വല്യപ്പത്തിന്റെയും പൂർണതയുടേയുമൊക്കെ അടിസ്ഥാന ത്തിൽ ലിംഗനിർണയം നടത്തുന്ന ഭാഷകളും ഉണ്ട്. ഉദാഹരണത്തിന് സെപിക് നദിയുടെ വടക്കൻ പ്രദേശമായ പാപുവ ന്യൂ ഗിനിയയിലെ മനാംബു (manambu) ഭാഷകളിലെ ലിംഗവ്യവ്യവസ്ഥ. മനാംബു ഭാഷയിൽ അർഥാധിഷ്ഠിത ലിംഗ വ്യവസ്ഥയാണ് ഉള്ളത്. അതിന്റെ അടിസ്ഥാനത്തിൽ രണ്ടുതരത്തിൽ വിഭജിക്കുന്നു. മനുഷ്യപരം (human), മനുഷ്യേതരം (nonhuman). അവയെ വീണ്ടും ഉപവിഭാഗമായി തിരിക്കുന്നു. മനുഷ്യരെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ ആൺ, പെൺ വിഭാഗത്തിൽ പെടുത്തുന്നു. ജീവശാസ്ത്രപരമായ ലിംഗത്തെ അടിസ്ഥാന പ്പെടുത്തി പ്രായപൂർത്തിയായ ആണിനേയും ആണുമായി ബന്ധപ്പെട്ടവയെയും പുല്ലിംഗത്തിലും പെണ്ണിനെ സ്ത്രീലിംഗത്തിലും ഉൾപ്പെടുത്തുന്നു. പ്രായത്തിൽ കുറഞ്ഞവരെ പൊതുലിംഗത്തിൽ ഉൾപ്പെടുത്തി അതിൽ ആൺകുട്ടിയെ പുംലിംഗത്തിലും പെൺകുട്ടിയെ സ്ത്രീലിംഗത്തിലും ഉൾപ്പെടുത്തുന്നു. കുഞ്ഞുങ്ങളെ പ്രായവും വലിപ്പവും നോക്കി വീണ്ടും വിഭജിക്കുന്നു. വലിപ്പവും പ്രായവും തോന്നിക്കുന്ന കുഞ്ഞുങ്ങളെ പുലിംഗവിഭാഗത്തിലും ചെറുതും പ്രായക്കുറവുമുള്ളവയെ സ്ത്രീലിംഗ ത്തിലും പെടുത്തുന്നു.

മനുഷ്യേതരവിഭാഗത്തിൽ ജീവനുള്ളവയെ ഒരു വിഭാഗമായും നിർജീവ ഘടകങ്ങളേയും ചെറുജീവികളേയും മറ്റൊന്നായും തിരിക്കുന്നു. ജീവനുള്ളവയിൽ തന്നെ ആകൃതിയുടെ അടിസ്ഥാനത്തിൽ വല്യപ്പം ഉള്ളവ പുലിംഗവും ചെറിയവ സ്ത്രീ ലിംഗവുമാണ്. നിർജീവവും ചെറുതുമായ ജീവികളെയും ആകൃതിയുടെയും വല്യപ്പത്തിന്റെയും അടിസ്ഥാനത്തിൽ നീളവും വല്യപ്പവും ഉള്ളവയെ പുംലിംഗത്തിലും ചെറുതും വൃത്താകൃതിയും ഉള്ളവയെ സ്ത്രീലിംഗത്തിലും ഉൾപ്പെടുന്നു. അളവിന്റെ അടിസ്ഥാനത്തിലും ലിംഗം നിർണയിക്കുന്നുണ്ട്. വലിയ കൂട്ടത്തെ പ്രതിനിധീ കരിക്കുന്ന നാമപദം പുംലിംഗവും ചെറുത് സ്ത്രീലിംഗവുമാണ്. സ്വാഭാവിക പ്രതിഭാസ ങ്ങളും (natural phenomena) ലിംഗനിർണയത്തിൽ പെടുന്നുണ്ട്. പൂർണത, തീവ്രത (completion, intensity) എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് ലിംഗം

സൂചിപ്പിക്കുന്നത്. പൂർണതയും തീവ്രതയും ഉള്ള പ്രതിഭാസങ്ങൾ പുലിംഗവും അല്ലാത്തവ സ്ത്രീലിംഗവുമാണ്.

മനാംബ്യ ഭാഷയിൽ ദ്വിലിംഗ വിഭജനമാണുള്ളത്. സ്ത്രീലിംഗവും പുംലിംഗവും. 'മനുഷ്യേതരം' 'മനുഷ്യപരം' എന്ന പ്രധാന വർഗീകരണത്തിലൂടെ അതിൽ ഉൾക്കൊള്ളുന്ന എല്ലാ നാമപദങ്ങളേയും പും സ്ത്രീ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആകൃതി, വലുപ്പം, ശക്തി, പൂർണത എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ ആണ് പും സ്ത്രീ ലിംഗ വിഭാഗത്തിൽ പദങ്ങളെ പെടുത്തിയിരിക്കുന്നത്. എല്ലാ നാമപദങ്ങളും ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെടുന്നു. മനുഷ്യശരീരവുമായി ബന്ധപ്പെട്ട അവയവ പദങ്ങളെ പരിശോധിക്കുമ്പോൾ 'തല' എന്നത് സ്ത്രീലിംഗപദമാണ് വൃത്താകൃതിയാണടിസ്ഥാനം. എന്നാൽ 'തലവേദന' എന്നൊരു പ്രവർത്തനം നടക്കുമ്പോൾ 'തല' പുംലിംഗമായി മാറുന്നു. വയർ എന്നത് ആകൃതി അടിസ്ഥാനത്തിൽ സ്ത്രീലിംഗവും പൂർണഗർഭിണിയുടെ വയർ പുലിംഗവുമാണ്. 'കൈ' നീളത്തിന്റെ അടിസ്ഥാനത്തിൽ പുലിംഗവും 'വിരൽ' നീളത്തിലാണെങ്കിലും ചെറുതായതിന്റെ പേരിൽ സ്ത്രീലിംഗവുമാകുന്നു. 'ചന്ദ്രൻ', 'സൂര്യൻ', 'ആകാശം' എന്നിവയെല്ലാം ഇത്തരത്തിൽ വ്യത്യസ്തസന്ദർഭങ്ങളിലായി വ്യത്യസ്ത ലിംഗത്തിൽ പ്പെടുന്നു. സൂര്യൻ സ്ത്രീലിംഗമാണെങ്കിലും കത്തിജ്വലിക്കുന്ന സൂര്യൻ പുംലിംഗമാണ്. സ്ത്രീലിംഗം തന്നെ പുലിംഗമായും പുലിംഗം സ്ത്രീലിംഗമായും മാറിവരുന്ന സമീപനമാണ് മനാംബ്യഭാഷയുടേത്. അർഥാടിസ്ഥാനത്തിലുള്ള ലിംഗ വിഭജനം ആണെങ്കിലും കൃത്രിമ ലിംഗവ്യവസ്ഥയാണ് മനാംബ്യ പിന്തുടരുന്നതെന്നു പറയാം. നിലനിൽക്കുന്ന സാമൂഹ്യമനോഭാവവും അധികാരശ്രേണീകരണവും ഭാഷയെയും ഭാഷാഘടകങ്ങളെയും സാരമായി ബാധിക്കുമെന്ന് സാമൂഹ്യഭാഷാ ശാസ്ത്രം വ്യക്തമാക്കുന്നു. ലിംഗപരമായ അധികാരം ഭാഷയിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്ന് ഫെമിനിസ്റ്റ്ഭാഷാശാസ്ത്ര പഠനങ്ങളും സൂചിപ്പിക്കുന്നു. ഇത്തരം സമീപനങ്ങളിലൂന്നി പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്, ലിംഗപരമായ വിവേചനം മനാംബ്യ ഭാഷയുടെ ലിംഗവ്യവസ്ഥിതിയിൽ പ്രവർത്തിക്കുന്നു

എന്നതാണ്. ശക്തിയിലും പദവിയിലും ഉയർന്നു നിൽക്കുന്നവയെ പുംലിംഗം എന്ന ആശയത്തിലേക്കും താരതമ്യേന കുറഞ്ഞവയെ സ്ത്രീലിംഗത്തിലേക്കും ഒതുക്കുന്നത് ലിംഗപരമായ വിവേചനത്തെയാണ് സൂചിപ്പിക്കുന്നത് ഈ ഒരു പ്രവണത കുറഞ്ഞോ കൂടിയോ മിക്ക ഭാഷകളിലും പ്രകടമാണ്.

### 4.4. ലിംഗഭേദം– കോശിമങ്ങളിൽ

അർഥാടിസ്ഥാനത്തിലുള്ള ലിംഗവ്യവസ്ഥ ലോകഭാഷകളിലെല്ലാം ഒരേ തരത്തിൽ അല്ലെന്നു വ്യക്തമാക്കുന്നതാണ് മനാംബു ഭാഷയിലെ ലിംഗ വിശകലനം. അർഥവ്യവസ്ഥയ്ക്ക് അടിസ്ഥാനമാക്കുന്നത് പ്രധാനമായും ജീവശാസ്ത്ര ലിംഗസ്വഭാവം അനുസരിച്ചാണെങ്കിലും കൃത്രിമമായ വ്യവസ്ഥകളും ലിംഗ നിർണയത്തിന് ആധാരമാവുന്നു. ദ്രാവിഡഗോത്ര ഭാഷകൾ അർഥാനുസാരിയും ലൗകികമായ ലിംഗസ്വഭാവത്തെ ആധാരമാക്കിയുമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ജീവശാസ്ത്രപരമായ ലിംഗസ്വഭാവത്തെ അടിസ്ഥാനപ്പെടുത്തി ലിംഗത്തെ നിർണയിക്കുന്നു. പുരുഷലക്ഷണങ്ങളോടു കൂടിയവയെ പുല്ലിംഗത്തിലും സ്ത്രീലക്ഷണ ങ്ങളോടു കൂടിയവ സ്ത്രീലിംഗത്തിലും അല്ലാത്തവ നപുംസകത്തിലും ഉൾപ്പെടുന്നു. അച്ഛൻ, സഹോദരൻ, കാമുകൻ, ഭർത്താവ് , തുടങ്ങിയ പുരുഷ പ്രതിനിധാന രൂപങ്ങൾ പുല്ലിംഗത്തിലും അമ്മ, മകൾ, ഭാര്യ, കാമുകി എന്നീ സ്ത്രീപ്രതിനിധാന ങ്ങൾ സ്ത്രീലിംഗത്തിലും കല്ല്, മണ്ണ്, മരം എന്നിവ ജീവശാസ്ത്രപരമായ ലിംഗ സവിശേഷത ഉൾക്കൊള്ളാത്തതിനാൽ നപുംസകത്തിലും പെടുന്നു. മലയാളം സ്വീകരിച്ചിരിക്കുന്ന ലിംഗവ്യവസ്ഥ പ്രകാരം ഇത്തരത്തിലാണ് ലിംഗസൂചന എങ്കിലും സാമൂഹ്യനിർമ്മിതികളുടെ അടിസ്ഥാനത്തിലും ലിംഗവ്യവസ്ഥ നിർണയിക്കപ്പെടുന്നതായി കാണാം. 'പ്രാണൻ', 'ആത്മാവ്', 'ദൈവം' തുടങ്ങിയ സങ്കല്പങ്ങളെല്ലാം നിർലിംഗങ്ങളാണ്. അതേസമയം പ്രയോഗത്തിൽ ഈ കോശിമങ്ങളെല്ലാം പുല്ലിംഗമായി മാറുന്നു. നിഘണ്ടുക്കൾ നൽകുന്ന അർഥ വിവരണത്തിലും പുല്ലിംഗകേന്ദ്രിതമായാണ് മേൽസൂചിപ്പിച്ച കോശിമങ്ങൾ

പ്രവർത്തിക്കുന്നത്. മനുഷ്യവർഗത്തിൽ ഉൾപ്പെടാത്ത ജീവികൾക്കും ലിംഗം കല്പിക്കപ്പെടുന്നുണ്ട്. 'ആന', 'കടുവ', 'സിംഹം', 'പുലി' തുടങ്ങിയവ പരിശോധിക്കുമ്പോൾ ആൺ, പെൺ എന്ന പൂർവ്വ പദം നൽകിയോ അത്തരം ആശയം വരുന്ന മറ്റു പദങ്ങൾ (കൊമ്പൻ, പിട പോലുള്ളവ) നൽകിയോ ലിംഗത്തെ സൂചിപ്പിക്കുന്നു. എങ്കിലും സിംഹം, കടുവ, പുലി എന്നിവയൊക്കെ പൊതുവെ പ്രതിനിധീകരിക്കുന്നത് പുല്ലിംഗസൂചകമായാണ്. അതായത് ഏതു ജീവികളുടേയും പൊതുസമൂഹത്തെ അടയാളപ്പെടുത്താൻ പുല്ലിംഗവും സ്ത്രീകളെ പറയുമ്പോൾ പെൺ എന്ന പൂർവ്വ പദം പ്രത്യേകം നൽകുന്ന പ്രവണതയും ഭാഷാപ്രയോഗത്തിൽ കാണുന്നു. ഇത്തരത്തിൽ കോശിമങ്ങൾ ജീവശാസ്ത്രപരവും സാമൂഹ്യപരവുമായ ലിംഗ നിർമ്മിതികളെ ഉൾക്കൊള്ളുന്നു. അത് ഏതെല്ലാം തലങ്ങളിലൂടെയാണെന്ന് കൃത്യമായി വിശദീകരിക്കുവാൻ നിഘണ്ടുക്കളിൽ നിന്നുള്ള കോശിമവിശകലനത്തിലൂടെ സാധിക്കുന്നു.

### 4.5. ലിംഗസൂചക കോശിമങ്ങൾ നിഘണ്ടുക്കളിൽ

കോശിമങ്ങളെ അവ ഉൾക്കൊള്ളുന്ന അർഥസഹിതം അടയാളപ്പെടുത്തിവയ്ക്കാൻ നിഘണ്ടുക്കൾ ശ്രമിക്കുന്നു. മുഖ്യാർഥത്തിനു പുറമെ ഒരു കോശിമം ഉൾക്കൊള്ളുന്ന മറ്റു അർഥങ്ങളേയും രേഖപ്പെടുത്തി വയ്ക്കാൻ സൌകര്യാർഥം ശ്രമിക്കാറുണ്ട്. പൊതു നിഘണ്ടുക്കളെ അടിസ്ഥാനപ്പെടുത്തിയാണ് ഇതു പറയുന്നത്. വിഷയാധിഷ്ഠിത നിഘണ്ടുക്കളിൽ അതതു വിഷയവുമായി ബന്ധപ്പെട്ട കോശിമങ്ങളും വിവരണവുമാണ് നൽകാറുള്ളത്. പൊതുനിഘണ്ടുവിനെ സംബന്ധിച്ച് വിനിമയത്തിലുള്ള കോശിമങ്ങളെയെല്ലാം ക്രമീകരിച്ച് അടുക്കി വയ്ക്കേണ്ടതുണ്ട്. മാത്രമല്ല അർഥവിശദീകരണത്തിൽ എല്ലാതരം അർഥങ്ങളേയും പ്രാധാന്യം അനുസരിച്ച് ക്രമീകരിക്കുകയും പ്രയോഗസന്ദർഭത്തിലൂടെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അച്ചടി നിഘണ്ടുക്കളെ സംബന്ധിച്ച് സ്ഥലപരിമിതി പ്രധാനമാകയാൽ പലപ്പോഴും മുഴുവനായും രേഖപ്പെടുത്താൻ സാധിക്കാറില്ല. എങ്കിലും

സാങ്കേതികതയിൽ ഊന്നിയ പുതിയ നിഘണ്ടുക്കളുടെ ആവിർഭാവം അച്ചടി നിഘണ്ടുക്കളുടെ പരിമിതികളെ മറികടക്കാൻ ഉതകുന്നതാണ്.

എല്ലാതരം ലിംഗത്തിലും ഉൾപ്പെടുന്ന കോശിമങ്ങളെ നിഘണ്ടുവിൽ കാണാം. സ്ത്രീ പും ലിംഗസൂചകങ്ങളായി വരുന്ന കോശിമങ്ങൾ ഇപ്രകാരമാണ്. ആൺ, പെൺ, പുരുഷൻ, സ്ത്രീ, അംഗന, അമ്മ, അച്ഛൻ, ഭാര്യ, ഭർത്താവ്. ബന്ധസൂചകകോശിമങ്ങളാണ് കൂടുതലായും ലിംഗസൂചകങ്ങളിൽപ്പെടുന്നത്. ബന്ധസൂചകം കൂടാതെ തൊഴിൽസൂചകം, പൊതുലിംഗസൂചകം എന്നിവയിൽ ഉൾപ്പെടുന്ന കോശിമങ്ങളും ലിംഗനിർണയം സാധ്യമാക്കുന്നു. ഇത്തരം കോശിമങ്ങൾക്ക് നിഘണ്ടു നൽകുന്ന വിവരണത്തിലൂടെയേ അതിലടങ്ങിയിരിക്കുന്ന ലിംഗവിവേചനത്തെ വെളിപ്പെടുത്താൻ കഴിയൂ.

**4.6. അർഥപരമായ ലിംഗനിർമ്മിതി- ദത്താപഗ്രഥനം**

കോശിമങ്ങളുടെ ലിംഗമൂല്യത്തെ ഇവിടെ വിശകലനം ചെയ്യുന്നത് നിഘണ്ടുവിൽ നിന്നുള്ള ദത്തം അടിസ്ഥാനമാക്കിയാണ്. മേൽ സൂചിപ്പിച്ച പോലെ ബന്ധസൂചകങ്ങളിലാണ് ലിംഗപരമായ വേർതിരിവ് കൂടുതൽ പ്രകടമാകുന്നത്. ബന്ധസൂചകപദങ്ങളായ സ്ത്രീ, പും ലിംഗത്തിൽ ഉൾപ്പെടുന്ന കോശിമങ്ങളേയും അവയ്ക്ക് നിഘണ്ടു നൽകുന്ന അർഥത്തെയും പരിശോധിക്കുമ്പോഴേ അർഥപരമായ ലിംഗനിർമ്മിതി കോശിമതലത്തിൽ എങ്ങനെ എന്നു മനസ്സിലാവൂ.

4.6. പട്ടിക (11). കോശിമങ്ങളും അർഥവും

| **കോശിമം** | **അർഥം** |
|---|---|
| അമ്മ | 1.തായ്, പെറ്റവൾ, മാതാവ്. 2. സ്ത്രീ, രാജഭാര്യ |
| അച്ഛൻ | 1. പിതാവ്, സ്ഥാനവലിപ്പമുള്ളവൻ, ബഹുമാന്യൻ, ശ്രേഷ്ഠൻ 2. |

| | |
|---|---|
| | യജമാനൻ. 3. (അമ്മയുടെ ) സഹോദരൻ. 4. ശ്വശുരൻ |
| ആങ്ങള | ആങ്ങൾ, ഉടപ്പിറന്നവൻ |
| പെങ്ങൾ | ഉടപ്പിറന്നവൾ |
| ആൺ | പുരുഷൻ, മിടുക്കൻ |
| പെൺ | പെണ്ണ്, സ്ത്രീ, ദാസി, കന്യക, വധു, ഭാര്യ, സഹോദരി |
| ഭാര്യ | നിയമപ്രകാരം വിവാഹം ചെയ്യപ്പെട്ട സ്ത്രീ (ഭർത്താവിനാൽ ഭരിക്കപ്പെടുന്നവൾ എന്നർഥം) ഏകചാരിണി, സപത്നി |
| ഭർത്താവ് | വിവാഹം ചെയ്ത പുരുഷൻ, ഭരിക്കുന്നവൻ |

ബന്ധസൂചക കോശിമങ്ങൾ പ്രത്യക്ഷാതന്നെ ഏതുലിംഗത്തിൽ ഉൾപ്പെടുന്നുവെന്ന് സൂചിപ്പിക്കുന്നുണ്ട്. അമ്മയും അമ്മയുമായി ബന്ധപ്പെട്ട 'ചെറിയമ്മ', 'ചിറ്റമ്മ', 'കുഞ്ഞമ്മ', 'അമ്മായിയമ്മ' തുടങ്ങിയവയും 'അച്ഛൻ', 'ആങ്ങള', 'അമ്മാവൻ', 'ചിറ്റപ്പൻ', 'കൊച്ചച്ചൻ' എന്നിങ്ങനെയുള്ള രൂപങ്ങളുമെല്ലാം ലിംഗപ്രത്യയങ്ങളുടെ അടിസ്ഥാനത്തിലല്ല മറിച്ച് അത് വിനിമയം ചെയ്യുന്ന അർഥ പരമായ സവിശേഷതകളെ ആധാരമാക്കിയാണ് ലിംഗസൂചന നൽകുന്നത്. ഇവിടെ അർഥം നിർണയിക്കപ്പെടുന്നത് പ്രധാനമായും ജീവശാസ്ത്രപരമായ ഘടക ങ്ങളെ ആസ്പദമാക്കിയാണ്. എങ്കിലും സാമൂഹികമായ ചില നിർമ്മിതികളും ലിംഗ വിവരണത്തിൽ ഇടപെടുന്നുണ്ട്. സാമൂഹ്യ, സ്ത്രീപക്ഷ ഭാഷാശാസ്ത്ര സമീപനങ്ങളിൽ പരിശോധിക്കുമ്പോൾ അധികാരം, മതം, പ്രായം തുടങ്ങിയ സാമൂഹ്യചരങ്ങളെല്ലാം ഇതിൽ പ്രവർത്തിക്കുന്നുണ്ട്. 'അമ്മ', 'അച്ഛൻ' എന്നത് മുസ്ലീം മതവിഭാഗത്തിലേക്ക് മാറുമ്പോൾ, 'ഉമ്മ' (മുഹമ്മദീയ സ്ത്രീ, അമ്മ), 'ഉപ്പ' (അച്ഛൻ) അല്ലെങ്കിൽ 'ബാപ്പ'

(അച്ഛൻ) എന്നാവുന്നു. പ്രായത്തിന്റെ അടിസ്ഥാനത്തിലും അർഥപരമായ വ്യതിയാനങ്ങൾ സംഭവിക്കുന്നുണ്ട്. 'അമ്മച്ചി' എന്ന് വയസ്സിനു മൂത്തവരെയും അമ്മ എന്ന പദം തന്നെ സാമൂഹ്യസ്ഥാനപരമായ അധികാരത്തെയും സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നുണ്ട്. അമ്മ ചേർത്തുവരുന്ന സ്ത്രീനാമങ്ങളിലും ജാതിസൂചക സ്ത്രീസംബോധനാ പദങ്ങളിലുമെല്ലാം ഇത് പ്രകടമാണ്. 'അകത്തമ്മ', 'നങ്ങേ്യരമ്മ', 'എളോർമ്മ', 'ഇല്ലോടമ്മ' തുടങ്ങിയ പദങ്ങൾ ഇതു ശരിവയ്ക്കുന്നു. ജാതീയമായ ശ്രേണീകരണം ഉയർന്ന ജാതിയിലുള്ളവരെ ബഹുമാനസൂചകമായി അമ്മ ചേർത്തു വിളിക്കുകയും ജാതീയമായി താഴെ നിൽക്കുന്നവരെ ലിംഗപ്രത്യയ അടയാളങ്ങളിലൂടെയും രേഖപ്പെടുത്തുന്നു. ഉദാ- 'ചാന്നാത്തി', 'കന്നാത്തി', 'തീയ്യത്തി'. സവർണ അധികാര മനോഭാവമാണ് ഇവിടെ പ്രവർത്തിക്കുന്നത്. അതേസമയം 'അമ്മ' എന്ന പദത്തിനു കിട്ടുന്ന പരിഗണന മറ്റു സ്ത്രീസൂചക പദങ്ങൾക്കൊന്നും ലഭ്യമല്ല.

സാമൂഹികമായ ലിംഗാധികാരവും ഭാഷയിൽ വലിയ തോതിൽ ഇടപെടുന്നതായി സ്ത്രീപക്ഷ ഭാഷാശാസ്ത്ര പഠനങ്ങൾ വിവരിക്കുന്നുണ്ട് (വിശദീകരണം: അധ്യായം-1). സാമൂഹികമായ ലിംഗാധികാരം മലയാള സമൂഹ ത്തെ സംബന്ധിച്ച് പുരുഷനാണെന്ന് പ്രഖ്യാപിക്കുന്നതാണ് കോശിമങ്ങൾക്ക് നിഘണ്ടു നൽകുന്ന വിവരണം. ജീവശാസ്ത്രപരമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ എതിർലിംഗമാവുന്ന ബന്ധസൂചകമായ അമ്മ/അച്ഛൻ, ഭാര്യ/ ഭർത്താവ്, പുത്രി/ പുത്രൻ എന്നീ പദങ്ങൾക്ക് നിഘണ്ടു നൽകുന്ന വിവരണം തീർത്തും വിവേചനപരമാണ്. 'പും എന്ന നരഗത്തിൽ നിന്നും പിതാവിനെ ത്രാണനം ചെയ്യുന്നവൻ പുത്രൻ' എന്നും 'പിറന്ന ഇടത്തെ മുതൽ നശിപ്പിക്കുന്നവൾ പുത്രി' (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള: 2017. പുറം-973) എന്നുമാണ് വിവരിക്കുന്നത്. ഭർത്താവ് ഭരിക്കുന്നവനും ഭാര്യ ഭരിക്കപ്പെടേണ്ടവളുമാണ്. അമ്മ, അച്ചൻ എന്നീ പദങ്ങളുടെ വിവരണത്തിലുമെല്ലാം അധികാര- വിധേയത്വ ഭാവം നിക്ഷിപ്തമാണ്.

ബന്ധസൂചകകോശിമങ്ങൾ പോലെ തൊഴിൽകോശിമങ്ങളിലും ലിംഗഭേദം പ്രകടമാണ്. തൊഴിലുമായി ബന്ധപ്പെട്ടു വരുന്ന കോശിമങ്ങൾ അധികവും പുംലിംഗപദങ്ങളാണ്. 'അച്ചടിക്കാരൻ' (അച്ചടിക്കുന്നവൻ), അഞ്ചൽക്കാരൻ (അഞ്ചൽശിപായി), കണക്കപ്പിള്ള (കണക്കെഴുത്തുകാരൻ), മുൻസിഫ് (സിവിൽ വ്യവഹാരങ്ങൾ കേട്ടു തീർപ്പു കല്പിക്കുന്ന ആദ്യത്തെ നീതിന്യായക്കോടതിയിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ), എന്നിവ ഉദാഹരണം. യുക്തി, യുദ്ധം, അറിവ് എന്നിവയുമായി ബന്ധപ്പെട്ടു വരുന്ന ഭടൻ (യുദ്ധം ചെയ്യുന്നവൻ, പടയാളി), യുക്തിക്കാരൻ (സമർഥൻ, ചുറുക്കുള്ളവൻ, ബുദ്ധിമാൻ), യുക്തിമാൻ (യുക്തി ഉള്ളവൻ), യുദ്ധവീരൻ (വീരനായ യോദ്ധാവ് ), യുദ്ധവൃദ്ധൻ (യുദ്ധം ചെയ്തു നല്ല തഴക്കമുള്ളവൻ) സൈന്യാധിപൻ (സേനനായകൻ), പണ്ഡിതൻ (വിദ്വാൻ, വിശേഷബുദ്ധിയുള്ളവൻ) , പത്രലേഖകൻ (വർത്തമാനപത്രങ്ങളിലേക്കും മറ്റും ലേഖനം എഴുതുന്നവൻ) എന്നിങ്ങനെ എല്ലാം ഒരു ലിംഗത്തിലേക്ക് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു.

തൊഴിൽകോശിമങ്ങൾ പരിശോധിക്കുമ്പോൾ അറിവ്, അധികാരം എന്നിവ പുരുഷകേന്ദ്രിതമാണെന്നാണ് മനസ്സിലാകുന്നത്. മാത്രമല്ല ചില തൊഴിലുകൾ പുരുഷനിലേക്കും ചിലത് സ്ത്രീകളിലേക്കും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. 'വക്കീൽ (വാദിക്കുന്നവൻ)', 'മന്ത്രി' (രാജ്യകാര്യസംബന്ധമായി രാജാവിനെ ഗുണദോഷിക്കുന്ന ആൾ, ആലോചനക്കാരൻ), 'ഡ്രൈവർ (വണ്ടി ഓടിക്കുന്നവൻ)', 'ഡോക്ടർ (ഭിഷഗ്വരൻ, വൈദ്യൻ)', 'നഴ്സ്'[2] തുടങ്ങിയ തൊഴിലുകളുമായി ബന്ധപ്പെട്ട കോശിമങ്ങളെല്ലാം ലിംഗപരമായ സൂചനയും നൽകുന്നു. നഴ്സ് എന്നു പറയുമ്പോൾ സ്വാഭാവികമായും സ്ത്രീകളെ സൂചിപ്പിക്കുന്നു. തൊഴിലിൽ സ്ത്രീയും പുരുഷനും ഉണ്ടെന്നിരിക്കെ പുരുഷനെ സൂചിപ്പിക്കുവാൻ ആൺ എന്ന് ചേർത്ത് ആൺനഴ്സ് എന്നു പ്രത്യേകം പറയുന്നു. പരിചരണം പോലുള്ള തൊഴിൽ മേഖലകളെ

[2] ഡോക്ടർ, നഴ്സ് എന്നീ തൊഴിലധിഷ്ഠിത അന്യഭാഷാപദങ്ങൾ മലയാളത്തിൽ ലിപ്യന്തരണത്തിലൂടെയും ഉപയോഗിക്കുന്നു. ഈ പഠനത്തിലും ആ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

പൊതുവെ സ്ത്രീകളുടെതായി പരിഗണിക്കുന്നതിനാലാണ് അത്തരം തൊഴിലിട ങ്ങളിൽ എത്തുന്ന പുരുഷനെ പൂർവ്വപദങ്ങളിലൂടെ സൂചിപ്പിക്കേണ്ടി വരുന്നത്. ഇത് തിരിച്ചും സംഭവിക്കുന്നു. വനിത മന്ത്രി, വനിതാ ഡോക്ടർ (ലേഡി ഡോക്ടർ), വനിത പോലീസ്, എന്നിവയിലൊക്കെ കാണുന്ന സ്ത്രീ സൂചക പൂർവപദത്തിലൂടെ അത്തരം തൊഴിലിടങ്ങൾ പുരുഷന്റേതാണെന്ന പരോക്ഷസൂചന നൽകുന്നു. തൊഴിൽ മേഖലയിലെ ലിംഗപരമായ വിവേചനം ഉൾക്കോള്ളുന്നതിനെതിരെ പദതലത്തിൽ നിന്നുതന്നെ മാറ്റം വരേണ്ടതുണ്ട്.

തൊഴിൽസൂചക കോശിമങ്ങളിൽ കാണുന്ന ലിംഗവിവേചനം പോലെ പ്രകടമാണ് പൊതുലിംഗസൂചക കോശിമങ്ങളിലെ ലിംഗനിർമ്മിതിയും. അധികാരി, ജന്മി, പ്രമാണി, പ്രതിനിധി, വിശ്വസി, തുടങ്ങിയ കോശിമങ്ങൾ എല്ലാ ലിംഗത്തേയും ഒരുപോലെ ഉൾക്കാള്ളാവുന്നതാണ്. കർത്താവ് ആരെന്നു നോക്കി ലിംഗത്തെ തിരിച്ചറിയാൻ പൊതുലിംഗപദങ്ങളുടെ പ്രയോഗതലത്തിൽ സൌകര്യമുണ്ടെങ്കിലും നിഘണ്ടുവിൽ ഈ പദങ്ങളെല്ലാം പുല്ലിംഗകേന്ദ്രിതമായാണ് നിൽക്കുന്നത്. ജന്മി (ജന്മാവകാശം ഉള്ളവൻ, മുതലാളൻ), അധികാരി (അധികാരം ഉള്ളവൻ, അവകാശി, ക്ഷേത്രഭരണം നടത്തുന്ന ആൾ), അവകാശി (അവകാശം ഉള്ളവൻ) , പ്രമാണി (പ്രധാനി, തലവൻ, കാര്യസ്ഥൻ) തുടങ്ങിയ കോശിമങ്ങളെല്ലാം അർഥം കൊണ്ട് പുരുഷനെയാണ് സൂചിപ്പിക്കുന്നത്. അതുപോലെതന്നെ ദൈവികവും ദൈവികപരിവേശമുള്ള പദങ്ങളായ ഈശ്വരൻ, പ്രപഞ്ചനാഥൻ, പ്രപഞ്ചസൃഷ്ടാവ്, പരമാത്മാവ്, ദൈവം തുടങ്ങിയവയെല്ലാം ഒരു ലിംഗത്തെ കേന്ദ്രീകരിക്കുന്നു. സാമൂഹികമായ പ്രതിഫലനങ്ങളുടെ രേഖപ്പെടുത്തലാണ് കോശിമ അർഥ തലത്തിലൂടെ നിഘണ്ടുവും ചെയ്യുന്നത്.

**4.7. അധ്യായസംഗ്രഹം**

ഒരു പദത്തിന്റെ വിവിധ രൂപഭേദങ്ങൾ ചേർന്ന യൂണിറ്റാണ് കോശിമം (lexeme). കോശിമങ്ങൾ ലിംഗസൂചന നൽകുന്നത് അർഥത്തെ അടിസ്ഥാന

മാക്കിയാണ്. അർഥപരമായ ലിംഗവ്യവസ്ഥ ഉൾക്കൊള്ളുന്ന ഭാഷകളിലെല്ലാം കോശിമങ്ങളിലൂടെയുള്ള ലിംഗസൂചനയും പ്രകടമാണ്. ജീവശാസ്ത്രപരമായ സവിശേഷതകളെ അടിസ്ഥാനമാക്കി കോശിമങ്ങൾ ലിംഗത്തെ നിർണയിക്കുമ്പോഴും കല്പിതമായ വ്യവസ്ഥകളും ലിംഗനിർണയത്തിൽ പ്രവർത്തി ക്കുന്നു. സാമൂഹികമായ ആധിപത്യവ്യവസ്ഥകൾക്കനുസൃതമായ ലിംഗമൂല്യ ങ്ങളാണ് കോശിമങ്ങളുടെ കല്പിത ലിംഗവ്യവസ്ഥയിൽ പ്രവർത്തിക്കുന്നത്. ഉദാഹരണം മനാംബു ഭാഷ. മനാംബു ഭാഷ വാക്യഘടനാതലത്തിൽ ലിംഗപൊരുത്തമുള്ള ഭാഷയാണ്. അർഥപരമായ ലിംഗവ്യവസ്ഥയാണ് പിന്തുട രുന്നത്. എന്നാൽ സാമൂഹികമായി നിലനിൽക്കുന്ന പുരുഷാധിപത്യമനോഭാവം മനാംബു ഭാഷയിൽ പ്രതിഫലിക്കുകയും തത്ഫലമായി ശക്തിയും വലുപ്പവും, പൂർണതയുമൊക്കെയുള്ള കോശിമങ്ങൾ പുല്ലിംഗരൂപത്തിലും താരതമ്യേന ശക്തി കുറഞ്ഞതും ചെറിയതും കർതൃത്വം ഇല്ലാത്തതുമൊക്കെയായി വരുന്ന കോശിമ ങ്ങൾ സ്ത്രീ ലിംഗരൂപത്തിലും ഉൾപ്പെടുന്നു.

മലയാളത്തെ സംബന്ധിച്ച് വാക്യഘടനാതലത്തിൽ ലിംഗപൊരുത്തമില്ല. ലിംഗവ്യവസ്ഥ അർഥത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ലിംഗപ്രത്യയരൂപങ്ങൾ ചേരാതെ ലിംഗസൂചന നൽകുന്ന കോശിമങ്ങൾ മലയാളത്തിൽ നിരവധിയുണ്ട്. ഈ കോശിമങ്ങളെയെല്ലാം ക്രമീകരിച്ച് അടുക്കി വയ്ക്കുന്നത് നിഘണ്ടുക്കളിലാണ്. നിഘണ്ടുക്കളിൽ നിന്നുമുള്ള കോശിമങ്ങളെ വിശകലനം ചെയ്യുമ്പോൾ ലിംഗ പരമായ വിവേചന സ്വഭാവം പ്രകടിപ്പിക്കുന്നതായി കാണുന്നു. ബന്ധസൂചക കോശിമങ്ങൾ, തൊഴിൽകോശിമങ്ങൾ, പൊതുലിംഗസൂചകകോശിമങ്ങൾ എന്നിവയിലാണ് കൂടുതലായും ലിംഗവിവേചനം വരുന്നത്. ബന്ധസൂചക കോശിമങ്ങളിൽ പുല്ലിംഗസൂചകങ്ങൾക്ക് അധികാരത്തിന്റെ ബലത്തിലൂന്നിയ അർഥവിവരണവും സ്ത്രീസൂചകങ്ങൾക്ക് വിധേയത്വത്തിന്റെ ഭാവവും നൽകുന്നു. തൊഴിൽകോശിമങ്ങളിലും ലിംഗവിവേചനം പ്രകടമാണ്, അറിവും അധികാരവും പുരുഷന്റെതാണ് എന്ന് സ്ഥാപിക്കുകയാണ് തൊഴിൽകോശിമങ്ങളുടെ അർഥ

വിവരണത്തിലൂടെ നിഘണ്ടുക്കൾ ചെയ്യുന്നത്. പൊതുലിംഗസൂചകങ്ങൾ എല്ലാം ലിംഗത്തേയും ഉൾക്കൊള്ളാൻ പ്രാപ്തിയുള്ളവ ആണെങ്കിലും നിഘണ്ടുവിൽ കോശിമങ്ങളുടെ സ്വഭാവത്തിനനുസരിച്ച തെരെഞ്ഞെടുപ്പ് നടക്കുന്നു. അധികാരവും ശക്തിയും ഉള്ളവ പുല്ലിംഗസൂചകവിവരണത്തിലേക്കും അല്ലാത്തവ സ്ത്രീലിംഗസൂചകങ്ങളായും നിലനിൽക്കുന്നു. പൊതുനിഘണ്ടുക്കളെ സംബന്ധിച്ച് തെരെഞ്ഞെടുക്കുന്ന പദങ്ങളുടെ കാര്യത്തിൽ മാത്രമല്ല, തെരെഞ്ഞെടുക്കുന്നവയെ ഏതു ലിംഗത്തിൽ ഉൾപ്പെടുത്തണം എന്നതിനെ സംബന്ധിച്ചും കൃത്യമായ മനോഭാവമുള്ളതായി കോശിമവിശകലനത്തിൽ ബോധ്യപ്പെടുന്നു. സാമൂഹ്യമായി ബോധ-അബോധ തലത്തിൽ ഉറഞ്ഞുകൂടിയ പുരുഷാധികാരമനോഭാവം നിഘണ്ടുനിർമ്മാതാക്കളെ സ്വാധീനിക്കുന്നു എന്നാണ് കോശിമ ദത്താപഗ്രഥന ത്തിൽ നിന്നും വ്യക്തമായത്.

# അധ്യായം– അഞ്ച്

# ലിംഗപ്രതിനിധാനം മലയാളനിഘണ്ടുക്കളിൽ:– ദത്തവർഗീകരണം

## 5.0. ആമുഖം

പരമ്പരാഗതഭാഷാപഠനവും ആധുനികഭാഷാശാസ്ത്രവും 'ലിംഗ' (gender) ത്തെ ഉൾക്കൊണ്ടത് എങ്ങനെയെന്നതിന്റെ സൈദ്ധാന്തിക വിശദീകരണമാണ് മുൻഅധ്യായങ്ങളിൽ (അധ്യായം: 1–4) നൽകിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ലിംഗഭേദം പൊതുവിൽ ഭാഷാപ്രയോഗത്തിന്റെ എല്ലാ തലങ്ങളിലും (സ്വനം മുതൽ വ്യവഹാരം വരെ) നിലനിൽക്കുന്നുവെന്ന് നിരീക്ഷിക്കാനായിട്ടുണ്ട്. ലിംഗപക്ഷ സ്വഭാവമുള്ള ലോകഭാഷകളെല്ലാം ഒരേതരത്തിലല്ല ലിംഗഭേദത്തെ അടയാളപ്പെടുത്തുന്നത്. ഒരേ ഗോത്രത്തിനകത്തെ ഭാഷകൾ തന്നെ വ്യത്യസ്ത സമീപനങ്ങൾ പുലർത്തുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു (corbet: 1991). മലയാള സന്ദർഭത്തിൽ പരിശോധിക്കുമ്പോൾ ഭാഷാപ്രയോഗത്തിന്റെ ഏതെല്ലാം ഘടകങ്ങളിലാണ് ലിംഗഭേദം പ്രവർത്തിക്കുന്നുവെന്നത് നിരീക്ഷിച്ച് അറിയേണ്ട വസ്തുതയാണ്. പദ, അർഥ തലത്തിൽ ലിംഗപരിചരണം എങ്ങനെയെന്നതിന്റെ പ്രായോഗികപരിശോധനയാണ് ഈ അധ്യായത്തിൽ വരുന്നത്. അതിനായി നിഘണ്ടുക്കളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട പദങ്ങളെയും അവയുടെ അർഥത്തെയും പ്രധാനദത്തമായി സ്വീകരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. അതുവഴി മലയാളഭാഷയിലെ ലിംഗഭേദത്തെ അടയാളപ്പെടുത്തുവാനും ഭാഷാസ്രോതുഗ്രന്ഥമായ നിഘണ്ടുക്കളിലെ ലിംഗമൂല്യത്തെ തുറന്നുകാട്ടുവാനും കഴിയുന്നു.

## 5.1. ദത്തസ്വീകരണവും വർഗീകരണവും

സാമൂഹ്യഭാഷാശാസ്ത്ര പഠനങ്ങളിൽ ദത്തശേഖരണം പ്രധാനമായും ഒരു ഭാഷകസമൂഹത്തെ ആധാരമാക്കിയാണ്. ഭാഷകസമൂഹത്തിൽ നിന്നും രൂപ പ്പെടുന്ന പദ, അർഥ ഘടകങ്ങളെ ക്രോഡീകരിച്ചുവെയ്ക്കുന്നത് നിഘണ്ടുക്കൾ ആയതിനാൽ പഠനത്തിന് ആവശ്യമായ ദത്തം സ്വീകരിച്ചിരിക്കുന്നത് നിഘണ്ടു ക്കളിൽ നിന്നാണ്. മലയാളത്തിലെ മുഖ്യ ഏകഭാഷാ നിഘണ്ടുവായ ശ്രീകണ്ഠേ ശ്വരം, ജി. പത്മനാഭപ്പിള്ളയുടെ 'ശബ്ദതാരാവലി' (1923) യിൽ നിന്നും തെരെഞ്ഞെടുത്ത ലേഖകങ്ങളെയാണ് പ്രധാനദത്തമായി സ്വീകരിച്ചിരിക്കുന്നത്. സ്ത്രീസംബന്ധ ലേഖകങ്ങളെ പ്രത്യേകമായും ലിംഗസൂചന പ്രത്യക്ഷമോ, പരോക്ഷമോ ആയി നൽകുന്ന മറ്റു ലേഖകങ്ങളെയുമാണ് തെരെഞ്ഞെടു ത്തിരിക്കുന്നത്. പഠനസൂക്ഷ്മതക്കായി, സുമംഗലയുടെ 'പച്ചമലയാളനിഘണ്ടു' (1975) വിലെ ലേഖകങ്ങളുമായി താരതമ്യവിശകലനത്തിനും ശ്രമിച്ചിട്ടുണ്ട്.

നിഘണ്ടുക്കളിലെ ലിംഗപ്രതിനിധാനത്തെ വിശകലനം ചെയ്യുന്നതിനായി ശേഖരിക്കപ്പെട്ട ദത്തത്തെ പ്രധാനമായും താഴെവിവരിക്കും പ്രകാരം വർഗീ കരിക്കുന്നു.

**5.2. ലിംഗസൂചകപദങ്ങൾ**

ഭാഷയിൽ നാമപദങ്ങളുടെ ലിംഗസൂചന പ്രധാനമായും രൂപത്തെയോ അർഥത്തെയോ അടിസ്ഥാനമാക്കിയാണ് നിർണയിക്കുന്നത്. അർഥപരമായ ലിംഗനിർണയമാണ് മലയാളഭാഷയിൽ പൊതുവെ കാണുന്നത്. കൂടാതെ ത്രിലിംഗവ്യവസ്ഥയുമാണ് പിന്തുടരുന്നത്. പുല്ലിംഗം, സ്ത്രീലിംഗം, നപുംസകം എന്നിങ്ങനെയാണ് വിഭജനം. അവയെ സൂചിപ്പിക്കുന്നതിനായി പ്രത്യേക പ്രത്യയ ങ്ങളും ഉപയോഗിക്കുന്നു (വിശദീകരണം : 3.3, 3.4, 3.5 ). പ്രത്യയങ്ങളിലൂടെയോ പദങ്ങൾ തനിയേയോ ലിംഗസ്വഭാവം പ്രകടിപ്പിക്കുന്നു. അത്തരം പദങ്ങളെയാണ് ഇവിടെ വിശദീകരിക്കുന്നത്. ലിംഗസ്വഭാവത്തെ നിർണയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പദങ്ങളെ വീണ്ടും പലതായി തിരിക്കുന്നു.

### 5.2.1. വ്യാകരണിക ലിംഗസൂചകപദങ്ങൾ (grammatical gender words)

ലിംഗപ്രത്യയത്തെ ആധാരമാക്കി കൊണ്ടുള്ള ലിംഗസൂചകപദങ്ങളെയാണ് വ്യാകരണിക ലിംഗസൂചകപദങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 'ശബ്ദതാരാവലി' യിൽ നിന്നുള്ള പദങ്ങളെ വിശകലനം ചെയ്യുമ്പോൾ മൂന്നു ലിംഗത്തിൽപ്പെട്ട പദങ്ങളേയും കാണാൻ കഴിയുന്നുണ്ട്. എന്നാൽ, സ്ത്രീലിംഗത്തെ നിഘണ്ടു പരിചരിക്കുന്നതെങ്ങനെയെന്നത് പരിശോധിക്കുമ്പോഴാണ് നിഘണ്ടുവിന്റെ ലിംഗ പക്ഷപാതം പ്രകടമാകുന്നത്. തലപ്പദം (headwords) ആയി നിഘണ്ടു സ്വീകരിക്കുന്നത് പുല്ലിംഗസൂചകപദങ്ങളെയാണ്. 'അൻ' എന്ന പുല്ലിംഗപ്രത്യയം നൽകുന്നതിലൂടെ പ്രത്യക്ഷമായിത്തന്നെ ലേഖകങ്ങൾ ഒരു ലിംഗത്തിലേക്ക് കേന്ദ്രീകരിക്കുന്നു. സ്ത്രീലിംഗത്തെ പുല്ലിംഗസൂചകപദങ്ങളുടെ സ്ത്രീരൂപം എന്ന നിലയിൽ അർഥവിശദീകരണ ഭാഗത്ത് ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്ന പ്രവണതയും നിഘണ്ടുവിൽ പ്രകടമാണ്. 'അൻ', 'ആൻ', 'ആളൻ', 'വ്' എന്നീ രൂപാധിഷ്ഠിത പദങ്ങളാണ് പുല്ലിംഗസൂചകമായി നിഘണ്ടുവിൽ കാണുന്നത്. എങ്കിലും പൊതു ലിംഗസൂചകമായി വ്യാകരണകൃതികളിൽ നിർദ്ദേശിക്കുന്ന 'ആളി' ചേർന്ന പദങ്ങളേയും പുല്ലിംഗമായി നിഘണ്ടു അടയാളപ്പെടുത്തിയിരിക്കുന്നു (വിശദീകരണം : 3. 10).

**5.2.1.** പട്ടിക (11) വ്യാകരണിക ലിംഗസൂചകപദങ്ങൾ

| | പദം | അർഥം |
|---|---|---|
| 1 | അകത്താൻ | വീട്ടിലെ നാഥൻ, ഭർത്താവ്. സ്ത്രീ-അകത്താൾ. |
| 2 | അകുലൻ | കുലം ഇല്ലാത്തവൻ, സ്ത്രീ-അകുല |
| 3 | അകൃതൻ | വളർത്തുപുത്രൻ, സ്ത്രീ- |

| | | |
|---|---|---|
| | | അകൃത |
| 4 | അകൌടുംബൻ | കുടുംബബന്ധമില്ലാത്തവൻ.<br>സ്ത്രീ– അകൌടുംബി. |
| 5 | അഖിലാണ്ഡനായകൻ | ഈശ്വരൻ, സ്ത്രീ–<br>അഖിലാണ്ഡനായകി |
| 6 | ആശാൻ | 1. ഗുരു. അധ്യാപകൻ, പള്ളിക്കൂടത്തിലെ വാദ്ധ്യാർ. |
| 6 | ഇഷ്ടൻ | 1. സ്നേഹിതൻ, 2. ഇഷ്ടദേവൻ. |
| 7 | ഉടപ്പിറന്നവൻ | 1. സഹോദരൻ,<br>സ്ത്രീ– ഉടപ്പിറന്നവൾ |
| 8 | ഉടമസ്ഥൻ | 1. ഉടയക്കാരൻ, 2. ജന്മി |
| 9 | അമരൻ | ദേവൻ (മരണമില്ലാത്തവൻ)<br>സ്ത്രീ–അമരി |
| 10 | കഥാനായകൻ | കഥയിലെ പ്രധാനപാത്രം, കഥാപുരുഷൻ.<br>സ്ത്രീ–കഥാനായിക |
| 11 | ചതിയൻ | ചതിക്കാരൻ (വഞ്ചകൻ).<br>സ്ത്രീ– ചതിച്ചി |
| 12 | ചന്ദ്രാനനൻ | ചന്ദ്രനെ പോലെ ഭംഗിയുള്ള മുഖത്തോടു കൂടിയവൻ. സ്ത്രീ–<br>ചന്ദ്രാനനാ– സുന്ദരി |

| | | |
|---|---|---|
| 13 | ചികിത്സകൻ | വൈദ്യൻ (വ്യാധിപ്രതികാരത്തെ ചെയ്യുന്നവൻ എന്നർഥം). സ്ത്രീ– ചികിത്സക |
| 14 | ചില്ലുകൻ | ഉപദ്രവി, ശണ്ഠക്കാരൻ. സ്ത്രീ– ചില്ലുകി. |
| 15 | ചുറ്റക്കാരൻ | സ്നേഹിതൻ, രഹസ്യക്കാരൻ, ജാരൻ, ബന്ധനസ്ഥൻ. സ്ത്രീ– ചുറ്റക്കാരി |
| 16 | തമ്പുരാൻ | രാജാവ്, കർത്താവ്, യജമാനൻ, ഈശ്വരൻ, സ്ത്രീ– തമ്പുരാട്ടി |
| 17 | തരുണൻ | യൌവനയുക്തൻ, യുവാവ്. സ്ത്രീ– തരുണി. |
| 18 | തോഴൻ | ചങ്ങാതി, കൂട്ടുകാരൻ. സ്ത്രീ– തോഴി. |
| 19 | ദാതാവ് | 1.ദാനം ചെയ്യുന്നവൻ, (കടം) കൊടുക്കുന്നവൻ, 2. ഛേദിക്കുന്നവൻ. 3. ഔദാര്യമുള്ളവൻ, 4. അധ്യാപകൻ. സ്ത്രീ– ദാത്രി. |
| 20 | ദാരകൻ | പുത്രൻ, സ്ത്രീ– ദാരിക. |
| 21 | ദാസൻ | ഭൃത്യൻ. സ്ത്രീ– ദാസി (വിലയ്ക്കു |

| | | |
|---|---|---|
| | | കൊടുക്കപ്പെടുന്നതിനാൽ). |
| 22 | പട്ടൻ | തമിഴ് ബ്രാഹ്മണൻ. സ്ത്രീ-പട്ടത്തി |
| 23 | പണക്കാരൻ | സ്വത്തുള്ളവൻ, ധനികൻ. സ്ത്രീ- പണക്കാരി. |
| 24 | പാചകൻ | വെപ്പുകാരൻ, സ്ത്രീ-പാചകി |
| 25 | പാന്ഥൻ | വഴിപോക്കൻ. സ്ത്രീ- പാന്ഥ. |

മേൽസൂചിപ്പിച്ച ഉദാഹരണങ്ങളിൽ കാണുന്നതു പോലെ നിഘണ്ടുവിൽ പ്രധാനപദമായി പ്രത്യക്ഷപ്പെടുന്നത് പുല്ലിംഗരൂപങ്ങളാണ്. അവയുടെ സ്ത്രീരൂപം എന്ന നിലയിൽ എതിർലിംഗത്തെ ഉൾക്കൊള്ളുകയോ ഉൾക്കൊള്ളാതിരിക്കുകയോ ചെയ്യുന്ന പ്രവണതയും നിഘണ്ടുവിലുണ്ട്. അക്ഷരമാലാക്രമം അനുസരിച്ചുള്ള രീതി അടിസ്ഥാനമാക്കി വരുമ്പോൾ സ്വാഭാവികമായും പുല്ലിംഗരൂപം പ്രഥമസ്ഥാനത്ത് എത്തുമെന്ന വാദം ഉന്നയിച്ചാലും അത്തരം വ്യവസ്ഥകൾ നിരാകരിക്കുന്നതായും നിഘണ്ടു പരിശോധനയിൽ വ്യക്തമാണ്. 'പാന്ഥൻ, ഉദ്യോഗസ്ഥൻ, പാണൻ, തമ്പുരാൻ' പോലുള്ള പദങ്ങളിലെല്ലാം അക്ഷരമാലാ വ്യവസ്ഥ പ്രകാരം സ്ത്രീലിംഗരൂപമാണ് ആദ്യം വരേണ്ടത്. എന്നാൽ അതിനു വിരുദ്ധമായാണ് നിഘണ്ടു അടയാളപ്പെടുത്തിയിരിക്കുന്നത്. സ്ത്രീരൂപത്തെ പ്രധാനപദമായി നൽകിയാലും അവ പുല്ലിംഗവുമായി ചേർത്തുവച്ച വിശദീകരണം നൽകുകയോ പുല്ലിംഗത്തെ പ്രധാനപദമായി വീണ്ടും രേഖപ്പെടുത്തിവയ്ക്കുകയോ ചെയ്യുന്നു. നിഘണ്ടുനിർമ്മാണ പ്രക്രിയയിൽ പ്രവർത്തിക്കുന്ന സാമൂഹികമോ വ്യക്തിപരമോ ആയ അധികാരമൂല്യങ്ങൾ തന്നെയാണ് പദ, അർഥ സമീപനത്തിൽ പ്രകടമാവുന്നതെന്ന് നിഘണ്ടുക്കളുടെ പദക്രമീകരണത്തിൽ നിന്നും വ്യക്തമാവുന്നു.

**5.2.2. കോശിമ ലിംഗസൂചകപദങ്ങൾ (lexical gender words)**

ലിംഗപ്രത്യയങ്ങൾ ഒന്നും ചേരാതെതന്നെ പദങ്ങൾ തനിയെ ലിംഗസൂചന നൽകുന്നുവെങ്കിൽ അത്തരം പദങ്ങളെ കോശിമ ലിംഗസൂചകപദങ്ങൾ എന്നു പറയുന്നു. അർഥമാണിവിടെ ലിംഗനിർണയം നടത്തുന്നത്. കോശിമങ്ങളും ലിംഗ പരമായ വിവേചനത്തെ ഉൾക്കൊള്ളുന്നു (വിശദപഠനം: 4.1– 4.6). അതായത് സ്ത്രീം പും, ഇതര വിഭാഗത്തിൽ ഉൾപ്പെടുന്ന കോശിമങ്ങളെ നിഘണ്ടു അർഥസഹിതം രേഖപ്പെടുത്തിവയ്ക്കുന്നു. അർഥവിവരണത്തിൽ നിഘണ്ടു സ്വീകരിക്കുന്ന മനോഭാവ മാണ് ലിംഗമൂല്യത്തെ നിർണയിക്കുന്നത്. അതിനായി നിഘണ്ടുവിൽ നിന്നുള്ള സ്ത്രീ, പും ലിംഗ സൂചക കോശിമങ്ങളെ പരിശോധിക്കേണ്ടതുണ്ട്.

സ്ത്രീസൂചകകോശിമങ്ങൾ നിഘണ്ടുവിൽ വരുന്നത് ചുവടെ ചേർത്തിരിക്കുന്ന പട്ടിക (12 ) പ്രകാരമാണ്.

5.2.2. പട്ടിക (12). സ്ത്രീസൂചക കോശിമങ്ങൾ

| പദം | **അർഥം** |
|---|---|
| **1.** അങ്കന | സ്ത്രീ |
| **2.** അങ്ങാടിപെണ്ണ് | വേശ്യ, പണ്യസ്ത്രീ |
| 3. അച്ഛമ്മ | അച്ഛന്റേയോ അമ്മയുടേയോ അമ്മ |
| 4. അനിയത്തി | അനുജത്തി |
| **5.** അമ്മ | 1.തായ്, പെറ്റവൾ, മാതാവ്. 2. സ്ത്രീ, രാജഭാര്യ |
| **6.** അവിവാഹിത | വിവാഹം കഴിക്കാത്തവൾ |
| **7.** ആയ | ധാത്രി, വളർത്തമ്മ, മുത്തശ്ശി, രോഗികളെ പരിചരിക്കുന്ന സ്ത്രീ |
| **8.** ഇത്ത | ചേച്ചി |

| | |
|---|---|
| 9. ഉമ്മ | മുഹമ്മദീയ സ്ത്രീ, അമ്മ |
| 10. ഋതുമതി | തീണ്ടാരിയായിരിക്കുന്നവൾ |
| 11. എഴുത്തമ്മ | എഴുത്തു പഠിപ്പിക്കുന്നവൾ |
| 12. കന്യക | പത്തു വയസ്സുള്ള പെൺകുട്ടി, പുത്രി, |
| 13. ചിറ്റ | അമ്മയുടെ അനുജത്തി |
| 14. പിട | പക്ഷികളിൽ സ്ത്രീ |
| 15. പുത്രി | മകൾ |
| 16. പെങ്ങൾ | ഉടപ്പിറന്നവൾ |
| 17. പെണ്ണ് | 1.സ്ത്രീ (പെറുന്നവൾ), 2. കന്യക. 3. ഭാര്യ, 4. സഹോദരി. 5. ഭൃത്യ. 6. കറ്റവാഴ |
| 18. ഭാര്യ | നിയമപ്രകാരം വിവാഹം ചെയ്യപ്പെട്ട ഭർത്താവിനാൽ ഭരിക്കപ്പെടുന്നവൾ |
| 19. വിധവ | ഏതൊരുവളുടെ ഭർത്താവ് മരിച്ചുവോ അവൾ |
| 20. വിവാഹിത | വിവാഹം കഴിക്കപ്പെട്ടവൾ |
| 21. വേശ്യ | തേവിടിച്ചി, കുലട |
| 22. സഹോദരി | ഉടപ്പിറന്നവൾ |
| 23. സുന്ദരി | അഴകുള്ളവൾ, സൌന്ദര്യമുള്ളവൾ |
| 24. സ്ത്രീ | പെണ്ണ്, ഭാര്യ |
| 25. സുമംഗലി | ഭർത്താവുള്ളവൾ |

സ്ത്രീ സൂചക കോശിമങ്ങളായി നിഘണ്ടുവിൽ വരുന്ന ലേഖകങ്ങളാണ് മേൽസൂചിപ്പിച്ചിരിക്കുന്നത്. പ്രത്യക്ഷാ തന്നെ ലിംഗസ്വഭാവം പ്രകടിപ്പിക്കുന്നു. സ്ത്രീ സംബന്ധ കോശിമങ്ങളുടെ ലിംഗമൂല്യത്തെ നിർണയിക്കുന്നതിലെ വിവേചന സ്വഭാവം തിരിച്ചറിയപ്പെടുന്നത് എതിർലിംഗപദങ്ങൾക്ക് നൽകുന്ന വിവരണ ത്തിന്റെ അടിസ്ഥാനത്തിലാണ്. 'അവിവാഹിത', 'വിവാഹിത' 'വിധവ', 'സുമംഗലി', 'കന്യക', 'വേശ്യ' എന്നീ പദങ്ങളെല്ലാം അർഥപരമായി സ്ത്രീ ലിംഗസൂചകങ്ങളാണ്. അതോടൊപ്പം കൃത്യമായ ലിംഗമൂല്യവും ഈ പദങ്ങൾക്കുണ്ട്. ഇവയ്ക്കു സമാനമായ എതിർലിംഗപദങ്ങൾ ഇല്ല. 'അവിവാഹിതൻ', 'വിവാഹിതൻ' എന്നീ കോശിമങ്ങളെ യൊന്നും നിഘണ്ടു അടയാളപ്പെടുത്തുന്നില്ല. 'വിവാഹിത'യ്ക്കു നൽകുന്ന അർഥം 'വിവാഹം കഴിക്കപ്പെട്ടവൾ' എന്നാണ്. കർതൃത്വം മറ്റൊന്നിലാണ് ആരോപിക്ക പ്പെടുന്നത്. 'പുത്രി'ക്കു നൽകുന്ന വിവരണമല്ല 'പുത്രന്' നൽകുന്നത്. പും എന്ന നരഗത്തിൽ നിന്നും പിതാവിനെ രക്ഷിക്കുന്നവനാണ് പുത്രൻ. അങ്ങനെ ഒരു രക്ഷകസ്ഥാനം പുത്രിക്കു നൽകുന്നില്ല. മറിച്ച്, പിറന്ന ഇടം തന്നെ നശിപ്പിക്കുന്നവളായാണ് പുത്രി നിലകൊള്ളുന്നത്. 'കന്യക' യ്ക്ക് പുത്രി എന്ന അർഥം കൂടി നൽകുന്നുണ്ട്. ബാലിക, കുട്ടി എന്ന വിശേഷണത്തിലൂടെ പ്രായത്തിന്റേതായ അടയാളങ്ങളെ കൂടി പുത്രിയിൽ ആരോപിക്കുന്നു. പുത്രി, പുത്രൻ എന്നീ തുല്യ പദവികളെ സമൂഹം ഉൾക്കൊണ്ടതിന്റെ നേർചിത്രമാണ് വിശകലനത്തിൽ വ്യക്തമാവുന്നത്. അച്ഛൻ/ അമ്മ, ഭാര്യ/ഭർത്താവ്, ആങ്ങള/ പെങ്ങൾ, ജ്യേഷ്ഠൻ/ ജ്യേഷ്ഠത്തി എന്നീ കോശിമങ്ങളെല്ലാം നിഘണ്ടുവിൽ ആധിപത്യ/വിധേയത്വ മൂല്യ ത്തിലൂന്നിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ വ്യത്യസ്ത ലിംഗത്തിന്റെ ഒരേ പ്രതിനിധാനങ്ങൾ (അച്ഛൻ/ അമ്മ, ഭാര്യ/ഭർത്താവ്, ആങ്ങള/ പെങ്ങൾ, ജ്യേഷ്ഠൻ/ ജ്യേഷ്ഠത്തി, മകൻ/മകൾ, നടൻ/നടി, ...) തന്നെ നിഘണ്ടുവിൽ ഉയർന്നതും താഴ്ന്നതുമായ പദവികളിൽ രേഖപ്പെടുത്തുന്നു. പുരുഷനുമായി ബന്ധപ്പെട്ട വയെല്ലാം അധികാരത്തിന്റെയും സ്ത്രീയുമായി ബന്ധപ്പെട്ടവയെല്ലാം വിധേയത്വ ത്തിന്റെയും തലങ്ങളിലായാണ് നിഘണ്ടുവിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

### 5.2.3. വ്യാകരണിക- കോശീയ ലിംഗസൂചകപദങ്ങൾ ( grammatical- lexical gender words)

ചില നാമപദങ്ങൾ വ്യാകരണികവും കോശീയവുമായ ലിംഗസ്വഭാവത്തെ ഉൾക്കൊള്ളുന്നതായി കാണാം. പ്രത്യേകിച്ച് സംയുക്തപദങ്ങളിൽ. ഉദാഹരണത്തിന് 'പങ്കജാക്ഷി' എന്ന പദമെടുക്കാം. പങ്കജം (താമര), അക്ഷി (മിഴി) എന്നീ കോശിമങ്ങൾ ചേർന്നിട്ടാണ് പങ്കജാക്ഷി (സുന്ദരി) എന്ന പദം ഉണ്ടാവുന്നത്. അക്ഷി, മിഴി, എന്നീ പദങ്ങളിലെ അന്ത്യ 'ഇ' കാരം ലിംഗപ്രത്യയമല്ല. എന്നാൽ 'പങ്കജാക്ഷി' എന്നതിൽ അന്ത്യ 'ഇ' കാരം സ്ത്രീലിംഗപ്രത്യയമായി മാറുന്നു. ഇങ്ങനെ ഏതുരൂപവും ലിംഗപരമായ അർഥം നേടാൻ സജ്ജമാണെന്നാണ് പദവിശകലനത്തിൽ തെളിയുന്നത്. ഇത്തരത്തിൽ സംയുക്തപദമായിരിക്കുമ്പോൾ വ്യാകരണിക ലിംഗ സ്വഭാവം കൂടെ കാണിക്കുന്ന പദങ്ങളെയാണ് വ്യാകരണിക- കോശീയ ലിംഗസൂചകപദങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5.2.3.പട്ടിക (13) വ്യാകരണിക- കോശീയ ലിംഗസൂചകപദങ്ങൾ

| **പദം** | **അർഥം** |
|---|---|
| 1. അംബുജാക്ഷി | താമരയിതൾ പോലുള്ള കണ്ണോടു കൂടിയവൾ |
| 2. അഞ്ചിതഭ്രൂ | വളഞ്ഞ പുരികത്തോടു കൂടിയവൾ |
| 3. അധിമധുരാകൃതി | മനോഹരമായ ആകതിയോടു കൂടിയവൾ |
| 4. അരുണാധരി | ചുവന്ന ചുണ്ടുള്ളവൾ |
| 5. ആയതാക്ഷി | നീണ്ട കണ്ണുള്ളവൾ |
| 6. ഏണലോചന | കൃഷ്ണമൃഗത്തിന്റെ നോട്ടത്തോടു |

| | |
|---|---|
| | കൂടിയവൾ |
| 7. കരഭോരു | തുമ്പിക്കൈ പോലുള്ള തുടയോടു കൂടിയവൾ |
| **8.** കളമൊഴി | മധുരമായി സംസാരിക്കുന്നവൾ |
| 9. ചഞ്ചലാക്ഷി | ഇളകിക്കൊണ്ടിരിക്കുന്ന കണ്ണോടുകൂടിയവൾ |
| 10. തനുമദ്ധ്യാ | കൃശമായ മദ്ധ്യപ്രദേശത്തോടു കൂടിയവൾ |
| **11.** നളിനാക്ഷി | താമരയിതൾ പോലുള്ള കണ്ണോടു കൂടിയവൾ |
| 12. നീലക്കാർവേണി | കറുത്ത മേഘത്തെ പോലെ മുടിയുള്ളവൾ |
| **13.** പങ്കജാക്ഷി | സുന്ദരി |
| **14.** പേടമാൻകണ്ണി | മാൻപേടയുടെ കണ്ണു പോലെയുള്ള കണ്ണോടു കൂടിയവൾ, സുന്ദരി |
| **15.** മകരാക്ഷി | മത്സ്യത്തെ പോലുള്ള കണ്ണുള്ളവൾ, സുന്ദരി |
| **16.** മഞ്ജുവാണി | മനോഹരമായി സംസാരിക്കുന്നവൾ, |
| 17. മധുമൊഴി | മനോഹരമായി സംസാരിക്കുന്നവൾ, |
| **18.** മാൻമിഴി | മാൻപേടയുടെ കണ്ണു |

| | |
|---|---|
| | പോലെയുള്ള കണ്ണോടു കൂടിയവൾ |
| 19. രാകേന്ദുമുഖി | ചന്ദ്രനെ പോലുള്ള മുഖത്തോടു കൂടിയവൾ |
| 20. വരതനു | ഭംഗിയുള്ള ശരീരത്തോടു കൂടിയവൾ, സുന്ദരി |

അക്ഷി, മിഴി, മൊഴി എന്നീ പദങ്ങൾ പോലെ തനിയെ നിൽക്കുമ്പോൾ നിർലിംഗമായിരിക്കുന്ന പദങ്ങളാണ് വാണി, തനു എന്നിവ. സ്ത്രീയെ വർണിക്കാനുപയോഗിക്കുന്ന സർഗാത്മക വ്യവഹാര ഭാഷയിൽ മേൽസൂചിപ്പിച്ച നിർലിംഗ പദങ്ങളെല്ലാം, സമസ്ത പദങ്ങളായി വരുമ്പോൾ ലിംഗപക്ഷ സ്വഭാവം കാണിക്കുന്നു. ഭാവനാത്മകമായ സ്ത്രീപ്രതിനിധാന നിർമ്മിതികൾക്കായാണ് ഇത്തരം രൂപങ്ങൾക്ക് ലിംഗസ്വഭാവം നൽകുന്നത്. ഇതെല്ലാം പെണ്ണിനെ വർണി ക്കാനായാണ് ഉപയോഗിക്കുന്നത്. വ്യാകരണിക കോശീയ ലിംഗസൂചക പദങ്ങ ളെല്ലാം ശരീരാസ്പദവർണനകളായാണ് വരുന്നത്.

**5.2.4. പൊതു ലിംഗസൂചകപദങ്ങൾ (neutral gender words)**

പും, സ്ത്രീ ലിംഗഭേദമില്ലാതെ രണ്ടിനെയും ഒരുപോലെ ഉൾക്കൊള്ളുന്ന തരം പദങ്ങളെയാണ് പൊതുലിംഗസൂചകപദങ്ങളിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ അത്തരം പദങ്ങളെ നിഘണ്ടു പുല്ലിംഗമായാണ് രേഖപ്പെടുത്തുന്നത്. അതായത് അർഥവിശദീകരണത്തിൽ പുല്ലിംഗസൂചകമായ 'അൻ' നൽകുകവഴി പുല്ലിംഗ വത്കരണം (masculanization) നടത്തുകയും ലിംഗപദവി നിർണയിക്കുകയും ചെയ്യുന്നു.

5.2.4. പട്ടിക (14) പൊതുലിംഗസൂചകപദങ്ങൾ

| പദം | അർഥം |
|---|---|
| 1. അക്രമി | ക്രമക്കേടായി പ്രവർത്തിക്കുന്ന ആൾ, കൈയ്യേറ്റക്കാരൻ |
| 2. അതിഥി | വിരുന്നുകാരൻ, വഴിപോക്കനായി വന്നവൻ, |
| 3. അഭയാർഥി | അഭയം തേടി വരുന്നവൻ |
| 4. അയൽവാസി | അയൽപ്പക്കത്തു താമസിക്കുന്നവൻ |
| 5. അവസരവാദി | അവസരത്തിനൊത്ത പോലെ പറയുന്നവൻ |
| 6. അവിശ്വാസി | അവിശ്വാസമില്ലാത്തവൻ |
| 7. ആഖ്യാതാവ് | 1. പറയുന്നവൻ, റിപ്പോർട്ടർ. 2. ഗുരു |
| 8. ആത്മാവ് | ക്ഷേത്രജ്ഞൻ, പുരുഷൻ (സ്വകർമ്മഫലത്തെ അനുഭവിക്കുന്നവൻ, എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്നവൻ) |
| 9. ആൾ | മനുഷ്യൻ, പുരുഷൻ, വ്യക്തി.2. ചുമതലക്കാരൻ, പ്രതിനിധി |
| 10. ഉത്തരവാദി | ഉത്തരം പറയേണ്ടവൻ, ചുമലതക്കാരൻ, ജാമ്യക്കാരൻ |
| 11. പിൻഗാമി | പിന്നാലെ പോകുന്നവൻ |
| 12. പ്രതിനിധി | പകരം നിൽക്കുന്നവൻ, |

| | |
|---|---|
| | ജാമ്യക്കാരൻ |
| 13. പ്രധാനി | നായകൻ, മന്ത്രി |
| 14. ബന്ധു | ചാർച്ചക്കാരൻ(രി), ബന്ധപ്പെട്ടവൻ(ൾ), ആപത്കാലത്തു രക്ഷിക്കുന്നവൻ. 2. സ്നേഹിതൻ. 3. ഭർത്താവ്, രക്ഷകൻ. 4. ഗുരു. 5. സഹോദരൻ. |
| 15. മനുഷ്യൻ | മനുവിന്റെ പുത്രൻ, പുരുഷൻ |
| 16. മിത്രം | ബന്ധു, ഇഷ്ടൻ |
| 17. വിശ്വാസി | വിശ്വാസമുള്ളവൻ |
| 18. ശത്രു | വിരോധി, തനിക്കു ദോഷം ചെയ്യുന്നവൻ |
| 19. സഹായി | സഹായിക്കുന്നവൻ, കൂട്ടുകാരൻ |
| 20. സുഹൃത്ത് | സ്നേഹിതൻ, ബന്ധു |

സംഭാഷണങ്ങളിൽ വിപുലമായി ഉപയോഗിക്കുന്ന പദങ്ങളാണ് പൊതുലിംഗസൂചക പദങ്ങൾ എന്ന വിഭാഗത്തിൽ ഉദാഹരണമായി നൽകിയിട്ടുള്ളത്. എല്ലാ ലിംഗത്തേയും ഉൾക്കൊള്ളുന്നുവെന്ന തരത്തിൽ വിനിമയം ചെയ്യപ്പെടുകയും എല്ലാ ലിംഗത്തിലും ഉൾപ്പെടുന്നവർ വ്യക്തിപരമായി സൂചിപ്പിക്കാൻ ഈ പദങ്ങളെല്ലാം ഉപയോഗിക്കുകയും ചെയ്യുന്നു. സാമൂഹികമായി ലിംഗനിരപേക്ഷമെന്നു തോന്നിപ്പിക്കുന്ന ഈ പദങ്ങൾ നിഘണ്ടുവിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് പുല്ലിംഗസൂചകമായിട്ടാണ്. 'പൊതു' എന്ന തരത്തിൽ

വിനിമയം ചെയ്യപ്പെടുന്ന പദങ്ങളെല്ലാം പുരുഷകേന്ദ്രിതമാണെന്നാണ് നിഘണ്ടു പറഞ്ഞു വയ്ക്കുന്നതും പദവിശകലനത്തിൽ തെളിയുന്നതും.

## 5.3. സാമൂഹ്യ പദവിസൂചകപദങ്ങളും ലിംഗസ്വഭാവവും

സമൂഹനിർമ്മിതിയാണ് ഭാഷയെന്നും സമൂഹത്തെ നിർണയിക്കുന്നത് ഭാഷ യിലൂടെയാണെന്നുമുള്ള സൈദ്ധാന്തികകാഴ്ചപ്പാടാണ് സാമൂഹ്യഭാഷാശാസ്ത്ര ത്തിന്റെ അടിത്തറ. അതു പ്രകാരം ഏത് വ്യവസ്ഥിതിയാണോ സമൂഹത്തെ നിയന്ത്രിക്കുന്നത് ആ വ്യവസ്ഥിതിയായിരിക്കും ഭാഷയിലും പ്രകടമാവുക. ലിംഗാധിപത്യം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഉടലെടുക്കുന്ന ഭാഷയിലും ലിംഗ പക്ഷമനോഭാവം കാണാൻ കഴിഞ്ഞേക്കും. പൊതുവെ മിക്കസമൂഹവും പുരുഷാധിപത്യവ്യവസ്ഥിതിയെ വഹിച്ചുകൊണ്ടുപോകുന്നുവെന്ന പരികല്പന നിലനിൽക്കെ മലയാളത്തെ സംബന്ധിച്ച് ലിംഗപക്ഷമനോഭാവം എങ്ങനെ എന്നത് വിശകലനം ചെയ്യേണ്ടതുണ്ട്. ലിംഗപ്രതിനിധാനം ഭാഷാ പ്രയോഗത്തിൽ എങ്ങനെയാണ് എന്നതിലൂടെ മലയാളസമൂഹത്തിന്റെ മനോഭാവത്തെ തുറന്ന് കാട്ടാൻ കഴിയും . പ്രത്യേകിച്ച് സാമൂഹ്യാധിഷ്ഠിത പദവിശകലനത്തിലൂടെ. എല്ലാ പദങ്ങളും അവയുടെ അർഥരൂപങ്ങളും സമൂഹവുമായി ചേർന്നുനിൽക്കുന്നവ ആണെങ്കിലും, സമൂഹം നൽകുന്ന ചില പ്രത്യേകപദവികളോ ഉത്തരവാദിത്ത ങ്ങളോ പോലുള്ള ഘടകങ്ങളുമായി സൂക്ഷ്മബന്ധം പുലർത്തുന്ന പദങ്ങളുമുണ്ട്. അത്തരം പദങ്ങളേയും അവയുടെ അർഥരൂപങ്ങളേയും വിശകലനം ചെയ്തു കൊണ്ട് ലിംഗപ്രതിനിധാനത്തെ അടയാളപ്പെടുത്താം. ബന്ധസൂചകപദങ്ങൾ, തൊഴിൽപദങ്ങൾ എന്നിവയെല്ലാം സാമൂഹ്യപദവി നിർണയിക്കുന്ന ഗണത്തിൽ ഉൾപ്പെടുന്നു.

### 5.3.1. ബന്ധസൂചകപദങ്ങൾ

സ്ത്രീയുടെ വിവിധ പ്രതിനിധാനങ്ങളാണ് അമ്മ, മകൾ, ഭാര്യ, സഹോദരി എന്നിവ. സമൂഹം സ്ത്രീക്കു നൽകിയിട്ടുള്ള പദവികൾ കൂടിയാണവ. അതിനു സമാന മായ എതിർലിംഗ പദവിയും ഉണ്ട്. പ്രധാനമായും കുടുംബം എന്ന സ്ഥാപനവുമായി ചേർന്നുനിന്നാണ് ഈ പദങ്ങൾ നിലകൊള്ളുന്നത്. സ്ത്രീപ്രതിനിധാന ബന്ധസൂചക പദങ്ങളെ നിഘണ്ടുക്കൾ വിവരിക്കുന്നത് ചുവടെ ചേർക്കുന്നു.

**5.3.1.1.അമ്മ:-**

സ്ത്രീയുടെ ഏറ്റവും ഉത്തമമായ ഗുണവിശേഷം എന്ന രീതിയിൽ സ്ഥാപിക്ക പ്പെട്ടതാണ് അമ്മ എന്ന സങ്കല്പം. മാതൃത്വത്തെ മഹനീയതയുടെ ഉറവിടമായാണ് അടയാളപ്പെടുത്തുന്നത്. മറ്റേതൊരു ബന്ധത്തെക്കാളും സ്വീകാര്യതയുള്ള ഈ പദം നിഘണ്ടുവിൽ പ്രത്യക്ഷപ്പെടുന്നത് ഇപ്രകാരമാണ്.

5.3.1.1. പട്ടിക (15) ബന്ധസൂചക പദങ്ങൾ- അമ്മ

| **പദം** | **അർഥം** |
|---|---|
| **1.** അച്ച | അമ്മ, അമ്മയുടെ അനുജത്തി |
| **2.** അച്ചമ്മ | അച്ഛന്റെയോ, അമ്മയുടേയോ അമ്മ |
| **3.** അച്ചാമ്മ | അച്ചമ്മ |
| **4.** അച്ചി | അമ്മ, അമ്മച്ചി |
| 5. അംബ | അമ്മ, |
| **6.** അംബിക | മാതാവ് |
| 7. അമ്മ | 1. മാതാവ്, തായ്, പെറ്റവൾ. പര്യാ- ജനനി, ജനയിത്രി, പ്രസു. 2. സ്ത്രീ, രാജഭാര്യ. 3. ഈശ്വരി. 4. ഭർത്താവിന്റെയോ ഭാര്യയുടെയോ മാതാവ്. അമ്മ പോറ്റിയ മകൾ- |

| | |
|---|---|
| | അഹങ്കാരമുള്ളവൾ, അമ്മ പോറ്റിയ മകളും ഉമ്മ പോറ്റിയ കോഴിയും അടങ്ങുകയില്ല. അമ്മയെ തല്ലിയാലും രണ്ടുപക്ഷം- ഏതു കാര്യത്തിനും രണ്ടഭിപ്രായമുണ്ട്. അമ്മ വയറ്റിൽ പിറന്നവൻ- ധൈര്യവും വീര്യവും ഉള്ളവൻ. |
| 8. അമ്മച്ചി | 1. അമ്മ. 2. വയസ്സായ സ്ത്രീ. 3. (വഞ്ചിരാജ്യത്തെ) രാജഭാര്യ. 4. മാന്യസ്ത്രീ |
| 9. അമ്മമ്മ | അമ്മയുടെ അമ്മ,അമ്മൂമ്മ |
| 10. അമ്മാമ്മ | അമ്മൂമ്മ |
| 11. അമ്മാൾ | അമ്മ, അമ്മയ്ക്കു സമമായവൾ, സ്ത്രീ |
| 12. അമ്മാർ | അമ്മ, സ്ത്രീ |
| 13. അമ്മൂമ്മ | അമ്മയുടെയേ, അച്ഛന്റെയോ അമ്മ, വൃദ്ധ |
| 14. അമ്മുവമ്മ | അമ്മൂമ്മയുടെയോ അപ്പൂപ്പന്റെയോ അമ്മ |
| 15. അല്ലാ | മാതാവ് |
| 16. ആച്ചി | അമ്മ, അച്ഛന്റെ അമ്മ |
| 17. ആയ് | അമ്മ, തായാർ |
| 18. ആയ | ധാത്രി, വളർത്തമ്മ, മുത്തശ്ശി |
| 19. ആയമ്മ | ബ്രാഹ്മണസ്ത്രീ, വളർത്തമ്മ |

| | |
|---|---|
| **20.** ആയി | അമ്മ |
| **21.** ഉൽപ്പാദിക | അമ്മ |
| **22.** ഉപമാതാവ് | വളർത്തമ്മ |
| **23.** ഉമ്മ | മുഹമ്മദീയ സ്ത്രീ, അമ്മ |
| **24.** ഊരമ്മ | ഊരിലെ അമ്മ, ഗ്രാമദേവത |
| **25.** എഴുത്തമ്മ | എഴുത്തു പഠിപ്പിക്കുന്നവൾ |
| **26.** കൊച്ചമ്മ | 1. അമ്മയുടെ അനുജത്തി. ചെറിയമ്മ, ചിറ്റമ്മ. 2. യജമാനന്റെ ഭാര്യ. അങ്ങുന്നും കൊച്ചമ്മയും. 3. സ്ത്രീ. 4. ഒരു സ്ഥാനപ്പേര്. 4. (നസ്രാ) മൂത്ത സഹോദരി. |
| **27.** ചിറ്റമ്മ | 1. അമ്മയുടെ അനുജത്തി. 2. അച്ഛന്റെയോ അനുജന്റെയോ ഭാര്യ. ചിറ്റമ്മനയം–വേറും കുറും |
| **28.** ചെറിയമ്മ | ചിറ്റമ്മ (കൊച്ചമ്മ) |
| **29.** ജനനി | 1. അമ്മ (ജനിപ്പിച്ചവൾ) . 2. ശിവശക്തി. 3. ദയ. 4. കുറുമൊഴി, വാവൽ, മഞ്ചട്ടി. |
| **30.** ജനയിത്രി, ജനിത്രി | അമ്മ, മാതാവ് |
| **31.** ജന്യാ | 1. അമ്മ. 2. അമ്മയുടെ സഖി, തോഴി.3. വധു. 4. സുഖം. 5. സന്തോഷം. 7. സ്നേഹം. |
| **32.** തായ് | 1. അമ്മ, 2. രാജപത്നി, ഗുരുപത്നി. 3.ദേവി. 4. മുഖ്യമായത് |
| **33.** പ്രജാത | അമ്മ, അപ്പോൾ പ്രസവിച്ചവൾ |

| | |
|---|---|
| | (പ്രസവിച്ച് കെടക്കുന്നവൾ) |
| **34.** പ്രസവിത്രി | മാതാവ് |
| **35.** പ്രസു | അമ്മ (പ്രസവിച്ചവൾ) |
| **36.** പോറ്റമ്മ | വളർത്തമ്മ |
| **37.** മാതാവ് | അമ്മ (പൂജിക്കപ്പെടുന്നവൾ) |
| **38.** രണ്ടാനമ്മ | അച്ഛന്റെ രണ്ടാമത്തെ ഭാര്യ |
| **39.** വീട്ടമ്മ | ഗൃഹനായിക |

അമ്മ എന്ന പദത്തെ നിഘണ്ടു അടയാളപ്പെടുത്തുന്നത് മേൽസൂചിപ്പിച്ച പ്രകാരമാണ്. മഹനീയമായ സ്ഥാനമാണ് അമ്മ എന്ന പദത്തിനു നൽകുന്നത്. പ്രായക്കൂടുതലും സാമൂഹ്യസ്ഥാനക്കൂടുതലും ഉള്ളവരെയും ബഹുമാനസൂചകമായി അമ്മ വിഭാഗത്തിലേക്ക് ചേർത്തുവയ്ക്കുന്നുണ്ട്. സ്നേഹം, കരുതൽ എന്നിവയുടെയൊക്കെ വിശേഷാർഥം കൂടി അമ്മയ്ക്ക് നൽകുന്നുണ്ട്. അതുവഴി ഒരു സവിശേഷ നിർമ്മിതിയായി അമ്മയെ മാറ്റിനിറുത്തുന്നു. പ്രസവിച്ചവൾ മാത്രമാണ് യഥാർഥ അമ്മ എന്ന തലത്തിൽ നിഘണ്ടു രേഖപ്പെടുത്തുമ്പോഴും ചില മൂല്യങ്ങൾ പേറുന്നവരെയും അമ്മയായി കണക്കാക്കുന്നുണ്ട്. അത്തരത്തിൽ ഒരു സവിശേഷ നിർമ്മിതിയായി അമ്മയെ രേഖപ്പെടുത്താൻ നിഘണ്ടുവും ശ്രമിക്കുന്നുണ്ട്. അത് പ്രധാനമായും സ്വഭാവസവിശേഷതകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അത്തരത്തിൽ നിർമ്മിച്ചെടുക്കുന്ന അമ്മ രൂപങ്ങളാണ് നിഘണ്ടുവിലും ഇടം പിടിച്ചിട്ടുള്ളത്.

**5.3.1.2. ഭാര്യ**

വിവാഹത്തോടെ രൂപപ്പെടുന്ന സ്ത്രീപ്രദവിയാണ് 'ഭാര്യ'. 'ഭാര്യ' എന്ന പദത്തിനു നൽകുന്ന വിവരണത്തിലും നിയമപ്രകാരം വിവാഹം ചെയ്യപ്പെട്ടവളാണ് എന്നു പ്രത്യേകം സൂചിപ്പിക്കുന്നു. കുടുംബം എന്ന സങ്കല്പം രൂപപ്പെടുന്നതോടു കൂടി

നിർമ്മിക്കപ്പെട്ട പദവി കൂടിയാണിത്. 'ഭാര്യ' എന്ന സങ്കല്പം വഹിക്കുന്ന മൂല്യങ്ങളെ തിരിച്ചറിയണമെങ്കിൽ ആ പദവുമായി ബന്ധപ്പെട്ടു വരുന്ന മറ്റു പദങ്ങളേയും അവയുടെ അർഥ വിവരണത്തെയും വിശകലനം ചെയ്യേണ്ടതുണ്ട്.

5.3.1.2. പട്ടിക (16) ബന്ധസൂചകപദങ്ങൾ– ഭാര്യ

| **പദം** | **അർഥം** |
|---|---|
| **1.** അന്തപുരം | രാജസ്ത്രീകൾ വസിക്കുന്നേടം, സ്ത്രീകൾ ഇരിക്കുന്ന അകമുറി, 2. (രാജ ) സ്ത്രീകൾ. 3. ഗൃഹിണി, ഭാര്യ |
| **2.** അന്യക്ഷേത്രം | അന്യന്റെ ഭാര്യ. |
| 3. ആയിഴ | ഭാര്യ, സ്ത്രീ |
| **4.** ഉറാട്ടി | ഉറ്റവൾ, ഭാര്യ |
| **5.** ഏഴാമിടം | ഭാര്യ, കളത്രം |
| **6.** ഓൾ | ഭാര്യ |
| **7.** കളത്രം | ഭാര്യ (കുലത്തെ രക്ഷിക്കുന്നവൾ) |
| **8.** കാന്താ | 1. ഭാര്യ ,പ്രിയ, 2. സുന്ദരി |
| **9.** കുടുംബിനി | 1.കുടുംബമുള്ളവൾ, ഭാര്യ (ഭർത്തൃപുത്രഭൃത്യാദികളോടു കൂടിയവളും അവരുടെ സംരക്ഷണയിൽ സദാ വ്യാപൃതയുമായവൾ) |
| **10.** ക്ഷേത്രം | 1. (വിള) ഭൂമി. (നല്ല) വയൽ (കൃഷിസ്ഥലം). ഉത്പത്തിസ്ഥാനം. ശരീരം. 3. ഭാര്യ (ഇതു മൂലം ക്ഷയിക്കുന്നനതിനാൽ) (നിയമപ്രകാരം |

| | |
|---|---|
| | ഭാര്യ ഭർതൃക്ഷേത്രമാണ് ) |
| 11. ഗൃഹജനം | 1. വീട്ടിലുള്ളവർ. 2. ഭാര്യ |
| 12. ഗൃഹം | 1. വീട്, പാർപ്പിടം (സകലരാലും സ്വീകരിക്കപ്പെടുന്നത് ). 2. ഭാര്യ (ധാന്യം മുതലായവ എടുത്തു സൂക്ഷിക്കുന്നവൾ എന്നർഥം) |
| 13. ഗൃഹിണി | ഭാര്യ, ഗൃഹനായിക, ഗൃഹീണീപദം (ഭാര്യയെന്ന അവസ്ഥ) |
| 14. ചരണദാസി | 1. ഭാര്യ. 2. ചെരിപ്പ് |
| 15. ദയിത | 1. ഭാര്യ, 2. പ്രിയപ്പെട്ടവൾ |
| 16. നായിക | 1 ഭാര്യ (രക്ഷിക്കുന്നവൾ). 2. വെപ്പാട്ടി |
| 17. പത്തനാടി | അക്കിത്തിരിയുടെ പത്നി, ഗൃഹിണി, ഭാര്യ (പത്തനത്തിൽ, വീട്ടിൽ, അടനം ചെയ്യുന്നവൾ |
| 18. പൊറുതി | ക്ഷമ, സഹനം, ഭാര്യ (കുടുംബം) |
| 19. പ്രാണനാഥ, പ്രാണേശ, പ്രാണാധീശ്വരി | ഭാര്യ |
| 20. പ്രിയ | പ്രിയമുള്ളവൾ, ഭാര്യ, കാമുകി, സ്ത്രീ... |
| 21. പ്രേമവതി | ഭാര്യ, കാമുകി |
| 22. പ്രേയസി | ഭാര്യ, കാമുകി, ഉപപത്നി |
| 23. ഭവന്തി | ഗുണവതിയായ ഭാര്യ |
| 24. ഭാമിനി | കാമമുള്ളവൾ (ഭാര്യ) |
| 25. ഭാര്യാ | നിയമപ്രകാരം വിവാഹം ചെയ്യപ്പെട്ട സ്ത്രീ(ഭർത്താവിനാൽ ഭരിക്കപ്പെടുന്നവൾ |

| | |
|---|---|
| | എന്നർഥം),രണ്ടു തരം –ഏകചാരിണി, സപത്നി |
| **26.** രമ | ലക്ഷ്മി, ഭാഗ്യദേവത, ഐശ്വര്യ, ഭാര്യ |
| **27.** രമണി | 1. നല്ല സ്ത്രീ, ഭാര്യ (ആലിംഗന ചുംബനാദികൾ കൊണ്ട് പുരുഷനെ രമിപ്പിക്കുന്നവൾ). 2. വെപ്പാട്ടി. 3. കറ്റവാഴ |
| **28.** വേളി | (ബ്രാഹ്മണരുടെ) വിവാഹം, വിവാഹം ചെയ്യപ്പെട്ട ഭാര്യ. |
| **29.** സപ്തമം | ഏഴാമത്തേത്, ഭാര്യ |

സ്ത്രീയുടെ സാമൂഹ്യപദവി സൂചിപ്പിക്കുന്ന പദങ്ങളിൽ ഒന്നാണ് 'ഭാര്യ'. ഭാര്യ എന്ന പദത്തിന് നിഘണ്ടു നൽകുന്ന അർഥം 'ഭർത്താവിനാൽ ഭരിക്കപ്പെടുന്നവൾ' എന്നാണ്. മാത്രമല്ല, നിയമപ്രകാരം വിവാഹം ചെയ്യപ്പെട്ട സ്ത്രീയെ മാത്രമാണ് ഭാര്യയായി കണക്കാക്കുന്നത്. വിവാഹം എന്ന പ്രക്രിയയ്ക്ക് സാമൂഹ്യഅംഗീകാരവും നിയമപരിരക്ഷയും വരുന്നിടത്താണ് ഭാര്യ എന്ന പദവിയും നിർണായകമാവുന്നത്. സ്ത്രീയുടെ ഇടത്തെ നിർണയിച്ചെടുക്കുന്നതിൽ വിവാഹവും ദാമ്പത്യവും മുഖ്യപങ്കു വഹിക്കുന്നു. കുടുംബം എന്ന സ്ഥാപനവുമായി ബന്ധപ്പെട്ടാണ് ഇവയെല്ലാം പ്രവർത്തിക്കുന്നത്. കുടുംബിനി, ഗൃഹിണി എന്നീ പദങ്ങളിലൂടെ നിലനിറുത്തുന്നതും 'ഭാര്യ' യുടെ ധർമ്മങ്ങളെയാണ്. കുലത്തെയും കുടുംബത്തേയും സംരക്ഷിക്കുക എന്ന കർത്തവ്യമാണ് ഭാര്യയുടെ സുപ്രധാന ധർമ്മമായി പദങ്ങളെല്ലാം വിനിമയം ചെയ്യുന്നത്. ഭാര്യ എന്ന പദത്തിൽ തന്നെ ജാതീയമായ അധികാരമനോഭാവവും നിലനിൽക്കുന്നുണ്ട്. ഭാര്യ എന്ന സങ്കല്പം രൂപപ്പെടുന്നത് ജാതീയമായി ഉയർന്ന

ശ്രേണികളിലൂടെയാണെന്ന് 'അന്തർജനം', 'വേളി' എന്നീ പദങ്ങളുടെ അർഥ വിവരണത്തിലൂടെ ബോധ്യപ്പെടുന്നു.

ഭാര്യ എന്ന പദവിയുടെ ലിംഗപരമായ വിധേയത്വം നിലകൊള്ളുന്നത് ഭർത്താവ് എന്ന പദത്തിനു നൽകുന്ന വിശേഷസ്ഥാനങ്ങളിൽക്കൂടിയാണ്. ഭർത്താവ് എന്നാൽ "1. വിവാഹം ചെയ്ത പുരുഷൻ (ഭരിക്കുന്നവൻ എന്നർഥം) 2. (ഭരണ) കർത്താവ്, യജമാനൻ, 3. രക്ഷകൻ. 4. നടത്തുന്നവൻ. 5. വിഷ്ണു" (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള: 2017. പുറം– 1342). അധികാരത്തിന്റെ എല്ലാ അടയാളങ്ങളും 'ഭർത്താവ്' എന്ന പദത്തിൽ നിക്ഷിപ്തമാണ്. ഭർത്താവ് എന്ന സങ്കല്പവുമായി ബന്ധപ്പെട്ട വരുന്ന പദങ്ങളിലും ആധിപത്യ മനോഭാവം പ്രകടമാണ്. സപത്നി, ഉപപത്നി, വെപ്പാട്ടി, ഏകചാരിണി എന്നീ പദങ്ങളെല്ലാം സാമൂഹികമായി പുരുഷനു അനുവദിച്ചിരിക്കുന്ന ബഹുഭാര്യാത്വത്തെ അംഗീകരിക്കുന്നു. ഏകപത്നി (പതിവ്രത, ഒരു ഭർത്താവ് മാത്രം ഉള്ളവൾ), ഭർത്തൃശുശ്രൂഷ (ഭർത്താവിനെ പരിചരിക്കൽ), ഭർത്തൃവ്രതം (പാതിവ്രത്യം), ഭവന്തി (ഗുണവതിയായ ഭാര്യ) വീരപത്നി (വീരപുരുഷന്റെ ഭാര്യ (വീരനായ പതിയോടു കൂടിയവൾ), പാതിവ്രത്യത്തിനു കീർത്തി കേട്ടവൾ), വീരവതി (ഭർത്താവും പുത്രന്മാരും ജീവിച്ചിരിപ്പുള്ളവൾ) തുടങ്ങിയ പദങ്ങളിലൂടെയെല്ലാം ഭർത്താവിന്റെ സാമൂഹ്യസ്ഥാനത്തെ ഉയർത്തിവയ്ക്കുന്നു.

### 5.3.1.3. മകൾ, സഹോദരി

സ്ത്രീയുടെ സാമൂഹ്യപദവി നിർണയിക്കുന്ന ബന്ധസൂചകപദങ്ങളിൽ ഉൾ പ്പെടുന്നവയാണ് മകൾ, സഹോദരി എന്നിവ. സ്ത്രീപ്രതിനിധാനമായി പ്രവർത്തിക്കുന്ന ഈ പദങ്ങളുമായി ബന്ധപ്പെട്ട പദങ്ങൾ നിഘണ്ടുവിൽ പ്രത്യക്ഷ പ്പെടുന്നത് എങ്ങനെയെന്ന് പട്ടിക (17)– ൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

5.3.1.3. പട്ടിക (17) ബന്ധസൂചക പദങ്ങൾ– മകൾ, സഹോദരി

| **പദം** | **അർഥം** |
|---|---|
| 1. അംഗജാ | പുത്രി |
| 2. അച്ഛേമ്മ | അച്ഛന്റെ പെങ്ങൾ, അപ്പച്ചി |
| 3. അനിയത്തി, അനുജത്തി | സഹോദരി |
| 4. ഇത്ത, ഇത്താത്ത | ചേച്ചി, ജ്യേഷ്ഠത്തി |
| 5. ഉടപ്പിറന്നവൾ | കൂടെപ്പിറന്നവൾ |
| 6. ഓപ്പ | സഹോദരി |
| 7. ചിറ്റ | അമ്മയുടെ അനുജത്തി |
| 8. അന്തിക | 1.അടുപ്പ്. 2. ജ്യേഷ്ഠത്തി. |
| 9. ദായാദി | പുത്രി |
| 10. ദാരിക | പുത്രി, കന്യ, വേശ്യ, വിടവ് |
| 11. പൊന്നമ്മ | രാജപുത്രി |
| 12. പൌത്രി | പുത്രന്റെ പുത്രി |
| 13. യന്ത്രക,യന്ത്രണി | ഭാര്യയുടെ അനുജത്തി |
| 14. യാതാവ് | ഭർത്താവിന്റെ സഹോദരന്റെ ഭാര്യ (ഗൃഹകർമ്മങ്ങളിൽ ഒരുമിച്ച പ്രവർത്തിക്കുന്നവർ, ജ്യേഷ്ഠാനുജന്മാരുടെ ഭാര്യമാർ അന്യോന്യം യാതാക്കന്മാരാണ് ) |
| 15. യാമി | 1. കുലസ്ത്രീ, സുകൃതമുള്ള സ്ത്രീ (സുഖം അനുഭവിക്കുന്നവൾ എന്നർഥം). 2. സഹോദരി. 3. പുത്രന്റെ ഭാര്യ, പുത്രി |
| 16. ലലനിക | പെൺകുട്ടി, ദയനീയയായവൾ |

അമ്മ എന്ന പദത്തിനു നൽകുന്നതു പോലെ സവിശേഷമായ സ്ഥാനം സഹോദരിക്കും നൽകുന്നുണ്ട്. 'ജ്യേഷ്ഠത്തി' എന്ന സങ്കല്പത്തിനു അമ്മയ്ക്കു സമാനമായ സ്ഥാനമാണ് നൽകുന്നത്. പ്രായത്തിന്റെയും സ്ഥാനത്തിന്റെയും അംഗീകാരം സഹോദരിക്കു നൽകുന്നു. എങ്കിലും 'മകൾ'/ 'പുത്രി' എന്ന സങ്കല്പനത്തിന് ബലഹീനതയുടെയും നിസ്സഹായതയുടേയും തലങ്ങളിൽ നിന്നു കൊണ്ടുള്ള വിവരണമാണ് നൽകുന്നത്. മകൾ എന്ന പദത്തിന്റെ ലിംഗമൂല്യവും നിർണയിക്കപ്പെടുന്നത് മകൻ അഥവാ പുത്രന് നൽകുന്ന വിശേഷണങ്ങളിൽ കൂടെയാണ്. മകൻ/മകൾ എന്ന ദ്വന്ദ്വത്തിന്റെ വിവരണത്തിൽ കൃത്യമായ ലിംഗവിവേചനം നിലനിൽക്കുന്നുണ്ട് (വിശദപഠനം 4. 5, 5.2.2).

### 5.3.2. ജാതിസൂചകം

സാമൂഹ്യഘടനയുടെ അടരുകളെ സൂചിപ്പിക്കുന്ന സാമൂഹ്യനിർമ്മിതിയാണ് ജാതി എന്നു സാമാന്യമായി പറയാം. വിവാഹം, തൊഴിൽ എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ ജാതി ഉറപ്പിക്കുന്നു. കേരളീയ സാമൂഹ്യഘടനയിൽ ജാതി വലിയൊരു ഘടകമായാണ് പ്രവർത്തിക്കുന്നത്. ഭാഷാപഠനത്തെ സംബന്ധിച്ച് സാമൂഹ്യചരം എന്ന നിലയിലാണ് ജാതി നിലകൊള്ളുന്നത്. സാമൂഹ്യഭാഷാശാസ്ത്ര പഠനങ്ങളിലൂടെയാണ് ജാതീയമായ വേർതിരിവുകളും ഭാഷണപ്രക്രിയയിൽ ഇടപെടുന്നുവെന്ന് കണ്ടെത്തിയത്. മലയാള സന്ദർഭത്തിലും ജാതീയമായ ഉച്ച-നീചത്വങ്ങൾ ഭാഷാഘടകങ്ങളിൽ വ്യത്യാസം ഉണ്ടാക്കുന്നതായി നിരീക്ഷിച്ചിട്ടുണ്ട് (വിശദീകരണം: 1.3, 1.4).

ജാതിസൂചന കൂടുതൽ പ്രകടമാവുന്നത് പദതലത്തിലാണ്. ബന്ധസൂചകം, സംബോധന, തൊഴിൽസൂചകപദങ്ങൾ എന്നിവയിലെല്ലാം ജാത്യാധിഷ്ഠിത വ്യത്യാസങ്ങൾ നിലനിൽക്കുന്നു. ജാതികേന്ദ്രിതമായ സ്ത്രീപ്രതിനിധാനങ്ങളിലെ ലിംഗമൂല്യത്തെ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.

5.3.2. പട്ടിക (18) ജാതിസൂചകം

| പദം | അർഥം |
|---|---|
| അകത്തമ്മ | 1. നമ്പൂതിരിസ്ത്രീ, അന്തർജനം. 2. വെളിയിൽ ഇറങ്ങുന്നതിലേക്ക് സ്വാതന്ത്ര്യം ഇല്ലാത്തവൾ, അകത്തിരിക്കുന്നവൾ, അകത്തമ്മ ചമയുക- മേന്മ നടിയുക. |
| അകത്തവർ | 1. നമ്പൂതിരിസ്ത്രീ, 2. വീട്ടുകാരി |
| അക്കമ്മ | 2. (സാമന്ത) നമ്പ്യാർ സ്ത്രീ |
| അന്തർജനം. | നമ്പൂതിരിസ്ത്രീ (അകത്തമ്മ). ഇവർക്കു പരപുരുഷദർശനം പാടില്ല. മറക്കുട വേണം. |
| അന്തണി | ബ്രാഹ്മണസ്ത്രീ |
| അംബരി | സാമൂതിരിസ്ത്രീ, തമ്പുരാട്ടി |
| ആണ്ടാൾ | നമ്പിടിജാതിയിലുള്ള സ്ത്രീ |
| അര്യാ, അര്യാണി, അര്യി | വൈശ്യന്റെ സ്ത്രീ, പ്രഭ്വി, ശ്രേഷ്ഠയായവൾ. |
| അവരജ | ശൂദ്രജാതിസ്ത്രീ (നീചകുലത്തിൽ പിറന്ന) |
| ആത്തമ്മ | അകത്തമ്മ, നമ്പൂതിരിസ്ത്രീ |
| ആത്തിരമ്മ | ചാത്തിരനമ്പൂതിരിസ്ത്രീ, ബ്രാഹ്മണസ്ത്രീ, ആത്തേരമ്മ |

| | |
|---|---|
| ആത്തേമ്മ | അകത്തമ്മ, നമ്പൂതിരിസ്ത്രീ (അകത്തേ അമ്മ) |
| ഇല്ലത്തമ്മ, ഇല്ലൊടമ്മ, ചില്ലടമ്മ | 1. ഗൃഹനായിക. 2. ചാക്യാർസ്ത്രീ |
| ഈഴത്തി | ഈഴവസ്ത്രീ |
| ഉമ്മ | മുഹമ്മദീയ സ്ത്രീ, അമ്മ |
| എളോർമ്മ | ഇളയതുമാരുടെ സ്ത്രീ |
| ഒട്ടത്തി | ഒട്ടന്റെ സ്ത്രീ (മൺവേല ചെയ്യുന്നവർ) |
| കണിയാട്ടി | കണിയാന്റെ സ്ത്രീ. ജ്യോതിശാസ്ത്രം പഠിച്ച് പ്രശ്നം പറയുന്നവൻ |
| കന്നാത്തി | കന്നാന്റെ സ്ത്രീ (ഓട്ടും പിച്ചളയും കൊണ്ട് വാർക്കുന്നവൻ |
| കരുവാത്തി | കരുവാന്റെ സ്ത്രീ (കൊല്ലത്തി), കരുവാൻ– ആയുധം ഉണ്ടാക്കുന്നവൻ, ഇരുമ്പുപണിക്കാരൻ, പര്യാ-ലോഹകാരകൻ, വ്യോകാരകൻ |
| കാക്കാത്തി | കാക്കാലന്റെ സ്ത്രീ, കാക്കാലൻ– കാക്കക്കുറവൻ (പാമ്പിനേയും കുരങ്ങിനേയും വഴക്കി കളിപ്പിക്കുന്നത് തൊഴിൽ) |
| കാട്ടത്തി | കാട്ടാളന്റെ സ്ത്രീ |
| ചാന്നാട്ടി | ചാന്നാന്റെ സ്ത്രീ |
| ചാ(ശാ)ലിയത്തി | ചാ(ശാ)ലിയന്റെ സ്ത്രീ |
| തട്ടാത്തി | തട്ടാന്റെ സ്ത്രീ. പൊൻപണിക്കാരൻ, സ്വർണപണി തൊഴിലായിട്ടുള്ളവൻ |

| | |
|---|---|
| തണ്ടാത്തി | തണ്ടാന്റെ സ്ത്രീ. ചേകോന്മാരിൽ പ്രമാണി |
| തിയ്യത്തി | തിയ്യന്റെ സ്ത്രീ. ചേകോൻ, (മലബാറിൽ) ഈഴവൻ. |

ജാതി സൂചകമായി സ്ത്രീകളെ പ്രതിനിധീകരിക്കുന്ന പദങ്ങളാണ് മേൽ സൂചിപ്പിച്ചത്. ജാതീയമായ ഉച്ച–നീചത്വങ്ങൾ പദങ്ങളിൽ കാണുന്നുണ്ട്. ഓരോ ജാതിയിലും ഉൾപ്പെടുന്ന സ്ത്രീകളെ സൂചിപ്പിക്കാൻ വ്യത്യസ്ത പദങ്ങളാണ് ഉപയോഗിക്കുന്നത്. അതവരുടെ ജാതീയമായി സമൂഹത്തിലുള്ള സ്ഥാനത്തെ കൂടി അടയാളപ്പെടുത്തുന്നു. അകത്തമ്മ, അകത്തവർ, അക്കമ്മ, അന്തർജനം, അന്തണി, അംബരി, ആണ്ടാൾ, അര്യാ, ആത്തമ്മ, അത്തിരമ്മ, ആത്തേമ്മ, തുടങ്ങിയവ എല്ലാം ഉയർന്ന ജാതിശ്രേണിയിലുള്ള സ്ത്രീകളെ പ്രതിനിധീകരിക്കുന്നു. ബഹുമാന സൂചകമായി അമ്മ ചേർന്ന രൂപങ്ങൾ വരുന്നതും ഉയർന്ന ശ്രേണിയിൽ ഉൾപ്പെടുന്നവരോടൊപ്പമാണ്. സമൂഹത്തിലുള്ള ഉയർന്ന സ്ഥാനത്തെയാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. ഈഴത്തി, ഒട്ടത്തി, കന്നാത്തി, കരുവാത്തി, കാക്കാത്തി, കാട്ടത്തി, ചാന്നാട്ടി, ചാലിയത്തി, തിയ്യത്തി തുടങ്ങിയ പദങ്ങളും ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന സ്ത്രീപ്രതിനിധാനങ്ങളാണ്. ഇവ പ്രധാനമായും 'ത്തി' പ്രത്യയത്തിലൂന്നിയ പദങ്ങളാണ്. ഉയർന്ന ശ്രേണിയിലുള്ളവർ സ്ത്രീ– പും ലിംഗപ്രതിനിധാനങ്ങളെ സൂചിപ്പിക്കുന്നത് വ്യത്യസ്ത പദങ്ങളിലൂടെ (കോശിമതലത്തിൽ) ആണെങ്കിൽ താരതമ്യേന താഴ്ന്നശ്രേണിയിലുള്ളവർ ലിംഗ പ്രത്യയത്തിലൂടെയാണ് ലിംഗസൂചന നൽകുന്നത്.

ജാതീയമായി താഴ്ന്ന വിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന ശ്രേണിയിലുള്ള സ്ത്രീകൾക്ക് സാമൂഹികമായ സ്ഥാനം നൽകുന്നുണ്ടെങ്കിലും ആ വിഭാഗത്തിലെ എതിർവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ ലിംഗവിവേചനം

പ്രകടമായി കാണുന്നുണ്ട്. അകത്തമ്മ, അന്തർജനം, അകത്തവർ, ആത്തേമ്മ എന്നീ പദങ്ങളുടെ വിവരണത്തിൽ തന്നെ പറയുന്നത് അകം സ്ഥാന മായിട്ടുള്ളവർ എന്നാണ്. മറ്റു പുരുഷന്മാരെ കാണാനോ പുറത്തേക്ക് ഇറങ്ങാനോ സ്വാതന്ത്ര്യമില്ല. എന്നാൽ ഇത്തരം വിലക്കുകളൊന്നും എതിർ ലിംഗത്തെ സംബന്ധിച്ച് ഇല്ല.

ജാതി തന്നെ പുരുഷകേന്ദ്രിതമാണെന്നാണ് ജാതികേന്ദ്രിത സ്ത്രീസൂചകപദ ങ്ങളെ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത്. ബ്രാഹ്മണൻ, നമ്പൂതിരി, നമ്പ്യാർ, ചാക്യാർ, ഒട്ടൻ, ഈഴവൻ, കണിയാൻ, കന്നാൻ, കരുവാൻ, കാക്കാലൻ, ചാന്നാൻ, ചാലിയൻ,തട്ടാൻ, പറയൻ തുടങ്ങിയ എല്ലാ ജാതിസൂചക പദങ്ങളും ഒരേ സമയം ആ വിഭാഗത്തേയും തത് വിഭാഗവുമായി ബന്ധപ്പെട്ട പുരുഷനേയും പ്രതിനിധീകരിക്കുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് ലിംഗപരമായ വിവേചനം പദ തലത്തിൽ ഏതെല്ലാം തരത്തിൽ നിലനിൽക്കുന്നുവെന്നതാണ്.

### 5.3.3. തൊഴിൽപദങ്ങൾ

ഒരു വ്യക്തി തന്റെ ഉപജീവനത്തിനായി സ്വീകരിക്കുന്ന മാർഗങ്ങളിൽ ഒന്നാണ് തൊഴിൽ. അത് രണ്ടു തരത്തിലുണ്ട്. ഒന്ന് തലമുറകളായി കൈമാറി കൊണ്ടിരിക്കുന്നത് അഥവാ കുലത്തൊഴിൽ. മറ്റൊന്ന് വിദ്യാഭ്യാസപരമായോ മറ്റേതെങ്കിലും സാമൂഹ്യഘടകങ്ങൾ വഴിയോ താത്പര്യം കൊണ്ടോ നേടി എടുക്കുന്ന തൊഴിൽ. തൊഴിലെന്നത് ഒരാളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പദവിയെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ മുഖ്യപങ്ക് വഹിക്കുന്നു. മാത്രമല്ല, ജാതിയെന്നതു പോലെ ലിംഗഭേദവും തൊഴിൽനിർണയത്തിൽ പ്രവർ ത്തിക്കുന്നു. കായികാധ്വാനം കൂടുതലുള്ള ജോലികൾ പുരുഷനും കുറഞ്ഞവ സ്ത്രീകൾക്കും പകുത്തുകൊടുക്കുന്ന സമ്പ്രദായം സമൂഹത്തിലുണ്ട്. കൂടാതെ ചില തൊഴിലുകൾ സ്ത്രീകൾക്കു മാത്രമായോ, ചിലത് പുരുഷനു മാത്രമായോ നിശ്ചയിക്ക പ്പെട്ടിരിക്കുന്നു. തൊഴിലിലെ ലിംഗവിവേചനത്തെ നിഘണ്ടുക്കൾ

അടയാളപ്പെടുത്തുന്നതെങ്ങനെയെന്നും പദതലത്തിൽ അവ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും സൂക്ഷ്മവിശകലനത്തിലൂടെ മനസ്സിലാക്കാവുന്നതാണ്. തൊഴിലുമായി ബന്ധപ്പെട്ട ധാരാളം പദങ്ങൾ നിഘണ്ടുവിൽ കാണാം. അവയെ പഠന വിധേയമാക്കുന്നതിലൂടെ മേൽപറഞ്ഞ വസ്തുതകൾ തിരിച്ചറിയാൻ കഴിയും.

**5.3.3.1. കുലത്തൊഴിൽ**

ജാതീയമായ വേർതിരിവുകൾ നിശ്ചയിക്കപ്പെട്ടതിൽ തൊഴിലുകളും നിർണായക പങ്കുവഹിക്കുന്നു. തൊഴിലിന്റെ കൂടി അടിസ്ഥാനത്തിലായിരുന്നു ജാതി നിശ്ചയിച്ചിരുന്നത്. ഓരോ ജാതിയ്ക്കും ഓരോ തൊഴിൽ എന്ന രീതിയിൽ വിഭജിക്കപ്പെട്ടിരുന്നു. അത് തലമുറകളിലൂടെ തുടർന്നു കൊണ്ടിരിക്കുകയും ചെയ്തു. ഇത്തരത്തിൽ കുലപരമായി അല്ലെങ്കിൽ ജാതീയമായി തുടർന്നുകൊണ്ടിരിക്കുന്ന ഉപജീവനെ മാർഗത്തെയാണ് കുലത്തൊഴിൽ ആയി പരിഗണിക്കുന്നത്. അതുമായി ബന്ധപ്പെട്ട് നിഘണ്ടു അടയാളപ്പെടുത്തുന്ന പദങ്ങളേയും അതിൽ അടങ്ങിയിരിക്കുന്ന ലിംഗഭേദത്തെയുമാണ് ചുവടെ വിശദീകരിക്കുന്നത്.

5.3.3.1. പട്ടിക (19). കുലത്തൊഴിൽ

| **പദം** | **അർഥം** |
|---|---|
| ചക്കിലിയൻ | ചെരുപ്പുകുത്തി ( ഒരു ജാതിക്കാരൻ) സ്ത്രീ- ചക്കിലിച്ചി |
| ചക്കാലൻ | ചക്കാട്ടുന്നവൻ ,സ്ത്രീ- ചക്കാത്തി |
| മണ്ണാൻ (വണ്ണാൻ) | അലക്കുകാരൻ; നെയ്ത്തുകാരിൽപെട്ട ഒരുജാതി, സ്ത്രീ- മണ്ണാത്തി, വണ്ണാത്തി. |
| ചാക്യാർ | ഒരു ജാതി, നാട്യക്കാരൻ |
| ചാക്രികൻ | ചക്കുകാരൻ, ചക്കാലവൻ, കുശവൻ, |

| | |
|---|---|
| | വണ്ടിക്കാരൻ, ഘോഷകൻ, മണിയടിക്കുന്നവൻ, ഗായകൻ. |
| ചാന്നാൻ | കരിമ്പന ചെത്തുന്ന ഒരു ജാതി. സ്ത്രീ– ചാന്നാട്ടി |

കുലം എന്നതു തന്നെ പുരുഷനാണെന്ന കാഴ്ചപ്പാടാണ് കുലത്തൊഴിലുമായി ബന്ധപ്പെട്ട പദപഠനത്തിൽ തെളിയുന്നത്. തൊഴിലുകളെല്ലാം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് പുരുഷനുമായാണ് . തൊഴിലെടുക്കുന്നവൻ എന്ന രീതിയിൽ പുരുഷന് ഇടം ലഭ്യമാവുകയും വിഭാവനം ചെയ്യുന്ന ജാതിയിൽപ്പെട്ട പുരുഷന്റെ സ്ത്രീ എന്ന രീതിയിലാണ് സ്ത്രീകളെ വിവരിക്കുന്നത്. നെയ്ത്ത്, അലക്ക്, തുടങ്ങിയ തൊഴിലിലാണ് താരതമ്യേന സ്ത്രീകളെ പരിഗണിച്ചിരിക്കുന്നതെന്നും പദവിശകലനത്തിൽ തെളിയുന്നു. ജാതിസൂചകമായി അടയാളപ്പെടുത്തിയ പദങ്ങളിലൂടെ ജാതികേന്ദ്രിത തൊഴിലുകളേയും അതിനകത്തെ ലിംഗവിവേചന ത്തെയും വ്യക്തമാണ് (വിശദപഠനം: 5.3.2.).

### 5.3.3.2. ആർജ്ജിതതൊഴിൽ

ഒരു പ്രത്യേക കുലത്തിന്റെയെന്നവകാശപ്പെടാനാവാത്ത തരം തൊഴിലുകളെല്ലാം ഇതിൽ ഉൾപ്പെടുന്നു.

5.3.3.2. പട്ടിക (20). ആർജ്ജിതതൊഴിൽ

| **പദം** | **അർഥം** |
|---|---|
| അകത്തോൻ | വീട്ടുവേലക്കാരൻ |
| അക്കച്ചി(1) | (അല്ക്കച്ചി) അലക്കുകാരി,മുഷിഞ്ഞ വസ്ത്രം അടിച്ചു വെളുപ്പിക്കുവൾ(ദേ). |

| | |
|---|---|
| അക്കൌണ്ടന്റ് | കണക്കപിള്ള |
| അക്ഷരചഞ്ചു | പകർപ്പെഴുത്തുകാരൻ. പര്യാ– ലേഖകൻ, ലിപികാരൻ, അക്ഷരച്ചുഞ്ചു, അക്ഷരചണൻ. |
| അച്ചടിക്കാരൻ | അച്ചടിക്കുന്നവൻ |
| അഞ്ചനക്കാരൻ | മഷി നോക്കുന്നവൻ (മഷി നോട്ടക്കാരൻ) |
| അണ്ടത്തി | കടത്തുകാരി |
| അധികരണി | 1. മേൽനോട്ടക്കാരൻ, സൂപ്രണ്ട് |
| അധിവക്താവ് | പക്ഷം പിടിച്ച വാദിക്കുന്നവൻ, അഭിഭാഷകൻ, വക്കീൽ |
| അമ്പട്ടൻ | |
| ഈക്ഷണിക | കൈനോട്ടക്കാരി. പര്യാ– വിപ്രശ്നിക, ദൈവജ്ഞ |
| ഈറ്റുകാരി | പേറെടുക്കുന്നവൾ, വയറ്റാട്ടി |
| ഉപ്പാട്ടി | പരിചാരിക |
| ചാട്ടുകാരൻ | വണ്ടിക്കാരൻ |
| ചായക്കാരൻ | ചായം പൂശുന്നവൻ |
| രജകി | അലക്കുകാരി |

ആർജ്ജിതതൊഴിലുകളിലും ലിംഗഭേദം പ്രകടമാണെന്ന് തൊഴിൽ സൂചക കോശിമങ്ങളുടെ വിശകലനത്തിൽ വ്യക്തമാണ്. പരിചരണം പോലുള്ള

തൊഴിലുകൾ സ്ത്രീകേന്ദ്രിതവും അറിവും അധികാരവും സൂചിപ്പിക്കുന്നവ പുരുഷനിലേക്കും കേന്ദ്രീകരിച്ചിരിക്കുന്നു. തൊഴിൽപരമായ സ്ത്രീ പുരുഷ ഇടത്തെയാണിത് വ്യക്തമാക്കുന്നത് (വിശദീകരണം: 4.6).

**5.4. വിടവുപദങ്ങൾ (പദവിടവുകൾ – Lexical gap)**

ഒരു ആശയത്തെ സൂചിപ്പിക്കുവാൻ ഒരു ഭാഷയിൽ പദം ഉണ്ടാവുകയും മറ്റൊരു ഭാഷയിൽ പദം ഇല്ലാതിരിക്കുകയും ചെയ്യുന്നതിനെ പദവിടവായി കണക്കാക്കാം (https://www.daytranslations.com/blog/lexical-english-language/). അതായത് ഭാഷാപ്രയോഗത്തിൽ പദതലത്തിൽ കാണപ്പെടുന്ന വിടവുകളെയാണ് പദവിടവുകൾ അഥവാ വിടവുപദങ്ങൾ എന്നു പറയുന്നത്. ഇത് രണ്ടു തരത്തിൽ സംഭവിക്കാം.

**5.4.1. ക്രമീകൃത വിടവുകൾ ( systematic gaps )**

**5.4.2. ആകസ്മിക വിടവുകൾ ( accidental gaps )**

പദരൂപീകരണം ( word formation ) സംബന്ധിച്ച് ഓരോ ഭാഷയ്ക്കും വ്യക്ത മായ നിയമങ്ങൾ ഉണ്ട്. ആ നിയമങ്ങൾക്ക് അനുസൃതമല്ലാതെ രൂപം കൊള്ളുന്ന പദങ്ങൾ നിലനിൽപ്പില്ലാതെ പോകുന്നുവെങ്കിൽ അതിനെ ക്രമീകൃത വിടവുകൾ (systematic gaps) എന്നു പറയാം. ഉദാഹരണത്തിന്, ഇംഗ്ലീഷ് ഭാഷയെ സംബന്ധിച്ച് സ്വരവും വ്യഞ്ജനവും ചേർന്നിട്ടാണ് പദമുണ്ടാകുന്നത്. അതുകൊണ്ടു തന്നെ 'pfnk' എന്ന പദത്തിന് നിലനിൽപ്പില്ലാതാവുന്നു. കാരണം സ്വരങ്ങൾ ചേരാത്തതുകൊണ്ടു തന്നെ പദരൂപീകരണ നിയമങ്ങളെ അതു പാലിക്കുന്നില്ല. മലയാളത്തിൽ ആണെങ്കിൽ ചില്ലക്ഷരത്തിൽ ഒരു പദം തുടങ്ങാറില്ല. ആദ്യമേ ചിട്ട പ്പെടുത്തിവച്ച നിയമങ്ങളാൽ ഉണ്ടാകുന്ന ഇത്തരം വിടവുകളെയാണ് ക്രമീകൃത വിടവുകൾ ആയി കണക്കാക്കുന്നത്.

ഭാഷയിൽ ചില പദങ്ങൾക്ക് സമാനമായ എതിർപ്പദം ഇല്ലാതിരുക്കുകയോ മറ്റെന്തെങ്കിലും കാരണത്താൽ നിലനിൽപ്പില്ലാതാവുകയോ മൂലം ഉണ്ടാകുന്ന വിടവു കളെയാണ് ആകസ്മിക വിടവുകൾ ( Accidental gaps ) എന്നു പറയുന്നത്. അവ മൂന്നു തരത്തിൽ സംഭവിക്കാം.

### 5.4.2.1. സ്വനപരമായ വിടവുകൾ

പദത്തിന്റെ ആദ്യത്തിലോ അന്ത്യത്തിലോ സർവ്വസാധാരണ ഉപയോഗിക്കാവുന്ന വ്യഞ്ജനങ്ങൾ അവ തമ്മിൽ ചേർന്ന് ഒരു പദമാകുമ്പോൾ നിലനിൽപ്പില്ലാതെ വരുന്നു. ഉദാ– ഇംഗ്ലീഷിലെ /spr/– spray, spring, sprain...., /ck/ –chick, pick, sick.. ഇത് സാധ്യതയുള്ള പദങ്ങളാണ്. അതേസമയം sprick എന്നത് സാധ്യമല്ല. പദരൂപീകരണനിയമവുമായി യോജിച്ചു പോകുമ്പോഴും നിലനിൽപ്പില്ലാത്ത പദമായാണ് ഇവ നിലകൊള്ളുന്നത്.

### 5.4.2.2. രൂപിമതലം

രൂപിമപരമായ നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വിടവുകൾ പ്രത്യക്ഷപ്പെടുന്നതെങ്കിൽ അവയെ രൂപിമതല പദവിടവുകളുടെ ഗണത്തിൽ ഉൾ പ്പെടുത്താം. ഇംഗ്ലീഷിൽ പിൻപ്രത്യയങ്ങൾ (affix) ആയ tion, al എന്നിവ ക്രിയാ നാമത്തിൽ വരുമ്പോൾ സംഭവിക്കുന്ന വിടവുകളെ പരിശോധിക്കാം.

5.4.2.2. പട്ടിക (21). രൂപിമതല വിടവുപദങ്ങൾ

| Word | Tion | Al |
|---|---|---|
| Recite | Recitation | recital |
| Educate | Education | |
| Arrive | | Arrival |

| | | |
|---|---|---|
| Derive | Derivation | Deprival |
| Propose | Proposition | Proposal |

മേൽസൂചിപ്പിച്ച ഉദാഹരണങ്ങളിൽ നൽകിയിട്ടുള്ള പിൻപ്രത്യയങ്ങൾ രണ്ടും എല്ലാ ക്രിയാപദത്തോടും ഒരുപോലെ ചേരുന്നില്ല. ‘educate’ എന്നതിനോട് tion മാത്രമേ ചേരുന്നുള്ളൂ. അതേസമയം ‘educatal’ എന്ന ഒരു പദം നിർമ്മിക്കാൻ കഴിയുമെങ്കിലും അതിന് നിലനിൽക്കാൻ കഴിയില്ല. രൂപപരമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യമാവുന്ന എത്ര പദം വേണമെങ്കിലും നിർമ്മിക്കാം. പക്ഷേ അർഥപരമായ വ്യത്യാസം വരുന്നതുകൊണ്ട് അവയ്ക്ക് നിലനിൽക്കാനാവില്ല. പര്യായങ്ങൾ അവിടെ പ്രവർത്തിക്കാം. ഉദാ– ‘stealer’ എന്ന വാക്കിനേക്കാൾ ‘thief’ എന്ന പദമാണ് കൂടുതൽ ഉപയോഗിക്കുന്നത്. സംയുക്തപദങ്ങളിൽ ‘scene thief’ നെക്കാൾ ശബ്ദഭംഗി ‘scene stealer’ ആയതിനാൽ അതുപയോഗിക്കുന്നു. അത്തരത്തിൽ സംഭവിക്കുന്ന വിടവുകളെയെല്ലാം രൂപിമപരമായവിടവുകളായി കണക്കാക്കാം.

### 5.4.2.3. അർഥതലം

ഒരു നിർദ്ദിഷ്ട പദത്തിന് അർഥവ്യത്യാസം കാണാനാകുമെങ്കിലും പദാവലിയിൽ അതു കാണാതിരിക്കുന്നതിനെ ആർഥികതലത്തിലുള്ള പദവിടവായി കാണാം. ഇംഗ്ലീഷിൽ ബന്ധസൂചകപദങ്ങളെ പരിശോധിക്കുമ്പോൾ അത് ബോധ്യപ്പെടുന്നു.

5.4.2.3. പട്ടിക (22) അർഥതല വിടവുപദങ്ങൾ

| **Male** | **Female** | **Neuter** |
|---|---|---|
| Father | Mother | Parent |
| Son | Daughter | Child |

| | | |
|---|---|---|
| Brother | Sister | Sibling |
| Uncle | Aunt | – |
| Nephew | Niece | – |
| – | – | Cousin |

ഇംഗ്ലീഷ് സന്ദർഭത്തിൽ മാതാപിതാക്കളുടെ സഹോദരങ്ങളുടെ മക്കളെ പ്രത്യേകം കുറിക്കുവാനോ സഹോദരങ്ങളെ പൊതുവെ കുറിക്കുവാനോ വാക്കുകൾ ഇല്ല. ഇത്തരത്തിലാണ് പദവിടവുകൾ പ്രത്യക്ഷമാകുന്നത്. അത് പെട്ടെന്ന് തിരിച്ചറിയുക പ്രയാസമാണ്.പലപ്പോഴും വിവർത്തന ഘട്ടത്തിലാണ് വിടവുകൾ തിരിച്ചറിയുന്നത്.

പദവിടവുകൾ യാദൃശ്ചികമായി മാത്രം സംഭവിക്കുന്ന ഒന്നല്ല. പദവിടവുകൾക്കകത്തെ ലിംഗമൂല്യത്തെ കൂടി പരിഗണിക്കുമ്പോഴാണത് വ്യക്തമാകുന്നത്. മലയാളത്തിന്റെ സന്ദർഭത്തിൽ പരിശോധിക്കുമ്പോൾ കാണാനാകുന്നത് ചില പദങ്ങൾക്ക് സമാനമായ സ്ത്രീലിംഗരൂപമോ, പുല്ലിംഗരൂപമോ ഇല്ലായെന്നതാണ്. ഒരു ലിംഗത്തെ മാത്രം കേന്ദ്രീകരിക്കുന്ന അത്തരം പദങ്ങളെ വിടവു പദങ്ങളായ് കണക്കാക്കാം. മാത്രമല്ല വിടവുപദങ്ങളിലെ ലിംഗഭേദത്തെ നിലനിർത്താനുള്ള ശ്രമം നിഘണ്ടുക്കളിലും പ്രകടമാണ്. സമാനമായ പദങ്ങൾ ഉണ്ടെന്നിരിക്കെ അവയെ അടയാളപ്പെടുത്താതെ നിശബ്ദമാക്കാനുള്ള ശ്രമങ്ങളും നിഘണ്ടുവിൽ കാണാം. അതായത് നിഘണ്ടുകേന്ദ്രിതമായി പദവിടവുകളെ നിരീക്ഷിക്കുമ്പോൾ മനസ്സിലാകുന്നത് രണ്ടു കാര്യങ്ങളാണ്. പദവിടവുകൾ സാമൂഹ്യമായി നിർമ്മിക്കപ്പെടുകയും അതിൽ കൃത്യമായ ലിംഗവിവേചനം പ്രകടമാവുകയും ചെയ്യുന്നു. സാമൂഹ്യമായ ലിംഗാധികാരം പദവിടവുകളെ നിർണയിക്കുന്നു. എതിർപദങ്ങൾ ഉണ്ടെങ്കിലും രേഖപ്പെടുത്താതിരിക്കുകയും ഒരു ലിംഗത്തിലേക്ക് മാത്രം കേന്ദ്രീകരിച്ച് പൊതുവത്കരിക്കാനുള്ള ശ്രമവും നിഘണ്ടുവിൽ കാണുന്നു.

സ്ത്രീപക്ഷചിന്താപദ്ധതിയുടെ ഇടപെടൽ ഭാഷാമേഖലയിലേക്ക് തിരിഞ്ഞതിന്റെ ഫലമായി നിലനിൽക്കുന്ന ഭാഷയിലെ അല്ലെങ്കിൽ വിനിമയം ചെയ്യപ്പെടുന്ന ഭാഷയിലെ ലിംഗപരമായ അതിർവരമ്പുകളും പുനരാരാലോചനയ്ക്കു വിധേയമായി. വാക്യഘടനയിലും പദതലത്തിലുമാണ് ആദ്യം ശ്രദ്ധ ചെലുത്തുന്നത്. പദതലത്തിൽ നടന്ന നിരീക്ഷണങ്ങളായിരുന്നു ചില പദങ്ങളുടെ എതിർലിംഗത്തിന്റെ അഭാവത്തെ സംബന്ധിച്ചുള്ളവ. മലയാളത്തിന്റെ പരിസരത്തിൽ പരിശോധിക്കുകയാണെങ്കിൽ അത് പ്രധാനമായും 'കന്യക', 'കന്യകാത്വം', 'ചാരിത്രശുദ്ധി', 'പതിവ്രത', 'വേശ്യ' തുടങ്ങിയ പദങ്ങളുടെ ലിംഗമൂല്യത്തെ സംബന്ധിച്ചുള്ള ചർച്ചകളിലാണ് ഊന്നിയത്. ഈ പദങ്ങൾക്കൊന്നും എതിർലിംഗപദങ്ങൾ ഇല്ല എന്നു മാത്രമല്ല ഇതെല്ലാം സ്ത്രീയുടെ നേർക്കാണ് ഉപയോഗിക്കുന്നതും. എതിർലിംഗപദങ്ങൾ ഇല്ലാത്തതല്ല വിനിമയം ചെയ്യപ്പെടാത്തതു വഴി നിശബ്ദമാക്കപ്പെടുകയാണ് ചെയ്യുന്നത്. 'ആൺവേശ്യ' എന്ന പദം ഉണ്ടെന്നിരിക്കെ, ആൺ എന്ന പൂർവപദം ചേർക്കുമ്പോൾ മാത്രമാണത് ആണിലേക്ക് തിരിയുന്നത്. 'വേശ്യ' എന്ന ഒരൊറ്റ പദമായി നിൽക്കുമ്പോഴത് പെണ്ണിലേക്കാണ് ചേർന്നു നിൽക്കുന്നത്. ഇത്തരത്തിൽ തന്നെയാണ് 'കന്യക' എന്ന പദത്തെയും പുരുഷാധിപത്യസമൂഹം വിനിമയം ചെയ്യുന്നത്. സാമൂഹികമായി നിർമ്മിച്ചെടുത്ത ചില സങ്കല്പനങ്ങളിലൂടെ സ്ത്രീയുടെ മേൽ പ്രവർത്തിക്കാനുള്ള പുരുഷന്റെ അധികാരമായാണ് മേൽ സൂചിപ്പിച്ച പദങ്ങൾ എല്ലാം നിൽക്കുന്നത്.

'കന്യക', 'വേശ്യ', 'പതിവ്രത' തുടങ്ങിയ പദങ്ങളിലെ വിടവുകളെ സംബന്ധിച്ച പരമ്പരാഗത ചർച്ചകളാണ് മലയാള സന്ദർഭത്തിൽ തുടർന്നു കൊണ്ടിരുന്നതെങ്കിലും പദവിടവുകൾ ഈ പദങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. നിഘണ്ടുക്കൾ അടയാളപ്പെടുത്തിവയ്ക്കുന്ന പദങ്ങളുടെ സൂക്ഷ്മവിശകലനത്തിലൂടെ ഇക്കാര്യം ബോധ്യപ്പെടും. **'അധിനാഥൻ'** (അധീശൻ, മേൽക്കോയ്മ, പ്രധാനി), **'അധിപൻ'** ( പ്രഭു, മുഖ്യൻ, മേലാധികാരി, ഉദ്യോഗസ്ഥൻ, രാജാവ്, ഉടയക്കാരൻ), **'അധിപുരുഷൻ'** (പരമാത്മാവ് ), **'അധിഭർത്താവ്'** (അധീശൻ, ഭരണാധികാരി),

'അധിവിന്ന' (വിവാഹാനന്തരം സപത്നീ ലാഭം ഉണ്ടായവൾ), 'അദ്ധ്യക്ഷൻ' (മേലാവ്, സഭാനാഥൻ, (ഭരണവകുപ്പിന്റെ തലവൻ) എന്നിങ്ങനെ എത്രയോ സന്ദർഭങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

'ജന്മി' (ജന്മാവകാശമുള്ളവൻ ഉദകപൂർവ്വം ദത്തമായ ഭൂമിയെ വാങ്ങുന്നവൻ, 2. സ്വന്തം വസ്തുവിനെ അല്പമായ അർത്ഥത്തിന്നായി കൊടുത്ത് ആണ്ടുതോറും മിച്ചവാരം വാങ്ങുന്നവൻ), 'കർത്താവ്' (പ്രഭു, ഇടപ്രഭു,നാഥൻ, സ്രഷ്ടാവ്, പുരോഹിതൻ), 'പുരുഷാരം' (ആൾക്കൂട്ടം) എന്നീ പദങ്ങൾക്കൊന്നും സമാനമായ സ്ത്രീലിംഗരൂപങ്ങൾ ഇല്ല. 'മേലാധികാരി', പ്രതിനിധി, പ്രമാണി, പ്രധാനി, കഥാകൃത്ത്, കഥാപുരുഷൻ തുടങ്ങിയ പദങ്ങളെല്ലാം നിഘണ്ടുതലത്തിൽ പരിശോധിക്കുമ്പോൾ പുല്ലിംഗകേന്ദ്രിതമാണ്. കരുത്തൻ, കരുത്തർ, ഓരോരുത്തൻ, ഓരോരുത്തർ, എന്നീ പദങ്ങൾക്ക സമാനമായ സ്ത്രീലിംഗസൂചക പദരൂപവും നിഘണ്ടുവിൽ ഇല്ല. വീരപത്നി, വീരപതി, വിധവ , മച്ചി എന്നിങ്ങനെ സ്ത്രീകേന്ദ്രിത പദങ്ങൾക്ക തുല്യമായ പുല്ലിംഗരൂപവും ഇല്ല. സാമൂഹികമായി നിലനിൽക്കുന്ന പദതലത്തിലെ ലിംഗവിടവുകളാണ് മേൽസൂചിപ്പിച്ചത്. എന്നാൽ സാമൂഹികമായി സ്ത്രീ- പും ലിംഗങ്ങളെ ഉൾക്കൊള്ളാവുന്ന പദങ്ങൾ ഉണ്ടായിട്ടും നിഘണ്ടു അടയാളപ്പെടുത്താതെ പോകുന്ന പ്രവണതയും കാണുന്നുണ്ട്. ചിന്തകൻ, ചരിത്രകാരൻ, ചരിത്രനായകൻ, ദർശകൻ, ഉടമസ്ഥൻ എന്നീ പദങ്ങളുടെ എതിർ ലിംഗപദങ്ങൾ നിഘണ്ടു രേഖപ്പെടുത്തിയിട്ടില്ല. അതേസമയം അവിവാഹിത, വിവാഹിത എന്നീ പദങ്ങളുടെ പുല്ലിംഗരൂപത്തെ നിശബ്ദമാക്കുകയും ചെയ്യുന്നു.

പൊതുനിഘണ്ടുവിനെ സംബന്ധിച്ച് എല്ലാ പദങ്ങളേയും രേഖപ്പെടുത്തി വയ്ക്കുക എന്നത് പ്രധാനമാണ്. അതിനു വിപരീതമായി പദങ്ങളുടെ തെരെഞ്ഞെടുപ്പിൽ കൃത്യമായ ലിംഗവിവേചനം സ്വീകരിക്കുന്നതായി കാണുന്നുണ്ട്. സാമൂഹികമായ അംഗീകാരവും ഉയർന്ന പദവിയും പുല്ലിംഗത്തിലേക്ക്

കേന്ദ്രീകരിക്കുകയും അതിനു നേർവിപരീതമായ സ്ഥാനം സ്ത്രീസൂചകപദങ്ങൾക്കു നൽകുകയും ചെയ്യുന്നു. പദവിടവുകളിൽ വ്യക്തമാവുന്നതും അതുതന്നെയാണ്.

### 5.5. പെണ്ണനുഭവങ്ങൾ

ശാരീരികവും സാമൂഹികവുമായ ഘടകങ്ങൾ പോലെ പെണ്ണിനെ നിർണ യിക്കുന്നതിൽ ജൈവികമായ ചില അനുഭവങ്ങളും മുഖ്യപങ്ക് വഹിക്കുന്നു. പ്രധാനപ്പെട്ട പെണ്ണനുഭവങ്ങളാണ് 'ആർത്തവം' (തീണ്ടാരി, സ്ത്രീരജസ്സ്, സ്ത്രീധർമ്മം, സ്ത്രീകൾക്കു മാസം തോറും പ്രവർത്തിക്കുന്ന രക്തം (ഋതുകാലത്ത് ഉണ്ടാകുന്നതിനാൽ), 'പ്രസവം' (1. പേറ് (ഗർഭമോചനം), 2. പൂവ്, തളിര്. 3. ഫലം, കായ്, ഉത്പാദനം, സന്തതി, ഒഴുക്ക്, ഉത്പത്തിസ്ഥാനം) എന്നിവ. അതുമായി ബന്ധപ്പെട്ട പദങ്ങളെ ശബ്ദതാരാവലി അടയാളപ്പെടുത്തുന്നത് ഇപ്രകാരമാണ്,–

5.5. പട്ടിക (23). പെണ്ണനുഭവങ്ങൾ– ആർത്തവം

| **പദം** | **അർഥം** |
|---|---|
| അവി | രജസ്വല– ശരീരം അശുദ്ധമാകയാൽ ഭൂതഗ്രഹാദികബാധയിൽ നിന്നും രക്ഷിക്കപ്പെടേണ്ടവൾ. |
| ആത്രേയി | രജസ്വല, തീണ്ടാരിയായിരിക്കുന്നവൾ (അനസൂയയെ പോലെ അഗമ്യയായവൾ)– ഋതുവായാൽ നാലു ദിവസം കഴിഞ്ഞേ ഗമിപ്പാൻ പാടുള്ളൂ. |
| ആർത്തവേയി | തീണ്ടാർന്നിരിക്കുന്നവൾ |
| ഉദക്യ | തീണ്ടായിരിക്കുന്നവൾ, (നാലു ദിവസം കുളിയെ അർഹിക്കുന്നവൾ എന്നർഥം |

| | |
|---|---|
| | ) |
| ഋതുമതി | തീണ്ടാരിയായിരിക്കുന്നവൾ, ഋതുവായ കന്യക. (രാജദർശനത്തിനു ശേഷം) ഗർഭാധാനത്തിനു യോഗ്യയായ സ്ത്രീ |
| ഋതുസ്നാത | ഋതുധർമ്മം പ്രാപിച്ചു കുളിച്ചവൾ, തീണ്ടാരി കഴിഞ്ഞു കുളിച്ചവൾ |
| തീണ്ടായിരിക്കുന്നവൾ | അവി, ആത്രേയി, ഉദക്യ, ഋതുമതി, പുഷ്പവതി, മലിനി, രജസ്വല, സ്ത്രീധർമ്മിണി. തീണ്ടാരി മാറിയവൾ– നിഷ്കള, വിഗതാർത്തവ. തിരളാത്തവൾ– അനാഗതാർത്തവ. (തീണ്ടാരി– സ്ത്രീകൾക്കു മാസം തോറും ഉണ്ടാകുന്ന ഋതുകാലം. സ്ത്രീകുസുമം, സ്ത്രീകൾക്കുള്ള അശുദ്ധി, വിലക്കം, മാസക്കുളി). |
| പുഷ്പവതി | ഋതുമതി (പുഷ്പം, രജസ്സ് ഉള്ളവൾ) |
| ഫലിതാ | തീണ്ടാർന്ന സ്ത്രീ |
| മലിനി | തീണ്ടാരിയായിരിക്കുന്നവൾ (ശരീരം മലിനപ്പെട്ടിരിക്കുന്നവൾ). 2. കറുത്തവൾ. |
| രജകി | 1. അലക്കുകാരി, വെളുത്തേടത്തി. 2. തീണ്ടാരി മൂന്നായവൾ |
| രജസ്വലാ | തീണ്ടായിരിക്കുന്നവൾ, വിവാഹയോഗ്യയായവൾ |

| | |
|---|---|
| സ്ത്രീധർമ്മിണി | തീണ്ടാരിയായിരിക്കുന്നവൾ<br>(സ്ത്രീധർമ്മത്തോടു കൂടിയവൾ) |
| നിഷ്കളാ | തീണ്ടാരി മാറിയവൾ |
| വിഗതാർത്തവ | തീണ്ടാരി മാറിയവൾ |
| വികലി | 1. തീണ്ടാരി മാറിയവൾ, വൃദ്ധ<br>2. തീണ്ടാർന്നവൾ |

ആർത്തവം എന്ന അനുഭവത്തിലൂന്നി സ്ത്രീയെ വിവരിക്കുന്ന പദങ്ങളാണ് മേൽസൂചിപ്പിച്ചത്. ആർത്തവത്തെ അശുദ്ധിയായി കാണുന്നതിനോടൊപ്പം സ്ത്രീധർമ്മത്തിൽ പ്രധാനപ്പെട്ട ഒന്നായും അടയാളപ്പെടുത്തുന്നു. വിവാഹം, ദാമ്പത്യം തുടങ്ങിയ സാമൂഹ്യസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയും നിർണയിക്കുന്നു. തീണ്ടാർന്നവൾ, രജസ്വല, ഋതുമതി എന്നിങ്ങനെയാണ് പൊതുവെ ആർത്തവ മതികളായ സ്ത്രീകളെ പറയുന്നത്. രജസ്വല എന്ന പദം ജാതീയമായി ഉയർന്ന ശ്രേണിയിലുള്ള സ്ത്രീകളേയും തീണ്ടാർന്നവൾ താഴ്ന്ന ജാതിയിൽ ഉൾപ്പെടുന്ന സ്ത്രീകളേയും കുറിക്കാൻ ഉപയോഗിക്കുന്നു. സവർണമനോഭാവ മൂല്യങ്ങൾ ഇത്തരം പദവിനിമയത്തിലെല്ലാം പ്രവർത്തിക്കുന്നുവെന്ന് പദവിശകലനത്തിൽ തെളിയുന്നു.

ആർത്തവം എന്ന അവസ്ഥയെ വിവാഹവുമായി ബന്ധിപ്പിക്കുന്നതു തന്നെ പ്രസവം എന്ന അനുഭവത്തിലേക്കാണ് എത്തിച്ചേരുന്നത്. അതുമായി ബന്ധപ്പെട്ട സ്ത്രീകളെ പ്രതിനിധീകരിക്കുന്ന പദങ്ങൾ നിഘണ്ടുവിൽ പ്രത്യക്ഷപ്പെടുന്നത് ഇപ്രകാരമാണ്.

5.5. പട്ടിക (24). പെണ്ണനുഭവങ്ങൾ– പ്രസവം

| **പദം** | **അർഥം** |
|---|---|
| അപ്രജാത | സന്താനമില്ലാത്തവൾ |

| | |
|---|---|
| അപ്രസൂത | കുഞ്ഞില്ലാത്തവൾ, മച്ചി |
| പ്രസു | 1. അമ്മ (പ്രസവിച്ചവൾ) |
| പ്രസുത | അപ്പോൾ പ്രസവിച്ചവൾ, പെറ്റിട്ടധികം നാളാത്തവൾ (പ്രസൂതിക) |
| പ്രസവന്തി | പ്രസവവേദന തുടങ്ങിയവൾ |
| പ്രസവിത്രി | മാതാവ് |
| ബകി | വന്ധ്യകളിൽ ഒരുവൾ |
| മലടി | പ്രസവിക്കാത്തവൾ, മച്ചി, വന്ധ്യ. മലടിക്കറിയുമോ പേറ്റുനോവിന്റവസ്ഥ. |
| മച്ചി | പ്രസവിക്കാത്തവൾ |
| വന്ധ്യാ | 1. മച്ചി, മലടി (ഫലമില്ലാത്ത, കായ്ക്കാത്ത). 2. കാട്ടുപാവൽ |
| നിഷ്ഫലാ | വന്ധ്യ, പ്രസവിക്കാനുള്ള പ്രായം കഴിഞ്ഞവൾ |
| പെറ്റമ്മ, പെറ്റവർ | പ്രസവിച്ചവൾ, അമ്മ |
| ചിരസൂത, ചിരസൂതിക | പെറ്റുപലനാൾ കഴിഞ്ഞവൾ |
| പെറ്റോർ | പ്രസവിച്ചവർ, അമ്മമാർ |
| കവരസ്ത്രീ, കാകവന്ധ്യാ | ആദ്യമായി ഗർഭം ധരിച്ചവൾ |

'പ്രസവം', 'പെറുക' എന്ന ക്രിയ പെണ്ണുമായി ബന്ധപ്പെട്ട അനുഭവമായാണ് പൊതുവെ കണക്കാക്കുന്നത്. അതുകൊണ്ട് അത്തരം പദങ്ങളേയും പെൺ പ്രതിനിധാന പദങ്ങളായി കണക്കാക്കാം. 'അമ്മ' എന്ന സങ്കല്പവുമായാണ് പ്രസവം ബന്ധപ്പെടുത്തുന്നത്. 'പെറ്റവൾ' എന്നാൽ അമ്മയെന്നാവുന്നു. അതേസമയം പ്രസവിക്കാത്തവളെ കുറിക്കാൻ 'മച്ചി', 'മലടി', 'വന്ധ്യ' എന്നീ

പദപ്രയോഗങ്ങളും നിലവിൽ ഉണ്ട്. അവിടെയാണതിന്റെ സാമൂഹ്യസ്വഭാവം പ്രകടമാകുന്നത്. അമ്മ എന്നതിലൂടെ പെറ്റവൾക്ക് ഗുണപരമായ സ്ഥാനം നൽകുന്നു. എന്നാൽ 'മച്ചി', 'മലടി' തുടങ്ങിയ പദങ്ങളിലൂടെ പെണ്ണിനെ അവമതിക്കാനും ശ്രമിക്കുന്നു.

### 5.6. വളർച്ചാഘട്ടം

ഒരു കുഞ്ഞിന്റെ ജനനം മുതൽ വാർദ്ധക്യം വരെയുള്ള കാലചക്രത്തെയാണ് വളർച്ചാഘട്ടത്തിൽ അടയാളപ്പെടുത്തുന്നത്. ഓരോ ഘട്ടത്തിലും പെണ്ണിനെ എങ്ങനെയാണ് സമൂഹം ഉൾക്കൊണ്ടതെന്ന് നിഘണ്ടുവിൽ രേഖപ്പെടുത്തിയിരിക്കുന്ന പദ- അർഥ സമീപനങ്ങളിലൂടെ വിശദീകരിക്കുന്നു. സ്ത്രീ സംബന്ധപദങ്ങളെ പ്രത്യേകമായി എടുക്കുകയും പുല്ലിംഗസൂചകപദങ്ങളുമായി താരതമ്യവിശകലനം നടത്തുകയും ചെയ്യുന്നു.

5.6. പട്ടിക (25). വളർച്ചാഘട്ടം

| **പദം** | **അർഥം** |
|---|---|
| അളകനന്ദ | എട്ടിനും പത്തിനും ഇടയ്ക്കു വയസ്സു പ്രായമുള്ള പെൺകുട്ടി |
| കനി | പെൺകുട്ടി |
| കന്യ (ക) | 1. പത്തുവയസ്സുള്ള പെൺകുട്ടി, വിവാഹം കഴിച്ചിട്ടില്ലാത്തവൾ (ശോഭയുള്ളവൾ, ആഗ്രഹിക്കപ്പെടുന്നവൾ) |
| കാവ് (2) | 1.കുഞ്ഞ്, കുട്ടി. 2. ബ്രാഹ്മണകന്യക, (പെൺ) കിടാവ്. |
| കാഹലി | യുവതി, തരുണി |

| | |
|---|---|
| തനുസഞ്ചാരിണി | (പത്തു വയസ്സുള്ള) കന്യക, യുവതി |
| തരുണാ | 16 വയസ്സിനു മേൽ 30 വയസ്സിനകം പ്രായമുള്ളവൾ. |
| തരുണി | 1. യൌവനമുള്ളവൾ. 2. 16 വയസ്സിനു മേൽ 30 വയസ്സിനകം പ്രായമുള്ളവൾ . 3. സുന്ദരി |
| പെൺ | 1.പെണ്ണ്, സ്ത്രീ. 2. ദാസി. 3. കന്യക. 4. വധു, ഭാര്യ, 5. സഹോദരി. |
| പെൺകിടാവ്, പെൺകുട്ടി | പെൺകുഞ്ഞ് ( കന്യക ) |
| പ്രമദാ | സ്ത്രീ, യുവതി (പ്രബലമായ കാമവേഗത്തോടു കൂടിയവൾ) |
| പ്രൌഢാ | മുപ്പതിനും അമ്പതിനും ഇടയിലുള്ളവൾ. മദ്ധ്യവയസ്ക (ലജ്ജയോ ഭീരുത്വമോ ഇല്ലാത്തവൾ) |
| ബാലാ | 16 വയസ്സിനു താഴെയുള്ളവൾ |
| ബാലിക | പെൺകുട്ടി |
| മങ്ക | 1.സ്ത്രീ ( 15– 18 വയസുള്ളവൾ) |
| മടന്ത | യുവതി (18– 24 വയസ്സുള്ളവൾ, മടമയോടു (അരിവെയ്പ്)കൂടിയവൾ – സ്ത്രീഗുണങ്ങളിൽ പ്രധാനം) |
| യുവതി | 1. യൌവനയുക്തയായ സ്ത്രീ, (16–40 വയസ്സിനിടയിലുള്ളവൾ (പുരുഷനോടു കൂടിചേരുന്നവൾ) |
| രോഹിണി | ഒമ്പത് വയസുള്ളവൾ |

| | |
|---|---|
| വൃദ്ധാ | പ്രായംചെന്നവൾ, മുതുക്കി, നരച്ചവൾ. സ്ത്രീസന്താനം |

പെണ്ണിന്റെ വളർച്ചാഘട്ടവുമായി ബന്ധപ്പെട്ട പദങ്ങളെയാണ് പട്ടിക (25) ൽ ചേർത്തിരിക്കുന്നത്. പ്രായം എന്ന ഘടകത്തെ ആസ്പദമാക്കി പെണ്ണിനെ വിവരിക്കുന്നു. ഏത് പ്രായത്തിൽ ഉൾപ്പെടുന്നവരേയും പെണ്ണ് എന്ന പദത്തിൽ സംബോധന ചെയ്യാമെങ്കിലും സ്ത്രീ എന്ന പദം പ്രായത്തിന്റേതായ പരിമിതികൾ ഉൾക്കൊള്ളുന്നുണ്ട്. പെൺ വിഭാഗത്തിൽ ഉൾപ്പെടുന്ന മുതിർന്നവരെ മാത്രമേ സ്ത്രീ എന്നു പറയാറുള്ളൂ. അതുപോലെ പെണ്ണിന്റെ പ്രായത്തിനനുസരിച്ച് ഓരോ ഘട്ടത്തിലും സൂചിപ്പിക്കുന്ന പദങ്ങളുണ്ട്. പെൺകുഞ്ഞ് മുതൽ വൃദ്ധവരെ ഉൾപ്പെടുന്നതാണിത്. പട്ടിക (25) പ്രകാരം പരിശോധിക്കുമ്പോൾ പെൺകുഞ്ഞ് എന്നതിനോടൊപ്പം വളർന്നുവരുന്ന ഒരു സങ്കല്പമാണ് കന്യക എന്നു കാണാം. 'കന്യക' പത്തു വയസ്സുള്ള പെൺകുട്ടിയാണ്. അതോടൊപ്പം വിവാഹം കഴിച്ചിട്ടില്ലാത്തവളെന്നും ആഗ്രഹിക്കപ്പെടുന്നവളാണെന്നും സൂചിപ്പിക്കുന്നു. 15 മുതൽ 18 വയസ്സുവരെയുള്ള പെണ്ണിനെ മങ്ക അഥവാ സ്ത്രീ ആയി പരിഗണിക്കുന്നു. അതായത് പ്രായപൂർത്തി എന്ന സങ്കല്പത്തിൽ എത്തുന്നതോടെ പെണ്ണ് സ്ത്രീയായി മാറുന്നു. 18 മുതൽ 24 വയസ്സ വരെ മടന്ത അഥവാ യുവതിയുടെ ആദ്യതലത്തിൽ എത്തുന്നു. അരി വയ്പോട്ടു കൂടിയവൾ എന്നതിലൂടെ പാചകം അറിയുന്നവൾ ആയി മാറുന്നു. സ്ത്രീ ഗുണങ്ങളിൽ പ്രധാനമായി പറയുന്നതും അരി വയ്ക്കാൻ അറിയുക എന്നതാണ്. യുവതിയെ തന്നെ 16 മുതൽ 40 വയസ്സുവരെയും ഉൾക്കൊള്ളുന്നു. പുരുഷനോടു കൂടിചേരുന്നവളായാണ് ഈ ഘട്ടത്തെ വിശേഷിപ്പിക്കുന്നത്. 16 മുതൽ 30 വയസ്സ വരെ തരുണി അഥവാ സുന്ദരിയായും കാണുന്നു. മദ്ധ്യവയസ്കയിൽ (30 നും 50 നും ഇടയിൽ തന്നെ) ആണ് ലജ്ജയോ ഭീരുത്വമോ ഇല്ലാത്തവളായി പെണ്ണിനെ കാണുന്നത്. മറ്റു ഘട്ടങ്ങളിലെല്ലാം ലജ്ജയും ഭീരുത്വവും

പെണ്ണിനോടൊപ്പം ഉണ്ടെന്ന ധ്വനിയും ഈ പദങ്ങൾ നൽകുന്നു. പ്രായം വർദ്ധിച്ച ഘട്ടത്തെ വൃദ്ധയായോ മുതുക്കിയായോ കാണുന്നു.

പെണ്ണിന്റെ പ്രായത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പദവിവരണത്തിലെ ലിംഗവിവേചനത്തെ തിരിച്ചറിയുന്നത് പ്രധാനമായും എതിർലിംഗ പദത്തിനു നൽകുന്ന വിവരണത്തിലാണ്. ആൺകുട്ടി (ആൺപിള്ള, മിടുക്കൻ), ബാലൻ (1. ആൺകുട്ടി, 16 വയസ്സിനു താഴെയുള്ളവൻ, പയ്യൻ (ഇളകുന്നവൻ എന്നർഥം), (12 വയസ്സു വരെയുള്ള ബാലന്മാരുടെ പ്രവൃത്തിക്കു ദോഷമില്ല), മാണവകൻ (8 മുതൽ 16 വയസ്സു വരെയുള്ളവൻ) (മനുവിന്റെ ചെറിയ അപത്യം എന്നർഥം), തരുണൻ (യൌവനയുക്തൻ, (ദുസ്തരമായുള്ളതിനെ തരണം ചെയ്യുന്നവൻ, ദുഷ്കരമായ കാര്യങ്ങളെ കൂടി സാധിക്കുന്നവൻ എന്നർഥം), യുവാവ് (യൌവനയുക്തൻ, 16 വയസ്സ് കഴിഞ്ഞവൻ, സ്ത്രീകളോടു കൂടി ചേരുന്നവൻ), വൃദ്ധൻ (1. വയസ്സൻ, എഴുപതിലധികം വയസ്സു ചെന്നവൻ, മുതുക്കൻ. പര്യാ- വയോധികൻ, പ്രവയസ്സ്, സ്ഥവിരൻ, ജിനൻ, ജീർണൻ, ജരി, ജാരൻ. 2. ജ്ഞാനി. 3. അഭിവന്ദ്യൻ. 4. പുരുഷസന്താനം) എന്നിങ്ങനെയാണ് പ്രായത്തെ അടിസ്ഥാനപ്പെടുത്തി ആണിനെ സൂചിപ്പിക്കുന്ന പദങ്ങൾ. സ്ത്രീ- പും ലിംഗ സൂചക പദങ്ങൾ താരതമ്യം ചെയ്യുമ്പോൾ കാണാനാവുന്നത് വ്യത്യസ്തതരത്തിലുള്ള വിവരണങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ആൺകുട്ടിയെ മിടുക്കനാക്കുക മാത്രമല്ല 12 വയസ്സു വരെ ചെയ്യുന്ന പ്രവൃത്തികൾക്കു ദോഷമില്ല എന്നാണ്. അതേ പ്രായത്തിലുള്ള പെൺകുട്ടിയെ സംബന്ധിച്ച് കന്യക എന്ന സങ്കല്പത്തിലാണ് വിവരിക്കുന്നത്. യുവതിയെ അരിവയ്ക്കുവാനും പുരുഷനോടു ചേരാനുമുള്ള പ്രായമായി കാണുമ്പോൾ യുവാവിനെ ദുഷ്കരമായ കാര്യങ്ങൾ കൂടി ചെയ്യാനാവുന്നവൻ എന്ന വിശേഷാർഥം നൽകുന്നു. വൃദ്ധയെ ശാരീരികസവിശേഷതകളിൽ ഊന്നി വിവരിക്കുമ്പോൾ വൃദ്ധനെ ബൌദ്ധികമായ തലത്തിൽ നിന്നുകൊണ്ട് ജ്ഞാനി എന്ന വിശേഷസ്ഥാനം നൽകുന്നു. ഇത്തരത്തിൽ ഓരോ ഇടങ്ങളിലും സ്ത്രീകളെക്കാൾ

ഉയർന്ന സ്ഥാനം പുരുഷനു നൽകുന്നു. ലിംഗഭേദം ഭാഷാഘടകങ്ങളിൽ വലിയ തോതിൽ പ്രവർത്തിക്കുന്നുണ്ടെന്നാണിത് വ്യക്തമാക്കുന്നത്.

## 5.7. സങ്കല്പനങ്ങളും സ്ത്രീകളും

സ്ത്രീയുടെ ഇടത്തെയോ പദവിയെയോ നിർണയിക്കപ്പെടുന്നത് പലപ്പോഴും സാമൂഹികമായി നിർമ്മിച്ചെടുത്ത ചില സങ്കല്പനങ്ങളുടെയോ മൂല്യങ്ങളുടെയോ ഒക്കെ അടിസ്ഥാനത്തിലാണ്. ഇങ്ങനെ നിർമ്മിച്ചെടുക്കുന്ന സങ്കല്പനങ്ങൾ സ്ത്രീ യുടെയും പുരുഷന്റെയും സാമൂഹ്യപദവിയെ നിർണയിക്കുന്നു. സ്ത്രീക്ക് ചില പ്രത്യേക ചുമതലകളോ വിലക്കുകളോ ഏർപ്പെടുത്തുകയും ഇത്തരം വിലക്കുകളിൽ നിന്നും ചുമതലകളിൽ നിന്നും പുരുഷനെ മാറ്റിനിറുത്തുകയും ചെയ്യുന്നു. ഇങ്ങനെ ലിംഗപരമായ വിവേചനസ്വഭാവം പല തലങ്ങളിലായി നിലനിൽക്കുന്നു. സാമൂഹികമായ അധികാരമനോഭാവമാണ് ഇത്തരം സങ്കല്പനങ്ങളിലും അത് പ്രതിനിധാനം ചെയ്യുന്ന പദങ്ങളിലും തെളിയുന്നത്. 'അടുക്കള', 'അങ്ങാടി', 'കന്യക', 'പതിവ്രത', 'വിവാഹിത' തുടങ്ങിയ പദങ്ങളിലൂടെയും അതുത്പാദിപ്പിക്കുന്ന ആശയങ്ങളിലൂടെയും എങ്ങനെയാണ് സ്ത്രീ പ്രതിനിധാനങ്ങളെ നിർമ്മിക്കുന്നത് എന്നും അതെങ്ങനെ അവരുടെ സാമൂഹ്യപദവി നിർണയിക്കുന്നതെന്നും പദവിശകലനത്തിലൂടെ കണ്ടെത്താൻ കഴിയുന്നു.

### 5.7.1. അകം/പുറം– അങ്ങാടി/ അടുക്കള

സ്ത്രീയുടെ ഇടത്തെ 'അകം' / 'പുറം' എന്ന സങ്കല്പവുമായി ബന്ധപ്പെടുത്തി നിശ്ചയിക്കുന്നതായി പദതലത്തിൽ കാണാൻ കഴിയും. അകം പുറം എന്നത് കൊണ്ട് അവർ നിലനിൽക്കുന്ന ഇടുങ്ങിയതോ വിശാലമായതോ ആയ ഇടങ്ങളെയാണ് ഉദ്ദേശിക്കുന്നത്. അകത്തെ ഉൾവലിഞ്ഞതോ ചുരുങ്ങിയതോ ആയ ഒരിടമായിട്ടാണ് കാണുന്നത്. പുറം അകത്തിനു നേർവിപരീതം എന്ന അർഥത്തിൽ വളരെ വിശാലമായ ഒരു ലോകമായിട്ടാണ് കാണുന്നത്. ഈയൊരു

സമീപനത്തിലൂന്നിയാണ് അകം പുറം സങ്കല്പത്തിലെ ലിംഗവിഭജനത്തെ അപഗ്രഥിക്കുന്നത്. അകം പുറം ദ്വന്ദ്വത്തിനു സമാനമായി 'അടുക്കള' , 'അങ്ങാടി' എന്ന ഗണത്തിൽ വരുന്ന പദങ്ങളെയാണ് ഉൾപ്പെടുത്തുന്നത്. 'അടുക്കള'യെ അകവുമായും 'അങ്ങാടി'യെ പുറവുമായും ബന്ധപ്പെടുത്തുന്നു.

5.7.1 പട്ടിക (26). അകം/പുറം– അടുക്കള

| **പദം** | **അർഥം** |
|---|---|
| അടുക്കള | 1. അരിയും കറിയും മറ്റും പാകം ചെയ്യുന്ന സ്ഥലം (മുറി). പാകശാല, മടപ്പള്ളി. പര്യാ– രസവതി, പാകസ്ഥാനം, മഹാനസം. 2. അടുക്കളക്കാരി, ഗൃഹിണി. അടുക്കള കാണുക– ഉള്ളുകള്ളി അറിയുക; വധുവിന്റെ മാതാവ് ആദ്യമായി അവളുടെ ഭർത്താവിന്റെ വീട്ടിൽ ചെല്ലുക. " അടുക്കളപ്പെണ്ണിന് അഴകെന്തിന്". അടുക്കളവെപ്പ്– അരിയും കറിയും പാകം ചെയ്യൽ. |

'അടുക്കള' എന്നതിന് നിഘണ്ടു നൽകുന്ന വിവരണമാണ് മേൽസൂചിപ്പിച്ചത്. 'അരിയും കറിയും പാകം ചെയ്യുന്ന സ്ഥലം' എന്ന മുഖ്യാർഥത്തിലൂടെ അടുക്കള എന്താണെന്ന വിശദീകരണം നൽകുന്നു. തുടർന്നു അടുക്കളയ്ക്ക് അടുക്കളക്കാരി ,

ഗൃഹിണി എന്നിങ്ങനെയുള്ള ലാക്ഷണികാർഥം നൽകുന്നു. അടുക്കളയുമായി ബന്ധപ്പെട്ട പ്രയോഗവിവരണത്തിലും പെണ്ണുമായി ബന്ധപ്പെട്ട സൂചനയാണ് നൽകുന്നത്. അടുക്കളയുടെ പര്യായപദങ്ങളിൽ ഉൾപ്പെടുന്ന കുശിനി, മഹാനസം, മടപ്പള്ളി എന്നീ പദങ്ങൾക്കും കൃത്യമായ വിവരണം നിഘണ്ടുവിൽ കാണുന്നുണ്ട്. പാചകത്തിനാവശ്യമായ വസ്തുക്കൾ വലിയ വണ്ടികളിലായി വന്നുകൊണ്ടിരക്കുന്ന ഇടം എന്ന അർഥത്തിലാണ് മഹാനസം എന്ന പദത്തെ അടയാളപ്പെടുത്തിയിരിക്കുന്നത്. മഹാനസി അഥവാ അടുക്കളപെണ്ണ് എന്ന വിവരണവും കൊടുത്തിട്ടുണ്ട്. മടപ്പള്ളി എന്നത് രാജാക്കന്മാർക്കും മറ്റും ഭക്ഷണം തയ്യാറാക്കുന്ന പാചകശാലയോ ക്ഷേത്രത്തിലെ പാചകശാലയോ ആണ്. മറ്റു പദങ്ങളിൽ നിന്നും ഭിന്നമായി മടപ്പള്ളിയിൽ എത്തുമ്പോൾ മടപ്പള്ളിക്കാരനെയാണ് കാണുന്നത്. പാചകക്കാരൻ എന്ന രീതിയിൽ തൊഴിൽപരമായ ഇടം നൽകുന്നു. മറ്റു പദങ്ങളിൽ പെണ്ണിന്റെ ഇടം എന്ന നിലയിൽ അടുക്കളയെ കാണുകയും സാമൂഹികമായി അധികാരമുള്ള കൊട്ടാരങ്ങളിലേയോ ക്ഷേത്രത്തിലേയോ പാചകശാലയിലേക്ക് മാറുന്നതോടെ അടുക്കള പുരുഷന്റേതാവുന്നു. പുരുഷനിലേക്ക് എത്തുമ്പോൾ തൊഴിൽപരമായ അംഗീകാരവും കൈവരുന്നു. മാത്രമല്ല പാചകക്കാരൻ എന്ന നിലയിൽ പുരുഷനെ അടയാളപ്പെടുത്തുന്ന ധാരാളം പദങ്ങളേയും നിഘണ്ടുവിൽ കാണാം. അടുക്കളക്കാരൻ, പാചകൻ, ഭക്ഷ്യകാരൻ, വെപ്പുകാരൻ എന്നിവ. അതേ സമയം ഒരു തൊഴിലെന്നതിനപ്പുറം സ്ത്രീയുടെ ചുമതലയായി പാചകത്തെയും അവളുടെ ഇടമായി അടുക്കളയെ ചുരുക്കുകയും ചെയ്യുന്നു. അതിനു ദൃഷ്ടാന്തമാണ് അടുക്കളയുമായി ബന്ധപ്പെട്ടു വരുന്ന മറ്റു പദങ്ങളും അവയുടെ അർഥ രൂപങ്ങളും.

അടുക്കളക്കലഹം (സ്ത്രീകൾ തമ്മിലുള്ള വഴക്ക്, വീട്ടുവഴക്ക്, തുച്ഛകാരണം കൊണ്ടുള്ള കലഹം), അടുക്കളക്കാണം (1.കാണപ്പാട്ടം പുതുക്കുമ്പോൾ ജന്മിയുടെ സ്ത്രീകൾക്ക് പാട്ടക്കാരൻ കൊടുക്കാനുള്ളത്,2. അടുക്കളച്ചെലവിന് കാണമായി കൊടുക്കുന്ന വസ്തു) അടുക്കളക്കാരൻ (അരിവയ്പുകാരൻ, പാചകൻ),

അടുക്കളക്കാര്യം (വീട്ടുകാര്യം,രഹസ്യം), അടുക്കളക്കുട്ടൻ (വീട്ടിൽ ഇരുന്നു വമ്പു പറയുന്നവൻ), അടുക്കളക്കുരികിൽ (ഒരു ചെറിയപക്ഷി), അടുക്കളകുറ്റം (വീട്ടുകാരിക്കുള്ള ദോഷം,ചാരിത്രദൂഷ്യം) അടുക്കളത്തോട്ടം (അടുക്കളയ്ക്കു വേണ്ട മലക്കറിക്കുള്ള തോട്ടം), അടുക്കളപ്പുറം (മടപ്പള്ളി ചെലവിലേക്ക് വിട്ടുകൊടുക്കുന്ന വസ്തു), അടുക്കളപൂങ്കാവ് (ഉമ്മറപൂങ്കാവ്), അടുക്കളപ്പൂച്ച (വെളിയിൽ ഒരിടത്തും പോകാതെയും ആരോടും അധികം ഉരിയാടാതെയും ഇരിക്കുന്നവൻ), അടുക്കളപ്പെണ്ണ് (വേലക്കാരി, സൌന്ദര്യമില്ലാത്തവൾ, ഗൃഹിണി, ഭാര്യ) അടുക്കളമാടൻ (അടുക്കളയിൽ തന്നെ തിന്നു കൊഴുത്തു കഴിയുന്നവൻ), അടുക്കളമിടുക്ക് (വീട്ടിനുള്ളിൽ വച്ച് കാണിക്കുന്ന് സാമർഥ്യം), അടുക്കളസേവ (സ്ത്രീസേവ, നായിക മുഖേന നായകന്റെ ഇഷ്ടം സമ്പാദിക്കൽ), അടുക്കളാൻ (അടുക്കളകുരികിൽ), എന്നിങ്ങനെ അടുക്കളയുമായി ബന്ധപ്പെട്ട പദങ്ങളെയും നിഘണ്ടുവിൽ കാണാം.

അടുക്കളക്കലഹം, അടുക്കളകുറ്റം, അടുക്കളപ്പൂച്ച , അടുക്കളപ്പെണ്ണ്, അടുക്കളമാടൻ, അടുക്കളമിടുക്ക് എന്നീ പദങ്ങളുടെ അർഥ വിവരണത്തിൽ എല്ലാം അടുക്കള വീടിനകവുമായി ചേർന്നു നിൽക്കുന്ന ചുരുങ്ങിയ ഒരിടമാണെന്നും അത് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് സ്ത്രീകളിൽ ആണെന്നും ബോധ്യപ്പെടുന്നു. അടുക്കള എന്ന പദത്തിൽ അടങ്ങിയിരിക്കുന്ന ലിംഗമൂല്യത്തെ കൃത്യമായി രേഖപ്പെടുത്താൻ അങ്ങാടി എന്ന പദത്തിന്റെ വിശകലനത്തിലൂടെ കഴിയും. അങ്ങാടി, ചന്ത എന്നിവ സാമൂഹ്യ, സാംസ്കാരിക വിനിമയ സാധ്യതയുള്ള വിശാലമായ ഇടമാണ്. ഈ പദങ്ങളെ നിഘണ്ടു വിവരിക്കുന്നത് ഇപ്രകാരമാണ്;

5.7.1. പട്ടിക (27). അകം/പുറം– അങ്ങാടി

| **പദം** | **അർഥം** |
|---|---|
| അങ്ങാടി | 1. വരിവരിയായ കച്ചവടസ്ഥാനം, കട, |

| | |
|---|---|
| | കടത്തെരുവ്,2. ഉണക്കമരുന്ന്. അങ്ങാടിനമ്പൂരി-തെരുവുനീളെ അലഞ്ഞുതിരിയുന്ന ആൾ, അങ്ങാടിപ്പാട്ട്- നാട്ടുവർത്തമാനം, പരസ്യം. |
| ചന്ത | കച്ചവടസ്ഥലം, സാമാനങ്ങൾ വിൽക്കുന്നതിനും കൊള്ളുന്നതിനുമായി ജനങ്ങൾ കൂടുന്ന സ്ഥലം, അതിലേക്കു കൂടുന്ന ദിവസം. 2. കൂട്ടം |

കച്ചവടകേന്ദ്രം എന്ന നിലയാലാണ് അങ്ങാടി/ചന്തയെ വിവരിക്കുന്നത്. കമ്പോളം, വിപണി, വാണിജ്യകേന്ദ്രം എന്നീ പദങ്ങളിലൂടെയും സൂചിപ്പിക്കുന്നു. ധാരാളം ആളുകൾ കൂടുന്നു എന്ന അർഥത്തിൽ വിശാലമായ ഇടം കൂടിയാണ്. അതുമായി ബന്ധപ്പെട്ട് നിഘണ്ടുവിൽ ഉള്ള പദങ്ങളാണ് അങ്ങാടിക്കാരൻ (അങ്ങാടിയിൽ ഇരുന്ന് കച്ചവടം നടത്തുന്നവൻ, സാമാനങ്ങൾ വിലയ്ക്കു കൊടുക്കുന്നവൻ), അങ്ങാടിക്കൂലി (അങ്ങാടിയിൽ നിന്നുള്ള കരം,കടയുടെ കരം) അങ്ങാടിച്ചരക്ക്(വിലയ്ക്കു കൊടുക്കാനുള്ള സാമാനം), അങ്ങാടിത്തെരുവ് (വരിവരിയായി കച്ചവടസ്ഥാനങ്ങൾ ഉള്ള തെരുവ്, അങ്ങാടിത്തോലി (സാമാനം വാങ്ങാൻ പരിചയമില്ലാത്തതു കൊണ്ടു വന്നു ചേരുന്ന നഷ്ടം, ന്യായമായ വില അറിഞ്ഞു വാങ്ങുന്നതിനു സാധിക്കായ്ക (അങ്ങാടിയിൽ പറ്റുന്ന തോലി)), അങ്ങാടിനമ്പൂരി (തെരുവുനീളെ അലഞ്ഞുതിരിയുന്ന ആൾ), അങ്ങാടിനിലവാരം(അങ്ങാടിയിലെ വിലനിരക്ക് ), അങ്ങാടിപ്പാട്ട് (നാട്ടുവർത്തമാനം, പരസ്യം), അങ്ങാടിപ്പിള്ളേര് (തെരുവുനീളെ അലഞ്ഞുതിരിയുന്ന ബാലന്മാർ), അങ്ങാടിപ്പീടിക (അങ്ങാടിത്തെരുവിലുള്ള കച്ചവടപ്പുര), അങ്ങാടിപ്പെട്ടി (അങ്ങാടി മരുന്നുകൾ ഇട്ടു വയ്ക്കാൻ അനേകം

ചെറുകള്ളികൾ ഉള്ള പെട്ടി, അങ്ങാടിപ്പെണ്ണ് (വേശ്യ, പണ്യസ്ത്രീ), അങ്ങാടിഭോഗം (അങ്ങാടിക്കൂലി, ചന്തക്കരം), അങ്ങാടിയാൻ (അങ്ങാടിക്കാരൻ), അങ്ങാടിവാർത്ത (ജനശ്രുതി, കേട്ടുകേൾവി), അങ്ങാടിവില( നിരക്കുവില, കമ്പോളവില), ചന്തക്കാരൻ (ചന്തയിൽ ഇരുന്ന് കച്ചവടം ചെയ്യുന്നവൻ), ചന്തക്കൂട്ടം (ചന്തയിൽ കൂടുന്ന ജനസമൂഹം), ചന്തനഗരം (ചന്തയോടു കൂടിയ നഗരം ).

അടുക്കള, അങ്ങാടി/ചന്ത എന്നീ പദങ്ങളെ വിശകലനം ചെയ്യുമ്പോൾ കാണാനാവുന്നത് അങ്ങാടി എന്ന വിശാല ഇടം പുരുഷന്റേതും അടുക്കള എന്ന ചുരുങ്ങിയ ഇടം സ്ത്രീയുടേതുമായാണ്. അങ്ങാടിക്കാരൻ/ ചന്തക്കാരൻ എന്നയിടത്ത് കച്ചവടക്കാരൻ എന്ന നിലയിൽ തൊഴിൽപരമായ അംഗീകാരം നൽകുമ്പോൾ, അങ്ങാടിപ്പെണ്ണ്/ചന്തപ്പെണ്ണ് എന്നതിന് അമാന്യമായ സ്ഥാനമാണ് അർഥവിവരണത്തിൽ നൽകുന്നത്. അങ്ങാടിപ്പെണ്ണ്/ചന്തപ്പെണ്ണ് എന്നിവയ്ക്കു സമാനമായി സ്ത്രീകൾക്ക് വേശ്യ എന്ന പദവിയാണ് നൽകുന്നത്. തെരുവ് പുരുഷന്റേതാണെന്നും തെരുവിൽ എത്തുന്ന സ്ത്രീകൾ വേശ്യകളാണെന്നും സ്ഥാപിക്കാനാണ് ശ്രമിച്ചിരിക്കുന്നത്. മാത്രമല്ല ചരക്ക് എന്ന പദം കച്ചവടമേഖലയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. വിപണനമൂല്യമുള്ള വസ്തുക്കളെയാണ് ചരക്കായി കണക്കാക്കുന്നത്. പെണ്ണിനെ ചരക്കായി കാണുന്ന സാമൂഹ്യബോധത്തെ ഈ തലത്തിൽ മനസ്സിലാക്കാവുന്നതാണ്.

### 5.7.2. കന്യക

'കന്യ' / 'കന്യക' എന്ന പദത്തിന് പന്ത്രണ്ടോളം അർഥങ്ങളാണ് നിഘണ്ടു നൽകുന്നത്. അതിൽ മുഖ്യാർഥമായി വരുന്നത് സ്ത്രീ സൂചകങ്ങളാണ്. '1.പത്തുവയസ്സുള്ള പെൺകുട്ടി, വിവാഹം കഴിച്ചിട്ടില്ലാത്തവൾ (ശോഭയുള്ളവൾ, ആഗ്രഹിക്കപ്പെടുന്നവൾ എന്നർഥം). 2. പുത്രി'. കന്യകയുമായി ബന്ധപ്പെട്ട വിവിധ പദരൂപങ്ങളേയും നിഘണ്ടു അടയാളപ്പെടുത്തുന്നുണ്ട്.

5.7.2. പട്ടിക (28). കന്യക

| പദം | അർഥം |
|---|---|
| അക്ഷത | കന്യക, വിവാഹം കഴിക്കാത്തവൾ |
| അക്ഷതയോനി | കന്യക, വിവാഹം കഴിക്കാത്തവൾ (കന്യാത്വം നശിക്കാത്തവൾ, ഋതുശാന്തി കഴിയാത്തവൾ) |
| അപൂർവ്വപതി | കന്യക (മുമ്പ് ഭർത്താവ് ഉണ്ടായിരുന്നിട്ടില്ലാത്തവൾ) |
| അപ്രത്താ | വിവാഹം കഴിച്ചു കൊടുക്കപ്പെടാത്തവൾ. (ദാനം ചെയ്യാത്ത, തിരിച്ചുകൊടുക്കാത്ത) |
| അപ്രൌഢ | പ്രായപൂർത്തിയാവാത്തവൾ, കന്യക |
| അനൂഢം | കന്യക, വിവാഹം കഴിക്കപ്പെടാത്തവൾ, വഹിക്കപ്പെടാത്തവൾ |
| അനന്യപൂർവ | മുമ്പ് മറ്റൊരാൾ വിവാഹം കഴിച്ചിട്ടില്ലാത്തവൾ, കന്യക |
| കനി | കന്യ, പെൺകുട്ടി, പുത്രി, ഓമന, അപൂർവമായത്. |
| കനീനിക, കനീനക, കനീനി, കന്നി, കന്നിയാവ്, കന്യാവ് | കന്യ |
| കന്യ (ക) | 1.പത്തുവയസ്സുള്ള പെൺകുട്ടി, വിവാഹം കഴിച്ചിട്ടില്ലാത്തവൾ (ശോഭയുള്ളവൾ, ആഗ്രഹിക്കപ്പെടുന്നവൾ എന്നർഥം). 2. പുത്രി |
| കന്യാപെണ്ണ് | അവിവാഹിത, കന്യാസ്ത്രീ |

| | |
|---|---|
| കന്യാസ്ത്രീ | കന്യകാത്വം പരിപാലിക്കുന്നവൾ, മഠവാസിനി |
| ദാരിക | കന്യ (പുത്രി) |

'കന്യക' എന്ന സങ്കല്പവുമായി ബന്ധപ്പെട്ട പദങ്ങളെയാണ് പട്ടിക (28) –ൽ ക്രമീകരിച്ചിരിക്കുന്നത്. നിഘണ്ടുവിൽ നിന്നുള്ള പദങ്ങളുടെ വിശകലനത്തിൽ മനസ്സിലാവുന്നത് വിവാഹം, ശരീരം തുടങ്ങിയ ഘടകങ്ങളുമായി കന്യക എന്ന പദം ബന്ധപ്പെട്ടിരിക്കുന്നതായാണ്. ജീവശാസ്ത്രപരമായ ഒരു സവിശേഷത എന്നതിലുപരിയായി സാമൂഹികമായ ചില കല്പിതമൂല്യങ്ങളെ വഹിച്ചു കൊണ്ട് സ്ത്രീകൾക്കു നേരെ പ്രയോഗിക്കുന്ന ഒരു സങ്കല്പമായാണ് കന്യകയും അതുമായി ബന്ധപ്പെട്ട പദങ്ങളും നിൽക്കുന്നത്. പത്തു വയസ്സായ പെൺകുട്ടിയെ കന്യക എന്ന സങ്കല്പത്തിൽ വിവരിക്കുന്നതുപോലും വിവാഹം കഴിയാത്തവൾ എന്ന അർഥത്തിലാണ്. മാത്രമല്ല ഈ പദങ്ങൾക്കൊന്നും പുല്ലിംഗരൂപങ്ങൾ ഇല്ല.

### 5.7.3. പതിവ്രത, വിവാഹിത

വിവാഹം, ദാമ്പത്യം എന്നിവയുമായി ബന്ധപ്പെട്ടു നിൽക്കുന്ന പദങ്ങളാണ് പതിവ്രതയും വിവാഹിതയും. സ്ത്രീകളെ പ്രതിനിധീകരിക്കുന്ന വാർപ്പുമാതൃകകളായാണ് പൊതുവെ ഈ പദങ്ങൾ നിലകൊള്ളുന്നത്. ഈ പദങ്ങളിൽ അടങ്ങിയിരിക്കുന്ന ലിംഗമൂല്യത്തെ വിവരിക്കുന്നത് പ്രധാനമായും നിഘണ്ടുക്കൾ നൽകുന്ന വിവരണത്തിന്റെ അടിസ്ഥാനത്തിലാണ്. പതിവ്രത, വിവാഹിത എന്നിവയുമായി ബന്ധപ്പെട്ട പദങ്ങളെ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

5.7.3. പട്ടിക (29) പതിവ്രത, വിവാഹിത

| | |
|---|---|
| അദത്താ | (വിവാഹം കഴിച്ചു ) കൊടുക്കപ്പെടാത്ത, |

| | |
|---|---|
| | അവിവാഹിത |
| അധവാ | ഭർത്താവില്ലാത്തവൾ |
| അന്യഗാ | പാതിവ്രത്യം ഇല്ലാത്തവൾ |
| അപതിക | ഭർത്താവില്ലാത്തവൾ, നാഥനില്ലാത്തവൾ, (അവിവാഹിത) |
| അപുംസ്ക | ഭർത്താവില്ലാത്തവൾ |
| അപ്രത്താ | വിവാഹം കഴിച്ചു കൊടുക്കപ്പെടാത്തവൾ |
| അഭർത്തൃക | ഭർത്താവില്ലാത്തവൾ, വിവാഹം കഴിഞ്ഞിട്ടില്ലാത്തവൾ, വിധവ |
| അരുന്ധതി | പാതിവ്രത്യനിഷ്ഠയുള്ളവൾ |
| അവിനീത | പാതിവ്രത്യമില്ലാത്തവൾ, കുലട |
| അവിവാഹിതാ | വിവാഹം കഴിക്കാത്തവൾ |
| അസതി | പതിവ്രത അല്ലാത്തവൾ, കുലട |
| അസാദ്ധ്വി | പതിവ്രത അല്ലാത്തവൾ, കുലട |
| കുലനാരി | പതിവ്രത, കുലസ്ത്രീ |
| കുലപാലിക | കുലസ്ത്രീ (പതിവ്രതാധർമ്മത്തോടു കൂടി തറവാട് കാത്തു രക്ഷിക്കുന്നവൾ) |
| കുലവധു, കുലാംഗന | പതിവ്രത, കുലസ്ത്രീ |
| കുലസ്ത്രീ | പതിവ്രതാധർമ്മത്തോടു കൂടി തറവാട് കാത്തു രക്ഷിക്കുന്നവൾ |
| ചർഷണി | പതിവ്രത അല്ലാത്തവൾ, ബന്ധകി |
| ചാരിത്രം | 1.പാതിവ്രത്യം. 2. മര്യാദ, നല്ല നടത്തം. 3. നല്ലപേര്. 5. ശീലഗുണം. 6. |

| | |
|---|---|
| | കുലധർമ്മാനുഷ്ഠാനം |
| ചാരിത്രവതി | പതിവ്രത, കുലസ്ത്രീ, മര്യാദക്കാരി, |
| ചാരിത്രശാലിനി | ചാരിത്രവതി |
| ദിധിഷു | പുനർവിവാഹം ചെയ്യപ്പെട്ടവൾ (പാപത്തെ ധരിക്കുന്നവൾ എന്നർഥം). |
| പതിദേവത | പതിവ്രത |
| പതിവ്രത | ഭർത്തൃനിഷ്ഠയുള്ളവൾ (ഭർത്തൃശുശ്രൂഷയാകുന്ന വ്രതത്തോടു കൂടിയവൾ). |
| പാതിവ്രത്യം | പതിവ്രതയുടെ ഭാവം, ഭർത്താവിനെ ഒഴിഞ്ഞ് അന്യനെ കാംക്ഷിക്കുകയില്ലെന്ന വ്രതം. |
| വിധവ | ഏതൊരുവളുടെ ഭർത്താവ് മരിച്ചുവോ അവൾ. |
| സുവ്രതാ | പതിവ്രത (ദൃഢതയോടെ വ്രതം പാലിക്കുന്നവൾ) |

വിവാഹം, ദാമ്പത്യം, കുടുംബം, കുലം, എന്നീ സാമൂഹ്യവ്യവസ്ഥകളുമായി ഇഴചേർന്നിരിക്കുന്ന സങ്കല്പനമാണ് പതിവ്രത, വിവാഹിത. പാതിവ്രത്യം അനുഷ്ഠിക്കുന്നവൾ (ഭർത്താവിനെ കൂടാതെ മറ്റൊരാളെ ആഗ്രഹിക്കുകയില്ലെന്ന വ്രതത്തോടു കൂടിയവൾ) എന്ന ആശയത്തിൽ നിന്നാണ് പതിവ്രത എന്ന സങ്കല്പം ഉടലെടുക്കുന്നത്. ഇത്തരം സങ്കല്പനങ്ങളിലൂടെയെല്ലാം നല്ല സ്ത്രീ/ ചീത്ത സ്ത്രീ എന്ന ദ്വന്ദം കൊണ്ടുവരാൻ ശ്രമിക്കുന്നു. ഈ സങ്കല്പനങ്ങളെ പരിപാലിച്ചു പോകുന്നതിലും

സമൂഹം നിർണായക പങ്കുവഹിക്കുന്നുണ്ടെന്ന വ്യക്തമായ ബോധ്യമാണ് നിഘണ്ടുവിൽ നിന്നുള്ള പദ, അർഥ വിശകലനത്തിൽ തെളിയുന്നത്.

### 5.8. പദവിനിമയമൂല്യം

ഭാഷയിൽ ഉപയോഗിക്കപ്പെടുന്ന പദങ്ങൾക്കെല്ലാം ഒരേ തരം വിനിമയമൂല്യമല്ല ഉള്ളത്. ചില പദങ്ങളുടെ പ്രയോഗസാധ്യത കൂടുകയോ മറ്റു ചില പദങ്ങളുടേത് കുറയുകയോ ചെയ്യാം. അതോടൊപ്പം ചില പദങ്ങൾ ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രം പ്രയോഗിക്കപ്പെടാം. ഒരു പദം വിനിമയം ചെയ്യപ്പെടുമ്പോഴുള്ള സാമൂഹ്യസന്ദർഭത്തെയോ സാമൂഹ്യചരങ്ങളെയോ ആശ്രയിച്ചാണ് വിനിമയസാധ്യതയും നിർണയിക്കപ്പെടുന്നത്. നിഘണ്ടുതലത്തിൽ പരിശോധിക്കുമ്പോഴും നിലനിൽക്കുന്ന സാമൂഹ്യമനോഭാവം പദവിനിമയത്തിൽ പ്രകടമാകുന്നതായി കാണാം. ഭാഷയിൽ വിനിമയം ചെയ്യപ്പെടുന്നതോ പെട്ടിരുന്നതോ ആയ പദങ്ങളെയെല്ലാം സൌകര്യപൂർവം രേഖപ്പെടുത്തി വയ്ക്കുക എന്നത് നിഘണ്ടു നിർമ്മിതിയുടെ പ്രാഥമിക ധർമ്മങ്ങളിൽ ഒന്നാണ്. നിഘണ്ടു രേഖപ്പെടുത്തിയിട്ടുള്ള പദങ്ങളെ വിശകലനം ചെയ്യുമ്പോൾ ഏതുതരം പദങ്ങളിലാണ് വിനിമയ സാധ്യത കൂടുതലെന്ന് തിരിച്ചറിയാനാവുന്നു. പ്രത്യേകിച്ച് ലിംഗഭേദപരമായ മനോഭാവം. ലിംഗപരമായ വേർതിരിവുകൾ പദങ്ങളുടെ വിനിമയത്തെ നിർണായകമായി സ്വാധീനിക്കുന്നു. പുല്ലിംഗസൂചകമായ പദങ്ങളാണ് കൂടുതലായും വിനിമയം ചെയ്യപ്പെടുന്നത്. സ്ത്രീലിംഗസൂചക പദങ്ങൾ നിഘണ്ടു അടയാളപ്പെടുത്തുമ്പോഴും വിരളമായാണ് ഉപയോഗിക്കുന്നത്. ചുവടെ ചേർക്കുന്ന പദങ്ങളുടെ പരിശോധനയിലൂടെ അത് ബോധ്യപ്പെടുന്നു.

5.8. പട്ടിക (30). പദവിനിമയമൂല്യം

| **പുല്ലിംഗപദം** | **സ്ത്രീലിംഗപദം** |
|---|---|

| | |
|---|---|
| 1. അധികാരി | അധികാരിണി |
| 2. അധിപതി | അധിപത്നി |
| 3. അനുരാഗി | അനുരാഗിണി |
| 4. അന്തേവാസി | അന്തേവാസിനി |
| 5.അപരാധി | അപരാധിനി |
| 6 .അഭിമാനി | അഭിമാനിനി |
| 7. അഭിസാരി | അഭിസാരിക |
| 8.അഭ്യാസി | അഭ്യാസിനി |
| 9.ആശാൻ | ആശാട്ടി (ത്തി) |
| 10. ഉദ്യോഗി | ഉദ്യോഗിനി |
| 11. ഉന്മാദി | ഉന്മാദിനി |
| 12. ഉപകാരി | ഉപകാരിണി |
| 13. ഉപദേഷ്ടാവ് | ഉപദേഷ്ടി |
| 14. ഗ്രന്ഥകർത്താവ് | ഗ്രന്ഥകർത്രി |
| 15.ചങ്ങാതി | ചങ്ങാതിച്ചി |
| 16. ചെറുക്കൻ | ചെറുക്കി |
| 17. ജേതാവ് | ജേത്രി |
| 18.നേതാവ് | നേത്രി |
| 19. പാചകൻ | പാചകി |
| 20. പാതകി | പാതകിനി |
| 21. രക്ഷകൻ | രക്ഷിക |
| 22. രക്ഷാകർത്താവ് | രക്ഷാകർത്രി |
| 23.രക്ഷിതാവ് | രക്ഷിത്രി |

| | |
|---|---|
| 24. രചയിതാവ് | രചയിത്രി |
| 25. വിശ്വാസി | വിശ്വാസിനി |
| 26.സഹപാഠി | സഹപാഠിനി |

പുല്ലിംഗസൂചകമായി നൽകുന്ന പദങ്ങളെയാണ് ഭാഷയിൽ പൊതുവെ ഏതു സന്ദർഭത്തിലും പ്രയോഗിക്കപ്പെടുന്നത്. എല്ലാത്തരം ലിംഗത്തേയും ഉൾ ക്കൊള്ളാവുന്ന തരത്തിൽ മേൽസൂചിപ്പിച്ച പുല്ലിംഗസൂചകപദങ്ങളെ നിലവിൽ സമൂഹം സ്വീകരിച്ചിരിക്കുന്നുവെന്നതും ശ്രദ്ധേയമാണ്. 'ജേതാവ്', 'രക്ഷിതാവ്', 'ഗ്രന്ഥകർത്താവ്' തുടങ്ങിയ പദങ്ങൾ സ്ത്രീ, പും വിഭാഗത്തെ മുഴുവനായി ഉൾക്കൊള്ളാവുന്ന തരത്തിലാണ് നിലവിൽ ഉപയോഗിക്കുന്നത്. ഈ പദങ്ങൾ പുല്ലിംഗകേന്ദ്രിതമാണ്. അതേസമയം അവയുടെ സ്ത്രീലിംഗസൂചകപദങ്ങൾ ഉപയോഗിക്കപ്പെടാതെ മൃതിസമാനമായി തീരുന്നുവെന്നതും പ്രധാനമാണ്. അത്തരത്തിൽ സ്ത്രീലിംഗസൂചകപദങ്ങൾക്ക് വിനിമയമൂല്യം കുറയുകയും പുല്ലിംഗ പദങ്ങൾക്ക് മൂല്യം കൂടുകയും ചെയ്യുന്ന പ്രവണതയും മലയാളത്തിൽ കാണാൻ കഴിയുന്നു. മാത്രമല്ല, 'അഭിസാരിക' എന്ന പദത്തിന് പുല്ലിംഗരൂപം ഉണ്ടായിട്ടും വിനിമയത്തിൽ വിരളമാകുന്നതും നിലനിൽക്കുന്ന ആധിപത്യമനോഭാവത്തെ തുറന്നുകാട്ടുകയാണ്. ലിംഗവിവേചനം പദങ്ങളുടെ വിനിമയത്തിൽ കൃത്യമായി പ്രവർത്തിക്കുന്നു എന്നതിന്റെ ദൃഷ്ടാന്തമായി മേൽസൂചിപ്പിച്ച പദങ്ങളുടെ അപഗ്രഥനഫലത്തെ കാണാൻ കഴിയുന്നു.

**5.9. അധ്യായസംഗ്രഹം**

ലിംഗവിവേചനം ഭാഷാപ്രക്രിയയുടെ വിവിധ തലങ്ങളിൽ നില നിൽക്കുന്നുവെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, മലയാള സന്ദർഭ ത്തിൽ നിന്നുകൊണ്ട് പദതലത്തിലെ ലിംഗഭേദത്തെ നിരീക്ഷിച്ചറിയാനുള്ള ശ്രമമാണ് പ്രധാനമായും ഈ അധ്യായത്തിൽ ചെയ്തത്. പദങ്ങളെ ക്രമീകരിച്ച്

അടുക്കിവയ്ക്കുന്നത് നിഘണ്ടുക്കളായതിനാൽ നിഘണ്ടുനിർമ്മാണ പ്രവർത്തന ത്തിലെ പദസ്വീകരണം മുതൽ അർഥവിവരണം വരെയുള്ള ഘട്ടങ്ങളിൽ സ്വീകരിക്കുന്ന നിലപാടുകളേയും അതിലടങ്ങിയിരിക്കുന്ന ലിംഗവിവേചനത്തെയും വിശകലനം ചെയ്യുകയുണ്ടായി.

നിഘണ്ടുക്കളിൽ നിന്നും തെരെഞ്ഞെടുത്ത ദത്തസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ലിംഗസൂചകപദം (വ്യാകരണികം, കോശിമം, വ്യാകരണിക-കോശിമം, പൊതുലിംഗം), സാമൂഹ്യസൂചകപദം (ബന്ധസൂചകം, ജാതിസൂചകം, തൊഴിൽസൂചകം), പെണ്ണനുഭവങ്ങൾ, പദവിടവുകൾ, വളർച്ചാഘട്ടം, സങ്കല്പനങ്ങളും സ്തീകളും, പദവിനിമയമൂല്യം എന്നിങ്ങനെ വർഗീകരിച്ചപഗ്രഥിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നിഘണ്ടുനിർമ്മാണത്തിന്റെ എല്ലാ തലങ്ങളിലും ലിംഗഭേദം പ്രകടമാണ്. ഒരേ മൂല്യമുള്ള ലിംഗപ്രതിനിധാനങ്ങളെ നിഘണ്ടു അടയാളപ്പെടുത്തുന്നത് വ്യത്യസ്ത തലത്തിലാണ്. സാമൂഹികമായ അധികാരവും സ്ഥാനവുമെല്ലാം പുല്ലിംഗപദങ്ങളിലേക്ക് കേന്ദ്രീകരിക്കുകയും താണപദവി സ്ത്രീലിംഗ പ്രതിനിധാനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. വിടവുപദങ്ങളും സങ്കല്പനങ്ങളും സാമൂഹികമായി സ്ത്രീക്കുള്ള സ്ഥാനത്തെ പ്രത്യക്ഷാ നിർണയിക്കുന്നു. അറിവും അധികാരവും പുരുഷന്റെതാണെന്ന വാദത്തെ തൊഴിൽപദങ്ങൾ അംഗീകരിക്കുന്നു. ചുരുങ്ങിയ ഇടത്തിലേക്ക് സ്ത്രീയെ കുടിയിരുത്തുകയും വിശാലമായ തുറന്ന ലോകം പുരുഷനും നിശ്ചയിക്കപ്പെട്ടതായി അകം/ പുറം സങ്കല്പനങ്ങളിലൂന്നിയ പദങ്ങളിലൂടെ വിവരിക്കുന്നു. ഇത്തരത്തിൽ പദതലത്തിൽ ലിംഗവിവേചനം വലിയ തോതിൽ നിലനിൽക്കുകയും നിഘണ്ടുക്കളിലൂടെ അത്തരം ലിംഗവിവേചനമൂല്യങ്ങളെ നിലനിർത്താനും ശ്രമിക്കുന്നതായി പദവിശകലന ത്തിലൂടെ വ്യക്തമാവുന്നു.

# അധ്യായം– 6

# നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനവും പുരുഷകേന്ദ്രിത ലിംഗനിർമ്മിതിയും

## 6.0. ആമുഖം

ലിംഗവിവേചനം ഭാഷയുടെ പദ, അർഥ തലങ്ങളിൽ പ്രകടമാവുകയും ലിംഗ പദവി നിർണയത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രഥമലിംഗം എന്ന പരിഗണന പുരുഷലിംഗത്തിനു നൽകുകയും, സ്ത്രീ, ഇതരലിംഗങ്ങളെയെല്ലാം അതിനു താഴെയായി പരിഗണിക്കുകയും ചെയ്യുന്ന ശ്രേണീകരമാണ് ഭാഷാ തലത്തിലും നടക്കുന്നത്. സാമൂഹികമായ പുരുഷാധിപത്യസമീപനമാണ് ഭാഷ യെയും സ്വാധീനിക്കുന്നത്.

സ്ത്രീ സ്വത്വത്തെ നിഘണ്ടുക്കൾ ആവിഷ്കരിക്കുന്നത് സാമൂഹികമായി അവർ വഹിക്കുന്ന ചില പദവികളുടെയോ സമൂഹം ചാർത്തികൊടുക്കുന്ന ചില മൂല്യങ്ങളു ടെയോ ശാരിരികപ്രത്യേകതകളുടെയോ അടിസ്ഥാനത്തിലാണ്. സാമൂഹിക സ്വാധീനം സ്ത്രീസ്വത്വ നിർമ്മിതിയുടെ എല്ലാതലങ്ങളിലും പ്രവർത്തിക്കുന്നതു കൊണ്ടുതന്നെ സാമൂഹികമായ ആധിപത്യസ്വഭാവം സ്വത്വരൂപീകരണത്തിലും നിർണായകപങ്കു വഹിക്കുന്നു. നിഘണ്ടുക്കളിൽ നിന്നുള്ള സ്ത്രീസംബന്ധപദങ്ങളെ പ്രത്യേകമായി വിശകലനം ചെയ്യുക വഴി ലിംഗവിവേചനം ഭാഷയിലും ഭാഷാ സ്രോതഗ്രന്ഥമായ നിഘണ്ടുക്കളിലും പ്രകടമാണെന്ന് നിരീക്ഷിച്ചിട്ടുണ്ട് (വിശദീകരണം 5.3 മുതൽ 5.10 വരെ). അതോടൊപ്പം ലിംഗവിവേചനം നിലനിർത്തു വാനും പുനരുത്പാദിപ്പിക്കാനും ഉള്ള ശ്രമവും നിഘണ്ടുക്കളിൽ കാണുന്നതായി സ്ത്രീപക്ഷപാരായണത്തിലൂടെ ബോധ്യപ്പെടുന്നു. അത് ഒരൊറ്റ പദങ്ങളിലൂടെയോ അർഥങ്ങളിലൂടെയോ അല്ല, മറിച്ച് ലിംഗമൂല്യം നിർണയിക്കുന്ന നിരവധി പദങ്ങളിലൂടെയാണ്. പദക്കൂട്ടുകളിലൂടെ സ്ത്രീയെ നിർവ്വചിക്കുന്നതെങ്ങനെയെന്നും

അതിലടങ്ങിയിരിക്കുന്ന സാമൂഹ്യമനോഭാവം എന്താണെന്നുമുള്ള അന്വേഷണവും വിശകലനവുമാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 സമാനാർഥപദങ്ങളും ലിംഗഭേദവും

ലിംഗവിവേചനം പ്രകടിപ്പിക്കുക മാത്രമല്ല അതിനെ നിലനിറുത്തുവാനുള്ള ശ്രമങ്ങൾ കൂടിയാണ് നിഘണ്ടുക്കളിൽ കാണുന്നത്. അത് പ്രധാനമായും ഒരു പദത്തിലോ അർഥത്തിലോ ഊന്നിയല്ല. മറിച്ച് ഒരേ ആശയത്തെ ഉൾക്കൊള്ളുന്ന ഒന്നിലധികം പദങ്ങളിലൂടെയാണ്. അതായത് സമാനാർഥപദങ്ങളിലൂടെ ലിംഗ മൂല്യത്തെ നിലനിർത്തുകയോ പുനരുത്പാദിപ്പിക്കുകയോ ചെയ്യുന്നു. അത്തര ത്തിലുള്ള പദങ്ങളുടെ ഗണവിശകലനത്തിലൂടെ (cluster analysis) അക്കാര്യം നിരീക്ഷിക്കാനും സ്ത്രീയുടെ സ്വത്വം സാമൂഹികമായും ഭാഷാപരമായും നിർണയിക്ക പ്പെട്ടിരിക്കുന്നത് എങ്ങനെ എന്ന് കണ്ടെത്താനും കഴിയുന്നു. 'സ്ത്രീ' അഥവാ 'പെൺ' എന്നതിന് നിഘണ്ടുക്കൾ നൽകുന്ന വിവരണം ഇപ്രകാരമാണ്.

6.1. പട്ടിക (31) സമാനാർഥപദങ്ങളും ലിംഗഭേദവും- സ്ത്രീ/ പെൺ

| പദം | അർഥം |
|---|---|
| പെൺ | 1. പെണ്ണ്, സ്ത്രീ. 2. ദാസി 3. കന്യക. 4. വധു, ഭാര്യ. 5. സഹോദരി. |
| പെണ്ണ് | 1. സ്ത്രീ ( പെറുന്നവൾ). 2. കന്യക. 3. ഭാര്യ. 4. സഹോദരി. 5. ഭൃത്യ. 6. കറ്റവാഴ. പെണ്ണു കൊടുക്കുക- സ്ത്രീയെ വിവാഹം കഴിച്ചു കൊടുക്കുക. "പെണ്ണ് മുറിച്ചാൽ മണ്ണു മുറിയുമോ?, " പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുത്തുകൂടാ". |
| സ്ത്രീ | 1. പെണ്ണ് (പ്രസവിക്കുന്നവൾ), പര്യാ- |

| | |
|---|---|
| | യോഷിത്ത്, അബല, യോഷ, നാരി, സീമന്തിനി, വധു, പ്രദീപദർശിനി, വാമ, വനിത, മഹിള, ചപല. (സ്ത്രീകൾ പത്മിനി, ചിത്രിണി, ശംഖിനി, ഹസ്തിനി (കരിണി) എന്നു നാലു വിധം. 16 വയസ്സുവരെ പ്രായമുള്ളവൾ– ബാല, 16–30 തരുണി, 30–50 പ്രൌഢ, അതിനുമേൽ വൃദ്ധ).<br>2. ഭാര്യ. 3. ഒരു വൃത്തം. 4. മഹാഭാരതത്തിലെ 11– മത്തെ പർവ്വം. |

'സ്ത്രീ'/ 'പെൺ' എന്ന പദത്തിന് നിഘണ്ടു നൽകുന്ന പ്രത്യക്ഷാർഥമാണ് പട്ടിക (31) ൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്ത്രീയുടെ സാമൂഹ്യചുമതലകളുടെയും ശാരീരിക പ്രത്യേകതകളുടെയും അടിസ്ഥാനത്തിലുള്ള വിവരണമാണ് നിഘണ്ടു നൽകുന്നത്. അതുമാത്രമല്ല അവയിൽ നിന്നും ഉത്പാദിപ്പിക്കുന്ന നിരവധി പദങ്ങളുണ്ട്. "പെൺകാണം, പെൺകിടാവ്, പെൺകൂട്ടക്കാർ, പെൺകെട്ട്, പെൺകൊട, പെൺകൊടി, പെൺകൊല, പെൺകോലം, പെൺഗ്രഹം, പെൺചൊല്ല്, പെൺജാതി, പെണ്ടകൻ, പെണ്ടാട്ടി, പെണ്ടി, പെണ്ണത്തം, പെണ്ണൻ, പെണ്ണപ്പൻ, പെണ്ണരശ്, പെണ്ണാലി, പെണ്ണാശ, പെണ്ണാളൻ, പെണ്ണാൾ, പെണ്ണ്, പെണ്ണുമ്പിള്ള, പെണ്ണൂട്ടി, പെൺനാൾ, പെൺപട, പെൺപന, പെൺപാട്ട്, പെൺപിള്ള, പെൺപിറന്നവർ, പെൺപെറുക്കി, പെണ്മ, പെണ്മകൻ, പെണ്മണി, പെണ്മരുത്, പെണ്മുറി, പെണ്മൂപ്പ്, പെണ്മൂലം, പെൺവഴി, പെൺവാഴ്ച" (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, 2017: 1259–1260), "സ്ത്രീകുമാരം, സ്ത്രീകുസുമം, സ്ത്രീഗവി, സ്ത്രീഗൃഹം, സ്ത്രീഘോഷം, സ്ത്രീഘ്നൻ, സ്ത്രീചിഹ്നം, സ്ത്രീചൌരൻ, സ്ത്രീജനനി, സ്ത്രീജിതൻ, സ്ത്രീണ, സ്ത്രീത്വം, സ്ത്രീതമാ, സ്ത്രീതരാ, സ്ത്രീധനം, സ്ത്രീവിടൻ, സ്ത്രീധർമ്മം, സ്ത്രീധർമ്മിണി,

സ്ത്രീധവൻ, സ്ത്രീനായകത്വം, സ്ത്രീപണ്യോപജീവി, സ്ത്രീപരൻ, സ്ത്രീപിശാചി, സ്ത്രീപ്രജ, സ്ത്രീപ്രസംഗം, സ്ത്രീപ്രസു, സ്ത്രീപ്രിയം, സ്ത്രീമുഖപം, സ്ത്രീരഞ്ജനം, സ്ത്രീരത്നം, സ്ത്രീലിംഗം, സ്ത്രീവിധേയ, സ്ത്രീസംഗം, സ്ത്രീസഭം, സ്ത്രീസംഗ്രഹണം, സ്ത്രീസേവ, സ്ത്രീസ്വഭീവൻ, സ്ത്രീഹത്യ, സ്ത്രീഹാരി, സ്ത്രൈണകേസരം, സ്ത്രൈണൻ, സ്ത്രൈണം," (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, 2017: 1737–1738).

സ്ത്രീ അഥവാ പെൺ എന്ന സങ്കല്പനത്തിലെ ലിംഗവിവേചനത്തെ തിരിച്ചറിയണമെങ്കിൽ 'ആൺ' അല്ലെങ്കിൽ 'പുരുഷനു' നൽകുന്ന വിവരണത്തിന്റേയും അവയിൽ നിന്നുത്ഭവിക്കുന്ന പദക്കൂട്ടുകളേയും വിശകലനം ചെയ്യേണ്ടതുണ്ട്.

6.1. പട്ടിക (32) പുരുഷൻ/ ആൺ

| പദം | അർഥം |
|---|---|
| ആൺ, ആണ് | 1. പുരുഷൻ. 2. മിടുക്കൻ, പൌരുഷശാലി. 3. വീര്യം. 4.മേന്മ. 'ആൺതുണ' സ്ത്രീക്ക് ആവശ്യമാണ്. 'ആണും തുണമില്ലാത്ത' =തുണയ്ക്ക് ഭർത്താവോ പുത്രനോ സഹോദരനോ ഇല്ലാത്ത. |
| പുരുഷൻ | 1. ആൺ (സകല പ്രാണികളിലും വച്ച് മുമ്പൻ). 2. മനുഷ്യൻ; പ്രായപൂർത്തി വന്നവൻ, ആണത്തമുള്ളവൻ. 3. വിഷ്ണു. 'വിരാൾപുരുഷൻ'. 4. ബ്രഹ്മാവ്. 5. ആത്മാവ്. 6. സ്നേഹിതൻ. 7. സാംഖ്യമതക്കാരൻ. 8. ഭർത്താവ്. 9. വ്യാ-പ്രഥമാദിപുരുഷൻ (ഉത്തമപുരുഷൻ, |

| | |
|---|---|
| | മധ്യമപുരുഷൻ, പ്രഥമപുരുഷൻ– ഞാൻ, നീ, അവൻ). 10. പഞ്ചാബിന്റെ ഒരു ഭാഗം ഭരിച്ചിരുന്ന ധീരനായ ഒരു രാജാവ്. |

“ആണത്തം, ആണാപിറന്നവൻ, ആണാൾ, ആൺപാട്, ആൺപിറന്നവൻ, ആൺപിള്ള, ആണ്മ, ആൺവഴി,“ (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, 2017: 259–260). “പുരുഷാകാരം, പുരുഷകാരം, പുരുഷകേസരി, പുരുഷത, പുരുഷത്വം, പുരുഷവാക്ക്, പുരുഷാകൃതി, പുരുഷാംഗം, പുരുഷാന്തരം, പുരുഷാരം, പുരുഷായുസ്സ്, പുരുഷാർഥം“ (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, 2017: 1239–1240). എന്നിങ്ങനെയാണ് പദവലകൾ കാണപ്പെടുന്നത്.

ആൺ, പെൺ എന്നീ ദ്വന്ദ്വത്തെ നിഘണ്ടു അടയാളപ്പെടുത്തുന്നത് മനുഷ്യ വർഗത്തെ പ്രതിനിധീകരിക്കുന്ന രണ്ടു വിഭാഗങ്ങൾ എന്ന അർഥത്തിലല്ല. മറിച്ച് സാമൂഹികമായി കല്പിക്കപ്പെടുന്ന ചില മൂല്യവ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി യാണെന്ന് പട്ടിക (31) ഉം പട്ടിക (32) ഉം സാക്ഷ്യപ്പെടുത്തുന്നു. ‘മനുഷ്യൻ’ എന്ന പരിഗണനയോടൊപ്പം പുരുഷന്റെ ഗുണവിശേഷണങ്ങളെ ഉയർത്തിപിടിക്കുവാനും നിഘണ്ടു ശ്രമിക്കുന്നുണ്ട്. അതേസമയം സ്വതന്ത്രവ്യക്തിത്വമുള്ള ഒരു വിഭാഗമായി കാണാതെ വഹിക്കുന്ന സാമൂഹിക പദവികളുടെ അടിസ്ഥാനത്തിലാണ് സ്ത്രീയെ വിവരിക്കുന്നത്. ശക്തിയുടേയും ധീരതയുടേയും പര്യായമായി പുരുഷനെ ചിത്രീകരി ക്കുമ്പോൾ ബലഹീനതയുടെയും വിധേയത്വത്തിന്റെയും അടയാളമായി സ്ത്രീകൾ മാറുന്നു. ‘പുരുഷൻ’ എന്ന ഒരു വിഭാഗത്തെ ഉയർത്തിപ്പിടിക്കുന്നതോടെ സ്വഭാവിക മായും ഇതര ലിംഗക്കാരുടെ സ്ഥാനം താഴുന്നു.

പുരുഷസംബന്ധപദങ്ങളെ അപേക്ഷിച്ച് താരതമ്യേന സ്ത്രീസൂചക പദങ്ങൾ നിഘണ്ടുവിൽ കുറവാണ്. നിഘണ്ടു അടയാളപ്പെടുത്തുന്ന സ്ത്രീസൂചകപദങ്ങളിൽ ഭൂരിഭാഗവും പുരുഷനാമത്തിന്റെ സ്ത്രീലിംഗരൂപം എന്ന രീതിയിലാണ് വരുന്നത്.

അതോടൊപ്പം സ്ത്രീകളെ പ്രതിനിധീകരിക്കുന്ന മറ്റു പദങ്ങളും കാണുന്നുണ്ട്. ആ പദങ്ങളിലൂടെയെല്ലാമാണ് സ്ത്രീപ്രതിനിധാനത്തിലെ ലിംഗസ്വഭാവം സൂക്ഷ്മാർഥത്തിൽ വെളിപ്പെടുന്നത്. സൌകര്യാർഥം അവയെ രണ്ടായി തിരിക്കാം.

**6.2. ശരീരാസ്പദം**

**6.3. സാമൂഹ്യപദവി**

ശരാരാസ്പദം, സാമൂഹ്യപദവി എന്നിങ്ങനെ സ്ത്രീസംബന്ധപദങ്ങളെ വർഗീകരിക്കുകയും അതിൽ നിന്ന് ഉദാഹരണങ്ങളായി തെരെഞ്ഞെടുത്ത പദങ്ങളുടെ പരിശോധനയുമാണ് ചുവടെ വിവരിക്കുന്നത്.

**6.2.1. ശരീരാസ്പദം– പുരുഷനിർമ്മിത പദവലകളിലെ ലിംഗമൂല്യം– 'സുന്ദരി'**

ശാരീരികപ്രത്യേകതകളുടെ അടിസ്ഥാനത്തിൽ സ്ത്രീകളെ പ്രതിനിധീകരിക്കുന്ന പദങ്ങളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്. ശരീരവുമായി ബന്ധപ്പെട്ട് സ്ത്രീകളെ നിർണയിക്കുന്നത് പലപ്പോഴും ലൈംഗികഉപകരണം എന്ന നിലയിലാണ്. അതിനെയും രണ്ടുതരത്തിൽ സമീപിക്കാം ഒന്ന് സ്ത്രീകളെ ഉയർത്തി വയ്ക്കുന്നതിനും മറ്റൊന്ന് താഴ്ത്തിക്കെട്ടുന്നതിനും. സ്ത്രീകളെ അവമതിക്കാനായി ഉപയോഗിക്കുന്ന ശരീരകേന്ദ്രിതപദങ്ങളധികവും തെറിവാക്കുകളാണ്. സ്ത്രീയ്ക്കും പുരുഷനും നേരേ ഒരേപോലെ പ്രയോഗിക്കുവാനും തെറിപ്പദങ്ങൾ ഉപയോഗിക്കുന്നു. മലയാളത്തിലെ തെറിപ്പദങ്ങളെ സംബന്ധിച്ച പഠനങ്ങൾ അക്കാര്യം ബോധ്യപ്പെടുത്തുന്നു. തെറിപ്പദങ്ങളുടെ ശ്ലീല– അശ്ലീല പ്രയോഗങ്ങളിൽ, അശ്ലീല പദങ്ങളിലാണ് ശരീരാവയവവർണന കൂടുതലായും കാണുന്നത് (നിഷിതാദാസ്, വി. 2017). തെറിപ്പദങ്ങൾ സ്ത്രീകളെ ഇകഴ്ത്തുകയാണെന്ന പൊതുധാരണ സാമൂഹികമായി നിലനിൽക്കുന്നതിനാലും അത്തരം പഠനങ്ങൾ നിലവിൽ ഉള്ളതിനാലും തെറിപ്പദങ്ങളെ കേന്ദ്രീകരിച്ച വിശദപഠനത്തിന് ഇവിടെ ശ്രമിക്കുന്നില്ല.

അതേസമയം സ്ത്രീകളെ ഉയർത്തിവയ്ക്കുന്നുവെന്ന തരത്തിൽ ഉപയോഗിക്കുന്ന പദങ്ങളിലെ ലിംഗമൂല്യത്തെയാണ് അപഗ്രഥിക്കുന്നത്.

സ്ത്രീകളെ പ്രതിനിധീകരിക്കുന്ന പദമാണ് 'സുന്ദരി'. സൌന്ദര്യം എന്ന സങ്കല്പനത്തെ മുൻനിറുത്തി പ്രയോഗിക്കുന്ന ഈ പദത്തിന് സാമൂഹികമായി പൊതു അംഗീകാരവുമുണ്ട്. സ്ത്രീകളെ ഗുണാത്മകമായാണ് കാണുന്നത്. സുന്ദരിയായിരിക്കുക എന്നതിന് 322 പദങ്ങളാണ് 'ശബ്ദതാരാവലി' നൽകുന്നത്. സ്ത്രീയെന്നാൽ സുന്ദരിയായിരിക്കുക എന്ന ഒരു വീക്ഷണം കൂടി നിഘണ്ടു പങ്കുവയ്ക്കുന്നു. അത് തീർത്തും പുരുഷനിർമ്മിത, സവർണ മനോഭാവമാണെന്ന് സുന്ദരിയെ നിർമ്മിക്കുന്ന പദക്കൂട്ടുകളിലൂടെ മനസ്സിലാക്കാം. 'സുന്ദരി' എന്ന അർഥം വരുന്ന പദങ്ങളുടെ അർഥവിതരണരീതി, അംഗോപാംഗവർണന, രൂപ സവിശേഷത, ചലന, ഭാഷണ, സ്വഭാവ സവിശേഷത എന്നിങ്ങനെ പദങ്ങളെ വർഗീകരിച്ച് സ്ത്രീപക്ഷസമീപനങ്ങളിലൂടെ ലിംഗമൂല്യത്തെ വിലയിരുത്താവുന്നതാണ്.

അർഥവിതരണത്തെ അടിസ്ഥാനമാക്കി രണ്ടു തരത്തിൽ ഈ പദങ്ങളെ സമീപിക്കാം.

**6.2.1.1. ഏകാർഥപദം അഥവാ പ്രത്യക്ഷാർഥപദം.**

**6.2.1.2. ബഹ്വർഥപദം അഥവാ പരോക്ഷാർഥപദം**

ഒരു പദം സുന്ദരി എന്ന ഒറ്റ അർഥത്തിൽ മാത്രമാണ് നിഘണ്ടുവിൽ പ്രത്യക്ഷപ്പെടുന്നുവെങ്കിൽ അത്തരം പദങ്ങളെയാണ് ഏകാർഥപദം അഥവാ പ്രത്യക്ഷാർഥപദം എന്ന് ഇവിടെ പറയുന്നത്. ഉദാ:-

1. അധിമധുരാകൃതി- സുന്ദരി
2. അംബുജാക്ഷി- സുന്ദരി
3. അരുണാധരി- സുന്ദരി

4. കാർക്കുഴലാൾ, കുന്തലാൾ- സുന്ദരി
5. മാൻകണ്ണി- സുന്ദരി
6. മീനാക്ഷി- സുന്ദരി

പദത്തിന് ഒന്നിലധികം അർഥം ഉണ്ടായിരിക്കുകയും അതിലൊരർഥം സുന്ദരി എന്ന ആശയത്തെ ഉൾക്കൊള്ളുകയും ചെയ്യുന്ന തരം പദങ്ങളെയാണ് ബഹ്വർഥ പദം അഥവാ പരോക്ഷാർഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉദാ:-

1. കളമൊഴി- 1. മാധുര്യമുള്ള വാക്ക്. 2. സുന്ദരി (കളഭാഷിണി)
2. കാമിനി- 1. അധികം കാമമുള്ളവൾ, 2. സുന്ദരി, വിലാസിനി, 3. ഭീരുവായ സ്ത്രീ, 4. മദ്യം, 5. മരമഞ്ഞൾ, 6. ഇത്തിക്കണ്ണി
3. ഒളിമങ്ക- 1.സുന്ദരി 2. രഹസ്യ കാമുകി
4. തരുണി- 1. യൗവനമുള്ളവൾ, 16-നും 30-നുമിടയിൽ പ്രായമുള്ളവൾ (കന്യാവസ്ഥയെ തരണം ചെയ്തവൾ, കടന്നവൾ, എന്നർഥം). 2. സുന്ദരി
5. കാന്ത-1. ഭാര്യ, പ്രിയ. 2. സുന്ദരി

ബഹ്വർഥപദങ്ങളെ സജാതീയമെന്നും വിജാതീയമെന്നും തിരിക്കാം. അതായത്, മേൽസൂചിപ്പിച്ചതിൽ നിന്നും കാമിനി എന്ന പദം എടുക്കാം. അതിന് നിഘണ്ടു നൽകുന്ന അർഥം - 1. അധികം കാമമുള്ളവൾ, 2. സുന്ദരി, വിലാസിനി, 3. ഭീരുവായ സ്ത്രീ, 4. മദ്യം, 5. മരമഞ്ഞൾ, 6. ഇത്തിക്കണ്ണി എന്നിങ്ങനെയാണ്. 'സുന്ദരി' എന്ന ആശയത്തെ ഉൾക്കൊള്ളുന്നവയെ സജാതീയമെന്നും അതുമായി പ്രത്യക്ഷബന്ധം പുലർത്താത്ത '4. മദ്യം, 5. മരമഞ്ഞൾ, 6. ഇത്തിക്കണ്ണി' എന്നീ അർഥത്തെ വിജാതീയമായും കണക്കാക്കാം.

**6.2.2. അംഗ- ഉപാംഗ വർണന**

സ്ത്രീസൌന്ദര്യത്തെ വർണ്ണിക്കുന്നതിൽ അംഗ, ഉപാംഗ വർണനയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ഓരോ അംഗത്തിന്റേയും സൂക്ഷ്മവർണനകളിലൂടെയാണ് സ്ത്രീ

സൌന്ദര്യത്തെ നിർണയിക്കുന്നത്. ആന്തരികസ്വത്വസൌന്ദര്യത്തിനപ്പുറം ബാഹ്യ ഗുണവിശേഷണങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. സ്ത്രീയെ വേർതിരിക്കുന്നതിൽ സാമൂഹിക സാംസ്കാരിക ഘടകങ്ങളുടെ സ്വാധീനം എത്രത്തോളമുണ്ടെന്നും അതെങ്ങനെ പ്രവർത്തിക്കുന്നുവെന്നും അംഗ–ഉപാംഗ പദക്കൂട്ടുകളിൽ നിന്നും ബോധ്യപ്പെടുന്നു. പ്രധാനമായും തലമുടി, നെറ്റി, പുരികം, കണ്ണ്, ചുണ്ട്, മുഖം, കഴുത്ത്, സ്തനം, അരക്കെട്ട്, നിതംബം, തുട തുടങ്ങിയ അംഗ– ഉപാംഗങ്ങളിലൂടെ സ്ത്രീയെ സുന്ദരിയാക്കുന്ന ഘടകങ്ങളെയാണ് നിഘണ്ടുവിൽ വിവരിക്കുന്നതെന്നു കാണാം.

**6.2.2.1. തലമുടി**

സ്ത്രീസൌന്ദര്യത്തെ നിർണയിക്കുന്നതിൽ പ്രഥമഘടകമായി തലമുടി പ്രവർത്തിക്കുന്നു. ആധുനിക വ്യക്തിവത്കരണത്തിന്റെ ഭാഗമായി രൂപംകൊണ്ട ശരീരാധിഷ്ഠിത ആൺ, പെൺ സങ്കല്പനത്തിൽ തലമുടിക്ക് നിർണായക സ്വാധീനമുണ്ട്. സ്ത്രൈണലക്ഷണങ്ങളിൽ ഒന്നായി തലമുടിയെ കാണുന്നു. സാഹിതീയ ഭാവനയിലും സ്ത്രീസൌന്ദര്യഘടകങ്ങളിൽ ഒന്നായി വരുന്നത് തലമുടിയാണ്. തലമുടിയിലൂടെ സ്ത്രീയെ സുന്ദരിയാക്കുന്ന 31– പദങ്ങളെയാണ് 'ശബ്ദതാരാവലി' അടയാളപ്പെടുത്തുന്നത്. ഈ പദങ്ങളുടെ വിശകലനത്തിലൂടെ അതിലടങ്ങിയിരിക്കുന്ന പ്രത്യയശാസ്ത്രത്തെ തുറന്നുകാട്ടാനാവും.

1. അഞ്ജനകേശി– സുന്ദരി, (അഞ്ജനവർണമായ കേശമുള്ളവൾ)
2. കച്ചവാർക്കുഴലി– കച്ച പോലെ നീണ്ടതും ഇടതൂർന്നതുമായ മുടിയുള്ളവൾ, സുന്ദരി
3. കണ്ടിക്കുഴലി– സുന്ദരി (കരിം പായൽ പോലെ, കനത്തിൽ വളർന്ന മുടിയുള്ളവൾ)
4. കണ്ടിപ്പൂരിക്കുഴലി– കണ്ടിക്കുഴലി, സുന്ദരി, (കരിം പായൽ പോലെ, കനത്തിൽ വളർന്ന മുടിയുള്ളവൾ)

5. കണ്ടിവാർക്കുഴലി– കണ്ടിക്കുഴലി, (സുന്ദരി), (കണ്ടിവാർ– കരിഞ്ചണ്ടി പോലെ അഴകാർന്ന )
6. കന്നൽക്കാർവേണി (യാൾ) – സുന്ദരി, (മധുരവും സുന്ദരവും കാർപോലെ കറുത്തതുമായ കേശമുള്ളവൾ)
7. കന്നല്മുടിയാൾ– സുന്ദരി, കറുത്ത മുടിയുള്ളവൾ
8. കറ്റക്കാർവേണി– സുന്ദരി, കാർമേഘം പോലുള്ള മുടിയോടു കൂടിയവൾ
9. കറ്റക്കുഴലി– സുന്ദരി, അധികം കറുത്തും തിങ്ങിഞെരുങ്ങിയിരിക്കുന്നതുമായ തലമുടിയോടു കൂടിയവൾ
10. കറ്റവാർക്കുഴലി– സുന്ദരി (കെട്ടിവച്ചിരിക്കുന്ന അഥവാ കറ്റപോലുള്ള വാർക്കുഴലോടു കൂടിയവൾ)
11. കരുങ്കുഴലി– സുന്ദരി, കറുത്ത മുടിയുള്ളവൾ
12. കാർക്കുഴലാൾ, കുന്തലാൾ– സുന്ദരി, മഴക്കാറു പോലെ കറുത്ത മുടിയുള്ളവൾ
13. കാർവ്വേണി– കറുത്ത തലമുടി, കറുത്ത തലമുടിയുള്ളവൾ
14. കാർവ്വേണിയാൾ– സുന്ദരി,  കറുത്ത തലമുടിയുള്ളവൾ
15. കുഴലാൾ– കുഴലോടു കൂടിയവൾ, കുഴലി
16. കുഴലി– 1. ചുരുണ്ട തലമുടിയോടു കൂടിയവൾ (സമസ്തപദത്തിൽ ഉത്തരപദമായി പ്രയോഗം) . വണ്ട്, മേഘം മുതലായ ശബ്ദങ്ങൾ മുന്നിൽ ചേർത്താൽ 'കറുത്ത തലമുടിയോടു കൂടിയവൾ' (സുന്ദരി) എന്നർത്ഥം കിട്ടും ' നീലക്കാർ കുഴലി', 'വണ്ടാർക്കുഴലി
17. കണ്ടിക്കാർക്കുഴൽ, കുന്തൽ– കാർമേഘം പോലെ കറുത്തു നീണ്ട തലമുടി, അപ്രകാരമുള്ള തലമുടിയോടു കൂടിയവൾ, സുകേശിനി, സുന്ദരി
18. കാരാർക്കുഴൽ– മേഘം പോലെ മനോഹരമായ തലമുടി, സുന്ദരി
19. ചാരുകേശിനി– സുന്ദരി, (മനോഹരമായ തലമുടിയോടു കൂടിയ)
20. ചുരിക്കുഴലാൾ– ചുരുണ്ട തലമുടിയോടു കൂടിയവൾ, സുന്ദരി

21. താരാർകുഴലി– പൂവണിഞ്ഞ തലമുടിയോടു കൂടിയവൾ, പൂ പോലെ മൃദുവായ മുടിയുള്ളവൾ
22. താർകുഴലാൾ– താരാർകുഴലി, പൂങ്കുഴലാൾ (സുന്ദരി)
23. നീലക്കാർവേണി– സുന്ദരി, കറുത്ത മേഘത്തെപോലെ മുടിയുള്ളവൾ
24. നീലവാർക്കുഴലി, * കേശി– സുന്ദരി, കറുത്തു നീണ്ട തലമുടിയുള്ളവൾ
25. നീലവേണി– സുന്ദരി, കറുത്തു നീണ്ട തലമുടിയുള്ളവൾ
26. പൂങ്കുഴലാൾ, പൂങ്കുഴലി, പൂവേണി– സുന്ദരി, നല്ല തലമുടിയുള്ളവൾ
27. പൂവാർകുഴലാൾ, കുഴലി– സുന്ദരി, പൂ ചൂടിയ , പൂ പോലുള്ള
28. പൂവേണി– 1. നല്ല തലമുടി, 2. സുന്ദരി (പൂവണിഞ്ഞ തലമുടിയുള്ളവൾ, മനോഹരമായ തലമുടിയുള്ളവൾ), പൂവേണിയാൾ
29. മല്ലക്കുഴലി– സുന്ദരി, ഇട തിങ്ങിയ തലമുടിയോടു കൂടിയവൾ
30. മാലവാർകുഴലി– സുന്ദരി, മാല ചൂടുന്നതും നീളമുള്ളതുമായ തലമുടി
31. വണ്ടാർക്കുഴലി, പൂങ്കുഴലാൾ, പൂങ്കുഴലി– സുന്ദരി, (വണ്ടിനെ പോലെ കറുത്തമുടിയുള്ളവൾ)

സ്ത്രീയെ സുന്ദരിയാക്കുന്ന ഘടകം എന്ന നിലയിൽ തലമുടിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള 31 പദങ്ങളാണ് 'ശബ്ദതാരാവലി' യിൽ കാണാനായത്. അവ പ്രധാനമായും സാഹിത്യരൂപങ്ങളിൽ പ്രയോഗിക്കപ്പെടുന്ന പദങ്ങളാണ്. അതായത് സർഗാത്മകവ്യവഹാരത്തിൽ സ്ത്രീകളെ പ്രതിനിധീകരിക്കുന്ന പദങ്ങളാണിവയെല്ലാം. ഒരു സ്ത്രീയുടെ സൌന്ദര്യത്തെ നിർമ്മിച്ചെടുക്കുന്നതിൽ തലമുടിയുടെ പ്രാധാന്യത്തെ ഈ പദങ്ങൾ തുറന്നു കാട്ടുന്നു. എല്ലാതരം തലമുടിയും സൌന്ദര്യദർശനത്തിൽ വരുന്നില്ല, മറിച്ച് നിറം, വലുപ്പം, രൂപം, കനം എന്നിവയുടെ അടിസ്ഥാനത്തിൽ നിർമ്മിച്ചെടുക്കുന്ന സവിശേഷതകളിലൂന്നിയതും അതിൽ ഉൾപ്പെടുന്നതുമായ സ്ത്രീകളെയാണ് സുന്ദരിയായി കണക്കാക്കപ്പെടുന്നത്.

**നിറം**– അഞ്ജനവർണമായ കേശമുള്ളവൾ(1), മധുരവും സുന്ദരവും കാർപോലെ കറുത്തതുമായ കേശമുള്ളവൾ(6), കറുത്ത മുടിയുള്ളവൾ(7), അധികം കറുത്തും തിങ്ങിഞെരുങ്ങിയിരിക്കുന്നതുമായ തലമുടിയോടു കൂടിയവൾ(9), കറുത്ത മുടിയുള്ളവൾ (11), മഴക്കാറു പോലെ കറുത്ത മുടിയുള്ളവൾ (12), കറുത്ത തലമുടി, കറുത്ത തലമുടിയുള്ളവൾ(13, 14), കാർമേഘം പോലെ കറുത്തു നീണ്ട തലമുടി, അപ്രകാരമുള്ള തലമുടിയോടു കൂടിയവൾ (17), കറുത്ത മേഘത്തെപോലെ മുടിയുള്ളവൾ (24, 25)

**വലുപ്പം**– കച്ച പോലെ നീണ്ടതും ഇടതൂർന്നതുമായ മുടിയുള്ളവൾ (2), കാർമേഘം പോലെ കറുത്തു നീണ്ട തലമുടി, അപ്രകാരമുള്ള തലമുടിയോടു കൂടിയവൾ, സുകേശിനി (17) കറുത്തു നീണ്ട തലമുടിയുള്ളവൾ (24, 25), മാല ചൂടുന്നതും നീളമുള്ളതുമായ തലമുടി (30)

**രൂപം**– കച്ച പോലെ നീണ്ടതും ഇടതൂർന്നതുമായ മുടിയുള്ളവൾ (2), കരിഞ്ചണ്ടി പോലെ അഴകാർന്ന (5), കെട്ടിവച്ചിരിക്കുന്ന അഥവാ കറ്റപോലുള്ള വാർക്കുഴലോടു കൂടിയവൾ (10), ചുരുണ്ട തലമുടിയോടു കൂടിയവൾ (16), മനോഹരമായ തലമുടിയോടു കൂടിയ (18, 19, 21, 22, 26,27), ചുരുണ്ട തലമുടിയോടു കൂടിയവൾ (20)

**കനം**– കരിം പായൽ പോലെ, കനത്തിൽ വളർന്ന മുടിയുള്ളവൾ (2, 3, 4), അധികം കറുത്തും തിങ്ങിഞെരുങ്ങിയിരിക്കുന്നതുമായ തലമുടിയോടു കൂടിയവൾ (9), ഇട തിങ്ങിയ തലമുടിയോടു കൂടിയവൾ (30)

നിറം, വലുപ്പം, രൂപം, കനം എന്നിവയുടെ അടിസ്ഥാനത്തിൽ തലമുടിയെ വിവരിക്കുന്ന പദങ്ങളാണ് മേൽസൂചിപ്പിച്ചത്. കറുപ്പ് നിറമാണ് മുടിയുടെ സൌന്ദര്യത്തിൽ പ്രധാനം. കാർമേഘം പോലെ കറുത്ത നിറം. കറുപ്പിനെ മുഖ്യ മായി കാണുന്നത് തലമുടിയുടെ കാര്യത്തിൽ മാത്രമാണ്. നീളം ഉള്ളതും ഇട തൂർന്നതും ആവണം സ്ത്രീയുടെ തലമുടിയെന്ന ധ്വനിയും ഈ പദങ്ങളിൽ

അടങ്ങിയിരിക്കുന്നു. ഇത്തരം ലക്ഷണങ്ങൾ ഉൾക്കൊള്ളുന്ന സ്ത്രീപ്രതിനിധാന ങ്ങളെയാണ് സമൂഹം നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. സാഹിതീയ വ്യവഹാരങ്ങൾ നിർമ്മിച്ചെടുത്ത സൌന്ദര്യഘടകം എന്ന നിലയിൽ മാത്രം ഇത്തരം പദവിനിമയത്തെ കാണാൻ കഴിയില്ല. ഈ പദങ്ങൾ എല്ലാം ഉത്പാദിപ്പിക്കുന്ന മൂല്യത്തെ സമൂഹം അതേപടി നിലനിർത്തുന്നുവെന്നതാണ് വാസ്തവം. പരസ്യ ങ്ങളിലൂടെയും മറ്റു ദൃശ്യവ്യവഹാരങ്ങളിലൂടെയും നിരന്തരം ഈയൊരു ആശയത്തെ വാണിജ്യവത്കരിക്കുവാനും അതുവഴി നിലനിർത്തി കൊണ്ടുപോകുവാനും ശ്രമിക്കുന്നു. മാത്രമല്ല ഈയൊരു നിർമ്മിതിക്ക് അപ്പുറം നിൽക്കുന്നവയെല്ലാം സ്വാഭാവികമായും വൈരൂപ്യത്തിന്റെ ലക്ഷണം ആയിത്തീരുന്നു.

### 6.2.2.2. നെറ്റി

തലമുടി കഴിഞ്ഞാൽ നെറ്റിയാണ്. എങ്ങനെയാണ് നെറ്റിയെ സൌന്ദര്യ രൂപത്തിൽ നിഘണ്ടു വിവരിക്കുന്നതെന്നു നോക്കാം.

1. ഒണ്ണുതലാൾ– സുന്ദരി. (ഒളിയുള്ളനുതലാൾ, ശോഭയുള്ള നെറ്റിത്തട ത്തോടു കൂടിയവൾ)
2. ചിലനുതലാൾ– സുന്ദരി, (വില്ലുപോലെയുള്ള നെറ്റിയോടു കൂടിയവൾ)
3. നുതലി– ഒണ്ണുതലാൾ (സുന്ദരി)
4. പിറനുതലാൾ– സുന്ദരി, പിറ(ബാലചന്ദ്രൻ)യെ പോലെയുള്ള നെറ്റിയോടു കൂടിയവൾ

നെറ്റിയെ വിവരിക്കുന്നത് ഇപ്രകാരമാണ്, പ്രകാശമുള്ള അല്ലെങ്കിൽ ശോഭ യുള്ള നെറ്റിത്തടം (1, 3), വില്ലുപോലെയുള്ള നെറ്റി (2), പിറ (ബാലചന്ദ്രൻ) യെ പോലെയുള്ള നെറ്റിയോടു കൂടിയവൾ (അതായത് ഉദിച്ചിട്ട് അധികസമയമാവാത്ത

പൂർണചന്ദ്രനെപ്പോലെയുള്ള), ഇവിടെ നെറ്റിയുടെ ആകൃതിയുടേയും പ്രസന്നത യുടേയും അടിസ്ഥാനത്തിലാണ് സ്ത്രീയുടെ സൌന്ദര്യത്തെ നിർണയിക്കുന്നത്.

### 6.2.2.3. പുരികം

പുരികത്തെയും സൌന്ദര്യഘടകമായാണ് സർഗാത്മകവ്യവഹാരം കാണുന്നത്. സ്ത്രീയുടെ പുരികത്തെ പ്രധാനമായും ആകൃതി നോക്കിയാണ് വിശേഷിപ്പിക്കുന്നത്. വളഞ്ഞപുരികത്തോടു കൂടിയവളാണ് സുന്ദരി. അതായത് ഒരുവൾ സുന്ദരിയായിരിക്കണമെങ്കിൽ അവളുടെ പുരികത്തിന്റെ പോലും ആകൃതി കൃത്യമായി നിർണയിക്കപ്പെട്ടിരിക്കുന്നു.

1. അഞ്ചിതഭ്രൂ- വളഞ്ഞ പുരികം അതോടു കൂടിയവൾ, സുന്ദരി
2. നതഭ്രൂ- സുന്ദരി, വളഞ്ഞ പുരികക്കൊടിയുള്ളവൾ

### 6.2.2.4. കണ്ണ്

കാഴ്ചയെ സഹായിക്കാനായി പ്രവർത്തിക്കുന്ന ഇന്ദ്രിയം എന്ന ധർമ്മത്തിനപ്പുറം കണ്ണിനെ സൌന്ദര്യത്തിന്റെ മുഖ്യഘടകമായാണ് വിലയിരുത്തുന്നത്. കണ്ണിന്റെ അടിസ്ഥാനത്തിൽ സ്ത്രീയെ പ്രതിനിധീകരിക്കുന്ന 102 വാക്കുകളാണ് 'ശബ്ദതാരാവലി' നൽകുന്നത്. ഇതിനു സമാനമായ വിവരണം തന്നെയാണ് 'പച്ചമലയാള നിഘണ്ടു'വിലും കാണുന്നത്.

1. അങ്കയർക്കണ്ണി- ഒരു ദേവി, മധുരമീനാക്ഷി (മനോഹരമായ കയലിനെ പോലെ കണ്ണുള്ളവൾ )
2. അംബുജാക്ഷി- സുന്ദരി, താമരയിതൾ പോലെയുള്ള കണ്ണോടു കൂടിയവൾ
3. അംബുജേക്ഷണ- സുന്ദരി, താമരയിതൾ പോലെയുള്ള കണ്ണോടു കൂടിയവൾ
4. അരവിന്ദാക്ഷി- സുന്ദരി (താമരയിതൾ പോലെയുള്ള കണ്ണോടു കൂടിയവൾ )
5. അസിതാപാംഗി- സുന്ദരി, (കറുത്ത കടക്കണ്ണുള്ളവൾ)

6. ആയതനേത്ര– സുന്ദരി, നീണ്ട കണ്ണുള്ള
7. ആയതാക്ഷി– സുന്ദരി, നീണ്ട കണ്ണുള്ള
8. ഇന്ദീവരനയന– സുന്ദരി, കരിങ്കുവളം പോലുള്ള
9. ഇന്ദീവരാക്ഷി– സുന്ദരി, കരിങ്കുവളം പോലുള്ള
10. ഏണദൃക്ക്– സുന്ദരി (മാൻകണ്ണുള്ള). 2. മകരം രാശി
11. ഏണനയന– വി. കൃഷ്ണമൃഗത്തിന്റെ നോട്ടത്തോടുകൂടിയ . നാ. സുന്ദരി (മാൻകണ്ണി).
12. ഏണനേത്ര– സുന്ദരി, മാൻകണ്ണി
13. ഏണമിഴി– സുന്ദരി, മാൻകണ്ണി
14. ഏണലോചന– സുന്ദരി, കൃഷ്ണമൃഗത്തിന്റെ നോട്ടത്തോടുകൂടിയ
15. ഏണാക്ഷി– സുന്ദരി, മാൻകണ്ണി
16. കഞ്ജദല(ള)ക്ഷി, കഞ്ജനേർമുഖി– സുന്ദരി, താമരയിതൾ പോലുള്ള
17. കർണ്ണേജപാക്ഷി– സുന്ദരി, ചെവിയോളമെത്തു നീണ്ട കണ്ണോടു കൂടിയവൾ.
18. കന്നത്താർമിഴിയാൾ, കന്നനേർമിഴി– സുന്ദരി,
19. കന്നല്ക്കണ്ണാൾ, കന്നൽക്കണ്ണി – സുന്ദരി, (മധുരമായ– മനോഹരമായ– കണ്ണുള്ളവൾ, കാമദേവന്റെ വില്ലായ കരിമ്പിന്റെ സ്ഥാനം വഹിക്കുന്ന കണ്ണുള്ളവൾ).
20. കന്നല്മിഴി– സുന്ദരി
21. കമലാക്ഷി– സുന്ദരി
22. കയൽക്കണ്ണാൾ, കയൽക്കണ്ണി– സുന്ദരി (കയൽമത്സ്യത്തിന്റേതു പോലുള്ള കണ്ണോടു കൂടിയവൾ
23. കർണ്ണേജപാക്ഷി– സുന്ദരി, ചെവിയോളമെത്തുന്ന നീണ്ട കണ്ണോടു കൂടിയവൾ
24. കാതരമിഴി– കാതരാക്ഷി
25. കാതരാക്ഷി– സുന്ദരി, ഭയം കൊണ്ട് ചഞ്ചലമായ നേത്രത്തോടു കൂടിയവൾ
26. കാതിടഞ്ഞ മിഴി– സുന്ദരി
27. കുരംഗാക്ഷി– മാൻകണ്ണി.
28. കുശേശയാക്ഷി– സുന്ദരി
29. കമലനയനാ– സുന്ദരി
30. കമലേക്ഷണ– സുന്ദരി
31. കരിമീൻനേത്ര– അഴകുള്ള കണ്ണുള്ളവൾ

32. കുരംഗനയന– സുന്ദരി (മാൻകണ്ണി)
33. ചകോരനയന– സുന്ദരി.
34. ചകോരാക്ഷി– ചകോരനയന
35. ചക്ഷുക്ഷ്യാ– സുന്ദരി
36. ചഞ്ചലമിഴി, ചഞ്ചലലോചന– ചഞ്ചലാക്ഷി (സുന്ദരി)
37. ചഞ്ചലാക്ഷി– സുന്ദരി (കണ്ണിനു സൗന്ദര്യമുള്ളവൾ, ഇളകികൊണ്ടിരിക്കുന്ന അക്ഷികളോട്ടു കൂടിയവൾ). 'ചടുലനയന'
38. ചടുലനയന– സുന്ദരി (ചഞ്ചലാക്ഷി)
39. ചടുലാക്ഷി– സുന്ദരി , ചഞ്ചലാക്ഷി
40. ചാരുനേത്ര– സുന്ദരി, ഭംഗിയുള്ള കണ്ണുള്ളവൾ
41. ചാരുലോചന– ചാരുനേത്ര
42. ചെൽക്കണ്ണാൾ– സുന്ദരി, വേൽപോലെ കൂർത്ത കണ്ണുള്ളവൾ
43. ചേൽക്കണ്ണാൾ, ചേൽക്കണ്ണി– സുന്ദരി, (നല്ല കണ്ണുള്ളവൾ, കയൽമീൻകണ്ണുപോലെയുള്ള കണ്ണുകളോട്ടു കൂടിയവൾ)
44. ചൊൽക്കണ്ണി– സുന്ദരി, മദിരാക്ഷി (മദിപ്പിക്കുന്ന കണ്ണോട്ടു കൂടിയവൾ)
45. തണ്ടാർമിഴി– സുന്ദരി (താമരക്കണ്ണി)
46. തരള നേത്ര– സുന്ദരി
47. തരളമിഴി– സുന്ദരി
48. തരളനയന– സുന്ദരി
49. തരളലോചന– സുന്ദരി (ഇളകിക്കളിക്കുന്ന കണ്ണോട്ടുകൂടിയവൾ)
50. തരളാക്ഷി– സുന്ദരി
51. താമരക്കണ്ണി– സുന്ദരി
52. നല്ലമിഴി– സുന്ദരി (മല്ലമിഴി)
53. താമരസാക്ഷി– (താമരസാ–ക്ഷി)– സുന്ദരി
54. നളിനാക്ഷി– സുന്ദരി
55. നിട്ടുങ്കണ്ണി– സുന്ദരി, നീണ്ട കണ്ണുള്ളവൾ
56. നീലക്കണ്ണാൾ– സുന്ദരി, കറുത്ത കണ്ണുള്ളവൾ
57. നീലമിഴി– സുന്ദരി
58. നീലാരവിന്ദതയാക്ഷി– സുന്ദരി, നീലതാമരപ്പൂവിന്റെ ഇതൾ പോലെ യുള്ള നീണ്ട കണ്ണുകളോട്ടു കൂടിയവൾ.
59. നീലേക്ഷണ– സുന്ദരി
60. നെടുങ്കണ്ണി– സുന്ദരി, നീണ്ട കണ്ണുള്ളവൾ (ആയതാക്ഷി)
61. പക്ഷ്മളാക്ഷി– സുന്ദരി, (ഉറപ്പും നീളവുമുള്ള പീലികളോട്ടു കൂടിയവൾ)

62. പങ്കജാക്ഷി- സുന്ദരി,  താമരപ്പൂപോലെയുള്ള കണ്ണുകളോടു കൂടിയവൾ
63. പങ്കജേക്ഷണാ- സുന്ദരി
64. പത്മാക്ഷി- അംബുജാക്ഷി (സുന്ദരി)
65. പേടമാൻകണ്ണാൾ, പേടമാൻകണ്ണി- സുന്ദരി. "പേടമാൻകണ്ണിയാൾ, പേടമാൻതടങ്കണ്ണാൾ"
66. മകരലോചന- സുന്ദരി,(മൃഗാക്ഷി)
67. മകരാക്ഷി- സുന്ദരി,
68. മദിരനയന- സുന്ദരി,
69. മദിരാക്ഷി- സുന്ദരി,
70. മദിരേക്ഷണ- സുന്ദരി
71. മരുണ്ടകണ്ണാൾ- സുന്ദരി,
72. മല്ലനയന, *നേത്ര- സുന്ദരി
73. മല്ലനെടുങ്കണ്ണാൾ-സുന്ദരി,
74. മല്ലമിഴി- സുന്ദരി,
75. മല്ലലോചന- സുന്ദരി,
76. മല്ലാക്ഷി- സുന്ദരി,
77. മഴലമിഴി- സുന്ദരി,
78. മറിമാൻകണ്ണാൾ, കണ്ണി- സുന്ദരി,
79. മാനേലുംകണ്ണി- സുന്ദരി,
80. മാൻകണ്ണി- സുന്ദരി,
81. മാഴക്കണ്ണാൾ- സുന്ദരി,
82. മീനലോചന- സുന്ദരി,
83. മീനാക്ഷി- സുന്ദരി,
84. മീൻകണ്ണി- സുന്ദരി,
85. മുഗ്ദ്ധാക്ഷി- സുന്ദരി,
86. രുരുനേത്ര- സുന്ദരി, (മാൻകണ്ണി)
87. ലോലാക്ഷി- ലോലമായ കണ്ണുകൾ ഉള്ളവൾ, സുന്ദരി,
88. ലോലയതേക്ഷണ- സുന്ദരി,
89. ലോലേക്ഷണ- സുന്ദരി
90. വരമിഴിയാൾ- സുന്ദരി, നീണ്ട കണ്ണുള്ളവൾ
91. വാമലോചനാ- സുന്ദരി
92. വാമാക്ഷി- സുന്ദരി
93. വാമോരു- സുന്ദരി

94. വാരിജമിഴിയാൾ– സുന്ദരി
95. വിലോലനേത്ര– സുന്ദരി
96. വേൽമിഴി– സുന്ദരി
97. വിശാലാക്ഷി– സുന്ദരി
98. സാരംഗാക്ഷി– സുന്ദരി
99. സുനയന– സുന്ദരി
100.ഹരിണാക്ഷി– സുന്ദരി
101. ഹരിണീദൃക്ക്– സുന്ദരി
102.സുദൃക്ക്– സുന്ദരി, നല്ല കണ്ണുകളോടു കൂടിയവൾ

സ്ത്രീയെ സുന്ദരിയാക്കുന്നതിൽ മറ്റേതൊരു അവയവത്തെക്കാളും പ്രാധാന്യമാണ് കണ്ണിന് നൽകിയിരിക്കുന്നത്. ആകൃതിയുടേയും ചലന ത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ കണ്ണിനെ നിർണയിക്കുന്നു. മാത്രമല്ല കൺ പീലികൾക്കും ലക്ഷണങ്ങൾ നൽകുന്നുണ്ട്. കണ്ണുമായി ബന്ധപ്പെട്ട പദങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോഴാണ് അതിലടങ്ങിയിരിക്കുന്ന പ്രത്യയശാസ്ത്രം മനസ്സിലാകുന്നത്. മാൻ, മത്സ്യം തുടങ്ങിയ ജീവികളുടെ കണ്ണുമായോ, സ്വഭാവ സവിശേഷതകളുമായോ താമര പോലെയുള്ള സസ്യങ്ങളുമായോ ആണ് വർണിക്കുന്നത്. നേർക്കുനേരെയുള്ള നോട്ടത്തിനപ്പുറം പാതിചിമ്മിയോ, ചരിഞ്ഞോ, അല്പം ഭയം കലർന്നോ, നാണത്തോടെയോ ഒക്കെയുള്ള നോട്ടമാണ് പെണ്ണിന് ഉണ്ടായിരിക്കേണ്ടതെന്നും വിവരിക്കുന്നു. എങ്ങനെ, ഏതു രീതിയിൽ പെണ്ണ് ഇടപെടണമെന്ന് ഇത്തരം പദങ്ങളിലൂടെ കല്പിച്ചെടുക്കുന്നു.

**6.2.2.5.ചുണ്ട്**

1. അരുണാധരി– സുന്ദരി
2. തരളാധരി– സുന്ദരി
3. താമ്രാധരി– സുന്ദരി (ചെമന്ന ചുണ്ടുള്ള)
4. പാടാലാധരി– സുന്ദരി,
5. മധുരാധരി– സുന്ദരി,

6. വിദ്രുമാധരി– സുന്ദരി (പവിഴം പോലുള്ള അധരം)

ചുണ്ടിനെ പ്രധാനമായും നിറത്തിന്റെ അടിസ്ഥാനത്തിലാണ് വിവരിക്കുന്നത്. നിറമെന്നത് തലമുടിയിൽ കറുപ്പ് ആയിരുന്നെങ്കിൽ ചുണ്ടിലെത്തുമ്പോൾ ചുവപ്പാകുന്നു.

**6.2.2.6. പല്ല്**

1. സുദതി–സുന്ദരി (ശോഭനമായ പല്ലുകളോടു കൂടിയവൾ)

നിരന്നതും വെൺമയുള്ളതുമായ പല്ലുകളെയാണ് സൌന്ദര്യഘടകമായി വിശേഷിപ്പിക്കുന്നത്.

**6.2.2.7. മുഖം**

1. കലേശമുഖി– സുന്ദരി.
2. ചന്ദ്രനേർമുഖി(യാൾ)– സുന്ദരി
3. ചന്ദ്രമുഖി– സുന്ദരി
4. ചന്ദ്രവദ(നാ)– ചന്ദ്രമുഖി ( സുന്ദരി)
5. ചന്ദ്രാനനാ– ചന്ദ്രനെ പോലെ ഭംഗിയുള്ള മുഖത്തോടു കൂടിയവൾ, സുന്ദരി
6. ചാരുവക്ത്ര– സുന്ദരി, ഭംഗിയുള്ള മുഖത്തോടു കൂടിയവൾ
7. രാകേന്ദുമുഖി– സുന്ദരി,

മുഖത്തെ ചന്ദ്രനുമായി വർണിക്കുന്നു. പ്രസന്നതയും ആകൃതിയും പ്രധാനമായി കണ്ടുകൊണ്ടാണ് വിവരിക്കുന്നത്.

**6.2.2.8. കഴുത്ത്**

1. കംബുകണ്ഠി- സുന്ദരി (ശംഖിനോടു തുല്യമായ കഴുത്തുള്ളവൾ), ശംഖുപോലെ മൂന്നു വരയുള്ള കഴുത്തോടു കൂടിയവൾ.

സൂക്ഷ്മമായ വർണനയാണ് കഴുത്തിനും നൽകുന്നത്. ശംഖിനോടാണ് ഉപമിക്കുന്നത്.

**6.2.2.9. സ്തനം**

1. ഉതന്നസ്തനി- സുന്ദരി
2. പന്തണി കൊങ്കയാൾ, മുലയാൾ- സുന്ദരി (നിറഞ്ഞു തുളുമ്പുന്ന മുലകളുള്ളവൾ)
3. മാടണിമുലയാൾ- സുന്ദരി,
4. പീനസ്തനി- സുന്ദരി, തടിച്ചുരുണ്ട മുലകളുള്ളവൾ
5. പീവരസ്തനി- സുന്ദരി, 1. കൊഴുത്തുരുണ്ട മുലകളുള്ളവൾ. 2. അകിടു കനത്ത പശു

ആകൃതി ആധാരമാക്കിയാണ് സ്തനത്തെ വിവരിക്കുന്നത്. നിറഞ്ഞ മാറിട മാണിതിൽ പ്രധാനമാകുന്നത്. അതായത് ഓരോ അംഗത്തേയും സൂക്ഷ്മമായി കാണുകയും അവയെ ആകൃതി, നിറം എന്നിവയെ അടിസ്ഥാനപ്പെടുത്തി ചില പ്രത്യേക സവിശേഷതകൾ നൽകുകയും അതുമായി ഒത്തുപോകുന്നതുമായ അംഗ ങ്ങൾ ഉള്ള സ്ത്രീകളെ ഗുണവതികളായി കാണുന്നു. അതൊരിക്കലും സ്ത്രീനിർമ്മിത പദങ്ങളല്ല. സ്ത്രീയെ പ്രതിനിധീകരിക്കുന്നതിനായി പുരുഷതാത്പര്യത്തിന്നനുസരിച്ച് ഉണ്ടാക്കിയെടുത്തവ ആയാണ് പദവിശകലനത്തിൽ ബോധ്യപ്പെടുന്നത്

**6.2.2.10. അരക്കെട്ട്**

1. ചുരുങ്ങിടമാർ- ചുരുങ്ങിയ ഇടയോടു കൂടിയവർ, സുന്ദരിമാർ
2. തനുമദ്ധ്യാ- 1. സുന്ദരി (കൃശമായ മദ്ധ്യപ്രദേശത്തോടു കൂടിയവൾ )

3. തലോദരി- 1. സുന്ദരി (കൃശോദരി, ഉള്ളം കയ്യിലൊതുങ്ങാവുന്ന ഉദരമുള്ളവൾ ). 2. ഭാര്യ, സ്ത്രീ, കുടവയറുള്ളവൾ
4. നുണ്ണിട- സുന്ദരി (കൃശാംഗി), മെലിഞ്ഞ മധ്യപ്രദേശത്തോടു കൂടിയവൾ, ചുരുങ്ങിടയാൾ.
5. നേരിടയാൾ- സുന്ദരി, നേർത്ത (ഒതുങ്ങിയ) ഇട (അര) യോടു കൂടിയവൾ
6. മദ്ധ്യക്ഷാമ- സുന്ദരി,
7. വരാരോഹ- ഉത്തമസ്ത്രീ, സുന്ദരി (ശ്രേഷ്ഠമായ കടിപ്രദേശത്തോടു കൂടിയവൾ)
8. സിംഹോദരി- കൃശോദരി, സിംഹത്തെപ്പോലെ ഇടുങ്ങിയ വയറുള്ളവൾ

വയറിനേയും വിശേഷിപ്പിക്കുന്നത് അളവുകേന്ദ്രിതമായാണ്. ഒതുക്കമുള്ള അല്ലെങ്കിൽ ഇടുങ്ങിയ വയറോടുകൂടിയവളാണ് സുന്ദരിയായ സ്ത്രീ. സിംഹത്തിന്റെ വയറിനോടാണ് വർണിക്കുന്നത്.

### 6.2.2.11. നിതംബം

1. നിതംബിനി- സുന്ദരി, (നല്ല നിതംബത്തോടു കൂടിയവൾ), സ്ത്രീ
2. പൃഥുജഘന, നിതംബ- സുന്ദരി

### 6.2.2.12. തുട

1. കരഭോരു- സുന്ദരി ( തുമ്പിക്കൈ പോലുള്ള തുടയോടു കൂടിയവൾ)
2. നീരോമോരു- സുന്ദരി, രോമമില്ലാത്ത തുടയോടുകൂടിയവൾ
3. രംഭോരു- സുന്ദരി (രംഭ- വാഴ- പോലെ തടിച്ചുരുണ്ട തുടകളുള്ളവൾ)

നിതംബം, തുട എന്നിവയും സൌന്ദര്യഘടകങ്ങളാണ്. അവ ഏതു തരത്തിലാവണമെന്നത് പദങ്ങളിലൂടെ കൃത്യമായി വിവരിക്കുന്നു. അംഗ- ഉപാംഗ വർണനകളിലൂടെ ഓരോ അവയവത്തെയും സൂക്ഷ്മമായി നിരീക്ഷിക്കുകയും മറ്റു ജീവ- അജീവ ഘടകങ്ങളുമായി സാമ്യപ്പെടുത്തി വിശദീകരിക്കാനും ശ്രമിക്കുന്നു.

സ്ത്രീയുടെ വ്യക്തിസത്തയെ നിർണയിക്കുന്ന ഒരു ഘടകത്തെയും ഈ പദങ്ങളോ അതിലൂടെ വിനിമയം ചെയ്യപ്പെടുന്ന മൂല്യങ്ങളോ ഉൾക്കൊള്ളുന്നില്ല. കേവലം ഒരു വസ്തു എന്ന നിലയിൽ സ്ത്രീകളെ മാറ്റിനിർത്തുകയോ നിർജീവമാക്കുകയോ ആണ് ചെയ്യുന്നതെന്ന് പദവിശകലനത്തിലൂടെ ബോധ്യപ്പെടുന്നു.

### 6.2.3. ആകൃതി –രൂപസവിശേഷത

അംഗ– ഉപാംഗ വർണനകൾ കൂടാതെ സ്ത്രീശരീരത്തെ പൂർണമായി പരാമർശിക്കുന്ന പദങ്ങളാണ് ആകൃതി അല്ലെങ്കിൽ രൂപസവിശേഷതയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. അംഗന– (പ്രശസ്തമായ അംഗത്തോടു കൂടിയവൾ, നല്ല ശരീരത്തോടു കൂടിയവൾ ) 2. സ്ത്രീ.
2. അത്ഭുതദർശന– സുന്ദരി, കാണുമ്പോൾ ആശ്ചര്യം ഉളവാക്കുന്നവൾ
3. അധിമധുരാകൃതി– സുന്ദരി, മനോഹരമായ ആകൃതിയുള്ളവൾ
4. അരുവൈ– സുന്ദരി (20 നും –25 നും ഇടയ്ക്ക് വയസ്സുള്ള സ്ത്രീ)
5. അഴകി– സുന്ദരി
6. കമ്രാംഗി– സുന്ദരി, കാമമുള്ള ആഗ്രഹമുള്ള അംഗത്തോടു കൂടിയവൾ
7. കാമ്യാംഗി– സുന്ദരി, കമനീയാംഗി
8. ചാരുതനു– ഭംഗിയുള്ള ശരീരം, സുന്ദരി
9. ചാരുദർശന– കാണാൻ കൊള്ളാവുന്ന, സുന്ദരി
10. ചാർവ്വംഗി– ഭംഗിയുള്ള ശരീരത്തോടു കൂടിയവൾ, സുന്ദരി
11. ചാർവ്വി– സുന്ദരി, ചാരുവായവൾ
12. ചേതോഹരാംഗി– സുന്ദരി, മനോഹരമായ അംഗത്തോടു കൂടിയവൾ
13. ചേതോഹാരിണി– മനോഹാരിണി, സുന്ദരി,
14. ചൊങ്കത്തി– അഴകുള്ളവൾ, സുന്ദരി
15. തന്വംഗി– 1. സുന്ദരി (കൃശാംഗി), മെലിഞ്ഞ അംഗത്തോടു കൂടിയവൾ
16. തന്വി– 1. സുന്ദരി, കൃശമായ അംഗത്തോടു കൂടിയവൾ
17. തയ്യലാൾ – സുന്ദരി (പെൺകിടാവ് )
18. തയ്യൽ (2) – ഭംഗി, അഴകുള്ളവൾ, പെണ്ണ്.
19. തരുണി– 1. യൗവനമുള്ളവൾ, 16–നും 30–നുമിടയിൽ പ്രായമുള്ളവൾ (കന്യാവസ്ഥയെ തരണം ചെയ്തവൾ എന്നർഥം). 2. സുന്ദരി

20. ത്ുമെയ്യാൾ– സുന്ദരി, അഴകാർന്ന ദേഹമുള്ളവൾ
21. തൈയലാൾ– സുന്ദരി
22. തൈയൽ– സുന്ദരി
23. നതാംഗി– സുന്ദരി, നതമായ അംഗത്തോട്ടു കൂടിയവൾ
24. നവാംഗി– സുന്ദരി, സ്ത്രീ
25. പാനക– സുന്ദരി
26. പെകൊടി– യുവതി, സുന്ദരി (വള്ളിപോലെയുള്ള ശരീരത്തോട്ടു കൂടിയവൾ)
27. പേശലഗാത്രി, പേശലാംഗി, പേശലാനന– സുന്ദരി, സൌന്ദര്യമുള്ള ശരീരത്തോട്ടു കൂടിയവൾ
28. പൈന്തന– സുന്ദരി,
29. പൈന്തൊളി– പൊൻവള, പൊൻവള അണിഞ്ഞവൾ, അഴകുള്ളവൾ, സ്ത്രീ,
30. പൊന്നിറത്താൾ– സുന്ദരി, സീത
31. പ്രദീപദർശിനി– സ്ത്രീ, സുന്ദരി (ചെരിഞ്ഞ നോട്ടമുള്ളവൾ )
32. മഞ്ജുനാശി– ദുർഗ, ശചി, സുന്ദരി,
33. മഞ്ജുളാംഗി– സുന്ദരി,
34. മണിത്തയ്യലാൾ– സുന്ദരി,
35. മദനായുധം– സുന്ദരി,
36. മദാലസ– സുന്ദരി,
37. ലതാംഗി– സുന്ദരി, (വള്ളി പോലെ കൃശമായ ശരീരത്തോട്ടു കൂടിയവൾ)
38. വരഗാത്രി– സുന്ദരി, (നല്ല ശരീരം)
39. വരതനു– ഭംഗിയുള്ള ശരീരം, സുന്ദരി,
40. വരയുവതി– സുന്ദരി
41. വരാംഗി– സുന്ദരി
42. വരാനന– സുന്ദരി
43. സുകുമാരി– സുന്ദരിയായ യുവതി, നവമല്ലിക
44. സുതനു– ശോഭനമായ ശരീരം , സുന്ദരി
45. സുദർശനാ– (കാണാൻകൊള്ളാവുന്ന) സുന്ദരി, സ്ത്രീ

മനോഹരമായ അംഗത്തോട്ടു കൂടിയവളാണ് സുന്ദരി. മനോഹരമായ അംഗം എന്നത് നിർമ്മിക്കപ്പെട്ട ചില അളവുകൾക്കുള്ളിൽ ഒതുങ്ങുന്നതാണ്. ഓരോ

അവയവത്തെയും നിയതമായ ചട്ടക്കൂടിൽ ഒതുക്കുകയും അതിന് അനുസൃതമായ നിറത്തെ കല്പിച്ചു കൊടുക്കുകയും ചെയ്യുന്നു.

### 6.2.4 . ചലന സവിശേഷത

1. അന്നനടയാൾ– സുന്ദരി, ഹംസഗാമിനി
2. അന്നമെന്നടയാൾ– അന്നത്തെ പോലെ മെല്ലെ നടക്കുന്നവൾ
3. ഗജഗതി– മന്ദഗതി. 'ഉഡുരാജമുഖീ മൃഗരാജകടീ ഗജരാജവിരാചിത മന്ദഗതി'
4. ഗജഗാമിനി– സുന്ദരി. (ആനയെപ്പോലെ മന്ദഗമനം ചെയ്യുന്നവൾ; ആടിയാടി നടക്കുന്നവൾ).
5. കളഭഗമന (നാ)– ദന്തിഗാമിനി (സുന്ദരി), ആനയെപ്പോലെ മന്ദഗമനം ചെയ്യുന്നവൾ
6. ദന്തിഗാമിനി– സുന്ദരി, ആനയെപ്പോലെ മന്ദഗമനം ചെയ്യുന്നവൾ
7. മന്ദഗമനാ– സുന്ദരി, പതിഞ്ഞു നടക്കുന്നവൾ
8. മന്ദഗാമിനി– സുന്ദരി, പതുക്കെ നടക്കുന്നവൾ
9. മത്തഗാമിനി– സുന്ദരി, (ലക്ഷണമൊത്ത ഗമനത്തോടു കൂടിയവൾ)
10. ഹംസഗാമിനി– 1. അന്നനടയാൾ, ബ്രഹ്മാണി
11. സാമജഗാമിനി– ദന്തിഗാമിനി, (സുന്ദരി)

സ്ത്രീയുടെ ചലനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പദങ്ങളാണ് ചലന സവിശേഷതയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചലനം എന്നത് പ്രധാനമായും നടത്തത്തെയാണ് സൂചിപ്പിക്കുന്നത്. അരയന്നം, ആന എന്നീ ജീവികളുടെ നടത്ത സവിശേഷതയോടാണ് ഉപമിക്കുന്നത്. പതുക്ക, പതുങ്ങി ആവണം സ്ത്രീകൾ സമൂഹ ത്തിൽ ഇടപെടേണ്ടതെന്ന ധ്വന്യാർഥം കൂടി ഈ പദങ്ങളിൽ അടങ്ങിയിരിക്കുന്നു.

### 6.2.5. ഭാഷണസവിശേഷത

1. അഞ്ചുമൊഴി- മധുരഭാഷിണി (സുന്ദരി), നാണിക്കുന്ന മൊഴിയോടു കൂടിയവൾ
2. അഞ്ചൊല്ലാൾ- അഴകായി സംസാരിക്കുന്നവൾ, സുന്ദരി
3. കർപ്പൂരവാണി-1. മനോഹരമായി സംസാരിക്കുന്നവൾ.
4. കന്നല്മൊഴി- സുന്ദരി, കല്ക്കണ്ടു പോലെ മധുരമായ വാക്കോടു കൂടിയവൾ
5. കളഭാഷിണി- മധുരഭാഷിണി
6. കളമൊഴി- 1. മാധുര്യമുള്ള വാക്ക്. 2. സുന്ദരി (കളഭാഷിണി)
7. മഞ്ജുഭാഷിണി- സുന്ദരി, മനോഹരമായി സംസാരിക്കുന്നവൾ
8. മഞ്ജുവാണി- സുന്ദരി, മനോഹരമായി സംസാരിക്കുന്നവൾ
9. മട്ടത്തേന്മൊഴി- പൂന്തേൻ പോലുള്ള മധുരമുള്ള വാക്കോടു കൂടിയവൾ, സുന്ദരി,
10. മട്ടുമലർമൊഴി- സുന്ദരി,
11. മട്ടുമൊഴി- സുന്ദരി,
12. മട്ടുത്തുകംമൊഴി- സുന്ദരി,
13. മട്ടുമിണ്ണമൊഴി- സുന്ദരി,
14. മട്ടോലുംമൊഴി, *വാണി- സുന്ദരി,
15. മധുഭാഷിണി- സുന്ദരി, മനോഹരമായി സംസാരിക്കുന്നവൾ
16. മധുമൊഴി- സുന്ദരി, മധുരമായി സംസാരിക്കുന്നവൾ
17. മധുരമൊഴി- സുന്ദരി
18. കർപ്പൂരവാണി- മനോഹരമായി സംസാരിക്കുന്നവൾ
19. തണ്ടിമൊഴി- മധുമൊഴി (സുന്ദരി), മധുരമായി സംസാരിക്കുന്നവൾ
20. താർത്തേന്മൊഴി- മധുരമായി സംസാരിക്കുന്നവൾ (സുന്ദരി)
21. തേന്മൊഴി- സുന്ദരി, മധുരമായി സംസാരിക്കുന്നവൾ
22. നന്മൊഴി- സുന്ദരി, നല്ല മൊഴി

23. നറുമ്മൊഴിയാൾ– സുന്ദരി, തേൻമൊഴിയാൾ

24. പേരിചൊല്ലാൾ– തേന്മൊഴി

25. മധുവാണി– സുന്ദരി, തേന്മൊഴി.

26. വരമൊഴി– സുന്ദരി (ഭംഗിയായി സംസാരിക്കുന്നവൾ)

27. വേരിച്ചൊല്ലാൾ– സുന്ദരി

28. ഹംസഗദ്ഗദ– മധുമൊഴി, മധുരമായി സംസാരിക്കുന്നവൾ

മനോഹരമായി, മധുരമായി സംസാരിക്കുന്ന സ്ത്രീകളെയും സുന്ദരികളായി വിവരിക്കുന്നു. 28 പദങ്ങളിലൂടെ ഭാഷണം എപ്രകാരമായിരിക്കണം എന്ന് വിവരിക്കുന്നുണ്ട്. സ്ത്രീയെ സുന്ദരിയാക്കുന്ന ഘടകങ്ങളിൽ ചലനം പോലെ തന്നെ അവരുടെ സംസാര രീതിയുമെല്ലാം കൃത്യമായി വിവരിച്ചിരിക്കുന്നു. പുരുഷ താത്പര്യത്തിനനുസൃതമായി സർഗാത്മക ഭാഷ നിർമ്മിച്ചെടുത്ത സ്ത്രീ സവിശേഷതകളാണ് ഭാഷണ, ചലനസവിശേഷതകളിലൂന്നിയ പദങ്ങളെല്ലാം. ഫെമിനിസ്റ്റ്ഭാഷാശാസ്ത്ര സമീപനങ്ങളിലൂടെ പരിശോധിക്കുമ്പോൾ സ്ത്രീവിരുദ്ധ ആശയങ്ങളെയാണ് ഈ പദങ്ങളെല്ലാം വിനിമയം ചെയ്യുന്നതെന്ന് മനസ്സിലാകുന്നു.

### 6.2.6. നിറം

1. കാഞ്ചനാംഗി– സുന്ദരി, സ്വർണവർണത്തോടു കൂടിയവൾ.
2. അധിസ്ത്രീ– ഉത്തമയായ സ്ത്രീ (സൌന്ദര്യവും വശീകരണശക്തിയും ഉള്ള വൾ, സ്വർണനിറമുള്ളവൾ, മനോഹരമായ നിതംബം ഉള്ളവൾ)
3. ഹേമ– സുന്ദരി (സ്വർണനിറമുള്ളവൾ)

നിറത്തെ സവിശേഷ ഗുണമായി കാണുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീയെ വിവരിക്കുകയും ചെയ്യുന്നു. കറുപ്പ്, ചുവപ്പ്, സ്വർണനിറം എന്നിവയാണ് പ്രധാനമായും വരുന്നത്. അതിൽ ശരീരമെന്നത് സ്വർണനിറത്തിലും ചുവപ്പ്

അധരങ്ങൾക്കും കറുപ്പ് തലമുടിക്കുമാണ് ചാർത്തികൊടുക്കുന്നത്. ഇവിടെയും കൃത്യ മായ സവർണ മനോഭാവം പ്രകടമാണ്.

### 6.2.7. സ്വഭാവസവിശേഷത

1. ചാരുഹാസിനി– സുന്ദരി, മധുരമായി മന്ദഹസിക്കുന്നവൾ
2. ചിങ്കാരി– സുന്ദരി, അലങ്കരിച്ച നടക്കുന്നവൾ
3. നമ്രാംഗി– സുന്ദരി, കുമ്പിട്ടു നിൽക്കുന്നവൾ
4. നല്ലാൾ– സുന്ദരി, നല്ലയാൾ, കുലസ്ത്രീ (സ്വഭാവഗുണമുള്ളവൾ)
5. വക്രപാംഗി– സുന്ദരി, (ലജ്ജാസംഭ്രമാദികളാൽ കാമുകനെ നേർക്കു നേരെ അല്ലാതെ നോക്കുന്നവൾ, വക്രിച്ച കടക്കൺനോട്ടത്തോടു കൂടിയവൾ)

സമൂഹത്തിൽ ഇടപെടുന്ന രീതിയെ കൂടിയാണ് സ്വഭാവ സവിശേഷതയിലൂടെ രേഖപ്പെടുത്തുന്നത്. സുന്ദരമായി ചിരിക്കുക എന്നതിലൂടെ പുഞ്ചിരിക്കുകയാണ് വേണ്ടതെന്നും അട്ടഹാസമല്ലെന്നും മനസ്സിലാക്കാം. മാത്രമല്ല, തല താഴ്ത്തി നിൽക്കുന്നവളും ലജ്ജ, ഭയം എന്നിവയെല്ലാം അല്പം ചേർന്ന സ്വഭാവ ത്തോടു കൂടിയവളും ആയിരിക്കണം സ്ത്രീ. അവരെ കുലസ്ത്രീകളായാണ് അടയാള പ്പെടുത്തുന്നത്. അതായത് ഇത്തരം ഗുണവിശേഷത്തിലൂന്നിയ സ്ത്രീകളെയാണ് അല്ലെങ്കിൽ കുലസ്ത്രീകളെയാണ് സുന്ദരിമാർ അല്ലെങ്കിൽ പൊതുസമ്മതിയുള്ള നല്ല സ്ത്രീഗുണത്തിൽ ഉൾപ്പെടുത്തുന്നത്. അപ്പോൾ അതിനു പുറത്തുനിൽക്കുന്ന, പ്രതികരിക്കുന്ന, നേരെ നോക്കുന്ന സ്ത്രീകളെ നീചഗുണത്തിലാണ് ഉൾപ്പെടുത്തുന്നത്. സ്ത്രീയുടെ സ്വഭാവം, സമൂഹത്തിലെ ഇടപെടലുകൾ എന്നിവയെല്ലാം ഏതുതര ത്തിലാവണമെന്ന പുരുഷനിർമ്മിത സങ്കല്പനങ്ങളെയാണ് മേൽസൂചിപ്പിച്ച പദങ്ങളിലൂടെയെല്ലാം സൂചിപ്പിക്കുന്നത്.

ശരീരത്തെ ആസ്പദമാക്കി സ്ത്രീയെ പ്രതിനിധീകരിക്കുന്ന പദമാണ് ‘സുന്ദരി’. ‘സുന്ദരി’ എന്നതിന് പൊതുവെ സാമൂഹിക അംഗീകാരം കല്പിക്കപ്പെട്ടിട്ടുമുണ്ട്.

സ്ത്രീയെ ഗുണപരമായി കാണുന്നുവെന്ന അർഥത്തിലാണ് 'സുന്ദരി' എന്ന പദം വിനിമയം ചെയ്യപ്പെടുന്നത്. സർഗാത്മകഭാഷയിലായാലും നിത്യവ്യവഹാര ഭാഷയിലായാലും അതുമായി ബന്ധപ്പെട്ട പദങ്ങൾ പ്രയോഗിക്കാറുണ്ട്. അത്തരം പദങ്ങളെയാണ് നിഘണ്ടു അടയാളപ്പെടുത്തിയിരിക്കുന്നത്. ലക്ഷ്യാർഥമായും സൂചിതാർഥമായും സുന്ദരി എന്നു വരുന്ന 322 പദങ്ങളെയാണ് 'ശബ്ദതാരാവലി' അടയാളപ്പെടുത്തിയിരിക്കുന്നത്. സമാനരീതിയാണ് 'പച്ചമലയാളനിഘണ്ടു' വിലും കാണുന്നത്. ആ പദങ്ങളെ അപഗ്രഥിക്കുമ്പോഴാണ് അതിൽ അടങ്ങിയിരിക്കുന്ന ലിംഗമൂല്യത്തെ മനസ്സിലാകുന്നത്. തീർത്തും പുരുഷകേന്ദ്രിത ലിംഗമൂല്യത്തിലൂന്നിയ പദനിർമ്മിതിയാണ് 'സുന്ദരി'. സ്ത്രീയുടെ തനതായ സത്തയെ ഉൾക്കൊള്ളാതെ ലിംഗാധിപത്യസമൂഹമനോഭാവത്തിൽ ഊന്നിയ കുറെ നിർമ്മിതികളായാണ് സ്ത്രീയെ നിർണയിക്കുന്നത്.

അംഗ- ഉപാംഗ വർണനകളിലൂടെ വിച്ഛേദിക്കപ്പെട്ട സ്ത്രീ പ്രതിനിധാനമാണ് കാണാൻ കഴിയുന്നത്. തലമുടി മുതൽ പാദം വരെയുള്ള അംഗ- ഉപാംഗ ങ്ങളിലൂടെയും, പുരുഷനിർമ്മിത സ്വഭാവസവിശേഷതകളിലൂടെയും നിർണയി ക്കപ്പെട്ട സ്ത്രീപ്രതിനിധാനങ്ങളെയാണ് നിഘണ്ടുക്കളും അടയാളപ്പെടുത്തുന്നത്. ഇത്തരം പദക്കൂട്ടുകളിലൂടെ അതിനെ നിലനിർത്തികൊണ്ടുപോകാനുള്ള ശ്രമങ്ങളും നിഘണ്ടുവിൽ കാണാം. ഒരു പദം ഉപയോഗശൂന്യമെന്നു കരുതി ആ പദം വഹിക്കുന്ന മൂല്യത്തിന് നാശം സംഭവിക്കുന്നില്ല. കാരണം ഒരൊറ്റ പദത്തിലൂടെയല്ല, മറിച്ച് ആ മൂല്യം വഹിക്കുന്ന ഒരുകൂട്ടം പദങ്ങളിലൂടെയാണത് വിനിമയം ചെയ്യ പ്പെടുന്നുവെന്നത് പദക്കൂട്ടവിശകലനത്തിലൂടെ ബോധ്യപ്പെടുന്നു. മാത്രമല്ല, സമമൂല്യത അല്ലെങ്കിൽ സമതുല്യത ഈ പദങ്ങൾക്കൊന്നും കാണാൻ കഴിയുന്നില്ല എന്നതും പ്രധാനമാണ്. മേൽസൂചിപ്പിച്ചപോലെ അംഗ-ഉപാംഗങ്ങളായി പുരുഷനെ പദതലത്തിൽ ച്ഛേദിക്കപ്പെടുന്നില്ല. സ്ത്രീയെ സൂചിപ്പിക്കുന്ന അത്രയും പദ ങ്ങൾ പുരുഷനെ അടയാളപ്പെടുത്തുന്നില്ല. സൌന്ദര്യമെന്ന ഘടകവുമായി ബന്ധ പ്പെടുത്തുമ്പോഴും പുരുഷനെ സംബന്ധിച്ച് അത് പൌരുഷലക്ഷണങ്ങളായി

സമൂഹം നിർമ്മിച്ചെടുത്ത സങ്കല്പനങ്ങളിലൂന്നിയുള്ളതാണ്. അതല്ലെങ്കിൽ ദൈവിക പരിവേഷവുമായി ചേർത്തുവയ്ക്കുന്നു. 'അഴകൻ' (സുന്ദരൻ, അഴകുള്ളവൻ, വിഷ്ണു) 'അംബുജാക്ഷൻ', 'നളിനാക്ഷൻ', 'പങ്കജാക്ഷൻ' (താമരപ്പൂ പോലെയുള്ള കണ്ണുകളോടു കൂടിയവൻ, വിഷ്ണു), 'സുന്ദരൻ' (അഴകുള്ളവൻ, കാമദേവൻ), 'സുപ്രിയൻ' (ഗന്ധർവ്വരാജൻ), 'സുമുഖൻ' (സുന്ദരൻ, പണ്ഡിതൻ, ശിവൻ) ഈ പദങ്ങൾ എല്ലാം മേൽപറഞ്ഞ പ്രസ്താവനയെ ശരിവയ്ക്കുന്നതാണ്.

### 6.3.1. സ്ത്രീപ്രതിനിധാനവും സാമൂഹ്യപദവികളും

ഒരു വ്യക്തിയുടെ സ്വത്വത്തെ നിർണയിക്കുന്നത് ആ വ്യക്തിയുടെ തനത് സത്തയുടെ പേരിലാണ്. എന്നാൽ സ്ത്രീയുടെ സ്വത്വത്തെ നിർണയിക്കുന്നത് പലപ്പോഴും വ്യക്തിപരമായ സത്തയുടെ പേരിലല്ല. മറിച്ച് സാമൂഹികമായി ചാർത്തിക്കൊടുക്കുന്ന ചില മൂല്യങ്ങളുടെ അല്ലെങ്കിൽ പദവികളുടെ പേരിലാണ്. ആ പദവികൾ തന്നെയാണ് സമൂഹത്തിൽ സ്ത്രീയുടെ ഇടം എവിടെയാണെന്ന് നിർണയിക്കപ്പെടുന്നതും. നല്ല സ്ത്രീ/ ചീത്ത സ്ത്രീ എന്നീ ദ്വന്ദ്വത്തെ നിർണയിക്കുന്നതിലും സാമൂഹിക നിർമ്മിത പദവികൾ വലിയ പങ്കു വഹിക്കുന്നുവെന്ന് അതുമായി ബന്ധപ്പെട്ട സ്ത്രീസംബന്ധ പദങ്ങളെ വിശകലനം ചെയ്യുകവഴി മനസ്സിലാക്കാം.

സ്ത്രീകൾക്ക് സമൂഹം കല്പിച്ചുകൊടുക്കുന്ന പദവികളെ രണ്ടു തരത്തിൽ വിഭജിക്കാം. സാമൂഹികമായി അംഗീകാരം നേടിയിട്ടുള്ളവയും അല്ലാത്തവയുമെന്ന്. സമൂഹം അംഗീകരിക്കപ്പട്ട പദവികൾ ചില പ്രത്യേക തൊഴിലുമായും ചില ഉത്തരവാദിത്തങ്ങളുമായും ബന്ധപ്പെട്ട് കിടക്കുന്നു. ഉത്തരവാദിത്തങ്ങൾ അഥവാ ചുമതലകൾ ഗാർഹികാന്തരീക്ഷവുമായി ഇണങ്ങിനിൽക്കുന്നവയാണ്. സാമൂഹികമായി കല്പിക്കപ്പെട്ട ചട്ടക്കൂടുകളെ ഭേദിച്ചുകൊണ്ടുള്ളവയെല്ലാം അമാന്യമായി ചിത്രീകരിക്കപ്പെടുന്നു. ബന്ധസൂചകപദങ്ങളെ വിശകലനം ചെയ്യുകവഴി അത് ബോധ്യപ്പെട്ടതാണ് (വിശദീകരണം: 5.3 ).

### 6.3.2. മഹത്വവത്കരണവും നീചവത്കരണവും

സ്ത്രീപ്രതിനിധാനങ്ങൾ നിഘണ്ടുക്കളിൽ പ്രത്യക്ഷപ്പെടുന്നത് മുമ്പ് സൂചിപ്പിച്ചതുപോലെ അംഗഭംഗം വരുത്തപ്പെട്ട കുറേ ശരീരഖണ്ഡങ്ങളായോ അല്ലെങ്കിൽ പുരുഷാധിപത്യസമൂഹം നൽകപ്പെട്ടിരിക്കുന്ന കുറേ ചുമതലകളുടെയോ അടിസ്ഥാനത്തിലാണ്. അമ്മ, ഭാര്യ, മകൾ, സഹോദരി, കാമുകി, സുന്ദരി, വേശ്യ എന്നിങ്ങനെയുള്ള പ്രതിനിധാനങ്ങളായാണ് സ്ത്രീകളെ അടയാളപ്പെടുത്തുന്നത്. ഈ പ്രതിനിധാനങ്ങളെ പോലും നിർണയിക്കപ്പെട്ടിരിക്കുന്നത് ചില മൂല്യങ്ങളെ ആധാരമാക്കിയാണ്. ആ മൂല്യവുമായി ചേർന്നുപോകുന്നവയെ മഹത്വവത്കരിക്കുകയും അല്ലാത്തവയെ നീചവത്കരിക്കാനും ഉള്ള ശ്രമം സാമൂഹികമായി നില നിൽക്കുന്നതുപോലെ തന്നെ, സമൂഹനിർമ്മിതമായ പദങ്ങളിലും അവയെ അടുക്കി വയ്ക്കുന്ന നിഘണ്ടുക്കളിലും പ്രകടമാണ്. ബന്ധസൂചക പദങ്ങളെയെല്ലാം മഹത്വ വത്കരണത്തിൽ ഉൾപ്പെടുത്തുകയും വേശ്യ പോലുള്ളവയെ നീച വത്കരണത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. യഥാർഥത്തിൽ സ്ത്രീയുടെ എന്തെല്ലാം ഗുണവിശേഷണങ്ങളിലും പോരായ്മകളിലും ഊന്നിയാണ് ഇത്തരം ഒരു വിഭജനം സാധ്യമാക്കിയിരിക്കുന്നതെന്നും അതിനകത്ത് പ്രവർത്തിക്കുന്ന ലിംഗാധിപത്യം എങ്ങനെയാണെന്നും തിരിച്ചറിയേണ്ടതുണ്ട്.

### 6.3.3. ബന്ധസൂചകപദങ്ങളും സാമൂഹ്യനിർമ്മിത ലിംഗകേന്ദ്രിത പദവികളും

ഒരു സ്ത്രീയെ നിർണയിക്കുന്നതിൽ സാമൂഹ്യപദവിക്ക് വലിയ പങ്കുണ്ട്. പൊതുവിൽ അമ്മ, ഭാര്യ, സഹോദരി, മകൾ തുടങ്ങിയ വിവിധ വിശേഷണസ്ഥാന ങ്ങളിലൂടെയാണ് സമൂഹം സ്ത്രീയെ അടയാളപ്പെടുത്താറുള്ളത്. അതിൽ തന്നെ 'അമ്മ' എന്നതിന് കൂടുതൽ മഹനീയസ്ഥാനം നൽകുന്നു. അമ്മ എന്നർഥത്തിൽ വരുന്നതും അമ്മ ചേർന്നു വരുന്നതുമായ പദങ്ങളുടെ വിശകലനത്തിലൂടെ മലയാള ഭാഷയും സമൂഹവും 'അമ്മ' എന്ന ആശയത്തെ ഉൾക്കൊണ്ടത് എങ്ങനെയെന്ന് വ്യക്തമാണ് (വിശദീകരണം: 5.3.1.1). ഭാര്യ, മകൾ, സഹോദരി, തുടങ്ങിയ സാമൂഹ്യ

പദവികളിലെ ലിംഗമൂല്യവും ബന്ധസൂചകപദവിശകലനത്തിലൂടെ ബോധ്യ പ്പെട്ടിട്ടുണ്ട് (വിശദീകരണം: 5.3.1.2., 5.3.1.3). സാമൂഹികമായി സ്ത്രീകളെ പ്രതിനിധീ കരിക്കുന്ന പദങ്ങളുടെയെല്ലാം വിവരണത്തിൽ 'സ്ത്രീ' എന്ന സൂചിതാർഥവും നൽകുന്നുണ്ട്. അതായത് അമ്മ, ഭാര്യ, സഹോദരി, മകൾ എന്നീ പദവികളുമായി ബന്ധപ്പെട്ട പദങ്ങളുടെ അർഥവിശദീകരണത്തിലൂടെയാണ് സ്ത്രീ എന്ന ആശയ ത്തേയും നിഘണ്ടു വിവരിക്കുന്നത്. സ്ത്രീ എന്ന പദത്തിന് നൽകുന്ന അർഥ വിവരണ ത്തിനു പുറമെ സ്ത്രീയെ പ്രതിനിധീകരിക്കുന്ന മറ്റു പദരൂപങ്ങളിലൂടെയും സ്ത്രീയെ നിർമ്മിച്ചെടുക്കാനുള്ള പ്രവണത നിഘണ്ടുവിൽ കാണുന്നുണ്ട്. അത്തരത്തിലുള്ള ചില ഉദാഹരണപദങ്ങളാണ് ചുവടെ നൽകുന്നത്.

1. പൈന്തൊളി- പൊൻവള അണിഞ്ഞവൾ, സ്ത്രീ
2. പൊന്നമ്മ- സ്ത്രീ, രാജപുത്രി
3. പൌരുഷി- സ്ത്രീ, പുരുഷന്റെ സ്ത്രീ
4. പ്രമദാ- സ്ത്രീ, യുവതി (പ്രബലമായ കാമവേഗത്തോടു കൂടിയവൾ)
5. പ്രിയ- ഭാര്യ, കാമുകി, സ്ത്രീ...
6. ബീബി- മാന്യയായ (മുഹമ്മദീയ സ്ത്രീ)
7. ഭഗിനി- (ബന്ധുത്വം ഇല്ലാത്ത )സ്ത്രീ
8. ഭട്ടിനി- രാജസ്ത്രീ (പട്ടമഹിഷിയല്ലാത്തവൾ)
9. മടവി- ദാസി (ഇരിക്കുന്നവൾ), സ്ത്രീ
10. മണ്ഡയന്തി- സ്ത്രീ (അലങ്കാരമുള്ള എന്നർഥത്തിൽ)
11. മാനിനി- സ്ത്രീ
12. മാനുഷി- സ്ത്രീ (മനുഷ്യജാതിസ്ത്രീ)
13. മായോൾ- മായയുള്ളവൾ, സ്ത്രീ
14. യാമി- കുലസ്ത്രീ, സുകൃതമുള്ള സ്ത്രീ (സുഖം അനുഭവിക്കുന്നവൾ എന്നർഥം), പുത്രി, സഹോദരി, പുത്രഭാര്യ.
15. യോഷിത, യോഷിത്ത്- സ്ത്രീ (പുരുഷനെ അനുവർത്തിച്ചു നിൽക്കുന്നവൾ)

16. രമണി– 1. നല്ല സ്ത്രീ, ഭാര്യ (ആലിംഗന ചുംബനാദികൾ കൊണ്ട് പുരുഷനെ രമിപ്പിക്കുന്നവൾ). 2. വെപ്പാട്ടി. 3. കറ്റവാഴ
17. രാമാ– സ്ത്രീ (പുരുഷോപഭോഗം കൊണ്ടു സുഖിക്കുന്നവൾ)
18. രോചനി– ശ്രേഷ്ഠയായ സ്ത്രീ
19. ലത– വള്ളി, സ്ത്രീ, കൃശാംഗി.
20. ലലന– 1. സ്ത്രീ, കാമമുള്ളവൾ, വിലാസശീല, ലാളിക്കപ്പെട്ടവൾ (ലലനത്തോടു കൂടിയവൾ). 2. ചപല. നാവ്.

ഇത്തരത്തിലാണ് സ്ത്രീപ്രതിനിധാനങ്ങൾ നിഘണ്ടുവിൽ പ്രത്യക്ഷപ്പെടുന്നത്. സമൂഹത്തിൽ വിനിമയം ചെയ്യപ്പെടുന്ന അർഥമൂല്യങ്ങളെയാണ് നിഘണ്ടു അടയാളപ്പെടുത്തുന്നത് അല്ലെങ്കിൽ ക്രമീകരിക്കുന്നത്. ആ ഒരർഥത്തിൽ പരിശോധിക്കുമ്പോൾ സമൂഹത്തിന്റെ പ്രതിബിംബമാണ് നിഘണ്ടുവിലും പ്രതിഫലി ക്കുന്നത് എന്ന് വ്യക്തമാകുന്നു. നിഘണ്ടു 'സ്ത്രീ' എന്ന രീതിയിൽ അവതരിപ്പിക്കുന്ന പദങ്ങളെ സൂക്ഷ്മവിശകലനം ചെയ്യുമ്പോൾ കാണാനാവുന്നത് വ്യക്തിത്വമില്ലാത്ത ചിതറിയ പ്രതിനിധാനങ്ങളായാണ്. പദക്കൂട്ടുകളിലൂടെ നിർണയിക്കപ്പെടുന്ന സ്ത്രീ പ്രതിനിധാനങ്ങളെല്ലാം പരസ്പരബന്ധിതം കൂടിയാണ്. നിഘണ്ടു അടയാള പ്പെടുത്തുന്ന സ്ത്രീസൂചക പദങ്ങളെല്ലാം ഒരേ മൂല്യത്തിലൂന്നി കണ്ണിച്ചേർന്നതായാണ് പദവിശകലനത്തിൽ തെളിയുന്നത്.

### 6.3.4. 'വേശ്യ'– പദമൂല്യവും വിനിമയവും

സ്ത്രീകളെ അവമതിക്കാനായി ഉപയോഗിക്കുന്ന പദങ്ങളിൽ വിനിമയമൂല്യം കൂടിയ പദങ്ങളിലൊന്നാണ് 'വേശ്യ'. ഒരു സ്ത്രീയെ നല്ല സ്ത്രീ, ചീത്ത സ്ത്രീ എന്നു വേർതിരിക്കുന്നതിൽ ഈ പദത്തിന്റെ പങ്ക് വലുതാണ്. പുരുഷാധിപത്യസമൂഹം നിർണയിക്കപ്പട്ട മാനദണ്ഡങ്ങളെ ഭേദിക്കുന്നതോടു കൂടി ഒരുവൾ വേശ്യയാകുന്നു. ശാരീരികമായി, ലൈംഗികമായ ഒരു ഉപഭോഗവസ്തു എന്ന രീതിയിലാണ് വേശ്യയെ സമൂഹം നിർമ്മിച്ചിട്ടുള്ളത്. തൊഴിൽപരമായി വീക്ഷിക്കുകയാണേൽ

ശരീരം വിറ്റു ജീവിക്കുന്ന തൊഴിലാണത്. 'ലൈംഗിക തൊഴിലാളി' എന്ന രീതിയിൽ നിയമപരമായ അംഗീകാരം ലഭ്യമായിട്ടുണ്ട്. അതേസമയം, തൊഴിൽപരമായ അംഗീകാരത്തിനപ്പുറം സ്ത്രീകളുടെ നേർക്കു പ്രയോഗിക്കാവുന്ന അസ്ത്രം എന്ന രീതിയിലാണ് ഈ പദം പ്രവർത്തിക്കുന്നത്. കാരണം വലിയൊരു പദവിടവുകൂടി ഇവിടെയുണ്ട്. 'വേശ്യ' എന്നതിൽ സ്ത്രീയുംപുരുഷനും ഒരുപോലെ ഉൾപ്പെടാം എന്നിരിക്കെ പങ്കാളിയായ പുരുഷനെ അപ്രത്യക്ഷമാക്കുന്നു. സ്ത്രീകളെ മാത്രം കേന്ദ്രീകരിക്കുന്നത് ലിംഗപരമായ വിവേചനത്തേയും പുരുഷനിർമ്മിത പദ പ്രയോഗങ്ങളുടെ സ്വഭാവത്തെയുമാണ് വെളിപ്പെടുത്തുന്നത്. 'വേശ്യ' എന്ന പദത്തെ വിശകലനം ചെയ്യുക വഴി അക്കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്. 129 പദങ്ങളിലൂടെയാണ് 'ശബ്ദതാരാവലി' വേശ്യയെ വിവരിക്കുന്നത്.

6.3.4. പട്ടിക (33). 'വേശ്യ'-പദമൂല്യവും വിനിമയവും

| **പദം** | **അർഥം** |
|---|---|
| 1. അങ്ങാടിപ്പെണ്ണ് | വേശ്യ, പണ്യസ്ത്രീ. |
| 2. അജ്ജുക | വേശ്യ, ഗണിക, നർത്തകി (അർ ജയതിയാ സാ, പണം സമ്പാദിക്കുന്നവൾ) |
| 3. അധിസ്ത്രീ | ഉത്തമയായ സ്ത്രീ, വേശ്യ |
| 4. അനിയതപുംസ്ക | വ്യഭിചാരിണി (സ്ഥിരമായി ഭർത്താവില്ലാത്തവൾ) |
| 5. അനുസൃതി | അനുസരണം, കുലട |
| 6. അഭിസാരിക | കാമുകനെ അന്വേഷിച്ചു കുറിസ്ഥലത്തു ചെല്ലുന്നവൾ |
| 7. അഭിസാരിണി | അഭിസാരിക |
| 8. അറുവാണി | വ്യഭിചാരിണി, കുലട |
| 9. അഴിഞ്ഞവൾ | അഴിഞ്ഞാട്ടക്കാരി, കുലട |
| 10. അവശാരി | അഭിസാരിക, വേശ്യ |
| 11. അസതി | പതിവ്രതയല്ലാത്തവൾ, കുലട |

| | |
|---|---|
| 12. അസാദ്ധ്വി | പതിവ്രതയല്ലാത്തവൾ, കുലട |
| 13. ആട്ടക്കാരി | ആടുന്നവൾ,2.നർത്തകി3.തോന്ന്യാസക്കാരി, കുഴഞ്ഞാട്ടുന്നവൾ |
| 14. ഇത്വരി | വ്യഭിചാരിണി (ദുർജനങ്ങൾ ഇരിക്കുന്നേടത്തേക്ക് താനെ ചെല്ലുന്നവൾ എന്നർഥം ) |
| 15. ഉത്തമാ | ഉത്തമയായ സ്ത്രീ. പര്യാ– വരാരോഹ, മത്തകാശിനി, വരവർണിനി (വേശ്യ) |
| 16. ഉർവ്വരി | ഉത്തമസ്ത്രീ |
| 17. ഉർവ്വശി | സർവ്വേശ്യമാരിൽ ഒരുവൾ |
| 18. ഉൽക്കുലാ | വ്യഭിചാരിണി, കുലധർമ്മം തെറ്റി നടക്കുന്നവൾ |
| 19. ഋച്ഛര | വേശ്യ |
| 20. കർഷണി | വ്യഭിചാരിണി |
| 21. കണ്ടറ | കല്യങ്ക്, വ്യഭിചാരിണി. |
| 22. കലതുലിക | വ്യഭിചാരിണി |
| 23. കാണേലി | വ്യഭിചാരിണി, ഭർത്തൃനിഷ്ഠയില്ലാത്തവൾ. 2. അവിവാഹിത |
| 24. കാമഗാ | വ്യഭിചാരിണി |
| 25. കാമരേഖ | വേശ്യ, ദാസി |
| 26. കാളി | ദുർഗ, ഭയങ്കരി, വേശ്യ |
| 27. കാവേരി | വേശ്യ |
| 28. കുംഭദാസി | വേശ്യ, വിടന്മാർക്കു സ്ത്രീകളെ കൂട്ടികൊടുക്കുന്നവൻ |
| 29. കുംഭിക | വേശ്യ |
| 30. കുടിക്കാരി | തേവിടിച്ചി |
| 31. കുട്ടിനി | പ്രധാനവേശ്യ, വേശ്യമാരിൽ പ്രമുഖ |
| 32. കുലട | 1. വ്യഭിചാരിണി (കുലാനി അടതി ഇതി കുലടാ, പുരുഷന്മാരെ തേടി അന്യഭവനങ്ങളിൽ ചെല്ലുന്നവൾ, ഭർത്താവിനെ ഭയപ്പെട്ട് അന്യഗൃഹത്തിൽ പോയി ഗൂഢസംയോഗം ചെയ്യുന്നവൾ, |

| | |
|---|---|
| | കുലത്തിന് അവമാനമുണ്ടാകത്തക്കവിധം തന്നിഷ്ടം പോലെ നടക്കുന്നവൾ). 2. ഭിക്ഷയ്ക്കുവേണ്ടി മാത്രം വീട്ടുതോറും നടക്കുന്ന പതിവ്രത (ഇങ്ങനെ കുലട രണ്ടു വിധം: 1. അസതിയായ കുലട, 2. സതിയും ഭിക്ഷുകിയുമായ കുലട). |
| 33. ഖണ്ഡശീലാ | വ്യഭിചാരിണി |
| 34. ഗണിക | 1. വേശ്യ ( ഗണസംഖ്യാനേ പണക്കാരെ എണ്ണിക്കണക്കാക്കുന്നവൾ, വലിയവിലയ്ക്കു വാങ്ങപ്പെടുന്നവൾ, ജനക്കൂട്ടം ഭർത്താവായിട്ടുള്ളവൾ) |
| 35. ഗണികാരിക | മുഞ്ഞ- വേശ്യയെ പോലെ മോഹിപ്പിക്കുന്നത്. |
| 36. ഗണേരു | ചെറുകൊന്ന; പിടിയാന, വേശ്യ. |
| 37. ഗണേരുക | വേശ്യയുടെ തായ്ക്കിഴവി, വേശ്യക്കു പുരുഷൻമാരെ കൂട്ടിവിടുന്നവൾ. 2. ഭൃത്യ. |
| 38. ഗോലോമി | വേശ്യ |
| 39. ഗ്രാമണി | വ്യഭിചാരിണി |
| 40. ഗ്രാമയി | ഗ്രാമത്തിൽ പ്രമാണി, സ്ത്രീ- വ്യഭിചാരിണി |
| 41. ഗ്രാമേയി | വ്യഭിചാരിണി |
| 42. ഗ്രാമേയ | വ്യഭിചാരിണി. |
| 43. ഗ്രാമ്യവല്ലഭ | വ്യഭിചാരിണി, |
| 44. ചപല | വേശ്യ, ഭർതൃനിഷ്ഠയില്ലാത്തവൾ |
| 45. ചർച്ച | വ്യഭിചാരിണി. പാഠഭേദം-ചർച്ചിക |
| 46. ചർഷണി | ബന്ധകി, പതിവ്രതയല്ലാത്തവൾ |
| 47. ചല | വ്യഭിചാരിണി (ഇളക്കമുള്ളവൾ) |
| 48. ചലല | ചപല |
| 49. ഛിന്നാ | ഛേദിക്കപ്പെട്ടവൾ, വേശ്യ |
| 50. ചൂള | വേശ്യ |
| 51. ചൂളച്ചി | ചൂളസ്ത്രീ, വേശ്യ. |
| 52. ജഘനചപല | വേശ്യ, ദാസി, നൃത്തത്തിൽ താത്പര്യ |

| | |
|---|---|
| | മുള്ളവൾ. |
| 53. ജാരിണി | വ്യഭിചാരിണി |
| 54. ഝർ | വേശ്യ, തേവിടിച്ചി, കുലട .2. ഉടുക്ക് |
| 55. ഡിംബിക– | 1. വേശ്യ, 2. കുമിള. |
| 56.  ദാരിക | വേശ്യ |
| 57. പണസ്ത്രീ | വ്യഭിചാരിണി |
| 58. പണാംഗന | വേശ്യ, പണസ്ത്രീ |
| 59. പണ്യയോഷിത്ത് | തേവടിച്ചി |
| 60. പണ്യവിലാസിനി | തേവടിച്ചി |
| 61.  പണ്യസ്ത്രീ | തേവടിച്ചി, വ്യഭിചാരിണി |
| 62. പണ്യാംഗന | പണ്യസ്ത്രീ |
| 63. പതിയിലാർ | ആട്ടക്കാരി |
| 64. പരപുഷ്ടാ | വേശ്യ |
| 65. പരിമാറ്റക്കാരി | വ്യഭിചാരിണി |
| 66. പുംശ്ചലി | വ്യഭിചാരിണി, (ഇഷ്ടം പോലെ പരപുരുഷന്മാരെ സ്വീകരിക്കുന്നവൾ– സ്വൈരിണി). |
| 67. പുലയാടി | വ്യഭിചാരി (ണി) |
| 68. പാംസുലാ | 1. പാതിവ്രത്യമില്ലാതെ ഇഷ്ടം പോലെ നടക്കുന്നവൾ, വ്യഭിചാരിണി .3. ഋതുവായ സ്ത്രീ,രജസ്വല, ഭൂമി |
| 69. പൊട്ടി | 1. ചെവി കേൾക്കാത്തവൾ, 2. ഭോഷി, 4. വേശ്യ, 5. മൂശേട്ട, ജ്യേഷ്ഠാ ഭഗവതി. |
| 70. പുണ്ടച്ചി | വേശ്യ (അശ്ലീലം) |
| 71.  ബന്ധകി | വേശ്യ (മനസ്സിനെ അന്യകൽ ബന്ധിപ്പിക്കുന്നവൾ), അടിമപ്പെണ്ണ് |
| 72. ഭണ്ഡഹാസിനി | വേശ്യ |
| 73. ഭുജിഷ്യ | ദാസി, തോഴി, വേശ്യ |
| 74. മഗ്ദലന | ദുർമാർഗം നിമിത്തം പാപിയായിതീർന്ന ഒരു സുന്ദരി, വ്യഭിചാരിണി |
| 75. മഞ്ജിക | വേശ്യ, വ്യഭിചാരിണി |
| 76. മത്തകാശിനി | ഉത്തമസ്ത്രീ, സൌന്ദര്യവും |

| | |
|---|---|
| | വശീകരണശക്തിയും ഉള്ളവൾ |
| 77. മത്തഗാമിനി | വേശ്യ |
| 78. മത്തേഭഗമന | മത്തഗാമിനി |
| 79. മനോഹാരി | കുലട |
| 80. മസൂര(സൂ) | വ്യഭിചാരിണി |
| 81. രൂപാജീവ | വേശ്യ, (സൗന്ദര്യം ഉപജീവനം ആയിട്ടുള്ളവൾ) |
| 82. ലഞ്ജിക | വ്യഭിചാരിണി, തേവടിച്ചി |
| 83. ലലിത | കസ്തൂരി, വേശ്യ, സുന്ദരി, ചപലസ്ത്രീ. |
| 84. ലാഞ്ജനി | കുലട |
| 85. ലാലിനി | വേശ്യ, ചപല |
| 86. ലാസകി | നർത്തകി |
| 87. വഡവ | ദാസി, ബ്രാഹ്മണസ്ത്രീ, വേശ്യ |
| 88. വണ്ഢ | വേശ്യ, അവിവാഹിത |
| 89. വർച്ചടി | വേശ്യ |
| 90. വർവ്വടി | വേശ്യ |
| 91. വസൂര | കുലട, വേശ്യ |
| 92. വാഞ്ഛിനി | കാമം ഉള്ളവൾ, കുലട, ചപല |
| 93. വാണിനി | വേശ്യ |
| 94. വാരനാരി | വേശ്യ, നർത്തകി |
| 95. വാരവധു | വേശ്യ (സർവജനങ്ങൾക്കും ഒന്നുപോലെ സ്വാധീനയായവൾ എന്നർഥം) |
| 96. വാരവാണി | വേശ്യ, നർത്തകി |
| 97. വാരസുന്ദരി | വേശ്യ |
| 98. വാരസ്ത്രീ | വേശ്യ (സർവജനങ്ങൾക്കും ഒന്നുപോലെ സ്വാധീനയായവൾ എന്നർഥം) |
| 99. വാരാംഗന | വേശ്യ (സർവജനങ്ങൾക്കും ഒന്നുപോലെ സ്വാധീനയായവൾ എന്നർഥം) |
| 100.വിപരീതാ | വേശ്യ |
| 101. വിഭാവരി | കുലട, വായാടിപ്പെണ്ണ് |
| 102.വിമാർഗ്ഗഗ | വേശ്യ, കുലട |

| | |
|---|---|
| 103.വിലമകൾ,മക്കൾ | തേവിടിച്ചി, വേശ്യ |
| 104.വിലാസിനി | സ്ത്രീ (വിലാസങ്ങളോടു കൂടിയവൾ), വ്യഭിചാരിണി |
| 105.വിലാസവതി | സ്ത്രീ (വിലാസങ്ങളോടു കൂടിയവൾ), വ്യഭിചാരിണി |
| 106.വിറലി | (ഇളക്കക്കാരി) പെൺകുട്ടി, ആട്ടക്കാരി |
| 107. വേശ | വേശ്യ |
| 108.വേശനാരി | വേശ്യ, വ്യഭിചാരിണി |
| 109.വേശാംഗന | വേശ്യ, വ്യഭിചാരിണി |
| 110. വേശി | വേശ്യ, വ്യഭിചാരിണി |
| 111. വേശ്യ | 1. തേവിടിച്ചി, കുലട (എല്ലായിടവും പ്രവേശിക്കുന്നവൾ, ആർക്കും സമീപിക്കാവുന്നവൾ, ചമഞ്ഞു ശോഭിക്കുന്നവൾ, പണം മാത്രം കാംക്ഷിച്ചു പുറത്തേക്കു മാത്രം അനുരാഗം കാണിക്കുന്നവൾ). പര്യാ- വാരസ്ത്രീ, കുംഭദാസി, പരിചാരിക, കുലട, സൈ്വരിണി, നടി, ശില്പകാരിക, രൂപാജീവ, ഗണിക) |
| 112. വേശ്യാജനം | തേവിടിച്ചി |
| 113. വ്യഭിചാരിണി | വ്യഭിചരിക്കുന്നവൾ, പാതിവ്രത്യമില്ലാത്തവൾ |
| 114. ശംബലി(ളി) | കുട്ടനി, ദാസി |
| 115. ശംഭളി | വേശ്യ, ദാസി, കുട്ടിനി, വേശ്യയായും വീട്ടുപണിചെയ്തും പാർക്കുന്നവൾ |
| 116. ശാലഭഞ്ജിക | വേശ്യ |
| 117. ശില്പകാരിക | വേശ്യ |
| 118. ശുണ്ഠ | കുട്ടനി, വേശ്യ |
| 119. ശൂല | വ്യഭിചാരിണി |
| 120.ശൂള | വേശ്യ, ചൂളച്ചി |
| 121. സർവ്വവല്ലഭ | വ്യഭിചാരിണി, വേശ്യ |
| 122.സാധാരണസ്ത്രീ | വേശ്യ |
| 123.സാമാന്യാ | വ്യഭിചാരിണി |

| | |
|---|---|
| 124.സാമാന്യവനിത | വ്യഭിചാരിണി |
| 125.സാലഭഞ്ജിക | വ്യഭിചാരിണി, തടിയിലും മറ്റും കൊത്തിയുണ്ടാക്കിയ രൂപം |
| 126.സ്ഥഗിക | വേശ്യ, മുറുക്കാൻ കൊടുക്കുന്ന ജോലിയുള്ളവൾ |
| 127. സ്മരവീഥിക | വ്യഭിചാരിണി |
| 128.സ്വൈരിണി | 1. വ്യഭിചാരിണി, (അഴിഞ്ഞിറങ്ങിയവൾ, താന്തോന്നിയായി നടക്കുന്നവൾ, എന്നർഥം), (ഭർത്താവിനെ ഉപേക്ഷിച്ച് സ്വഗൃഹത്തിൽ വച്ചോ അന്യഗൃഹത്തിൽ വച്ചോ പരപുരുഷസംഗം ചെയ്യുന്ന വേശ്യയാണ് സ്വൈരിണി) |
| 129.ഹട്ടവിലാസിനി | വേശ്യ (അങ്ങാടിയിൽ / ചന്തയിൽ വിലസുന്നവൾ) |

വേശ്യ എന്ന പദത്തെ വിശദീകരിക്കുന്നത് പ്രധാനമായും ചില കല്പിത മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ്. അങ്ങാടി, നൃത്തം, പതിവ്രതാസങ്കല്പം എന്നീ ഘടകങ്ങൾ അതിൽ മുഖ്യപങ്ക് വഹിക്കുന്നു.

**അങ്ങാടി**– അങ്ങാടി, ചന്ത, കച്ചവടകേന്ദ്രം എന്നിങ്ങനെയൊക്കെ അറിയപ്പെടുന്ന ഇടം യഥാർഥത്തിൽ പുറം ലോകവുമായാണ് ബന്ധപ്പെട്ടു കിടക്കുന്നത്. അവിടേക്കിറങ്ങുന്ന പെണ്ണിനെ വേശ്യയായാണ് കണക്കാക്കുന്നത് . മാത്രമല്ല ഒരു ഉത്പന്നം അഥവാ കച്ചവടം ചെയ്യാനുള്ള വസ്തു എന്ന നിലയിലും സ്ത്രീകളെ നിർണയിക്കുന്നതായി അങ്ങാടിയുമായി ബന്ധപ്പെട്ട പദങ്ങളിലൂടെ മലസ്സിലാക്കാം. അങ്ങാടിപ്പെണ്ണ്, പണ്യയോഷിത്ത്, പണ്യവിലാസിനി, പണ്യസ്ത്രീ, പണ്യാംഗന, ഹട്ടവിലാസിനി എന്നീ പദങ്ങളിലൂടെ എങ്ങനെയാണ് ഒരു പുറം ലോകം സ്ത്രീയെ കാണുന്നത് എന്നത് വ്യക്തമാണ്. പുറം എന്നത് പുരുഷന്റെ ഇടം എന്ന നിലയിൽ നിർമ്മിക്കപ്പെടുന്നതിനാൽ, ആ ഇടത്തേക്ക് എത്തുന്ന സ്ത്രീകളെ മോശക്കാരി കളാക്കുക എന്നതിലൂടെ പുരുഷതാത്പര്യത്തെയാണ് സംരക്ഷിച്ചിരിക്കുന്നത്.

കുടുംബത്തിൽ പിറന്ന പെണ്ണ്, അങ്ങാടിപ്പെണ്ണ് എന്നതിലൂടെ ഊട്ടി ഉറപ്പിക്കാൻ ശ്രമിക്കുന്ന സവർണ മനോഭാവം കൂടിയുണ്ടെന്നാണ് സ്ത്രീപക്ഷ ചിന്തകയും സാമൂഹ്യപ്രവർത്തകയുമായ ജെ. ദേവികയുടെ നിരീക്ഷണം (2015). " കേരളത്തിലെ സ്ത്രീകളെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന രണ്ടു പ്രയോഗങ്ങളാണിവ– തറവാട്ടിൽ പിറന്നവൾ, ചന്തപ്പെണ്ണ്. മാന്യതയുള്ള സ്ത്രീയെ തറവാട്ടിൽ പിറന്നവൾ എന്നു വിശേഷിപ്പിക്കുമ്പോൾ മാന്യതയില്ലാത്ത സ്ത്രീയെ ചന്തപ്പെണ്ണ് എന്നു വിളിക്കുന്നു. ഈ വിളിയിൽ പഴയ ജാതിവ്യവസ്ഥയുടെ അംശങ്ങൾ പതിയിരിക്കുന്നുണ്ടെന്നു തീർച്ച. തറവാട് പഴയ ജാത്യാഭിമാനത്തിന്റെ കേന്ദ്രമായിരുന്നല്ലോ. ചന്തയോ പല ജാതിക്കാർ പ്രത്യേകിച്ച് കീഴ്ജാതിക്കാർ, പല മതക്കാർ, ആണും പെണ്ണും ഒത്തുചേരുന്ന ജാതിശുദ്ധം തീരെ പാലിക്കാൻ പറ്റാത്ത ഇടമാണ്. അപ്പോൾ തറവാട്ടിലിരിക്കുന്നവൾ പരിശുദ്ധയും ചന്തയിൽ പണിയെടുക്കുന്നവൾ അശുദ്ധവുമായി കണക്കാക്കപ്പെട്ടത് സ്വഭാവികം മാത്രം". (2015: 69– 70).

സ്ത്രീയെ മഹത്വവത്കരിക്കുന്ന പദങ്ങളധികവും ഗാർഹിക തലവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഗൃഹം എന്നത് അങ്ങാടിയുടെ എതിരായ ഇടമാണ്. അതെപ്പോഴും അകം ലോകവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അകവുമായി ബന്ധപ്പെട്ട സ്ത്രീപ്രതിനിധാനങ്ങളെ നല്ല സ്ത്രീയെന്ന സങ്കൽപ്പത്തിലേക്ക് വാർത്തെടുക്കുന്ന സമീപനമാണ് പുരുഷനിർമ്മിത പദപ്രയോഗങ്ങളിലൂടെ സൂചിതമാകുന്നത്. അങ്ങാടിപ്പെണ്ണ്, ചന്തപ്പെണ്ണ് എന്ന പ്രയോഗത്തിലൂടെയൊക്കെ മോശം സ്ത്രീയെന്ന കാഴ്ചപ്പാട് കൊണ്ടുവരുന്നു. ഇതിനു നേരെ വിപരീതമായ കുലസ്ത്രീ എന്ന പ്രയോഗത്തെ സാമൂഹ്യമാധ്യമങ്ങൾ പരിഹാസരൂപേണ ഉപയോഗിക്കാറുണ്ടെങ്കിലും കുലത്തിൽ പിറന്ന പെണ്ണ് എന്ന സങ്കല്പത്തെ അടക്കവും ഒതുക്കവും പുരുഷനിർമ്മിതമൂല്യങ്ങളുമായി ഇണങ്ങിപ്പോകുന്നവൾ എന്ന അർഥത്തിൽ തന്നെയാണ് പുരുഷനിർമ്മിതസമൂഹം വിനിമയം ചെയ്യപ്പെടുന്നത്. അതിനേറ്റവും ശക്തമായ തെളിവുകളാണ് അങ്ങാടിക്കാരൻ എന്നതിന് നൽകുന്ന അർഥം അങ്ങാടിയിൽ ഇരുന്ന് കച്ചവടം നടത്തുന്നവൻ, സാമാനങ്ങൾ വിലയ്ക്കു

കൊടുക്കുന്നവൻ എന്നിങ്ങനെയാണ്. അതായത് ഒരു തൊഴിൽ ചെയ്യുന്നവൻ എന്ന രീതിയിൽ മാന്യമായ പരിവേഷം ചാർത്തികൊടുക്കുന്നു. അതേ സമയം സ്ത്രീ കളെ സംബന്ധിച്ച് സമമൂല്യത നൽകുന്നില്ലെന്നു മാത്രമല്ല അമാന്യയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നു. അതോടൊപ്പം ചേർത്തുവായിക്കേണ്ട ഒന്നാണ് ചരക്ക് എന്ന പ്രയോഗവും. വേശ്യ എന്ന തലത്തിൽ തന്നെയാണ് ചരക്കിന്റേയും സൂചിതാർഥം. 'അജ്ജുക', 'ഗണിക' പദങ്ങളുടെ അർഥവിവരണത്തിൽ അതു വ്യക്തമാണ്. കച്ചവടചരക്ക് എന്നതിലൂടെ വിപണന സാധ്യതയുള്ള ഒരു ഉത്പന്നം എന്ന രീതിയിലേക്ക് സ്ത്രീയെ നിർമ്മിച്ചെടുക്കുന്ന മനോഭാവവും പ്രകടമാണ്. മാത്രമല്ല ഈ പദങ്ങളെല്ലാം ഇന്നും സമൂഹത്തിൽ (വാമൊഴിയിലായാലും വരമൊഴിയിലായാലും) വലിയ തോതിൽ വിനിമയം ചെയ്യപ്പെടുന്നുവെന്നതും പ്രധാനമാണ്.

**നൃത്തം**– നാട്യം, നടനം, ആട്ടം എന്നീ പദങ്ങളിലൂടെയെല്ലാം സ്ത്രീയെ പ്രതിനിധീകരിക്കുന്നിടത്ത് അത് 'വേശ്യ' എന്ന ആശയത്തിലേക്ക് മാറുന്നു. അതായത് നൃത്തം എന്നതിനെ ഒരു കലാപരമായ കഴിവ് അല്ലെങ്കിൽ തൊഴിൽ എന്ന നിലയിൽ പരിഗണിക്കാതെ, അതിലേർപ്പെടുന്ന സ്ത്രീകളെ മോശക്കാരികളായി ചിത്രീകരിച്ചിരിക്കുന്നു. അത് കൃത്യമായും പുരുഷനിർമ്മിത ലിംഗ വിവേചനത്തെയാണ് ഉത്പാദിപ്പിക്കുന്നതും നിലനിർത്തുന്നതും. പുരുഷ പ്രതിനിധാന പദങ്ങളെ വിശകലനം ചെയ്യുമ്പോൾ കൃത്യമായി ബോധ്യപ്പെടുന്നു.

6.34. പട്ടിക (34) .നൃത്തം. സ്ത്രീ– പുരുഷ പ്രതിനിധാന പദങ്ങൾ

| **സ്ത്രീപ്രതിനിധാന പദങ്ങൾ–** | **പുരുഷ പ്രതിനിധാനപദങ്ങൾ–** |
|---|---|
| 1. അജ്ജുക– വേശ്യ, ഗണിക, നർത്തകി (അർ ജയതിയാ സാ, പണം | 1. ആട്ടക്കാരൻ– കഥകളിനടൻ, ആടുന്നവൻ, നടൻ |

| | |
|---|---|
| സമ്പാദിക്കുന്നവൾ)<br>2. അഴിഞ്ഞവൾ– അഴിഞ്ഞാട്ടക്കാരി, കുലട<br>3. ആട്ടക്കാരി– ആട്ടുന്നവൾ, നർത്തകി തോന്ന്യാസക്കാരി, കുഴഞ്ഞാട്ടുന്നവൾ<br>4. ജഘനചപല –വേശ്യ, ദാസി, നൃത്തത്തിൽ താത്പര്യമുള്ളവൾ.<br>5. നടി– നാട്യവിദ്യ അഭ്യസിച്ചവൾ, ആട്ടക്കാരി, നാടകത്തിലെ (പ്രധാന) വേഷക്കാരി<br>6. പതിയിലാർ– ആട്ടക്കാരി<br>7. ലാസകി– നർത്തകി<br>8. വാരനാരി, വാരവാണി– വേശ്യ, നർത്തകി<br>9. വിറലി– നർത്തകി, വേശ്യ | 2. നടൻ–(നാടകത്തിലെ) വേഷക്കാരൻ, ചാക്യാർ, ആട്ടക്കാരൻ, നാട്യവിദ്യ ക്കാരൻ, പതിതനായ ക്ഷത്രിയന്റെ പുത്രൻ |

ഇവിടെ പുരുഷപ്രതിനിധാനത്തിന് തൊഴിൽപരമായ, കലാപരമായ അംഗീകാരം ലഭിക്കുകയും സ്ത്രീപ്രതിനിധാനത്തിന് വേശ്യ എന്ന വിശേഷാർഥം കൂടി നൽകുന്നു. തൊഴിൽപരമായി, കലാപരമായി ഒരേ ഗണത്തിൽപ്പെടുന്നവരായിട്ടും ഒരു വിഭാഗത്തിന് മാന്യമായ സ്ഥാനം നൽകുകയും മറ്റൊരു വിഭാഗത്തെ ബോധപൂർവ്വം മാറ്റിനിറുത്തുകയും ചെയ്യുന്ന പ്രവണതയാണ് സമൂഹത്തിൽ എന്നതുപോലെ ഭാഷാഘടകങ്ങളിലെ പദതലത്തിലും കാണുന്നത്. ദേവദാസി എന്ന സമ്പ്രദായത്തിനു സംഭവിക്കുന്ന പരിണാമത്തിന്റെ അടയാളങ്ങൾ കൂടി നൃത്തം അഭ്യസിക്കുന്ന സ്ത്രീകളുടെ മേൽ ഉടരുകയും അവ പദതലത്തിൽ പ്രകട മാവുകയും ചെയ്യുന്നു.

**പതിവ്രതാസങ്കല്പം-** സ്ത്രീകളെ നിർണയിക്കുന്നതിൽ പതിവ്രതാസങ്കല്പത്തിന്റെ സ്ഥാനവും നിർണായകമാണ്. വിവാഹം, ദാമ്പത്യം, പെരുമാറ്റം തുടങ്ങിയ വിവിധ ഘടകങ്ങളുമായി ചേർന്നുനിൽക്കുന്നതോടൊപ്പം ലൈംഗികത എന്ന ആശയവുമായി അവയെ ബന്ധപ്പെടുത്തിയിരിക്കുന്നു. കുടുംബം, ലൈംഗികത തുടങ്ങിയ സാമൂഹ്യനിർമ്മിതികൾ സ്ത്രീകളെ സംബന്ധിച്ച് വലിയ ഉത്തര വാദിത്തമാണ് അവർക്കുമേൽ നൽകുന്നത്. അവയൊക്കെ സംരക്ഷിച്ച് കൊണ്ടുപോവേണ്ട ബാധ്യത സ്ത്രീയുടെ ചുമതലയാണ്. അതിനെ നിരാകരിക്കുന്ന തോടെ ഒരുവൾ വേശ്യയാകുന്നു. പദപഠനത്തിൽ തെളിയുന്നതും അതാണ്.

അനിയതപുംസ്ക, അഭിസാരിക, അഭിസാരിണി, അവരാശി, അസതി, അസാദ്ധ്വി, ഇത്വരി, ഉൽക്കുലാ, കാണേലി, കുലട, ഗണിക, ചപല, ചലല, പാംസുലാ, പുംശ്ചലി, രൂപാജീവ, വാരസ്ത്രീ, വാരവധു, വ്യഭിചാരിണി, തുടങ്ങിയ പദങ്ങളെല്ലാം വേശ്യ എന്ന സൂചിതാർഥം നൽകുന്നത് പാതിവ്രത്യം എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കിയാണ്. ഇത്തരത്തിൽ ഓരോ സങ്കല്പനത്തിൽ ഊന്നി ഒരാശയത്തെ സൂചിപ്പിക്കാവുന്ന നിരവധി പദങ്ങൾ ഭാഷയിൽ ഉണ്ടെ ന്നാണ് നിഘണ്ടുതലത്തിൽ കാണുന്നത്. ഒരു പദം ഇല്ലെന്നു കരുതി ആ പദം വിനിമയം ചെയ്യുന്ന ആശയമോ മൂല്യമോ ഇല്ലാതാവുന്നില്ല, പകരം സമാന ആശയം ഉത്പാദിപ്പിക്കുന്ന നിരവധി പദങ്ങൾ നിലനിൽക്കുന്നു. ഇത്തരത്തിൽ പുരുഷാധികാരവ്യവസ്ഥ നിർമ്മിച്ചെടുത്ത പദക്കൂട്ടുകളിലൂടെയാണ് ലിംഗ വിവേചനം ഭാഷയിൽ നിലനിൽക്കുന്നതും പരിപാലിച്ചു പോരുന്നതും എന്ന് സ്ത്രീ പക്ഷസമീപനത്തിൽ ബോധ്യപ്പെടുന്നു.

### 6.4. അധ്യായസംഗ്രഹം

നിഘണ്ടുക്കളിലെ സ്ത്രീസൂചകപദങ്ങളെയും അതിൽ അടങ്ങിയിരിക്കുന്ന ലിംഗവിവേചനത്തെയുമാണ് മേൽസൂചിപ്പിച്ചത്. സാമൂഹികമായ ആധിപത്യ സ്വഭാവം ഭാഷയിലും ഭാഷാസ്രോതഗ്രന്ഥങ്ങളിലും പ്രകടമാണെന്നാണ് പദ,

അർഥ വിശകലനത്തിൽ വ്യക്തമായത്. പുരുഷാധിപത്യമൂല്യങ്ങളിൽ അധിഷ്ഠിതമായ സ്ത്രീപ്രതിനിധാനങ്ങളെയാണ് നിഘണ്ടുവിൽ അടയാള പ്പെടുത്തിയിരിക്കുന്നത്. സമൂഹം സ്ത്രീയുടെ മേൽചാർത്തികൊടുക്കുന്ന പദവികളുടെയും മൂല്യങ്ങളുടെയും ശാരീരികപ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ നല്ല സ്ത്രീ/ ചീത്ത സ്ത്രീ എന്ന ദ്വന്ദം നിർമ്മിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചെടുക്കുന്ന പ്രതിനിധാനങ്ങളായാണ് സ്ത്രീ എന്ന സങ്കല്പനത്തെ നിർവ്വചിക്കുന്നത്. വ്യക്തി എന്ന നിലയിലുള്ള പരിഗണനയും അധികാരവും സ്ഥാനവുമെല്ലാം പുരുഷനിലേക്ക് കേന്ദ്രീകരിക്കുന്നു. ഇതെല്ലാം നിഷേധിച്ചുകൊണ്ട് ബലഹീനതയുടെയും വിലക്കുകളുടേയും തലങ്ങളിലേക്ക് സ്ത്രീയെ മാറ്റി നിറുത്തുന്നു. മലയാള ഭാഷയിലും ഭാഷാ സ്രോതുഗ്രന്ഥമായ നിഘണ്ടുവിലും പ്രവർത്തിക്കുന്നത് പുരുഷാധിപത്യപ്രവണതകൾ ആണെന്ന് നിഘണ്ടുവിൽ നിന്നുള്ള പദ, അർഥ അപഗ്രഥനത്തിൽ വ്യക്തമാവുന്നു. ലിംഗവിവേചനത്തെ നിലനിർത്താനുള്ള ശ്രമങ്ങൾകൂടി നിഘണ്ടുതലത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് സ്ത്രീപക്ഷ സമീപനത്തിൽ ബോധ്യപ്പെടുന്നത്. ഭാഷാബോധത്തിൽ ഉറഞ്ഞിരിക്കുന്ന പുരുഷാധിപത്യമൂല്യം മാറുന്നില്ല. തലമുറകളിലൂടെ വ്യാപിച്ച് അർഥസ്ഥിരത വരുത്തുകയാണ്. 'സുന്ദരി', 'വേശ്യ' പദങ്ങളിൽ കാണുന്നതു പോലെ സമാന അർഥം/ആശയം വരുന്ന ഒരു കൂട്ടം പദങ്ങളിലൂടെയാണിത് സാധ്യമാക്കുന്നത്. ഭാഷാബോധത്തിൽ ഉറഞ്ഞുകൂടിയ ലിംഗവിവേചനത്തെ പുനരാലോചനയ്ക്ക്/ പുനർവായനയ്ക്ക് വിധേയമാക്കാൻ ഫെമിനിസ്റ്റ് ഭാഷാശാസ്ത്ര സമീപനത്തിനു സാധ്യമാകുന്നു. അതോടൊപ്പം, ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫിയുടെ കൂടി പ്രാധാന്യം നിഘണ്ടുനിർമ്മാണ പ്രവർത്തനഘട്ടത്തിലെല്ലാം ആവശ്യമാണെന്നും അതുവഴി നിഘണ്ടുക്കളിലെ ലിംഗവിവേചനസ്വഭാവത്തെ മറികടക്കാനും സാധ്യമാണെന്ന് വിശകലനത്തിൽ തെളിയുന്നു.

# ഉപസംഹാരം

ഭാഷയിലെ ലിംഗപരമായ വ്യതിരിക്തതയെ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന പഠനശാഖയാണ് 'ഭാഷയും ലിംഗപദവിയും'. ഇതൊരു അന്തർ വൈജ്ഞാനിക പഠനശാഖയാണ്. ഭാഷയെ കേന്ദ്രീകരിച്ചു കൊണ്ടുള്ള ലിംഗപദവി പഠനങ്ങൾ ഭാഷാപ്രക്രിയയുടെ വിവിധ തലങ്ങളായ സ്വനതലം മുതൽ വ്യവഹാര തലം വരെ ലിംഗവിവേചനം പ്രകടമാണെന്ന് നിരീക്ഷിക്കുന്നു. ഭാഷ പുരുഷാധിപത്യ പരമാണെന്ന് സമർഥിക്കുന്നു. മാത്രമല്ല ഭാഷയുടെ ലിംഗപരമായ മനോഭാവങ്ങളെ നിലനിറുത്തുന്നതും പുനരുത്പാദിപ്പിക്കുന്നതും അതത് ഭാഷകളിലെ കോശിമ ങ്ങളാണ്. അവയെ സംരക്ഷിച്ചു പോരുന്നത് നിഘണ്ടുക്കളാണ്. ഇത്തരത്തിലുള്ള പരികല്പനകളെ അടിസ്ഥാനപ്പെടുത്തിയാണ് മലയാള നിഘണ്ടുക്കളിലെ ലിംഗ മൂല്യത്തേയും അതെങ്ങനെ സ്ത്രീകളെ കാലങ്ങളായി പ്രതിനിധീകരിക്കുന്നുവെന്ന അന്വേഷണവും ആരംഭിക്കുന്നത്. പഠനലക്ഷ്യത്തിന് ആവശ്യമായ ദത്തശേഖരണം നടത്തി. സാമൂഹ്യഭാഷാ ശാസ്ത്രത്തിന്റെയും ഫെമിനിസ്റ്റ്ഭാഷാശാസ്ത്രത്തിന്റെയും രീതിശാസ്ത്രം ഉപയോഗിച്ച് നടത്തിയ പഠനത്തിലൂടെ കൃത്യമായും പഠനലക്ഷ്യത്തെ സാധൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആറ് അധ്യായങ്ങളായി വർഗീകരിച്ച് നടത്തിയ പഠനത്തിലെ പ്രധാന നിഗമനങ്ങളെയും നിരീക്ഷണങ്ങളെയും ചുവടെ ചേർക്കുന്നു. ഓരോ നിരീക്ഷണ ങ്ങളും ഉൾപ്പെടുന്ന ഭാഗം സൂചിപ്പിക്കുന്നതിന് അധ്യായഭാഗത്തു നിന്നുള്ള നമ്പർ സൂചിക വലയത്തിനുള്ളിലായി നൽകിയിരിക്കുന്നു.

1. ഭാഷാപഠന മേഖലയിൽ ലിംഗം എന്ന ആശയം ആദ്യം കടന്നുവരുന്നത് വ്യാകരണതലത്തിലും പിന്നീട് സാമൂഹ്യഭാഷാശാസ്ത്രതലത്തിലുമാണ്. സാമൂഹ്യചരം എന്ന രീതിയിലാണ് സാമൂഹ്യഭാഷാശാസ്ത്രത്തിൽ ലിംഗത്തെ പരിഗണിച്ചത്. തുടർന്ന് ഭാഷണപ്രക്രിയയിൽ ലിംഗമെന്ന ചരത്തിന്റെ

അടിസ്ഥാനത്തിൽ ഉണ്ടാവുന്ന വൈവിധ്യങ്ങളേയും പഠനവിധേയമാക്കി. സ്ത്രീ-പുരുഷ ഭാഷണത്തിൽ വ്യത്യാസം ഉണ്ടെന്നുമുള്ള നിരീക്ഷണത്തിൽ എത്തിച്ചു. സ്ത്രീ ഭാഷ എന്ന ആശയത്തിലേക്ക് അത് വഴിമാറുകയും ഫെമിനിസ്റ്റ്ഭാഷാശാസ്ത്രം എന്ന ശാഖ രൂപപ്പെടുകയും ഉണ്ടായി. ($ 1. 6)

ഫെമിനിസ്റ്റ്ഭാഷാശാസ്ത്രത്തിന്റെ ഭാഗം എന്നു പറയാവുന്ന പഠനങ്ങൾ ഒന്നും മലയാള സന്ദർഭത്തിൽ കാണാനായില്ല. അതേ സമയം ഭാഷയിലെ ലിംഗ വ്യതിരിക്തതയെ സൂചിപ്പിക്കുന്നതരത്തിൽ ഉള്ള നിരീക്ഷണങ്ങൾ പ്രേമ എസ്, പാർവതി എസ് നായർ, സോമൻ, പി എന്നിവരുടെ പഠനങ്ങളിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പൂർണമായും ഭാഷ കേന്ദ്രീകരിക്കപ്പെട്ടു കൊണ്ടുള്ള ലിംഗപദവി പഠനം മലയാളത്തിൽ ഉണ്ടായിട്ടില്ല. ($ 1. 8, 1. 8. 1)

2. നിഘണ്ടുവുമായി ബന്ധപ്പെട്ട് മലയാളത്തിൽ ഉണ്ടായ ഭൂരിഭാഗം പഠനങ്ങളും അതിന്റെ വർഗീകരണത്തെയോ ഘടനയെയോ ഉത്ഭവ വികാസത്തെയോ സംബന്ധിച്ചായിരുന്നു. സംസ്കാരപഠനം, സാമൂഹ്യഭാഷാ ശാസ്ത്രം എന്നിവയിലൂന്നി വന്ന പഠനങ്ങൾ വിരളമാണ്. പൂർണമായും സ്ത്രീപക്ഷ സമീപനത്തിലൂന്നി നിഘണ്ടുവിന്റെ ലിംഗമൂല്യത്തെ ചോദ്യം ചെയ്യുന്ന പഠനങ്ങൾ ഉണ്ടായിട്ടില്ല. ($ 2. 11)

നിഘണ്ടുനിർമ്മാണത്തിന്റെയും നിഘണ്ടു സംബന്ധപഠനങ്ങളുടെയും ചരിത്രപരമായ വിശകലനത്തിൽ തെളിയുന്നത് ഇതൊരു പുരുഷനിർമ്മിത വൈജ്ഞാനികശാഖയായാണ്. പുരുഷനിർമ്മിത താത്പര്യങ്ങളാണ് നിഘണ്ടു നിർമ്മാണത്തിൽ പ്രവർത്തിക്കുന്നത്. ആ താത്പര്യങ്ങളെ പുരുഷ നിർമ്മാതാക്കളായാലും സ്ത്രീനിർമ്മാതാക്കളായാലും പിന്തുടരുന്നു. അവിടെയാണ് ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി പ്രസക്തമാവുന്നത്. നിലനിൽക്കുന്ന നിഘണ്ടു സങ്കല്പത്തെ സ്ത്രീപക്ഷസമീപനത്തിലൂന്നി പുനരാലോചനകൾക്ക് വിധേയമാക്കാൻ ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി ശ്രമിക്കുന്നു. ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി എന്ന

ആശയത്തെയും അതിന്റെ സാധ്യതകളെയും അവതരിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന മലയാളത്തിലെ ആദ്യശ്രമമാണ് ഈ ഗവേഷണ പ്രബന്ധം. ($ 2. 13, 2. 14)

3. വ്യാകരണിക ലിംഗസങ്കല്പത്തെ നിഘണ്ടുക്കൾ പലവിധത്തിൽ ഉൾക്കൊള്ളുന്നു. ഓരോ നിഘണ്ടുനിർമ്മാതാവും സ്വീകരിക്കുന്ന സമീപനങ്ങളിൽ സാമ്യവ്യത്യാസമുണ്ട്. 'ഗുണ്ടർട്ട് നിഘണ്ടു' സ്ത്രീലിംഗസൂചക സംസ്കൃത പദങ്ങളെ മലയാളത്തിന്റേതായ ലിംഗപ്രത്യയത്തിലൂന്നി വിവരിക്കുന്നു. 'ശബ്ദതാരാവലി' സംസ്കൃത രീതിയിലുള്ള ലിംഗസൂചന സ്വീകരിക്കുന്നു. ($ 3. 7)

വ്യാകരണികലിംഗസങ്കല്പം കൊണ്ടു വന്ന ലിംഗനിരപേക്ഷസങ്കല്പം പോലും മലയാളനിഘണ്ടുക്കളിൽ പുല്ലിംഗകേന്ദ്രിതമാവുന്നു. പ്രഥമലിംഗം എന്ന പരിഗണന പുല്ലിംഗത്തിനു നൽകുകയും ഇതരലിംഗത്തെ/ ലിംഗങ്ങളെ താഴെയായി കാണുകയും ചെയ്യുന്ന പ്രവണതയാണ് നിഘണ്ടുവിലുള്ളത്. പൊതു എന്ന നിലയിൽ സാമൂഹികമായി വിനിമയം ചെയ്യുന്ന പദങ്ങളെയെല്ലാം പുല്ലിംഗത്തിൽ വിവരിക്കുന്നു. ഇത്തരത്തിൽ പ്രത്യക്ഷമായ ലിംഗവിവേചനമാണ് നിഘണ്ടുതലത്തിൽ കാണുന്നത്. ($ 3. 8, 3. 10)

4. ലിംഗപ്രത്യയങ്ങൾ ചേരാതെ തന്നെ ലിംഗസൂചന നൽകുന്നവയാണ് കോശിമങ്ങൾ. പും സ്ത്രീ ലിംഗകോശിമങ്ങൾ നിഘണ്ടുവിൽ കൃത്യമായ വിവേചന സ്വഭാവത്തോടെയാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. കോശിമങ്ങളുടെ അർഥവിവരണത്തിൽ പുല്ലിംഗകേന്ദ്രിതരൂപങ്ങൾക്ക് സാമൂഹികമായ അധികാരത്തിന്റെയും ശക്തിയുടെയും ഭാവം നൽകുന്നു. സ്ത്രീസൂചകങ്ങൾക്ക് വിധേയത്വത്തിന്റെയും ബലഹീനതയുടെയും രൂപം നൽകുന്നു. ബന്ധസൂചകം, തൊഴിൽകേന്ദ്രിതം തുടങ്ങിയ സാമൂഹ്യസ്ഥാനം നിർണയിക്കുന്ന കോശിമങ്ങളിലാണ് ലിംഗവിവേചനം കൂടുതൽ പ്രകടം. ($ 4. 6)

5. ലിംഗവിവേചനം നിഘണ്ടുവിൽ പ്രകടമാകുന്നത് പല തരത്തിലാണ്. അവ ചുവടെ ചേർക്കുന്നു.

(1). മേൽസൂചിപ്പിച്ചതു പോലെ പ്രഥമലിംഗം എന്ന നിലയിൽ പുല്ലിംഗത്തെ കാണുകയും അതിനനുസൃതമായ രീതിയിൽ തലപ്പദത്തെ നിർണയിക്കുകയും ചെയ്യുന്നു. 'അൻ' പ്രത്യയത്തിലൂന്നിയ പദമാണ് നിഘണ്ടുവിൽ ഉടനീളം വരുന്നത്. ($ 5. 2. 1.)

(2). അർഥപരമായ ലിംഗവിവേചനവും നിഘണ്ടുവിലുണ്ട്. ഒരേ പദവിയിൽ വരുന്ന ലിംഗപ്രതിനിധാനങ്ങളിൽ പുല്ലിംഗപദത്തിന് സാമൂഹ്യമായ സ്ഥാനം നൽകി അധികാരത്തെ ഉറപ്പിക്കുകയും എതിർലിംഗപദങ്ങളെ പുരുഷന്റെ അധികാര ത്തിനു കീഴെയായി നിർണയിക്കുകയും ചെയ്യുന്നു. ($ 5. 2. 2.)

(3). തനിയെ നിൽക്കുമ്പോൾ നിർലിംഗസ്വഭാവം പുലർത്തുന്ന പദങ്ങളെ സ്ത്രീ സൂചനകൾക്കായി സമസ്തപദമായി രൂപപ്പെടുത്തുകയും അന്ത്യവർണങ്ങൾക്ക് ലിംഗപ്രത്യയസ്വഭാവം നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ ഏതുപദവും ലിംഗപരമായ അടയാളങ്ങൾ വഹിക്കാൻ സജ്ജമായിരിക്കുന്നു. ഇതു പ്രധാനമായും വരുന്നത് സ്ത്രീസൂചക പദങ്ങളിലാണ്. ($ 5. 2. 3.

(4). എല്ലാ ലിംഗത്തേയും ഉൾക്കൊള്ളുന്ന പദങ്ങളുടെ ലിംഗനിരപേക്ഷ സ്വഭാവം മാറ്റിവയ്ക്കുകയും അർഥവിവരണത്തിൽ പ്രത്യയരൂപം നൽകി പുല്ലിംഗ വിഭാഗത്തിലേക്ക് ഉൾക്കൊള്ളിക്കുന്നു. ($ 5. 2. 4 .)

(5). ബന്ധസൂചക പദങ്ങളുടെ വിവരണത്തിലും ലിംഗവിവേചനം കാണുന്നുണ്ട്. അധികാര വിധേയത്വഭാവം കൂടുതൽ പ്രകടമാകുന്നതും ബന്ധ സൂചകപദങ്ങളിലാണ്. ($ 5. 3. 1)

(6). ജാതി കേന്ദ്രിത സ്ത്രീ സൂചകപദങ്ങളിലും കാണുന്നത് വിവേചനപരമായ നിർമ്മിതിയാണ്. ജാതി നാമവും തത്ജാതിയിൽപ്പെട്ട പുരുഷനെ പ്രതിനിധീ

കരിക്കുന്നതും ഒരേ പേരിലാണ്. ആ ജാതിയിൽപ്പെട്ട പുരുഷന്റെ സ്ത്രീ രൂപമായാണ് സ്ത്രീപ്രതിനിധാനങ്ങൾ വരുന്നത്. കൂടാതെ ജാതീയമായ ഉച്ചനീചത്വവും ഈ പദങ്ങളിൽ കാണുന്നു. ഉയർന്ന ജാതിയിലുള്ള സ്ത്രീ പുരുഷന്മാരെ വ്യത്യസ്ത കോശിമങ്ങളിലൂടെ അടയാളപ്പെടുത്തുന്നു. ഉയർന്ന ജാതികളിലുള്ള സ്ത്രീകളുടെ പേരിനൊപ്പം ബഹുമാനസൂചകനാമം ചേർക്കുന്നതായും കാണാം. എന്നാൽ ഉയർന്ന ജാതിയിൽ തന്നെയുള്ള പുരുഷന്മാരുടെ നാമവിവരണവുമായി താരതമ്യം ചെയ്യുമ്പോൾ പുരുഷനിർമ്മിതവിലക്കുകൾ സ്ത്രീസൂചകപദങ്ങളിൽ കൂടുതൽ പ്രകടമാണ്. ($ 5. 3. 2)

(7). സാമൂഹ്യമായ സ്ഥാനത്തെ അടയാളപ്പെടുത്തുന്നതിൽ തൊഴിൽ സൂചക പദങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. തൊഴിലിനെ രണ്ടു തരത്തിലാണ് നിഘണ്ടു അടയാളപ്പെടുത്തുന്നത്. ജാതിയുടെയും മറ്റു സാമൂഹ്യഘടകങ്ങളുടെയും ഫലമായി തലമുറകളായി കൈമാറി വരുന്ന കുലത്തൊഴിലും വിദ്യഭ്യാസത്തിലൂടെയും മറ്റും ആർജ്ജിച്ചെടുക്കുന്ന ആർജ്ജിതതൊഴിലും. ഈ രണ്ട് തൊഴിലുമായി ബന്ധപ്പെട്ട പദങ്ങൾ രണ്ടു വിഭാഗത്തേയും ഉൾക്കൊള്ളുന്നുണ്ടെങ്കിലും കൃത്യമായ വിവേചനം പ്രകടമാണ്. നെയ്ത്ത്, അലക്ക്, വീട്ടുപണി, പാചകം, പരിചരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട തൊഴിലുകളാണ് സ്ത്രീകൾക്ക് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവിടെ തൊഴിൽ എന്നതിലുപരി ഉത്തരവാദിത്തം എന്ന നിലയിൽ സമൂഹം സ്ത്രീകളുടെ മേൽ ചാർത്തികൊടുക്കുന്നതായാണ് കാണുന്നത്. അറിവ്, അധികാരം, ധീരത, പോരാട്ടം, കല തുടങ്ങിയവയുമായി ബന്ധപ്പെട്ട തൊഴിലുകളെല്ലാം ഉൾ ക്കൊള്ളുന്നത് പുരുഷനെയാണ്. 'കുലം' തന്നെ പുരുഷൻ എന്ന അർഥത്തിലാണ് കുലത്തൊഴിലുകളെയും നിഘണ്ടു അടയാളപ്പെടുത്തിയിരിക്കുന്നത്. അതായത് തൊഴിൽപരമായ അംഗീകാരം ലഭ്യമായിട്ടുള്ളത് പുരുഷനാണ്. ($ 5. 3. 3)

(8). പദവിടവുകളിൽ കാണുന്നതും ലിംഗപരമായ ആധിപത്യത്തിന്റെയും സാമൂഹ്യ സ്ഥാനത്തിന്റെയും അടയാളങ്ങളാണ്. പെണ്ണിനെ അവമതിക്കാൻ പദം ഉണ്ടാകു

കയും പുരുഷനു നേരെ ഇല്ലാതിരിക്കുകയും ചെയ്യുന്നു. അധികാരകേന്ദ്രിത പദങ്ങൾ പുരുഷനെ മാത്രം ഉൾക്കൊള്ളുന്നു. സാമൂഹ്യമായി രണ്ടു ലിംഗത്തേയും ഉൾക്കൊള്ളുന്ന പദം ഉണ്ടാവുമ്പോഴും നിഘണ്ടു ഒരു ലിംഗത്തെ സൂചിപ്പിക്കുന്ന പദത്തെ മാത്രം അടയാളപ്പെടുത്തി മറ്റു ലിംഗസൂചകപദത്തെ രേഖപ്പെടുത്താതെ മാറ്റി നിറുത്തുന്നതും ലിംഗവിവേചനത്തെയാണ് സൂചിപ്പിക്കുന്നത്. ($ 5.4)

(9). പെണ്ണനുഭവങ്ങളെയും നിഘണ്ടു അടയാളപ്പെടുത്തുന്നത് വിലക്കുകളായിട്ടോ ചുമതലകളായിട്ടോ ആണ്. പ്രസവിക്കാൻ കഴിയാത്ത പെണ്ണിനെ സൂചിപ്പിക്കുന്ന പദങ്ങൾ ഇതു ശരിവയ്ക്കുന്നു. ($ 5.5)

(10) സ്ത്രീ പുരുഷ വളർച്ചാഘട്ടത്തേയും പ്രതിനിധീകരിക്കുന്ന പദങ്ങളേയും ഒരേ മൂല്യത്തിലല്ല നിഘണ്ടു അടയാളപ്പെടുത്തുന്നത്. മേൽസൂചിപ്പിച്ച പോലെ അധികാര/വിധേയത്വ ഭാവം ഇവിടെയും പ്രകടമാണ്. പെണ്ണിന്റെ വളർച്ചയോടൊപ്പം തന്നെ പെണ്ണിനെ കേന്ദ്രീകരിച്ചുള്ള സങ്കല്പനങ്ങളും വളരുന്നതായി പദവിശകലനത്തിൽ കാണുന്നുണ്ട്. ($ 5. 6 )

(11). സ്ത്രീകളെ പ്രതിനിധാനം ചെയ്യുന്ന പദങ്ങളധികവും ചില സങ്കല്പനങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ്. ഒരു ലിംഗത്തെ മാത്രം ഉൾപ്പെടുത്തികൊണ്ടുള്ള മൂല്യ സങ്കല്പനങ്ങളും ലിംഗപദവി നിർണയിക്കുന്നു. ($ 5. 7)

(12). സ്ത്രീ- പും ലിംഗത്തിൽ ഉൾപ്പെടുന്ന പദങ്ങളുടെ വിനിമയമൂല്യത്തിലും പ്രകടമാവുന്നത് ലിംഗപരമായ വേർതിരിവുകളാണ്. 'പൊതു' എന്ന തരത്തിൽ പുംലിംഗസൂചകപദങ്ങളെ വിനിമയം ചെയ്യുന്നതോടെ സ്ത്രീലിംഗസൂചകപദങ്ങൾ ഉപയോഗശൂന്യമായി തീരുന്നു. അതേസമയം സ്ത്രീകളെ അവമതിക്കാനുപയോഗിക്കുന്ന പദങ്ങളുടെ വിനിമയസാധ്യത കൂടുതലും പുരുഷനു നേരെയുള്ള പദം വിനിമയം ചെയ്യാതിരിക്കുന്ന പ്രവണതയും പദവിശകലനത്തിൽ ബോധ്യപ്പെടുന്നു. ($ 5. 8 )

6. ലിംഗവിവേചനത്തൊടൊപ്പം അത് നിലനിർത്താനുള്ള പ്രവണതയും നിഘണ്ടു തലത്തിൽ പ്രകടമാണ്. സ്ത്രീകളെ പ്രതിനിധീകരിക്കുന്നത് ഒന്നോ രണ്ടോ പദങ്ങളിലൂടെയല്ലാതെ ഒരു കൂട്ടം പദങ്ങളിലൂടെയാണ്. സമാനാർഥ പദങ്ങളിലൂടെ ലിംഗപരമായമൂല്യങ്ങളെ നിലനിർത്താനും പുനരുത്പാദിപ്പിക്കാനും ഉള്ള ശ്രമങ്ങൾ നിഘണ്ടുതലത്തിൽ പ്രകടമാണ്. സ്ത്രീ, പുരുഷൻ എന്ന ദ്വന്ദ്വത്തിന്റെ അർഥ വിവരണത്തിൽ തുടങ്ങുന്ന വിവേചനസ്വഭാവം  അതുമായി ബന്ധപ്പെട്ട പദ ങ്ങളിലെല്ലാം വ്യാപിക്കുന്നു. പുരുഷനെ ഉന്നതമൂല്യത്തിലൂന്നിയ ഗുണവിശേഷണ ങ്ങളായും സ്ത്രീയെ സാമൂഹികമായി അവർ വഹിക്കുന്ന പദവികളെയോ ശരീര ത്തെയോ അടിസ്ഥാനമാക്കിയും നിഘണ്ടു വിവരിക്കുന്നു. പുരുഷന് അധികാര ത്തിന്റെ ഭാവവും സ്ത്രീയ്ക്ക് വിധേയത്വത്തിന്റെ രൂപവും നൽകുന്നു. ഈയൊരു നിർമ്മിതമൂല്യത്തെ ആധാരമാക്കിയാണ് പുരുഷന്റെയും സ്ത്രീയുടെയും ഇടങ്ങളെയും സ്ഥാനത്തെയും നിർണയിക്കുന്നത്. സ്ത്രീ- പുരുഷനുമായി ബന്ധപ്പെട്ട ഓരോ പദങ്ങളിലും പ്രകടമാവുന്നതും ഇത്തരത്തിലൂന്നിയ ലിംഗവിവേചനമൂല്യമാണ്. നിഘണ്ടുക്കളിലൂടെ പ്രതിഫലിക്കുന്നത് സാമൂഹികമായ പുരുഷാധിപത്യബോധവും നിഘണ്ടുനിർമ്മിതിയിലെ പുരുഷമേൽക്കോയ്മയുമാണ്. ഇത്തരം ലിംഗവിവേചന മൂല്യങ്ങൾക്കെതിരെ പ്രതിരോധം ഉന്നയിക്കാൻ ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫിക്ക് കഴിയുന്നു. ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ കൂടി ഉൾക്കൊണ്ടുള്ള പരിഷ്കരണം മലയാളനിഘണ്ടുനിർമ്മാണ മേഖലയിലും ആവശ്യ മുണ്ടെന്നും അതുവഴി നിഘണ്ടുക്കളിലെ ലിംഗവിവേചനത്തെ ഒഴിവാക്കാൻ കഴിയുമെന്നും ഈ പഠനം വെളിപ്പെടുത്തുന്നു.

# മലയാള നിഘണ്ടുക്കളിലെ സ്ത്രീപ്രതിനിധാനം: അന്തർഭാഷാശാസ്ത്രപഠനം.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ഭാഷാശാസ്ത്രഫാക്കൽറ്റിയിലെ ഭാഷാശാസ്ത്രവകുപ്പിൽ സമർപ്പിക്കുന്ന പ്രബന്ധം.

**സക്കീന മീനടത്തൂർ**

മാർഗനിർദേശകൻ

**ഡോ. എം. ശ്രീനാഥൻ**

പ്രൊഫസർ, ഭാഷാശാസ്ത്രവകുപ്പ്, ഭാഷാശാസ്ത്രഫാക്കൽറ്റി

**തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല**

അക്ഷരം കാമ്പസ്, വാക്കാട് പി. ഒ, തിരൂർ– 676502

**2020 ഫെബ്രുവരി**

# ഉപസംഹാരം

ഭാഷയിലെ ലിംഗപരമായ വ്യതിരിക്തതയെ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന പഠനശാഖയാണ് 'ഭാഷയും ലിംഗപദവിയും'. ഇതൊരു അന്തർ വൈജ്ഞാനിക പഠനശാഖയാണ്. ഭാഷയെ കേന്ദ്രീകരിച്ചു കൊണ്ടുള്ള ലിംഗപദവി പഠനങ്ങൾ ഭാഷാപ്രക്രിയയുടെ വിവിധ തലങ്ങളായ സ്വനതലം മുതൽ വ്യവഹാര തലം വരെ ലിംഗവിവേചനം പ്രകടമാണെന്ന് നിരീക്ഷിക്കുന്നു. ഭാഷ പുരുഷാധിപത്യ പരമാണെന്ന് സമർഥിക്കുന്നു. മാത്രമല്ല ഭാഷയുടെ ലിംഗപരമായ മനോഭാവങ്ങളെ നിലനിറുത്തുന്നതും പുനരുത്പാദിപ്പിക്കുന്നതും അതത് ഭാഷകളിലെ കോശിമ ങ്ങളാണ്. അവയെ സംരക്ഷിച്ചു പോരുന്നത് നിഘണ്ടുക്കളാണ്. ഇത്തരത്തിലുള്ള പരികല്പനകളെ അടിസ്ഥാനപ്പെടുത്തിയാണ് മലയാള നിഘണ്ടുക്കളിലെ ലിംഗ മൂല്യത്തേയും അതെങ്ങനെ സ്ത്രീകളെ കാലങ്ങളായി പ്രതിനിധീകരിക്കുന്നുവെന്ന അന്വേഷണവും ആരംഭിക്കുന്നത്. പഠനലക്ഷ്യത്തിന് ആവശ്യമായ ദത്തശേഖരണം നടത്തി. സാമൂഹ്യഭാഷാ ശാസ്ത്രത്തിന്റെയും ഫെമിനിസ്റ്റ്ഭാഷാശാസ്ത്രത്തിന്റെയും രീതിശാസ്ത്രം ഉപയോഗിച്ച് നടത്തിയ പഠനത്തിലൂടെ കൃത്യമായും പഠനലക്ഷ്യത്തെ സാധൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആറ് അധ്യായങ്ങളായി വർഗീകരിച്ച് നടത്തിയ പഠനത്തിലെ പ്രധാന നിഗമനങ്ങളെയും നിരീക്ഷണങ്ങളെയും ചുവടെ ചേർക്കുന്നു. ഓരോ നിരീക്ഷണ ങ്ങളും ഉൾപ്പെടുന്ന ഭാഗം സൂചിപ്പിക്കുന്നതിന് അധ്യായഭാഗത്തു നിന്നുള്ള നമ്പർ സൂചിക വലയത്തിനുള്ളിലായി നൽകിയിരിക്കുന്നു.

1. ഭാഷാപഠന മേഖലയിൽ ലിംഗം എന്ന ആശയം ആദ്യം കടന്നുവരുന്നത് വ്യാകരണതലത്തിലും പിന്നീട് സാമൂഹ്യഭാഷാശാസ്ത്രതലത്തിലുമാണ്. സാമൂഹ്യചരം എന്ന രീതിയിലാണ് സാമൂഹ്യഭാഷാശാസ്ത്രത്തിൽ ലിംഗത്തെ പരിഗണിച്ചത്. തുടർന്ന് ഭാഷണപ്രക്രിയയിൽ ലിംഗമെന്ന ചരത്തിന്റെ

അടിസ്ഥാനത്തിൽ ഉണ്ടാവുന്ന വൈവിധ്യങ്ങളേയും പഠനവിധേയമാക്കി. സ്ത്രീ-പുരുഷ ഭാഷണത്തിൽ വ്യത്യാസം ഉണ്ടെന്നുമുള്ള നിരീക്ഷണത്തിൽ എത്തിച്ചു. സ്ത്രീ ഭാഷ എന്ന ആശയത്തിലേക്ക് അത് വഴിമാറുകയും ഫെമിനിസ്റ്റ്ഭാഷാശാസ്ത്രം എന്ന ശാഖ രൂപപ്പെടുകയും ഉണ്ടായി. ($ 1. 6)

ഫെമിനിസ്റ്റ്ഭാഷാശാസ്ത്രത്തിന്റെ ഭാഗം എന്നു പറയാവുന്ന പഠനങ്ങൾ ഒന്നും മലയാള സന്ദർഭത്തിൽ കാണാനായില്ല. അതേ സമയം ഭാഷയിലെ ലിംഗ വ്യതിരിക്തതയെ സൂചിപ്പിക്കുന്നതരത്തിൽ ഉള്ള നിരീക്ഷണങ്ങൾ പ്രേമ എസ്, പാർവതി എസ് നായർ, സോമൻ, പി എന്നിവരുടെ പഠനങ്ങളിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പൂർണമായും ഭാഷ കേന്ദ്രീകരിക്കപ്പെട്ടു കൊണ്ടുള്ള ലിംഗപദവി പഠനം മലയാളത്തിൽ ഉണ്ടായിട്ടില്ല. ($ 1. 8, 1. 8. 1)

2. നിഘണ്ടുവുമായി ബന്ധപ്പെട്ട് മലയാളത്തിൽ ഉണ്ടായ ഭൂരിഭാഗം പഠനങ്ങളും അതിന്റെ വർഗീകരണത്തെയോ ഘടനയെയോ ഉത്ഭവ വികാസത്തെയോ സംബന്ധിച്ചായിരുന്നു. സംസ്കാരപഠനം, സാമൂഹ്യഭാഷാ ശാസ്ത്രം എന്നിവയിലൂന്നി വന്ന പഠനങ്ങൾ വിരളമാണ്. പൂർണമായും സ്ത്രീപക്ഷ സമീപനത്തിലൂന്നി നിഘണ്ടുവിന്റെ ലിംഗമൂല്യത്തെ ചോദ്യം ചെയ്യുന്ന പഠനങ്ങൾ ഉണ്ടായിട്ടില്ല. ($ 2. 11)

നിഘണ്ടുനിർമ്മാണത്തിന്റെയും നിഘണ്ടു സംബന്ധപഠനങ്ങളുടെയും ചരിത്രപരമായ വിശകലനത്തിൽ തെളിയുന്നത് ഇതൊരു പുരുഷനിർമ്മിത വൈജ്ഞാനികശാഖയായാണ്. പുരുഷനിർമ്മിത താത്പര്യങ്ങളാണ് നിഘണ്ടു നിർമ്മാണത്തിൽ പ്രവർത്തിക്കുന്നത്. ആ താത്പര്യങ്ങളെ പുരുഷ നിർമ്മാതാക്കളായാലും സ്ത്രീനിർമ്മാതാക്കളായാലും പിന്തുടരുന്നു. അവിടെയാണ് ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി പ്രസക്തമാവുന്നത്. നിലനിൽക്കുന്ന നിഘണ്ടു സങ്കല്പത്തെ സ്ത്രീപക്ഷസമീപനത്തിലൂന്നി പുനരാലോചനകൾക്ക് വിധേയമാക്കാൻ ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി ശ്രമിക്കുന്നു. ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി എന്ന

ആശയത്തെയും അതിന്റെ സാധ്യതകളെയും അവതരിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന മലയാളത്തിലെ ആദ്യശ്രമമാണ് ഈ ഗവേഷണ പ്രബന്ധം. ($ 2. 13, 2. 14)

3. വ്യാകരണിക ലിംഗസങ്കല്പത്തെ നിഘണ്ടുക്കൾ പലവിധത്തിൽ ഉൾക്കൊള്ളുന്നു. ഓരോ നിഘണ്ടുനിർമ്മാതാവും സ്വീകരിക്കുന്ന സമീപനങ്ങളിൽ സാമ്യ വ്യത്യാസമുണ്ട്. 'ഗുണ്ടർട്ട് നിഘണ്ടു' സ്ത്രീലിംഗസൂചക സംസ്കൃത പദങ്ങളെ മലയാളത്തിന്റേതായ ലിംഗപ്രത്യയത്തിലൂന്നി വിവരിക്കുന്നു. 'ശബ്ദതാരാവലി' സംസ്കൃത രീതിയിലുള്ള ലിംഗസൂചന സ്വീകരിക്കുന്നു. ($ 3. 7)

വ്യാകരണികലിംഗസങ്കല്പം കൊണ്ടു വന്ന ലിംഗനിരപേക്ഷസങ്കല്പം പോലും മലയാളനിഘണ്ടുക്കളിൽ പുല്ലിംഗകേന്ദ്രിതമാവുന്നു. പ്രഥമലിംഗം എന്ന പരിഗണന പുല്ലിംഗത്തിനു നൽകുകയും ഇതരലിംഗത്തെ/ ലിംഗങ്ങളെ താഴെയായി കാണുകയും ചെയ്യുന്ന പ്രവണതയാണ് നിഘണ്ടുവിലുള്ളത്. പൊതു എന്ന നിലയിൽ സാമൂഹികമായി വിനിമയം ചെയ്യുന്ന പദങ്ങളെയെല്ലാം പുല്ലിംഗത്തിൽ വിവരിക്കുന്നു. ഇത്തരത്തിൽ പ്രത്യക്ഷമായ ലിംഗവിവേചനമാണ് നിഘണ്ടുതലത്തിൽ കാണുന്നത്. ($ 3. 8, 3. 10)

4. ലിംഗപ്രത്യയങ്ങൾ ചേരാതെ തന്നെ ലിംഗസൂചന നൽകുന്നവയാണ് കോശിമങ്ങൾ. പും സ്ത്രീ ലിംഗകോശിമങ്ങൾ നിഘണ്ടുവിൽ കൃത്യമായ വിവേചന സ്വഭാവത്തോടെയാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. കോശിമങ്ങളുടെ അർഥവിവരണത്തിൽ പുല്ലിംഗകേന്ദ്രിതരൂപങ്ങൾക്ക് സാമൂഹികമായ അധികാരത്തിന്റെയും ശക്തിയുടെയും ഭാവം നൽകുന്നു. സ്ത്രീസൂചകങ്ങൾക്ക് വിധേയത്വത്തിന്റെയും ബലഹീനതയുടെയും രൂപം നൽകുന്നു. ബന്ധസൂചകം, തൊഴിൽകേന്ദ്രിതം തുടങ്ങിയ സാമൂഹ്യസ്ഥാനം നിർണയിക്കുന്ന കോശിമങ്ങളിലാണ് ലിംഗവിവേചനം കൂടുതൽ പ്രകടം. ($ 4. 6)

5. ലിംഗവിവേചനം നിഘണ്ടുവിൽ പ്രകടമാകുന്നത് പല തരത്തിലാണ്. അവ ചുവടെ ചേർക്കുന്നു.

(1). മേൽസൂചിപ്പിച്ചതു പോലെ പ്രഥമലിംഗം എന്ന നിലയിൽ പുല്ലിംഗത്തെ കാണുകയും അതിനനുസൃതമായ രീതിയിൽ തലപ്പദത്തെ നിർണയിക്കുകയും ചെയ്യുന്നു. 'അൻ' പ്രത്യയത്തിലൂന്നിയ പദമാണ് നിഘണ്ടുവിൽ ഉടനീളം വരുന്നത്. ($ 5. 2. 1.)

(2). അർഥപരമായ ലിംഗവിവേചനവും നിഘണ്ടുവിലുണ്ട്. ഒരേ പദവിയിൽ വരുന്ന ലിംഗപ്രതിനിധാനങ്ങളിൽ പുല്ലിംഗപദത്തിന് സാമൂഹ്യമായ സ്ഥാനം നൽകി അധികാരത്തെ ഉറപ്പിക്കുകയും എതിർലിംഗപദങ്ങളെ പുരുഷന്റെ അധികാര ത്തിനു കീഴെയായി നിർണയിക്കുകയും ചെയ്യുന്നു. ($ 5. 2. 2.)

(3). തനിയെ നിൽക്കുമ്പോൾ നിർലിംഗസ്വഭാവം പുലർത്തുന്ന പദങ്ങളെ സ്ത്രീ സൂചനകൾക്കായി സമസ്തപദമായി രൂപപ്പെടുത്തുകയും അന്ത്യവർണങ്ങൾക്ക് ലിംഗപ്രത്യയസ്വഭാവം നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ ഏതുപദവും ലിംഗപരമായ അടയാളങ്ങൾ വഹിക്കാൻ സജ്ജമായിരിക്കുന്നു. ഇതു പ്രധാനമായും വരുന്നത് സ്ത്രീസൂചക പദങ്ങളിലാണ്. ($ 5. 2. 3.

(4). എല്ലാ ലിംഗത്തേയും ഉൾക്കൊള്ളുന്ന പദങ്ങളുടെ ലിംഗനിരപേക്ഷ സ്വഭാവം മാറ്റിവയ്ക്കുകയും അർഥവിവരണത്തിൽ പ്രത്യയരൂപം നൽകി പുല്ലിംഗ വിഭാഗത്തിലേക്ക് ഉൾക്കൊള്ളിക്കുന്നു. ($ 5. 2. 4 .)

(5). ബന്ധസൂചക പദങ്ങളുടെ വിവരണത്തിലും ലിംഗവിവേചനം കാണുന്നുണ്ട്. അധികാര വിധേയത്വഭാവം കൂടുതൽ പ്രകടമാകുന്നതും ബന്ധ സൂചകപദങ്ങളിലാണ്. ($ 5. 3. 1)

(6). ജാതി കേന്ദ്രിത സ്ത്രീ സൂചകപദങ്ങളിലും കാണുന്നത് വിവേചനപരമായ നിർമ്മിതിയാണ്. ജാതി നാമവും തത്ജാതിയിൽപ്പെട്ട പുരുഷനെ പ്രതിനിധീ

കരിക്കുന്നതും ഒരേ പേരിലാണ്. ആ ജാതിയിൽപ്പെട്ട പുരുഷന്റെ സ്ത്രീ രൂപമായാണ് സ്ത്രീപ്രതിനിധാനങ്ങൾ വരുന്നത്. കൂടാതെ ജാതീയമായ ഉച്ചനീചത്വവും ഈ പദങ്ങളിൽ കാണുന്നു. ഉയർന്ന ജാതിയിലുള്ള സ്ത്രീ പുരുഷന്മാരെ വ്യത്യസ്ത കോശിമങ്ങളിലൂടെ അടയാളപ്പെടുത്തുന്നു. ഉയർന്ന ജാതികളിലുള്ള സ്ത്രീകളുടെ പേരിനൊപ്പം ബഹുമാനസൂചകനാമം ചേർക്കുന്നതായും കാണാം. എന്നാൽ ഉയർന്ന ജാതിയിൽ തന്നെയുള്ള പുരുഷന്മാരുടെ നാമവിവരണവുമായി താരതമ്യം ചെയ്യുമ്പോൾ പുരുഷനിർമ്മിതവിലക്കുകൾ സ്ത്രീസൂചകപദങ്ങളിൽ കൂടുതൽ പ്രകടമാണ്. ($ 5. 3. 2)

(7). സാമൂഹ്യമായ സ്ഥാനത്തെ അടയാളപ്പെടുത്തുന്നതിൽ തൊഴിൽ സൂചക പദങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. തൊഴിലിനെ രണ്ടു തരത്തിലാണ് നിഘണ്ടു അടയാളപ്പെടുത്തുന്നത്. ജാതിയുടെയും മറ്റു സാമൂഹ്യഘടകങ്ങളുടെയും ഫലമായി തലമുറകളായി  കൈമാറി വരുന്ന കുലത്തൊഴിലും വിദ്യഭ്യാസത്തിലൂടെയും മറ്റും ആർജ്ജിച്ചെടുക്കുന്ന ആർജ്ജിതതൊഴിലും. ഈ രണ്ട് തൊഴിലുമായി ബന്ധപ്പെട്ട പദങ്ങൾ രണ്ടു വിഭാഗത്തേയും ഉൾക്കൊള്ളുന്നുണ്ടെങ്കിലും കൃത്യമായ വിവേചനം പ്രകടമാണ്. നെയ്ത്ത്, അലക്ക്, വീട്ടുപണി, പാചകം, പരിചരണം  തുടങ്ങിയവയുമായി ബന്ധപ്പെട്ട തൊഴിലുകളാണ് സ്ത്രീകൾക്ക് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവിടെ തൊഴിൽ എന്നതിലുപരി ഉത്തരവാദിത്തം എന്ന നിലയിൽ സമൂഹം സ്ത്രീകളുടെ മേൽ ചാർത്തികൊടുക്കുന്നതായാണ് കാണുന്നത്. അറിവ്, അധികാരം, ധീരത, പോരാട്ടം, കല തുടങ്ങിയവയുമായി ബന്ധപ്പെട്ട തൊഴിലുകളെല്ലാം ഉൾ ക്കൊള്ളുന്നത് പുരുഷനെയാണ്. 'കുലം' തന്നെ പുരുഷൻ എന്ന അർഥത്തിലാണ് കുലത്തൊഴിലുകളെയും നിഘണ്ടു അടയാളപ്പെടുത്തിയിരിക്കുന്നത്. അതായത് തൊഴിൽപരമായ അംഗീകാരം ലഭ്യമായിട്ടുള്ളത് പുരുഷനാണ്. ($ 5. 3. 3)

(8). പദവിടവുകളിൽ കാണുന്നതും ലിംഗപരമായ ആധിപത്യത്തിന്റെയും സാമൂഹ്യ സ്ഥാനത്തിന്റെയും അടയാളങ്ങളാണ്. പെണ്ണിനെ അവമതിക്കാൻ പദം ഉണ്ടാക

കയും പുരുഷനു നേരെ ഇല്ലാതിരിക്കുകയും ചെയ്യുന്നു. അധികാരകേന്ദ്രിത പദങ്ങൾ പുരുഷനെ മാത്രം ഉൾക്കൊള്ളുന്നു. സാമൂഹ്യമായി രണ്ടു ലിംഗത്തേയും ഉൾക്കൊള്ളുന്ന പദം ഉണ്ടാവുമ്പോഴും നിഘണ്ടു ഒരു ലിംഗത്തെ സൂചിപ്പിക്കുന്ന പദത്തെ മാത്രം അടയാളപ്പെടുത്തി മറ്റു ലിംഗസൂചകപദത്തെ രേഖപ്പെടുത്താതെ മാറ്റി നിറുത്തുന്നതും ലിംഗവിവേചനത്തെയാണ് സൂചിപ്പിക്കുന്നത്. ($ 5.4)

(9). പെണ്ണനുഭവങ്ങളെയും നിഘണ്ടു അടയാളപ്പെടുത്തുന്നത് വിലക്കുകളായിട്ടോ ചുമതലകളായിട്ടോ ആണ്. പ്രസവിക്കാൻ കഴിയാത്ത പെണ്ണിനെ സൂചിപ്പിക്കുന്ന പദങ്ങൾ ഇതു ശരിവയ്ക്കുന്നു. ($ 5.5)

(10) സ്ത്രീ പുരുഷ വളർച്ചാഘട്ടത്തേയും പ്രതിനിധീകരിക്കുന്ന പദങ്ങളേയും ഒരേ മൂല്യത്തിലല്ല നിഘണ്ടു അടയാളപ്പെടുത്തുന്നത്. മേൽസൂചിപ്പിച്ച പോലെ അധികാര/വിധേയത്വ ഭാവം ഇവിടെയും പ്രകടമാണ്. പെണ്ണിന്റെ വളർച്ചയോടൊപ്പം തന്നെ പെണ്ണിനെ കേന്ദ്രീകരിച്ചുള്ള സങ്കല്പനങ്ങളും വളരുന്നതായി പദവിശകലനത്തിൽ കാണുന്നുണ്ട്. ($ 5. 6 )

(11). സ്ത്രീകളെ പ്രതിനിധാനം ചെയ്യുന്ന പദങ്ങളധികവും ചില സങ്കല്പനങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ്. ഒരു ലിംഗത്തെ മാത്രം ഉൾപ്പെടുത്തികൊണ്ടുള്ള മൂല്യ സങ്കല്പനങ്ങളും ലിംഗപദവി നിർണയിക്കുന്നു. ($ 5. 7)

(12). സ്ത്രീ- പും ലിംഗത്തിൽ ഉൾപ്പെടുന്ന പദങ്ങളുടെ വിനിമയമൂല്യത്തിലും പ്രകടമാവുന്നത് ലിംഗപരമായ വേർതിരിവുകളാണ്. 'പൊതു' എന്ന തരത്തിൽ പുംലിംഗസൂചകപദങ്ങളെ വിനിമയം ചെയ്യുന്നതോടെ സ്ത്രീലിംഗസൂചകപദങ്ങൾ ഉപയോഗശൂന്യമായി തീരുന്നു. അതേസമയം സ്ത്രീകളെ അവമതിക്കാനുപയോഗിക്കുന്ന പദങ്ങളുടെ വിനിമയസാധ്യത കൂടുതലും പുരുഷനു നേരെയുള്ള പദം വിനിമയം ചെയ്യാതിരിക്കുന്ന പ്രവണതയും പദവിശകലനത്തിൽ ബോധ്യപ്പെടുന്നു. ($ 5. 8 )

6. ലിംഗവിവേചനത്തൊടൊപ്പം അത് നിലനിർത്താനുള്ള പ്രവണതയും നിഘണ്ടു തലത്തിൽ പ്രകടമാണ്. സ്ത്രീകളെ പ്രതിനിധീകരിക്കുന്നത് ഒന്നോ രണ്ടോ പദങ്ങളിലൂടെയല്ലാതെ ഒരു കൂട്ടം പദങ്ങളിലൂടെയാണ്. സമാനാർഥ പദങ്ങളിലൂടെ ലിംഗപരമായമൂല്യങ്ങളെ നിലനിർത്താനും പുനരുത്പാദിപ്പിക്കാനും ഉള്ള ശ്രമങ്ങൾ നിഘണ്ടുതലത്തിൽ പ്രകടമാണ്. സ്ത്രീ, പുരുഷൻ എന്ന ദ്വന്ദ്വത്തിന്റെ അർഥ വിവരണത്തിൽ തുടങ്ങുന്ന വിവേചനസ്വഭാവം അതുമായി ബന്ധപ്പെട്ട പദ ങ്ങളിലെല്ലാം വ്യാപിക്കുന്നു. പുരുഷനെ ഉന്നതമൂല്യത്തിലൂന്നിയ ഗുണവിശേഷണ ങ്ങളായും സ്ത്രീയെ സാമൂഹികമായി അവർ വഹിക്കുന്ന പദവികളെയോ ശരീര ത്തെയോ അടിസ്ഥാനമാക്കിയും നിഘണ്ടു വിവരിക്കുന്നു. പുരുഷന് അധികാര ത്തിന്റെ ഭാവവും സ്ത്രീയ്ക്ക് വിധേയത്വത്തിന്റെ രൂപവും നൽകുന്നു. ഈയൊരു നിർമ്മിതമൂല്യത്തെ ആധാരമാക്കിയാണ് പുരുഷന്റെയും സ്ത്രീയുടെയും ഇടങ്ങളെയും സ്ഥാനത്തെയും നിർണയിക്കുന്നത്. സ്ത്രീ– പുരുഷനുമായി ബന്ധപ്പെട്ട ഓരോ പദങ്ങളിലും പ്രകടമാവുന്നതും ഇത്തരത്തിലൂന്നിയ ലിംഗവിവേചനമൂല്യമാണ്. നിഘണ്ടുക്കളിലൂടെ പ്രതിഫലിക്കുന്നത് സാമൂഹികമായ പുരുഷാധിപത്യബോധവും നിഘണ്ടുനിർമ്മിതിയിലെ പുരുഷമേൽക്കോയ്മയുമാണ്. ഇത്തരം ലിംഗവിവേചന മൂല്യങ്ങൾക്കെതിരെ പ്രതിരോധം ഉന്നയിക്കാൻ ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫിക്ക് കഴിയുന്നു. ഫെമിനിസ്റ്റ് ലെക്സിക്കോഗ്രഫി മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ കൂടി ഉൾക്കൊണ്ടുള്ള പരിഷ്കരണം മലയാളനിഘണ്ടുനിർമ്മാണ മേഖലയിലും ആവശ്യ മുണ്ടെന്നും അതുവഴി നിഘണ്ടുക്കളിലെ ലിംഗവിവേചനത്തെ ഒഴിവാക്കാൻ കഴിയുമെന്നും ഈ പഠനം വെളിപ്പെടുത്തുന്നു.

# WOMEN REPRESENTATION IN MALAYALAM DICTIONARIES: AN INTER-LINGUISTIC STUDY

*The thesis submitted to the Department of Linguistics under the faculty of* ***Linguistics, Thunchath Ezhuthachan Malayalam University*** *in fulfilment of the requirements for the* ***Degree of Doctor of Philosophy in Linguistics***

**SAKEENA MEENADATHUR**

Research Guide

**Dr. M. SREENATHAN**

Professor, Dept. of Linguistics

Thunchath Ezhuthachan Malayalam University

Aksharam Campus, Vakkad PO, Tirur, 676502

**2020 February**

# ഗ്രന്ഥസൂചി

1. അച്യുതനുണ്ണി, ചാത്തനാത്ത്. 1991. ഗവേഷണം: പ്രബന്ധരചനയുടെ തത്വങ്ങൾ. കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ
2. അച്യുതവാരിയർ, എസ്. 1995. വ്യാകരണപഠനം. തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻസ്.
3. അച്യുതവാരിയർ, എസ്. 2011. ഭാഷാവ്യാകരണപഠനം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. അനികുമാർ, എൻ. 1998. ഭാഷാവൃത്തിയും സ്ത്രീയും. ഭാഷാസാഹിതി. ജൂലൈ–സെപ്റ്റംബർ. പു–22. ല–3. കാര്യവട്ടം : കേരള സർവകലാശാല
5. ആൻഡ്രൂസ് കുട്ടി, ഏ. പി. 2008. ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
6. ആനന്ദി, ടി. കെ. 2017. മാർക്സിസവും ഫെമിനിസവും ചരിത്രപരമായ വിശകലനം. തൃശ്ശൂർ: സമത എ കലക്ടീവ് ഫോർ ജൻഡർ ജസ്റ്റിസ്.
7. ആനന്ദി, ടി. കെ., ഗണേഷ്, കെ. എൻ. 2005. സ്ത്രീ, ശാസ്ത്രം, സമൂഹം. തൃശ്ശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.
8. ആന്ദ്രനോവ്, എം. എസ്. 1990. ദ്രാവിഡഭാഷകൾ. (വിവ: പ്രബോധചന്ദ്രൻ, വി. ആർ. ദാമോദരൻ നമ്പൂതിരി, പി. ഇ). തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
9. ആന്റണി, സി. എൽ. 2011. ഭാഷാപഠനങ്ങൾ. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.
10. ഇളയപെരുമാൾ. എം., സുബ്രഹ്മണ്യപിള്ള. ജി. 1961. തൊൽക്കാപ്പിയം (വ്യാഖ്യാ). കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.
11. ഉണ്ണി ആമപ്പാറക്കൽ. 2012. അധികാരത്തിന്റെ ഭാഷാവഴക്കങ്ങൾ. കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.
12. ഉണ്ണി ആമപ്പാറക്കൽ. 2017. മലയാള വ്യാകരണം; സംവാദങ്ങൾ സമന്വയങ്ങൾ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
13. ഉഷാ നമ്പൂതിരിപാട്. 1984. സ്ത്രീകളുടെ ഭാഷ. വിജ്ഞാനകൈരളി. ഡിസംബർ. വാല്യം–15. ലക്കം–12. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
14. ഉഷാ നമ്പൂതിരിപാട്. 1994. സാമൂഹ്യഭാഷാവിജ്ഞാനീയം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

15. ഐശ്വര്യ, പി. 2017. ലിംഗസങ്കല്പം–ജോർജ് മാത്തനിലും ഗുണ്ടർട്ടിലും. ശ്രീനാഥൻ, എം. (എഡി). മിഷണറിഭാഷാശാസ്ത്രം. തിരൂർ: മലയാള സർവ്വകലാശാല.
16. ഓമന, പി. വി. 1990. നിഘണ്ടുക്കൾ മലയാളത്തിൽ. കോട്ടയം: കറന്റ് ബുക്സ്.
17. കാൽഡ്വൽ, റോബർട്ട്. 1973. ദ്രാവിഡഭാഷാവ്യാകരണം (വിവ: ഡോ. എസ്. കെ. നായർ). തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
18. കുഞ്ഞൻപിള്ള, ഇളംകുളം. 1983. ലീലാതിലകം (വ്യാഖ്യാ). കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.
19. കുഞ്ഞൻപിള്ള, ഇളംകുളം. 1984. കേരളഭാഷയുടെ വികാസപരിണാമങ്ങൾ. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.
20. കുഞ്ഞൻപിള്ള, ശൂരനാട്. 2001 (1965). മലയാളം മഹാനിഘണ്ടു വാല്യം I. തിരുവനന്തപുരം: കേരളസർവകലാശാല.
21. കുഞ്ഞൻപിള്ള, ശൂരനാട്ട്. 1996. ലീലാതിലകം പഠനവും വ്യാഖ്യാനവും. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
22. കുമാരൻ, വയലേരി. 2010. ഭാഷയും സമൂഹവും. കണ്ണൂർ: പുസ്തക ഭവൻ.
23. കോവുണ്ണി, നെടുങ്ങാടി. 1878. കേരളകൌമുദീ. വരാപ്പുഴ: കൂനമ്മാവുങ്കൽ പ്രസ്സ്.
24. ഗാർത്തുവേറ്റ്. 1931. മലയാള വ്യാകരണസംഗ്രഹം. ബാസൽമിഷൻ.
25. ഗിരീഷ്, പി. എം. 1998. കേരളീയ നഗരങ്ങളിലെ സാമൂഹ്യഭാഷാശാസ്ത്ര സ്വഭാവം. തേഞ്ഞിപ്പാലം: കാലിക്കറ്റ് സർവകലാശാല.
26. ഗിരീഷ്, പി. എം. 2015. അധികാരവും ഭാഷയും. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
27. ഗിരീഷ്, പി. എം. 2018. ഭാഷാശാസ്ത്രം ചോംസ്കിക്കുമപ്പുറം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
28. ഗീത. 2006. പ്രണയം, ലൈംഗികത, അധികാരം. തൃശ്ശൂർ: കറന്റ് ബുക്സ്.
29. ഗുണ്ടർട്ട്, ഹെർമൻ. 2013. ഗുണ്ടർട്ട് നിഘണ്ടു. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.
30. ഗുണ്ടർട്ട്, ഹെർമൻ. 2014. മലയാളഭാഷാവ്യാകരണം. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.
31. ഗുപ്തൻനായർ, എസ്. (എഡി). 1997. കേരളഭാഷാ നിഘണ്ടു. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
32. ഗുപ്തൻനായർ, എസ്. 2003. വാഗർഥവിചാരം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

33. ഗോപി, ആദിനാട്. (2009)2014. മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം. കൊല്ലം: രചനബുക്ക്സ്.
34. ഗോപിക്കുട്ടൻ. 2013 (2002). മലയാളവ്യാകരണം. കോട്ടയം: കറന്റ് ബുക്ക്സ്.
35. ചന്ദ്രശേഖരൻ നായർ, സി. കെ. 2008. അടിസ്ഥാനവ്യാകരണം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
36. ചന്ദ്രിക, സി. എസ്. 1998. കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.
37. ചന്ദ്രിക, സി. എസ്. 2016. കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ മുന്നേറ്റങ്ങൾ. കോട്ടയം: ഡി. സി. ബുക്ക്സ്.
38. ജയകൃഷ്ണൻ, എൻ. 2011. പെണ്ണെഴുത്ത്. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
39. ജാൻസി ജയിംസ് (എഡി) . 2000. ഫെമിനിസം–1. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
40. ജിബിൻ കിരൺ. 2017. ഗുണ്ടർട്ടുനിഘണ്ടുവിന്റെ നിർമ്മാണമാതൃക: ലിഖിതസ്രോതസ്സുകളെ മുൻനിറുത്തിയുള്ള പഠനം. (എംഫിൽ പ്രബന്ധം). തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.
41. ജോയ്പ്പോൾ, കെ. സോളി, വി.ആർ. 2011. ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും. തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം.
42. ജോർജ്ജ്, മാത്തൻ. 2000. മലയാഴ്മയുടെ വ്യാകരണം. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
43. താരാ ബായ് ശിന്ദെ. 2017. സ്ത്രീപുരുഷതുലനം. കോട്ടയം: ഡി. സി. ബുക്ക്സ്.
44. ദിവാകരൻ, ആർ. വി. എം. 2016. ഭാഷാവാദം. കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക.
45. ദിവാകരൻ, ആർ.വി.എം. 2014. യന്ത്രവിവർത്തനം. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
46. ദീപ മേരി ജോസഫ്. 2010. ഗുണ്ടർട്ട് നിഘണ്ടുവും സമൂഹവും. മാർക്കോസ്. വി. പി (എഡി). ഭാഷ നവീന പഠനവഴികൾ. ആലുവ: യു. സി. കോളേജ്.
47. ദേവിക, ജെ. 2000. സ്ത്രീവാദം. (ജന. എഡി: ഹാരിസ്, വി. സി., ഉണ്ണികൃഷ്ണൻ, ബി). കോട്ടയം: ഡി. സി. ബുക്ക്സ്.
48. ദേവിക, ജെ. 2013. പൌരിയുടെ നോട്ടങ്ങൾ. കോഴിക്കോട്: ഒലീവ് ബുക്ക്സ്.
49. ദേവിക, ജെ. 2015. കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?. തൃശ്ശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.

50. ദേവിക, ജെ. 2017. അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം ഇന്ത്യൻ ഫെമിനിസത്തിന്റെ വർത്തമാനങ്ങൾ. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.
51. ദേവിക, ജെ. 2017. പെണ്ണൊരുമ്പെട്ടാൽ ലോകം മാറുന്നു: ലിംഗനീതിയുടെ വിപ്ലവങ്ങൾ.
52. ധനലക്ഷ്മി, കെ. 2011. ചിറ്റൂരിലെ തെലുങ്കരുടെ ഭാഷ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
53. നമ്പൂതിരി. ഇ. വി. എൻ. 2005. കേരളഭാഷാവ്യാകരണം. കോട്ടയം: ഡി. സി. ബുക്സ്.
54. നാരായണപിള്ള. കെ. എസ്. 2003 (1995). ആധുനികമലയാളവ്യാകരണം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
55. നാരായണപിള്ള. പി. കെ. 1990. വ്യാകരണപ്രവേശിക. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
56. നാരായണമേനോൻ. പി. 2018. വ്യാകരണപാഠങ്ങൾ. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.
57. നിഷിതദാസ്, വി. 2017. തെറിപ്പദങ്ങൾ: സാംസ്കാരിക- സാമൂഹിക- മനഃശാസ്ത്രവിശകലനം. (എംഫിൽ പ്രബന്ധം). തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.
58. പത്മനാഭപിള്ള. ജി. ശ്രീകണ്ഠേശ്വരം. 2017. ശബ്ദതാരാവലി. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.
59. പാച്ചുമൂത്തത്. 1981. കേരളഭാഷാവ്യാകരണം. മദ്രാസ്: മദ്രാസ് സർവകലാശാല.
60. പാർവതി, എസ്. നായർ. 2010. മലയാളഭാഷയിൽ സ്ത്രീ- പുരുഷ ഭേദം. സാം, എൻ. (എഡി). മലയാള ഭാഷാപഠനങ്ങൾ വ്യാകരണവും വസ്തുതകളും. കാര്യവട്ടം: കേരളസർവ്വകലാശാല കേരള പഠനകേന്ദ്രം.
61. പ്രജിഷ, എ. കെ., സംഗീത, എം. കെ., ശ്രീനാഥൻ, എം. 2017. ഫെമിനിസ്റ്റ് നിഘണ്ടു. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.
62. പ്രബോധചന്ദ്രൻ നായർ, വി.ആർ. 2016. ഭാഷാശാസ്ത്രപരിചയം. തിരുവനന്തപുരം: മാളൂബൻ പ്രസിദ്ധീകരണം.
63. പ്രബോധചന്ദ്രൻ നായർ, വി.ആർ. 2009. ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
64. പ്രബോധചന്ദ്രൻ നായർ, വി.ആർ. 2012. ഭാഷാശാസ്ത്രനിഘണ്ടു. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

65. പ്രഭാകരവാരിയർ. കെ. എം. 1982. പൂർവകേരളഭാഷ. മദ്രാസ്: മദിരാശി സർവകലാശാല
66. പ്രഭാകരവാരിയർ. കെ. എം., ശാന്താ അഗസ്റ്റിൻ. 1981. ആധുനിക ഭാഷാശാസ്ത്രം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
67. പ്രഭാകരവാര്യർ, കെ.എം. 1972. ആധുനികഭാഷാശാസ്ത്രം. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
68. പ്രേമ, എസ്. 2018. ലിംഗവിചാരം: തൊൽകാപ്പിയത്തിലും ലീലാതിലക ത്തിലും. മലയാളം റിസർച്ച് ജേണൽ. വാല്യം- 11. ലക്കം- 3. സെപ്റ്റം-ഡിസം. കോട്ടയം: ബെഞ്ചമിൻ ബെയിലി ഫൌണ്ടേഷൻ.
69. ഫ്രഡറിക് ഏംഗൽസ്. 1980. കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം . ചിന്ത പബ്ലിഷേഴ്സ്
70. ഭാസ്കരനുണ്ണി, പി. 2012. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം. തൃശൂർ: കേരള സാഹിത്യ അക്കാദമി.
71. മിനിപ്രസാദ്. 2015. പെൺകഥകളുടെ ഫെമിനിസ്റ്റ് വായന. കോഴിക്കോട്: ഒലിവ് ബുക്സ്.
72. മേരി റീമ. 2015. സാഹിത്യചരിത്രങ്ങളും സ്ത്രീകളും- സിദ്ധാന്തവും പ്രയോഗവും. കോഴിക്കോട്: കേരള ബുക് ട്രസ്റ്റ്.
73. മേരി, എൻ. കെ. 2015. മലയാള വ്യാകരണസിദ്ധാന്തങ്ങൾ കേരളപാണിനീയത്തിനു ശേഷം. കോട്ടയം: നാഷണൽ ബുക്സ് സ്റ്റാൾ.
74. യാക്കോബ് തോമസ്. 2011. പുല്ലിംഗത്തിന്റെ നോട്ടങ്ങൾ. കോഴിക്കോട്: വിദ്യാർഥി പബ്ലിക്കേഷൻസ്.
75. രവിശങ്കർ, എസ്, നായർ. 2011. വാക്യദർശനം. മലയാളത്തിന്റെ വിവരണാത്മക വ്യാകരണം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
76. രവീന്ദ്രൻ, എൻ. കെ. 1991. മലയാള ഭാഷയിലെ പുരുഷാധിപത്യം. ഭാഷാപോഷിണി. ഏപ്രിൽ- മെയ്. പു-14. ല-6. കോട്ടയം: മലയാള മനോരമ.
77. രവീന്ദ്രൻ, എൻ. കെ. 2010. പെണ്ണെഴുതുന്ന ജീവിതം. കോഴിക്കോട്: മാതൃഭൂമി ബുക്സ്.
78. രാജരാജവർമ്മ, ഏ. ആർ. 2012. കേരളപാണിനീയം. കോട്ടയം: ഡി. സി. ബുക്സ്.
79. രാജശ്രീ, ആർ. 2018. നായികാനിർമ്മിതി വഴിയും പൊരുളും. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
80. രാജേന്ദ്രൻ, എൻ. 2008. മലയാളവ്യാകരണ ചരിത്രം. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

81. രാധാകൃഷ്ണൻ, മല്ലിശ്ശേരി. 2014. മലയാളവ്യാകരണ പഠനങ്ങൾ. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
82. രാമകൃഷ്ണൻ, എ. കെ., വേണുഗോപാലൻ, കെ. എം. 2016. സ്ത്രീവിമോചനം, ചരിത്രം, സിദ്ധാന്തം, സമീപനം. പത്തനംതിട്ട: പ്രസക്തി ബുക്ക് ഹൌസ്.
83. റിച്ചാർഡ് കോളിൻസ്. 1935. എ ഷോർട് ഗ്രാമ്മർ ആന്റ് അനാലിസിസ് ഓഫ് ദി മലയാളിം ലാംഗ്വേജ്. കോട്ടയം: എൽ. സി. എം. പ്രസ്സ്.
84. റീജ, വി (എഡി). 2016. സ്ത്രൈണകർതൃത്വം– ആഖ്യാനം പ്രതിനിധാനം രാഷ്ട്രീയം. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.
85. റോബർട്ട് ഡ്രുമണ്ട്. 2002. ഗ്രാമർ ഓഫ് മലബാർ ലാംഗ്വേജ്. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
86. ലീലാവതി, എം. 2000. ഫെമിനിസം– ചരിത്രപരമായ ഒരന്വേഷണം. തിരുവനന്തപുരം: പ്രഭാത് ബുക്സ്.
87. വാസുദേവഭട്ടതിരി, സി, വി. 1970. ഭാഷാശാസ്ത്രം. തൃശ്ശൂർ: കറന്റ് ബുക്സ്.
88. വാസുദേവഭട്ടതിരി, സി, വി. 1979. മലയാളത്തിലെ ലിംഗപ്രത്യയങ്ങൾ. ഭാഷാപോഷിണി. പു–2, ല–6. കോട്ടയം: മലയാള മനോരമ.
89. വാസുദേവഭട്ടതിരി, സി, വി. 1980. അഭിനവമലയാള വ്യാകരണം. കോട്ടയം: കറന്റ് ബുക്സ്.
90. വെർജീനിയ വുൾഫ്. (മൂസക്കുട്ടി, എൻ. (പരി)). 2014. എഴുത്തുകാരിയുടെ മുറി. കോഴിക്കോട്: മാതൃഭൂമി ബുക്സ്.
91. വേണുഗോപാലപണിക്കർ, ടി. ബി. 1997. ഭാഷാർഥം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
92. വേദബന്ധു. 1972. അർഥവിജ്ഞാനം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
93. ശാരദാമണി, കെ. 1999. സ്ത്രീ, സ്ത്രീവാദം, സ്ത്രീവിമോചനം. കോട്ടയം: ഡി. സി. ബുക്സ്.
94. ശേഷഗിരിപ്രഭു, എം. 2003. വ്യാകരണമിത്രം. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
95. ശൈലജ, കെ. കെ. 2010. ഇന്ത്യൻ വർത്തമാനവും സ്ത്രീസമൂഹവും. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.
96. ശ്രീകുമാരി, കെ. 2003. മലയാളത്തിലെ നാമവർഗം. ചങ്ങനാശ്ശേരി: താരതമ്യപഠനസംഘം.
97. ശ്രീനാഥൻ, എം. 2014 (1991). പാശ്ചാത്യഭാഷാപഠനം. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

98. ശ്രീനാഥൻ, എം. 2016. ഏ.ആർ. നിഘണ്ടു. തിരൂർ: മലയാളസർവകലാശാല.
99. ശ്രീനാഥൻ, എം. സൈതലവി, സി. (എഡി). 2017. ഭാഷാശാസ്ത്ര ലേഖന– ഗ്രന്ഥ– പ്രബന്ധ സൂചി. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.
100. ശ്രീനാഥൻ, എം (എഡി) . 2015 . ഭാഷാഭേദപഠനം– മലപ്പുറം. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.
101. ശ്രീനാഥൻ, എം (എഡി) . 2017 . മിഷണറിഭാഷാശാസ്ത്രം– മലപ്പുറം. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.
102. ശ്രീനാഥൻ, എം. 1991. ഭാഷയിലെ ലിംഗപക്ഷപാതം. പാഠഭേദം. ആഗസ്റ്റ്. വാല്യം–16
103. ശ്രീനാഥൻ, എം. (എഡി.). 2017. മിഷണറിഭാഷാശാസ്ത്രം. തിരൂർ: മലയാളസർവകലാശാല.
104. ഷംഷാദ് ഹുസൈൻ. 2009. ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
105. സക്കീന, മീനടത്തൂർ. 2019. നിഘണ്ടുവിജ്ഞാനീയം :ഫെമിനിസ്റ്റ് ഭാഷാശാസത്ര വിശകലനം. അജയകുമാർ, എൻ (എഡി). സാഹിത്യം, ഭാഷ, സംസ്കാരം. 2019. കാലടി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല മലയാളവിഭാഗം.
106. സാം, എൻ (എഡി.). 2010. മലയാള ഭാഷാപഠനങ്ങൾ വ്യാകരണവും വസ്തുതകളും. തിരുവനന്തപുരം: അന്താരാഷ്ട്ര കേരളപഠനകേന്ദ്രം.
107. സുകുമാരപിള്ള, കെ. 1980. കൈരളീശബ്ദാനുശാസനം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
108. സുകുമാർ അഴീക്കോട്. 1979. മലയാളത്തിലെ ലിംഗവ്യവസ്ഥ. ഭാഷാപോഷിണി. പു– 3, ല– 2. കോട്ടയം: മലയാള മനോരമ.
109. സുജാറാണിമാത്യു. 2008. വുമണിസം സ്ത്രീചിന്തയും സിദ്ധാന്തവും. കണ്ണൂർ: കൈരളി ബുക്സ്.
110. സുമംഗല. 2016. പച്ചമലയാളനിഘണ്ടു. തൃശ്ശൂർ: ഗ്രീൻബുക്സ്.
111. സെബാസ്റ്റ്യൻ, വട്ടമറ്റം. 2014. ഭാഷയും ആധിപത്യവും. കോട്ടയം: നാഷണൽ ബുക് സ്റ്റാൾ.
112. സോമൻ, പി. 2014. മാർക്സിസം, ലൈംഗികത, സ്ത്രീപക്ഷം. കോട്ടയം: ഡി. സി. ബുക്സ്.

113. സോമശേഖരൻ നായർ, പി. 2016. നിഘണ്ടു വിജ്ഞാനം. പതിപ്പ്- രണ്ട്. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

114. സ്കറിയ സക്കറിയ (എഡി). 2016. മലയാളവും ഹെർമൻ ഗുണ്ടർട്ടും. (വാല്യം-1). തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.

115. സ്കറിയ സക്കറിയ (എഡി). 2016. മലയാളവും ഹെർമൻ ഗുണ്ടർട്ടും. (വാല്യം-2). തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.

116. സ്കറിയ സക്കറിയ. 2008-2009. പെൺവിനിമയങ്ങൾ. താപസം. വാല്യം-4. ഏപ്രിൽ- ജൂലൈ. ചങ്ങനാശേരി: ദ അസോസിയേഷൻ ഫോർ കമ്പാരിറ്റീവ് സ്റ്റഡീസ്.

## English

117. Acuña Ferreira, Virginia. 2007. (Robin Tolmach Lakoff 2004). Language and woman 's place. Text andcommentaries. Edited by Mary Bucholtz. Sociolinguistic Studies. 6. 10.1558/sols.v6i2.294.

118. Alexander Clarrk, Chris Fox, Shalom Lappin (Ed.). 2013. The Handbook of Computational Linguistics and Natural Language Processing. West Sussex: Blackwell Publishing.

119. Bhadriraju, Krishnamurthi. 2003. The Dravidian Languages. Cambridge: University Press.

120. Butler, Judith. 1990. Gender Trouble: Feminism and the subversion of Identity. New York: Routledge.

121. Corbett, G. G. 1991. Gender. Cambridge Textbooks in Linguistics. Cambridge: Cambridge University Press.

122. Devika, j. 2005. Herself Gender and early writings of Malayalee women 1898- 1938. Kolkata: Sthree.

123. Frohnmeyer, L.J. 1913. A Progressive Grammar of the Malayalam Language for Europeans (second edition). Mangalore: Basel Mission and Tract Depository.

124. Jancy james. 1995. A feminist Approach to Lexicography. Malayalam Literary survey, Oct, Vol -16 No-4, March Vol. 17, Nov-1. Thrissur: Kerala Sahithya Academy.

125. Jesperson, otto. 2007. Language its Nature, Devolepment and Origin. New delhi: Surjeet pubilcations.

126.Joseph peet. 1841. A Grammar of the Malayalim Language, As spoken in the Principalities Travancore and Cochin and the District of North and south Malabar. Kottayam: Church Mission Press.

127.Lakoff, Robin Tolmach. 1973. Language and Womens Place. New York: Harper and Row.

128.Malmkjaer, Kirsten. 2010. The routledge of Linguistics Encyclopedia (third edition). New york: Routledge publications.

129.Penelope Eckert and Sally McConnell- Ginet. 2013. Language and Gender. Cambridge: University Press.

130.Prabodhachandran Nair, V.R. 1973. Malayalam: a Descriptive Grammar. Trivandrum: University of Kerala.

131. Ravishankar S, Nair. 2012. A Grammar of Malayalam. Language in India Publication. www.languageinindia.com

132.Robert Dramond. 2002. Grammar of the Malabar language. Thiruvanathapuram: Kerala Bhasha Institute.

133.Spring, A.M. 1839. Outlines of A Grammar of the Malayalim Language, as spoken in the Provinces of north and south Malabar and the Kingdoms of Travancore and Cochin. Madras: Vepery Mission Press.

134.Tannen, Deborah. 1990. You Just Don't Understand: Women and Men in Conversation. New York: William Morrow.

135.Van Herk, Gerard. 2012. What is sociolinguistics?. Newyork: Wiley Blackwell.

136.Aikhenvald, Alexandra Y. 2012 "Round Women and Long Men: Shape, Size, and the Meanings of Gender in New Guinea and Beyond." *Anthropological Linguistics*. vol. 54. pp. 33–86. *JSTOR*. www.jstor.org/stable/41756869. Accessed 23 Jan. 2020.

137.White, Linda.1989 "Feminism and Lexicography: Dealing with Sexist Language in a Bilingual Dictionary." *Frontiers: A Journal of Women Studies*, vol. 10. no. 3. pp. 61–64. *JSTOR*, www.jstor.org/stable/3346443. Accessed 23 Jan. 2020.

138.Carpenter, Laura M. Gender and the Meaning and Experience of Virginity Loss in the Contemporary United States. *Gender and Society*, vol. 16, no. 3, 2002, pp. 345–365. *JSTOR*, www.jstor.org/stable/3081783. Accessed 28 Jan. 2020.

139.West, Candace, and Don H. Zimmerman.1987. Doing Gender. *Gender and Society*. vol. 1. no. 2. pp. 125–151. *JSTOR*, www.jstor.org/stable/189945. Accessed 30 Jan. 2020.

## Pdf and website


140. https://shodhganga.inflibnet.ac.in/handle/10603/198157

141. https://pdfs.semanticscholar.org/4d37/6ccd9819d3836e1de8157546656ed32fda88.pdf

142. https://www.daytranslations.com/blog/lexical-english-language/

143. https://www.academia.edu/5549310/Treatment_of_Gender_in_Traditional_Grammars_of_Dravidian?fs=rwc-h

144. http://www.languageinindia.com/sep2002/chap3.html

145. https://www.academia.edu/11703978/Status_of_women_and_the_study_of_gender_in_Dravidian_languages_A_bibliographical_review?email_work_card=thumbnail

146. https://www.academia.edu/9007531/GENDER_DIFFERENCES_AS_SOCIAL_MESSAGES_IN_SLANG_EXPRESSIONS?auto=download

147. https://wals.info/

148. https://books.google.co.in/books?id=lvy1va7QcuEC&printsec=frontcover&dq=editions:0LP0pCMRB2EC&hl=en&sa=X&ved=0ahUKEwi97e3esZ_nAhVUyDgGHYUtAdgQ6AEIKTAA#v=onepage&q&f=false

149. https://books.google.co.in/books?id=lvy1va7QcuEC&printsec=frontcover&source=gbs_ge_summary_r&cad=0#v=onepage&q&f=false

150. https://www.um.edu.mo/fsh/projections/PDFs/8%20Article.pdf

151. https://shodhganga.inflibnet.ac.in/handle/10603/190187

152. https://shodhganga.inflibnet.ac.in/handle/10603/179448

153. https://shodhganga.inflibnet.ac.in/

# അനുബന്ധം

## പട്ടികാസൂചി

(അധ്യായസൂചിക. പട്ടിക ക്രമനമ്പർ(). തലവാചകം-പേജ്നമ്പർ എന്ന ക്രമ ത്തിലാണ് അടയാളപ്പെടുത്തിയിരിക്കുന്നത്)


3.3.1. പട്ടിക (1). ലീലാതിലകവും തൊൽകാപ്പിയവും– 85

3.3.2. പട്ടിക (2). മിഷണറി വ്യാകരണകൃതികൾ–90

3.3.3. പട്ടിക (3). കേരളപാണിനീയം–93

3.3.3. പട്ടിക (4). കേരളപാണിനീയത്തിനു മുമ്പ്– 93

3.3.3. പട്ടിക (5). കേരളപാണിനീയത്തിനു ശേഷം–95

3.5. പട്ടിക (6). ലിംഗപ്രത്യയം–103

3.9. പട്ടിക (7). വ്യാകരണിക ലിംഗസൂചക പദങ്ങൾ – ശബ്ദതാരാവലിയിൽ– 110

3.9. പട്ടിക (8). പുല്ലിംഗസൂചക പ്രത്യയാധിഷ്ഠിത രൂപങ്ങൾ–111

3.9. പട്ടിക (9). സ്ത്രീലിംഗസൂചക പ്രത്യയാധിഷ്ഠിത രൂപങ്ങൾ–111

3.10. പട്ടിക (10). ആളി ചേർന്ന പദങ്ങളും അർഥവും– 115– 116

4.6. പട്ടിക (11). കോശിമങ്ങളും അർഥവും– 129–130

**5.2.1.** പട്ടിക (11) വ്യാകരണിക ലിംഗസൂചകപദങ്ങൾ 138– 141

5.2.2. പട്ടിക (12). സ്ത്രീസൂചക കോശിമങ്ങൾ 142–143

5.2.3.പട്ടിക (13) വ്യാകരണിക– കോശീയ ലിംഗസൂചകപദങ്ങൾ 145– 147

5.2.4. പട്ടിക (14) പൊതുലിംഗസൂചകപദങ്ങൾ 148–149

5.3.1.1. പട്ടിക (15) ബന്ധസൂചക പദങ്ങൾ– അമ്മ 151– 154

5.3.1.2. പട്ടിക (16) ബന്ധസൂചകപദങ്ങൾ– ഭാര്യ 155–157

5.3.1.3. പട്ടിക (17) ബന്ധസൂചക പദങ്ങൾ– മകൾ, സഹോദരി 159

5.3.2. പട്ടിക (18) ജാതിസൂചകം 161–163

5.3.3.1. പട്ടിക (19). കുലത്തൊഴിൽ 165–166

5.3.3.2. പട്ടിക (20). ആർജ്ജിതതൊഴിൽ 166–167

5.4.2.2. പട്ടിക (21). രൂപിമതല വിടവുപദങ്ങൾ 169–170

5.4.2.3. പട്ടിക (22) അർഥതല വിടവുപദങ്ങൾ 170– 171

5.5. പട്ടിക (23). പെണ്ണനുഭവങ്ങൾ– ആർത്തവം 174– 176

5.5. പട്ടിക (24). പെണ്ണനുഭവങ്ങൾ– പ്രസവം 176–177

5.6. പട്ടിക (25). വളർച്ചാഘട്ടം 178–180

5.7.1 പട്ടിക (26). അകം/പുറം– അടുക്കള 183

5.7.1. പട്ടിക (27). അകം/പുറം– അങ്ങാടി 185–186

5.7.2. പട്ടിക (28). കന്യക 188–189

5.7.3. പട്ടിക (29) പതിവ്രത, വിവാഹിത 189– 191

5.8. പട്ടിക (30). പദവിനിമയമൂല്യം 192– 194

6.1. പട്ടിക (31) സമാനാർഥപദങ്ങളും ലിംഗഭേദവും– സ്ത്രീ/ പെൺ 197– 198

6.1. പട്ടിക (32) പുരുഷൻ/ ആൺ 199– 200

6.3.4. പട്ടിക (33). 'വേശ്യ'–പദമൂല്യവും വിനിമയവും 228– 234

6.34. പട്ടിക (34) .നൃത്തം. സ്ത്രീ– പുരുഷ പ്രതിനിധാന പദങ്ങൾ 236– 237